തുടി

റിസർച്ച് ജേണൽ

ISSN 2320-8880

47

2024 ജൂലൈ - സെപ്റ്റംബർ
വാല്യം 12 - ലക്കം 3

UGC CARE Listed Peer - Reviewed Refereed Journal

മലയാളവിഭാഗം, കണ്ണൂർ സർവകലാശാല
ഡോ. പി. കെ. രാജൻ മെമ്മോറിയൽ കാമ്പസ്, നീലേശ്വരം
കാസർകോട് ജില്ല, കേരളം-671314
ഇ-മെയിൽ: thudimalayalam21@gmail. com

പത്രാധിപർ
ഡോ. നീജ വി.

പത്രാധിപസമിതി
ഡോ. പ്രിയ വർഗീസ്, ഡോ. അബ്ബുൾ റഫീക്

ഉപദേശകസമിതി
**ഡോ. ഡി. ബഞ്ചമിൻ, ഡോ. ദേശമംഗലം രാമകൃഷ്ണൻ,
ഡോ. സി. ആർ. പ്രസാദ്, ഡോ. പി. എസ്. രാധാകൃഷ്ണൻ,
ഡോ. അജു കെ. നാരായണൻ**

റഫറീസ്
**ഡോ. അജയകുമാർ ജി., ഡോ. ആർ. വി. എം. ദിവാകരൻ,
ഡോ. സീമാ ജെറോം, ഡോ. രാജേന്ദ്രൻ എടത്തുംകര**

ഇഷ്യു എഡിറ്റർ
ഡോ. അബ്ബുൾ റഫീക്

കവർ, രൂപകല്പന
പി.പി. രാജീവൻ

അച്ചടി
മണിപ്പാൽ ടെക്നോളജീസ് ലിമിറ്റഡ്

ഭാഷയേയും സാഹിത്യത്തേയും സംസ്കാരത്തെയും കുറിച്ചുള്ള പഠനഗവേഷണങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രസിദ്ധീകരണമാണ് തുടി. പ്രതിവർഷം നാല് ലക്കങ്ങൾ: ജനുവരി-മാർച്ച്, ഏപ്രിൽ-ജൂൺ, ജൂലൈ-സെപ്തംബർ, ഒക്ടോബർ-ഡിസംബർ. വില: 500 രൂപ

THUDI

Research Journal
Vol-12 July-September 2024 No. 3
U. G. C. CARE Listed Peer-Reviewed Refereed Journal

Published four times a year by
Head of the Dept. of Malayalam
Kannur University

Cover, Layout & Pre Press
P. P. Rajeevan

Printed at : Manipal Technologies Limited, Manipal

Address for Correspondence
Dr. Reeja. V.
Professor and Head,
Dept. Of Malayalam, Kannur University
Dr. P. K. Rajan Memorial Campus, Nileshwaram
Kasaragod, Kerala -671314.

ആമുഖം

'വായനാചരിത്രം' എന്ന പൊതുപ്രമേയത്തെ മുൻനിർത്തിയാണ് തുടിയുടെ ഈ ലക്കം സംവിധാനം ചെയ്തിരിക്കുന്നത്. മലയാളത്തിൽ താരതമ്യേന വികസിച്ചിട്ടില്ലാത്ത ഒരു അന്വേഷണമേഖലയാണ് വായനാചരിത്രം. 'മലയാളി' എന്ന ആത്മബോധം രൂപപ്പെടുത്തുന്നതിലും കർതൃപദവിയിലേക്ക് നമ്മെ ഉയർത്തുന്നതിലും വായന വഹിച്ച പങ്ക് നിസ്തീമമാണ്. പറച്ചിലും കേൾവിയും കേന്ദ്രത്തിലുണ്ടായിരുന്ന ഒരു കാലത്തിൽ നിന്ന് എഴുത്തും വായനയും കേന്ദ്രമാകുന്ന മറ്റൊരു കാലത്തിലേക്കുള്ള സഞ്ചാരം സാമൂഹികവിപ്ലവത്തിന്റെ തന്നെ രൂപരേഖയാണ്. 'വായന' സവിശേഷ മനഃസ്ഥിതിയുള്ള കർതൃത്വങ്ങളെ രൂപീകരിക്കുന്നു. യുക്തിഭദ്രമായ ചിന്താശേഷിയും, ധ്യാനാത്മകമായ വിചാരരീതിയും, പാരമ്പര്യത്തെ വിമർശനാത്മകമായി വിലയിരുത്താനുള്ള ശേഷിയും, നിലവിലെ സാമൂഹികക്രമത്തെ സംശയിക്കാനുള്ള ധൈര്യവും വായനയിലൂടെയാണ് കൈവരുന്നത്. കർതൃശേഷിയുള്ള ആദ്യ മലയാളീ നായികയായ ഇന്ദുലേഖ വലിയ വായനക്കാരിക്കൂടിയായിരിക്കുന്നതും മറ്റു കാരണത്തിലാലല്ല.

കേവലമായ മാധ്യമപരിണാമം എന്നതിനപ്പുറം 'വായന' സാംസ്കാരിക വിഛേദത്തെ സാധ്യമാക്കുകയും നിർണ്ണയിക്കുകയും ചെയ്യുന്നതെങ്ങനെ എന്ന ആലോചന വായനാചരിത്രരചനയിലെ പ്രധാന മേഖലയാണ്. ഈ സവിശേഷ പ്രശ്നത്തെയാണ് തുടിയുടെ ഈ ലക്കം അഭിസംബോധന ചെയ്യുന്നത്. പൂർവാധുനിക ഘട്ടത്തിൽ നിന്ന് മലയാളിയുടെ മുന്നോട്ടുള്ള സഞ്ചാരത്തിൽ 'വായന' ഏതു നിലയിലെല്ലാം പ്രവർത്തിച്ചു എന്നു വിലയിരുത്തുന്നവയാണ് ഈ ലക്കത്തിലെ ഭൂരിഭാഗം പ്രബന്ധങ്ങളും. അച്ചടി, പുസ്തകം എന്നീ പ്രതിഭാസങ്ങളെക്കുറിച്ചുള്ള ആലോചനകൾ കൂടി ചേരുന്നതാണ് വിശാലാർഥത്തിൽ ഈ മണ്ഡലം. അത്തരം ചില അന്വേഷണങ്ങളും ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർപ്രബന്ധങ്ങൾ

തുടിയുടെ വരും ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. ആ നിലയിൽ തുടർച്ചയായ രണ്ടു ലക്കങ്ങളിലായാണ് വായനാ/ അച്ചടി ചരിത്രത്തെ തുടി പരിശോധിക്കുന്നത്.

ഒരു ഗവേഷണ ജേണൽ എന്ന നിലയിൽ തുടി പ്രസിദ്ധീകരണത്തിന്റെ പത്തുവർഷം പിന്നിട്ടിരിക്കുകയാണ്. താരതമ്യേന വിഭവപരിമിതികളുള്ള ഒരു സർവകലാശാലാ വിഭാഗത്തിൽ നിന്നും വൈജ്ഞാനിക പ്രബന്ധങ്ങളുടെ പ്രസിദ്ധീകരണം നിർണ്ണായകമായ ഒരു നാഴികക്കല്ലിനെ മറികടക്കുന്നതിൽ ഞങ്ങൾ കൃതാർഥരാണ്. ഉപാധികളേതുമില്ലാതെ പ്രബന്ധങ്ങൾ നൽകിപ്പോരുന്ന ബഹുമാന്യരായ ഗവേഷകരും അധ്യാപകരുമാണ് തുടിയുടെ ഊർജ്ജസ്രോതസ്സ്. നിസ്സീമമായ നന്ദി അവർക്കു രേഖപ്പെടുത്തുന്നു. അതോടൊപ്പം വായനക്കാരും അഭ്യുദയാകാംക്ഷികളുമായ തുടിയുടെ സഹകാരികൾക്കും. മലയാളത്തിൽ ഇനിയും വികസിക്കേണ്ടുന്ന ആലോചനമേഖലയുടെ ആമുഖമായി തുടിയുടെ ഈ ലക്കം സമർപ്പിക്കട്ടെ..

നീലേശ്വരം
30/09/24

ഇഷ്യു എഡിറ്റർ
ഡോ. അബ്ദുൾ റഫീക്

ഉള്ളടക്കം

7 **സുൽത്താന നസ്റിൻ**
കേട്ടുവായനക്കാരുടെ മലയാളം: പത്തൊൻപതാം
നൂറ്റാണ്ടിൽനിന്ന് ചില കൂട്ടിവായനകൾ

29 **ഫാത്തിമത്ത് റസ്‌ല സി.**
വായന, ഭാവുകത്വം, റീഡിങ് പബ്ലിക്: 'വായന'യെക്കുറിച്ചുള്ള
ആലോചനകൾ ആദ്യകാല നിരൂപണങ്ങളിലും ഉപന്യാസങ്ങളിലും

49 **സുകേഷ് യു.**
ജീവചരിത്രമെഴുത്തും വായനാകർത്തൃത്വ നിർമാണവും :
ആദ്യകാല ജീവചരിത്രരചനകളുടെ പ്രശ്നവത്കരണം

66 **ഹിലാൽ അഹമ്മദ് സി.സി.**
ബൈബിൾ വായനയും മതാന്തരസംവാദമണ്ഡലവും:
ചട്ടമ്പിസ്വാമികൾ, വിദ്വാൻകൂട്ടി, മക്തി തങ്ങൾ, വെങ്കിടഗിരിശാസ്ത്രികൾ
എന്നിവരുടെ ബൈബിൾ വിമർശനത്തിന്റെ വിശകലനം

82 **അബ്ദുൽസലാം എ.പി.**
ആദ്യകാല വനിതാ ആനുകാലികങ്ങൾ:
സ്ത്രീ പത്രാധിപത്യവും വായനാസംസ്കാരവും

102 **സുജീഷ് ജോയ്**
വായനസംസ്കാരനിർമ്മിതിയും
തിരുവിതാംകൂറിലെ ആദ്യകാലപത്രമാസികകളും

117 **വിദ്യ കെ.**
വായനയും പ്രതിരോധവും: വടക്കേ മലബാറിലെ ബീഡികമ്പനികളിലെ
ശബ്ദവായനയുടെ രാഷ്ട്രീയ- ചരിത്രവായന

139 **മുഹമ്മദ് ആഷിക് എൻ.പി. & ഷിജു സി.പി.**
വിമോചന സമരം; അച്ചടി മാധ്യമങ്ങളുടെസ്വാധീനവും താല്പര്യങ്ങളും

150 **ഫാത്തിമ ഷിഫാനത്ത് കെ. ടി. & ഡോ. ഹസ്കറലി ഇ. സി.**
വായനാസംസ്കാരവും എഴുത്തും: സാഹിത്യക്കൂട്ടായ്മകളെ
മുൻനിർത്തിയുള്ള അന്വേഷണം

168 **ഡോ. ശ്യാമള മാണിച്ചേരി**
ജനപ്രിയകൃതികൾ: ചരിത്രം തമസ്കരിച്ച വായനയുടെ രസതന്ത്രം

188 **ഡോ. ആദർശ് സി.**
സാങ്കേതികതയും പുസ്തകപ്രസാധനത്തിന്റെ സാംസ്കാരികപരിണാമവും

203 **അമലു ഷാജി**
അച്ചടിക്കപ്പെട്ട കല: വായനയുടെയും കലയുടെയും സമാന്തരചരിത്രങ്ങൾ

218 **അപർണ ശശികുമാർ**
മലയാളിവായനക്കാരുടെ ഭൂതവർത്തമാനങ്ങളും സാഹിത്യവാരഫലവും

232 **ഡോ. കൃഷ്ണാ അരവിന്ദ്**
സ്ത്രീപാരായണമാതൃകകളും കേരളീയസാംസ്കാരിക ജീവിതവും

247 **ഡോ. സിന്ധു കെ. വി.**
മാധ്യമപരിണാമവും കവിതാപുസ്തകങ്ങളും

260 **പവിത്ര എം.വി.**
നാട്ടറിവുകൾ അച്ചടിപ്പാഠങ്ങളാകുമ്പോൾ: മിഷണറി
ഫോക്‌ലോർ സമാഹാരങ്ങളെ മുൻനിർത്തിയുള്ള വിശകലനം

275 **രൂപിമ എസ്**
മലയാളത്തിലെ ആദ്യപാഠപുസ്തകസമിതി; കൊളോണിയൽ
ആസൂത്രണവും കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ പങ്കാളിത്തവും

മലയാളഗവേഷണ ജേണൽ • ISSN:2320-8880 • വാല്യം-12 • ലക്കം-3

കേട്ടുവായനക്കാരുടെ മലയാളം: പത്തൊൻപതാം നൂറ്റാണ്ടിൽനിന്ന് ചില കൂട്ടിവായനകൾ

സുൽത്താന നസ്റിൻ
ഗവേഷക, ജവഹർലാൽ നെഹ്റു സർവകലാശാല,
ഡൽഹി

പ്രബന്ധസംഗ്രഹം:

അച്ചടിയെയും പുസ്തകചരിത്രത്തെയും കേന്ദ്രീകരിച്ചുള്ള പഠനശാഖ രൂപപ്പെട്ടുവരുന്നതുമായി ചേർന്നുകൊണ്ടാണ് 'വായന എന്ന പ്രവർത്തന'ത്തെയും (reading as a practice) 'വായനക്കാർ എന്ന സംവർഗ'ത്തെയും (readers as a category) കുറിച്ചുള്ള സൂക്ഷ്മമായ ചർച്ചകൾ രൂപപ്പെടുന്നത്. ഇന്ത്യൻ ഭാഷകളിലെ വായനാചരിത്രപഠനങ്ങൾ പുസ്തകങ്ങളുടെ അച്ചടി, പ്രസിദ്ധീകരണം, വിതരണം, സാഹിത്യജനുസ്സുകളുടെ നിർമിതി, വാമൊഴിയിൽ നിന്ന് അച്ചടിയിലേക്കുള്ള മാറ്റം എന്നീ വിഷയങ്ങളെയാണ് പ്രധാനമായും പരിഗണിച്ചിട്ടുള്ളത്. ജനങ്ങൾ എങ്ങനെ വായിച്ചു? എന്തൊക്കെ വായിച്ചു? എന്ന് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്തതാണ് വായനാചരിത്രങ്ങളുടെ പ്രധാന പരിമിതികളിലൊന്ന്. എന്നാൽ 'അച്ചടിവായന'യുടെ മിക്ക ഇന്ത്യൻ അനുഭവങ്ങളും കൊളോണിയൽ ഇടപെടലുകളിലും മിഷനറി സാംസ്കാരികതയിലും അധിഷ്ഠിതമാണ് എന്നു തിരിച്ചറിഞ്ഞാൽ ഈ പരിമിതിയെ മറികടക്കാനുള്ള സാധ്യതയുണ്ടെന്നവാദമാണ് ഈ പ്രബന്ധം മുൻപോട്ടുവെക്കുന്നത്. അച്ചടിവായനയുടെ ആദ്യകാലചരിത്രങ്ങളെ

മിഷനറി പുരാശേഖരങ്ങൾ മുൻനിർത്തി വിശകലനം ചെയ്യാനായുള്ള ചില പ്രാഥമിക ആലോചനകളായാണ് പ്രബന്ധം സംവിധാനം ചെയ്തിരിക്കുന്നത്. 'ഉറക്കെവായന'യുടെ ചരിത്രപശ്ചാത്തലത്തെ കേന്ദ്രീകരിച്ചുള്ള ചില നിരീക്ഷണങ്ങളും പ്രബന്ധം അവതരിപ്പിക്കുന്നു.

താക്കോൽ വാക്കുകൾ:

വായനാചരിത്രം, കേൾവി, മിഷനറി അച്ചടി, കൊളോണിയലിസം, സാമൂഹികചരിത്രം.

ആമുഖം

അച്ചടി-പുരാശേഖരങ്ങളുടെ ആദ്യകാലചരിത്രങ്ങൾ വാമൊഴിയിലൂടെയും കൈയെഴുത്തും കേട്ടെഴുത്തും തമ്മിലുള്ള നിരന്തരസമ്പർക്കങ്ങളിലൂടെയും രൂപപ്പെട്ടതാണ്. ശബ്ദം പ്രധാനമാകുന്ന ഈ ചരിത്രരേഖകളെ അച്ചടിയുടെ ഉറവിടശേഖരങ്ങൾ (source materials) മാത്രമായി പഠിക്കാൻ കഴിയില്ല. കൊളോണിയൽ സാംസ്കാരികചരിത്രങ്ങളെ വായിക്കുന്നതിലും മനസ്സിലാക്കുന്നതിലും, കേൾവിക്കാരായ ചരിത്രകാരുടെ പ്രസക്തി സൂചിപ്പിക്കുന്ന പഠനങ്ങൾ നിലവിലുണ്ട്[1]. അച്ചടിചരിത്രങ്ങൾ പ്രധാനമായും ചർച്ചചെയ്യാറുള്ളത് അച്ചടിയന്ത്രത്തിന്റെ വരവ്, പ്രസാധനം, വിതരണം, വില്പന, എഴുത്തുകാർ, വായനക്കാർ എന്നീ പ്രതിഭാസങ്ങളെക്കുറിച്ചാണ്. ഇതിൽ വായനക്കാരുടെയും വായനയുടെയും ചരിത്രം എഴുതുന്നതിലാണ് ഏറ്റവും ബുദ്ധിമുട്ട് നേരിടുന്നത്. ഒന്നാമതായി, വായനാചരിത്രങ്ങൾ പഠിക്കുന്നതിലെ പ്രധാനപരിമിതി അതിന്റെ ക്ഷണികമായ അവസ്ഥയെ വസ്തുനിഷ്ഠമായി വിശകലനം ചെയ്യാൻ കഴിയാത്തതാണ്. ഒരകലത്തിൽ നിന്ന് വീക്ഷിക്കുവാനുള്ള സാധ്യതയില്ലാത്ത വിധം അടുത്തുനിൽക്കുന്ന പ്രവർത്തനമായി നിത്യജീവിതത്തിൽ വായന ഇടം പിടിച്ചതാണ് ഇതിനുകാരണമെന്ന് ചില പഠനങ്ങൾ പറയുന്നു[2] (Price, 2004:303-4). രണ്ടാമതായി, ദക്ഷിണേഷ്യയിൽ, വിശേഷിച്ചും ഇന്ത്യയിലെ പുരാശേഖരങ്ങൾ, വായനാചരിത്രത്തെ വിശ്വസനീയമായും അനുഭവപരമായും തെളിയിക്കുന്ന രേഖകൾ സൂക്ഷിക്കാത്തതും, അതിന്റെ ഉത്പാദനം, ഉപഭോഗം എന്നീ വിഷയങ്ങളെ സൂചിപ്പിക്കുന്ന ലെഡ്ജറുകൾ, അക്കൗണ്ട് പുസ്തകങ്ങൾ എന്നിവ സൂക്ഷിക്കാത്തതുമാണെന്ന് മറ്റ് പഠനങ്ങൾ വിലയിരുത്തിയിട്ടുണ്ട്

(Stark, 2008: 7; Venkatachalapathy, 2012). അതുകൊണ്ട് ഓർമശകലങ്ങളും അടയാളങ്ങളുമായി മാത്രമേ വായനയെ ചരിത്രവൽക്കരിക്കാൻ പലപ്പോഴും കഴിയാറുള്ളൂ. എന്നാൽ മിഷനറി ആർക്കൈവിനെ അതിന്റെ ആഖ്യാനശൈലിയെ മുൻനിർത്തി, കൂട്ടിവായനയുടെയും (combined-reading) അടുപ്പവായനകളുടെയും (close-reading) സാധ്യതകളെ ഉപജീവിച്ചുകൊണ്ട് പഠനവിധേയമാക്കുക സാധ്യമാണ്. അതിൽ വികാരങ്ങളും (affects) ശബ്ദമുൾപ്പെടെയുള്ള ഇന്ദ്രിയാനുഭൂതികളും (sensorial experiences/feelings) എങ്ങനെയാണ് വായനാചരിത്രത്തിന്റെ സാമൂഹിക-സാംസ്കാരികമാനങ്ങൾ മലയാളത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് വിശേഷമായി അന്വേഷിക്കുകയും സാധ്യമാണ്. ചരിത്രാഖ്യാനങ്ങൾ കേവലം ശരിതെറ്റുകൾ എടുത്തെഴുതാനുള്ള ഉറവിടങ്ങളല്ല എന്ന പൂർവ്വപഠനമാതൃകകളെ പിൻപറ്റിയാണ് ഇത്തരമൊരു സമീപനത്തിന്റെ സാധ്യതകൾ ഉപയോഗിക്കുവാൻ കഴിയുക[3]. അച്ചടിപുസ്തകത്തിന്റെ കേൾവി-കാഴ്ച്ചാബന്ധങ്ങളെ പരിശോധിക്കുന്ന ഈ പ്രബന്ധത്തിന്റെ ഒന്നാംഭാഗം നിരക്ഷരതയും അച്ചടിയും തമ്മിലുള്ള സമ്മർദ്ദങ്ങൾക്കിടയിൽ കേട്ടുവായനക്കാരെ എങ്ങനെ രൂപപ്പെടുത്തി എന്ന് വിശകലനം ചെയ്യുന്നു. രണ്ടാംഭാഗം മിഷനറി മാന്വലുകൾ, റിപ്പോർട്ടുകൾ, മിഷനറിനോവലുകൾ എന്നിവയിലൂടെ എങ്ങനെയാണ് 'കേട്ടുവായന', 'വായനക്കാർ', 'കേൾവിക്കാർ' എന്നീ സംവർഗ്ഗങ്ങൾ പ്രൊട്ടസ്റ്റന്റ് ക്രിസ്തുമതത്തിന്റെ ചട്ടക്കൂടിൽ സ്ഥാപനവൽക്കരിക്കപ്പെട്ടത് എന്ന് പരിശോധിക്കുന്നു. 'കേട്ടുകൊണ്ട് വായിക്കുക' എന്ന പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ട് ജാതിയും ലിംഗവും എങ്ങനെയാണ് പുസ്തകങ്ങളുടെ സാമൂഹികജീവിതവും വായനയുടെ പലതരം അവതരണങ്ങളും സാധ്യമാക്കിയത് എന്ന് മൂന്നാംഭാഗം വിശദീകരിക്കുന്നു. അച്ചടിവായനയുടെ ആദ്യകാലചരിത്രങ്ങളെ സാഹിത്യ-സാമൂഹികചരിത്രങ്ങളുമായി കൂട്ടിവായിക്കാൻ കേൾവിബന്ധങ്ങൾ പുനഃസ്ഥാപിക്കുന്നതിലെ പ്രസക്തി അപഗ്രഥിക്കുകയാണ് പ്രബന്ധലക്ഷ്യം.

സാക്ഷരതയുടെ അദൃശ്യലോകങ്ങളും കേട്ടുവായനക്കാരും

മലയാളിയുടെ വായനാലോകം എങ്ങനെയാണ് സങ്കല്പിക്കപ്പെടുകയും സ്ഥാപനവൽക്കരിക്കുകയും ചെയ്തതെന്ന് പഠിക്കുമ്പോഴുള്ള ആശങ്കകളിലൊന്ന് നിരക്ഷരരായ സമൂഹം അച്ചടിയെ എങ്ങനെ സ്വീകരിച്ചു, അവരെങ്ങനെ വായ

നക്കാരായി മാറി എന്ന ചോദ്യമാണ്. മലയാള സാഹിത്യചരിത്രം ഉൾക്കൊള്ളാത്ത പുരാശേഖരത്തിലെ മിഷനറി എഴുത്തുകൾ (നോവൽ, പ്രാർത്ഥനാപുസ്തകങ്ങൾ, ട്രാക്ടുകൾ എന്നിവ ഉൾപ്പെടെ) അടയാളപ്പെടുത്തുന്നത് അക്ഷരജ്ഞാനം അന്യമായിരുന്ന ഒരു സമൂഹം കേട്ട് കൊണ്ട് വായിക്കാൻ പഠിച്ചതിന്റെ ഓർമകളും ആധികളുമാണ്. സാക്ഷരതയുടെ രാഷ്ട്രീയം ചർച്ച ചെയ്യുന്ന പഠനങ്ങൾ പറയുന്നത് പലപ്പോഴും വായിക്കാനും എഴുതാനും പഠിച്ചുകൊണ്ടല്ല, മറിച്ച് അവയുടെ സാധ്യതകളുടെ അവബോധത്തിലാണ് (literacy-aware) നവസാക്ഷരതയുടെ (neo-literacy) ആരംഭം എന്നാണ് (Bayly, 1996: 38). മലയാളിയുടെ വായനാചരിത്രം, മറ്റ് മിഷനറി അച്ചടിസമൂഹങ്ങളിലേത് പോലെ ഉറക്കെ വായിച്ചിരുന്ന, വായനയെ കേട്ടിരുന്ന, വായിച്ചുറപ്പിച്ചിരുന്ന, വായനാവസ്തുക്കളെ വായനയ്ക്ക് പുറമെ കൈകാര്യം ചെയ്തിരുന്ന കൂട്ടവായനയിൽ നിന്നാണ് നിശബ്ദവായനയിലേക്ക് (silent-reading) പ്രവേശിക്കുന്നത്. അക്ഷരസാക്ഷരതയില്ലാതിരുന്ന ഒരു ജനത കേൾവിപ്രധാനമായി വായനയെ മനസ്സിലാക്കുകയും ശീലിക്കുകയും തുടർന്ന് ഉച്ചത്തിൽ നിന്ന് ഒറ്റയ്ക്ക് വായിക്കുവാൻ ഒരുങ്ങുന്നതിനെയും മിഷിനറി രേഖകൾ, നോവലുകൾ എന്നിവയിലൂടെ മനസ്സിലാക്കാൻ കഴിയും. പുസ്തകങ്ങൾ വായനയ്ക്ക് വേണ്ടി എന്നതിനേക്കാൾ ഒരു സംജ്ഞയോ ചിഹ്നമൂല്യമായോ (semiotic-value) ആയി നിലനിൽക്കുകയും, കേൾവിക്കാരുടെ-സമൂഹം (community of listeners) സാധ്യമാക്കുന്ന ഒരു സാമൂഹികപ്രവർത്തനമായി പത്തൊൻപതാംനൂറ്റാണ്ടിൽ വായന പ്രവർത്തിക്കുകയും ചെയ്തിരുന്നുവെന്ന് സനൽ മോഹൻ നിരീക്ഷിക്കുന്നു (2015:91-92). മലയാളിയുടെ വായനാസംസ്കാരം കേൾവിയിലധിഷ്ഠിതമായിരുന്നു എന്നുറപ്പിക്കുന്നതാണ് ഈ വാദം.

എഴുത്തും വായനയും അറിയാത്ത മനുഷ്യരെ അഭിമുഖീകരിക്കുക, അവരെ ആകർഷിക്കുക എന്നത് അച്ചടിയുടെ പ്രധാന പ്രതിസന്ധിയായിരുന്നു. മിഷനറി അച്ചടിയിലൂടെ അച്ചടി-പുസ്തകചരിത്രങ്ങൾ തുടക്കം കുറിച്ച ഭാഷകളിൽ ഈ സംഘർഷം വളരെ എളുപ്പം ആധുനികതയെ അവതരിപ്പിക്കാനുള്ള കൊളോണിയൽ ശ്രമവും അക്ഷരവിദ്യാഭ്യാസമില്ലാത്ത വിജാതീയജനതയുടെ എതിർപ്പുകളും എന്ന തരത്തിൽ വായിക്കപ്പെട്ടിരുന്നു. അച്ചടിയെ ജ്ഞാനോത്പാദനസംവിധാനങ്ങളുടെ രൂപീകരണത്തിൽ പ്രധാനഘടകമായി മനസ്സിലാക്കുമ്പോൾ മേൽപ്പറഞ്ഞ കൊളോണിയൽ വാദം മാത്രമല്ല പില്ക്കാലത്തു അടിസ്ഥാനപ്പെടുത്തിയ

സാക്ഷരതയുടെ മാനദണ്ഡങ്ങളിലും എഴുത്തും വായനയും അറിയുന്നവർ/അറിയാത്തവർ എന്ന ദ്വന്ദം സൃഷ്ടിക്കാനുള്ള വ്യഗ്രത കാണാം. എന്നാൽ അച്ചടിയുടെയും വായനയുടെയും സൂക്ഷ്മചരിത്രങ്ങൾ സൂചിപ്പിക്കുന്നത് സാക്ഷരത കള്ളിതിരിച്ചെടുക്കാവുന്ന ഒന്നല്ല, മറിച്ചു സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ അർത്ഥങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രക്രിയയാണ് എന്നാണ്. മലയാളത്തിന്റെ പശ്ചാത്തലത്തിൽ 1991 ഏപ്രിൽ 18ന് ദേശീയ സാക്ഷരത മിഷൻ കേരളത്തെ സമ്പൂർണ സാക്ഷരത കൈവരിച്ച ആദ്യ സംസ്ഥാനമായി ഔദ്യോഗികമായി പ്രഖ്യാപിക്കുമ്പോഴും ആളുകൾ എങ്ങനെ വായിച്ചു, അവരുടെ എഴുത്ത-വായനാചരിത്രങ്ങൾ എങ്ങനെ രൂപപ്പെട്ടു എന്ന് അച്ചടിയോട് ചേർത്ത് പഠിക്കാനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല. ഇന്ത്യൻ ഭാഷകളിലെ ആദ്യ അച്ചടി പതിനഞ്ചാംനൂറ്റാണ്ടിൽ കൊല്ലം വൈപ്പിക്കോട്ടയിൽ തമിഴിൽ നടക്കുമ്പോഴും, പത്തൊൻപതാംനൂറ്റാണ്ടിൽ മാത്രമാണ് മലയാളം സംസാരിക്കുന്ന പ്രദേശത്തു മലയാളത്തിൽ അച്ചടി ആരംഭിക്കുകയും സ്ഥാപനവൽക്കരിക്കുകയും ചെയ്യുന്നത് (ഗോവി, 1998:101).

വാമൊഴിയിൽ നിന്ന് സാക്ഷരതയിലേക്കുള്ള മാറ്റം ക്രമേണ ഉണ്ടായതാണെന്നും, വായിക്കാൻ അറിയുന്നവർക്ക് എഴുതാൻ അറിയാതിരിക്കുക, പാടാൻ അറിയുന്നവർക്ക് വായിക്കാൻ അറിയാതിരിക്കുക എന്നതൊക്കെ വളരെ സ്വാഭാവികമായിരുന്നുവെന്നും ചരിത്രം രേഖപ്പെടുത്തുന്നു. വാക്കുകൾ അക്ഷരങ്ങൾ കൊണ്ടല്ല ശബ്ദയൂണിറ്റുകൾ കൊണ്ട് നിർമിച്ചതാണെന്നും (Ong, 1982: 5) പാഠം വായനാക്ഷമമാക്കുകയെന്നുവെച്ചാൽ അതിനെ ശബ്ദവല്കരിക്കുകയാണെന്നുമുള്ള (ഉറക്കെയോ ഭാവനയിലോ മെല്ലെയോ വേഗത്തിലോ; Ong, 1982: 8) നിരീക്ഷണങ്ങൾ സൂചിപ്പിക്കുന്നത് അച്ചടിയുടെയും വായനയുടെയും ആദ്യകാലങ്ങൾ വാമൊഴിയിൽ നിന്ന് വേറിട്ടല്ല നിലനിന്നിരുന്നതെന്നും അതിനെ പിന്തുടർന്നാണ് രൂപപ്പെട്ടത് എന്നുമാണ്. വാമൊഴിയിൽ നിന്ന് അച്ചടിയിലേക്കുള്ള മാറ്റത്തെ എളുപ്പമാക്കുന്നതുകൂടിയായിരുന്നു ഉറക്കെവായനയുടെ ധർമം. തമിഴ് അച്ചടിപഠനങ്ങളും സമാനമായ പത്തൊൻപതാംനൂറ്റാണ്ടിലെ മറ്റ് ഇന്ത്യൻഭാഷാ അച്ചടിപഠനങ്ങളും ഇതുതന്നെയാണ് സാക്ഷ്യപ്പെടുത്തുന്നത്[4]. സാക്ഷരതയും നിരക്ഷരതയും ഇടയിൽ സാധ്യമായിരുന്ന വായനയുടെ വിശാലമായ ശ്രേണികളെ, അച്ചടിപുസ്തകത്തിന്റെ നീളം, ഘടന, രൂപം എന്നിവ വച്ചു മനസിലാക്കാമെന്ന് റോജർ ചാർട്ടിയർ അഭിപ്രായപ്പെടുന്നു (1984: 236). പുസ്തകങ്ങളെ സ്വന്തമായി 'നേരിട്ട്' വായിക്കാൻ

കഴിഞ്ഞിരുന്നില്ലെങ്കിലും, മറ്റുള്ളവരുടെ പഠനത്തെ ഉപയോഗപ്പെടുത്തികൊണ്ടും, അക്ഷരജ്ഞാനത്തെക്കുറിച്ചുള്ള അവബോധം കൊണ്ടും,' (Baylay, 1996: 38) അച്ചടിയെ ഇന്ദ്രിയാനുഭൂതിയായി പരിഗണിച്ചുകൊണ്ടും നിരന്തരമായ പുസ്തകപെരുമാറ്റങ്ങൾ (book-behaviours) രൂപപ്പെട്ടിരുന്നു. ഇന്ന് മനസ്സിലാക്കുന്ന തരത്തിലുള്ള വായനാസന്ദർഭങ്ങൾ അല്ലാത്തത് കൊണ്ടാണ് പത്തൊൻപതാംനൂറ്റാണ്ടിലെ ഇത്തരം അച്ചടിവായനാ സന്ദർഭങ്ങളെ കൂട്ടിവായിക്കുവാൻ വേണ്ടി 'പുസ്തകപെരുമാറ്റങ്ങൾ'[5] എന്ന ആശയം പരിചയപ്പെടുത്തുന്നത്. പലതരം പുസ്തകപെരുമാറ്റങ്ങളിൽ ഒന്നുമാത്രമായിരുന്ന വായന എന്ന പ്രവർത്തനമെന്നിരിക്കെ പുസ്തകത്തിന്റെ സ്വീകർത്താക്കളെ വായനക്കാർ എന്നതിനേക്കാൾ 'പ്രേക്ഷകർ' എന്ന് മനസ്സിലാക്കുന്നതാണ് ഉചിതം. പുസ്തകങ്ങളുടെ 'പ്രേക്ഷകരായി' വായനക്കാരെ മനസ്സിലാക്കിക്കൊണ്ട് ആഫ്രിക്കൻ പുസ്തകചരിത്രത്തെ മുൻനിർത്തി കാരിൻ ബാർബറാണ് 'books and their audience' എന്ന ആശയം മുന്നോട്ട് വയ്ക്കുന്നത്, (1997;2001). മിഷനറി അച്ചടിയാകട്ടെ പുസ്തകങ്ങളെ ഉറക്കെവായിക്കുകയും പാടുകയും ചെയ്യുന്ന പ്രേക്ഷകസമൂഹങ്ങളെയാണ് പ്രൊട്ടസ്റ്റന്റ് അക്ഷരസമൂഹമായി പ്രോത്സാഹിപ്പിച്ചിരുന്നത്.

പുസ്തകപെരുമാറ്റങ്ങളെയും പുസ്തകത്തിന്റെ പ്രേക്ഷകരെയും ഉൾക്കൊള്ളുന്ന ഒരു സാക്ഷരതാസംവിധാനത്തിന്റെ രീതിശാസ്ത്രം താരതമ്യ സാഹിത്യകാരനായ മാർക് ആംസ്ലറാണ് 'വൈകാരിക സാക്ഷരത' (affective literacy) എന്ന ആശയത്തിലൂടെ മുന്നോട്ട് വയ്ക്കുന്നത്. പുസ്തകവും അതിന്റെ പ്രേക്ഷകരും തമ്മിലുള്ള ബന്ധങ്ങളെ വൈകാരിക സാക്ഷരതയിലൂടെ മനസ്സിലാക്കിയാൽ, വായന തീർത്തും മനോവികാരങ്ങളുണർത്തുന്ന, ശരീരസ്ഥമായ പ്രവർത്തനാടിസ്ഥാനങ്ങളിൽ (emotional, somatic, activty-based relationships) ആണ് പത്തൊൻപതാംനൂറ്റാണ്ടിൽ നിലനിന്നിരുന്നതെന്ന് വ്യക്തമാകും. പുസ്തകത്തിന്റെ താളുകൾക്കും വായനക്കാരുടെ വായനാശരീരത്തിനുമിടയ്ക്കുള്ള ഈ സാക്ഷരത, കണ്ണും കാതും ചുണ്ടും കൈകളുമെല്ലാം ചേർന്ന് സാധ്യമാക്കിയ വായനയുൾപ്പെടെയുള്ള പുസ്തകപെരുമാറ്റങ്ങളും, പ്രേക്ഷകരിൽ നിന്ന് വായനക്കാരിലേക്കുള്ള മാറ്റങ്ങളും രേഖീയമല്ലാത്ത ഒരു ചരിത്രത്തിൽ അടയാളപ്പെടുത്താൻ സഹായിക്കുന്നു (Amsler, 2001:83-84). അച്ചടിപുസ്തകങ്ങളോടും വായനാസംസ്കാരങ്ങളോടും വൈവിധ്യങ്ങളിൽ ഇടപെട്ട മനുഷ്യരെയും അവരുടെ ഔദ്യോഗിക രേഖകൾ ഉൾ

ക്കൊള്ളാത്ത ചരിത്രങ്ങളും മനസ്സിലാക്കാൻ ഈ സംജ്ഞകൾ വളരെ ഉപകാരപ്രദമാണ്.

കേരളത്തിലെ സാക്ഷരതയെ കുറിച്ചുള്ള പഠനത്തിൽ കാതലീൻ ഗൗഹ് അഭിപ്രായപ്പെടുന്നത് സാക്ഷരതയുടെ മുഖ്യ ഇടപെടൽ നാടുവാഴി വ്യവസ്ഥയെ നിലനിർത്തികൊണ്ട് തന്നെ ആചാരങ്ങളെ സംരക്ഷിക്കുവാനും, ഭരണവർഗങ്ങൾക്കും ജാതികൾക്കും തന്നെ കലാപരവും, മതപരവും, താത്വികവുമായ അറിവും വിനോദങ്ങളും കൈമാറുക എന്ന രീതിയിലായിരുന്നുവെന്നാണ് (Gough, 1968:141). എന്നാൽ ഇത്തരം നിർണയവാദപരമായ സമീപനങ്ങളിലൂടെയുള്ള സാക്ഷരതാ പഠനങ്ങളുടെ പരിമിതി കേട്ടുവായനക്കാരെ പോലെ പരമ്പരാഗതമല്ലാത്ത രീതികളിലൂടെ എഴുത്തും വായനയും പഠിക്കുകയും അതിലൂടെ നേടാവുന്ന കൈത്തൊഴിലുകൾ വഴി വളരെ സാവധാനത്തിൽ സാഹിത്യചരിത്രങ്ങളിലേക്ക് നടന്നുകയറിയ മനുഷ്യരെ അടയാളപ്പെടുത്തുവാൻ സഹായിക്കുന്നില്ല എന്നതാണ്. യൂറോപ്യൻ സമൂഹങ്ങളിലേതെന്ന പോലെ ഇന്ത്യയുടെ പലഭാഗങ്ങളിലും അച്ചടിയുടെ ആദ്യ ഗുണഭോക്താക്കൾ ഉന്നതകുലജാതരും സമ്പന്ന വർഗ്ഗവും തന്നെയായിരുന്നു. എന്നാൽ അച്ചടിയുടെ പ്രചാരവും വായനയുടെ ഉപയോഗവും വഴികളും വളരെ വേറിട്ട് രൂപപ്പെട്ടിരുന്നു. ഇതിനുദാഹരമാണ് മിഷനറി രേഖകളിലെ സ്ഥിരവിവരക്കണക്കിൽ, 'വായിക്കാനുള്ള കഴിവ്/എഴുതാനുള്ള കഴിവ്' എന്നിങ്ങനെ വേർതിരിച്ചിരുന്നത്. പത്തൊൻപതാംനൂറ്റാണ്ടിലെ കേരളത്തിൽ പി ഭാസ്കരനുണ്ണി എഴുത്തും വായനയും രണ്ടും രണ്ടായിരുന്ന കാലത്തെ അടയാളപ്പെടുത്താൻ പുത്തേഴത്ത് രാമൻ മേനോന്റെ അമ്മയെ കുറിച്ചുള്ള ഒരോർമശകലം ചേർക്കുന്നുണ്ട്. തന്റെ പ്രിയപ്പെട്ട മാതാവ് രാമായണ ഭാരത ഭാഗവതാദിഗ്രന്ഥങ്ങൾ നിത്യം പാരായണം ചെയ്യാറുണ്ടെന്നും, ഏതൊരു മലയാളപുസ്തകവും യാതൊരു തപ്പും തടവും കൂടാതെ വായിക്കുമായിരുന്നു എങ്കിലും സ്വന്തം പേരെഴുതുവാനോ ഒപ്പിടുവാനോ അറിയുമായിരുന്നില്ല. അതുകൊണ്ട് അവരെ 'നിരക്ഷര' എന്നാണ് അധികാരികൾ രേഖകളിൽ അടയാളപ്പെടുത്തിയിരുന്നത് (1988: 1044) എന്ന് ഖേദപ്പെടുന്നു. എഴുത്ത ഒരു ജോലിയും, ജാത്യാധിഷ്ഠിത തൊഴിലുമാണെന്ന് സൂചിപ്പിക്കുന്ന പഠനങ്ങൾ[6] കൂട്ടിയാലോചിക്കുമ്പോൾ വായിക്കാൻ പഠിച്ചാലും എഴുത്ത ശീലിക്കാതിരുന്ന ജാതിസമൂഹം തന്നെയായിരുന്ന മലയാള അച്ചടിയുടെയും അച്ചടിയ്ക്കുമുന്നേയും ഉണ്ടായിരുന്നതെന്ന് കാണാം. അച്ചടി അപൂർവ്വമായ വസ്തുവിൽ നിന്ന് വിരളമായതും ശേഷം ബഹുജ

നങ്ങൾക്ക് നിറയെ വായിക്കാനുമുള്ള തരത്തിൽ അവതരിക്കുന്നത് അധികാരകേന്ദ്രങ്ങളോട് എതിർത്തുകൊണ്ടും, ജാതി കലാപങ്ങൾക്ക് ഇടവരുത്തിയുമാണെന്ന് റോബിൻ ജെഫ്രി നിരീക്ഷിക്കുന്നു (2009: 474-5).

മിഷനറിഅച്ചടിയുടെ കേൾവിബന്ധങ്ങൾ

മിഷനറിഅച്ചടിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിരുന്നത് ചുമതലകളുടെയും അച്ചടി-വായനാ സ്ഥലങ്ങളുടെയും അതിന്റെ സഞ്ചാരങ്ങളുടെയും കൃത്യമായ ഭൂപരേഖകളും നിയമങ്ങളും സജ്ജമാക്കിക്കൊണ്ടായിരുന്നു. അതിലൂടെയാണ് സാക്ഷരതയുൾപ്പെടെയുള്ള ഔദ്യോഗിക കണക്കുകൾ ചിട്ടപ്പെടുത്തിയിരുന്നത്. പത്തൊൻപതാംനൂറ്റാണ്ടിലെ മിഷനറി ചരിത്രരേഖകൾ അച്ചടിവായനയെ തികച്ചും മതപരമായ ഒരു പ്രവർത്തനമായാണ് കണ്ടിരുന്നത്. അതുകൊണ്ട് തന്നെ പ്രബോധനങ്ങളോ പാട്ടോ അച്ചടിവായനയോ കേൾക്കുകയെന്നതിനെ, ഘടനയോട് കൂടിയ, സജീവമായ ശാരീരിക-മാനസിക പ്രവർത്തനത്തിന്റെ മൂർത്തീകരണമായാണ് മനസ്സിലാക്കേണ്ടത്. കേൾവിയെ കുറിച്ചുള്ള തത്വചിന്തകളിൽ പ്രസിദ്ധമായ ജീൻ ലൂക്ക് നാൻസി വ്യവഹരിക്കുന്നത് പോലെ കേൾക്കുക (to hear), ശ്രദ്ധിക്കുക (to listen) എന്നതിലെ സജീവമോ നിഷ്ക്രിയമോ ആയ ഇന്ദ്രിയവ്യവസ്ഥയല്ല മിഷനറിരേഖകളിൽ പ്രതിപാദിക്കുന്നത് (2007: 6). കേൾവി, ശ്രവണം എന്നീ രണ്ടുപയോഗങ്ങൾ സൂചിപ്പിക്കുന്നതിലെ വൈരുധ്യം ആധുനികതയോടുള്ള പ്രതികരണമായി പത്തൊൻപതാംനൂറ്റാണ്ടിന്റെ അവസാനത്തിലാണ് മലയാളം അഭിമുഖീകരിക്കുന്നത്. കേൾക്കുക എന്നത് കൊളോണിയൽ അവസ്ഥയിലും ജാതിവ്യവസ്ഥയിലും അത്യന്തം നിർബന്ധമായിരുന്ന, ഏർപ്പെടാതെ നിർവാഹമില്ലാത്ത കർമമായിരുന്നു. കേൾവിയെന്നത് ഈ ചരിത്രസാമൂഹികാവസ്ഥയിൽ ശ്രദ്ധ കാംഷിക്കുന്ന (listen) അവസ്ഥയോടാണ് നിഷ്ക്രിയമായി (hear) ഇടപെടുന്നതിലും അടുത്ത് നിൽക്കുന്നത്.

കൊളോണിയൽ മിഷനറിഅച്ചടി കേരളത്തിൽ ചുവടുറപ്പിക്കുകയും സ്ഥിരപ്പെടുകയും ചെയ്യുന്നത് 1820കൾ മുതലുള്ള ബെഞ്ചമിൻ ബെയ്ലി ഉൾപ്പെടെയുള്ള ചർച്ച് മിഷനറി സൊസൈറ്റി, ലണ്ടൻ മിഷനറി സൊസൈറ്റി, ബേസൽ ഇവാഞ്ചലിക്കൽ മിഷൻ എന്നിങ്ങനെ മലയാളം സംസാരിക്കുന്ന ഭൂപ്രദേശങ്ങൾ കവർന്നുകൊണ്ടുള്ള മിഷനറിമാരുടെ അച്ചടി പ്രവർത്തനങ്ങളിലൂടെയാണ്. ഈ

അച്ചടിപ്രവർത്തനം ഏകോപിച്ചു കൊണ്ടുപോകുവാനായി 'സഞ്ചരിക്കുന്ന വായനക്കാർ, പ്രബോധകർ' (itinerating readers, preachers) എന്ന തസ്തിക വായനയ്ക്ക് വേണ്ടിയും, അക്ഷരവും വായനയും പഠിപ്പിക്കുവാൻ വേണ്ടി അധ്യാപകതസ്തികയും, അച്ചടിവില്പനയ്ക്ക് വേണ്ടി കോൾപോർട്ടിയർമാരെയും ഏർപ്പാട് ചെയ്തിരുന്നു. അധ്യാപകർ മുൻഷിമാരായോ ഗ്രാമർസ്കൂളുകളിലോ പഠിപ്പിച്ചുകഴിഞ്ഞുള്ള ഒഴിവു സമയങ്ങളിൽ യഥേഷ്ടം പ്രബോധനവും വായനയും ഏറ്റെടുത്തിരുന്നു. ഇവരുടെ സാംസ്കാരിക, സാമൂഹിക ഇടപെടലുകൾ നടന്നിരുന്ന റോഡുകൾ, കിണറ്റിൻകര, ആശുപത്രി വരാന്തകൾ, ചന്തകൾ, ജയിലുകൾ, മരച്ചോടുകൾ, പള്ളിമുറികൾ എന്നിവയായിരുന്നു അച്ചടിവായനയുടെ ആദ്യയിടങ്ങളെന്ന് മിഷനറിരെജിസ്റ്ററുകളും ഫോട്ടോഗ്രാഫുകളും വ്യക്തമാക്കുന്നു. ഈ സ്ഥലങ്ങളുടെ പിന്നീടുള്ള ചിട്ടപ്പെടുത്തലിലാണ് വായനാശാലകളുടേയും വായനാമുറികളുടെയും രൂപത്തിൽ വായനയ്ക്ക് വേണ്ടി മാത്രമുള്ള സ്ഥലങ്ങൾ ഉണ്ടാവുന്നത്, അതോടുകൂടി വായന ഉച്ചത്തിൽ നിന്ന് പതിയെ (സ്വകാര്യമായും) ചെയ്യുന്ന പ്രവർത്തനമായി മാറുന്നു. അച്ചടി ചരിത്രകാരനായ ഗ്രഹാം ഷാ പറയുന്നത് മിഷനറിമാരുടെ അച്ചടി പ്രവർത്തനങ്ങൾ അച്ചടിച്ച വാക്കുകൾ അമാനുഷികമായ ശക്തിയെ ഉൾക്കൊള്ളുന്നുവെന്നുള്ള പ്രചാരണം വഴി വിശ്വാസവും അതുവഴി മതപരിവർത്തനവും സാധ്യമാക്കുവാനാണു പരിശ്രമിച്ചതെന്നും, വായന വഴി നടന്ന ഇത്തരം പരിവർത്തനങ്ങളെ 'biblio-conversion' എന്ന് മനസ്സിലാക്കാമെന്നുമാണ് (2015: 8). 1858ൽ നടന്ന ദക്ഷിണേന്ത്യൻ മിഷനറി സമ്മേളനത്തിന്റെ പ്രസിദ്ധീകരിച്ച നടപടികളിൽ 'വായനക്കാർ' എന്നാൽ ക്രിസ്ത്യൻ അനുഭവങ്ങളുള്ള, വായിക്കാനും ബൈബിൾ സംബന്ധിയായി വിശദീകരണങ്ങൾ നൽകുവാനും കഴിവുള്ള, എന്നാൽ മറ്റ് അധിക കഴിവുകൾ ഇല്ലാത്ത സ്വദേശി സഹായികളെ വിളിച്ചിരുന്ന പേരാണെന്ന് രേഖപെടുത്തുന്നു (167). പലപ്പോഴും ജാതി വേർതിരിച്ചാണ് വായനക്കാരുടെയും പുസ്തകവില്പനക്കാരുടെയും ചുമതല നൽകിയിരുന്നത്, സഞ്ചാരസ്വാതന്ത്ര്യവും ആളുകൾക്കിടയിലേക്ക് ഇറങ്ങിച്ചെല്ലുവാനും അച്ചടി കൈമാറുവാനുമൊക്കെയുള്ള സൗകര്യം എല്ലാ പരിവർത്തിതർക്കും ഒരുപോലെയല്ല ലഭ്യമായിരുന്നത് എന്ന് വ്യക്തമാക്കുന്നതാണ് ഈ പ്രൊട്ടസ്റ്റന്റ് തൊഴിൽ വിഭജനം (1874: 16-17). വായന തീർത്തും നിർവ്വഹണപരമായ ഒരു പ്രവർത്തനവും (ഗ്രഹാം ഷാ സൂചിപ്പിക്കുന്നത് പോലെ പരിവർത്തനങ്ങൾ സാധ്യമാക്കുവാൻ വേണ്ടി), വായനക്കാർ എന്നത് ഒരു നിർവാഹക സംവർ

ഗവുമായിരുന്നു (reading as a functional practice and readers as functional category) പത്തൊൻപതാംനൂറ്റാണ്ടിലെ അച്ചടിചരിത്രത്തിൽ എന്ന് കാണാം. അതുകൊണ്ടു തന്നെ ആവശ്യമുള്ള സുവിശേഷങ്ങൾ വായിക്കാനും, പ്രാർത്ഥനകൾ പാടുവാനും, കേൾവിക്കാരോട് സംസാരിക്കുവാനുമുള്ള അടിസ്ഥാന വൈദഗ്ദ്യം നേടിക്കഴിഞ്ഞാൽ വായനക്കാരെ നിയമിച്ചിരുന്നു.

മിഷനറി വായനക്കാർക്ക് കൃത്യമായ നിർദേശങ്ങളും ഉപദേശങ്ങളും നൽകുവാൻ വേണ്ടി ജോൺ മർഡോച് എന്ന മിഷണറി 1870ൽ ഇന്ത്യൻ മിഷനറി മാന്വൽ എന്ന പുസ്തകം പ്രസിദ്ധീകരിച്ചിരുന്നു. അതിൽ പ്രബോധകനും അധ്യാപകനും വായനക്കാരനും ഒരേ പ്രവർത്തിയിൽ ഏർപ്പെടുന്നവരാണെന്ന് മനസ്സിലാക്കിയാൽ, അവർക്ക് നൽകിയിട്ടുള്ള നിർദേശങ്ങൾ പരസ്പരപൂരകങ്ങളാണെന്ന് വ്യക്തമാകും. നിർദേശങ്ങളിൽ അധികവും ശബ്ദത്തെ, ശരീരഭാഷയെ എങ്ങനെ വായനയ്ക്കും വായനാകേൾവിക്കാർക്ക് വേണ്ടിയും ചിട്ടപ്പെടുത്തണം എന്ന് വിശദീകരിക്കുന്നതാണ്. വായനയ്ക്കിടക്കിടെ ഇടവേളകൾ എടുത്തും, സ്വരം ഉയർത്തിയും താഴ്ത്തിയും ശബ്ദം ക്രമീകരിച്ചും, നെഞ്ചിൽ നിന്ന് ശബ്ദമെടുത്തുകൊണ്ടും (തൊണ്ടയിൽ നിന്നല്ല), എന്നാലൊരിക്കലും അലറാതെയും വേണം പ്രസംഗങ്ങളും പാട്ടും വായനയും നടത്താനെന്ന് മാന്വൽ നിഷ്കർഷിക്കുന്നു. മുഷിഞ്ഞ സംസാരവും, നിർജ്ജീവവും വിരസവുമായ വായനയും കേൾവിക്കാരെ ഉറക്കത്തിലേക്ക് നയിച്ചേക്കാമെന്നത് കൊണ്ട് തല ഉയർത്തിപ്പിടിച്ചു കൊണ്ട് കേൾവിക്കാരെ കൂടി പങ്കാളികളാക്കി വേണം വായനയും മറ്റ് അച്ചടി പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യാനെന്നും നിർദേശങ്ങളിൽ കാണാം (Murdoch, 1870: 182-183). കേൾവിക്കാരുടെ സമൂഹത്തെ അഭിസംബോധന ചെയ്യാനും ആകർഷിക്കാനും വേണ്ടിയുള്ള മിഷനറിവായനകൾ ഒരു സാധാരണ പ്രവർത്തിയായിരുന്നില്ല പത്തൊൻപതാംനൂറ്റാണ്ടിലെ കൊളോണിയൽ ചുറ്റുപാടിൽ. വായിക്കുന്ന വ്യക്തിയുടെ വസ്ത്രധാരണം, ഒരുക്കം, അവതരണം, അവരെങ്ങനെ അച്ചടിപുസ്തകത്തെ നോക്കുന്നു, കൈകാര്യം ചെയ്യുന്നു എന്നതുപോലെ തന്നെ പ്രാധാന്യത്തിലാണ് വായനയുടെ ശബ്ദം കേൾക്കുന്നതിനും, മനഃപാഠമാക്കുന്നതിനും വേണ്ടിയുള്ള ഒരുക്കങ്ങളെ മിഷനറിമാർ മുന്നിൽ കണ്ടത്. മാന്വലിൽ കേട്ടുകൊണ്ടുള്ള വായനയാണ് ഏറ്റവും നല്ല പഠനമാർഗമെന്ന തലക്കെട്ടിൽ എഴുതിയിരിക്കുന്ന ഭാഗത്തു, നോക്കിവായിക്കാൻ പഠിക്കുന്ന ആളുകൾക്ക് മിക്കപ്പോഴും സംഭാഷണങ്ങൾ മനസ്സിലാക്കുവാൻ ബുദ്ധിമുട്ടാണെന്നും,

അതിനെ മറികടക്കാൻ കേട്ടുവായന സഹായകരമാണെന്ന് മാത്രമല്ല, വാക്കുക ളെ അതുപയോഗിക്കപ്പെട്ട സന്ദർഭങ്ങളോട് കൂടി ഓർമയിൽ സൂക്ഷിക്കാൻ കഴി യുമെന്നും എടുത്ത് പറയുന്നു (1870: 77). നോക്കി വായിക്കുന്നതിലും കേട്ട് വായിക്കു ന്നത് കേന്ദ്രമായിരുന്ന, അതിനെ പ്രോത്സാഹിപ്പിച്ചിരുന്ന ചരിത്രസന്ദർഭങ്ങളാണ് അച്ചടിയുടെ ആദ്യകാലങ്ങൾ എന്ന് ഉറപ്പിക്കുന്നതാണ് മിഷനറി രേഖകൾ കൂട്ടിവാ യിക്കുമ്പോൾ തെളിഞ്ഞുവരുന്നത്. എന്നാൽ പ്രൊട്ടസ്റ്റന്റ് വായനാശബ്ദങ്ങളുടെ ഈ പുരാശേഖരം നിർവചിക്കപ്പെട്ടിരുന്നത് വിജാതീയമായ ശബ്ദങ്ങളെ പുറത്തു നിർത്തിയും അവഹേളിച്ചും കൊണ്ടാണെന്നത് മറന്നുകൂടാ. നിരനിരയായി സ്വാ മിശരണമെന്ന വിഷാദസ്വരം പിന്തുടർന്ന് നടന്നുപോവുന്ന ആൾക്കൂട്ടം (Church Missionary Gleaner, 1841 ജൂൺ: 64), രോഗശാന്തിയ്ക്ക് വേണ്ടി വൈദ്യർ പാടിയ അർത്ഥരഹിതമായ പ്രാർത്ഥനാശബ്ദങ്ങൾ (*പരിഷ്ക്കാരപ്പാതി*, 2012 (1892): 288), കലാപത്തിന് ആഹ്വാനമിട്ടുകൊണ്ടുള്ള മാപ്പിളമാരുടെ അവ്യക്തശബ്ദകോ ലാഹലങ്ങൾ (Church Missionary Intelligencier and Record, 1902: 625-6) എന്നിങ്ങനെ സ്വദേശീശബ്ദസന്ദർഭങ്ങളെ നിരന്തരം എതിർത്തുകൊണ്ടാണ് മിഷനറി അച്ചടിവായനാശബ്ദം രൂപപ്പെട്ടത്. അടക്കവും ഒതുക്കവുമുള്ള അർത്ഥപൂർ ണവും സ്വരമാധുര്യത്തോട് കൂടിയതും കൃത്യമായ ഉദ്ദേശ്യമുള്ള വായനാശബ്ദങ്ങൾ കേൾക്കാൻ വരുന്നവരും ആ കഴിവുകളും ഗുണവും സിദ്ധിക്കും എന്നാണ് മിഷന റിമാർ പ്രതീക്ഷിച്ചിരുന്നത്. വായിക്കുന്നവരെപോലെ വായിക്കുന്നത് കേൾക്കാൻ വന്നവരും മാറണമെന്നുള്ള കൊളോണിയൽ അഭിലാഷം.

മിഷനറിപുരാശേഖരങ്ങളിലുടനീളം അച്ചടി പുസ്തകങ്ങളുടെ വിതരണം ഇത്തരം ഉറക്കെവായനകൾക്കും പ്രസംഗങ്ങൾക്കും ശേഷമാണ് അവതരിപ്പിക്കു ന്നത്. ആർച്ചുഡീക്കൻ കോശിയുടെ *പുല്ലേലിക്കുഞ്ഞു* (1882), ലഘുരേഖാ സംവാദങ്ങ ളുടെ നോവൽ രൂപത്തിൽ അവതരിപ്പിക്കുന്നത് കുഞ്ഞുപ്പിള്ളയും രാമപ്പണിക്കരും തമ്മിലുള്ള സുവിശേഷവും യാഥാസ്ഥിതിക സവർണ ഹൈന്ദവമതചിന്തയെയും അതിന്റെ ജാതിഘടനയെയും എതിർത്തുകൊണ്ടുള്ള നേർക്കുനേരായുള്ള സംഭാ ഷണങ്ങളിലൂടെയാണ്. നോവലിന്റെ അവസാനഭാഗത്തെ മിഷനറിയുടെ പ്രസം ഗവും പാട്ടും, പുസ്തകവില്പനയും വാശിയോടെ വാദിച്ചവരെ ഒരുമിച്ചു നിർത്തുന്നു. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരകഥ പ്രസംഗരൂപേണ കേൾക്കുന്നതും ആൽ ത്തറമേൽ ഇറക്കിവച്ച പുസ്തകച്ചുമടിൽ നിന്ന് സുവിശേഷപുസ്തകത്തിന്റെ പ്രതി

വാങ്ങുന്നതോടും കൂടി കഥാന്ത്യം ആശാപൂർണമായി മാറുന്നു. കേട്ടുവായനക്കാരിൽ നിന്ന് പുസ്തകവായനക്കാരെയും പുത്തൻവേദക്കാരെയും പ്രോത്സാഹിപ്പിക്കുന്ന ആൾക്കൂട്ടത്തെ വിവരിക്കുന്നത് മിഷനറിരേഖകളിലെ പതിവ് സന്ദർഭമാണ് (Koshy, 2012: 72). ഈ പുസ്തകവിതരണവും വില്പനയും ഘട്ടംഘട്ടമായുള്ള വായനയുടെ പുരോഗതിയെ കണക്കിലെടുത്തു കൊണ്ടാണ് നിർണയിച്ചിരുന്നത്. ആദ്യം ഹാൻഡ്ബില്ലുകൾ, പിന്നീട് ട്രാക്ടുകളും ശേഷം വലിപ്പമനുസരിച്ചുള്ള പുസ്തകങ്ങൾ എന്ന രീതിയിൽ സ്വാഭാവികമായുള്ള കേൾവിക്കാരുടെ വായനക്കാരായുള്ള മാറ്റമാണ് ഈ അച്ചടിവിതരണ സംവിധാനം ലക്ഷ്യംവച്ചത്. ആദ്യം സൗജന്യമായും പിന്നീട് വിലയ്ക്കുമാണ് അച്ചടി വസ്തുക്കൾ വിതരണം ചെയ്തിരുന്നത്. സൗജന്യമായി നൽകിയിരുന്നത് ചെറിയ സുവിശേഷങ്ങളും, പ്രാർത്ഥനകളുമായിരുന്നു. പല നിറങ്ങളിലും അലങ്കാരപ്പണികളിലും ആകർഷണീയമായി നിർമിച്ച ട്രാക്ടുകളും ചെറിയ അച്ചടിമാതൃകകളും സ്വീകരിക്കാനെത്തുന്ന നിരക്ഷരസമൂഹത്തെ വായനയിലേക്കുള്ള ആദ്യചുവട് വെപ്പിച്ചശേഷം ബൈബിൾ ഉൾപ്പെടെയുള്ള വലിയ പുസ്തകങ്ങൾ വിലയ്ക്ക് വാങ്ങാൻ പ്രേരിപ്പിക്കുകയായിരുന്നു പതിവെന്ന് മദ്രാസ് ട്രാക്ട് റിപ്പോർട്ട് (1870;1871) അടക്കമുള്ള രേഖകൾ ആവർത്തിച്ചു പറയുന്നു. കൃത്യവും വ്യക്തവുമായ തസ്തികാവിഭജനവും വായനാസാമൂഹികതകളുടെ ഏകോപനങ്ങളിലൂടെയും ക്രോഡീകരണങ്ങളിലൂടെയുമാണ് മിഷിനറിഅച്ചടി കേട്ടുവായനക്കാരുടെയും ഉറക്കെവായനയുടെയും അടിത്തറ പാകിയത്. ഈ മിഷനറിഭാവനയെ ചരിത്രവത്കരിച്ചാൽ വ്യക്തമാകുക പുസ്തകപ്പെരുമാറ്റങ്ങളുടെ സാംസ്കാരിക സാധ്യതകളോട് വളരെ വ്യത്യസ്തമായി ഇടപെട്ട കേട്ടുവായനക്കാരുടെ ഇന്നലെകളാണ്.

ഉറക്കെവായനയുടെ ഭൗതികലോകങ്ങൾ

അച്ചടിവസ്തുവിന്റെ നിറത്തിലും രൂപത്തിലുമുള്ള ജിജ്ഞാസയും അതിന്റെ മിഷനറി ഉപയോഗം സാധ്യമാക്കിയ കേൾവിലോകങ്ങളും സംയോജിപ്പിച്ചാണ് വായന വളർന്നത്. ട്രാക്ടുകൾ അത്ഭുതത്തോടെ തൊട്ടു നോക്കുകയും, കയ്യിൽ പിടിക്കുകയും എന്നത് പോലെ അവയെ പരിഹസിക്കുവാനും വേണമെങ്കിൽ കത്തിച്ചുകളയാനുമുള്ള തരത്തിൽ മലയാളിയുടെ അച്ചടിബന്ധങ്ങൾ പത്തൊൻപതാംനൂറ്റാണ്ടിന്റെ രണ്ടാം പകുതിയോട് കൂടെ ബലപ്പെടുന്നുണ്ട്. പുസ്തകങ്ങളെ പലപ്പോഴും ദൈവവചനമായാണോ വ്യക്തികളായാണോ അതുമല്ല കേവലമൊരു വസ്തുവായി

പരിഗണിക്കാമോയെന്ന സംഘർഷം ഈ കാലഘട്ടത്തിൽ വളരെ വിപുലമായി കാണാം. നൈൽ ഗ്രീൻ വാദിക്കുന്നത് മനുഷ്യകേന്ദ്രീകൃതമായ ജ്ഞാനവ്യവസ്ഥയിൽ നിന്ന് പുസ്തകകേന്ദ്രീകൃതമായ ജ്ഞാനസംവിധാനത്തിലേക്കുള്ള മാറ്റം വളരെ സങ്കീർണവും സംഘർഷഭരിതവുമായിരുന്നുവെന്നാണ് (2010: 17). പുസ്തകങ്ങളാണോ അതോ ദൈവത്തിന്റേതാണോ ഉച്ചരിക്കുന്ന (വായിക്കുന്ന) വാക്ക് എന്ന സംശയം (വേദപുസ്തകം ദൈവവചനമാകുന്നുവോ എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ച ജ്ഞാനനിക്ഷേപത്തിലെ ലേഖനം, 1874) ഇതിനുദാഹരണമാണ്. പലപ്പോഴും പുസ്തകങ്ങളെ വെറുക്കുവാനും തൊടാനോ നശിപ്പിച്ചുകളയാനോ ഉള്ള ആഹ്വാനം സിറിയൻ ക്രിസ്ത്യാനികൾക്കും മറ്റ് ഉയർന്നജാതി മത വിഭാഗങ്ങൾക്കുമിടയിൽ സൃഷ്ടിച്ചപ്പോൾ മറ്റൊരു വിഭാഗം പുസ്തകത്തെ തന്നെ മരുന്നായും ദൈവവചനമായും ഭക്തിപുരസരം സമീപിക്കുകയും സൂക്ഷിക്കുകയും ചെയ്തുവന്നു. മിഷനറി അച്ചടിവസ്തുകൾ വിശേഷിച്ചും ട്രാക്ടുകൾ 'നടക്കുകയും സംസാരിക്കുകയും' ചെയ്യുന്ന മിഷനറി ഏജന്റുമാരെ പോലെയും, അല്ലെങ്കിൽ മിഷനറിമാരുടെ തന്നെ 'പകരക്കാരായും' ആയാണ് പ്രവർത്തിച്ചിരുന്നത് എന്ന് പഠനങ്ങൾ പറയുന്നു (Stark, 2021: 20; Barbar, 2001:11). മിഷനറിമാർക്ക് സഞ്ചരിക്കാവുന്നതിലുപരി ദൂരം താണ്ടുകയും, പലജാതി മതങ്ങളിലെ മനുഷ്യർക്കിടയിൽ ഒരുപോലെ അവതരിക്കുകയും ചെയ്തുകൊണ്ട് അച്ചടിവസ്തുക്കൾ പലപ്പോഴും മിഷനറി വായനക്കാരിലും പ്രധാനപ്പെട്ട സ്ഥാനത്തു കരുതപ്പെട്ടിരുന്നു (മദ്രാസ് ട്രാക്ട് റിപ്പോർട്ട്, 1868).

കേട്ടുവായനക്കാരുടെ മലയാളിസമൂഹം പലതരത്തിൽ പലയിടങ്ങളിൽ നിന്നുള്ള ജാതിബോധങ്ങൾ പേറുന്ന അച്ചടിമാധ്യമങ്ങളിലൂടെ രൂപപ്പെട്ടവരാണ്. അടിമജാതികളിൽ നിന്ന് വളരെ വ്യത്യസ്തമായ അച്ചടി-കേൾവി-വായനാബന്ധങ്ങളാണ് സിറിയൻ ക്രിസ്ത്യാനികൾക്കോ മറ്റുയർന്ന ജാതിസമൂഹങ്ങൾക്കോ ഉണ്ടായിരുന്നത്. പുസ്തകം തൊട്ടുനോക്കുന്നതും, സൂക്ഷിക്കുന്നതും, വായിക്കാൻ പഠിക്കുന്നതും വിമോചനപരമായ ഒരു പ്രവർത്തിയായിരുന്നു സ്വന്തമായി സമയമോ വിശ്രമവേളകളോ ഇല്ലാതിരുന്ന കീഴാളസമൂഹങ്ങൾക്ക്. സാബത്ത് ദിനം ആചരിക്കാൻ തുടങ്ങിയതോടുകൂടെ ആവശ്യമായിരുന്ന ഇടവേളയും പ്രാർത്ഥനാസമയവും മാത്രമല്ല വായിക്കുന്നത് കേൾക്കുവാനും വായിച്ചു ശീലിക്കുവാനുമുള്ള അവസരമുൾക്കൊള്ളുന്ന വായനാകർത്തൃത്വം കൂടിയാണ് അടിമജാതികൾക്ക് കൈവന്നത്. അക്ഷരങ്ങൾ ഉറക്കെ ഉച്ചരിക്കുവാനും ശബ്ദം ഉയർത്തി പാടുവാനും

സംസാരിക്കുവാനുള്ള സാമൂഹിക പരിഷ്കരണം കൂടിയാണ് ഉറക്കെവായന സാധ്യമാക്കിയത്. പോത്തേരി കുഞ്ഞമ്പുവിന്റെ *സരസ്വതീവിജയത്തിലെ* (1882) പ്രധാന സംഘർഷം പുലയൻ പാട്ട് പാടുന്നത് കേട്ട് അമർഷവും ആശ്ചര്യവും അസൂയയും പൂണ്ട നമ്പൂതിരിയും നമ്പ്യാരും അവനെ ശിക്ഷിക്കുന്നതുമായി ബന്ധപ്പെട്ടാണ് (കുഞ്ഞമ്പു:55). ചെറുമൻ എഴുത്തുപഠിച്ചു പാട്ടുപാടാൻ തുടങ്ങിയാൽ നാട്ടിൽ മഴ പെയില്ലെന്ന നമ്പൂതിരിയുടെ ആധി ജാതികേരളത്തിന്റെ കേൾവി-ശബ്ദ-വായനാചരിത്രങ്ങൾ സാമൂഹിക അസമത്വങ്ങളുടെ ചരിത്രം കൂടിയാണെന്ന് അടിവരയിടുന്നു. മിഷനറി റിപ്പോർട്ടുകളിൽ പലപ്പോഴും മറ്റുയർന്ന ജാതിയിൽപ്പെട്ടവരും ജന്മിമാരും അധസ്ഥിതജാതികളുടെ ഇത്തരം ഉറക്കെയുള്ള പാട്ട്-പ്രാർത്ഥനാ-വായനാ മാറ്റങ്ങളിൽ പരിതപിക്കുകയും അവരുടെ അക്ഷരജ്ഞാനത്തെയും പാട്ട്-വായനാ ശബ്ദങ്ങളെ എതിർക്കുകയും ചെയ്തപ്പോൾ, അച്ചടി സൃഷ്ടിച്ചത് കേൾവിയെ അഭിലാഷമായി കരുതിയ അടിമജാതികളുടെ പുസ്തകപ്പെരുമാറ്റങ്ങളാണ്. ഇതിനെ എതിർത്ത് നിന്ന സിറിയൻ ജന്മിമാരും അവരുടെ പുരോഹിതന്മാരും അച്ചടിയെ നേരിട്ടത് രണ്ടു തരത്തിലുള്ള വിരോധങ്ങളിലൂടെയാണ്. ഒന്നാമതായി, സിറിയക് ഭാഷയിലുള്ള ബൈബിളും വേദഗ്രന്ഥങ്ങളുമാണ് വിശുദ്ധമെന്നും മലയാളഭാഷയെ അവിശുദ്ധവും അശ്ലീലവുമായി കരുതുകവഴി ഭാഷാപരമായ എതിർപ്പ് (Arunima, 2006: 64). രണ്ടാമതായി, പ്രൊട്ടസ്റ്റന്റ് അച്ചടി നിമിത്തം കോട്ടം സംഭവിക്കാവുന്ന തങ്ങളുടെ അധികാരഘടനയും സിറിയൻക്രിസ്ത്യാനികൾക്കിടയിൽ നിലനിന്നിരുന്ന ജാതി-അയിത്ത ആചാരങ്ങളെ നിലനിർത്തുവാൻ വേണ്ടിയുള്ള എതിർപ്പ് (Mateer, 1883: 132). ഹിന്ദു മതത്തിലെ സവർണജാതി വിഭാഗങ്ങളിലുൾപ്പെടുന്ന ജനവിഭാഗങ്ങൾ അച്ചടി-വായനകൾ ജാതിവ്യവസ്ഥയ്ക്ക് മേൽ ഉയർത്തുന്ന മാറ്റങ്ങളോടുള്ള ഉത്കണ്ഠയോട് കൂടിയ വിരോധമാണ് പ്രധാനമായും കാണിച്ചത്. കേൾവിക്കാർ തെരുവുകളിലും വഴികളിലും കൂടി നിൽക്കുന്നത് കാരണം ജാതി അശുദ്ധം വരുന്നത് പേടിച്ചു ഉന്നതജാതിക്കാർക്ക് വഴി നടക്കാൻ ബുദ്ധിമുട്ടുണ്ടാവുന്നു (Mateer, 1883: 15), വായിക്കാൻ പഠിച്ചത് കാരണം താഴ്ന്ന ജാതി സ്ത്രീകൾ മേൽക്കുപ്പായം ധരിച്ചു പള്ളിയിൽ പ്രാർത്ഥനയ്ക്ക് പോകുന്നു, അടിമവേലക്കാർ തോട്ടങ്ങളിൽ ജോലിചെയ്തുകൊണ്ടിരിക്കെ ഉറക്കെ പ്രാർത്ഥിക്കുകയും പാട്ടുപാടുകയും ചെയ്യുന്നു (Basel Mission Report, 1851) തുടങ്ങിയ പരാതികൾ അവർ ഉയർത്തിയിരുന്നു.

സിറിയൻ ക്രിസ്ത്യാനികൾ പൊതുവെ മടിയോടെ കേട്ടുകൊണ്ടിരുന്നുവെങ്കിൽ ഉയർന്ന ജാതിയിൽ പെട്ടവർ വിമുഖരായും വൈമനസ്യത്തോടെയും കേട്ടവരായിരുന്നുവെന്ന് മിഷനറി പ്രബോധകരുടെ ദിനസരിക്കുറിപ്പുകൾ രേഖപ്പെടുത്തുന്നു. ഇതിനിടയിൽ സ്ത്രീകളും കുട്ടികളും ഉൾപ്പെട്ടിരുന്ന കേൾവിസമൂഹങ്ങൾ സ്വകാര്യമായ, വീടകങ്ങളിലോ വരാന്തകളിലോ ബൈബിൾ സ്ത്രീകളുടെ സഹായത്താൽ അച്ചടിയും അച്ചടക്കവും ഒരേപോലെ പരിചയപ്പെട്ടവരായിരുന്നു. ഘാതകവധത്തിൽ പ്രബോധകരും വായനക്കാരും ഒരു നായർ തറവാട്ടിൽ ചെന്ന് വായിക്കുകയും സുവിശേഷം പറയുകയും ചെയ്യുമ്പോൾ ജനാലയുടെ മറുവശത്തു ഒളിഞ്ഞുനിന്ന് കേൾക്കുന്ന സ്ത്രീകളെ ശ്രദ്ധയിൽപെടുമ്പോൾ വികാരി രണ്ടു മൂന്ന് ട്രാക്കുകൾ ജനൽപാളിയിൽ തിരുകിവയ്ക്കുകയും, സ്ത്രീകൾ ഉടനെ അതെടുത്തു നോക്കുകയും ചെയ്യുന്നത് വിവരിക്കുന്നുണ്ട് (1865: 186). സമാനമായി പൊതു ഇടങ്ങളിൽ വരാൻ അനുവാദമില്ലാത്തത് കൊണ്ട് ഉയർന്നജാതി സ്ത്രീകൾ പാത്തും പതുങ്ങിയും കേട്ടുവായനക്കാരായി മാറുന്നതും അവരുടെ സൗകര്യത്തിനു വേണ്ടി വീടകങ്ങളിലേക്ക് സുവിശേഷവായനക്കാരായി ബൈബിൾ സ്ത്രീകളെ ചുമതലപ്പെടുത്തുന്നതും കാണാം. എന്നാൽ പലപ്പോഴും സവർണസ്ത്രീകൾ വായിക്കാൻ പഠിച്ചിരുന്നത് തങ്ങളുടെ ജോലിക്കാരായ അടിയസ്ത്രീകൾക്ക് പോലും വിദ്യാഭ്യാസം ലഭിച്ചിരിക്കുന്നു എന്ന ആശങ്കയിന്മേലാണ്. സ്ത്രീകളെ വായനയിലേക്ക് ആനയിക്കുന്നതിന്റെ മിഷനറിലക്ഷ്യങ്ങളിലൊന്ന് വിവാഹാനന്തരം അവരുടെ വേദപുസ്തകവും വായനയും പുതിയ കേൾവിക്കാരെ സൃഷ്ടിക്കുന്നതിനുള്ള സാധ്യത മുന്നിൽ കണ്ടാണ്. മറ്റൊന്ന് വായന ശീലിക്കുന്നതിലൂടെ തുന്നൽപ്പണിയും അല്പം പാചകവും ഗൃഹപരിപാലനവും കൂടി പറഞ്ഞുകൊടുത്തു ബൈബിൾസ്ത്രീകൾ അവരെ ഉത്തമ കുടുംബിനികളാക്കി മാറ്റും എന്ന് കരുതിയാണ് (അമേലിയ ബേക്കറിന്റെ ദിനസരിക്കുറിപ്പുകൾ). വായനയ്ക്ക് വീട്ടുജോലിയിലൊതുങ്ങുന്ന സ്ത്രീശാക്തീകരണം വിഭാവനം ചെയ്യുന്ന മിഷനറിമാർ ജാതിബോധത്തെ കൈവിടാതെയുള്ള മാറ്റങ്ങളെയാണ് സാധ്യമാക്കിയത്. പ്രൊട്ടസ്റ്റന്റ് വസ്ത്രധാരണരീതിയിലേക്ക് പരിവർത്തിതരായ സ്ത്രീകളൊക്കെയും മാറുമ്പോൾ ബ്രാഹ്മണസ്ത്രീകൾ മാത്രം തങ്ങളുടെ പണ്ടുമുതലുള്ള വസ്ത്രങ്ങളിൽ തുടരാനുള്ള അനുമതി നേടിയതിനെക്കുറിച്ചു ജോസഫ് പീറ്റിന്റെ ദിനസരിക്കുറിപ്പുകളിൽ കാണാം. വി.ടി. ഭട്ടതിരിപ്പാടിനെ വായിക്കാൻ പഠിപ്പിക്കുന്ന തിയ്യപെൺകുട്ടിയും (1970), ആർത്തവകാലത്തു മാറിത്താമസിക്കുന്ന അന്തർജ്ജനത്തിന് പുസ്തകം

തൊട്ടുകൂടാത്തത് കൊണ്ട് താളുകൾ മറിച്ചുകൊടുക്കുന്ന വേലക്കാരിയുടെ മകളുമൊക്കെ (Nilayamgode, 2012: 32) ഇതേ വായനാമലയാളത്തിന്റെ ജാതിചരിത്രത്തെ പിന്തുടരുന്നു.

മിഷനറിരേഖകളിലെ സ്ത്രീവായനക്കാരൊക്കെയും വിശേഷിച്ചും വികാരങ്ങളിൽ പുസ്തകം കയ്യാളുന്നവരാണ്. വായനയെ ഒരു വൈകാരിക പ്രവർത്തനമായി അവതരിപ്പിക്കുക എന്ന മിഷനറിമാതൃക മതപരിവർത്തനത്തിനു വേണ്ടി മാത്രമായിരുന്നില്ല. കൊളോണിയൽ അധികാരബന്ധങ്ങൾ സ്ഥാപിക്കുന്നതിൽ വികാരങ്ങളെ ഉപയോഗിക്കുന്നതിൽ വളരെ പ്രധാനമായ പങ്കുകൂടി വഹിക്കുന്നുണ്ട് വായന. വൈകാരിക വായനക്കാർ കേൾവിയുടെ തലം താളം പിടിക്കുന്നതിലേക്കും കഥകളുടെ ധാർമികതയെ കുറിച്ചുള്ള ചിന്തകളിലേക്കും അതുവഴി കേൾവിക്കാരെ ചിരിക്കാനും കരയാനും പുസ്തകം വാങ്ങുവാനും പ്രേരിപ്പിച്ചു. ജോൺ ബന്യന്റെ സഞ്ചാരിയുടെ പ്രയാണം വായിക്കുന്നത് രേഖപ്പെടുത്തുന്ന മിഷനറിരേഖകളിലെല്ലാം ഉപമ ഒരു പ്രധാന വൈകാരിക ഉപാധിയാക്കിമാറ്റി വായനാ-കേൾവിക്കാരെ മാനസികാഘാതങ്ങളിലേക്ക് കൊണ്ടുചെല്ലുകയും ശേഷം ഉപദേശപരമായ[7] പ്രബോധനങ്ങളിലേക്ക് കടക്കുന്നതിന്റെയും വിവരണങ്ങൾ കാണാം (ഉമ്മൻ മാമൻ, ജോർജ് മാത്തൻ എന്നിവരുടെ ദിനസരിക്കുറിപ്പുകൾ). യാക്കോബ് രാമവർമന്റെ ആത്മകഥയിൽ പുസ്തകം കയ്യിൽ പിടിച്ച്, പ്രാർത്ഥനാവേളയിൽ അതിലേക്ക് നോക്കിക്കൊണ്ട് 'ഹൃദയപ്രാർത്ഥന' നടത്തണമെന്നാണ് ഉപദേശം ലഭിക്കുന്നത് (2008: 38). വായന ആത്മീയപ്രവർത്തിയാകുന്നത് അതൊരു ഹൃദയപ്രവർത്തനം ആകുന്നത് കൊണ്ടുകൂടിയാണെന്ന് സൂചന. വായന ഒരു ബൗദ്ധിക പ്രവർത്തനമാകുന്നത് തടയുക എന്നതായിരുന്നു പ്രൊട്ടസ്റ്റന്റ് വായനാഘടനയുടെ രാഷ്ട്രീയം എന്നിരിക്കിലും അച്ചടിഭാഷ കൈവന്ന കേൾവി സമൂഹം വൈകാരികതയിൽ ഊന്നി സാമൂഹിക പരിഷ്കരണത്തിലേക്കുള്ള സമരവിളികൾ കൂടി ഏറ്റെടുത്തിരുന്നു. സനൽ മോഹൻ, വിനിൽ പോൾ എന്നിവരുടെ ദളിത് പ്രാർത്ഥനാപുസ്തകങ്ങളെയും പാട്ടുകളെയും കുറിച്ചുള്ള പഠനത്തിൽ 'അടിമവേല ഒഴിഞ്ഞു നമ്മുടെ' എന്ന് അടിമത്തം നിരോധിക്കുമ്പോൾ പാടുന്നതും ട്രാക്കുകൾ വിതരണം ചെയ്യുന്നതും അതിന്റെ കേൾവിരാഷ്ട്രീയം ജന്മിമാരെ അലട്ടുന്നതും സൂചിപ്പിക്കുന്നുണ്ട് (Mohan, 2016: 49; Paul, 2019: 147). പാട്ടും പ്രാർത്ഥനയും ഉൾപ്പെടുന്ന അച്ചടിയുടെ കേൾവിലോകങ്ങൾ സംഘർഷാവേശസമ്മിശ്രമായാണ് ജാതികൾക്കിടയിൽ ഉരുത്തിരിഞ്ഞത്. ഉറക്കെ സംസാരി

ക്കുവാൻ, വഴി നടക്കുവാൻ, വസ്ത്രം ധരിക്കുവാൻ, വിദ്യാഭ്യാസം നേടുന്നതിലൊക്കെയും വായനയുടെ ചുവടുവയ്പിലൂടെ സാധ്യമായ ചിന്താധാരയും ജ്ഞാനമണ്ഡലവും പ്രധാന സ്ഥാനം അർഹിക്കുന്നുണ്ട്. വൈകാരികസാക്ഷരത വികാരങ്ങളുടെ വായനാ അവതാരങ്ങളിലൂടെ മാത്രമല്ല, അച്ചടിപുസ്തകം കൈകാര്യം ചെയ്ത മനുഷ്യരുടെ ദൈനംദിന പ്രവർത്തനങ്ങളുടെ സാമൂഹിക പരിസരങ്ങൾ കൂടി ഉൾക്കൊള്ളുന്നു. പുസ്തകം സഞ്ചരിച്ച ദൂരങ്ങൾ വ്യത്യസ്ത ജാതി മത ലിംഗ സമൂഹങ്ങൾക്ക് വെവ്വേറെ സാംസ്കാരിക ദൂരങ്ങൾ താണ്ടുവാനുള്ള കരുത്താണ് നൽകിയത്. അധസ്ഥിതവിഭാഗങ്ങളെ പുസ്തകങ്ങൾ അതിന്റെ പുറംചട്ടയിലിരുത്തി ലോകം കാണിച്ചപ്പോൾ, മറ്റ് വിഭാഗങ്ങൾക്ക് പുസ്തകത്തോടൊപ്പമുള്ള തങ്ങളുടെ ഛായാചിത്രമോ അവയടുക്കി വച്ച മേശകളോ അലമാരയോ സാമൂഹികവും സാംസ്കാരികവുമായ മൂലധനം നൽകിക്കൊണ്ടിരുന്നു.

പത്തൊൻപതാംനൂറ്റാണ്ടിന്റെ അവസാനത്തിൽ ഉയർന്നു വന്ന കൊളോണിയൽ മിഷനറി എതിർ ശബ്ദങ്ങളാകട്ടെ പ്രസംഗങ്ങളും മിഷനറി-വിരുദ്ധ അച്ചടികളിലൂടെയും പ്രൊട്ടസ്റ്റന്റ് ചട്ടക്കൂടിനു പുറത്തു നിൽക്കുന്ന കേൾവിക്കാരെ വിഭാവനം ചെയ്യാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. മിഷനറി പദാവലികൾ പ്രകാരം ഇവർ 'കേൾക്കാത്ത ജനവിഭാഗങ്ങൾ' (പറഞ്ഞാൽ കേൾക്കാത്ത, വായിക്കുന്നത് കേൾക്കാത്ത എന്നിങ്ങനെയുള്ള മാനങ്ങളിൽ) ആയാണ് അടയാളപ്പെടുന്നത്. മക്തി തങ്ങളും, ചട്ടമ്പി സ്വാമികളും ഉൾപ്പെടുന്ന ഈ 'കേൾക്കാത്ത' വായനക്കാരാണ് മലയാളത്തിന്റെ കേട്ടുവായനാലോകത്തെയും അതുവഴി നോക്കി വായനക്കാരെയും, കേൾവിയുടെയും അച്ചടിയുടെയും ബദൽ മാർഗങ്ങൾ വിഭാവനം ചെയ്യുവാനുള്ള ഊർജം നൽകിയത്. അച്ചടിയുടെ ആദ്യവായനകൾ മിഷനറി അധിഷ്ഠിതമായ പ്രൊട്ടസ്റ്റന്റ് കേൾവിബന്ധങ്ങളെ ആശ്രയിച്ചായിരുന്നു എങ്കിൽ പിൽക്കാലത്തു കേൾവിയുടെ അർത്ഥങ്ങളും പരിശീലനങ്ങളും വികസിക്കുകയും പുതിയ അച്ചടി പരീക്ഷണങ്ങളിലൂടെ സാക്ഷരതയിൽനിന്ന് സാഹിത്യമൂല്യമുള്ള വായനാ- എഴുത്തു സാധ്യതകൾ തുറന്നുതന്നു. ആത്മീയമായ കേൾവി-വായനാ പരിസരങ്ങളിൽ നിന്ന് മതനിരപേക്ഷ സാഹിത്യ-സാമൂഹികതകൾക്ക് വേണ്ടി അച്ചടിയും വായനാസംവിധാനങ്ങളും മാറുന്നതും, വായനയ്ക്ക് വേണ്ടിയുള്ള സ്ഥലങ്ങളും, സ്ഥാപനങ്ങളും രൂപപ്പെടുന്നതും, വായന വിദ്യാഭ്യാസ പുരോഗതിയുടെ അളവുകോലായി സവിശേഷ പാഠ്യവിഷയമായി മാറുന്നതിലൂടെയും ഈ വായനാച

രിത്രം ഒരുപാട് ദൂരം സഞ്ചരിച്ചു. ഈ മാറ്റങ്ങൾ അടയാളപ്പെടുത്തിയ സാംസ്കാരിക മൂല്യങ്ങളും, അവ സാമൂഹിക അകലങ്ങളെ എങ്ങനെ പരിഷ്കരിച്ചു എന്ന ചോദ്യവും അച്ചടിവായനയുടെ കേൾവീബന്ധങ്ങളിലൂടെയും അതിന്റെ ഭൗതികചരിത്രങ്ങളോടും ചേർത്ത് വായിക്കേണ്ടത് തീർത്തും അനിവാര്യമാണ്.

ഉപസംഹാരം

വായനാചരിത്രങ്ങൾ എഴുതുന്നതിലെ ചില സാധ്യതകൾ ചൂണ്ടിക്കാണിക്കുന്ന ഈ ലേഖനം പ്രധാനമായും ശ്രമിച്ചത് മിഷനറി റിക്കോർഡുകളുടെ അടിസ്ഥാനത്തിൽ കേട്ടുവായനക്കാരുടെ അദൃശ്യമായ സാക്ഷരതാലോകങ്ങളെ വീണ്ടെടുക്കുവാനാണ്. മലയാളിയുടെ സാഹിത്യസാംസ്കാരിക ജീവിതങ്ങളെ വളരെ വിശേഷമായി സ്വാധീനിച്ച കേൾവിയുടെ സാമൂഹിക-രാഷ്ട്രീയബന്ധങ്ങളും വായനയുടെ ദൈനംദിന ഭൗതികതകളെയും സൂക്ഷ്മമായി വിശകലനം ചെയ്യാൻ അച്ചടിപുരാശേഖരങ്ങളിൽ ഇടമുണ്ട് എന്ന് ലേഖനം വ്യക്തമാക്കുന്നു. വായനയെ ചരിത്രവൽക്കരിക്കുക എന്നത് ഭാവനാപരമായും അനുഭവപരമായും വായനയെക്കുറിച്ചു മാത്രമുള്ള ആലോചനകളല്ലെന്നും, അതിൽ വായന സാധ്യമാക്കിയതും വായനയെ സാധ്യമാക്കിയതുമായ മറ്റനവധി ബന്ധങ്ങൾ നിലനിൽക്കുന്നുവെന്നും എടുത്തുപറയാനുള്ള ശ്രമം കൂടിയാണ് ഈ പഠനം. മിഷനറി പുരാശേഖരങ്ങളിലെ ആഖ്യായികകൾ ചേർത്തും കൂട്ടിയും വായിക്കുന്ന ഈ പ്രബന്ധം സൂചിപ്പിക്കുന്നത് വായനാചരിത്രങ്ങൾ പഠിക്കുന്നതിൽ ആവശ്യമായ സൂക്ഷ്മവും കണിശതയുമുള്ള സാമൂഹികകേൾവിയെ കുറിച്ചാണ്. കണ്ണുകൊണ്ടെന്ന പോലെ കൈകൊണ്ടും കാതുകൊണ്ടും കണ്ടെടുക്കേണ്ട ഉറക്കെവായനക്കാരുടെ പത്തൊൻപതാംനൂറ്റാണ്ടിലെ ലോകങ്ങളെയാണ്. വ്യത്യസ്ത മിഷനറി സമ്പ്രദായങ്ങളും വ്യക്തികളും വസ്തുക്കളും വികാരങ്ങളും ഉൾക്കൊള്ളുന്ന ഈ ചരിത്രത്തെക്കുറിച്ചുള്ള ചില പ്രാഥമികചിന്തകളാണ് എന്റെ ഗവേഷണപ്രബന്ധരചനയെ മുൻനിർത്തി ഈ ലേഖനത്തിൽ അവതരിപ്പിച്ചിട്ടുള്ളത്. അച്ചടിയും കേൾവിയും രൂപപ്പെടുത്തുന്ന പുസ്തകപ്പെരുമാറ്റങ്ങൾ, അച്ചടിരൂപങ്ങൾ, ഗദ്യവും പദ്യവും വേറിട്ട് സാധ്യമാക്കുന്ന കേട്ടുവായനകൾ, വായനക്കാരെ പ്രേക്ഷകരായി മനസ്സിലാക്കുന്നതിന്റെ രീതിശാസ്ത്രം എന്നീ വിഷയങ്ങൾ ഗവേഷണപ്രബന്ധം ദീർഘമായി വിശകലനം ചെയ്യുന്നു. മിഷേൽ ഡി സെർത്യു അഭിപ്രായപ്പെടുന്നത് 'ഉച്ചരിച്ച വാക്കിലെ സത്യം തേടിയെത്തുന്ന കേൾവിക്കാരി

യായ വായനക്കാരിയെ പാർശ്വവൽക്കരിക്കുകയും പിന്നീട് സ്വാംശീകരിക്കുകയും ചെയ്യുന്നത് അക്ഷരപ്രാധാന്യമുള്ള എഴുത്തുലോകങ്ങളാണെ'ന്നാണ് (1984: 137). അച്ചടിയുടെയും വായനയുടെയും ഈ എഴുത്തുലോകങ്ങളെ ശബ്ദവൽക്കരിക്കാനുള്ള ശ്രമം വായനയെ സാഹിത്യസാംസ്കാരിക- ചരിത്രങ്ങളിൽ ഗൗരവത്തോടെ മനസ്സിലാക്കേണ്ടതാണെന്ന ഒരുറക്കെപ്പറയൽ കൂടിയാണ്.

കുറിപ്പുകൾ

1. പത്തൊൻപതാംനൂറ്റാണ്ടിലെ ഫ്രാൻസിൽ ഗ്രാമങ്ങളിലെ മണികളെ കുറിച്ചുള്ള അലൈൻ കോർബൈന്റെ പഠനം (1998); ശബ്ദങ്ങളും, ഇന്ദ്രിയങ്ങളും അടിമത്തവും വംശീയതയും ഉണ്ടാക്കിയതെങ്ങനെയെന്ന മാർക്ക് സ്മിത്തിന്റെ പഠനം (2008), അമേരിക്കയിലെ കേൾവിചരിത്രങ്ങൾ മാർക്ക് സ്മിത്തും റിച്ചാർഡ് ബാത്തും (2003) പഠിക്കുന്നുണ്ട്. പാട്ടുകൾ, പ്രസംഗങ്ങൾ, പ്രബോധനങ്ങൾ എന്നിവയിലൂടെ അടിമചരിത്രങ്ങളുടെ ശബ്ദങ്ങൾ പഠിക്കുന്ന ഷെയിൻ വൈറ്റ്, ഗ്രഹാം വൈറ്റ് (2006) എന്നിവർ, അമേരിക്കയിലെ വാസ്തുവിദ്യാ ശബ്ദശാസ്ത്രങ്ങളും കേൾവിസാംസ്കാരികതകളും ചർച്ച ചെയ്യുന്ന എമിലി തോംസന്റെ പഠനം (2002), അപർണ ബാലചന്ദ്രന്റെ മദ്രാസ് പ്രെസിഡൻസിയിലെ പ്രൊട്ടസ്റ്റന്റ് മിഷനറി ശബ്ദങ്ങളെ കുറിച്ചുള്ള പഠനം (2024) എന്നിവയാണ് കേൾവിക്കാരായ ചരിത്രകാരെ കുറിച്ച് ചിന്തിക്കാനുള്ള ചില സൂചനകൾ നൽകുന്നത്.

2. Reading as an activity 'too close for critical distance, and perhaps for comfort' (Price 2004: 303-4) എന്ന വാദം ഇവിടെ പ്രസക്തമാണ്.

3. പുരാശേഖരങ്ങളെ വായിക്കുവാനുള്ള ചില വ്യത്യസ്ത വഴികൾ നൽകുന്നവയാണ് നറ്റാലി ഡേവിസിന്റെ പതിനാറാംനൂറ്റാണ്ടിലെ ഫ്രാൻസിലെ പാർഡൻ കഥകളെ കുറിച്ചുള്ള പഠനം (1987), അതുപോലെ ഷാഹിദ് അമീന്റെ ചൗരി ചൗരാ സംഭവത്തിന്റെ ആർക്കൈവൽ വായന (1995), അഞ്ജലി അരുണ്ഡേക്കറിന്റെ കൊളോണിയൽ ആർക്കൈവിലെ ലൈംഗികതയെ കുറിച്ചുള്ള പഠനവും (2009), ആൻ ലോറ സ്റ്റോളറിന്റെ ഡച്ച് ഇൻഡീസിലെ ലൈംഗികതയെ കുറിച്ചുള്ള പഠനവും (2010).

4. തമിഴിൽ സ്റ്റാർട്ട് ബ്ളാക്ക്ബേൺ (2003), ബംഗാളിയിൽ അനിന്ദിത ഘോഷിന്റെ (2006)യും അതുപോലെ വടക്കെ ഇന്ത്യയിൽ ഫ്രാഞ്ചെസ്ക ഓർസിനി (2009), ഫരീന മിർ (2010) എന്നിവരുടെ പഠനങ്ങൾ ശ്രദ്ധേയമാണ്.

5. പുസ്തകപ്പെരുമാറ്റങ്ങൾ വായനയെ മാത്രം കേന്ദ്രീകരിച്ചുള്ള ആലോചനയല്ല. പുസ്തകങ്ങളെ മനുഷ്യർ പെരുമാറുന്ന പലതരം സന്ദർഭങ്ങളെ, പുസ്തകങ്ങൾക്ക് അതിലൂടെ കൈവരുന്ന മാറ്റങ്ങളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് കൂട്ടിവായിക്കാൻ വേണ്ടിയാണ് ഇത്തരമൊരു ഉപയോഗം. ലിയ പ്രൈസ് സൂചിപ്പിക്കുന്നത് പോലെ വായന, പുസ്തകങ്ങളെ കൈകാര്യം ചെയ്യുന്നത്, അവയുടെ പ്രചരണം, വിതരണം എന്നിവയുടെ ശ്രേണീബന്ധങ്ങളെയാണ് പുസ്തകപ്പെരുമാറ്റങ്ങൾ ഉൾക്കൊള്ളുന്നത് (2012: 5-6).

6. തമിഴിൽ ഭവാനി രാമന്റെയും (2012), മറാഠിയിൽ പ്രാചി ദേശ്പാണ്ഡെയുടെയും (2023) എഴുത്തുചരിത്രങ്ങളെ കുറിച്ചുള്ള പഠനങ്ങൾ ശ്രദ്ധേയമാണ്.

7. വായനക്കാരെയും പ്രബോധകരെയും ഉപദേശിമാർ എന്നും മലയാളത്തിൽ സൂചിപ്പിച്ചിരുന്നു.

പ്രബന്ധത്തിന്റെ ആദ്യഡ്രാഫ്റ്റ് വായിക്കുകയും, നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത നവനീത് എച്ച്, വിനിൽ പോൾ എന്നിവർക്ക് നന്ദി രേഖപ്പെടുത്തുന്നു.

അവലംബിതസൂചിക

- അമേലിയ ബേക്കർ, ഊമ്മൻ മാമൻ, ജോർജ് മാത്തൻ, ജോസഫ് പീറ്റ് എന്നീ മിഷനറിമാരുടെ ദിനസരിക്കുറിപ്പുകൾ, സൂക്ഷിച്ചിരിക്കുന്നത് കാഡ്ബറി സ്പെഷ്യൽ കളക്ഷൻ, ബിർമിങ്ഹാം യൂണിവേഴ്സിറ്റി.
- ആർച്ച ഡീക്കൻ, കോശി, (1882), *പുല്ലേലിക്കുഞ്ഞു*, തിരുവനന്തപുരം, ചിന്താ പബ്ലിഷേഴ്സ്, 2012.
- കൊച്ചുതൊമ്മൻ, അപ്പോത്തിക്കരി (1892), *പരിഷ്ക്കാരപ്പാതി*, തിരുവനന്തപുരം, ചിന്താ പബ്ലിഷേഴ്സ്, 2012.
- ഗോവി, കെ.എം., *ആദിമുദ്രണം: ഭാരതത്തിലും മലയാളത്തിലും*, തൃശ്ശൂർ, കേരള സാഹിത്യ അക്കാദമി, 1998.
- പോത്തേരി, കുഞ്ഞമ്പു, (1892), *സരസ്വതീവിജയം*, പുനഃപ്രസിദ്ധീകരണം ജോർജ് ഇരുമ്പയം (എഡി.) നാലു നോവലുകൾ, തൃശ്ശൂർ, കേരളം സാഹിത്യ അക്കാദമി, 1985.
- പോൾ, മണലിൽ, (എഡി.) *യാക്കോബ് രാമവർമന്റെ ആത്മകഥ*, തൃശ്ശൂർ, കേരളം സാഹിത്യ അക്കാദമി, 2008.
- ഭട്ടതിരിപ്പാട്, വി. ടി.,. *കണ്ണീരും കിനാവും*, കോട്ടയം, ഡിസി ബുക്ക്സ്, 1970.
- ഭാസ്കരനുണ്ണി, പി, *പത്തൊൻപതാംനൂറ്റാണ്ടിലെ കേരളം*, തൃശ്ശൂർ, കേരള സാഹിത്യ അക്കാദമി, 1988.
- വിനിൽ, പോൾ, "മിഷനറി ലഘുരേഖകളുടെ സാംസ്കാരിക ഇടപെടൽ." *വാക്കിലെ ലോകങ്ങൾ: അച്ചടി മലയാളത്തിന്റെ ഇരുനൂറു വർഷങ്ങൾ*, കോട്ടയം, എസ് പി സി എസ്, 2021, പു. 493- 502.
- Anonymous, "Vedapusthakam Daiva Vachanamakunnuvo?" (Is the Bible the Word of God?). *Jnananikshepam* No.17, 1874, pp. 1-4.
- Amsler, Mark, Affective Literacy: Gestures of Reading in the Later Middle Ages, *Essays in Medieval Studies* 18, 2001, pp. 83–110.
- Arunima, G, "Imagining Communities Differently: Print, Language and the 'Public Sphere' in Colonial Kerala, " *The Indian Economic and Social History Review* 43 (1), 2006, pp. 63-76.

- Barber, Karin, "Audiences and the book in Africa, " *Current Writing: Text and Reception in Southern Africa*, 13:2, 2001, pp. 9-19.
- ———————, *The Anthropology of Texts, Persons and Publics: Oral and Written Culture in Africa and Beyond*, Cambridge, Cambridge UP, 2007.
- Bayly, Christopher, *Empire and Information: Intelligence Gathering and Social Communication in India*, 1780-1870, Cambridge, CUP, 1996.
- Certeau, Michel de, *The Practice of Everyday Life*, Trans. Steven F. Rendall, Berkeley, U of California P, 1984.
- Chartier, Roger, Culture as Appropriation: Popular Cultural Uses in Early Modern France. *Understanding Popular Culture: Europe from the Middle Ages to the Nineteenth Century*, Ed. Steven L. Kaplan, Berlin, Mouton, 1984, pp. 229–54.
- Church Missionary Gleaner 1841.
- Gough, Kathleen, "Literacy in Kerala", in *Literacy in Traditional Societies* ed. Jack Goody, Cambridge University Press, 1975, pp. 132-160.
- Green, Nile, "The Uses of Books in a Late Mughal Takiyya: Persianate Knowledge Between Person and Paper." *Modern Asian Studies*, vol. 44, no. 2, 2010, pp. 241–65.
- Jeffrey, Robin, "Testing Concepts about Print, Newspapers, and Politics: Kerala, India, 1800-2009." *The Journal of Asian Studies*, vol. 68, no. 2, 2009, pp. 465–89.
- *Madras Tract Reports* for the years 1868, 1870, 1871.
- Mateer, Samuel, *Native Life in Travancore*, London, W H Allen and Co, 1883.
- McKitterick, Rosamund, Ed. *The Uses of Literacy in Early Mediaeval Europe*, Cambridge, Cambridge UP, 1992.
- Mohan, Sanal, *Modernity of Slavery: Struggles Against Caste Inequality in Colonial Kerala*, New Delhi: OUP, 2015.
- ———————, Creation of social space through prayers among Dalits in Kerala, India, *Journal of Religious and Political Practice*, 2:1, 2016, pp. 40-57.
- Murdoch, John, *The Indian Missionary Manual: Or, Hints to Young Missionaries in India*, 2nd ed. revised, London, J. Nisbet & Co, 1870.
- ———. *Review of Colportage in India During 1873; With Suggestions for its Improvement*, Madras, Foster and Co., 1874.
- Nancy, Jean-Luc, *Listening*, Trans. Charlotte Mandell, Fordham University Press, 2007.

- Nilayamgode, Devaki, *Antharjanam: Memoirs of a Namboodiri Woman*, OUP India, 2012.
- Ong, Walter J, *Orality and Literacy: The Technologizing of the Word*, London, Methuen, 1982.
- Paul, Vinil, "In His Radiance I Would be Cleared of My Black Colour:" *Life and Songs of Dalit Christians in Colonial Kerala, Nidān*, Volume 4, No. 1, July 2019, pp. 141-158.
- Price, Leah, "Reading: The State of the Discipline." *Book History* 7: 2004, pp. 303-320.
- —---------, *How to Do Things with Books in Victorian Britain*, Princeton, Princeton UP, 2012.
- *Proceedings of the South India Missionary Conference*, Madras, SPCK, 1858.
- *Reports of the Basel Evangelical Mission in South Western India*, Mangalore, Basel Mission Press, 1851.
- Shaw, G. W, A Slow, Not Swift, Battle of the Books: Christian Literature in Nineteenth-Century India, *Mémoires du livre / Studies in Book Culture*, 6 (2), 2015, pp. 1-28.
- Stark, Ulrike, *An Empire of Books: The Naval Kishore Press and the Diffusion of the Printed Word in Colonial India*, Ranikhet, Permanent Black, 2008.
- —----------, "Making Tracts Attractive: missionary print and the Small Book in nineteenth-century Rural India, " *Contextual Alternate*, vol. 1, 2021, pp. 10-45.
- The Church Missionary Intelligencer and Record, 1902.
- *The Missionary Conference: South India and Ceylon*, Volume 2 (Madras: Addison& co, 1879).
- Venkatachalapathy, A.R, *The Province of the Book: Scholars, Scribes and Scribblers in Colonial Tamilnadu*, Raniket, Permanent Black, 2012.
- *Vidyasamgraham*, Cottayam College Quarterly Magazine, July 1864-April 1866, Kottayam, CMS Press.

മലയാളഗവേഷണം • ISSN-2320-8880 • ലക്കം-12 • പുസ്തകം-3

വായന, ഭാവുകത്വം, റീഡിങ് പബ്ലിക്[1]: 'വായന'യെക്കുറിച്ചുള്ള ആലോചനകൾ ആദ്യകാല നിരൂപണങ്ങളിലും ഉപന്യാസങ്ങളിലും

ഫാത്തിമത്ത് റസ്ല സി.
ഗവേഷക, മലയാള-കേരളപഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

പ്രബന്ധസംഗ്രഹം:

പത്തൊമ്പതാംനൂറ്റാണ്ടിൽ അച്ചടി വ്യാപകമാവുകയും അതുവഴി പുസ്തകങ്ങളും പത്രമാസികകളും ജനകീയമാവുകയും ചെയ്ത സന്ദർഭത്തിലാണ് വായനയെക്കുറിച്ചും വായനക്കാർ ഉണ്ടാകേണ്ടതിനെക്കുറിച്ചുമുള്ള ആലോചനകൾ കേരളീയസന്ദർഭത്തിൽ രൂപപ്പെടുന്നത്. കേരളീയ പൊതുമണ്ഡലവും മലയാളി എന്ന സ്വത്വവും ഉരുത്തിരിയുന്ന ഘട്ടംകൂടിയാണിത്. വായനക്കാരെ നിർമ്മിച്ചെടുക്കാനുള്ള ബോധപൂർവ്വമായ ഇടപെടലുകൾ അക്കാലത്ത് നടന്നിരുന്നു എന്നുവേണം മനസ്സിലാക്കാൻ. പത്തൊൻപത്-ഇരുപത് നൂറ്റാണ്ടുകളിലെ നിരൂപണങ്ങൾ, ഉപന്യാസങ്ങൾ എന്നിവ പരിശോധിച്ച് വായനയെ സംബന്ധിച്ച ആലോചനകൾ കണ്ടെത്തുകയും അവയെ വിശകലനാത്മകമായി വിലയിരുത്തുന്നതിലൂടെ കേരളീയസമൂഹത്തിന്റെ വായനയുടെ വികാസം ആസൂത്രിതമായ ഇടപെടലുകളുടെക്കൂടി ഫലമായിരുന്നു എന്ന് വാദിക്കുകയുമാണ് ഈ പ്രബന്ധത്തിലൂടെ. പത്രമാസികകളുടെയും പുസ്തകങ്ങളുടെയും പ്രചാരം

ഇങ്ങനെ രൂപപ്പെട്ട താൽപര്യങ്ങളെയും തിരിച്ചും സ്വാധീനിച്ചിട്ടുണ്ടാകാമെന്നും വിപണിതാൽപര്യങ്ങൾ ഇവിടെ പ്രധാനമാണെന്നും ഈ പ്രബന്ധം വാദിക്കുന്നു.

താക്കോൽ വാക്കുകൾ:

വായന, റീഡിങ് പബ്ലിക്, അച്ചടി, പൊതുമണ്ഡലം, നിരൂപണം, ഭാവുകത്വം.

ആമുഖം

അച്ചടിച്ച പുസ്തകങ്ങളും പത്രമാസികകളും സാധ്യമാക്കിയ വായനയ്ക്ക് അതിനു മുൻപ് നിലനിന്നിരുന്ന വായനയിൽനിന്നും പ്രകടമായ വ്യത്യാസങ്ങളുണ്ടായിരുന്നു. താളിയോലകളിലെ ക്ലാസിക് കൃതികളുടെ പാരായണം, വായിച്ചുകേൾക്കൽ, പാഠ്യക്രമത്തിലെ ഗ്രന്ഥങ്ങളുടെ വായന തുടങ്ങിയ പാരമ്പര്യരീതികളിൽനിന്ന് വ്യത്യസ്തമാണ് അച്ചടിച്ചവയുടെ വായന. മതാത്മകപരിവേഷമാണ് വായനയ്ക്ക് ആധുനികപൂർവ്വഘട്ടത്തിലുണ്ടായിരുന്നത്. ആധുനികവായന ഒരേസമയം സ്വകാര്യവും വ്യക്തിഗതവുമാവുകയും വിശാലമായ വായനാസമൂഹത്തിലേക്ക് കണ്ണിചേർക്കപ്പെടുകയും ചെയ്യുന്ന അനുഭവമാണ് വായനക്കാർക്കു നൽകിയത്.

പത്തൊമ്പതാംനൂറ്റാണ്ടിലെ കേരളീയ സാഹചര്യത്തിൽ പുസ്തകവും പത്രവും പുതിയ സാംസ്കാരികോൽപ്പന്നങ്ങളായിരുന്നു. അതുകൊണ്ടുതന്നെ അവയുടെ വായന തികച്ചും പുതിയ ഒരു പ്രക്രിയയായിരുന്നു. ആധുനികീകരണത്തിന്റെ വാഹകരായും അതിന്റെ ഉൽപ്പന്നമായും ദ്വിമുഖമാണ് അച്ചടിക്കും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമുള്ളത്. അച്ചടിച്ച പുസ്തകങ്ങളുടെയും പത്രങ്ങളുടെയും ആനുകാലികങ്ങളുടെയും വായനയും അതിലൂടെ അവയുടെ വ്യാപനവും ലക്ഷ്യമാക്കിക്കൊണ്ട് പത്തൊമ്പതാംനൂറ്റാണ്ടിലും ഇരുപതാംനൂറ്റാണ്ടിലും നടത്തിയിട്ടുള്ള ശ്രമങ്ങളെ വിശകലനം ചെയ്യാനാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിക്കുന്നത്. ജോർജ് മാത്തന്റെ പുസ്തകനിരൂപണങ്ങൾ, സി.പി. അച്യുതമേനോന്റെ നിരൂപണങ്ങളും ഉപന്യാസങ്ങളും, എ.ആർ. രാജരാജവർമ്മയുടെ നിരൂപണങ്ങൾ എന്നിവ പരിശോധിക്കുന്നു. അവയെ മുൻനിർത്തി ഇത്തരം ആലോചനകളുടെ സ്വഭാവം എന്ത്, അവയ്ക്ക് പരിണാമം സംഭവിക്കുന്നുണ്ടോ, വായന വർധിപ്പിക്കുന്നതിന് പ്രായോഗികമാർഗ്ഗങ്ങൾ അക്കാലത്ത് അവലംബിച്ചിട്ടുണ്ടോ തുടങ്ങിയവ അന്വേഷിക്കുന്നു.

എ.ആർ. രാജരാജവർമ്മ അവതരിപ്പിക്കുന്ന 'റീഡിങ് പബ്ലിക്' (പൊതുവായനക്കാർ) എന്ന ആശയം ഈ പ്രബന്ധത്തിലെ മുഖ്യ സങ്കല്പനങ്ങളിലൊന്നാണ്. ആദ്യമായി റീഡിങ് പബ്ലിക് എന്ന പദം ഉപയോഗിക്കുന്നത് 1816-ൽ സാമുവൽ ടെയ്‌ലർ കോൾറിഡ്ജാണ്. പത്തൊമ്പതാംനൂറ്റാണ്ടിന്റെ തുടക്കകാലത്ത് എഴുത്തുകാരുടെയും അവരുടെ രചനകളുടെയും വിധികർത്താക്കളായിത്തീർന്ന വലിയ കൂട്ടം വായനക്കാരെയാണ് 'റീഡിങ് പബ്ലിക്' എന്ന് കോൾറിഡ്ജ് വിളിക്കുന്നത്. സാക്ഷരതാനിരക്കിലുള്ള വർദ്ധനവ്, സാഹിത്യസംസ്കാരത്തിൽ ഉണ്ടായ മാറ്റവും കമ്പോള ഇടപെടലുകളും ഇത്തരം ഒരു റീഡിങ് പബ്ലിക്കിനെ സൃഷ്ടിക്കുന്നതിൽ നിർണായകമാകുന്നുണ്ട് എന്നും കോൾറിഡ്ജ് നിരീക്ഷിക്കുന്നുണ്ട് (Oxford Reference, reading public).

പത്തൊമ്പതാംനൂറ്റാണ്ടിൽ തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിൽ മിഷണറിമാരുടെ നേതൃത്വത്തിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുന്നുണ്ട്. വിദ്യാലയങ്ങളിലേക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ ശാസ്ത്രീയമായി തയ്യാറാക്കി അച്ചുകൂടങ്ങളിൽ അച്ചടിച്ചു. 1817 ജൂൺ 17-ലെ നീട്ടിലൂടെ റാണി ഗൌരീപാർവതിബായി സർക്കാർചെലവിൽ വാധ്യാന്മാരെ നിയമിക്കാൻ ഉത്തരവിട്ട് തിരുവിതാംകൂർ സർക്കാർ വിദ്യാഭ്യാസം ഗവൺമെന്റിന്റെ ഔദ്യോഗിക കാര്യമായി ഏറ്റെടുക്കുകയാണുണ്ടായത്. കൂടാതെ പ്രാദേശിക ഭാഷാസ്കൂളുകൾക്കും മിഷണറി സ്കൂളുകൾക്കും സാമ്പത്തികസഹായവും തിരുവതാംകൂർ സർക്കാർ നൽകുന്നുണ്ട്. സർക്കാർ സ്കൂളുകളിൽ അവർണ്ണവിദ്യാർത്ഥികൾക്ക് പത്തൊമ്പതാംനൂറ്റാണ്ടിൽ പ്രവേശനമുണ്ടായിരുന്നില്ല. ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിലാണ് അവർണ്ണവിദ്യാർത്ഥികൾക്ക് സർക്കാർസ്കൂളുകളിൽ പ്രവേശനം നൽകുന്നത്. എന്നാൽ മിഷണറിസ്കൂളുകളിലും പ്രാദേശിക ഭാഷാസ്കൂളുകളിലും (ഈഴവരും മറ്റും നടത്തിയിരുന്ന സ്വകാര്യ പള്ളിക്കൂടങ്ങൾ) സവർണരല്ലാത്ത മറ്റു വിഭാഗങ്ങളിൽപ്പെട്ടവർക്കും പ്രവേശനം ഉണ്ടായിരുന്നു. ഏതാണ്ട് തിരുവിതാംകൂറിലെ എല്ലാ ഗ്രാമങ്ങളിലും സ്വകാര്യ അധ്യാപകർ നടത്തിയിരുന്ന പ്രാദേശിക ഭാഷാസ്കൂളുകൾ ഉണ്ടായിരുന്നു എന്ന് സാമുവൽ മെറ്റീർ രേഖപ്പെടുത്തുന്നുണ്ട് (1871:154). സിഎംഎസ് മിഷണറി പ്രവർത്തകരാണ് കൊച്ചിയിൽ പത്തൊമ്പതാംനൂറ്റാണ്ടിൽ ഇംഗ്ലീഷ് സ്കൂളുകൾ സ്ഥാപിക്കുന്നത്. ഗവൺമെന്റിന്റെയും സ്വകാര്യ ഏജൻസികളുടെയും ശ്രമഫലമായി ഈ നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിലും ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭദശകങ്ങളിലും

കൊച്ചിയിൽ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുകയാണുണ്ടായത്. ബാസൽമിഷൻ പ്രവർത്തകർ പത്തൊമ്പതാംനൂറ്റാണ്ടിൽ മലബാറിൽ സ്കൂളുകൾ സ്ഥാപിച്ചു. മദ്രാസ് പ്രവിശ്യയിലെ ജില്ലയായിരുന്ന മലബാറിൽ ഇരുപതാംനൂറ്റാണ്ടിൽ മാത്രമാണ് പ്രാഥമിക വിദ്യാഭ്യാസകാര്യത്തിൽ ഗവൺമെന്റ് കാര്യമായി ഇടപെടുന്നത്.

പത്രമാസികകൾക്കും പുസ്തകങ്ങൾക്കും ഇവിടെ പ്രചാരം കിട്ടിത്തുടങ്ങുന്നത് ആധുനികവിദ്യാഭ്യാസത്തിന്റെ വ്യാപനത്തോടെയാണ്. വിദ്യാർഥികളുടെയും അതുവഴി സമൂഹത്തിന്റെയും ചിന്താരീതിയിൽ മാറ്റം വരുത്തുകയും നല്ല പൊതുസേവകരായി രാജ്യത്തിന്റെ പുരോഗതിക്കും സദ്പേരിനുമായി പ്രവർത്തിക്കുകയും ചെയ്യുന്നവരാക്കി മാറ്റാനുള്ള ശ്രമം കൂടിയാണ് വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യം വെക്കുന്നതെന്ന് റാണി ഗൌരീപാർവതിബായിയുടെ നീട്ടിൽ പരാമർശിക്കുന്നുണ്ട്. ഈ കാഴ്ചപ്പാടാണ് ഇവിടുത്തെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ പുറകിലുള്ളത് എന്നത് പ്രധാനമാണ്. ഇത്തരത്തിൽ പത്തൊമ്പതാംനൂറ്റാണ്ടിലും ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യ പതിറ്റാണ്ടുകളിലും പൊതുവിദ്യാഭ്യാസം ഭരണകൂടങ്ങളുടെ ചുമതലയിലും സാമ്പത്തികസഹായത്തിലും പൊതുവെ മെച്ചപ്പെട്ട സ്ഥിതിയിലാണ് കേരളത്തിന്റെ സാഹചര്യത്തിൽ.

പട്ടിക I

		1901	1941
തിരുവിതാംകൂർ	ജനസംഖ്യ	29, 52, 157	60, 70, 018
	സാക്ഷരതാനിരക്ക്	12.35	47.20
കൊച്ചി	ജനസംഖ്യ	8, 12, 025	14, 22, 875
	സാക്ഷരതാനിരക്ക്	13.3	41
മലബാർ	ജനസംഖ്യ	27, 95, 738	39, 29, 475
	സാക്ഷരതാനിരക്ക്	10.1	25

അവലംബം: വിജയൻ, എം.എൻ., *നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം* 1901-2000, വാല്യം ഒന്ന്, 2000: പു.193.

പൊതുവിദ്യാഭ്യാസത്തിന്റെ വ്യാപനം കേരളത്തിൽ വായനയെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുന്നതിലേക്കും വായന വ്യാപിപ്പിക്കുന്നതിലേക്കും നയിക്കുമെന്ന് അനുമാനിക്കുകയാണെങ്കിൽ പട്ടിക I-ലെ സാക്ഷരതാനിരക്കിലുള്ള ഉയർച്ച അതിനെ സാധൂകരിക്കുന്നുണ്ട്. 1926-1932 കാലഘട്ടത്തിൽ കൊച്ചിസർക്കാരിന്റെ നേതൃത്വത്തിൽ ഗ്രാമീണ ഗ്രന്ഥശാലകൾ ആരംഭിച്ചുകൊണ്ട് വയോജനവിദ്യാഭ്യാ

സത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട് (ഉണ്ണികൃഷ്ണൻ, 2013:44). ഇത്തരത്തിലുള്ള വൈവിധ്യമാർന്ന സാക്ഷരതാപ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ വേണം പത്രമാസികകളുടെയും പുസ്തകങ്ങളുടെയും പ്രചാരത്തെയും അവയുടെ വായനയെയും കുറിച്ച് ആലോചിക്കാൻ.

വായനയും ആധുനികബോധ്യങ്ങളും

ജോർജ് മാത്തന്റെ 'സന്മാർഗ്ഗോപദേശം' എന്ന മലയാളത്തിലെ ആദ്യ ഗ്രന്ഥനിരൂപണത്തിൽത്തന്നെ വായനയെ സംബന്ധിക്കുന്ന ആലോചനകൾ മുന്നോട്ടുവെക്കുന്നുണ്ട്. 1864 ജൂലൈ വാല്യത്തിലെ *വിദ്യാസംഗ്രഹത്തിൽ* ടി.ലക്ഷ്മണരായർ മഹാരാഷ്ട്രത്തിൽ നിന്നും പരിഭാഷപ്പെടുത്തിയ *സന്മാർഗ്ഗോപദേശം* എന്ന കൃതിയെ പരിചയപ്പെടുത്തുന്ന ഈ ലേഖനത്തിൽ ഇത്തരം വൈജ്ഞാനികഗ്രന്ഥങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും അവയുടെ വായനയിലൂടെ കൈവരുന്ന ഗുണങ്ങളെപ്പറ്റിയും വിവരിക്കുന്നുണ്ട്. അച്ചടിച്ച പുസ്തകം എന്ന പുതിയ ഉൽപ്പന്നത്തെ പരിചയപ്പെടുത്താനുള്ള ശ്രമം കൂടിയാണിത്. ഈ പുതിയ സാംസ്കാരികോൽപ്പന്നം, അവ ചർച്ച ചെയ്യുന്ന വിഷയം എന്നിവ അതിന്റെ ഗുണഭോക്താക്കളെ സംബന്ധിച്ച് ജീവിതപുരോഗതിയ്ക്കും മാനസികവളർച്ചയ്ക്കും ഏറെ ഉപകാരം ചെയ്യുമെന്നും ഉദാഹരണങ്ങളിലൂടെ ജോർജ് മാത്തൻ സ്ഥാപിക്കുന്നുണ്ട്. "ഠരം (ഈ) മുഖാന്തരത്താലേ മനസ്സിന്റെ പാത്രതകളും അനുഭോഗത്തിന്നുള്ള ഉപകരണങ്ങളും വർദ്ധിക്കുന്നു എന്നുള്ളതു സർവ്വരും സമ്മതിക്കേ പാങ്ങുള്ളൂ" (ജോർജ് മാത്തൻ, 1992:545). കാട്ടിൽ താമസിക്കുന്ന മലമ്പണ്ടാരങ്ങളെയും തുറമുഖനിവാസികളെയും തമ്മിൽ താരതമ്യം ചെയ്തുകൊണ്ട് ആധുനികീകരണത്തിലൂടെ തുറമുഖനിവാസികൾക്കു വന്ന ജീവിതസൗകര്യങ്ങൾ എത്ര മെച്ചമാണെന്ന് തെളിയിക്കുന്നു. വിദ്യാവർദ്ധന കൊണ്ടാണ് സുഖാനുഭോഗങ്ങളിൽ ഈ വ്യത്യാസം കാണുന്നത്. അതേസമയം വിദ്യാഭ്യാസം കൊണ്ടുണ്ടാകുന്ന മാനസികവൈഷമ്യത്തെക്കുറിച്ചുള്ള വാദത്തെ എതിർക്കുകയും ചെയ്യുന്നുണ്ട് ജോർജ് മാത്തൻ.

സന്മാർഗ്ഗോപദേശം എന്ന പുസ്തകത്തിന് നാലുചക്രം മാത്രമാണ് വിലയിട്ടിരിക്കുന്നത്. എളിയവർക്ക് പ്രയാസം കൂടാതെ പുസ്തകം വാങ്ങി വായിക്കാൻ ഇതുപകരിക്കും. സന്മാർഗ്ഗത്തിനുള്ള ഹിതോപദേശങ്ങൾ ആണ് ഈ പുസ്തകത്തിൽ എന്നതുകൊണ്ടുതന്നെയാണ് ഇതിന്റെ വായന പ്രധാനമാകുന്നത് എന്നും ജോർജ് മാത്തൻ

സൂചിപ്പിക്കുന്നുണ്ട്. ഈ പുസ്തകം മനസ്സിലാക്കുന്നതിന് പ്രയാസമില്ല എന്നതും വായനക്കാരെ സംബന്ധിച്ച് ഉപകാരമാണ്. പ്രതിപാദ്യവിഷയത്തെയല്ല, വാചകത്തെ/ഭാഷയെയാണ് വിമർശിക്കുന്നത്. അക്ഷരപ്പിശക്, വാക്യഘടനയിലെ പ്രശ്നം, വ്യാകരണപ്പിശക് പോലുള്ളവ ചൂണ്ടിക്കാട്ടുന്നുണ്ട്. അക്കാലത്തെ ഗദ്യമെഴുത്തിൽ നിലനിന്ന അവ്യവസ്ഥിതത്വം ചൂണ്ടിക്കാണിക്കാനുള്ള ശ്രമം കൂടിയാണിത്. പിൽക്കാലത്ത് ഗദ്യത്തിന് പ്രാമുഖ്യം ലഭിക്കുന്നതോടെ ഗദ്യഭാഷയുടെ ഏകീകരണത്തെ സംബന്ധിച്ച ആലോചനകളും ചർച്ചകളും നടക്കുന്നതിന് എത്രയോ മുമ്പുതന്നെ ജോർജ് മാത്തൻ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്. മലയാളഭാഷ സംസാരിക്കുന്ന മൂന്ന് പ്രദേശങ്ങളിലും അച്ചടിച്ച പുസ്തകങ്ങളും പത്രമാസികകളും പ്രചരിക്കുന്നതോടെ ഗദ്യഭാഷയിൽ നിലനിൽക്കുന്ന അവ്യവസ്ഥിതത്വം ഇവയുടെ പ്രചാരത്തെ ബാധിക്കുമെന്ന ബോധ്യം ജോർജ് മാത്തനുണ്ടായിരുന്നു. പിൽക്കാലയത്നങ്ങളുടെ തുടക്കമെന്നോണം ജോർജ് മാത്തന്റെ ശ്രമത്തെ വായിക്കാവുന്നതാണ്.

സന്മാർഗ്ഗോപദേശം എന്ന കൃതിയെ വിഷയപരമായി പരിചയപ്പെടുത്തുക എന്നതിലുപരി ഭാഷാപരമായ അവ്യവസ്ഥിതത്വം, ഗദ്യഭാഷയുടെ പ്രശ്നങ്ങൾ, ഭാഷാപോഷണശ്രമങ്ങളുടെ കുറവ്, വായനയ്ക്കും വിജ്ഞാനസമ്പാദത്തിനും എതിരെയുള്ള വാദങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യാനാണ് മുഖ്യമായും ശ്രമിക്കുന്നത്. വായനയിലൂടെ ലഭിക്കുന്ന നേട്ടങ്ങളിൽ ഊന്നിക്കൊണ്ടാണ് ലേഖനം ആരംഭിക്കുന്നത്. വായനയെ ഗുണാത്മകമായി അവതരിപ്പിക്കുന്നതോടൊപ്പം ആധുനികജീവിതത്തിലേക്കുള്ള പരിവർത്തനത്തിൽ അത് എത്രത്തോളം പ്രധാനമാണെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നുണ്ട്. മലമ്പണ്ടാരങ്ങളെയും തുറമുഖനിവാസികളെയും താരതമ്യം ചെയ്ത് അവതരിപ്പിക്കുമ്പോൾ ആധുനിക ജീവിതസാഹചര്യത്തെ ഗുണാത്മകമായി പരിചയപ്പെടുത്തുകയാണ് ജോർജ് മാത്തൻ.

'സാധാരണ ചികിത്സാശാല' എന്ന ലേഖനം തിരുവിതാംകൂർ സർക്കാർ ഗസറ്റിലെ ആധുനിക ചികിത്സാ സംവിധാനത്തെക്കുറിച്ചുള്ള അറിയിപ്പിനെ മുൻനിർത്തിയാണ്. ഗസറ്റ് കൂടുതൽ പേരിലേക്കെത്തിക്കാൻ ഇത്തരം പരിചായകങ്ങൾ കൊണ്ട് സാധിക്കും. ഇത്തരം സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ ജനങ്ങളെ അറിയിക്കുന്നത് അവയെ ഗുണാത്മകമായി പരിചയപ്പെടുത്തിയിട്ടാണ്. ഇങ്ങനെ പത്രമാസികകളുടെയും പുസ്തകങ്ങളുടെയും വായന ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കും മാനസികോന്നമനത്തിലേക്കും ജീവിതപുരോഗതിയിലേക്കും

നയിക്കുമെന്നും പുതിയ സംഭവവികാസങ്ങളോട് നിരന്തരം സമ്പർക്കത്തിലേർപ്പെടാമെന്നും ജോർജ് മാത്തന്റെ പുസ്തകപരിചായകങ്ങൾ ഓർമിപ്പിക്കുന്നുണ്ട്. ചുറ്റും നടക്കുന്ന സംഭവവികാസങ്ങളെക്കുറിച്ച് ബോധ്യമുണ്ടായിരിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്നും അതിലൂടെ ഭൗതികസാഹചര്യങ്ങളിൽ മാറ്റം സംഭവിക്കുന്നുണ്ടെന്നും വായനക്കാരെ അറിയിക്കാനുള്ള ശ്രമംകൂടിയാണിത്. പിൽക്കാലത്ത് ശക്തിപ്പെട്ട കേരളീയ പൊതുമണ്ഡലത്തിന്റെ ആദ്യപടിയാണിതെന്ന് കാണാൻ പ്രയാസമില്ല.

രാമരായരുടെ *കൊഴമുതലാണ്മ* എന്ന പുസ്തകത്തെപ്പറ്റിയുള്ള നിരൂപണത്തിലും ഈ പുസ്തകത്തിന്റെ വായനയിലൂടെ ഉണ്ടാകുന്ന നേട്ടങ്ങളിലാണ് ഊന്നുന്നത്. ഭൂമി സംബന്ധമായ വ്യവഹാരങ്ങളിൽ നിലനിൽക്കുന്ന അവ്യക്തതകൾ പരിഹരിക്കാനും കോടതി വ്യവഹാരങ്ങൾ, മറ്റു തർക്കങ്ങൾ എന്നിവ ഒഴിവാക്കാനും ഭൂമി കൈമാറ്റവ്യവസ്ഥയെക്കുറിച്ചുള്ള ഈ ചെറിയ പുസ്തകം ഉപകാരപ്പെടുമെന്നും ജോർജ് മാത്തൻ എഴുതുന്നുണ്ട്. സങ്കീർണമായ ഭൂനിയമങ്ങളെ ലളിതമായി അവതരിപ്പിക്കുന്നതിലൂടെ ഇത്തരം ഇടപാടുകൾ സുഗമമാക്കുമെന്നും പറഞ്ഞുവെക്കുന്നു.

റോബിൻ ജെഫ്രി ദുർലഭമാധ്യമകാലം (1600-1870) (Jeffrey, 2009:469) എന്നു വിളിക്കുന്ന ഘട്ടത്തിലാണ് ജോർജ് മാത്തന്റെ ഈ പുസ്തകനിരൂപണങ്ങൾ *വിദ്യാസംഗ്രഹത്തിൽ* പ്രസിദ്ധീകരിച്ചുവരുന്നത്. വൃത്താന്തപത്രങ്ങൾ ഈ ഘട്ടത്തിൽ ഉണ്ടാകുന്നില്ല. മാസികകളുടെയും ആനുകാലികങ്ങളുടെയും പ്രചാരം വളരെ ചെറിയതോതിൽ മാത്രമേ ഉണ്ടാകൂ. 1870-1970 കാലഘട്ടത്തിലെ വിരള മാധ്യമകാലത്ത് (Jeffrey, 2009:471) പത്രമാസികകളുടെയും ആനുകാലികങ്ങളുടെയും പ്രചാരത്തിൽ കാണുന്ന ക്രമമായ വർധനവ് പുതിയ സൌകര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പരക്കുന്നതിന്റെ കൂടി ഫലമായിരിക്കണം.

വായനക്കാരുടെ ഗുണദോഷവിവേചനം

മലയാളത്തിലെ ആദ്യകാല സാഹിത്യമാസികയായിരുന്ന *വിദ്യാവിനോദിനി*യുടെ പത്രാധിപരായിരുന്ന സി.പി. അച്യുതമേനോന്റെ വായനയെക്കുറിച്ചുള്ള ആലോചനകളിൽ ജോർജ് മാത്തന്റെ ആലോചനകളുടെ പ്രാഥമിക സ്വഭാവമല്ല കാണാനാവുന്നത്. *വിദ്യാവിനോദിനി*യിൽ വായന വർദ്ധിപ്പിക്കുന്നതിനുള്ള പ്രായോഗികമാർഗങ്ങൾ മുന്നോട്ടുവെക്കുകയും അവലംബിക്കുകയും ചെയ്യുന്നുണ്ട്. സാ

ഹിത്യപോഷണം, ഭാഷയുടെ ഏകീകരണം, സുശക്തമായ സാഹിത്യനിരൂപണസംവിധാനം എന്നിവ ലക്ഷ്യമാക്കിക്കൊണ്ടാണ് *വിദ്യാവിനോദിനി* പ്രവർത്തിക്കുന്നത്. കൊ.വ. 1065 തുലാം ഒന്നാം പുസ്തകം ഒന്നാം ലക്കത്തിലെ പ്രസ്താവന, 1067 തുലാം ലക്കത്തിലെ 'ഗ്രന്ഥവിവേചനം', 1069 വൃശ്ചികം ലക്കത്തിലെ 'വായനക്കാർ' തുടങ്ങിയവയിൽ സി.പി. അച്യുതമേനോന്റെ ആലോചനകൾ കാണാം. മലയാളത്തിലെ പുസ്തകങ്ങളുടെയും പത്രമാസികകളുടെയും പ്രചാരം വർധിച്ച ഘട്ടത്തിൽ വായനക്കാരെ വിവേചനബുദ്ധിയോടെ വായനാവിഭവങ്ങൾ തിരഞ്ഞെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നതാണ് ഈ എഴുത്തുകൾ.

> എല്ലാ സാധനങ്ങളിലും ഉള്ള പ്രകാരം തന്നെ പുസ്തകങ്ങളിലും നല്ലതും ചീത്തയും ഉണ്ടെന്ന് അറിയേണ്ടതാണ്. നല്ല പുസ്തകങ്ങൾ വായിക്കുന്നതിനാൽ ഗുണവും ചീത്തപുസ്തകങ്ങൾ വായിക്കുന്നതിനാൽ ദോഷവും ഉണ്ടാകാതിരിക്കയില്ല. (അച്യുതമേനോൻ, 1988:25)

വായന മനുഷ്യരുടെ വ്യക്തിത്വത്തെയും സ്വഭാവത്തെയും സ്വാധീനിക്കുന്ന ഒന്നാണെന്നും നല്ല വായനക്കാരെ സൃഷ്ടിക്കുന്നത് നല്ല പുസ്തകങ്ങളാണെന്നും, തിരിച്ച് നല്ല പുസ്തകങ്ങൾ ആവശ്യപ്പെടുന്നതിൽ വായനക്കാരുടെ ഗുണദോഷവിവേചനം പ്രധാനമാണെന്നും സി.പി. അച്യുതമേനോൻ പറഞ്ഞുവെക്കുന്നുണ്ട്. മലയാളപുസ്തകങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ നിഷ്പക്ഷമായി അവയെ നിരൂപണംചെയ്ത് നല്ല പുസ്തകങ്ങൾ വായനക്കാരിലേക്ക് എത്തിക്കേണ്ടതുണ്ട്. 'ഗ്രന്ഥവിവേചനം' എന്ന ലേഖനം എഴുതപ്പെടുന്ന കാലത്ത് മലയാളത്തിൽ നോവൽ, ചെറുകഥ, ഉപന്യാസം പോലുള്ള നൂതന സാഹിത്യരൂപങ്ങൾ പ്രത്യക്ഷപ്പെട്ടിരുന്നു. കൂടാതെ, വൃത്താന്തപത്രങ്ങളും മാസികകളും പ്രചാരത്തിലുണ്ട്. വായനാവിഭവങ്ങൾ പെരുകുന്തോറും അതിനെ വിലയിരുത്താനും നിയന്ത്രിക്കാനും വായനക്കാരുടെ അഭിരുചികളെ സ്വാധീനിക്കാനുമാണ് ഇതിലൂടെ ശ്രമിക്കുന്നത്.

കോൾറിഡ്ജ് വായനക്കാരെ നാലുതരമായി തിരിച്ചിട്ടുള്ളതിനെക്കുറിച്ചാണ് 'വായനക്കാർ' എന്ന ലേഖനം. സാരമായിട്ടുള്ളത് ഗ്രഹിക്കുന്ന നാലാംതരക്കാരാണ് വായനക്കാരിൽ ഏറ്റവും യോഗ്യരായിട്ടുള്ളത്. വിവേചനബുദ്ധിയോടെയുള്ള വായനയിലൂടെ അറിവും ചിന്താശേഷിയും വർധിക്കും. "വളരെ വായിച്ചു എന്ന് വരുത്തുന്നതിനേക്കാൾ അല്പമാത്രം വായിച്ച് മനസ്സിലാക്കുന്നതാണ് ഉത്തമം" (1988:46) എന്ന് വ്യക്തമാക്കുന്നുണ്ട് സി.പി.അച്യുതമേനോൻ.

വായനയെ സാധാരണനിലയിൽനിന്നുയർത്തി ഗൌരവമായി സമീപിക്കുന്നുണ്ടിവിടെ. വായനക്കാരുടെ എണ്ണം വർധിക്കുകയും വായനയ്ക്ക് പ്രാധാന്യം കൈവരികയും ചെയ്ത ഒരു ഘട്ടത്തെയാണ് ഇത്തരം എഴുത്തുകൾ പ്രതിനിധീകരിക്കുന്നത്. വായനക്കാരെ ചിന്തിക്കാനും സക്രിയമായ ഇടപെടലുകൾ നടത്താനും പ്രേരിപ്പിക്കുന്നതിലൂടെ വായനക്കാർക്ക് പൂർണ്ണനിഷക്രിയത്വം കൽപ്പിക്കുന്നില്ല എന്നത് പ്രധാനമാണ്. ഏ.ആർ. രാജരാജവർമ അവതരിപ്പിക്കുന്ന റീഡിങ് പബ്ലിക് എന്ന ആശയത്തിന്റെ സത്ത സി.പി. അച്യുതമേനോന്റെ വാദങ്ങളിൽ പരോക്ഷമായുണ്ട്.

വായനക്കാരുടെ കർതൃത്വം

ഏ.ആർ. രാജരാജവർമയുടെ 'ഒരു നിരൂപണം' (*രസികരഞ്ജിനി* ലക്കം 4, വൃശ്ചികം1081), 'നിരൂപണത്തിന്റെ മാതൃക' (*ദക്ഷിണദീപം* ലക്കം 10, 11, മിഥുനം 1087) എന്നീ എഴുത്തുകളിലാണ് വായനയെക്കുറിച്ചുള്ള ആലോചനകൾ കാണാനാവുന്നത്. 1912-ലാണ് 'നിരൂപണത്തിന്റെ മാതൃക' എന്ന ലേഖനം പ്രസിദ്ധീകരിക്കുന്നത്. വർത്തമാനപത്രങ്ങളുടെയും വായനശാലകളുടെയും സാംസ്കാരികസഭകളുടെയും വർധനവും വിദ്യാഭ്യാസം സാർവത്രികമായതും സാഹിത്യപുരോഗതിയുമായി ഏ.ആർ. ബന്ധിപ്പിക്കുന്നു. സത്കൃതികളുടെ പ്രചാരത്തിലും നിർമ്മിതിയിലും ഗുണദോഷവിവേചനം/ സാഹിത്യനിരൂപണത്തിനുള്ള പങ്കിനെക്കുറിച്ചാണ് ഈ ലേഖനം. വായനയും വായനാവിഭവങ്ങളും വിപുലമാകുന്നതോടെ ഗുണദോഷനിരൂപകർ പുലർത്തേണ്ട ശ്രദ്ധയും തീവ്രമായ ദോഷദർശനത്തിലൂടെ സത്കൃതികളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നതും അത് വായനാഭാവുകത്വത്തെ ബാധിക്കുന്നതും ചർച്ചചെയ്യുന്നു. ഭാഷയുടെ ഉന്നമനവും വായനയുടെ ഭാവുകത്വവും പരസ്പരപൂരമാകുന്നുണ്ടിവിടെ.

ഒ.എം.ചെറിയാന്റെ *ഭ്രവിവരണസിദ്ധാന്തസംഗ്രഹം* എന്ന ഗ്രന്ഥത്തിന്റെ നിരൂപണമാണ് 'ഒരു നിരൂപണം'. ഭാഷയിൽ വൈജ്ഞാനികഗ്രന്ഥങ്ങൾക്ക് സാഹിത്യരചനകളുടെ അത്ര തന്നെ പ്രചാരം ലഭിക്കാത്ത ഘട്ടത്തിൽ എഴുതപ്പെട്ടതാണിത്. പൊതുസമൂഹത്തിന് പുതിയ പുസ്തകങ്ങളും മാസികകളിലും മറ്റുമുള്ള അവയുടെ നിരൂപണങ്ങളും പരിചിതമാണെങ്കിലും ശാസ്ത്ര-വൈജ്ഞാനികപുസ്തകങ്ങൾക്ക് അത്ര പ്രചാരമില്ല. പല പുസ്തകങ്ങളുടെയും ഗുണനിലവാരമില്ലായ്മയ്ക്ക കാരണം ഗൌരവമായ വായനക്കാർ ഇല്ലാത്തതാണെന്നും ഏ.ആർ.രാജരാജവർമ്മയ്ക്ക് അഭിപ്രായമുണ്ട്.

> ചുരുക്കത്തിൽ, ഇംഗ്ലീഷിൽ 'റീഡിങ് പബ്ലിക്' (Reading public) എന്നുപറയുന്ന മട്ടിൽ ഉള്ള ഒരുകൂട്ടം 'പൊതുവായനക്കാർ' എന്നുള്ളത്, മലയാളികളുടെ ഇടയിൽ ഇതേവരെ ഉണ്ടായിട്ടില്ല എന്നുള്ള സംഗതിയാണ് ഇതിനു മുഖ്യകാരണം (രാജരാജവർമ്മ, 1987:93).

പുസ്തകങ്ങൾ വായിക്കുകയും അറിവുനേടുകയും ആസ്വദിക്കുകയും ചെയ്യുന്ന ഒരു ദിശയിൽ മാത്രം പ്രവർത്തിക്കുന്ന വായനക്കാരെയല്ല ഇവിടെ ഏ.ആർ.ലക്ഷ്യംവെക്കുന്നത്. മറിച്ച് എഴുത്തിലും ഭാവുകത്വത്തിലും ഇടപെടുന്ന, ജ്ഞാനസമ്പാദനത്തിന് മലയാളഭാഷയെ ഉപയോഗപ്പെടുത്തുന്ന, വായനക്കാരുടെ ആവശ്യം കൂടി പുസ്തകത്തിന്റെ പ്രതിപാദനത്തിലും പ്രതിപാദ്യത്തിലും സ്വാധീനം ചെലുത്തുന്ന തരത്തിലുള്ള വായനക്കാരെയാണ്. മികച്ചതും നൂനതവിഷയങ്ങളിലുള്ളതുമായ ഭാഷാപുസ്തകങ്ങൾ ആവശ്യപ്പെടാൻ ഇംഗ്ലീഷ് പഠിച്ച മലയാളികൾ തയ്യാറാവുന്നില്ല. ഇംഗ്ലീഷിലുള്ള ഗ്രന്ഥബാഹുല്യമാണ് മലയാളികളായ വായനക്കാരെ അതിലേക്കാകർഷിക്കുന്നത്. കുറഞ്ഞ വിലയിൽ പാശ്ചാത്യകൃതികളും വിജ്ഞാനഗ്രന്ഥങ്ങളും വിവർത്തനം ചെയ്യുന്നത് പുസ്തകങ്ങളുടെ വിൽപ്പനയും വായനയും വർധിപ്പിക്കുമെന്നും ഏ.ആർ. അനുമാനിക്കുന്നുണ്ട്. റീഡിങ് പബ്ലിക് എന്ന ആശയം മുന്നോട്ടുവെക്കുന്നതിലൂടെ വായനക്കാർക്ക് കർതൃത്വം കല്പിക്കാനും സാഹിത്യസംസ്കാരത്തിൽ സുപ്രധാന ഘടകമായി വായനക്കാരെ കണക്കാക്കാനുമുള്ള ശ്രമം കൂടിയാണിത്.

ആർ. ഈശ്വരപിള്ളയുടെ 'വായന അല്ലെങ്കിൽ ഗ്രന്ഥപാരായണം', 'ഗ്രന്ഥങ്ങളും ഗ്രന്ഥശാലകളും' എന്നീ ലേഖനങ്ങൾ, കേരളവർമ്മയുടെ പുസ്തകനിരൂപണങ്ങളിലും മറ്റും വായനയെക്കുറിച്ചും വായനക്കാരെക്കുറിച്ചുള്ള ആനുഷംഗിക പരാമർശങ്ങൾ, സാഹിത്യപഞ്ചാനൻ പി.കെ.നാരായണപിള്ളയുടെ ലേഖനങ്ങൾ എന്നിങ്ങനെ വ്യത്യസ്ത എഴുത്തുകൾ ഈ കാലയളവിൽ വായനയെ സംബന്ധിച്ച് ഉണ്ടാകുന്നുണ്ട്. പത്രമാസികകളിലൂടെയും പുസ്തകനിരൂപണങ്ങളിലൂടെയുമുള്ള ഇത്തരം ആലോചനകൾ വായനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക, വിദ്യാഭ്യാസം നേടുന്നവരെ വായനയിലേക്കാകർഷിക്കുക, ഭാഷാപരമായും ലിപിപരമായും ഉള്ള അവ്യവസ്ഥിതികൾ പരിഹരിക്കുന്നതിന് ക്രിയാത്മകമായ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, ലളിതമായ ഗദ്യമെഴുത്തിനുവേണ്ടി ശ്രമിക്കുക എന്നിങ്ങനെയുള്ള ലക്ഷ്യങ്ങൾ മുന്നിൽക്കണ്ടായിരുന്നു. ഇത് വായനക്കാരുടെ എണ്ണത്തിലും ഗുണത്തിലും സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് പിൽക്കാലത്തെ സാഹചര്യങ്ങൾ തെളിയിക്കുന്നുണ്ട്.

പ്രതിപാദനവും പ്രതിപാദ്യവും

പത്തൊമ്പത്-ഇരുപത് നൂറ്റാണ്ടുകളിൽ പത്രമാസികകൾക്കും പുസ്തകങ്ങൾക്കും പ്രചാരം നൽകുന്നതിന് പ്രസിദ്ധീകരണശാലകളും പുസ്തകകച്ചവടക്കാരും പത്രമാസികകളും നിരവധി പ്രായോഗികമാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്. പ്രതിപാദനത്തിന് ഉപയോഗിച്ച ഭാഷയും ലിപിയും, പ്രതിപാദ്യവിഷയങ്ങളും അവയുടെ സ്വഭാവവും, പുസ്തകങ്ങളും പത്രമാസികകളും വായനക്കാരിലേക്ക് എത്തിക്കാൻ ചെയ്തിട്ടുള്ള മാർഗങ്ങൾ എന്നിങ്ങനെ വ്യത്യസ്ത തരത്തിലാണവ.

തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്ന് പ്രദേശങ്ങളിലെ ഭാഷയിലും ലിപിയിലും നിലനിന്നിരുന്ന അവ്യവസ്ഥ പത്രമാസികകളുടെയും പുസ്തകങ്ങളുടെയും പ്രചാരത്തെ ബാധിക്കുന്ന സന്ദർഭത്തിലാണ് ഇത് പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ സി.പി. അച്യുതമേനോനും കണ്ടത്തിൽ വറുഗീസ് മാപ്പിളയും മറ്റും മുന്നോട്ടുവെക്കുന്നത്. ഭാഷാപരിഷ്കരണം, ലിപിപരിഷ്കരണം എന്നിവ *വിദ്യാവിനോദിനി*, *മലയാളമനോരമ* അടക്കമുള്ള പത്തൊമ്പതാംനൂറ്റാണ്ടിലെ മലയാള പത്രമാസികകളുടെ മുഖ്യ അജൻഡയായിരുന്നു.

വ്യവഹാരഭാഷയ്ക്ക് ഐകരൂപ്യം വരുത്തുന്നത് അപ്രായോഗികമാണെന്ന് സി.പി. അച്യുതമേനോൻ പറയുന്നുണ്ട്. "ഗ്രന്ഥങ്ങളിൽ ഉപയോഗിക്കുന്ന ഭാഷക്കു മാത്രം ഐകരൂപ്യം വരുത്തുന്നതിനേ നാം ശ്രമിച്ചിട്ട ആവശ്യമുള്ളൂ" (സാം, 2003:102). ഭാഷാഭേദവൈവിധ്യം മലയാളത്തിന്റെ സാഹചര്യത്തിൽ വിപുലമാണെന്നുള്ളതുകൊണ്ട് പ്രകൃതികളെ മൂന്ന് ഭാഷാപ്രദേശത്തുനിന്നും നിലനിർത്തിക്കൊണ്ട് പ്രത്യയങ്ങൾക്ക് ഏകത വരുത്താനാണ് ശ്രമിക്കേണ്ടത് (ibid:103) എന്ന് ഭാഷാപോഷിണിസഭയിൽ ചെയ്ത പ്രസംഗത്തിൽ സി.പി. അച്യുതമേനോൻ നിർദ്ദേശിക്കുന്നുണ്ട്. ഭാഷാഭേദത്തിന്റെ അടിസ്ഥാനത്തിൽ കൃതികളെ നിരൂപണം ചെയ്തിരുന്ന അക്കാലത്തെ രീതിയും വിമർശനവിധേയമാക്കുന്നുണ്ട് അച്യുതമേനോൻ. ഈ സൈദ്ധാന്തികനിരൂപണങ്ങൾ സാഹിത്യകൃതികളെ വായിക്കാൻ മാത്രമല്ല, ആസ്വദിക്കാനും വായനക്കാരെ പഠിപ്പിച്ചു. സൈദ്ധാന്തികനിരൂപണങ്ങളുടെ പിൻബലത്തിൽ സാഹിത്യരചനകളെ എങ്ങനെയാണ് വായിക്കേണ്ടതെന്നും വിലയിരുത്തേണ്ടതെന്നും കാണിക്കുന്നുണ്ട്. ഒരു തരത്തിൽ വായനാനുശീലനം തന്നെയാണ് അച്യുതമേനോൻ പഠിപ്പിച്ചുനൽകിയത്. പിൽക്കാലത്ത് എം.പി. പോളിന്റെ *നോവൽസാഹിത്യം*, *ചെറുകഥാപ്രസ്ഥാനം* തുടങ്ങിയ ഗദ്യസാഹിത്യത്തിന്റെ ലക്ഷണഗ്രന്ഥങ്ങളിലൂടെ വായിക്കാ

നും ആസ്വദിക്കാനും പഠിപ്പിച്ചത് ഇവിടെ ഓർക്കാവുന്നതാണ്.

മലയാളത്തിലെ അക്ഷരസംഖ്യ കുറക്കുക, കൂട്ടക്ഷരങ്ങൾ എഴുതാൻ പുതിയ മാർഗ്ഗം ആവിഷ്കരിക്കുക (ഈ മാർഗം ജനപ്രീതി നേടുന്നില്ലെന്ന് കണ്ട് പഴയ രീതി തന്നെ തുടരുകയാണുണ്ടായത്), ലിപിപരിഷ്കരണത്തിന്റെ ചരിത്രം രേഖപ്പെടുത്തുക ('മലയാളമച്ചടി' എന്ന പ്രബന്ധം, *ഭാഷാപോഷിണി* 1069 ചിങ്ങം, പു. 2, ലക്കം 2) എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളിലൂടെയാണ് കണ്ടത്തിൽ വറുഗീസ് മാപ്പിള ഭാഷാ-ലിപിപരിഷ്കരണത്തിനായി ശ്രമിക്കുന്നത്. *മലയാളമനോരമ*യിൽ ഗദ്യത്തിനും പദ്യത്തിനുമായി നീക്കിവെച്ച പുറങ്ങളിൽ കേരളത്തിലുടനീളമുള്ള എഴുത്തുകാർ എഴുതുകയും സംവദിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിലുള്ള പൊതുവായ വേദികൾ ഭാഷയുടെ ഏകീകരണത്തിൽ നിർണായക സ്വാധീനമാകുന്നുണ്ട്.

ഭാഷാപോഷിണിസഭയുടെ പ്രഖ്യാപിതലക്ഷ്യങ്ങളിൽ പ്രഥമം ഭാഷയ്ക്ക് ഐകരൂപ്യം വരുത്തുക എന്നതായിരുന്നു. മൂന്ന് പ്രദേശങ്ങളിലെയും എഴുത്തുകാർക്കും സാംസ്കാരിക പ്രവർത്തകർക്കും സംഗമിക്കാനുള്ള വേദിയായിരുന്നു ഭാഷാപോഷിണിസഭയുടെ വാർഷികയോഗങ്ങൾ. അവിടെ നടന്ന വിനിമയങ്ങൾ ഭാഷാപോഷണത്തിനും ഏകീകരണത്തിനുമുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചു.

പ്രതിപാദനത്തിനുപയോഗിച്ച ഭാഷപോലെത്തന്നെ പ്രധാനമാണ് പ്രതിപാദ്യവിഷയങ്ങളും അവ പ്രതിപാദിച്ച രീതിയും. നാട്ടുവാർത്തകളുടെ പ്രസിദ്ധീകരണം, വ്യക്ത്യനുഭവങ്ങൾക്ക് പ്രാധാന്യം നൽകിയ ചെറുകഥ, നോവൽ, ഉപന്യാസം പോലുള്ള സാഹിത്യശാഖകളുടെ ഉദയം, സുതാര്യവും മതനിരപേക്ഷവുമായ ഗദ്യശൈലിയുടെ രൂപപ്പെടുത്തൽ, വിഷയങ്ങളിലെ പുതുമ എന്നിങ്ങനെ വായന വർധിപ്പിക്കാൻ ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ഒട്ടേറെയാണ് അക്കാലത്ത്.

ആദ്യകാല പത്രങ്ങളിൽ കൌതുകവർത്തമാനങ്ങളായോ വിശേഷവർത്തമാനങ്ങളായോ ആണ് നാട്ടുവാർത്തകൾ നൽകിയിരുന്നത്.

> എന്നാൽ പത്തൊമ്പതാംനൂറ്റാണ്ടിന്റെ അവസാനത്തോടെ പത്രങ്ങൾ ആഴ്ചയിൽ ഒന്നിലേറെ ദിവസങ്ങളിൽ പ്രസിദ്ധീകരിക്കാൻ തുടങ്ങിയപ്പോൾ നാട്ടുവാർത്തകളെ വാർത്തകൾ എന്ന നിലയിൽ ആശ്രയിക്കാൻ തുടങ്ങി (ജയപ്രകാശ്, 2014:44).

പത്രങ്ങൾ ദിനപത്രങ്ങളായതോടെ പ്രാദേശികവാർത്തകളുടെ പ്രാധാന്യം വർധിക്കുകയും പത്രവിപണിയിൽ നിർണായസ്വാധീനം ചെലുത്തുന്ന ഘടകമായി മാറുകയും ചെയ്യുന്നുണ്ട്. സമീപപ്രദേശങ്ങളിൽ നടക്കുന്ന സംഭവങ്ങൾ അറിയാനും

ജീവിക്കുന്ന ഭ്രമികയെക്കുറിച്ച് വിശാലമായി ആലോചിക്കാനും സംഭവങ്ങളോട് വൈകാരികമായി വ്യക്തികളെ ബന്ധിപ്പിക്കാനും നാട്ടുവാർത്തകളുടെ റിപ്പോർട്ടിങ്ങിലൂടെ സാധിക്കും.

ഇക്കാലത്ത് വായനയേയും പൊതുമണ്ഡലരൂപീകരണത്തേയും സ്വാധീനിച്ചതിൽ മുഖ്യഘടകം ഗദ്യമാണ്. കണക്കുകൾ, ദൈനംദിന ഇടപാടുകളുടെ വിവരങ്ങൾ എന്നിങ്ങനെ താളിയോലകളിലും ഗ്രന്ഥവരികളിലുമായും നമ്പ്യാന്തമിഴ് കൃതികളിലായും ഗദ്യമാതൃകകൾ മലയാളത്തിൽ മുന്നേയുണ്ടെങ്കിലും അവയ്ക്കൊന്നും ജനകീയസ്വഭാവം ഉണ്ടായിരുന്നില്ല. പത്തൊമ്പതാംനൂറ്റാണ്ടിൽ വിദ്യാഭ്യാസം വഴി വായനാശേഷി നേടിയവർക്കുള്ള വായനാവിഭവങ്ങളുമായാണ് ഗദ്യം സാഹിത്യത്തിൽ പ്രമുഖസ്ഥാനം നേടുന്നത്. ഈ നൂറ്റാണ്ടിൽ വ്യത്യസ്ത ഗദ്യരൂപങ്ങളും അവയെ പരിചയപ്പെടുത്തുകയും വിലയിരുത്തുകയും ചെയ്യുന്ന നിരൂപണവും പത്രമാസികകളിൽ പ്രധാനസ്ഥാനം നേടുന്നുണ്ട്. നോവൽ, ചെറുകഥ, ഉപന്യാസം, നിരൂപണം തുടങ്ങിയ ആഖ്യാനരൂപങ്ങൾവഴി ഗദ്യത്തിന് മതേതരസ്വഭാവം കൈവരികയും ജനകീയസ്വഭാവമുള്ള പൊതുമണ്ഡലത്തിന്റെ വ്യാപനത്തിലേക്ക് നയിക്കുകയും ചെയ്തതായി പഠനങ്ങളുണ്ടായിട്ടുണ്ട് (രാമകൃഷ്ണൻ, 2012:31-32), (ഷാജി ജേക്കബ്, 2014:187-212). സ്ത്രീകൾക്കും കീഴാളർക്കും പരിമിതമായ തോതിലേ ഈ പൊതുമണ്ഡലത്തിലേക്ക് പ്രവേശനമുണ്ടായിരുന്നുള്ളുവെങ്കിലും ഗദ്യരൂപങ്ങളിലൂടെ സാഹിത്യത്തിന്റെ ജനാധിപത്യവത്കരണം നടന്ന ഘട്ടമാണിത്. സാഹിത്യാസൂത്രണത്തിൽ ഗദ്യത്തിന് പ്രധാന സ്ഥാനം നൽകിയത് സാഹിത്യഭാവുകത്വത്തെ നിർണ്ണയിക്കുന്നതിൽ അതിനുള്ള പങ്കാണ് തെളിയിക്കുന്നത്.

പത്തൊമ്പതാംനൂറ്റാണ്ടിൽ പദ്യകൃതികളുടെ അച്ചടിയാണ് ഗദ്യകൃതികളുടേതിനേക്കാൾ കൂടുതലെന്ന് മലയാളഗ്രന്ഥസൂചിയിൽ നൽകിയിരിക്കുന്നവിവരങ്ങൾ (പട്ടിക II) സാക്ഷ്യപ്പെടുത്തുന്നുണ്ട്.

പട്ടിക II

	സാഹിത്യകൃതികൾ	
	പദ്യം	ഗദ്യം
1850 വരെ	4	1
1851-1860	2	2
1861-1870	29	2

1871-1880	122	3
1881-1890	82	12
1891-1900	102	75
ആകെ	341	95

അവലംബം: *മലയാളഗ്രന്ഥസൂചി* മൂന്നാം വാള്യം, 1979. (ഈ കൃതിയിലെ സാഹിത്യം, സാഹിത്യേതരം എന്നിങ്ങനെ മൌലികകൃതികളുടെയും വിവർത്തനങ്ങളുടെയും പട്ടികയിൽനിന്ന് മൌലിക സാഹിത്യകൃതികളിൽ 1900 വരെ അച്ചടിച്ച പദ്യ-ഗദ്യകൃതികളുടെ കണക്കാണ് മുകളിൽ നൽകിയിരിക്കുന്നത്. പദ്യത്തിൽ കവിത, കവിതാസമാഹാരങ്ങൾ, ഗാനങ്ങളും പാട്ടുകളും എന്നിവയും ഗദ്യത്തിൽ നാടകം, നോവൽ, ചെറുകഥ, കുട്ടികൾക്കുള്ള കഥകൾ, ഹാസ്യം, ഉപന്യാസം, മറ്റു ഗദ്യകൃതികൾ, നിരൂപണങ്ങളും പഠനങ്ങളും, സാഹിത്യചരിത്രം എന്നിവയും പരിഗണിച്ചിരിക്കുന്നു.)

സാഹിത്യേതരവിഭാഗത്തിൽ നൽകിയിരിക്കുന്ന മുപ്പത്തഞ്ചോളം ഇനങ്ങളിലും വിവർത്തനങ്ങളിലുമുള്ള ഗദ്യകൃതികളെ പരിഗണിക്കുമ്പോൾപോലും 780-ഓളം മാത്രമേ 1900 വരെ അച്ചടിക്കപ്പെട്ടിട്ടുള്ളൂ. ഈ നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിലാണ് ചെറുകഥയും നോവലും ഉപന്യാസവുമായി ഗദ്യകൃതികൾ അച്ചടിച്ചു തുടങ്ങുന്നത്. ഇവയുടെ പ്രചാരത്തോടെയായിരിക്കണം ഗദ്യപുസ്തകങ്ങൾ കൂടുതലായി അച്ചടിക്കപ്പെടുകയും വായിക്കപ്പെടുകയും ചെയ്യുന്നത്. അതിനുമുൻപ് കഥാഖ്യാനങ്ങൾക്ക് അത്ര പ്രചാരമുണ്ടായിരുന്നില്ലെന്ന് ചന്തുമേനോൻ *ഇന്ദുലേഖ*യെഴുതിയ അവതാരിക സാക്ഷ്യപ്പെടുത്തുന്നുണ്ട്.

> ഈ വക കഥകളെ ആദ്യമായി വായിക്കുമ്പോൾ അതുകളിൽ അഭിരുചി ഉണ്ടാവുമോ എന്നു സംശയമാണു്. .....ഒന്നുരണ്ടാളോടു ഞാൻ സൂക്ഷ്മസ്ഥിതിപറഞ്ഞതിൽ അവർക്കു് എന്റെ ഈ ശ്രമം വളരെ രസിച്ചതായി എനിക്കു തോന്നീട്ടില്ല — "ഇതെന്തു സാരം—ഇതിനാണു് ഇത്ര ബുദ്ധിമുട്ടുന്നത്—യഥാർത്ഥത്തിൽ ഉണ്ടാവാത്ത ഒരു കഥ എഴുതുന്നതുകൊണ്ടു് എന്തു പ്രയോജനം?.....സയൻസു് എന്നു പറയപ്പെടുന്ന ഇംഗ്ലീഷ് ശാസ്ത്രവിദ്യകളെക്കുറിച്ചാണു് ഈ പുസ്തകം എഴുതുന്നതു് എങ്കിൽ കൊള്ളാം. അല്ലാതെ മറ്റൊരു സംഗതിയെപ്പറ്റിയും മലയാളത്തിൽ ഇപ്പോൾ പുസ്തകങ്ങൾ ആവശ്യമില്ല. ഞാൻ ഈ വാക്കുകൾ കേട്ടു് ആശ്ചര്യപ്പെട്ടു.. (2014:X, XI)

പത്രമാസികകളിലെ ഗദ്യആഖ്യാനരൂപങ്ങളാണ് ഗദ്യത്തിന് ജനകീയതനേടിക്കൊടുത്തതെന്ന് ഇത് വെളിവാക്കുന്നുണ്ട്. ഈ നൂറ്റാണ്ടിൽ പുസ്തകകേന്ദ്രിതവായന താരതമ്യേനെ കുറവായിരുന്നു എന്ന് കെ.എം. ഗോവിയും (1998:155) ശ്രീകുമാർ ഏ.ജി. യും (2014:112-114) നിരീക്ഷിക്കുന്നുണ്ട്.

പ്രാചീന പദ്യകൃതികൾ അച്ചടിച്ച് കുറഞ്ഞ വിലയിൽ വിൽക്കാൻ ഇക്കാലത്ത് ധാരാളം ശ്രമങ്ങളുണ്ടായിട്ടുണ്ട്. ഈശ്വരപിള്ള വിചാരിപ്പുകാർ സ്ഥാപിച്ച കേരളവിലാസം അച്ചുകൂടം (54 ദിവസത്തെ ആട്ടക്കഥകൾ, എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, ഉണ്ണായി വാര്യർ, സ്വാതി തിരുനാൾ തുടങ്ങിയവരുടെ കൃതികൾ), കാളഹസ്തിയപ്പ മുതലിയാർ സ്ഥാപിച്ച വിദ്യാവിലാസം അച്ചുകൂടം (*ഉത്തരരാമായണം, മഹാഭാരതം, രാമായണം*), ദേവ്ജി ഭീംജി സ്ഥാപിച്ച കേരളമിത്രം (*ശ്രീകൃഷ്ണകർണാമൃതം, വെങ്കിട കല്യാണം, കേരളമിത്രം പ്രതിവാരപത്രിക*), എസ്.ടി.റെഡ്യാർ സ്ഥാപിച്ച വിദ്യാഭിവർദ്ധിനി (എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, ഉണ്ണായി വാര്യർ, ചെറുശ്ശേരി തുടങ്ങിയവരുടെ കൃതികൾ) തുടങ്ങിയ അച്ചുകൂടങ്ങൾ ഈ പുസ്തകങ്ങൾക്ക് പ്രചാരം നേടിക്കൊടുക്കുന്നതിൽ മുഖ്യപങ്കുവഹിച്ചു. കുറഞ്ഞ വിലയിൽ പുസ്തകങ്ങൾ ലഭ്യമാക്കി ക്ലാസിക് കൃതികൾക്ക് ഏറെ ജനകീയത നേടിക്കൊടുക്കുന്നതിൽ എസ്.ടി. റെഡ്യാറുടെ ശ്രമം നിസ്തുലമാണ്. പുസ്തകത്തിന്റെ അച്ചടിയിലും വില്പനയിലും വായനയിലുമെല്ലാം കമ്പോളതാൽപര്യങ്ങൾ കൂടി ഇടപ്പെടുന്നത് ഈ ഘട്ടം മുതലാണെന്നു കാണാം. അച്ചടിക്കുന്ന കൃതികളിൽ ചിത്രങ്ങൾ ചേർക്കുക, ക്ലാസിക് കൃതികൾ പത്തി തിരിച്ച് പ്രസിദ്ധീകരിക്കുക തുടങ്ങിയ മാർഗങ്ങൾ അവലംബിച്ചുകൊണ്ട് പുസ്തകപ്രസാധനം ആകർഷകമാക്കാനും എസ്.ടി. റെഡ്യാർ ശ്രമിച്ചിരുന്നു (പ്രിയദർശനൻ, 2015:37). കൂടാതെ പുസ്തകവിതരണ ഏജന്റുമാർക്ക് കമ്മീഷൻ ഏർപ്പെടുത്തുകയും അതിലൂടെ പുസ്തകവിതരണത്തിന് സംവിധാനം ഉണ്ടാക്കുകയും ചെയ്തു. വിദ്യാഭിവർദ്ധിനി പ്രസ്സിന്റെ പരസ്യബോർഡുകൾ കേരളത്തിൽ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ച് പുതിയ പുസ്തകങ്ങൾക്ക് പരസ്യം നൽകുന്നതിലും അവർ ശ്രദ്ധിച്ചു. (കൃഷ്ണൻ, 2024:31).

1890 വരെയുള്ള കണക്കുകളിൽ സാഹിത്യേതരകൃതികളാണ് സാഹിത്യകൃതികളെക്കാൾ കൂടുതലായി അച്ചടിക്കപ്പെടുന്നത്.

പട്ടിക III

	സാഹിത്യം	സാഹിത്യേതരം
1850 വരെ	8	34
1851-1860	5	29
1861-1870	39	108
1871-1880	136	161
1881-1890	107	158
1891-1900	209	183
1091-1910	338	327

അവലംബം: *മലയാളഗ്രന്ഥസൂചി* മൂന്നാം വാല്യം, 1979.

1891 മുതൽ സാഹിത്യകൃതികൾ കൂടുതലായി അച്ചടിക്കപ്പെടാൻ തുടങ്ങി. ചെറുകഥ, നോവൽ തുടങ്ങിയ സാഹിത്യരൂപങ്ങൾ രൂപപ്പെടുന്ന ഘട്ടത്തിൽ ഇവയ്ക്ക് മധ്യവർഗ്ഗത്തിന്റെ അഭിരുചികളുമായുള്ള ബന്ധം പ്രകടമായിരുന്നു. *ഇന്ദുലേഖ* പോലുള്ള നോവലുകൾ മുൻനിർത്തി ആലോചിക്കുമ്പോൾ പുതിയ സാഹിത്യരൂപങ്ങൾ മധ്യവർഗ്ഗത്തിൽ വായനക്കാരെ സൃഷ്ടിക്കുകയും അവയെ രൂപപ്പെടുത്തുന്നതിൽ മധ്യവർഗ്ഗതാൽപര്യങ്ങൾ നിർണായകമാവുകയും ചെയ്യുന്നുണ്ട് (പ്രിയാവർഗീസ്, 2022:12). സാഹിത്യകൃതികളുടെ അച്ചടിയിൽ ഈ ഘട്ടത്തിലുണ്ടായ വർധനവ് ഇത്തരം വിപണിതാല്പര്യങ്ങളുടെ കൂടി പശ്ചാത്തലത്തിൽ മനസ്സിലാക്കേണ്ടതുണ്ട്. സാഹിത്യാഭിരുചികളെ നിർണയിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചതും ഇവർ തന്നെയാകണം. പിൽക്കാലത്ത് മലയാളത്തിലെ വായനയുടെ ഭാവുകത്വത്തെ രൂപീകരിക്കുന്നതിലും നിർണയിക്കുന്നതിലും ഇത്തരം താൽപര്യങ്ങളും അതിനനുസരിച്ചുള്ള വിപണിയും സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

സ്വദേശാഭിമാനി കെ.രാമകൃഷ്ണപിള്ളയുടെ *വൃത്താന്തപത്രപ്രവർത്തനം* (1912) എന്ന കൃതിക്ക് *കേരളപത്രിക*യുടെ പത്രാധിപരായിരുന്ന സി. കുഞ്ഞിരാമമേനോൻ എഴുതിയ 'പ്രസ്താവന'യിൽ പത്രവായനയിലും പത്രപ്രവർത്തനത്തിലും ആളുകളുടെ താൽപര്യം വർദ്ധിക്കുന്നതിന്റെ സൂചനയുണ്ട്. പത്രപ്രവർത്തകർ, പത്രപ്രവർത്തനത്തിന്റെ സ്വഭാവം, പത്രത്തിന്റെ പ്രചാരം, വായനക്കാരുടെ പ്രതികരണങ്ങൾ, ഇടപെടലുകൾ എന്നിങ്ങനെ പത്രമേഖലയുമായി ബന്ധപ്പെട്ട ഇരുപതാംനൂറ്റാണ്ടിലെ ആദ്യ ദശകങ്ങളിലെ പ്രധാനപ്പെട്ട വിവരങ്ങൾ ഈ 'പ്രസ്താവന'യിൽനിന്നും അനുമാനിച്ചെടുക്കാം. പൊതുജനാഭിപ്രായരൂപീകരണത്തിൽ പത്രങ്ങൾക്കുള്ള പങ്കും പത്രങ്ങളെ രൂപപ്പെടുത്തുന്നതിൽ പൊതുജനാഭിപ്രായങ്ങൾക്കുള്ള പങ്കും പരസ്പരസ്വാധീനവും കുഞ്ഞിരാമമേനോൻ വ്യക്തമാക്കുന്നുണ്ട്. വർത്തമാനപത്രങ്ങളെക്കൊണ്ടുണ്ടാകുന്ന ഉപകാരം അറിയാത്തതുകൊണ്ട് *കേരളപത്രിക* ആരംഭിച്ച കാലത്ത് (1884) വായനക്കാരെയും ലേഖകരെയും ലഭിക്കാൻ പ്രയാസപ്പെട്ടിരുന്നു എന്നും അഴിമതിയേയും അന്യായത്തെയും ജനങ്ങൾ എതിർത്തിരുന്നില്ല എന്നും പൊതുവിഷയങ്ങളുമായി ബന്ധപ്പെട്ട മുഖപ്രസംഗങ്ങൾ വായനക്കാർക്ക് രുചിച്ചിരുന്നില്ല എന്നും സൂചിപ്പിക്കുന്നുണ്ട്.

> യാതൊരു വലിയ കാര്യത്തെപ്പറ്റിയും ആലോചിക്കുവാൻ ജനങ്ങൾക്കുമനസ്സുണ്ടായിരുന്നില്ല; വല്ലവർക്കും മനസ്സുണ്ടായിരുന്നെങ്കിൽ

> തന്നെ ആലോചിച്ചു അഭിപ്രായം പറയുവാൻതക്ക കഴിവ് എത്രയോ ചുരുക്കം ജനങ്ങൾക്കു മാത്രമേ ഉണ്ടായിരുന്നുള്ളൂ (കുഞ്ഞിരാമമേനോൻ, 1984 : xxxvi).

എന്നാൽ കാലക്രമേണ ജനാഭിപ്രായം രൂപപ്പെടുകയും ലേഖകദൌർലഭ്യം മാറുകയും ചെയ്യുന്നതായി കുഞ്ഞിരാമമേനോൻ നിരീക്ഷിക്കുന്നു. പൊതുകാര്യങ്ങളിൽ ജനങ്ങൾ ശ്രദ്ധിക്കുന്ന സ്ഥിതി വന്നിരിക്കുന്നു. പത്രവായന വിദ്യാഭ്യാസത്തിന്റെ പ്രധാനഭാഗമാണെന്നും അദ്ദേഹം ഓർമിപ്പിക്കുന്നുണ്ട്. പത്രങ്ങൾ അവകാശങ്ങളെയും അധികാരങ്ങളെയുംകുറിച്ച് ജനങ്ങളെ അറിയിക്കുകയും അവ നിലനിർത്തിപ്പോരുന്നതിനുള്ള ആയുധങ്ങളായി പ്രവർത്തിക്കുന്നുണ്ടെന്നും കുഞ്ഞിരാമമേനോൻ എഴുതുന്നു. വായന പ്രാഥമികമായ തലത്തിൽനിന്നും ഉയരുകയും സാംസ്കാരികമായും രാഷ്ട്രീയമായും ഇടപെടാൻ ശേഷിയുള്ള ഒന്നായി മാറുകയും ചെയ്തതാണ് ഇവിടെ കാണാനാവുന്നത്.

ഉപസംഹാരം

ആധുനികമായ ജീവിതസാഹചര്യങ്ങളെക്കുറിച്ച് വായനക്കാരെ അറിയിക്കുന്ന തരത്തിലായിരുന്നു ആദ്യകാലത്തെ പത്രമാസികകളുടെ പ്രവർത്തനം. പുതിയ സൗകര്യങ്ങൾ, കണ്ടുപിടിത്തങ്ങൾ, സംഭവവികാസങ്ങൾ എന്നിവ വായനക്കാരെ അറിയിക്കുക, കലണ്ടറും മറ്റും പ്രസിദ്ധീകരിക്കുന്നതിലൂടെ രേഖീയമായ കാലബോധം സൃഷ്ടിക്കുക എന്നിവ ഉദാഹരണം. ഇങ്ങനെ ഗുണാത്മകമായി വായനയെ അവതരിപ്പിക്കാനാണ് ഈ ഘട്ടത്തിൽ ശ്രമിച്ചിട്ടുള്ളത്. ജോർജ് മാത്തന്റെ പുസ്തകനിരൂപണങ്ങളും ലേഖനങ്ങളും ഈ ഘട്ടത്തിന് ഉദാഹരണമാണ്. കൂടാതെ, പത്രമാസികകളുടെയും പുസ്തകങ്ങളുടെയും പ്രാധാന്യം വ്യക്തമാക്കുന്ന തരത്തിലുള്ള എഴുത്തുകളിലൂടെ വായനയുടെ പ്രാധാന്യം വായനക്കാരെ ബോധ്യപ്പെടുത്താൻ ശ്രമിച്ചിട്ടുമുണ്ട്.

പത്രമാസികകളുടെയും പുസ്തകങ്ങളുടെയും എണ്ണത്തിലുണ്ടായ വർധനവുമാണ് സി.പി. അച്യുതമേനോന്റെ നിരീക്ഷണങ്ങളെ രൂപപ്പെടുത്തിയിരിക്കുന്നത്. ഗുണദോഷവിചിന്തനത്തോടെ സക്രിയമായി ഇടപെടാൻ വായനക്കാരെ ഉദ്ബോധിപ്പിക്കുന്ന ഇവ ജോർജ് മാത്തന്റെ നിരീക്ഷണങ്ങളിൽനിന്നും ഒരു പടിക്കൂടി മുന്നോട്ടുനീങ്ങുന്നുണ്ട്. വായനക്കാർക്ക് കർതൃത്വമുണ്ടെന്നും അവരുടെ ഇടപെടലുകൾക്ക് ഭാവുകത്വത്തെ രൂപപ്പെടുത്തുന്നതിൽ പങ്കുണ്ടെന്നും വാദിച്ചുകൊണ്ടാണ് എ.ആർ.

രാജരാജവർമ്മ റീഡിങ് പബ്ലിക് എന്ന ആശയം മുന്നോട്ടുവെക്കുന്നത്. ഈ ആശയത്തിന്റെ സത്ത സി.പി. അച്യുതമോനോന്റെ വാദങ്ങളിലും കാണാം. വായനക്കാർ നിഷ്ക്രിയരല്ല, ചിന്തിക്കാനും എഴുത്തുകാരെയും എഴുത്തുകളെയും സ്വാധീനിക്കാനും വായിച്ചതിനെ പുരിപ്പിക്കാനും ശേഷിയുള്ളവരാണ് എന്ന ചിന്തയിലേക്കാണ് ഏ.ആർ. തന്റെ വാദം ചേർത്തുവെയ്ക്കുന്നത്. ഇക്കാര്യത്തിന് പ്രത്യക്ഷത്തിൽ പറയാവുന്ന തെളിവാണ് സി. കുഞ്ഞിരാമമോനോന്റെ 'പ്രസ്താവന'യിൽനിന്നും ലഭിക്കുന്നത്. പൊതുജനാഭിപ്രായം പത്രപ്രവർത്തനത്തെ സ്വാധീനിക്കുന്നുണ്ടെന്നത് ഉദാഹരണം.

ആധുനികലോകബോധം രൂപീകരിക്കുന്നതിൽ അച്ചടിയും അച്ചടിയെ വളർത്തുന്നതിൽ ഈ ലോകബോധവും പരസ്പരം സ്വാധീനിച്ചിട്ടുണ്ട്. വായന ഒരു സാംസ്കാരികപ്രക്രിയയായും ആധുനികലോകബോധരൂപീകരണത്തിന്റെ ചാലകശക്തിയായും മാറുന്നതിനു പിന്നിൽ ആലോചനകളും ഇടപെടലുകളും ഉണ്ടായിട്ടുണ്ടെന്ന് കണ്ടു. ഓരോ ഘട്ടത്തിലും ഇത്തരം ആലോചനകളുടെയും ഇടപെടലുകളുടെയും രീതിയും ഉദ്ദേശവും മാറുന്നത് ഇവ ആസൂത്രിതമായിരുന്നു എന്നാണ് പരോക്ഷമായി തെളിയിക്കുന്നത്. കേരളീയ പൊതുമണ്ഡലത്തിന്റെ രൂപീകരണത്തിൽ ഇത്തരം ആലോചനകളും വായനക്കാരുടെ അത്രതന്നെ ദൃശ്യമല്ലാത്ത കർതൃത്വവും പങ്കു വഹിക്കുന്നുണ്ട്. പത്രമാസികകൾക്കും പുസ്തകങ്ങൾക്കും പ്രചാരം വർദ്ധിക്കുകയും പുതിയ വായനാവിഭവങ്ങളുമായി വിപണിക്കൊത്ത് അവയിൽ പരീക്ഷണങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. ഇത്തരം വിപണിതാല്പര്യങ്ങൾ വായനക്കാരുടെ താല്പര്യങ്ങളെക്കൂടി കണക്കിലെടുത്താകണം രൂപപ്പെട്ടിട്ടുണ്ടാവുക. വായനക്കാരുടെ ഇടപെടലുകൾക്കൂടി സാഹിത്യഭാവുകത്വത്തെക്കുറിച്ചുള്ള ചർച്ചകളിൽ പ്രധാനമാണ്. വായനക്കാരെ നിഷ്ക്രിയമായ സത്തയായി കാണാതെ വായനക്കാരുടെ കത്തുകൾ, പ്രതികരണങ്ങൾ, പുസ്തകങ്ങളുടെ വില്പന, പത്രങ്ങളുടെ പ്രചാരം എന്നിവ കണക്കിലെടുത്ത കൊണ്ടുള്ള പഠനങ്ങൾക്ക് വായനാചരിത്രം, സാഹിത്യഭാവുകത്വം എന്നിവയിൽ പുതിയ ഉൾക്കാഴ്ച്ചകൾ പ്രദാനം ചെയ്യാൻ സാധിക്കും.

കുറിപ്പുകൾ

1. 'പൊതുവായനക്കാർ' എന്ന് ഏ.ആർ. രാജരാജവർമ്മയും 'വായനാസമൂഹം' എന്ന് ഷാജി ജേക്കബും (2014:184) റീഡിങ് പബ്ലിക്കിന് തത്തുല്യമായി മലയാളപദങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഈ സങ്കല്പനത്തെ അടയാളപ്പെടുത്തുന്നതിൽ ഇവ പര്യാപ്തമല്ല എന്ന് തോന്നിയതിനാൽ റീഡിങ് പബ്ലിക് എന്ന പദം തന്നെയാണ് പ്രബന്ധത്തിൽ ഉപയോഗിക്കുന്നത്.

അവലംബിതസൂചിക

- അച്യുതമേനോൻ, സി.പി., *സി.പി. അച്യുതമേനോന്റെ സാഹിത്യവിമർശനം*, ടി.പി. സുകുമാരൻ (സമ്പാദനം), മാതൃഭൂമി പ്രിൻടിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനി, കോഴിക്കോട്, 1988.

- ഉണ്ണികൃഷ്ണൻ, സി., *ഗ്രന്ഥശാലാ പ്രസ്ഥാനം കേരളത്തിൽ,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013.

- കുഞ്ഞിരാമമേനോൻ, സി. "പ്രസ്താവന", സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള, *വൃത്താന്തപത്രപ്രവർത്തനം*, കേരള പ്രസ് അക്കാദമി, കൊച്ചി, 1984, പു.xxxiii-xxxix.

- ഗോവി, കെ.എം., *ആദിമുദ്രണം-ഭാരതത്തിലും മലയാളത്തിലും*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1998, പു. 152-158.

- ചന്തുമേനോൻ, ഒയ്യാരത്ത്, "ഒന്നാം അച്ചടിപ്പിന്റെ അവതാരിക", *ഇന്ദുലേഖ*, സായാഹ്ന ഫൌണ്ടേഷൻ, തിരുവനന്തപുരം, Second EPUB/PDF version, 2014, https://books.sayahna.org/ml/pdf/indulekha.pdf, പ്രവേശിച്ചത് 21 സെപ്തംബർ 2024.

- ജയപ്രകാശ്, എസ്.എൻ., *നാട്ടുവാർത്തയുടെ കാലങ്ങൾ,* കേരള പ്രസ് അക്കാദമി, കൊച്ചി, 2014.

- ജോർജ് മാത്തൻ, "കൊഴുമുതലാണ്മ", സാമുവൽ ചന്ദനപ്പള്ളി, *ജോർജ് മാത്തൻ കൃതികളും പഠനവും*, ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ചന്ദനപ്പള്ളി, 1992, പു.565-574.

- ----------, "സന്മാർഗ്ഗോപദേശം", സാമുവൽ ചന്ദനപ്പള്ളി, *ജോർജ് മാത്തൻ കൃതികളും പഠനവും*, ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ചന്ദനപ്പള്ളി, 1992, പു.545-550.

- ----------, "സാധാരണ ചികിത്സാശാല", സാമുവൽ ചന്ദനപ്പള്ളി, *ജോർജ് മാത്തൻ കൃതികളും പഠനവും*, ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ചന്ദനപ്പള്ളി, 1992, പു. 550-557.

- പ്രിയദർശനൻ, ജി., "അച്ചടിയും ആദ്യകാല പത്രമാസികകളും", കെ. കുഞ്ഞിക്കൃഷ്ണൻ;എം.കെ. ശിവശങ്കരൻ; ജി. പ്രിയദർശനൻ; തോട്ടം രാജശേഖരൻ; ആന്റണി നല്ലേപ്പറമ്പിൽ, *മാധ്യമങ്ങളും മലയാളസാഹിത്യവും*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015, പു.01-69.

- പ്രിയാവർഗീസ്, *വായനാത്മകത*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2022.

- *മലയാളഗ്രന്ഥസൂചി* മൂന്നാം വാല്യം (1971 മുതൽ 1975 വരെ), കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1979.

- രാജരാജവർമ്മ, എ.ആർ., *എ.ആർ. രാജരാജവർമ്മയുടെ തിരഞ്ഞെടുത്ത പ്രബന്ധ*

ങ്ങൾ. രഞ്ജിമ പബ്ലിക്കേഷൻസ്, ചങ്ങനാശ്ശേരി, 1987.

- രാമകൃഷ്ണൻ, ഇ.വി., "അച്ചടിയും ആധുനികതയും", *അനുഭവങ്ങളെ ആർക്കാണ പേടി*, ഡി.സി. ബുക്സ്, കോട്ടയം, 2012, പു. 24-47.
- വിജയൻ, എം.എൻ. (ജനറൽ എഡിറ്റർ), *നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം* 1901-2000, വാല്യം ഒന്ന്, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2000.
- ശ്രീകുമാർ, ഏ.ജി., *അച്ചുക്കൂടത്തിലെ കേരളം*, കൈരളി ബുക്സ്, കണ്ണൂർ, 2014, പു. 105-132.
- ഷാജി ജേക്കബ്, *പൊതുമണ്ഡലവും മലയാളഭാവനയും: മാധ്യമം, സിനിമ, സാഹിത്യം*, കൈരളി ബുക്സ്, കണ്ണൂർ, 2014.
- സാം, എൻ., *മലയാള പത്രപ്രവർത്തനം പത്തൊമ്പതാം നൂറ്റാണ്ടിൽ*, ഡി.സി. ബുക്സ്, കോട്ടയം, 2003.
- Jeffrey, Robin, "Testing Concepts About Print, Newspapers, and Politics: Kerala, India, 1800–2009", *The Journal of Asian Studies*, The Association for Asian Studies, Vol. 68, No. 02, May 2009, https://web.archive.org/web/20170809054758id_/http://www.pressacademy.org/wp-content/uploads/2015/02/Robin-Jeffery.pdf, Accessed 10 August 2024.
- Meteer, Samuel, *The Land of Charity: A Discriptive Account of Travancore and It'sPeople*, John Snow and Co, London, 1871, https://archive.org/details/thelandofcharity00mate, Accessed 02 September 2024.
- കൃഷ്ണൻ, കെ.എം., "മലയാള സാഹിത്യത്തെ പുനർനിർവചിച്ച അച്ചടിയും പ്രസാധനവും", *മാതൃഭൂമി ആഴ്ചപതിപ്പ്*, പുസ്തകം 102, ലക്കം 23, കോഴിക്കോട്, 2024 ഓഗസ്റ്റ് 25-31, പു.26-41.
- റാണി ഗൌരീപാർവതിബായി, നീട്ട്, 17 ജൂൺ 1817, https://malayalam.dutchinkerala.com/stories/neet_01.jpg, പ്രവേശിച്ചത് 01 സെപ്റ്റംബർ 2024.
- Reading Public, Oxford Reference, https://www.oxfordreference.com/display/10.1093/acref/9780198662181.001.0001/acref-9780198662181-e-0902, Accessed 10 September 2024.

ജീവചരിത്രമെഴുത്തും വായനാകർത്തൃത്വ നിർമാണവും : ആദ്യകാല ജീവചരിത്ര രചനകളുടെ പ്രശ്നവത്കരണം

സുകേഷ് യു.
ഗവേഷകൻ, മലയാളവിഭാഗം,
ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

പ്രബന്ധസംഗ്രഹം:

മലയാളജീവചരിത്രമെഴുത്തിന്റെ രൂപപ്പെടലിനു വായനാകർത്തൃത്വ നിർമ്മാണവുമായി അഭേദ്യമായ ബന്ധമുണ്ട്. 'വായനയിലൂടെ രൂപപ്പെടുന്ന വിഷയി' എന്ന സങ്കല്പനത്തെ മുൻനിർത്തിയാണ് ആദ്യകാല ജീവചരിത്രങ്ങൾ എഴുത്തപ്പെട്ടത്. ഇവിടെ അച്ചടിക്കപ്പെട്ട ജീവചരിത്രങ്ങൾ ആര് വായിച്ചു എന്ന ചോദ്യത്തിനുള്ള ഉത്തരമല്ല അന്വേഷിക്കുന്നത്. മറിച്ച്, ജീവചരിത്രകാരനും ജീവചരിത്രങ്ങളുടെ അവതാരികകളിലും മുൻകുറിപ്പുകളിലും പ്രത്യക്ഷപ്പെടുന്ന എഴുത്തുകാരന്മാരും ജീവചരിത്ര വായനയുടെ പ്രയോജനങ്ങൾ അക്കമിട്ടു നിരത്തുകയും 'ആധികാരിക വായനക്കാർ' (Authoritative Reader) എന്ന നിലയിൽ വായനാവിഷയിയെ വിഭാവനം ചെയ്തത് എങ്ങനെ എന്ന് വിശകലനം ചെയ്യുന്നു. അതോടൊപ്പം, ജീവചരിത്രവായന എന്ന പ്രവൃത്തിയുടെ ചില വ്യതിരിക്ത സ്വഭാവങ്ങളെ കൂടി ഈ പ്രബന്ധം ചർച്ചചെയ്യാൻ ശ്രമിക്കുന്നു. ആധുനികീകരണപ്രക്രിയയുടെ സന്ദർഭത്തിൽ പ്രസിദ്ധീകരിച്ച ഈ

ആദ്യകാല ജീവചരിത്രങ്ങളിലെ വായനക്കാരൻ എന്ന കർത്തൃസ്ഥാനത്തെ ഈ പ്രബന്ധം പ്രശ്നവത്കരിക്കുന്നു.

താക്കോൽ വാക്കുകൾ:

ജീവചരിത്രവിഷയി (Biographical Subject), വായനാവിഷയി/ കർത്തൃത്വം (Reading Subject), ആധികാരിക വായനക്കാർ (Authoritative Reader), സാമൂഹിക ഉൽക്കർഷം (Social Good)

ആമുഖം

അതിർത്തികൾക്കു കുറുകെ സഞ്ചരിക്കുന്ന പരിവേഷകരാണ് വായനക്കാർ എന്ന് മൈക്കിൾ ഡിസെർട്ടു (De Certeau) നിരീക്ഷിക്കുന്നുണ്ട്. (qtd. Chartier 1995:133) അപരിചിതലോകങ്ങളെയും അപരാനുഭവത്തെയും തന്നിടങ്ങളിലേക്ക് കൊണ്ടുവരുന്ന ഈ പ്രവൃത്തിയെ ഇടം, ശീലം, ആംഗികം എന്നിവയുടെ ഉൾചേരലായി റോജർ ചാർട്ടിയർ സങ്കല്പിക്കുന്നുണ്ട്. (ibid.134) ഇന്ന് വായനയെ സംബന്ധിച്ച സർവലൗകികമായ തീർപ്പുകൾ അപ്രസക്തമാവുകയും ഈ പ്രവൃത്തിയുടെ വ്യതിരിക്തതയ്ക്ക് പ്രധാന്യം വരികയുമുണ്ടായി. വായനയെ സാമൂഹികവും ചരിത്രപരവുമായ ബന്ധങ്ങളാൽ നിർണയിക്കപ്പെട്ട ഒരു പ്രവൃത്തി എന്ന നിലയിൽ മനസ്സിലാക്കാനുള്ള ശ്രമങ്ങൾ വായനാചരിത്രം (History of reading) എഴുതുന്നതിൽ പ്രധാനമാണ്. വായനാചരിത്രത്തെ എന്ത് വായിച്ചു എന്നതിന്റെ ചരിത്രത്തിൽ നിന്ന് വേറിട്ടു മനസ്സിലാക്കേണ്ടതുണ്ട്. അതിനായി വായന എന്ന പ്രവൃത്തിയെ സാധ്യമാക്കുന്ന ശൃംഖലാബന്ധങ്ങളെ തിരിച്ചറിയണം. വായനായിടങ്ങളുടെ (Reading Space) വ്യതിരിക്തതയും അതിനെ പ്രാവർത്തികമാക്കുന്ന സാഹര്യങ്ങളെ നിർണയിക്കുന്ന ഘടകങ്ങളും വായനാചരിത്രമെഴുതുന്നതിൽ അനിവാര്യമാണെന്ന് എന്ന് മൈക്കിൾ ഡിസെർട്ടു നിരീക്ഷിക്കുന്നുണ്ട് (ibid.134). എഴുത്ത്, പുസ്തകം, അച്ചടി, പ്രസാധനം, പുസ്തകങ്ങളുടെ പ്രചരണം തുടങ്ങിയ വിപുലമായ ശൃംഖലാലോകം വായനയെ ഒരു മൂർത്തമായ അനുഭവമായി മനസ്സിലാക്കുന്നതിൽ നമ്മെ സഹായിക്കുന്നു. ഈ പ്രബന്ധത്തിന്റെ ആദ്യ ഭാഗത്തിൽ, മിഷണറി ജീവചരിത്രങ്ങളുടെ നിർമ്മാണത്തിൽ വായനയ്ക്കുള്ള പങ്കിനെ കുറിച്ച് അന്വേഷിക്കുന്നു.

വായനാചരിത്രത്തെ കുറിച്ചുള്ള ആലോചനകളിൽ ആദ്യമേ കടന്നുവരുന്ന

ചോദ്യമാണ് ആരായിരുന്ന വായനക്കാർ? (Who is the Reader?) വായിച്ചവരെ കുറിച്ചുള്ള അന്വേഷണത്തിലേക്കാണ് ഈ ചോദ്യം സഞ്ചരിക്കുക. എന്നാൽ പ്രബന്ധത്തിന്റെ രണ്ടാം ഭാഗത്തിൽ, വായനക്കാരെയും വായനാവിഭവത്തെയും എങ്ങനെയാണ് എഴുത്തുകാരൻ/ ജീവചരിത്രകാരൻ സങ്കല്പിച്ചത് എന്ന് ആദ്യകാല ജീവചരിത്രരചനകളെ മുൻനിർത്തി പരിശോധിക്കാനാണ് ശ്രമിക്കുന്നത്. 'ആധികാരിക വായനക്കാർ' (Authoritative Reader) എന്ന നിലയിൽ ജീവചരിത്രകാരന്മാരും ജീവചരിത്രങ്ങളുടെ മുൻകുറിപ്പുകൾ എഴുതിയവരും ജീവചരിത്രവായനവഴി ലഭ്യമാവുന്ന ഗുണങ്ങൾ അക്കമിട്ടു നിരത്തുകയും ജീവചരിത്രങ്ങളെ വിവിധ രൂപകങ്ങൾ മുൻനിർത്തി ആലോചനയ്ക്കെടുക്കയും ചെയ്തതത് എങ്ങനെ എന്ന് അന്വേഷിക്കുന്നു.

മിഷണറി ജീവചരിത്രങ്ങളും വായനാകർത്തൃത്വങ്ങളും (reading Subjects)

മിഷണറി വ്യവഹാരങ്ങളിൽ വായന എന്ന പ്രക്രിയയ്ക്ക് സവിശേഷമായ പ്രാധാന്യമുണ്ട്. ഇവിടെ വായനയുടെ നില്പ് ഇടം (space), സമുദായം (Community) എന്നീ സംവർഗങ്ങളുമായി ബന്ധപ്പെട്ടാണ്. വായനയെ സംബന്ധിച്ച സർവലൗകിക (universal) ധാരണകളെ ഒഴിവാക്കിക്കൊണ്ട് ഈ പ്രത്യേക സന്ദർഭത്തിൽ വായനയുടെ പ്രയോഗങ്ങൾ എങ്ങനെ എന്ന് നോക്കാം. മിഷണറി പ്രവർത്തനങ്ങളിലെ പ്രധാന വായനാവിഭവം ബൈബിൾ ആണെന്ന കാര്യം സുവിദിതമാണ്. ആദ്യകാല മലയാള നോവലുകളിൽ വിശിഷ്യ, കീഴാളജനത കഥാപാത്രങ്ങളാവുന്നവയിൽ ബൈബിൾ ഒരു വിമോചകരൂപമയി അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. *ഘാതകവധത്തിൽ*, ആറു ദിവസം പണിയെടുക്കുന്ന പുലയരായ കഥാപാത്രങ്ങൾ, ഏഴാംനാൾ പ്രാർഥനയ്ക്കായി മാറ്റിവെക്കുന്ന സന്ദർഭം വിവരിക്കുന്നുണ്ട്. ഇവിടെ കഥാപാത്രങ്ങൾ പണിയെടുത്തു മരിച്ചുപോവുക എന്ന ജീവിതക്രമത്തെ മറികടന്നുകൊണ്ട് തന്നെകുറിച്ചും പൂർവ്വപിതാക്കന്മാരെ കുറിച്ചും ചിന്തിക്കാനുള്ള നേരവും സ്ഥലവും കണ്ടെടുക്കുന്നുണ്ട്. അടിമജനതയ്ക്കിടയിൽ രൂപപ്പെട്ട സാമൂഹിക ഇടത്തെയും (Social Space) വിചിന്തനങ്ങളെയും കുറിച്ചുള്ള ആലോചനകളിൽ പ്രാർഥന, വായന എന്നീ പ്രവൃത്തികൾക്ക് പങ്കുണ്ടെന്നും അടിമസ്കൂളുകളും അടിമപള്ളിക്കൂടങ്ങളും കേന്ദ്രീകരിച്ചുള്ള ഈ പ്രവൃത്തികൾ പുതിയൊരു ഇടപാടുതറയെ നിർമ്മിക്കുകയും തുടർന്ന്, വായന വശമാക്കിയ അടിമജനത മനസ്സിനെയും ശരീരത്തെയും പുതിയതരത്തിൽ മനസ്സിലാക്കാൻ തുടങ്ങിയെന്നും സനൽമോഹൻ നിരീക്ഷിക്കുന്നുണ്ട്. (2015:47-48) വേ

ദപുസ്തകവായന ഒത്തുചേരലിനുള്ള അവസരമാവുകയും അതിലൂടെ ജീവിതത്തെ കുറിച്ചുള്ള പുതിയ സങ്കൽപങ്ങളും ആശയങ്ങളും ഭാവനകളും നിർമ്മിക്കപ്പെട്ടു. വായനയും പുസ്തകവും കീഴാളരുടെ അനുഭവലോകത്തിന്റെ ഭാഗമായതോട് കൂടി ശ്രേണിബദ്ധമായ ക്രമങ്ങൾക്ക് വിള്ളലേറ്റു. സാംസ്കാരിക മൂലധനം ആർജിക്കാൻ ഉള്ള ജനതയുടെ വഴികളാണ് ഇവിടെ തെളിയുന്നത്. വേദപുസ്തവായന സാക്ഷരത യുടെ മാനദണ്ഡമായും അത് ആർജിക്കാനായി കഥാപാത്രങ്ങൾ നടത്തുന്ന പരിശ്ര മങ്ങളും ഈ നോവലുകളിൽ കാണം. ബൈബിൾ വായനയ്ക്ക് വിവിധ വഴികളുണ്ട്. സ്വകാര്യമായ ഒരു പ്രവൃത്തിയായി അതിനെ ചുരുക്കാൻ കഴിയില്ല. *ഘാതകവധ* ത്തിൽ മറിയം പല മനുഷ്യർക്കായി ബൈബിൾ വായിച്ചു കൊടുക്കുന്ന രംഗങ്ങളുണ്ട്. മിഷണറി പ്രവർത്തനങ്ങളിൽ ദൈവവചനം വായിച്ചു കൊടുക്കുന്ന (പ്രത്യേകിച്ച് അടിമജനതയ്ക്കിടയിൽ) നിരവധി സന്ദർഭങ്ങളുണ്ട്. വായിക്കാൻ പഠിച്ച ഒരു അടിമ മറ്റുള്ളവർക്ക് വായിച്ചു കൊടുക്കുന്നതിലൂടെ സാമൂഹിക കൂട്ടായ്മയെ ശക്തിപ്പെടുത്തു ന്നു. അതുക്കൊണ്ട് തന്നെ ഇന്ന് നാം മനസ്സിലാക്കുന്ന സ്വകാര്യ വായനയുടെ വംശാ വലിയിലേക്കുള്ള അന്വേഷണം മാത്രമായി വായനാചരിത്രത്തെ ചുരുക്കാൻ കഴിയി ല്ല. വായനയുടെ ബഹുവിധമായ രീതികളിലേക്ക് കടന്നുചെല്ലേണ്ടതുണ്ട്. അത്തരം ഒരു സാധ്യത മിഷണറി ജീവചരിത്രങ്ങളിൽ കാണാൻ കഴിയും.

മിഷണറി പ്രവർത്തനങ്ങളിൽ ബൈബിൾ വായനയോടൊപ്പം പ്രധാന്യം അർഹിക്കുന്ന മേഖലയാണ് മിഷണറി ജീവചരിത്രങ്ങളുടേത്. മിഷണറി ഗദ്യത്തിന്റെ ചർച്ചകളിൽ തിരസ്കരിക്കപ്പെട്ട ഈ മേഖല, മലയാളജീവചരിത്രങ്ങളുടെ ആദ്യകാല ധാരകളിലൊന്നാണ്. ട്രാക്ട് സൊസൈറ്റികൾ, പത്രമാസികകൾ എന്നിവ വഴിയാ യിരുന്നു മിഷണറി ജീവചരിത്രങ്ങളുടെ പ്രചാരം. മിഷണറികളുടെ ട്രാക്ട് വിതരണം മലയാളക്കരയിലെ ആദ്യ 'ജനസമ്പർക്കപരിപാടി'യെന്ന (ദേവിക, 1993:48) നിലയിലും എഴുത്തധികാരത്തിനു പുറത്തു നിന്നിരുന്ന കീഴാളജനതയെ അച്ചടിക്ക പ്പെട്ട അക്ഷരങ്ങളുമായി ബന്ധിപ്പിച്ച കണ്ണിയെന്ന നിലയിലും പ്രധാനപ്പെട്ടതാണ് (വിനിൽ, 2021:493-02). മംഗലാപുരം കേന്ദ്രീകരിച്ചുള്ള ബാസൽ മിഷൻ ട്രാക്ട് സൊസൈറ്റി നിരവധി ജീവചരിത്രങ്ങളും മറ്റു വൈജ്ഞാനിക ഗ്രന്ഥങ്ങളും പ്രസി ദ്ധീകരിച്ചിട്ടുണ്ട്. ജീവചരിത്രസാഹിത്യത്തിൽ (ജോർജ്, 1964) പരാമർശിക്കപ്പെടാ തെ പോയ മിഷണറി ജീവചരിത്രങ്ങളിൽ വായന എന്ന പ്രക്രിയയെ കുറിച്ചുള്ള ചില സവിശേഷ ആലോചനകൾ കടന്നുവരുന്നുണ്ട്.

ആദ്യകാല മിഷണറി ജീവചരിത്രങ്ങളുടെ രചനയ്ക്ക് പിന്നിൽ പ്രവർത്തിച്ചത് സുവിശേഷകവൃത്തിയാണ്. ഇവിടെ, പ്രബോധകനാകാൻ തയ്യാറെടുക്കുന്നയാൾ ഹസ്താർപ്പണ ചടങ്ങിനു സന്നിഹിതരായവർക്കു മുന്നിൽ തന്റെ സ്വജീവചരിത്രം അവതരിപ്പിക്കുന്നു. 1879-ൽ പ്രസിദ്ധീകരിച്ച മലയാളഭാഷയിലെ ആദ്യത്തെ ആത്മകഥയായ *യാക്കോബ് രാമവർമ്മൻ എന്ന സ്വദേശബോധകന്റെ ജീവചരിത്രം* 1856-ൽ പ്രഭാഷണമായിട്ട് ഹസ്താർപ്പണ ചടങ്ങിൽ അവതരിപ്പിച്ചതാണ്. തുടർന്ന് 1874 ൽ ബാസൽ മിഷന്റെ കേരളോപകാരിയിൽ ഇത് പ്രസിദ്ധപ്പെടുത്തി. 1888 ൽ റവ. ജെ. ക്ലോബ്ളക് എഴുതിയ *യോസഫ് യാക്കോബി എന്ന സ്വദേശബോധകന്റെ ജീവചരിത്രം* ബാസൽ മിഷൻ മംഗലാപുരം പ്രസ്സിൽ നിന്നാണ് അച്ചടിച്ചത്. യോസഫ് യാക്കോബിയുടെ ജീവചരിത്രവും രൂപം കൊള്ളുന്നത് ഹസ്താർപ്പണ ചടങ്ങിൽ നിന്നുതന്നെയാണ്. പാലക്കാട്ടു വെച്ച് ഉപദേശിയായ പോൾ ഇട്ടിരച്ചൻ മരിച്ചത് കൊണ്ടും മറ്റുള്ളവർക്ക് സൗഖ്യക്കേട് ഉള്ള സാഹചര്യത്തിൽ ബാസൽ മിഷന്റെ കമ്മട്ടിയാരിൽ നിന്നു യാക്കോബിക്ക് പാതിരി ഹസ്താർപ്പണം നൽകണമെന്ന് ഉപദേശം ഉണ്ടായി. ഹസ്താർപ്പണ സന്ദർഭത്തെ കുറിച്ച് ഉള്ള വിവരണം നോക്കുക:

രാജസന്നിധാനേ പാടിയ ശേഷം രേകൂപദേഷ്ടാവു ന്റെ സങ്കീർത്തനം വായിച്ചു പ്രാർത്ഥിച്ചതിൽ പിന്നേ ശൌഫ്ലർ ബോധകർ ഫ. കൊറി. – - - എന്ന വാക്കുകളെ ആധാരമാക്കി "ബോധകസ്ഥാനം മധ്യസ്ഥസ്ഥാനമല്ല ഒരു ശുശ്രൂഷയത്രേ" എന്നതിനെ കുറിച്ചു പ്രസംഗിച്ചു. അനന്തരം യോസേഫയ്യൻ തന്റെ ജീവചരിത്രത്തെ ചുരുക്കത്തിൽ വായിച്ചതിൽ പിന്നെ .... (പുറം. 23)

ഇവിടെ ചടങ്ങിലെ പ്രധാനഭാഗം സ്വജീവിതവായനയാണ്. തന്റെ പ്രവർത്തനങ്ങളെ കുറിച്ചും സുവിശേഷകവൃത്തിയിലെ കാതലായ സംഭവങ്ങളെക്കുറിച്ചുമുള്ള ഈ വിവരണങ്ങൾക്ക് സാക്ഷ്യപ്പെടുത്തലുകളുടെ (testimonial) സ്വഭാവമുണ്ട്. താൻ തരണം ചെയ്ത വിഷമഘട്ടങ്ങളെ കുറിച്ചുള്ള ഈ സാക്ഷ്യപ്പെടുത്തലുകൾ ജീവിതവഴികളെ കുറിച്ചുള്ള വീണ്ടുവിചാരങ്ങളിലേക്ക് നയിക്കുന്നു. അച്ചടിമഷി പുരളുന്നതിനു മുൻപേ നടക്കുന്ന ഈ വായന, ചടങ്ങുമായി ബന്ധപ്പെട്ട വിശ്വാസമൂഹത്തെയാണ് അഭിസംബോധന ചെയ്യുന്നത്. ഈ പരസ്യവായന പ്രഭാഷണ രൂപേണയായിരിക്കാം കേൾവിക്കാരിൽ എത്തുന്നത്. പിന്നീട്, കൂട്ടിചേർക്കലോടുകൂടി പ്രസിദ്ധീകരിക്കുകയും സ്വകാര്യമായ വായനായിടങ്ങളിലേക്ക് എത്തുകയും ചെയ്യുന്നു. ഇവിടെ വായനയ്ക്ക് അർത്ഥോത്പാദനത്തിൽ കവിഞ്ഞുള്ള ധർമ്മങ്ങളുണ്ടെ

ന്നത് വ്യക്തമാണ്. വായനയിലൂടെ വിഷയി സ്വന്തം ആത്മത്തെ പുതുരൂപത്തിൽ കാണുന്നു. വായനാവിഭവത്തോടുള്ള സവിശേഷബന്ധവും പ്രതികരണവും ഇവിടെ ആത്മത്തെ നിർണയിക്കുന്നുണ്ട്. സുവിശേഷകൻ എന്ന കർതൃസ്ഥാനത്തിലേക്കുള്ള പ്രവേശനമായ ഹസ്താർപ്പണത്തിലെ പ്രധാന പ്രവൃത്തിയായി വായന നിലകൊള്ളുകയും വിഷയിയുടെ വീണ്ടുവിചാരങ്ങൾക്കുള്ള ഉപാധിയായി മാറുന്നു.

ജീവചരിത്രങ്ങളും ആധികാരിക വായനക്കാരും

മലയാളഭാഷയിൽ ജീവചരിത്രങ്ങൾ എഴുതപ്പെട്ടു തുടങ്ങുന്ന പത്തൊമ്പതാംനൂറ്റാണ്ടിന്റെ അവസാനദശകങ്ങളിൽ തന്നെ ജീവചരിത്രം എന്ന ജനുസ്സിനെ സംബന്ധിച്ച ചർച്ചകളും ആരഭിക്കുന്നുണ്ട്. ജീവചരിത്രങ്ങളുടെ 'ആധികാരിക വായനക്കാർ' എന്ന നിലയിൽ ജീവചരിത്രകാരനും അവതാരികകളിലും പ്രസ്താവനകളിലും പ്രത്യക്ഷപ്പെടുന്ന സാഹിത്യനിപുണന്മാരും ജീവചരിത്രമെഴുത്തിന്റെ ചരിത്രം അവതരിപ്പിക്കാനും, തദ്ദേശീയർക്കിടയിൽ ഇത്തരമൊരു രചനീരീതിയുടെ അഭാവത്തിനു സൈദ്ധാന്തികവാദങ്ങൾ നിരത്താനും ശ്രമിച്ചിരുന്നു. *അക്ബർ* എന്ന നോവലിന്റെ അവതാരികയിൽ കേരളവർമ്മ, ചരിത്രഗ്രന്ഥനിർമാണത്തിൽ ഹിന്ദുക്കൾ കാണിക്കുന്ന അനാസ്ഥയെക്കുറിച്ച് പാശ്ചാത്യർ പറഞ്ഞത് ശരിവെച്ചുക്കൊണ്ട് ഹിന്ദുക്കൾ 'രസജ്ഞന്മാരായിരുന്നു' എന്നും 'ആനന്ദകരമായ വസ്തുകഥനങ്ങൾ', 'സുഗഭോഗങ്ങൾ' എന്നിവയിലാണ് ശ്രദ്ധയൂന്നിയതെന്നും 'വാസ്തവാർത്ഥത്തെക്കാൾ അതിശയോക്തിയിൽ വാസനപ്രകടിപ്പിക്കുന്നത് കൊണ്ട് ജനസാമാന്യത്തിന്റെ ചരിത്രത്തെ വിവരിക്കുന്നതിൽ മാത്രമല്ല, മഹാത്മകളുടെ ജീവിതചരിതങ്ങൾ എഴുതുന്നതിലും വൈമുഖ്യം' ഉണ്ടായിട്ടുണ്ടെന്ന് എഴുതുന്നു. (1894:iii-xvi)[1] സമാനമായി, ജി. പി പിള്ളയുടെ *Representatives of Indians*-ന്റെ മലയാള പരിഭാഷയായ *ഇന്ത്യയിലെ മഹാന്മാർ* എന്ന ജീവചരിത്രസമാഹാരത്തിനെഴുതിയ മുഖവുരയിൽ, നമ്മുടെയിടയിൽ ജീവചരിത്രമെഴുതി സൂക്ഷിക്കുന്ന സമ്പ്രദായമില്ലെന്ന് പരിതപിക്കുകയും 'വാസ്തവമായ പൂർവചരിത്രത്തിന്റെ ജ്ഞാനം മനുഷ്യഭിവൃദ്ധക്ക് ആവശ്യമുള്ളതാണന്ന് പൗരസ്ത്യർ ധരിച്ചിട്ടിലെന്നും പാശ്ചാത്യർക്ക് സിദ്ധിച്ച ഉൽക്കർഷത്തിന്റെ കാരണം ഈ പൂർവ്വസ്ഥിതിയുടെ അറിവു തന്നെ' എന്നും കൂട്ടിച്ചേർക്കുന്നു. (1928:i-ix) ജീവചരിത്രത്തിലെ പരിശ്രമചിന്തകൾ പടിഞ്ഞാറിന്റെ ഒരു സവിശേഷതയായി പലമട്ടിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. 1908-ൽ ഇംഗ്ലീഷ് സ്കൂൾ അധ്യാപകനായിരുന്ന കേ. ഗോ

വിന്ദൻ തമ്പി എഴുതിയ *തോമസ് ആൽവാ എഡിസൺ മഹാനായ യന്ത്രനിർമ്മാതാവ്* എന്ന ജീവചരിത്രത്തിന്റെ പ്രസ്താവനയിൽ എം. ഉദയവർമ്മ ഇങ്ങനെ നിരീക്ഷിക്കുന്നു.

ഇംഗ്ലീഷ് വിദ്യാഭ്യാസംകൊണ്ട് ജനങ്ങളുടെ ഇടയിൽ ബുദ്ധിസംസ്കാരം ക്രമേണ വർദ്ധിക്കുന്നുണ്ടെങ്കിലും പാശ്ചാത്യരുടെ ഗ്രഹണശക്തിയും പരിശ്രമശീലവും നാട്ടുകാരിൽ പ്രതിഫലിക്കുന്നത് വളരെ അപൂർവമാകുന്നു. അതിനാൽ യൂറോപ്പിലും അമേരിക്കയിലും വിശിഷ്ടമായ വൃത്തികൊണ്ട് മഹായശസ്വികളായി തീർന്നിരിക്കുന്ന മഹാന്മാരോട് സദൃശന്മാരായിരിപ്പാൻ ഇൻഡ്യയിലെ കലാശാല സന്താനങ്ങൾക്കു സാധിക്കുന്നില്ല. (പുറം.1)

ഗദ്യം/പദ്യം, ചരിത്രം/ഐതീഹ്യം, വാസ്തവം/അതിശയോക്തി, പരിശ്രമം/അലസത എന്നീ ആധുനികത നിർമ്മിച്ച വിപരീതദ്വന്ദ്വങ്ങൾ പ്രകടമായിതന്നെ ആദ്യകാല എഴുത്തുശ്രമങ്ങളിൽ കടന്നുവരുന്നുണ്ട്. ജീവചരിത്രമെഴുത്തിനെ സംബന്ധിച്ച ഓറിയന്റലായ ധാരണകൾ കേരളവർമ്മയുൾപ്പെടെയുള്ള ആധികാരിക വായനക്കാരുടെ ഈ ചർച്ചകളിൽ ആവർത്തിക്കുന്നുണ്ട്. തിരുവിതാംകൂർ പാഠപുസ്തകകമ്മിറ്റിയുടെ അധ്യക്ഷനായി സ്ഥാനമേറ്റതിനെ തുടർന്ന് പാഠപുസ്തകനിർമ്മാണത്തിനായി വിവിധ വൈജ്ഞാനിക മേഖലകളിലേക്ക് കേരളവർമ്മ ശ്രദ്ധതിരിക്കുന്നുണ്ട്. ഭാഷയിലെ ഗദ്യപുസ്തകങ്ങളുടെ അഭാവം ഊന്നി പറയുകയും ഗദ്യപുസ്തകങ്ങൾക്ക് 'ലോകോപകാര' പ്രഥമായ ഗുണങ്ങളുണ്ടെന്നും കേരളവർമ്മയെഴുതി. ഗദ്യപുസ്തകളുടെ അഭാവം പരിഹരിക്കാൻ ശാസ്ത്രം, ചരിത്രം എന്നീ വിഷയങ്ങളിലൂന്നിക്കൊണ്ട് പുസ്തകനിർമ്മാണം വ്യാപകമാക്കി. ബ്രിട്ടന്റെ ഭരണക്രമീകരണവും മിഷണറികളുടെ സാംസ്കാരിക സംഭാവനകളും പാശ്ചാത്യ അറിവ് അഥവാ 'പിലാത്തി ശാസ്ത്രത്തിന്' സമൂഹത്തിൽ കിട്ടിയ പ്രചാരം പാഠപുസ്തക നിർമാണത്തെയും സ്വാധീനിച്ചു. ഈ സന്ദർഭത്തിൽ തന്നെയാണ് ഭാഷയിൽ ജീവചരിത്രങ്ങൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യം തിരിച്ചറിയപ്പെട്ടു തുടങ്ങിയത്. 1885-ലെ *മഹച്ചരിതസംഗ്രഹവും* 1889-ലെ *വിക്ടോറിയചരിതസംഗ്രഹം* എന്ന പദ്യരൂപത്തിലുള്ള ജീവചരിത്രരചനയും കേരളവർമ്മയെ ജീവചരിത്രമെഴുത്ത് സമ്പ്രദായത്തിന്റെ തുടക്കകാരിലൊരാളായി അവരോധിക്കുന്നതിനു കാരണമായി. ജീവചരിത്രമെഴുത്തിന്റെ ആദ്യകാല ശ്രമങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട യത്നമായിരുന്നു *മഹച്ചരിതസംഗ്രഹം*. *മഹച്ചരിതസംഗ്രഹത്തി*ന്റെ രചനയ്ക്ക് പിന്നിലെ സംഭവങ്ങളെ കുറിച്ച് കൃതിയുടെ പ്രസ്താവനയിൽ കേരളവർ

മ്മ വിവരിക്കുന്നുണ്ട്. നാടുനീങ്ങിയ വിശാഖം തിരുനാൾ മഹാരാജാവ് അലക്സാണ്ഡർ, ആല്ഫ്രെഡ്, ആർക്കിമിഡിസ്, അരിസ്റ്റോട്ടിൾ, ബേക്കൺ, എന്നീ അഞ്ചു മഹാന്മാരുടെ ചരിത്രങ്ങളെ സംക്ഷേപിച്ചു സ്വഹസ്തത്താൽ തന്നെ ലേഖനം ചെയ്ത ഏതാനും കടലാസുകൾ 1880 ജൂലൈ 4 ന് ഇംഗ്ലീഷിൽ ഒരു തിരുവെഴുത്തോടു കൂടി കേരളവർമ്മയ്ക്ക് അയച്ചു. ആ തിരുവെഴുത്തിൽ മാണ്ഡറുടെ ഇംഗ്ലീഷിൽ എഴുതീട്ടുള്ള 'മഹച്ചരിത ഭാണ്ഡാഗാരം' എന്ന പുസ്തകം മലയാളത്തിൽ സംഗ്രഹിച്ച് എഴുതി ഉണ്ടാക്കുന്നതിനു ശ്രമിച്ചിരുന്നുവെന്നും അപ്രകാരം ഒരു പുസ്തകം നമ്മുടെ പള്ളിക്കൂടങ്ങളിൽ പാഠത്തിനായി ഉപയോഗിച്ചാൽ ' ദൃഷ്ടാന്തങ്ങളെ കാണിച്ചു കൊടുക്കുന്നതു കൊണ്ട് നമ്മുടെ യുവജനങ്ങൾക്കു സ്വഭാവസിദ്ധമായി മനസ്സിലുണ്ടായിരിക്കാവുന്ന ശ്രേഷ്ഠങ്ങളും ധർമ്മ്യങ്ങളുമായ വിചാരങ്ങളുടെ അങ്കുരങ്ങളെ പോഷിപ്പിക്കയാകുന്ന ഒരു വിശിഷ്ടഫലം സകാലാവസായിയായി ജനിക്കാനിടയുണ്ടെന്ന് എനിക്കു തോന്നി.' എന്നും സൂചിപ്പിക്കുന്നു. (1895:1) എന്നാൽ ആരോഗ്യസ്ഥിതി മോശമായതിനെ തുടർന്ന്, കേരളവർമ്മ ഇത് ഏറ്റടുക്കുകയും നാല്പതോളം പേരുടെ ചരിത്രസംഗ്രഹം പരസഹായം കൂടാതെ എഴുതി തീർക്കുകയും ചെയ്തു. അതിൽ നിന്നും പത്തുപേരുടെ ചരിത്രം പുസ്തകമായി പി. ഗോവിന്ദപ്പിള്ള അച്ചടിപ്പിക്കുകയും പള്ളിക്കൂടങ്ങളിൽ പാഠപുസ്തകമായി ഉപയോഗിക്കുകയും ചെയ്തു. കുട്ടികളുടെ സ്വഭാവത്രൂപീകരണത്തിൽ ശ്രദ്ധയൂന്നിയ ഈ ജീവചരിത്രങ്ങളിൽ അക്ബർ, അലക്സാണ്ഡർ, അരിസ്റ്റോട്ടിൽ, ഫ്രാൻസിസ് ബേക്കൺ തുടങ്ങി ലോകം അറിയപ്പെടുന്ന മഹദ് വ്യക്തികളാണ് സ്ഥാനം പിടിച്ചത്. ആധുനിക സ്റ്റേറ്റിനായി പ്രവർത്തിക്കുന്ന ബ്യൂറോക്രസിയെ നിർമിച്ചെടുക്കുന്നുള്ള ശ്രമം ഈ ജീവചരിത്രമെഴുത്തിലുണ്ട്. സ്ഥിരോത്സാഹികളും, കഠിനധ്വാനികളുമായ പൗരബോധം തുളുമ്പുന്ന ഒരു ജനതയെ ഈ ജീവചരിത്രങ്ങൾ വിഭാവന ചെയ്യുന്നു. ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭം മുതൽക്കുള്ള ജീവചരിത്രങ്ങളുടെ ആമുഖങ്ങൾ ജീവചരിത്രവായനമൂലമുള്ള ഗുണങ്ങൾ ആവർത്തിച്ചു പറയുന്നുണ്ട്. അതൊരു പരസ്യവാചകമായി തന്നെ വായനക്കാർക്ക് മുന്നിൽ അവതരിപ്പിക്കുന്നു.

ജീവചരിത്രപാരായണവും ഉല്ക്കർഷവും

ആദ്യകാല മലയാള നോവലുകളിൽ, വായന എന്ന പ്രക്രിയ ഒരു സാംസ്കാരിക അനുഭവമെന്ന നിലയിൽ സ്ത്രീകഥാപാത്രങ്ങളുടെ കർത്തൃഘടനയെ നിർണയിച്ചിരുന്നു. പുസ്തകം വായിക്കുന്ന സ്ത്രീകളെ ഈ കൃതികളിൽ നാം നിരന്തരം കണ്ടുമുട്ടുന്നു.

ഇതേ കാലയളവിൽ തന്നെ വായിക്കുന്ന സ്ത്രീകൾ അധ:പതിക്കുമെന്ന ചിന്ത ഫിക്ഷനിലും സമൂഹത്തിലും വ്യാപകമായി തീർന്നു. ഫിക്ഷൻ വായന വഴി സ്ത്രീകൾ ദിവാസ്വപ്നത്തിലേക്ക് (daydreaming) വഴുതി വീഴുമെന്നും അതോട് കൂടി തങ്ങളുടെ കടമകൾ നിറവേറ്റുന്നതിൽ പര്യാപ്തരല്ലാതാവും എന്ന ആകുലത സമൂഹം പുലർത്തിയിരുന്നു. (Venkatachalapathi 2012:88-92; Meera 2014 101-17). നോവലും കാവ്യങ്ങളും വായിക്കുന്ന സ്ത്രീകളുടെ സാന്നിധ്യം പ്രകടമായിരുന്ന അക്കാലത്ത്, ജീവചരിത്രവായന ആൺവായനയുടെ മണ്ഡലം എന്ന നിലയിൽ പ്രവർത്തിച്ചിരുന്നു. മലയാളത്തിലെ ആദ്യകാല നോവലുകളിലൊന്നായ *കമലത്തിലെ* ഈ സന്ദർഭം നോക്കുക:

അമ്മയുമായുണ്ടായ സംഭാഷണത്തിനു ശേഷം വേണുഗോപാലന്റെ നിശ്ചയത്തിനു ഒന്നുകൂടി ഉറപ്പു കൂടി. തനിക്കീ വക ദുർബുദ്ധി ബാധിക്കരുതെന്നു തീർച്ചയാക്കി. പെട്ടെന്നെഴുന്നേറ്റു പോയി ഊൺ കഴിച്ചു. വീണ്ടും മുറിയിൽ ചെന്നുകിടക്കാതെ കോലായയിൽ അങ്ങുമിങ്ങും നടന്നുകൊണ്ടിരുന്നു. ഇങ്ങിനെ കുറെനേരം നടന്ന ശേഷം മുറിക്കകത്തു ചെന്നു "നെപ്പോളിയന്റെ ജീവചരിത്രം" എന്ന പ്രസിദ്ധപ്പെട്ടൊരിംഗ്ലീഷു പുസ്തകം പഴയതവിടെയുണ്ടായിരുന്നതെടുത്തു ജനലും വാതിലും തുറന്ന് നല്ല വണ്ണം നിവർന്നിരുന്നു വായിച്ചു തുടങ്ങി..... (മന്നാടിയാർ, 1924 :239)

വേണുഗോപാലൻ, കമലം എന്നീ കഥാപാത്രങ്ങൾ തമ്മിലുള്ള ഗാഢപ്രണയം പ്രമേയവത്കരിക്കുന്ന നോവലാണ് കമലം. ഇരുവരും തമ്മിലുള്ള പ്രണയംമൂലം കുടുംബകാർക്കിടയിൽ വന്നു ചേരാവുന്ന പ്രശ്നങ്ങളെക്കുറിച്ച് ആലോചിച്ച് വ്യസനിക്കുന്ന വേണുഗോപാലൻ, പ്രണയത്തിൽ നിന്ന് പിന്തിരിയാൻ മനസ്സിനെ സദാ പ്രേരിപ്പിക്കുന്നു. ഇയാൾ നാടുവിട്ടു പോവാനോ ആത്മഹത്തിക്കോ ഒരുമ്പെടുന്നില്ല. പകരം മനസ്സിന് ശക്തി പകരാനും ചപല വികാരങ്ങളിൽ നിന്ന് മുക്തനാവാനും പരിശ്രമിക്കുന്നു. ഈ സന്ദർഭത്തിലാണ് വേണുഗോപാലൻ നെപ്പോളിയന്റെ ജീവചരിത്രം വായിക്കുന്നത്. നെപ്പോളിയന്റെ ജീവചരിത്രം അനുരാഗം മൂലമുള്ള വിവശതകൾ, ചാപല്യങ്ങൾ എന്നിവയെ മറികടക്കാനും ലക്ഷ്യോന്മുഖമായ ജീവിതരീതി പിൻപറ്റാനുമുള്ള ഉപകരണമായി മാറുന്നു. ജീവചരിത്രവായനയെ ഒരു ദിനചര്യ എന്ന നിലയിൽ തുടരുകയും നെപ്പോളിയനെ പോലെ ലോകം അറിയുന്ന ഒരാളായി മാറണം എന്ന് വേണുഗോപാലൻ ആഗ്രഹിക്കുന്നു. ഇതേ നോവലിൽ തന്നെ, പഠനത്തിനായി മദ്രാസിലേക്കുള്ള തന്റെ മടക്കയാത്രയിൽ വേണുഗോപാലൻ ട്രെയിനിൽ വെച്ച് ഒരു ഇംഗ്ലീഷ് നോവൽ വാങ്ങുകയും വായനയിൽ മുഴുകുകയും ചെയ്യുന്ന

രംഗം ഉണ്ട്. ഇവിടെ, നോവലിന് തന്റെ ജീവിതത്തോടുള്ള സാധർമ്മ്യം അയാളെ അസ്വസ്ഥനാക്കുകയും കോപംമൂലം അയാൾ നോവൽ വലിച്ചെറിയുകയുമുണ്ടായി. ജീവചരിത്രം, നോവൽ എന്നീ വിഭാഗങ്ങൾക്ക് ഇവിടെ വിരുദ്ധ സ്ഥാനമാണുള്ളത്. നോവൽ ദിവാസ്വപ്നത്തിനും നേരമ്പോക്കിനുമുള്ള ഉപാധിയാവുമ്പോൾ ജീവചരിത്രം നിശ്ചയദാർഢ്യം, അചഞ്ചലത തുടങ്ങിയ സമൂഹം നിഷ്കർഷിക്കുന്ന മനോഗുണങ്ങളുടെ ഉറവിടമാവുന്നു. ഉത്കർഷവും ജീവചരിത്രപാരായണവും തമ്മിലുള്ള ഈ ബന്ധം ആദ്യകാല ജീവചരിത്രമെഴുത്ത് ശ്രമങ്ങളിൽ നിരന്തരമായി ആലോചനയ്ക്ക് വിധേയമായിട്ടുണ്ട്.

കെ. പി. കേശവമേനോൻ, തന്റെ ആത്മകഥയായ *കഴിഞ്ഞകാലത്തിൽ* ജീവചരിത്രവായനവഴി ജീവിതത്തിലെ പ്രതിസന്ധികളെ തരണം ചെയ്തതിനെ കുറിച്ചും യേശുക്രിസ്തുവിന്റെയും ബുദ്ധന്റെയും ജീവിതകഥ പല ആവർത്തി വായച്ചതിനെ കുറിച്ചുമെഴുതുന്നുണ്ട്. അദ്ദേഹത്തിന്റെ ജീവിതത്തെ സംബന്ധിക്കുന്ന തത്വവിചാരങ്ങളിൽ ജീവചരിത്രവായനയുടെ സ്വാധീനം പ്രകടമായിരുന്നു. ജീവിതത്തെ ക്രമപ്പെടുത്തി എടുക്കാനുള്ള ഒരു ഉപകരണം കൂടിയാണ് ജീവചരിത്രം എന്ന് പല പ്രമുഖ നേതാക്കളുടെയും ആത്മകഥകൾ പറയുന്നു. ആത്മകഥകളും ജീവചരിത്രങ്ങളും നേട്ടത്തിനുള്ള ദാഹം നമ്മിലുണ്ടാക്കുമെന്നും ശോഭനമായൊരു ഭാവിയിലേയ്ക്കുള്ള മാർഗം ജീവചരിത്ര പാരായണം വഴി സാധ്യമാവുന്നുവെന്ന് കെ. പി. എഴുതുന്നുണ്ട്. (1985:97-98)

1936-ൽ വെങ്കളം ജി. പരമേശ്വരപിള്ള എഴുതിയ ജീവചരിതസഞ്ചികയിലെ ഈ ഭാഗം നോക്കുക:

ഉല്ക്കർഷം പ്രാപിക്കുന്നതിനുള്ള ഒരു ഉത്തമമാർഗ്ഗം ആദർശ പുരുഷന്മാരുടെ മഹച്ചരിതങ്ങൾ പാരായണം ചെയ്കയാകുന്നു. ജീവിതചരിതങ്ങൾ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ഒരാളിന്, ഏതെങ്കിലും ഒരു മഹാനെപ്പോലെ തന്റെയും ജീവിതം നയിക്കണമെന്നു തോന്നാവുന്നതാണ്. ആ തോന്നലാകട്ടെ മനോരാജ്യം ആഗ്രഹം, ദൃഢവിചാരം, അചഞ്ചലനിശ്ചയം എന്നീ അവസ്ഥാന്തരങ്ങൾ തരണം ചെയ്ത് ജീവിതോദ്ദേശ്യം എന്ന ഘട്ടത്തിൽ എത്തുമ്പോഴേക്കും, സ്വാശ്രയ ശക്തിക്കു അയാൾ പരമപ്രാധാന്യം നൽകും ; ഉദ്ദേശ്യസിദ്ധിക്കായി വിശ്രമം കൂടാതെ പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നതിനു സന്നദ്ധനാകും; മദ്ധ്യേ മാർഗ്ഗം വന്നുചേരുന്ന പ്രതിബന്ധ സഹസ്രങ്ങളോട് സധൈര്യം എതിരിട്ടു പോരാടും; അപജയങ്ങളും ആപത്തുകളും അടിക്കടി ഉണ്ടായിക്കൊണ്ടിരുന്നാലും അവയിലൊന്നിലും മനം കലങ്ങാതെ, ഭഗ്നാ

ശനായി പിന്തിരിയാതെ, മുന്നോട്ടു മുന്നോട്ടുതന്നെ പൊയ്ക്കൊണ്ടിരിക്കും. ജീവചരിത്ര പാരായണം പരായണന്മാരെ സദാ ഉല്ക്കർഷോന്മുഖമായി നയിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടത്രേ മഹച്ചരിത കല്പവൃക്ഷങ്ങൾക്കു ഈ മഹീതലത്തിലെങ്ങുമുള്ള വിവിധ സാഹിത്യാരാമങ്ങളിൽ ഒരു ബഹുമാന്യസ്ഥാനം സംസിദ്ധമായിരിക്കുന്നത്. (പു. i-xxi)

ആധുനിക വ്യക്തിയെ സംബന്ധിച്ചുള്ള ചില ഉറച്ച ധാരണകൾ ഇവിടെ പ്രത്യക്ഷപ്പെടുന്നു. ദൃഢതയുള്ള, മനോനിശ്ചയമുള്ള, നിരന്തരവ്യവസായ ശീലമുള്ള പുരുഷനെയാണ് ഇവിടെ ആദർശപുരുഷനായി സങ്കല്പിക്കുന്നത്. ഇയാളെ മാതൃകയാക്കാനുള്ള ഉപദേശം കൂടി ജീവചരിത്രത്തിന്റെ ആധികാരിക വായനക്കാർ നൽകുന്നു. ഉല്ക്കർഷം പ്രാപിക്കാനുള്ള മാർഗം ഈ ആദർശപുരുഷന്മാരുടെ ജീവചരിത്ര പാരായണമാണ്. ജീവചരിത്രങ്ങളെ എങ്ങനെയാണ് വായനക്കാരൻ വായിക്കേണ്ടത് എന്ന ആലോചനയുമുണ്ടായിട്ടുണ്ട്. ഉദാഹരണത്തിനു എഡിസനെക്കുറിച്ചുള്ള ജീവചരിത്രം നോക്കുക. യന്ത്രനിർമ്മാതാവെന്നോ, ശില്പിയെന്നോ ധനവാനെന്നോ കരുതി അല്ല നാം ആ പുരുഷന്റെ ജീവിതം വായിക്കുകയും മാനിക്കുകയും ചെയ്യേണ്ടത് എന്നും "ജനനം മുതൽ നാളിതുവരെയുള്ള ജീവചരിത്രത്തിൽ നിന്ന് ഗ്രഹിക്കാനുള്ള സന്മാർഗതത്വങ്ങളെ ആകുന്നു നാം അധികം ആദരിക്കേണ്ടതെന്നെഴുതുന്നു." (1908:2)വായനക്കാരന്റെ ശീലം, സ്വഭാവം എന്നിവയെ പരിഷ്കരിക്കാനുള്ള ഉദ്യമത്തിനു കൂടെയാണ് ആധികാരിക വായനക്കാർ ശ്രമിച്ചിരുന്നത്. 1915-ൽ സാമുവൽ സ്മൈൽസിന്റെ *ക്യാരക്ടർ* എന്ന പുസ്തകത്തെ മുൻനിർത്തി എ. ഗോവിന്ദപിള്ള എഴുതിയ *ശീലത്തിൽ* ഉൽക്കർഷ പ്രാപിയ്ക്ക് നേതൃത്വം വഹിച്ചവരുടെ ജീവചരിത്രം പരിശോധിച്ചാൽ അവരെല്ലാവരും സുസ്ഥിരമായും, സംസ്കൃതമായുമുള്ള ശീലം സമ്പാദിച്ചിട്ടുള്ളവരായിരിക്കുമെന്ന് (1915:1) പറയുന്നു. കുമാരാനാശാൻ ജീവചരിത്രപഠനം എന്ന കുറിപ്പിൽ, ധർമ്മശാസ്ത്രങ്ങളോ വൈദികതത്വങ്ങളോ ലൗകികശാസ്ത്ര സിദ്ധാന്തങ്ങളോ കൊണ്ട് സിദ്ധിക്കാത്ത മനോനിശ്ചയമാണ് വാസ്തവ ജീവചരിത്രപഠനത്തിലൂടെ സിദ്ധിക്കുന്നതെന്ന് എഴുതുന്നുണ്ട്. (2012:346)എന്നാൽ, സർവംസ്വയമായ ഒരു വ്യക്തിയെയല്ല ഈ ജീവചരിത്രമെഴുത്ത് ശ്രമങ്ങൾ മുന്നോട്ട് വെച്ചത്. 1904-ൽ നായർ സമുദായ പരിഷ്കർത്താവും വിദ്യാഭ്യാസപ്രചാരകനുമായ കെ. പരമുപിള്ള ബുക്കർ ടി. വാഷിങ്ങ്ടണിനെ കുറിച്ച് മലയാളഭാഷയിൽ ഒരു ജീവചരിത്രമെഴുതുകയുണ്ടായി. 'പ്രയത്നം കൊണ്ടു ഐശ്വര്യം കാംക്ഷിക്കുന്ന ജനങ്ങൾക്ക് ഉപയോഗപ്രദമായ' അടിമത്തത്തിൽ നിന്ന് മേൽപെട്ട് എന്ന ഇംഗ്ലീഷ് ഭാ

ഷയിലെഴുതിയ കൃതി വായിച്ചതിനെ തുടർന്ന്, അതിന്റെ കർത്താവായ ബുക്കർ. ടി. വാഷിങ്ങ്ടണിനോട് തോന്നിയ ബഹുമാനമാണ് പരമുപിള്ളയ്ക്ക് ജീവചരിത്രമെഴുതാൻ പ്രേരണയായത്. സാമുദായിക അഭിവൃദ്ധിക്ക് പരിശ്രമിക്കുന്നവർക്ക് ഇതിൽ നിന്നും അനേകം തത്വങ്ങൾ ഗ്രഹിക്കാനുണ്ട് എന്നും സൂചിപ്പിക്കുന്നുണ്ട്. നായർ സമുദായ പരിഷ്കർത്താവ് സി. കൃഷ്ണപിള്ള തന്റെ ഷഷ്ടാബ്ദപൂർത്തിക്ക് സപ്താഹപാരായണത്തിനു പകരം നിലവിളക്ക് കൊളുത്തിവെച്ച് വാഷിങ്ങ്ടണിന്റെ ജീവചരിത്രം വായിച്ചതിനെ കുറിച്ച് മന്നത്ത് പത്മനാഭൻ തന്റെ ആത്മകഥയിലെഴുതുന്നുണ്ട്. (qtd.Kumar, 2016:249) ഇവിടെ വായനയ്ക്ക് ഒരു സെക്കുലർ സ്വഭാവം കൈവരുന്നു. സമുദായ പരിഷ്കരണത്തിനുള്ള പ്രധാന ഉപാധിയായി ജീവചരിത്രം മാറുകയും അതിനെ മാതൃകയാക്കുക വഴി മെച്ചപ്പെട്ട ജീവിതത്തിലേക്ക് (Good Life) കടക്കാൻ കഴിയും എന്ന ആലോചന ഈ സന്ദർഭത്തിൽ പരക്കെയുണ്ടായിട്ടുണ്ട്. സാമൂഹിക ഉല്ക്കർഷത്തെ കുറിച്ചുള്ള ചിന്തയും ഇക്കാലയളവിൽ സജീവമാവുന്നുണ്ട്. സർവസ്വതന്ത്രനായ വ്യക്തിയെ കുറിച്ചല്ല പൊതുവെ ഇന്ത്യ ജീവചരിത്രമെഴുത്ത് സംസാരിച്ചിട്ടുള്ളത്, സമൂഹത്തിൽ ആഴത്തിൽ വേരോടുന്ന ഒരാളുടെ ജീവിതചിത്രമാണ് അവ നൽകിയത്. അത് യൂറോപ്യൻ ജീവചരിത്രങ്ങളിൽ നിന്ന് വ്യത്യസ്തമായൊരു പ്രതലത്തെയാണ് അവതരിപ്പിച്ചത്. വാഷിങ്ങ്ടണിന്റെ ജീവചരിത്രനിർമ്മാണത്തിലും പരിശ്രമം എന്ന കേന്ദ്രപരികല്പന പ്രവർത്തിച്ചിട്ടുണ്ട്. "സ്ഥിരോത്സാഹം, സത്യനിഷ്ഠ, വർഗ്ഗാഭിമാനം, നിസ്വാർത്ഥത, നിരന്തരവ്യവസായം, " (1957:1) എന്നീ ഗുണങ്ങളുടെ പരിപൂർണതയിലാണ് ഇവിടെ മഹാപുരുഷനെ സ്ഥാനപ്പെടുത്തുന്നത്. എന്നാൽ ഈ ജീവചരിത്രത്തിന്റെ അടിസ്ഥാനം തത്വം "സ്വവർഗ്ഗോന്നതിയ്ക്കായിയുള്ള ഭഗീരഥപ്രയത്നം" ആണ്. അത് തന്നെയാണ് ഈ ജീവചരിത്രമെഴുത്തിനെ സാധ്യമാക്കിയത്. 1912-ൽ കെ. രാമകൃഷ്ണപിള്ള *ലോകോപകാരികളിൽ* പ്രസിദ്ധീകരിച്ച ബെഞ്ചമിൻ ഫ്രാങ്ക്ലിന്റെ ജീവചരിത്രത്തിന്റെ ആരംഭവും സമാനമാണ്.

തളർച്ച തട്ടാത്ത പരിശ്രമശീലത്താൽ ഭാഗ്യത്തിനുണ്ടാകാവുന്ന ഉയർച്ചയെയും; പതർച്ച പറ്റാത്ത സദാചാരനിഷ്ഠയാൽ ജീവിതത്തിനുണ്ടാകാവുന്ന ശ്രേഷ്ഠതയെയും തെളിച്ചു കാട്ടിക്കൊണ്ട്, അമേരിക്കൻ വൻകരയിൽ നിന്ന് ലോകമെങ്ങും പ്രകാശിക്കുന്നതായ ഒരു മഹാദീപസ്തംഭത്തെ ആർക്കു മറക്കുവാൻ കഴിയും! ... ഈ പുരുഷദീപകത്തിന്റെ ശോഭന ചരിതത്താൽ ലോകത്തിനു സിദ്ധിച്ചിരിക്കുന്ന ഉപകാരം അളവറ്റതു തന്നെയാണ്. (പുറം.1)

ആദ്യകാല മലയാള ജീവചരിത്രങ്ങളിൽ ജീവചരിത്രവായനയുടെ പ്രയോജനങ്ങൾ ആമുഖമായി തന്നെ വിശദീകരിക്കാറുണ്ട് എന്ന് മുന്നേ സൂചിപ്പിച്ചിരുന്നു. മലയാളി മധ്യവർഗത്തിന്റെ സാമൂഹികബോധം ഈ എഴുത്ത് ശ്രമങ്ങളെ നിർണയിച്ചിട്ടുണ്ട്. ജീവചരിത്രമെഴുത്ത് സാമൂഹിക പരിഷ്കരണശ്രമങ്ങളുടെ ഉപാധിയാവുന്ന സന്ദർഭത്തിലും മധ്യവർഗത്തിന്റെ സാംസ്കാരിക അഭിരുചികളെ പിന്തുടരുകയും ഉദ്യോഗസ്ഥമനോഭാവത്തെ പിൻപറ്റുകയുമുണ്ടായി. ഭൌതികമായ നേട്ടങ്ങൾക്കായി പടിഞ്ഞാറിനെ അനുകരിക്കുകയും ആത്മീയമണ്ഡലത്തിൽ ഭാരതത്തിന്റെ പൌരാണികതയിൽ അഭയം കൊള്ളുന്ന ഉഭയമനോഭാവം ജീവചരിത്രങ്ങളിൽ പ്രകടമാണ്. കെ. പരമുപിള്ള 1904-ൽ വാഷിങ്ങ്ടണിന്റെ ജീവചരിത്രത്തോടൊപ്പം, രാമകൃഷ്ണപരമഹംസരുടെ ജീവചരിത്രം എഴുതുകയും ആത്മീയ ജ്ഞാനത്തിനു ഈ ഗ്രന്ഥം സഹായകമാവുമെന്ന് നിർദേശിക്കുന്നുണ്ട്.

1908-ൽ മന്നത്ത് നാരായണൻ നായർ പ്രസിദ്ധീകരിച്ച *മലയാളത്തിലെ തലയാളികൾ* മലയാളികളുടെ ചരിതങ്ങളെ കുറിച്ച് ആലോചിക്കുന്നുണ്ട്. ഈ കൃതിയുടെ ആമുഖത്തിൽ ജീവചരിത്രമെഴുത്തിന്റെ ആവശ്യകതയെ കുറിച്ച് ഇങ്ങനെ നിരീക്ഷിക്കുന്നു :

> രാജ്യനിവാസികളായ ജനങ്ങൾക്കു ഏതൊരു പ്രകാരത്തിലെങ്കിലും നന്മ ചെയ്യുന്നതുതന്നെ സ്വജീവിതത്തിന്റെ പ്രധാനമായ ഉദ്ദേശ്യം എന്നു നിശ്ചയിച്ച് പ്രവർത്തിക്കുന്നവരെയും പ്രവർത്തിച്ചിട്ടുള്ളവരെയും ജനങ്ങൾ ഒരു നോട്ടം കൊണ്ടു മാത്രം അറിഞ്ഞിരുന്നാൽ പോരാ, ... പൊതുജനനന്മ കാര്യത്തിന്റെ ഏതെങ്കിലുമൊരു വിഭാഗത്തിൽ പ്രയത്നിച്ചു പോരുന്ന മാന്യന്മാരുടെ ചരിതങ്ങളെ അപ്പോഴപ്പോൾ ജനങ്ങളുടെ ആലോചനക്കു വിഷയീഭവിപ്പിക്കുക ആവശ്യമായിരിക്കുന്നത്. (പുറം. 1)

ഇവിടെ പൊതുജനനന്മ (Common Good) എന്ന ആശയത്തെ ഊന്നിയാണ് ജീവചരിത്ര വിഷയിയെ കണ്ടെത്തുന്നത്. അത്തരം പ്രവൃത്തികളിലേർപ്പെട്ട മനുഷ്യരുടെ ചരിതങ്ങൾ ജനങ്ങളുടെ ആലോചനയിലേക്ക് എത്തിക്കണം എന്ന ആവശ്യം ജീവചരിത്രമെഴുത്തിനുണ്ട്. പരിശ്രമത്തെ സാമൂഹിക നന്മയിലേക്കുള്ള മാർഗമാക്കാനുള്ള ആഹ്വാനവും കാണാം. കെ. രാമകൃഷ്ണപിള്ളയുടെ *ലോകോപകാരികൾ* എന്ന ജീവചരിത്രപരമ്പരയുടെ പ്രസ്താവനയിൽ ലോകത്തിന്റെ അഭ്യുദയത്തിനും ശ്രേയസ്സിനുമായി, ക്ലേശങ്ങൾ സഹിച്ചു കാലയാപനം ചെയ്തിട്ടുള്ളവരെയാണ് ലോകോപകാരികൾ എന്ന് വിളിക്കുന്നത്. ഇവരുടെ ജീവിതചരിതങ്ങൾ,

ലോകർക്കു, ഇഹലോകയാത്രയിൽ മാർഗദർശ്ശികളായി നിന്നു, പരമപ്രാപ്തിക്കുള്ള വഴി തെളിക്കുന്നു. എന്ന് കുറിക്കുന്നുണ്ട്. (1912:1) ജീവചരിത്രവായനയെ കുറിച്ച് കെ. എം. ജോർജ് ഇങ്ങനെ നിരീക്ഷിക്കുന്നുണ്ട്: മഹച്ചരിതമാല ശ്രദ്ധിച്ചു വായിക്കുന്ന ഒരു കുട്ടി, വായനയ്ക്കു ശേഷം കൂടുതൽ ഉൽകർഷേച്ചയും സമൂഹത്തിൽ കൂടുതൽ സ്വീകാര്യമായ വ്യക്തിയായി രൂപപ്പെടാതിരിക്കയില്ല എന്ന്. (1982:97).

ജീവചരിത്രവായനെ സംബന്ധിച്ച വിവിധ ആലോചനകൾ ഇവിടെ ചർച്ചയ്ക്ക് എടുക്കുകയുണ്ടായി. പൌരസമൂഹത്തിന്റെ രൂപീകരണ സന്ദർഭത്തിൽ സ്വഭാവക്രമീകരണത്തിനുള്ള മാർഗങ്ങൾ ജീവചരിത്രമെഴുത്ത് ഉത്പാദിപ്പിക്കുന്നുണ്ട്. വായനയിലൂടെ രൂപപ്പെടുന്ന ഒരു വിഷയിയെ ഈ ആലോചനകൾ എല്ലാം തന്നെ സങ്കല്പിച്ചെടുക്കുന്നുണ്ട് എന്ന് മുന്നേ സൂചിപ്പിച്ചല്ലോ. പുതിയ സാമൂഹിക ഭാവനകൾ രൂപപ്പെടുന്ന ഈ സന്ദർഭത്തിൽ മനുഷ്യനെ കുറിച്ച് ആലോചിക്കാനും അപരാനുഭവങ്ങൾക്ക് സ്വന്തം ജീവിതത്തിൽ സ്ഥാനം ഉണ്ട് എന്ന് മനസ്സിലാക്കാനും വ്യക്തികൾ ശ്രമിച്ചു തുടങ്ങി. മാതൃകാജീവിതങ്ങൾ അനുഭവങ്ങളുടെ പങ്കുവെപ്പിനു വേദിയാവുന്നു. ലോകത്തിന്റെ ഏതോ ഒരു കരയിലുള്ള ഒരു മഹദ് വ്യക്തിയുടെ ചെയ്തികൾ വിവിധ ദേശങ്ങളിലുള്ള മനുഷ്യന്റെ ജീവിതഭാവനയെ നിർണയിക്കുകയും അയാളുടെ ജീവിതം വായിക്കപ്പെടേണ്ടതാണെന്ന് മനുഷ്യർ തിരിച്ചറയുകയും ചെയ്യുന്നു. മാനുഷികത എന്ന ആശയത്തിന്റെ പൊരുൾ ഈ ജീവചരിത്രങ്ങളിൽ കടന്നുവരുന്നു. ലോകോപകാരിയായ മനുഷ്യർ, തങ്ങളുടെ ജീവിതകാലയളവിൽ നടത്തുന്ന പരിശ്രമങ്ങളിൽ മനുഷ്യസമുദായത്തെ മുന്നോട്ട് ചലിപ്പിക്കുന്ന ആലോചനകളും പ്രവൃത്തികളും ഉണ്ട്. മനുഷ്യസംബന്ധമായ ഈ ചെയ്തികളിൽ ഒരു സമൂഹം ശ്രദ്ധ കല്പിക്കുന്നത് പെട്ടെന്ന് ഉണ്ടായ ഒരു ഉൾപ്രേരണയിൽ നിന്നല്ല. സംഘർഷങ്ങളും വൈരുദ്ധ്യങ്ങളും നിറഞ്ഞ ഈ പ്രക്രിയയെ പ്രശ്നവത്കരിക്കാനാണ് ഇവിടെ മുഖ്യമായും ശ്രമിച്ചത്.

ഉപസംഹാരം

വായനാചരിത്രമെഴുത്തിൽ വായനയുടെ വ്യത്യസ്തരീതികളെ മനസ്സിലാക്കുകയും അതുമായി ബന്ധപ്പെട്ട ശൃംഖലകളെ തിരിച്ചറിയുകയും ചെയ്യുക പ്രധാനമാണ്. സ്വകാര്യവായന എന്ന വായനയുടെ ഒരു സ്വഭാവത്ത മുൻനിർത്തി വായനയുടെ ജീനിയോളജി അന്വേഷിക്കുന്നത് ഭ്രഷണമല്ല. ആദ്യകാല മിഷണറി ജീവചരിത്രങ്ങളുടെ വിശകലനത്തിൽ മതപരമായ ഒരു ചടങ്ങിനെ അഭിസംബോധന ചെയ്യുന്ന

പരസ്യവായനയെ കുറിച്ച് ചർച്ച ചെയ്തിരുന്നു. ജീവചരിത്രം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിനു മുന്നേ നടക്കുന്ന ഈ വായന സുവിശേഷകനാവുക എന്ന പ്രക്രിയയുടെ കാതലായ ഭാഗമാവുന്നു. മലയാള ജീവചരിത്രങ്ങൾ വ്യപകമാവുന്നത് ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിലാണെങ്കിലും അതിനുമുന്നേ പല നിലയിലുള്ള ജീവചരിത്ര സംരംഭങ്ങൾ സജീവമാവുകയുണ്ടായി. ജീവചരിത്രങ്ങളുടെ ആമുഖങ്ങളിലും പ്രസ്താവനകളിലും ആധികാരിക വായനക്കാർ നടത്തിയ ജീവചരിത്രമെഴുത്ത്, ജീവചരിത്രപാരായണം എന്നിവ സംബന്ധിച്ചുള്ള ചർച്ചകളിൽ ജീവചരിത്രവായനയിലൂടെ രൂപപ്പെടുന്ന വിഷയി എന്ന സങ്കല്പം അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ആധുനിക വ്യക്തിയെ സംബന്ധിച്ച ചില ഉറച്ച ധാരണകൾ ഈ ചർച്ചകളിൽ കാണാം. ചില സവിശേഷ ഗുണങ്ങളെ മുൻനിർത്തിയാണ് മഹദ് വ്യക്തികളുടെ ജീവചരിത്രം ചർച്ച ചെയ്തത്. കേരളീയ ആധുനികീകരണശ്രമങ്ങളിലെ വൈരുദ്ധ്യങ്ങൾ ഈ എഴുത്ത് ശ്രമങ്ങളിൽ പ്രകടമാണ്. എന്നാൽ അതേസമയം ആധുനികതയുടെ വിപരീത ദ്വന്ദനിർമ്മിതിയെ പരിഗണിക്കാത്ത പ്രവണതകൾ ജീവചരിത്രമെഴുത്തിൽ കാണാം. സ്വാശ്രയശീലവും പരിശ്രമശീലവും സാമൂഹിക ഉല്ക്കർഷത്തിനും പൊതുനന്മയ്ക്കും അടിത്തറയാക്കേണ്ടതിന്റെ ആവശ്യവും ഈ ജീവചരിത്രങ്ങൾ ഊന്നുന്നു. ലോകോപകാരികളെ വായിക്കുക എന്നത് ഈ അർത്ഥത്തിൽ സാമൂഹിക പ്രതിബദ്ധയുള്ള ജനതയെ രൂപപ്പെടുത്തുക എന്നൊരു ആവശ്യത്തെകൂടി മുന്നിൽ കാണുന്നു. ലോകത്തിന്റെ നാനാതുറകളിലുള്ള വ്യക്തികളെ, വിവിധ ആശയധാരകളെ മലയാളിക്ക് പരിചയപ്പെടുത്തുകവഴി മലയാളിയുടെ ചിന്താലോകത്തെ കൂടുതൽ വിസ്തൃതമാക്കാൻ ഈ ജീവചരിത്രമെഴുത്ത് പരിശ്രമങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

കുറിപ്പുകൾ

1. പ്രബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്ന ആദ്യകാല മലയാളകൃതികളിൽ പൊതുവെ കൊല്ലവർഷമാണ് (മലയാള അക്കങ്ങളിൽ) പ്രസിദ്ധീകരണ വർഷമായി ചേർത്തിട്ടുള്ളത്. സൌകര്യാർത്ഥം അവയെല്ലാം ജോർജിയൻ കലണ്ടർ രീതിയിലേക്ക് മാറ്റിയാണ് (കൊ.വ.+825) പ്രബന്ധത്തിൽ ഉൾകൊള്ളിച്ചിട്ടുള്ളത്.

അവലംബിതസൂചിക

- ഉദയവർമ്മാ, എം., പ്രസ്താവന, ഗോവിന്ദൻ തമ്പി, കേ., *തോമസ് ആൽവാ എഡിസൺ മഹാനായ യന്ത്ര നിർമ്മാതാവ്*, ആര്യകല്പദ്രുമം പ്രസ്സ്, മന്നാർ, 1908, പു.1-2.

- കുമാരനാശാൻ, എൻ., *കുമാരാനാശാന്റെ മുഖപ്രസംഗങ്ങൾ*, പ്രിയദർശൻ ജി., (സമ്പാ.), കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ. 2012, പു. 346.
- കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, അവതാരിക, *അക്ബർ*. ബി.വി. ബുക്ക് ഡിപ്പോ, തിരുവനന്തപുരം, 1913, പു. lii-xvi.
- ....., ആമുഖോപന്യാസം, ബാരിസ്റ്റർ ജി. പി പിള്ള, *ഇൻഡ്യയിലെ മഹാന്മാർ*, മംഗളോദയം അച്ചുകൂടം, തൃശ്ശിവപേരൂർ, 1928.പു. 1-8.
- ....., പ്രസ്താവന, കുളക്കുന്നത്തു രാമൻമേനോൻ (പ്രകടനാധികൃതൻ), *കേരളവർമ്മാ രണ്ടാംഭാഗം*, ബി.വി ബുക്ക് ഡിപ്പോ, തിരുവനന്തപുരം, 1895. പുറം.1-3.
- ക്ലോബ്ളോക്ക്, ജെ. റവ., *യോസഫ് യാക്കോബി എന്ന സ്വദേശബോധകന്റെ ജീവചരിത്രം*, ബാസൽ മിഷൻ പ്രസ്സ്, മംഗലാപുരം, 1888.
- ഗോവിന്ദപിള്ള, എ., *ശീലം*, നാരായണപിള്ള വി.എം., (പ്രസ.), രാമാനുജൻ പ്രസ്സ്, ചേർത്തല, 1915.
- ജോർജ്, കെ.എം., *ജീവചരിത്ര സാഹിത്യം*, നാഷ്ണൽ ബുക്ൾ, കോട്ടയം.1982.
- കേശവമേനോൻ, കെ. പി., *പൂർണ്ണജീവിതം*, മാതൃഭൂമി ബുക്സ്, തൃശ്ശൂർ, 1985.
- ദേവിക, ജെ., "ജനസമ്പർക്കം", എഡി. കെ. ടി., റാംമോഹൻ, *കേരളപഠനങ്ങൾ-1* (ത്രൈമാസിക), ഏപ്രിൽ-ജൂൺ, 1993, പു.48.
- നാരയണൻനായർ, മന്നത്ത് (പ്രസ.), *മലയാളത്തിലെ തലയാളികൾ*, വി.വി പ്രസ്സ്, കൊയിലാണ്ടി, 1908, പു. 1.
- പരമുപിള്ള, കെ., *പരിശ്രമത്താലുണ്ടായ സമ്പത്ത് അഥവാ ബുക്കർ ടി വാഷിങ്ങ്ടൺ എന്ന മഹാന്റെ ജീവചരിത്രം*, കമലാലയാ ബുക്ക് ഡിപ്പോ, തിരുവനന്തപുരം, 1957.
- പരമേശ്വരൻപിള്ള, ജി., വെങ്കുളം (പ്രസ.), പ്രസ്താവന, *ജീവചരിത്രസഞ്ചിക (ഒന്നാം പുസ്തകം)* എസ്. ജ്ഞാനസ്കന്ദയ്യർ (പ്രസിദ്ധകൻ), ചിത്രാ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1931, പുറം. l-xxi.
- മന്നാടിയാർ, വി.ഐ., *കമലം (ഒരു സാമുദായിക ആഖ്യായിക)*, നോർമൻ പ്രിന്റിങ്ങ് ബ്യൂറോ, കാലിക്കറ്റ്, 1924.
- രാമകൃഷ്ണപിള്ള, കേ., *ബെഞ്ചമിൻ ഫ്രാങ്ക്ളിൻ*, ജനോപകാരി പ്രസ്സ്, തൃശ്ശിവപേരൂർ, 1912.
- ....., വിജ്ഞാപനം, *കാർൽമാർക്സ്*, അക്ഷരരത്നപ്രകാശികം പ്രെസ്സ്, കുന്നംകുളം, 1912, പു.1.
- വിനിൽപോൾ, "മിഷണറി ലഘുലേഖകളുടെ സാംസ്കാരിക ഇടപെടൽ." എഡി. ചെറിയാൻബാബു et al., *വാക്കിന്റെ ലോകങ്ങൾ*, 2021, പു. 493-02.

- Chartier, Roger. " Laborers and Voyagers: From the Text to the Reader." *Readers and Reading*, edited by Andrew Bennett, Longman, 1995. Pp.132-49
- Kumar, Udaya , Writing The First Person: Literature, History, and Autobiography in Modern Kerala , permanent black,2016,pp.249.
- Meera, C. "Fashioning the Reading Woman in Colonial Kerala A Woman Reader's Memoir in Perspective." *Gender and Modernity in Kerala: Politics, Praxes, Paradoxes*, edited by Meena Plillai, Orient Blackswan Pvt Ltd, 2023, pp. 101–17.
- Mohan, S. *Creation of social space through prayers among Dalits in Kerala, India. Journal of Religious and Political Practice, 2* (1), 2015, pp.40–57. https://doi.org/10.1080/20566093.2016.1085735.
- Venkatachalapathy, A. R. "Towards the Market: Domesticating the Novel." *The Province of the Book: Scholars, Scribes, and Scribblers in Colonial Tamilnadu*, Permanent Black Distributed by Orient Blackswan, 2012, pp. 76–94.

ISSN: 2320-5830 • ഭാഗം - 12 • ലക്കം - 3

ബൈബിൾ വായനയും മതാന്തരസംവാദമണ്ഡലവും: ചട്ടമ്പിസ്വാമികൾ, വിദ്വാൻകുട്ടി, മക്തി തങ്ങൾ, വെങ്കിടഗിരിശാസ്ത്രികൾ എന്നിവരുടെ ബൈബിൾ വിമർശനത്തിന്റെ വിശകലനം

ഹിലാൽ അഹമ്മദ് സി.സി.
കുട്ടികൃഷ്ണമാരാർ ഗവേഷണകേന്ദ്രം, മലയാളവിഭാഗം
ഗവ: ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട്, കാലിക്കറ്റ് സർവകലാശാല

പ്രബന്ധസംഗ്രഹം:

പത്തൊമ്പതാംനൂറ്റാണ്ടിൽ അച്ചടിയെ കേന്ദ്രീകരിച്ച് നടന്ന ക്രിസ്ത്യൻ മതപ്രചാരണങ്ങളോട് കേരളീയ സമൂഹത്തിൽ നിന്നുണ്ടായ പ്രതികരണങ്ങൾ രൂപീകരിക്കുന്ന സംവാദമണ്ഡലത്തെ വിശകലനാത്മകമായി പഠിക്കുകയാണ് പ്രബന്ധത്തിന്റെ ലക്ഷ്യം. ചട്ടമ്പിസ്വാമികളുടെ *ക്രിസ്തുമതഛേദനം* (1895), മക്തി തങ്ങളുടെ *കഠോരകുഠാരം* (1884), വിദ്വാൻകുട്ടിയുടെ *വിശുദ്ധവെണ്മഴു* (1903), വെങ്കിടഗിരിശാസ്ത്രികളുടെ *ജ്ഞാനോദയം* (1880) എന്നീ കൃതികളെയാണ് വിശകലനം ചെയ്യുന്നത്. ഈ കൃതികൾ ക്രിസ്ത്യൻ മതപ്രചരണാർത്ഥം എഴുതപ്പെട്ട കൃതികളുമായിച്ചേർന്ന് രൂപീകരിക്കുന്ന സംവാദമണ്ഡലം കേരളീയപൊതുമണ്ഡലത്തിൽ വിശ്വാസിയെ കുറിച്ചുള്ള ധാരണകളെ പുതുക്കിയെഴുതുന്നതായും പൊതുയുക്തിയെ മുൻനിർത്തിയും ചരിത്രത്തെയും ശാസ്ത്രത്തെയും മുൻനിർത്തിയും ദിവ്യഗ്രന്ഥങ്ങളെ വിചാരണ ചെയ്യാനാരംഭിക്കുന്നതായും പഠനം വാദിക്കുന്നു.

താക്കോൽ വാക്കുകൾ:

ബൈബിൾ വായന, കേരളീയപൊതുമണ്ഡലം, മതാന്തരസംവാദമണ്ഡലം

ആമുഖം

ലോകത്ത് ഏറ്റവും കൂടുതൽ അച്ചടിക്കപ്പെട്ടതും ആവർത്തിച്ചു വായിക്കപ്പെടുന്നതുമായ ഗ്രന്ഥങ്ങളിൽ ഒന്നാണ് ബൈബിൾ. ആഗോളതലത്തിലെന്നപോലെ മലയാളത്തിലും അച്ചടിയുടെ ആരംഭം ബൈബിളിനെ കേന്ദ്രീകരിച്ച് തന്നെയാണ് രൂപപ്പെട്ടത്. 16, 17 നൂറ്റാണ്ടുകളിലായി പോർച്ചുഗീസുകാർ കൊച്ചി കോട്ടയിലും കൊച്ചിയിലും സ്ഥാപിച്ചിരുന്ന മുദ്രണാലയങ്ങളിൽ നിന്ന് ആദ്യമായി അച്ചടിക്കപ്പെട്ട പുസ്തകങ്ങളായ *ഡോക്ടീന ക്രസ്റ്റം എൻലിംഗ്വ മലവാർ തമുൾ* (1578), *കൊമപചിയാനായരു* (confessionario, 1580) തുടങ്ങിയ പുസ്തകങ്ങളും ബോംബെയിലും റോമിലുമുള്ള അച്ചടിശാലകളിൽ അച്ചടിക്കപ്പെട്ട ആദ്യകാല പുസ്തകങ്ങളായ *പുതിയനിയമവും* (1811) *സംക്ഷേപവേദാർത്ഥവും* (1772) ബൈബിൾസാരത്തെയോ ബൈബിളിനെ തന്നെയോ തെക്കേയിന്ത്യക്കാർക്ക് പരിചയപ്പെടുത്താനുള്ള ശ്രമങ്ങളായിരുന്നു എന്ന് കാണാം. നമ്മുടെ ആദ്യകാല പത്രമാസികകളും ബൈബിൾ പ്രചരണാർത്ഥം തന്നെയാണ് രൂപംകൊണ്ടത്.

അച്ചടിയും ആധുനികതയും എന്ന ലേഖനത്തിൽ ഇ വി രാമകൃഷ്ണൻ രാജ്യസമാചാരം, പശ്ചിമോദയം തുടങ്ങിയ ആദ്യകാല അച്ചടിമാസികകളെ കുറിച്ച് സൂചിപ്പിക്കുന്നത് 'മതപ്രചാരണം മാതിരിയുള്ള ചില കാര്യങ്ങൾ ഒഴിച്ചാൽ പ്രത്യേക ലക്ഷ്യങ്ങളോ ആശയങ്ങളോ ഇവർക്ക് ഉണ്ടായിരുന്നില്ല' എന്നാണ്. 1881ൽ കൊച്ചിയിൽ നിന്ന് *കേരളമിത്രവും* 1884ൽ കോഴിക്കോട്ട് നിന്ന് *കേരളപത്രികയും* 1890ൽ കോട്ടയത്തുനിന്ന് *മലയാള മനോരമയും* പ്രസിദ്ധപ്പെടുത്തിത്തുടങ്ങുന്നതോടെയാണ് ഇന്ന് നാം അറിയുന്ന രീതിയിലുള്ള പത്രമാസികകൾ രംഗപ്രവേശം ചെയ്യുന്നത് എന്നും അദ്ദേഹം സൂചിപ്പിക്കുന്നു. പുസ്തകങ്ങളുടെ കാര്യത്തിലാവട്ടെ, ഒരുകാലത്ത് മതപ്രചാരണത്തിന് വേണ്ടിയുള്ള പുസ്തകങ്ങൾ മാത്രം പുറത്തിറക്കിയിരുന്ന അച്ചുകൂടങ്ങൾ ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കമാകുമ്പോഴേക്കും വിജ്ഞാന മേഖലകളെ കുറിച്ചുള്ള പുസ്തകങ്ങൾ, യാത്രാവിവരണങ്ങൾ, ജീവചരിത്രങ്ങൾ, ആത്മകഥകൾ എന്നിങ്ങനെ മതേതര വിഷയങ്ങളെ അധികരിച്ചുള്ള നിരവധി കൃതികൾ പ്രസിദ്ധ

പ്പെടുത്തിത്തുടങ്ങി എന്നാണ് അദ്ദേഹം നിരീക്ഷിക്കുന്നത്. (രാമകൃഷ്ണൻ, 2012:24-29) മലയാളത്തിൽ അച്ചടി സജീവമാകുന്ന പതിനെട്ടാംനൂറ്റാണ്ടിന്റെ ആദ്യപകുതി മുതൽ പത്തൊമ്പതാംനൂറ്റാണ്ടിന്റെ ആരംഭം വരെ കേരളത്തിൽ അച്ചടിക്കപ്പെട്ട പത്രമാസികകളുടെയും പുസ്തകങ്ങളുടെയും ലക്ഷ്യവും ഉള്ളടക്കവും വലിയതോതിൽ മതപരമായിരുന്നു എന്നാണിത് സൂചിപ്പിക്കുന്നത്. ഈ ഘട്ടത്തിൽ അച്ചടിക്കപ്പെട്ട പുസ്തകങ്ങളെ, വിശേഷിച്ച് ബൈബിളിനെ കേന്ദ്രീകരിച്ച് അക്കാലത്ത് രൂപപ്പെട്ട സംവാദമണ്ഡലത്തെ വിലയിരുത്തുക വഴി കേരളീയപൊതുമണ്ഡലത്തിൽ ഈ ആദ്യകാല അച്ചടിയും വായനയും ചെലുത്തിയ സ്വാധീനത്തെ അന്വേഷിക്കാനാണ് പഠനം ശ്രമിക്കുന്നത്.

ഇതിനായി നാല് ഗ്രന്ഥങ്ങളെയാണ് വിശദമായി പഠിക്കുന്നത്. ചട്ടമ്പിസ്വാമികളുടെ *ക്രിസ്തുമതഛേദനം* (1895), മക്തി തങ്ങളുടെ *കഠോരകുഠാരം* (1884), വിദ്വാൻകുട്ടിയുടെ *വിശുദ്ധവെണ്മഴ* (1903), വെങ്കിടഗിരിശാസ്ത്രികളുടെ *ജ്ഞാനോദയം* (1880) എന്നീ കൃതികളാണവ. ഇവ നാലും ക്രിസ്ത്യൻ മതപ്രചരണ ശ്രമങ്ങളോടുള്ള പ്രതികരണമോ ന്യായീകരണമോ ആയി എഴുതപ്പെട്ട കൃതികളാണ്. ഒപ്പം രചനകളെല്ലാം ബൈബിളിനെ സസൂക്ഷ്മം വായിക്കുകയും ചെയ്യുന്നുണ്ട്. പത്തൊമ്പതാംനൂറ്റാണ്ടിന്റെ രണ്ടാം പകുതിയാണ് ഈ കൃതികളുടെയെല്ലാം രചനാകാലം. മതപ്രചരണാർത്ഥം മിഷണറിമാർ അച്ചടി വ്യാപിപ്പിച്ച ഇക്കാലത്തു തന്നെ പ്രസ്തുത പ്രചാരണപ്രവർത്തനങ്ങളോട് ഇസ്ലാം, ഹിന്ദുമതവിശ്വാസികൾക്കിടയിൽ നിന്ന് പ്രതികരണങ്ങൾ ഉയർന്നു വരികയും അതൊരു സംവാദമണ്ഡലമായി വികസിക്കുകയും ചെയ്തിരുന്നു. ഈ ഘട്ടത്തിൽ എഴുതപ്പെട്ട മൂന്നു ലഘുലേഖകളെ ജി അരുണിമ അവരുടെ പഠനത്തിൽ വിശകലന വിധേയമാക്കിയിട്ടുണ്ട്. ഇത്തരം ലഘുലേഖകൾ കൊളോണിയൽ കേരളത്തിൽ വ്യത്യസ്ത സമുദായങ്ങൾ തമ്മിലുള്ള കിടമത്സരങ്ങൾക്ക് തുടക്കം കുറിച്ചു എന്നും ക്രിസ്ത്യൻ ലഘുലേഖകളെ സംബന്ധിച്ചിടത്തോളം അവ ഇസ്ലാമുമായി ഭൂമിശാസ്ത്രപരമായ അതിരുകളെ കടന്നു നിൽക്കുന്ന സമാനമായൊരു പാരമ്പര്യത്തെ കുറിച്ച് സംസാരിക്കുന്നുവെന്നും അവർ നിരീക്ഷിക്കുന്നു. ഒപ്പം അവ ഭാഷയുടെ മാനകീകരണപ്രക്രിയയിൽ പങ്കുകൊള്ളുകയും സംഭാഷണം പോലെയുള്ള ഗദ്യ രചനാശൈലികൾ മലയാള ഗദ്യത്തിന് പരിചയപ്പെടുത്തുകയും ചെയ്തതായും അവർ പറയുന്നു. (Arunima, 2006:74-75)

തിരുവിതാംകൂറിലെ ഉണർവ് ചരിത്രത്തെക്കുറിച്ച് എഴുതുമ്പോൾ മതാത്മക

ഉള്ളടക്കമുള്ള ലഘുലേഖകളെ കുറിച്ച് വിനിൽപോൾ നടത്തുന്ന നിരീക്ഷണവും പ്രസക്തമാണ്. പത്തൊമ്പതാംനൂറ്റാണ്ടിൽ അച്ചടിച്ച നോവലുകളും മറ്റ് പുസ്തകങ്ങളും ഒരു പ്രത്യേക മേലാള വിഭാഗത്തെ ലക്ഷ്യമിട്ട് മാത്രമാണ് അച്ചടിക്കപ്പെട്ടതെന്നും ഉണർവ് പ്രസ്ഥാനങ്ങളുടെ പ്രചാരണത്തിനായി അച്ചടിക്കപ്പെട്ട ലഘുലേഖകൾ സമൂഹത്തിലെ എല്ലാ വിഭാഗത്തെയും ലക്ഷ്യമിട്ടുള്ളവയായിരുന്നെന്നും അതിനാൽ തന്നെ പ്രസ്തുത കഥകളെക്കാളും നോവലുകളെക്കാളും ഇത്തരം ലഘുലേഖകൾക്ക് ജനങ്ങൾക്കിടയിൽ പ്രചാരം സിദ്ധിച്ചിരുന്നു എന്നുമാണ് അദ്ദേഹം കണ്ടെത്തുന്നത്. ലഘുലേഖകൾക്ക് മറുപടിയെഴുതാൻ ആംഗ്ലിക്കൻ മിഷണറിമാർ നിർബന്ധിതരാവുന്നതോടെ സംവാദാത്മകമായ ഒരന്തരീക്ഷം രൂപപ്പെടുകയും ഈ 'എഴുത്ത് വഴക്ക് വ്യവസ്ഥ' വായനയുടെ ജനാധിപത്യം നിർമ്മിക്കാനും കൂടുതൽ ജനായത്തവത്കരണത്തിനും കാരണമായി എന്നും അദ്ദേഹം പറയുന്നു. (വിനിൽ പോൾ, 2022:219-20)

ഈ നിരീക്ഷണങ്ങളുടെ ചുവടുപിടിച്ചുകൊണ്ട് മേൽ സൂചിപ്പിച്ച നാല് കൃതികളുടെയും രചനാപശ്ചാത്തലം, ഈ കൃതികൾ ബൈബിളിനെ വിലയിരുത്താനും ഖണ്ഡിക്കാനോ ന്യായീകരിക്കാനോ വേണ്ടിയും ഉപയോഗിക്കുന്ന യുക്തിയിലെ വൈവിധ്യവും സമാനതകളും, മതം, ദൈവം, വേദഗ്രന്ഥങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ഈ കൃതികൾ കൈക്കൊള്ളുന്ന നിലപാടുകൾ, കേരളീയപൊതുമണ്ഡലത്തിൽ പ്രസ്തുത നിലപാടുകളും ഈ കൃതികൾ നിർമ്മിക്കുന്ന സംവാദമണ്ഡലവും സൃഷ്ടിക്കുന്ന അനന്തരഫലങ്ങൾ എന്നിവയാണ് പഠനം വിശകലനം ചെയ്യാൻ ശ്രമിക്കുന്നത്.

കൃതികളുടെ രചനാപശ്ചാത്തലം

ക്രിസ്തീയ മതപ്രചരണ പ്രവർത്തനങ്ങളോടുള്ള പ്രതികരണമോ ന്യായീകരണമോ ആയാണ് ഈ കൃതികളെല്ലാം രചിക്കപ്പെട്ടത് എന്ന് മുകളിൽ സൂചിപ്പിച്ചിട്ടുണ്ട്. ചട്ടമ്പിസ്വാമികളുടെ *ക്രിസ്തുമതച്ഛേദനവും* മക്തി തങ്ങളുടെ *കഠോരകുഠാരവും* വെങ്കിടഗിരിശാസ്ത്രികളുടെ *ജ്ഞാനോദയവും* പ്രസ്തുത കൃതികളുടെ രചനാപശ്ചാത്തലത്തെ കുറിച്ച് കൃതിയുടെ തുടക്കത്തിൽ തന്നെ സവിശേഷമായി പ്രതിപാദിക്കുന്നുണ്ട്.

> 'ക്രിസ്തുമതസ്ഥരായ പാതിരിമാർ മുതലായ ഓരോരോ കക്ഷിംഭരികൾ നമ്മുടെ ഹിന്ദുമതത്തേയും ഈശ്വരനേയും ശ്രുതി, സ്മൃതി മുതലായ ആപ്തവാക്യങ്ങളേയും ന്യായം കൂടാതെ ദൂഷിച്ചും അജ്ഞാനകുഠാരം, ത്രിമൂർത്തിലക്ഷണം, കുരുട്ടുവഴി, മറു ജന്മം, സൽഗുരുലാഭം, സത്യജ്ഞാനോദ

യം, സമയപരീക്ഷ, ശാസ്ത്രം, 'പുല്ലേലി കുഞ്ചു' മുതലായ ദൂഷണ പുസ്തകങ്ങളെ അച്ചടിപ്പിച്ച് പ്രസിദ്ധം ചെയ്തതുകൊണ്ട് സാധുക്കളും അജ്ഞന്മാരുമായ പുലയർ, ചാന്നാർ, പറയർ മുതലായ ഹിന്ദുക്കളുടെ മനസ്സിനെ തൊപ്പി, കുപ്പായം മുതലായതുകളെ കൊടുത്തു മയക്കി ഭേദിപ്പിച്ച് സ്വമതമാർഗ്ഗത്തിൽ ഏർപ്പെടുത്തി നരകത്തിനു പാത്രീഭവിപ്പിക്കുന്നതിനെ നാം കണ്ടും കേട്ടുമിരുന്നുകൊണ്ട് ഈ മഹാപാതകത്തിനെ തടയാൻ യാതൊരു കഴിവും സമ്പാദിക്കാതെ അടങ്ങിയിരിക്കുന്നത് അല്പവും ഉചിതമല്ലെന്നു മാത്രമല്ല, ഈ ഉദാസീനതയിൽ വെച്ച് ഹിന്ദുക്കളിൽ ഇതുവരെ അഞ്ചിലൊരു ഭാഗത്തോളം ജനങ്ങൾ ഈ അപകടത്തിലകപ്പെട്ടുപോകുന്നതിനും, മേലും ഈ കഷ്ടത പ്രചാരപ്പെടുത്തുന്നതിനും അതു നിമിത്തം നമുക്കും നമ്മുടെ സന്തതികൾക്കും ഐഹികാമുത്രികങ്ങളായ അനേകഫലങ്ങൾക്ക് തടസ്ഥം സംഭവിക്കുന്നതിനും സംഗതിയായി തീർന്നിരിക്കുന്നു'. (ചട്ടമ്പിസ്വാമികൾ, 1997:17)

എന്നാണ് ചട്ടമ്പിസ്വാമികൾ എഴുതുന്നത്. വ്രതം, ദാനം, ജപം, യജനം, അദ്ധ്യയനം എന്നീ പുണ്യകർമ്മങ്ങൾ പോലെ പുണ്യമുള്ളതാണ് ഇത്തരം കുപ്രചരണങ്ങൾക്കെതിരെയുള്ള ഉത്സാഹങ്ങളെന്നും അദ്ദേഹം തുടർന്ന് സൂചിപ്പിക്കുന്നു.

മക്തി തങ്ങളും ഏറെക്കുറെ സമാനമായ പ്രശ്നങ്ങളെയാണ് തന്റെ ആദ്യ രചനയുടെ കാരണങ്ങളായി അവതരിപ്പിക്കുന്നത്. *കഠോരകുഠാരം* ആരംഭിക്കുന്നത് തന്നെ-

> യേശുക്രിസ്തുവിന്റെ സുവിശേഷമെന്ന പുതുനിയമം സുപ്രബോധനങ്ങളാൽ നിറയപ്പെട്ട ഒരു സുഭാഷിതം തന്നെ. അതിൽ ത്രിയേകദൈവമെന്നും മറ്റും ഉള്ള ചില ഭാഗങ്ങളിൽ മാത്രം ഇസ്ലാം മതസ്ഥർ വിയോജിക്കുന്നു.
>
> ആ സുഭാഷിതത്തെ ഉപദേശിക്കുന്ന ഉപദേഷ്ടാക്കൾ വീഥികളിലും മറ്റു ഉത്സവസ്ഥലങ്ങളിലും ചെന്നു പ്രസംഗിക്കുന്നു. അങ്ങിനെ താൻ ഒരു വാക്കുസാമർഥ്യമുള്ളവനും സുവിശേഷസുപ്രസന്നനുമാണെന്ന് ധരിപ്പിക്കാൻ വേണ്ടി, തന്റെ ഉപദേശമായ സുവിശേഷസുഭാഷിതത്തിനു മുൻകടന്നും അതിനു തീരെ വിരോധമായും അനേകകാതം വഴിദൂരെ നിന്നു അവരവരുടെ പുണ്യസ്ഥലങ്ങളിലേക്കു പുണ്യസാധ്യത്തിനായി നാനാ നഷ്ടകഷ്ടങ്ങൾ അനുഭവിച്ചു വരുന്നവൻ, മുസ്ലിമാണെങ്കിൽ അവന്റെ വേദത്തേയും വേദകർത്താവ് മുതലായവരേയും ഹിന്ദുവാണെങ്കിൽ അവന്റെ ശാസ്ത്രങ്ങളേയും

> ശാസ്ത്രകർത്താക്കളേയും മറ്റും അവർ കേൾക്കെ ദൂഷിച്ചും, പുച്ഛിച്ചും പരിഹസിച്ചും വരുന്നു. ഇതു അവരുടെ വിശ്വാസസ്ഥാപിതമായ ഹൃദയത്തിൽ നിർഭരമായ ദുഃഖത്തെ ഉണ്ടാക്കിത്തീർക്കുമെന്നു തീർച്ചയാണല്ലോ. (സനാഉള്ള മക്തി തങ്ങൾ: 2012 a : 29)

എന്ന വാചകങ്ങളോടെയാണ്. ക്രിസ്തുമത പ്രചാരകരുടെ വചനങ്ങൾ കേട്ടും ലേഖനങ്ങൾ വായിച്ചും അവയെ സുവിശേഷങ്ങളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ കാണുന്ന പൊരുത്തക്കേടുകളെ വെളിപ്പെടുത്താനാണ് ഈ കൃതി താൻ എഴുതുന്നത് എന്നാണ് മക്തി തങ്ങൾ വ്യക്തമാക്കുന്നത്. മക്തി തങ്ങളുടെ ഈ പ്രഥമ കൃതിയോടുള്ള പ്രതികരണമായാണ് വിദ്വാൻകുട്ടി എന്ന യുയുത്സുസ് യോസഫ് *വിശുദ്ധവെണ്മഴ* എന്ന കൃതി എഴുതുന്നത്.

വെങ്കിടഗിരിശാസ്ത്രികളും തന്റെ പുസ്തകത്തിന്റെ രചനക്ക് പിന്നിലെ കാരണങ്ങളായി എണ്ണുന്നത് ഹിന്ദുമതത്തെക്കുറിച്ച് സ്പഷ്ടമായി വിവരിക്കുന്ന വേദാഗമശാസ്ത്രപുരാണങ്ങളെക്കുറിച്ച് അറിവില്ലാതെയും എളുപ്പം പണം ഉണ്ടാക്കാനുള്ള മാർഗ്ഗമെന്ന നിലക്കും ചിലർ ഹിന്ദുമതത്തെ വാക്കുകൊണ്ടും *വജ്രസൂചി* മുതലായ പുസ്തകങ്ങൾ കൊണ്ടും അന്യായമായി ദൂഷിച്ചുവരുന്നതിനെയാണ്. ഹൈന്ദവ പ്രമാണങ്ങളെ കുറിച്ച് അറിവില്ലാത്തവരും ക്രിസ്തീയ മതത്തെ സംബന്ധിച്ച് മുഴുവനായി പഠിക്കാത്തവരുമായ ഹിന്ദുക്കൾ ഇങ്ങനെ ദൂഷിക്കുന്നവരുടെ കെണിയിൽ വീണു പോകുന്നതിനെതിരെയാണ് തന്റെ രചന എന്നാണ് അദ്ദേഹം പറയുന്നത്. (വെങ്കിടഗിരിശാസ്ത്രികൾ, 1880:1)

മുകളിലെ ഉദ്ധരണികളിൽ നിന്നും മറ്റ് ഗ്രന്ഥങ്ങളുടെ രചനാകാരണങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിയുക, ക്രിസ്ത്യൻ മിഷണറി സംഘങ്ങളുടെ മതപ്രചാരണ പ്രവർത്തനങ്ങൾ ഇവിടെ നിലനിന്നിരുന്ന ഹിന്ദു, മുസ്ലിം സമുദായങ്ങളുടെ വിശ്വാസങ്ങളെ സംബന്ധിച്ച ധാരണകളെ വലിയതോതിൽ അസ്വസ്ഥപ്പെടുത്തി എന്നതാണ്. മതവിശ്വാസികൾ ഒരുമിച്ചു കൂടുന്ന തീർത്ഥാടനാലയങ്ങളിലും ഉത്സവസ്ഥലങ്ങളിലുമുള്ള പ്രസംഗങ്ങൾ വഴി സാധാരണ വിശ്വാസികളെയും പുസ്തകങ്ങളും ലഘുലേഖകളും അച്ചടിക്കുക വഴി മേൽ സമുദായങ്ങളിലെ അഭ്യസ്തവിദ്യരെയും തങ്ങളുടെ ആശയങ്ങൾ പരിചയപ്പെടുത്താൻ ക്രിസ്തീയ മതപ്രചാരണ സംഘങ്ങൾക്ക് സാധിച്ചു. ഇതുവഴി ക്രൈസ്തവേതര സമുദായങ്ങളിലെ അഭ്യസ്തവിദ്യരെ തങ്ങളുടെ സമുദായത്തിന്റെ നിലനിൽപ്പിനെ സംബന്ധിച്ച് ആശങ്കാകുലരാക്കാനും മിഷണറി

പ്രവർത്തനങ്ങൾക്ക് കഴിയുന്നുണ്ട്. ഹിന്ദുക്കളിൽ അഞ്ചിലൊന്ന് പേർ ക്രിസ്ത്യാനികളായി മാറിക്കഴിഞ്ഞു എന്ന കണക്കാണ് ചട്ടമ്പിസ്വാമികൾ മുന്നോട്ടുവയ്ക്കുന്നത്. ഇത്തരം ആശങ്കകൾ ക്രിസ്തീയേതര സമുദായങ്ങളിലെ അഭ്യസ്തവിദ്യരെ ക്രിസ്തീയ മതപ്രചാരകരുടെ ആരോപണങ്ങൾക്ക് മറുപടിയെഴുതാൻ നിർബന്ധിക്കുന്നു. ഈ മറുപടികൾ ക്രിസ്ത്യൻ മിഷണറിമാരുടെ പക്ഷത്തുനിന്ന് പുതിയ മറുപടികൾക്ക് കാരണമാകുന്നു. ഇത്തരത്തിലാണ് മതാന്തരസംവാദമണ്ഡലം രൂപപ്പെടുന്നത്.

ക്രിസ്തീയ മതപ്രചാരണങ്ങളോട് പ്രതികരിക്കുന്ന ഇതരസമുദായങ്ങളിലെ അംഗങ്ങൾ പ്രസ്തുത സമുദായങ്ങളിലെ സാമ്പ്രദായിക പണ്ഡിതന്മാരല്ല എന്നും നിരീക്ഷിക്കാവുന്നതാണ്. ചട്ടമ്പിസ്വാമികളും മക്തി തങ്ങളും ഏറെക്കുറെ ഒരേ സ്വരത്തിൽ, തങ്ങളുടെ മതങ്ങളിലെ സാമ്പ്രദായിക പണ്ഡിതന്മാർ ക്രിസ്തീയ മതപ്രചാരകരിൽ നിന്നും ഉയർന്നുവരുന്ന ആക്ഷേപങ്ങളോട് പുലർത്തുന്ന നിസ്സംഗതയെ വിമർശിക്കുന്നുണ്ട്. (ചട്ടമ്പിസ്വാമികൾ, 1997:17) (സനാഉള്ള മക്തി തങ്ങൾ, 2012a:31) ഒപ്പം ഈ ആക്ഷേപങ്ങൾക്ക് മറുപടി പറയാനായി ധനവും ദേഹവും ഉപയോഗപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും ഇവർ മൂന്നുപേരും സംസാരിക്കുന്നുണ്ട്. സാങ്കേതികവിദ്യയിൽ ഉണ്ടാകുന്ന മാറ്റം എത്തരത്തിൽ മതങ്ങളെ സ്വാധീനിക്കുന്നു എന്ന് ദക്ഷിണേഷ്യയിലെ മുസ്ലീങ്ങൾ അച്ചടിയുമായി ഇടപെട്ടതിനെ മുൻനിർത്തി പഠിച്ച ഫ്രാൻസിസ് റോബിൻസൺ മുന്നോട്ടുവയ്ക്കുന്ന ചില നിരീക്ഷണങ്ങൾ ഇവിടെ പ്രസക്തമാണ്. ഇന്ത്യയിലെ മുസ്ലീങ്ങൾക്കിടയിൽ അച്ചടി വ്യാപിക്കുന്നത് വഴി പ്രൊട്ടസ്റ്റന്റ് മുസ്ലിങ്ങൾ എന്ന് വിളിക്കാവുന്ന ഒരുകൂട്ടം മുസ്ലീങ്ങൾ ഉയർന്നുവന്നുവെന്നും ആയിരത്തി ഇരുന്നൂറോളം വർഷങ്ങളായി തുടർന്നുപോരുന്ന, വാമൊഴിയെ അടിസ്ഥാനമാക്കിയുള്ള മുസ്ലിം പണ്ഡിതശൃംഖലയും വൈജ്ഞാനിക പാരമ്പര്യവും തകരുകയും ഇസ്ലാമിലെ പ്രാമാണിക ഗ്രന്ഥങ്ങൾ ഏത് അഹമ്മദിനും മഹ്മൂദിനും മുഹമ്മദിനും എഴുത്തുകാരന്റെ സാന്നിധ്യമില്ലാതെ വായിക്കാനുള്ള അവസരം സിദ്ധിക്കുകയും ചെയ്തു എന്നുമാണ് അദ്ദേഹം നിരീക്ഷിക്കുന്നത്. ഇത് അച്ചടി മാധ്യമങ്ങൾ വഴിയുള്ള വലിയ സംവാദങ്ങളിലേക്കും തുടർന്ന് മുസ്ലിങ്ങൾക്കിടയിൽ തന്നെ ഒട്ടനേകം വിഭാഗങ്ങൾ രൂപപ്പെടുന്നതിലേക്കും നയിച്ചു എന്നുകൂടി അദ്ദേഹം കൂട്ടിച്ചേർക്കുന്നു. അച്ചടിയെ ആയുധമാക്കി പാരമ്പര്യ മതപണ്ഡിതരിൽ നിന്ന് വ്യത്യസ്തരായി, ദിവ്യഗ്രന്ഥങ്ങളെയും ക്ലാസിക് മതപാഠങ്ങളേയും വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്ന പുതിയ പണ്ഡിതന്മാരുടെ രംഗപ്രവേശം പ്രസ്തുത പഠനം ചൂണ്ടിക്കാണിക്കുന്നുണ്ട്. (Robinson,

1993:246) സമാനമായ ചലനങ്ങളാണ് ഹിന്ദു, മുസ്ലിം സമുദായങ്ങളെ സംബന്ധിച്ചിട ത്തോളം അച്ചടിയുടെയും മതപ്രചരണത്തിന്റെയും പശ്ചാത്തലത്തിൽ കേരളത്തിൽ നടന്നത് എന്ന് കാണാൻ കഴിയും. മതാന്തരസംവാദത്തിൽ ഇടപെടുകൊണ്ട് സ്വസ മുദായങ്ങളെ പ്രതിരോധിക്കുന്ന മക്തി തങ്ങളെയും ചട്ടമ്പിസ്വാമികളെയും പോലുള്ള വർ കോളനി ആധുനികതയുടെ ചരിത്രപശ്ചാത്തലത്തിൽ രൂപപ്പെട്ട 'പുതിയ' സമു ദായങ്ങളുടെ പ്രതിനിധികളാണ്. ഇവർ സാക്ഷരരും അച്ചടി, ഗദ്യം തുടങ്ങിയവയെ സ്വന്തം മതത്തെ പ്രതിരോധിക്കാൻ ഉപയോഗപ്പെടുത്തുന്നവരുമാണ്.

ക്രിസ്തീയ മതപ്രചാരകരെ കൂറിക്കാൻ ഉപദേശി എന്ന പദം ഉപയോഗിക്കാ റുണ്ട്. ഈ പദം കടമെടുത്തു കൊണ്ട് മക്തി തങ്ങൾ സ്വയം ഇസ്ലാം മതോപദേഷ്ടാ വെന്ന് വിശേഷിപ്പിക്കുകയും ഹൈന്ദവമതപ്രചാരകരെ ഹൈന്ദവ ഉപദേഷ്ടാവ് എന്ന് വിശേഷിപ്പിക്കുകയും ചെയ്യുന്നുണ്ട്. (സനാഉള്ള മക്തി തങ്ങൾ, 2012b:176-177) ക്രിസ്തു മതത്തിലെ മതപ്രബോധകരുടേതിന് സമാനമായ ധർമ്മം നിർവഹിക്കുന്ന ആളുക ളായി, കർത്തൃത്വമായി സ്വയം ഇവർ സ്ഥാനപ്പെടുത്തുന്നു. ഇത്തരത്തിൽ സാങ്കേതി കവിദ്യയെ സാങ്കേതികവിദ്യ കൊണ്ടും പ്രചരണ തന്ത്രങ്ങളെ പ്രചരണ തന്ത്രങ്ങൾ കൊണ്ടും കർത്തൃത്വത്തെ കർത്തൃത്വം കൊണ്ടും ഹൈന്ദവ, മുസ്ലിം സമുദായങ്ങളി ലെ ഈ പുതിയ വിഭാഗം പണ്ഡിതർ നേരിടാനാരംഭിക്കുന്നതോടെയാണ് മതാന്തര സംവാദം സാധ്യമാകുന്നതും മേൽ സൂചിപ്പിച്ച രചനകൾ രൂപപ്പെടുന്നതും.

ബൈബിൾ: വായനയും ഖണ്ഡനമണ്ഡനങ്ങളും

ക്രിസ്തീയ മതപ്രചരണങ്ങൾക്ക് മറുപടി പറയാനായി ഹിന്ദു, മുസ്ലിം ഉപദേ ശികൾ ബൈബിൾ സൂക്ഷ്മമായി വായിക്കുകയാണ് ചെയ്യുന്നത്. ഇവരുന്നയിക്കുന്ന ആരോപണങ്ങളെ പ്രതിരോധിക്കാൻ ക്രിസ്തുമതോപദേശികളും ബൈബിളിന്റെ സൂക്ഷ്മവായനയെ തന്നെയാണ് ആശ്രയിക്കുന്നത്. അച്ചടിക്കപ്പെട്ട പുസ്തകം എന്ന നിലയിൽ ബൈബിളിന്റെ ലഭ്യതയും ബൈബിൾസാരത്തെ കേരളീയപൊതുസമൂ ഹത്തിലേക്ക് എത്തിക്കാനുതകുന്ന വിധത്തിൽ മിഷണറി അച്ചുകൂടങ്ങളിൽ നിന്ന് പുറത്തുവന്നുകൊണ്ടിരുന്ന മറ്റു ഗ്രന്ഥങ്ങളുടെ ലഭ്യതയും തീർച്ചയായും ക്രിസ്തുമതത്തി നെതിരെയുള്ള ആലോചനകളുടെ കേന്ദ്രം ബൈബിളാവാൻ സഹായിച്ചിട്ടുണ്ട്.

ബൈബിളിന്റെ സൂക്ഷ്മ വായനയെയും വിമർശനത്തെയും മക്തി തങ്ങളും ചട്ടമ്പിസ്വാമികളും മറ്റും സ്വീകരിക്കാനുള്ള മറ്റൊരു കാരണം ബൈബിളിലെ ദിവ്യവ

ചനങ്ങളെ പഴഞ്ചൊല്ല്, നാട്ടുമൊഴികൾ തുടങ്ങിയ പൊതുജനങ്ങൾക്കിടയിൽ സ്വീകാര്യതയുള്ള, നന്മതിന്മകളെക്കുറിച്ച് അറിവ് നൽകുന്ന ജ്ഞാനരൂപങ്ങളിൽ നിന്ന് വ്യതിരിക്തമായി കാണാനും സമ്പൂർണ്ണ സത്യമെന്ന നിലയിൽ ബൈബിൾ വചനങ്ങൾക്കുള്ള അപ്രമാദിത്യത്തെ ഉറപ്പിക്കാനും മിഷണറിമാർ നടത്തിയ ശ്രമങ്ങളാണ്. ഹെർമൻ ഗുണ്ടർട്ടിന്റെ *പഴഞ്ചൊൽമാല* കേവലം പഴഞ്ചൊല്ലുകളുടെ സമാഹരണം എന്നതിനപ്പുറം പഴഞ്ചൊല്ലുകൾ എത്തരത്തിൽ ബൈബിൾ വചനങ്ങളിൽ നിന്ന് വ്യത്യസ്തമാകുന്നു എന്ന് വിശദീകരിക്കാനുള്ള പുസ്തകമാണ്. ദൈവത്തിൽ നിന്ന് നേരിട്ടു ലഭിച്ച സമ്പൂർണ്ണ സത്യമായാണ് ബൈബിളും അതിലെ വചനങ്ങളും ഇവിടെ സ്ഥാപിക്കപ്പെടുന്നത്. ഇത്തരമൊരു സംസ്ഥാപനത്തെ എതിർക്കാൻ അതിനാൽ തന്നെ മറ്റു മതങ്ങളിൽ നിന്നുള്ള ഗ്രന്ഥകർത്താക്കൾ ശ്രമിക്കുന്നുണ്ട്.

ഖുർആനിലെയും ഹൈന്ദവ വേദേതിഹാസപുരാണങ്ങളിലെയും വചനങ്ങളെയും ഉള്ളടക്കത്തെയും വിചാരണ ചെയ്യാനും മിഷണറിമാർ ശ്രമിച്ചു. ഗുണ്ടർട്ടിന്റെ തന്നെ *മഹമ്മദചരിത്രവും*, ബി എം എസ് മിഷണറിയായ ഹെർമൻ മൃഗ്ലിംഗ് കന്നടയിൽ രചിച്ച് ഗുണ്ടർട്ട് തർജ്ജമ ചെയ്ത *ദൈവവിചാരണ* (1845), *മതവിചാരണ* (1846) എന്നീ കൃതികളും യഥാക്രമം മുസ്ലിം, ഹിന്ദുവേദങ്ങൾക്കു നേരെയുള്ള ഇത്തരം വിമർശനങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ഇതിനോടുള്ള പ്രത്യാക്രമണമായിക്കൂടിയാണ് ബൈബിളിൽ നേരെയുള്ള വിമർശനങ്ങൾ രൂപപ്പെടുന്നത്. ബൈബിൾ സംബന്ധിയായ പുസ്തകങ്ങളുടെ ലഭ്യതയോടൊപ്പം ഈ രണ്ടു കാരണങ്ങളാൽ കൂടിയാണ് ക്രിസ്തുമത വിമർശനത്തിനുള്ള മാർഗ്ഗമായും പഠനം പരിഗണിക്കുന്ന കൃതികളുടെ കേന്ദ്രാശയമായും ബൈബിളിന്റെ സൂക്ഷ്മവായന മാറിയത്.

ബൈബിളിനെയും ക്രിസ്ത്യൻ വിമർശനങ്ങളേയും ഖണ്ഡിക്കാൻ മേൽ കൃതികളുടെ രചയിതാക്കളെല്ലാം സമാനമായ ചില വഴികൾ തേടുന്നുണ്ട്. ബൈബിളിലെ പരസ്പര വിരുദ്ധമായ വചനങ്ങൾ ചൂണ്ടിക്കാണിക്കുക എന്നതാണ് ഒരു വഴി. ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പിനെ കുറിച്ച് വ്യത്യസ്ത സുവിശേഷ രചയിതാക്കൾ വ്യത്യസ്തമായ വിവരണങ്ങൾ നൽകുന്നതു ചൂണ്ടിക്കാണിച്ച് ബൈബിളിന്റെ ആധികാരികതയെ ചട്ടമ്പിസ്വാമികൾ ചോദ്യം ചെയ്യുന്നത് ഇതിനുദാഹരണമായി ചൂണ്ടിക്കാണിക്കാം. (ചട്ടമ്പിസ്വാമികൾ, 1997:68) ബൈബിൾ വചനങ്ങളെ പൊതുയുക്തിയെ മുൻനിർത്തി വിചാരണ ചെയ്യുകയാണ് മറ്റൊന്ന്. അത്തിപ്പഴം പഴുക്കുന്ന കാലമല്ലാതിരുന്നിട്ടും അത്തിമരത്തെ സമീപിച്ച് ആ മരത്തിൽ കായ്ഫലമില്ല എന്ന

റിഞ്ഞ് ആ മരത്തെ ശപിക്കുന്ന യേശുവിന്റെ പ്രവർത്തിയെ ചട്ടമ്പിസ്വാമികൾ ചോദ്യം ചെയ്യുന്നുണ്ട്. (ചട്ടമ്പിസ്വാമികൾ, 1997:61-62) അത്തിമരത്തിൽ കൂറ്റമൊന്നും ചാർത്താൻ കഴിയാത്ത സന്ദർഭത്തിലും അതിനെ ശപിക്കുന്ന ദൈവത്തിന്റെ നീതിബോധം ഇവിടെ വിചാരണ ചെയ്യപ്പെടുന്നു.

സമകാലിക ക്രിസ്ത്യൻ വിശ്വാസങ്ങളെ ബൈബിൾ വചനങ്ങളുമായി താരതമ്യം ചെയ്ത് പൊരുത്തക്കേടുകൾ ചൂണ്ടിക്കാണിക്കുകയാണ് മൂന്നാമതൊരു വഴി. ത്രിയേകത്വ വിശ്വാസത്തെയാണ് ഇത്തരത്തിൽ മേൽ സൂചിപ്പിച്ച രണ്ട് രചയിതാക്കളും ഒരേപോലെ ചോദ്യം ചെയ്യുന്നത്. പ്രസ്തുത വിശ്വാസത്തെ സാധൂകരിക്കുന്ന ഒരു വചനമെങ്കിലും ബൈബിളിൽ നിന്ന് ഉദ്ധരിക്കാൻ ഇവർ രണ്ടുപേരും ഉപദേശിമാരെ വെല്ലുവിളിക്കുന്നു. (ചട്ടമ്പിസ്വാമികൾ, 1997:77) (സനാഉള്ള മക്തി തങ്ങൾ, 2012a:35) ബൈബിളിന്റെ മലയാള പരിഭാഷയിൽ ത്രിയേകത്വത്തെ സാധൂകരിക്കുന്ന വചനം കാണാമെന്നും എന്നാൽ ബൈബിളിന്റെ മൂല രൂപത്തിൽ അതില്ലെന്നുമുള്ള വിമർശനവും രണ്ടുപേരും ഉന്നയിക്കുന്നുണ്ട്. കഠോരകഠാരത്തിലെ ഈ വെല്ലുവിളിയെ ഏറ്റെടുക്കാൻ സാധിക്കാതെ 1894ൽ മംഗലാപുരത്തു മിഷൻ പ്രസ്സിൽ അച്ചടിച്ച ദൈവവചനം എന്നു പറയുന്ന പുതുനിയമത്തിൽ നിന്ന് മലയാളത്തിൽ മാത്രമുള്ള ത്രിയേകത്വത്തെ സാധൂകരിക്കുന്ന വചനം നീക്കിയതായും മക്തി തങ്ങൾ *സത്യദർശിനി* എന്ന കൃതിയിൽ അവകാശപ്പെടുന്നുണ്ട്. (സനാഉള്ള മക്തി തങ്ങൾ, 2012b:178)

ശാസ്ത്രം, ചരിത്രം തുടങ്ങിയ വൈജ്ഞാനിക ശാഖകളുടെ സഹായത്തോടെ ബൈബിൾ വചനങ്ങളെ ചോദ്യം ചെയ്യുക എന്ന രീതിയും കഠോരകഠാരത്തിന്റെയും ക്രിസ്തുമതച്ഛേദനത്തിന്റെയും രചയിതാക്കൾ സ്വീകരിക്കുന്നുണ്ട്. യേശു ജനിച്ചപ്പോൾ പുതിയൊരു നക്ഷത്രം ഉദിച്ചെങ്കിൽ ആ നക്ഷത്രത്തെക്കുറിച്ച് അക്കാലത്തെ ജ്യോതിശാസ്ത്രജ്ഞന്മാരാരും രേഖപ്പെടുത്താത്തതെന്ത് എന്നാണ് ചട്ടമ്പിസ്വാമികൾ ചോദിക്കുന്നത്. (ചട്ടമ്പിസ്വാമികൾ, 1997:46) ആദിപാപത്തിൽ നിന്ന് യേശുവിന് സുരക്ഷിതത്വം ലഭിക്കുന്നത് പ്രസ്തുത പാപം കൈമാറിക്കിട്ടുന്നത് പുരുഷബീജം വഴിയാണെന്നും അച്ഛനില്ലാതെ ജനിച്ചതിനാൽ യേശു പാപസുരക്ഷിതത്വമുള്ളവനാണെന്നുമുള്ള വാദത്തെ സന്താനോത്പാദനത്തിൽ സ്ത്രീകളുടെ പങ്കിനെ കുറിച്ചുള്ള ശാസ്ത്രീയ വിവരങ്ങൾ മുൻനിർത്തിക്കൊണ്ടാണ് മക്തി തങ്ങൾ എതിർക്കുന്നത്. (സനാഉള്ള മക്തി തങ്ങൾ, 2012a:43) ഇത്തരത്തിൽ വിവിധ വൈജ്ഞാനിക ധാരകളെ മുൻനിർത്തിക്കൊണ്ടുള്ള വിമർശനവും ബൈബിളിന് നേരെ ഇവർ ഉന്നയിക്കുന്നുണ്ട്.

വിമർശനത്തിൽ ഇത്തരം സമാനതകൾ കാണാമെങ്കിലും അടിസ്ഥാനപരമായി ചില വ്യത്യാസങ്ങൾ ദിവ്യവചനങ്ങളെ സമീപിക്കുമ്പോൾ ഇവർ രണ്ടുപേരും സൂക്ഷിക്കുന്നുണ്ട്. ചട്ടമ്പിസ്വാമികളെ സംബന്ധിച്ചിടത്തോളം ബൈബിൾ വചനങ്ങളെ ഖണ്ഡിക്കുക മാത്രമാണ് അദ്ദേഹത്തിന്റെ വിമർശനത്തിന്റെ ലക്ഷ്യം. അതിനാൽ തന്നെ അദ്ദേഹം പൊതുയുക്തിയെ മാത്രമാണ് മിക്കപ്പോഴും വിമർശനത്തിനായി ഉപയോഗിക്കുന്നത്. എന്നാൽ മക്തി തങ്ങൾക്ക് ബൈബിളിന്റെ ദിവ്യപരിവേഷത്തെ ഖണ്ഡിക്കുക മാത്രമല്ല ഖുർആനിന്റെ ദൈവികതയെ ഉയർത്തിപ്പിടിക്കുകയും വേണം. ഒപ്പം ബൈബിൾ തന്നെ പൂർണമായും ദൈവവചനമല്ല എന്ന വിശ്വാസവും അദ്ദേഹത്തിനില്ല. ഇസ്ലാമിക വിശ്വാസമനുസരിച്ച് ബൈബിളും ദൈവത്താൽ നൽകപ്പെട്ട ഗ്രന്ഥം തന്നെ. മനുഷ്യരുടെ കൈകടത്തലുകളാണ് അതിന്റെ ദൈവികതയെ നശിപ്പിച്ചത്. അതിനാൽ ബൈബിളിനെ പൂർണമായി തള്ളിക്കളയാൻ മക്തി തങ്ങൾ ഒരുക്കമല്ല. ദിവ്യവചനങ്ങൾ, യുക്തി, ശാസ്ത്രീയമായ അറിവുകൾ എന്നിവ പരസ്പരം നിരാകരിക്കാത്ത ഒരാലോചനാപദ്ധതിക്കകത്തു വേണമായിരുന്നു മക്തി തങ്ങൾക്ക് തന്റെ വാദങ്ങളെ ഉറപ്പിക്കാൻ. യുക്തിയെയോ ശാസ്ത്രീയമായ അറിവുകളെയോ തള്ളാതെ അവയൊന്നും ഖുർആനിലെ ദിവ്യവചനങ്ങൾക്കെതിരാവുകയില്ലെന്ന് പ്രഖ്യാപിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. (സനാഉള്ള മക്തി തങ്ങൾ, 2012c:707)

ഗുണ്ടർട്ടിന്റെ *വജ്രസൂചി* മുതലായ വിവർത്തനകൃതികൾക്കുള്ള മറുപടിയായാണ് കോയമ്പത്തൂർ അഷ്ടാവധാനി മതഖണ്ഡന വെങ്കിടഗിരിശാസ്ത്രികൾ *ജ്ഞാനോദയം* എന്ന കൃതി രചിക്കുന്നത്. ദൈവികവും സമ്പൂർണ്ണവുമായ സത്യത്തിന്റെ സ്രോതസ്സ് എന്ന നിലയിൽ മിഷണറിമാർ ബൈബിളിനെ ഉറപ്പിക്കാൻ ശ്രമിക്കുന്നതിന് സമാനമായി പ്രസ്തുത കൃതിയിൽ ശിവനെ ഏകദൈവമായും ഹിന്ദുമതത്തെ സത്യമതമായും വേദശാസ്ത്രേതിഹാസപുരാണങ്ങളെ പ്രസ്തുത മതത്തിന്റെ അടിസ്ഥാന ഗ്രന്ഥങ്ങളായും പ്രതിഷ്ഠിക്കാനാണ് അദ്ദേഹം ഈ കൃതിയിലൂടെ ശ്രമിക്കുന്നത്. ക്രിസ്തുമത പ്രചാരണങ്ങളെ ചെറുക്കാൻ വെങ്കിടഗിരിശാസ്ത്രികൾ ആവശ്യപ്പെടുന്നത്, ആഗമങ്ങളും ധർമ്മശാസ്ത്രങ്ങളും അത് ആവശ്യപ്പെടുന്നത് കൊണ്ടാണ്. ഇതേ ആവശ്യം ഉന്നയിക്കുന്നതിന് ചട്ടമ്പിസ്വാമികൾ ഏതെങ്കിലും ദിവ്യഗ്രന്ഥങ്ങളിൽ നിന്നുള്ള ഉദ്ധരണികളുടെ പിൻബലം തേടുന്നില്ല എന്നത് ശ്രദ്ധേയമാണ്. പുരാണങ്ങളിലും മറ്റും പൂർവാപരവിരുദ്ധമായ കാര്യങ്ങൾ കടന്നുവരുന്നത് എങ്ങനെ എന്ന ചോദ്യത്തിന് ശാസ്ത്രികൾ നൽകുന്ന മറുപടി-

> ഓരൊരുകാലത്തിൽ പാഷണ്ഡമത സിദ്ധാന്തികൾ പ്രബലപ്പെട്ട തങ്ങളുടെ ദുർന്ന്യായങ്ങളെ സ്ഥാപിക്കാൻ വേണ്ടി പ്രമാണങ്ങളെ കാട്ടുവാൻ തങ്ങളുടെ സമ്പ്രദായത്തെ അനുസരിച്ച് ശ്ലോകങ്ങളെ ഉണ്ടാക്കി അതാതുകാലങ്ങളിൽ പ്രബലപ്പെടാത്ത പുരാണങ്ങളിൽ ചേർത്തി എഴുതി വെച്ചിട്ടുള്ളതല്ലാതെ വ്യാസമർഹഷി പറഞ്ഞിട്ടുള്ളതിൽ ഒരിക്കലും പൂർവ്വാപരവിരോധമായിട്ട് കാണുന്നില്ല. (വെങ്കിടഗിരിശാസ്ത്രികൾ, 1880:16)

എന്നാണ്. ശിവനെ ഏകദൈവമായും വേദശാസ്ത്രഇതിഹാസപുരാണാദികളെ ബൈബിളിനോ ഖുർആനിനോ സമാനമായ വൈരുദ്ധ്യരഹിതവും സത്യസമ്പൂർണ്ണവുമായ ദിവ്യഗ്രന്ഥങ്ങളായുമാണ് ഈ കൃതി പരിഗണിക്കുന്നത്.

വിദ്വാൻകുട്ടിയുടെ *വിശുദ്ധവെണ്മഴു*, സനാഉള്ള മക്തി തങ്ങളുടെ *കഠോരകുഠാരത്തിന്* മറുപടിയായി എഴുതപ്പെട്ട രചനയാണ്. ചരിത്രത്തെയും ശാസ്ത്രത്തെയും യുക്തിയെയും കൂട്ടുപിടിച്ചുകൊണ്ടുള്ള മക്തി തങ്ങളുടെ വിമർശനങ്ങളെ വിദ്വാൻകുട്ടി നേരിടുന്നത് ബൈബിളിന്റെ ലോകബോധത്തിനകത്തുവച്ചാണ്. ബൈബിൾ വചനങ്ങൾ ഉപയോഗിച്ചതന്നെ ക്രിസ്ത്യൻ വിശ്വാസത്തെ വിചാരണ ചെയ്യാനാണ് താൻ ശ്രമിക്കുന്നത് എന്ന അർത്ഥത്തിൽ 'അന്യവേദമോശാസ്ത്രമോ ചേർക്കാതെ സുവിശേഷങ്ങളിൽ നിന്നു തന്നെ ചില വാക്യങ്ങളെ എടുത്തു നിയമാനുസരണയായി ക്രിസ്ത്യാനികൾ അളന്നു വരുന്ന അളവിനാൽ തന്നെ അവർക്കും അളക്കുന്നു. ദൈവം തുണക്കട്ടെ' എന്ന മക്തിതങ്ങളുടെ വാക്യത്തെ വിദ്വാൻകുട്ടി വിമർശിക്കുന്നുണ്ട്. അളക്കുക, വിധിക്കുക തുടങ്ങിയവ ദൈവത്തിന്റെ പ്രവർത്തികളാണെന്നും ഇവ സ്വന്തം പ്രവർത്തികളായി കാണിക്കുക വഴി മക്തി തങ്ങൾ ദൈവത്തിന്റെ സ്ഥാനം കയ്യടക്കുകയാണെന്നുമാണ് വിദ്വാൻകുട്ടിയുടെ വാദം. (വിദ്വാൻകുട്ടി, 1903:242-244) മറ്റു രചയിതാക്കളിൽ കാണുന്നതുപോലെ മതഗ്രന്ഥങ്ങളെ അപഗ്രഥിച്ച് യുക്തിയും ശാസ്ത്രവും ചരിത്രവും മറ്റും പരിഗണിച്ച് ഏതു മതമാണ് മികച്ചത് എന്ന തീർപ്പിൽ എത്താൻ കഴിവുള്ള വ്യക്തികളായല്ല സംവാദത്തിൽ പങ്കെടുക്കുന്നവരെ വിദ്വാൻകുട്ടി കാണുന്നത്. മക്തി തങ്ങളുടെ വിമർശനത്തെ പോലും പ്രവചനാത്മാവിന്റെ പ്രേരണയാൽ ഉണ്ടാകുന്ന സംസാരങ്ങളായിട്ടാണ് അദ്ദേഹം ചിത്രീകരിക്കുന്നത്. (വിദ്വാൻകുട്ടി, 1903:250) പ്രവചനാത്മാവ് എന്താണോ നാവിൽ വരുത്തുന്നത് അതു പറയാൻ മാത്രം കഴിയുന്ന വ്യക്തിയായി ഇവിടെ വിമർശകൻ ചുരുങ്ങുന്നു.

കഠോരകുഠാരത്തിൽ മക്തി തങ്ങൾ നടത്തുന്ന 'ജീവാജീവികൾ' എന്ന

പരാമർശത്തെ അദ്ദേഹം വിശകലനം ചെയ്യുന്നത് ജീവാത്മാവിനെക്കുറിച്ചും മരണാത്മാവിനെക്കുറിച്ചുള്ള ബൈബിൾ സങ്കല്പങ്ങളെ മുൻനിർത്തിയാണ്. (വിദ്വാൻകൂട്ടി, 1903:252-255) മറ്റു രചയിതാക്കളിൽ നിന്ന് വ്യത്യസ്തമായി പൊതുയുക്തിയെ ഉപയോഗിക്കാതെ, ബൈബിളിന്റെ ആന്തരികയുക്തിക്കകത്താണ് അദ്ദേഹത്തിന്റെ വിമർശനം നിലകൊള്ളുന്നത് എന്ന് ഈ ഉദാഹരണം വ്യക്തമാക്കുന്നു. ബൈബിളിന്റെ സൂക്ഷ്മവായനയും അതിന്റെ സാരത്തിന്റെ വിശദീകരണവും വ്യാഖ്യാനവും വഴിയാണ് തന്റെ വാദഗതികളെ ഗ്രന്ഥത്തിലുടനീളം അദ്ദേഹം മുന്നോട്ടു കൊണ്ടുപോകുന്നത്.

മതാന്തരസംവാദത്തിന്റെ ഫലങ്ങൾ

പൊതുമണ്ഡലത്തിനകത്തും മതങ്ങൾക്കകത്തുതന്നെയും ഇത്തരമൊരു സംവാദം എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവരുന്നത് എന്നാണ് ഇനി പരിശോധിക്കേണ്ടത്. ഈ സംവാദങ്ങൾ ഒന്നാമതായി ചെയ്യുന്നത് മലയാളിയുടെ മതത്തെയും മതവിശ്വാസികളെയും സംബന്ധിച്ച ഭാവനകളെ തിരുത്തുകയാണ്. മിഷൻ പ്രവർത്തനങ്ങളും സാഹിത്യങ്ങളും അതിനുള്ള മറുപടികളും അതിന്റെ വായനക്കാരെ സങ്കല്പിക്കുന്നത് പ്രസ്തുത രചനയുടെ വായനയിലൂടെ, അല്ലെങ്കിൽ പ്രഭാഷണങ്ങൾ ശ്രവിക്കുന്നതിലൂടെ തങ്ങൾ വിശ്വസിക്കുന്ന മതത്തിന്റെ അടിസ്ഥാനങ്ങളെ ചോദ്യം ചെയ്യാൻ കെൽപ്പുള്ള വ്യക്തികളായാണ്. ആധുനികപൂർവ്വമായ ഭക്തിസാഹിത്യ രചനകളിൽ നിന്ന് അതിനാൽ തന്നെ ഈ സംവാദമണ്ഡലം വ്യതിരിക്തമായ ഒരു ഭാവനയാണ് മതവിശ്വാസികളെക്കുറിച്ച് മുന്നോട്ടുവയ്ക്കുന്നത്. ഭക്തി കൃതികളുടെ ഭാവനാമണ്ഡലത്തിൽ നിന്ന് വ്യത്യസ്തമായി മതത്തെ ഒരു പഠന വസ്തുവായി ഈ സംവാദമണ്ഡലം കാണുന്നു. തർക്കവിതർക്കങ്ങളുടെ ഫലമായി മതവും ദൈവങ്ങളും പുണ്യപുരുഷൻമാരും വിശ്വാസത്തിനു പിന്നിലെ തത്വശാസ്ത്രവുമെല്ലാം ചരിത്രം, ശാസ്ത്രം, ഭാഷ, പൊതുബോധം എന്നിവയുടെയെല്ലാം വെളിച്ചത്തിൽ വിചാരണക്ക് വിധേയമാകുന്നു. ഇതോടെ അതുവരെ നിലനിന്ന വിധത്തിൽ നിലനിൽക്കാൻ മതങ്ങൾക്ക് സാധിക്കാത്ത നില ഈ സംവാദമണ്ഡലം സാധ്യമാക്കുന്നു.

രണ്ടാമതായി, വിശ്വാസികൾ അവരുടെ ജീവിതത്തെ ക്രമപ്പെടുത്തേണ്ട നിയമങ്ങളടങ്ങിയ പുസ്തകങ്ങൾ എന്ന നിലയിലേക്ക് ദിവ്യഗ്രന്ഥങ്ങളുടെ സ്ഥാനത്തെ ഈ സംവാദം ഉയർത്തുകയും ഉറപ്പിക്കുകയും ചെയ്യുന്നുണ്ട്. സംവാദത്തിന് മുമ്പും വിശ്വാസികളുടെ ജീവിതം ദിവ്യഗ്രന്ഥങ്ങളാൽ നിർണ്ണിതമായിരുന്നിരിക്കാം. എന്നാൽ

കോളനിയാധുനികതയുടെ പശ്ചാത്തലത്തിൽ പുതുതായി രൂപപ്പെടുന്ന വായനാ സമൂഹത്തെ ദിവ്യഗ്രന്ഥങ്ങളെ വായിക്കാനും വ്യാഖ്യാനിക്കാനും അതനുസരിച്ച് ജീവിക്കാനും ഈ സംവാദത്തിനകത്തെ പുസ്തകങ്ങൾ പ്രേരിപ്പിക്കുന്നുണ്ട്. ഒരു വേള സാമ്പ്രദായിക പണ്ഡിതന്മാരെ തള്ളിക്കൊണ്ട് വേദഗ്രന്ഥ വായന വഴി മതത്തെ സംബന്ധിച്ച തീർപ്പുകളിലേക്ക് സ്വയം എത്തിച്ചേരാനും മേൽ പുസ്തകങ്ങൾ തന്നെ വിശ്വാസിയെ പ്രേരിപ്പിക്കുന്നു.

ഇതോടൊപ്പം ശ്രദ്ധിക്കേണ്ട മറ്റൊന്ന്, മതപ്രമാണങ്ങളും ദിവ്യഗ്രന്ഥങ്ങളും ശാസ്ത്രം, ചരിത്രം, പൊതുയുക്തി തുടങ്ങിയവയാൽ വിചാരണ നേരിടാവുന്നവയാണ് എന്നൊരു അവബോധം വിശ്വാസികൾക്കകത്തുതന്നെ രൂപപ്പെട്ടതിന്റെ ഫലം കൂടിയാണ് ഇത്തരം ഗ്രന്ഥങ്ങളുടെ പിറവി എന്നതാണ്. മതേതരമായ ഒരു വായനാസമൂഹത്തിനാവശ്യമായ പത്രങ്ങളും പുസ്തകങ്ങളും ഒരുങ്ങുന്നതിനു മുമ്പ് പ്രത്യക്ഷപ്പെടുന്ന ഈ പുസ്തകങ്ങളിൽ തന്നെ ദൈവം, ദൈവനീതി തുടങ്ങിയ സങ്കല്പങ്ങൾ ചർച്ചയാവുന്നുണ്ട്. അക്കാലത്തെ പൊതുയുക്തിക്ക് നിരക്കാത്ത മതത്തിന്റെ നീതിസങ്കല്പങ്ങൾ ഉൾക്കൊള്ളുന്ന ദിവ്യവചനങ്ങളെ കാലാനുസൃതമായി പുനർവ്യാഖ്യാനിക്കാൻ സംവാദത്തിൽ പങ്കെടുത്തുകൊണ്ട് രചന നടത്തുന്നവർ നിർബന്ധിതരാകുന്നുണ്ട്. അഥവാ ഹ്രസ്വമായിട്ടാണെങ്കിലും ദൈവം, ദൈവനീതി തുടങ്ങിയ സങ്കൽപ്പങ്ങൾ ഒരു പൊതുമാപിനിയാൽ അളന്നു തുടങ്ങുന്നത് ഇവിടെ കാണാം.

ഉപസംഹാരം

മലയാളത്തിൽ അച്ചടി സജീവമായതിനുശേഷവും അതേസമയം മതേതരമായ പൊതുമണ്ഡലം രൂപപ്പെടുന്നതിനു തൊട്ടുമുമ്പുമായി പ്രത്യക്ഷപ്പെട്ട മതാത്മക രചനകളെ, അവയിൽ തന്നെ ബൈബിളിനെ സൂക്ഷമവായനക്ക് വിധേയമാക്കിയ ഒരുകൂട്ടം പുസ്തകങ്ങളെയാണ് ഈ പഠനം വിശകലനം ചെയ്യാൻ ശ്രമിച്ചത്. ആദ്യകാല അച്ചടിയും ബൈബിളിന്റെ സൂക്ഷ്മവായനയും കേരളീയപൊതുമണ്ഡലത്തിൽ ചെലുത്തിയ സ്വാധീനമാണ് പഠനം അന്വേഷിച്ചത്.

ക്രിസ്ത്യൻ മതപ്രചരണങ്ങളോടുള്ള പ്രതികരണമോ ന്യായീകരണമോ ആയാണ് ഈ പുസ്തകങ്ങളെല്ലാം രചിക്കപ്പെടുന്നത്. അച്ചടിച്ച പുസ്തകം എന്ന നിലയിൽ ബൈബിളിന്റെ ലഭ്യതക്കും ബൈബിൾസാരം ജനങ്ങളിലേക്കെത്തിക്കാൻ ഉതകുംവിധമുള്ള ഇതര പുസ്തകങ്ങളുടെ ലഭ്യതക്കുമൊപ്പം ക്രിസ്ത്യൻ മതപ്രചാ

രകർ ബൈബിളിനെ സത്യസമ്പൂർണ്ണമായ ദൈവവചനമായി, പരിപൂർണ്ണ സത്യത്തിലേക്കുള്ള വഴിയായി അവതരിപ്പിച്ചതും മറ്റു മതങ്ങളിലെ ദൈവികവചനങ്ങൾ അടങ്ങുന്ന ഗ്രന്ഥങ്ങളെ വിമർശിച്ചതുമാണ് ഈ പുസ്തകങ്ങളുടെ കേന്ദ്രാശയം ബൈബിളിനെ ചുറ്റിപ്പറ്റിയാവാൻ കാരണം.

ബൈബിൾ വചനങ്ങൾ തമ്മിലുള്ള വൈരുദ്ധ്യത്തെ തുറന്നുകാണിക്കുക, അക്കാലത്തെ പൊതുയുക്തിയെ മുൻനിർത്തി ബൈബിൾ വചനങ്ങളെ വിചാരണ ചെയ്യുക, അക്കാലത്തെ ക്രിസ്ത്യൻ വിശ്വാസങ്ങൾക്ക് ബൈബിളിന്റെ സാധൂകരണമില്ല എന്ന് വിമർശിക്കുക, ശാസ്ത്രം, ചരിത്രം തുടങ്ങിയ വൈജ്ഞാനികശാഖകൾ നൽകുന്ന അറിവുകളെ മുൻനിർത്തി ബൈബിളിനെ വിചാരണ ചെയ്യുക തുടങ്ങിയ രീതികളാണ് ഈ പുസ്തകങ്ങൾ, പ്രത്യേകിച്ച് ചട്ടമ്പിസ്വാമികളുടെ ക്രിസ്തുമതച്ഛേദനവും മക്തി തങ്ങളുടെ കഠോരകഠാരവും വിമർശനത്തിനായി പിന്തുടരുന്നത്. ഇത്തരം സമാനതകൾ പിന്തുടരുമ്പോഴും മക്തി തങ്ങൾ ഇസ്ലാമികവിശ്വാസത്തെ പിന്തുടർന്ന് ബൈബിളിന്റെ ദൈവികതയെ പൂർണമായും നിരാകരിക്കുന്നില്ല. വെങ്കിടഗിരി ശാസ്ത്രികളുടെ വിമർശനം ബൈബിളിലെ വൈരുദ്ധ്യങ്ങളെ തുറന്നു കാണിക്കാൻ ശ്രമിക്കുന്നതിനോടൊപ്പം ശിവനെ ഏകദൈവമായും വേദശാസ്ത്രേതിഹാസപുരാണങ്ങളെ ബൈബിളിന് സമാനമായി ഹിന്ദുമതത്തിലെ ആധികാരിക പ്രമാണങ്ങളായി ഉയർത്തിക്കാണിക്കാനും ശ്രമിക്കുന്നുണ്ട്. വിദ്വാൻകുട്ടിയുടെ പുസ്തകം ബൈബിളിന്റെ തത്ത്വങ്ങളെ അടിസ്ഥാനപ്പെടുത്തി മക്തി തങ്ങളുടെ കഠോരകഠാരത്തിന് എഴുതിയ മറുപടിയാണ്. മറ്റു പുസ്തകങ്ങളിൽ നിന്ന് വ്യത്യസ്തമായി, പൊതുയുക്തിയെ മുൻനിർത്തിയോ മറ്റു വൈജ്ഞാനികശാഖകളുടെ പിൻബലത്തോടെയോ ബൈബിൾ വചനങ്ങളെ തെളിയിക്കാൻ ശ്രമിക്കുന്നതിനു പകരം ബൈബിൾ മുന്നോട്ടുവയ്ക്കുന്ന ആലോചനാലോകത്തിലൂടെ തന്നെയാണ് പ്രസ്തുത ഗ്രന്ഥം ബൈബിളിന് നേരെയുള്ള ആരോപണങ്ങൾക്ക് മറുപടി പറയാൻ ശ്രമിക്കുന്നത്.

പൊതുമണ്ഡലത്തിലും മതങ്ങൾക്കകത്തും വിശ്വാസികളെക്കുറിച്ചുള്ള ധാരണകൾ ഈ പുസ്തകങ്ങൾ രൂപീകരിക്കുന്ന മതാന്തരസംവാദമണ്ഡലം മാറ്റിമറിക്കുന്നു. ഈ ചർച്ചകളിൽ പങ്കെടുത്തു കൊണ്ട് സ്വന്തം മതത്തിന്റെ അടിസ്ഥാനധാരണകളെ പുനരവലോകനം ചെയ്യാൻ കെൽപ്പുള്ള വ്യക്തികളായാണ് ഈ ചർച്ച വിശ്വാസികളെ കാണുന്നത്. ഒപ്പം പരമ്പരാഗത മതപണ്ഡിതരെ ആശ്രയിക്കാതെ വിശുദ്ധഗ്രന്ഥങ്ങളിൽ ഊന്നിക്കൊണ്ട് മതത്തെക്കുറിച്ചുള്ള ധാരണകൾ രൂപീകരി

ക്കാനും ഈ സംവാദമണ്ഡലം വിശ്വാസികളെ പ്രേരിപ്പിക്കുന്നു. ചരിത്രം, ശാസ്ത്രം തുടങ്ങിയ വിജ്ഞാനധാരകളെ മുൻനിർത്തി മതഗ്രന്ഥങ്ങളെ വിചാരണ ചെയ്യാനും ഈ പുസ്തകങ്ങൾ വിശ്വാസികളെ തയ്യാറെടുപ്പിക്കുന്നു. ഇത്തരത്തിൽ ചുരുങ്ങിയതോതിലാണെങ്കിലും മതം, ദൈവം, ദൈവനീതി തുടങ്ങിയ സങ്കൽപ്പങ്ങൾ ഒരു പൊതുമാപിനിയാൽ അളക്കപ്പെടുന്നു എന്നതാണ് ഈ സംവാദമണ്ഡലം സാധ്യമാക്കിയ വലിയ മുന്നേറ്റം.

അവലംബിതസൂചിക

- ചട്ടമ്പിസ്വാമികൾ, *ക്രിസ്തുമതച്ഛേദനം*, കരുക്ഷേത്രപ്രകാശൻ, എറണാകുളം, 1997.
- രാമകൃഷ്ണൻ, ഇ. വി., 'അച്ചടിയും ആധുനികതയും', *അനുഭവങ്ങളെ ആർക്കാണ പേടി*, ഡി സി ബുക്സ്, കോട്ടയം, 2012.
- വിദ്വാൻകുട്ടി, 'വിശുദ്ധവെൺമഴ', *നിത്യാക്ഷരങ്ങൾ പൂർവ്വഭാഗം*, കായങ്കുളത്ത്പുത്തൻവീട്ടിൽ ഉമ്മച്ചൻബോധകരുടെ അച്ചുകൂടം, 1903, ഇന്റർനെറ്റ് ആർക്കൈവ്, https://archive.org/details/yuyomayam-nithyaksharangngal_part1_edn2_1903/mode/1up?view=theater, പ്രവേശിച്ചത് 05 സെപ്തംബർ 2024
- വിനിൽ പോൾ, *അടിമകേരളത്തിന്റെ അദൃശ്യചരിത്രം*, ഡി സി ബുക്സ്, കോട്ടയം, 2022.
- വെങ്കിടഗിരിശാസ്ത്രികൾ, *ജ്ഞാനോദയം*, വിദ്യാവിലാസം അച്ചുകൂടം, കോഴിക്കോട്, 1880, ഇന്റർനെറ്റ് ആർക്കൈവ്, https://archive.org/details/dli.mal.CiXIV267/page/n2/mode/1up, പ്രവേശിച്ചത് 05 സെപ്തംബർ 2024
- സനാഉള്ള മക്തി തങ്ങൾ, 'കഠോരകഠാരം', *മക്തി തങ്ങളുടെ സമ്പൂർണ്ണകൃതികൾ*, സമ്പാ: മുഹമ്മദ് അബ്ദുൽകരീം, വചനം ബുക്സ്, കോഴിക്കോട്, 2012a
- ———————— 'സത്യദർശിനി', *മക്തി തങ്ങളുടെ സമ്പൂർണ്ണകൃതികൾ*, സമ്പാ: മുഹമ്മദ് അബ്ദുൽകരീം, വചനം ബുക്സ്, കോഴിക്കോട്, 2012b
- ———————— 'മക്തി മനഃക്ലേശം', മക്തി തങ്ങളുടെ സമ്പൂർണ്ണകൃതികൾ, സമ്പാ: മുഹമ്മദ് അബ്ദുൽകരീം, വചനം ബുക്സ്, കോഴിക്കോട്, 2012c
- Arunima, G. 'Imagining communities-differently.' *The Indian Economic & Social History Review*, vol. 43, no. 1, Mar. 2006, pp. 63–76. https://doi.org/10.1177/001946460504300103, Accessed 15 September 2024.
- Robinson, Francis. 'Technology and Religious Change: Islam and the Impact of Print.' *Modern Asian Studies*, vol. 27, no. 1, 1993, pp. 229–51. JSTOR, http://www.jstor.org/stable/312883, Accessed 15 September 2024.

ഗുടി നിസർച്ച് ജേണൽ • ISSN: 2320-5830 • ഭാഗം -12 • ലക്കം - 3 •

ആദ്യകാല വനിതാ ആനുകാലികങ്ങൾ: സ്ത്രീ പത്രാധിപത്യവും വായനാസംസ്കാരവും

അബ്ദുൽസലാം എ.പി.
അസി. പ്രൊഫസർ, മലയാളവിഭാഗം
അൽ-അമീൻ കോളെജ്, എടത്തല, ആലുവ

പ്രബന്ധസംഗ്രഹം:

കേരളത്തിലെ ആദ്യകാല വനിതാ ആനുകാലികങ്ങൾകൈകാര്യം ചെയ്ത വിഷയങ്ങൾ, എഡിറ്റിംഗ് രീതി, പംക്തികൾ, പരസ്യങ്ങൾ എന്നിവ പരിശോധിച്ചുകൊണ്ട് സ്ത്രീകളുടെ പത്രാധിപത്യം എന്ന വിഷയത്തെ സാംസ്കാരികമായും ചരിത്രപരമായും അടയാളപ്പെടുത്തുന്നു. അക്കാലത്ത് പുരുഷന്മാർ എഡിറ്റുചെയ്തിരുന്ന വനിതാ ആനുകാലികങ്ങളിൽനിന്ന് വനിതാ എഡിറ്റർമാരുടെ പത്രാധിപത്യത്തിൽ പുറത്തിറങ്ങിയ ആനുകാലികങ്ങൾ എങ്ങനെ വ്യതിരിക്തമാകുന്നുവെന്നു പ്രബന്ധം പരിശോധിക്കുന്നു. ലോകത്തിലും ഇന്ത്യയിലും സമാനകാലത്തു പുറത്തിറങ്ങിയ വനിതാപ്രസിദ്ധീകരണങ്ങൾ കൈകാര്യംചെയ്ത പല വിഷയങ്ങളും അതേ ആർജ്ജവത്തോടെ മലയാളത്തിൽ പ്രസിദ്ധീകരിച്ചവയും ഏറ്റെടുത്തിട്ടുണ്ട് എന്ന് പ്രബന്ധം കണ്ടെത്തുന്നു. എലയ്ൻ ഷോവാൾട്ടറുടെ ഗൈനോക്രിട്ടിക് വീക്ഷണം ഈ പഠനത്തിന്റെ ഒരു സൈദ്ധാന്തികപരിസരമായി സ്വീകരിച്ചിട്ടുണ്ട്.

താക്കോൽ വാക്കുകൾ:

ആനുകാലികങ്ങൾ, വനിതാആനുകാലികങ്ങൾ, പ്രസാധനം, പ്രസാധക, അധീശത്വം, പൊതുമണ്ഡലം, സാമൂഹികപരിഷ്കരണം, ഗൈനോക്രിട്ടിസിസം

ആമുഖം

സമകാലികസംഭവങ്ങൾ പ്രധാന ഉള്ളടക്കമായി വരുന്ന ആനുകാലികപ്രസിദ്ധീകരണങ്ങൾ സമൂഹത്തിൽ ഏറെ ചലനാത്മകമായ സ്വാധീനം ചെലുത്താറുണ്ട്. ജനപ്രിയതയും വില്പനയിൽനിന്നുള്ള വരുമാനവും ആനുകാലികങ്ങളുടെ നിലനിൽപ്പിന് ഏറെ പ്രധാനമായതിനാൽ മുഖ്യധാരയുടെ താത്പര്യങ്ങളെ സംരക്ഷിക്കാൻ അവ നിർബ്ബന്ധിതമാകും. ലോകത്തിലെ സ്ത്രീ ആനുകാലികങ്ങളുടെ ചരിത്രം സ്ത്രീകളുടെ വിദ്യാഭ്യാസവുമായും സാമൂഹിക മുന്നേറ്റവുമായും ബന്ധപ്പെട്ടു കിടക്കുന്നു. ഇത്തരം ആനുകാലികങ്ങളിൽ പലതും പരമ്പരാഗതമായ സ്ത്രൈണ സങ്കല്പങ്ങളിൽ ഉറച്ചുനിന്നുകൊണ്ടുതന്നെ സ്ത്രീകളുടെ അവകാശങ്ങൾക്കായി ശബ്ദമുയർത്തി. പലപ്പോഴും ഉൽക്കർഷേച്ഛുക്കളായ പുരുഷന്മാരുടെ പത്രാധിപത്യത്തിലായിരുന്നു ഇവ പുറത്തിറങ്ങിയത്. പക്ഷേ, പതിയെപ്പതിയെയെങ്കിലും സ്ത്രീകൾ ഇത്തരം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ചുമതല ഏറ്റെടുത്തു തുടങ്ങി. ഈ പ്രസിദ്ധീകരണങ്ങൾ ഉന്നയിച്ചിരുന്ന സ്ത്രീമുന്നേറ്റവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് അത് കൂടുതൽ തെളിച്ചവും ആധികാരികതയും നൽകി. എഡിറ്റിംഗിലെ ആൺനോട്ടങ്ങൾക്ക് ബദലുകൾ രൂപപ്പെട്ടു. വിഷയസ്വീകരണവും ആവിഷ്കാരവും വ്യത്യസ്തമായി. സ്ത്രീകളുടെ സാംസ്കാരിക ചരിത്രത്തിന്റെ ഒരു സുപ്രധാന അദ്ധ്യായമാണ് ഇത്തരം ആനുകാലികങ്ങളുടെ ചരിത്രം. മലയാളത്തിൽ *ശാരദ, മഹിള, മഹിളാരത്നം, സ്ത്രീ, മുസ്ലിംവനിത* തുടങ്ങിയ ആനുകാലികപ്രസിദ്ധീകരണങ്ങൾ അക്കാലത്തെ സ്ത്രീവിദ്യാഭ്യാസത്തെയും സ്ത്രീമുന്നേറ്റത്തെയും കുടുംബ-സാമൂഹികജീവിതങ്ങളെയും പ്രതിഫലിപ്പിക്കുകയും പ്രചോദിപ്പിക്കുകയും പരിവർത്തനവിധേയമാക്കുകയും പുരുഷാധിപത്യത്തെയും പാരമ്പര്യബോധത്തെയും പ്രശ്നവത്കരിക്കുകയും ചെയ്തിട്ടുണ്ട്.

വനിതാ ആനുകാലികങ്ങൾ: ലഘുചരിത്രം

വനിതാ ആനുകാലികങ്ങളുടെ ചരിത്രം ആരംഭിക്കുന്നത് 1770-ൽ ലണ്ടനി

ൽനിന്ന് ജോൺകൂട് (John Coote), ജോൺ വെബ്ൾ (John Wheble) എന്നിവർ ചേർന്നു പ്രസിദ്ധീകരിച്ച ദ ലേഡീസ് മാഗസിൻ ഓർ എന്റർടെയ്നിംഗ് കംപാനിയൻ ഫോർ ദ ഫെയർസെക്സ്, അപ്രോപ്രിയേറ്റഡ് സോൾലി ടു ദെയർയൂസ് ആൻഡ് എന്റർടെയ്ൻമെന്റോടെ (The Lady's Magazine or Entertaining Companion for the Fair Sex, Appropriated Solely to their Use and Entertainment)യാണ്. ആദ്യമായി ഒരു വനിത എഡിറ്ററാകുന്നത് മസാച്ചുസെറ്റ്സിൽനിന്ന് പ്രസിദ്ധീകരിച്ചിരുന്ന ലേഡീസ് മാഗസിനിലായിരുന്നു (Ladies' Magazine). 1828 മുതൽ 1836വരെ സാറാ ജോസഫാ ഹാലെ എന്ന വനിത ഈ മാസിക എഡിറ്റുചെയ്തു.

ഇന്ത്യൻ ഉപഭ്രഖണ്ഡത്തിലെ ആദ്യത്തെ വനിതാ എഡിറ്റർലഹോറിൽനിന്ന് പ്രസിദ്ധീകരിച്ച തഹ്സീബ്-ഇ-നിസ്വാൻ എന്ന വാരികയുടെ പത്രാധിപയായിരുന്ന സയീദ മുഹമ്മദി ബീഗം ആയിരുന്നു. സ്ത്രീവിമോചനത്തിനായി സമർപ്പിക്കപ്പെട്ടിരുന്ന ഈ ഉർദു മാസികയുടെ ആദ്യലക്കം പുറത്തിറങ്ങിയത് 1898 ജൂലായ് 1-നാണ്. അലിഗഢ് പ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളിയായിരുന്ന സർ സയ്യദ് അഹമ്മദ് ഖാന്റെ സന്തതസഹചാരിയായ മുംതാസ് അലി മുംതാസ് ആയിരുന്നു ബീഗത്തിന്റെ ജീവിതപങ്കാളി. മുസ്ലിം പുരുഷന്മാരെപ്പോലെ തന്നെ സ്ത്രീകളും വിദ്യാഭ്യാസം നേടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഇരുവർക്കും ബോദ്ധ്യമുണ്ടായിരുന്നു.

പരമ്പരാഗതകാഴ്ചപ്പാടുകളെ വെല്ലുവിളിച്ചു പുറത്തിറക്കിയ ഈ വാരിക സ്വാഭാവികമായും വലിയ എതിർപ്പുകൾ അതിജീവിച്ചു. വിദ്യാസമ്പന്നരായ വ്യക്തികൾക്ക് കോപ്പികൾ കോംപ്ലിമെന്ററി ആയി അയച്ചുനൽകിയിരുന്നു. പക്ഷേ അവരിൽപ്പലരും അസഭ്യമെഴുതിയ കത്തുകൾക്കൊപ്പം കോപ്പികൾ തിരിച്ചയച്ചുകൊടുക്കുകയാണുണ്ടായത്. മൂന്നുവർഷംകൊണ്ട് 345 കോപ്പിയും അഞ്ചുവർഷംകൊണ്ട് 428 കോപ്പിയുമായി വളരാനേ അതിനു സാധിച്ചുള്ളൂ. 1905-ൽ മുസ്ഹീർ ഇ-മദർ എന്നൊരു മാസികയും ബീഗം പുറത്തിറക്കി. പക്ഷേ 1908-ൽ അവരുടെ അകാലനിര്യാണത്തെത്തുടർന്ന് മാസിക നിലച്ചു.

മലയാളത്തിൽ പ്രസിദ്ധീകരിച്ച ആദ്യവനിതാ ആനുകാലികമായി കണക്കാക്കുന്നത് കേരളീയ സുഗ്രണബോധിനിയെയാണ്. 1885-ലായിരുന്നു ഇതിന്റെ പ്രസാധനം ആരംഭിച്ചത്. പുരുഷൻമാർ ആരംഭിച്ച, പുരുഷൻമാർ എഴുതിയിരുന്ന ഒരു ആനുകാലികമായിരുന്നു ഇത്. അല്പകാലം മാത്രം പ്രചാരത്തിലുണ്ടായിരുന്ന ഈ മാസികയിൽ സ്ത്രീകളെ സംബന്ധിക്കുന്ന രചനകളേക്കാൾ കൂടുതൽ സർഗ്ഗാ

ത്മകരചനകൾക്കായിരുന്നു ഇടംനൽകിയിരുന്നത്. പിന്നീട്, 1904-ൽ തൃപ്പൂണിത്തുറയിൽനിന്ന് പ്രസിദ്ധീകരണം ആരംഭിച്ച ശാരദയുടെ ഉടമസ്ഥനും മാനേജരും പുരുഷൻമാരായിരുന്നുവെങ്കിലും മാസികയുടെ പ്രസാധകർ രണ്ടു വനിതകളായിരുന്നു- ടി.സി. കല്യാണിക്കുട്ടിയമ്മയും ടി. അമ്മുക്കുട്ടിയമ്മയും.

1916-ൽ കെ.എം. കുഞ്ഞിലക്ഷ്മികെട്ടിലമ്മയുടെ പത്രാധിപത്യത്തിൽ തിരുവനന്തപുരത്തുനിന്ന് ആരംഭിച്ച മാസികയാണ് മഹിളാരത്നം. "മഹിളകളുടെ കാര്യങ്ങൾതന്നെയാണ് മഹിളാരത്നത്തിൽ അധികവും പ്രതിപാദിച്ചിരുന്നെങ്കിലും അവ മിക്കവാറും പ്രശസ്തരായ പുരുഷൻമാരാണ് എഴുതിയിരുന്നത്" (കൃഷ്ണകുമാരി, 2010:34). ബി. ഭഗീരഥിയമ്മ പ്രസാധനം ചെയ്ത മഹിളയായിരുന്നു എറ്റവും കൂടുതൽകാലം പ്രസിദ്ധീകരിച്ച മാസിക. 1921 മുതൽ 1941 വരെ ഇതിന്റെ പ്രസിദ്ധീകരണം മുന്നോട്ടു കൊണ്ടുപോകാൻ ഭഗീരഥിയമ്മയ്ക്ക് കഴിഞ്ഞു. തുടർന്ന്, മിസ്സിസ് പാർവ്വതി അയ്യപ്പൻ ബി എ, എൽ ടി പത്രാധിപയായി സ്ത്രീ എന്നൊരു മാസിക കൊല്ലവർഷം 1932-ൽ പ്രസിദ്ധീകരിച്ചിരുന്നു. അക്കാലത്തെ മുസ്ലിം സ്ത്രീകളുടെ സാമൂഹികാവസ്ഥയെക്കുറിച്ച് സംസാരിച്ചത് ഹലീമാ ബീബിയുടെ നേതൃത്വത്തിൽ ആരംഭിച്ച മുസ്ലിം വനിത എന്ന ആനുകാലികപ്രസിദ്ധീകരണമായിരുന്നു. 1938-ൽ തിരുവല്ലയിൽ നിന്നായിരുന്നു പ്രസിദ്ധീകരണം ആരംഭിച്ചത്.

1905 മുതൽ 1940 വരെയുള്ള കാലയളവിൽ മലയാളത്തിൽ വനിതാ ആനുകാലികങ്ങളുടെ ഒരു വലിയ നിരതന്നെ പ്രത്യക്ഷപ്പെട്ടു. വെള്ളായ്ക്കൽ നാരായണമേനോൻ, നാണിക്കുട്ടിയമ്മ, കല്യാണി അമ്മ എന്നിവരുടെ പത്രാധിപത്യത്തിൽ ആരംഭിച്ച ലക്ഷ്മീഭായ്, പി.ആർ. മന്ദാകിനിയുടെ നേതൃത്വത്തിൽ ആരംഭിച്ച സഹോദരി, കെ. ചിന്നമ്മയുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ച മഹിളാമന്ദിരം, മനോരമാ സ്ത്രീസമാജത്തിന്റെ പേരിൽ പുറത്തിറങ്ങിയ മലയാളമാസിക എന്നിവയാണ് സ്ത്രീകളുടെ നേതൃത്വത്തിൽ ആരംഭിച്ച ആദ്യകാല മാസികകൾ.

ആദ്യകാല മലയാളമാസികകളിലെ സ്ത്രീ

> ഇപ്പോൾ നമുക്കിടയിൽ നടപ്പായിട്ടുള്ള ഒരുതരം പരിഷ്കാരത്തിന്റെ (വാസ്തവമായ പരിഷ്കാരത്തിന്റെതല്ല) ഫലങ്ങളിൽ ഒന്നു നമുക്കു ദേഹശക്തിയിലും സുഖത്തിലും ഉണ്ടായിട്ടുള്ള ഗണനീയമായ കുറവാണ്. സ്ത്രീകളുടെ കാര്യത്തിലാണ് ഈ കുറവു അധികമായിത്തീർന്നിട്ടുള്ള

തു. ഇതിനു പ്രത്യേകകാരണങ്ങളും ഇല്ലാതില്ല. പഴയ സമ്പ്രദായപ്രകാരം സ്ത്രീകൾക്കു ദേഹവ്യായാമം വേണ്ടിടത്തോളം സിദ്ധിക്കുന്നതിനു പല മാർഗ്ഗങ്ങളുമുണ്ടായിരുന്നു. ഇപ്പോഴും പഴയ സമ്പ്രദായപ്രകാരം വീട്ടുജോലികൾ തന്നെത്താൻ ചെയ്യുന്ന സ്ത്രീകളുടെ ആരോഗ്യത്തിനു വലിയ ന്യൂനതയൊന്നും തട്ടീട്ടില്ല. എന്നാൽ "ഇന്ദുലേഖ ചമഞ്ഞിരിക്കുന്ന" സ്ത്രീകളുടെ സംഖ്യ നമുക്കിടയിൽ വർദ്ധിച്ചു വരികയാണല്ലൊ. വീട്ടുജോലികളെല്ലാം ഭൃത്യന്മാരെയും ഭൃത്യകളെയും ഏല്പിച്ചിട്ടു വെറ്റിലത്തട്ടവും എടുത്തു മുന്നിൽവച്ചു മുറുക്കിയും "സൊള്ളുപറഞ്ഞും" സമയം കഴിച്ചുകൂട്ടുന്ന ഒരുവിധം പഴയമാതിരിക്കാരായ ഗൃഹനായികമാരും നമ്മുടെയിടയിൽ ഉണ്ടു. (രാമൻമേനോൻ, 1916:9)

താരുണ്യത്തിന്റെ ആരംഭത്തോടുകൂടി ആണ്ടുതോറും പ്രസവിക്കയും പ്രായശീലാദികളിൽ വിവിധത്വമുള്ള കുട്ടികളെ കഷ്ടപ്പെടുത്താതെ കുടുംബത്തിന്റെ നിലയ്ക്കും വിലയ്ക്കും വിലയം വരുത്താതെ വളർത്തിക്കൊണ്ടു വരികയും ചെയ്യുന്നതിനു ഗൃഹനായികയ്ക്കുള്ള ഞെരുക്കം ആർക്കും അറിയാവുന്നതാണല്ലൊ. മലയാളഭാഷാതറവാട്ടിൽജനിച്ച ഭ്രാതാക്കളുടെ അകാലദേഹവിയോഗദുഃഖം സഹിച്ചു കുടുംബക്ഷേമാർത്ഥം വളരെ സൽഗ്രന്ഥസന്താനങ്ങളെ അവതരിപ്പിച്ചു ജ്ഞാനവൃദ്ധർമാരുടെ സാരോപദേശമനുസരിച്ചു പഴയൊരു തറവാട്ടമ്മയായി വർത്തിച്ചുപോരുന്ന ഈ 'ലക്ഷ്മീഭായി' ദക്ഷാരിയായ ദക്ഷിണാമൂർത്തിയുടെ ദാക്ഷിണ്യത്താലും പത്രബന്ധുക്കളുടെ കാലോചിതങ്ങളായ ആനുകൂല്യങ്ങളാലും ദുർഘടദുർഗ്ഗങ്ങൾമന്ദം മന്ദം കേറിക്കടന്നു മുപ്പതാംവയസ്സിൽ പ്രവേശിച്ചിരിക്കുന്നതിൽ ഞങ്ങളോളംതന്നെ പത്രസുഹൃത്തുകൾക്കും സന്തോഷത്തിനാണ് അവകാശമുള്ളത്. (ലക്ഷ്മീഭായി മാസിക പ്രസ്താവന, 1109:3)

മിതവാദി മാസികയിൽ 'നമ്മുടെ സ്ത്രീകളുടെ സുഖത്തിനു ആവശ്യമായ ചില കാര്യങ്ങൾ' എന്ന ശീർഷകത്തിൽ ജി. രാമൻമേനോൻ എം എ എഴുതിയ ലേഖനത്തിൽനിന്നുള്ള വാചകങ്ങളാണ് ആദ്യം ഉദ്ധരിച്ചിരിക്കുന്നത്. 'നമ്മുടെ' സ്ത്രീകളെ ഗാർഹികാന്തരീക്ഷത്തിൽ പ്രതിഷ്ഠിക്കുകയും, മലയാളനോവലിലെ സ്ത്രീവിദ്യാഭ്യാസത്തിന്റെയും സ്വതന്ത്രചിന്തയുടെയും ആദ്യകാല മാതൃകയായ ഇന്ദുലേഖയെ പരി

ഹാസച്ഛവിയോടെ അവതരിപ്പിക്കുകയും ചെയ്യുന്ന സമീപനം ഈ ലേഖനത്തിൽ കാണാം. ആരോഗ്യം നിലനിർത്താൻ സ്ത്രീകൾ, പ്രത്യേകിച്ച് സാമ്പത്തികമായി ഉയർന്ന നിലയിലുള്ള സ്ത്രീകൾ, കൂടുതലായി വീട്ടുജോലികൾ ചെയ്യണമെന്നാണ് ലേഖനകർത്താവിന്റെ ആഹ്വാനം. രണ്ടാമത്തെ ഉദ്ധരണി, സ്ത്രീകൾക്കു വേണ്ടി പ്രസിദ്ധീകരിച്ച ലക്ഷ്മീഭായി മാസികയുടെ പതിമൂന്നാംലക്കത്തിൽ നിന്നാണ്.മാസികയുടെ നിലനില്പിനെ ഗൃഹസ്ഥയായ തറവാട്ടമ്മയുടെ കുടുംബക്ഷേമാർത്ഥമുള്ള പ്രയാസങ്ങളുമായാണ താരതമ്യപ്പെടുത്തുന്നത്. തൊഴിൽരംഗം ഉൾപ്പെടെയുള്ള പൊതുമണ്ഡലത്തിൽ സ്ത്രീകളുടെ സാന്നിദ്ധ്യം തുലോം പരിമിതമായിരുന്ന അക്കാലത്ത്, സ്ത്രീവിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള നിരീക്ഷണങ്ങൾപോലും അവരുടെ കുടുംബത്തിന്റെ ഉൽക്കർഷമെന്ന ഘടകത്തിലാണ് ഊന്നിയത്. സ്ത്രീകൾ വിദ്യാസമ്പന്നരായാൽമാത്രമേ ഭർത്താവിന്റെ ചുരുങ്ങിയ വരുമാനംകൊണ്ടു കുടുംബത്തെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളൂ എന്നും, ശിശുസംരക്ഷണം ശരിയായി നടക്കൂ എന്നും തരവത്ത് അമ്മിണിയമ്മ 'ഒരു പ്രസംഗം' എന്ന പേരിൽ ലക്ഷ്മീഭായി മാസികയുടെ 1092 (കൊല്ലവർഷം) ഇടവമാസത്തിൽ പുറത്തിറങ്ങിയ പതിപ്പിൽ പറയുന്നുണ്ട്. മലയാളത്തിലെ അക്കാലത്തെ മുഖ്യധാരാ എഴുത്തുകാർ ഇക്കാലത്തെ മാസികകളിൽ സാന്നിദ്ധ്യമറിയിച്ചിരുന്നുവെങ്കിലും സ്ത്രീപ്രാതിനിധ്യം തുലോം കുറവായിരുന്നു. പൊതുവിഷയങ്ങളിൽ സ്ത്രീകൾ ഗണ്യമായ ഒന്നും എഴുതിക്കാണുന്നില്ല. തിരുവാതിര നൊയമ്പുൾപ്പെടെയുള്ള ആചാരാനുഷ്ഠാനങ്ങളിലെ അബദ്ധധാരണകളെക്കുറിച്ചും, അടിസ്ഥാനപരമായ ശാസ്ത്രബോധത്തെക്കുറിച്ചും സ്ത്രീകളെ ബോധവൽക്കരിക്കുന്ന ചില ലേഖനങ്ങൾ പുരുഷന്മാർ എഴുതിയിട്ടുണ്ട്. "പുരാതനസ്ത്രീകൾക്കു വിദ്യാഭ്യാസംകൊണ്ടു സിദ്ധിച്ചിട്ടുള്ള ഗുണങ്ങളിൽവെച്ച് ഏറ്റവും ഉപരിയായി നിൽക്കുന്നതു പാതിവ്രത്യമാകുന്നു" എന്നും, "എത്രതന്നെ ജോലികളുണ്ടായിരുന്നാലും ഭർത്തുശുശ്രൂഷയിൽ അമാന്തം കാണിക്കരുത്" എന്നും വി. പാർവ്വതി അമ്മ ലക്ഷ്മീഭായി മാസികയിൽ 'സ്ത്രീധർമ്മം' എന്ന ലേഖനത്തിൽ എഴുതുന്നു (1092, 394-397). പുരുഷകേന്ദ്രീകൃതമായ കാഴ്ചപ്പാടിൽ സ്ത്രീകളുടെ വിഷയങ്ങളെ സമീപിക്കുമ്പോഴും ഇന്ത്യൻസമൂഹത്തിൽ പൊതുവേ ഉയർന്നുവന്നിരുന്ന സ്ത്രീമുന്നേറ്റങ്ങളെ പരോക്ഷമായെങ്കിലും പ്രതിനിധീകരിക്കുകയെന്ന സാമൂഹ്യദൗത്യം ഈ മാസികകൾ നിർവ്വഹിച്ചിട്ടുണ്ട്. പക്ഷേ, ആത്യന്തികമായി അതു മുന്നോട്ടുവച്ചത് പരിഷ്കൃതമനസ്കയായി കുടുംബത്തെ കൂടുതൽ ഉന്നതിയിലേക്കു നയിക്കുകയാണു സ്ത്രീയുടെ കർത്തവ്യ

മെന്ന കാഴ്ചപ്പാടിനെയായിരുന്നു. സ്ത്രീയുടെ സ്വതന്ത്രമായ സർഗ്ഗാവിഷ്കാരങ്ങളെയും കുടുംബത്തിൽനിന്നു വേറിട്ട വ്യക്തിത്വപരിസരങ്ങളെയും ഈ ആനുകാലികങ്ങൾ പരിഗണിച്ചതേയില്ല.

തേമ്പറപ്പിൽ ശങ്കുണ്ണിമേനോന്റെ പത്രാധിപത്യത്തിനുകീഴിൽ പ്രസിദ്ധീകരിച്ച പശ്ചിമോദയവും സ്ത്രീപ്രധാനമായ വിഷയങ്ങൾ അധികം കൈകാര്യം ചെയ്തിരുന്നില്ല. ഹിന്ദുക്കളുടെ സ്ഥിതിയെക്കുറിച്ചും സ്ത്രീയുടെ ഗൃഹഭരണത്തെക്കുറിച്ചും നമ്പൂതിരിമാരുടെ വിദ്യാഭ്യാസത്തെക്കുറിച്ചുമൊക്കെയായിരുന്നു ലേഖനങ്ങൾ ഉണ്ടായിരുന്നത്.

എറണാകുളത്തുനിന്ന് പി.കെ. മൂസക്കുട്ടി സാഹിബ് പ്രസിദ്ധീകരിച്ചിരുന്ന മാസികയായിരുന്നു മുസ്ലിം മഹിള. 1926 ജനുവരിയിൽ പുറത്തിറങ്ങിയ ഈ മാസികയായിരുന്നു മലയാളത്തിലെ ആദ്യ മുസ്ലിം സ്ത്രീ മാസിക. "കേരളീയ മഹിളാലോകത്തിന്റെ ഗുണത്തിന് പൊതുവായും മുസ്ലിം സ്ത്രീകളുടെ അഭ്യുദയത്തിന് പ്രത്യേകമായും യത്നിക്കുന്ന കേരളത്തിലെ ഏക മാസികാഗ്രന്ഥം" എന്ന ടാഗ് ലൈനോടുകൂടിയാണ് മുസ്ലിം മഹിള പുറത്തിറങ്ങിയത്. കൂടാതെ, മാസികയുടെ മാസ്റ്റർഹെഡിനു മധ്യത്തിലായി "വിദ്യാധനം സർവ്വധനാൽ പ്രധാനമെന്ന" ഉദ്ധരണിയുമുണ്ടായിരുന്നു. "മുസ്ലിം മഹിളയുടെ ഒരു കൊല്ലത്തെ പുറപ്പാടുകൊണ്ട് കേരള മുസ്ലിം സമുദായത്തിൽ കടന്നുകൂടിയിട്ടുള്ള അനാചാരങ്ങളിൽ ഏതാനും ചിലതിന് ഒരു മാറ്റം സംഭവിച്ചിട്ടുണ്ടെന്ന അനുഭവം പൊതുവേ ബോധ്യമാണെന്നു സസന്തോഷം ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന്" രണ്ടാം വർഷം പ്രസിദ്ധീകരിച്ച മാസികയുടെ പ്രസ്താവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട് (1927:1). എന്നാൽ ലേഖകർ എല്ലാ ലക്കങ്ങളിലും പുരുഷൻമാരാണ്.

സാമൂഹികതയുടെ സുനിശ്ചിതമായ മണ്ഡലങ്ങളിൽ സ്ത്രീകളെ നിലനിർത്തിക്കൊണ്ട്, അവരുടെ സാംസ്കാരികനിർമ്മിതിയെ ഒരർത്ഥത്തിൽ ഈ ആനുകാലികങ്ങൾ പരിമിതപ്പെടുത്തി. സ്ത്രീകൾ എന്തു വായിക്കണം എന്ന തീരുമാനം മുഖ്യധാരയുടെ സാമൂഹിക-സദാചാരസങ്കല്പനങ്ങൾക്കനുസരിച്ച് നിർവ്വചിക്കപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് പത്രാധിപരെന്ന നിലയിൽ സംസ്കാരനിർമ്മിതിയിൽ സ്ത്രീകൾ കൊണ്ടുവന്ന മാറ്റം പ്രസക്തമാവുന്നത്.

പത്രാധിപയെന്ന കർത്തൃത്വം

പരിഷ്കൃതലോകത്തിൽ ഒട്ടുക്കു ക്രമീകരിക്കപ്പെട്ട മനുഷ്യവ്യായാമങ്ങളുടെ വകതിരിവുകളിൽ അധികവും പ്രാഥമ്യത്തെ വഹിച്ചു

നിൽക്കുന്നത് പുരുഷലോകമാണെന്ന സ്വതസ്സിദ്ധമാണല്ലോ. പുരുഷൻമാരുടെ സർവോന്മുഖമായ സ്വാതന്ത്ര്യശക്തിയും അതുമൂലം അവർക്കുണ്ടാകാനിടയുള്ള മനോവികാസവും ആകുന്ന അവരുടെ ഈ അതിരറ്റ വളർച്ചയ്ക്കുള്ള പ്രധാന സംഗതികൾ. പുരുഷബുദ്ധിയും സ്ത്രീബുദ്ധിയും ജാത്യാതന്നെ തീരെ വ്യത്യാസങ്ങളാണെന്ന് സിദ്ധാന്തിക്കുന്നവർ വളരെയുണ്ടാകാൻ തരമില്ല. വയോഗതിയോടുകൂടി അവരോടൊത്തു പെരുമാറുന്നവയും പെരുമാറാനിടയുള്ളവയുമായ ലൗകിക കാര്യങ്ങളുടെ വിഭേദത്തിൽ അവരുടെ ബുദ്ധികളും തമ്മിൽ ദൂരപ്പെട്ടുപോകുന്നത്. ഒരു പാഠശാലയിൽ, ഒരേക്ലാസിൽ, സമകാര്യ പഠനങ്ങളിൽ ഏർപ്പെടുന്ന വിദ്യാർത്ഥികളായ സ്ത്രീപുരുഷൻമാരുടെ ബുദ്ധിവർദ്ധനയും മറ്റും ശ്രദ്ധവെച്ചു പരീക്ഷിക്കുന്നപക്ഷം സ്ത്രീകൾ പുരുഷന്മാരെ കടന്നുപോകുന്നുണ്ടെന്ന് ആരും ഉൽഘോഷിക്കുന്നില്ലെങ്കിലും, അവരും പുരുഷൻമാരോടൊപ്പംതന്നെ എത്താറുണ്ടെന്ന അഭിപ്രായത്തെ മിക്കപേരും സ്വീകരിക്കുമായിരിക്കാം. അതുകൊണ്ട് സമാവസ്ഥകളുടെ ശൂന്യത സ്ത്രീപുരുഷന്മാരെ ഇരുപാതകളിലായി വേർതിരിക്കുകയാണ് ചെയ്യുന്നത്. (കുഞ്ഞിലക്ഷ്മി കെട്ടിലമ്മ, 50-53).

പരമാർത്ഥം പറകയാണെങ്കിൽ സ്ത്രീകൾ അർഹിക്കുന്നിടത്തോളം അവർക്കു സ്വാതന്ത്ര്യത്തെയും സമത്വത്തെയും പുരുഷന്മാർ അനുവദിക്കുന്നതായി കാണുന്നില്ല. ഇതിനുള്ള സൂക്ഷ്മകാരണം, സ്ത്രീകളുടെ അവകാശവാദത്തിനു പുരുഷന്മാർ നിഷ്കർഷമായി അനുകൂലിക്കായ്മ തന്നെയാണ്. സ്ത്രീകളുടെ അവസ്ഥയെ സംബന്ധിച്ചിടത്തോളം മൂന്നുവിധത്തിലുള്ള മതിഭ്രമകാണുന്നു. വിദ്യാവിഹീനന്മാരായ പുരുഷന്മാർ സ്ത്രീജാതിയെ കേവലം അടിമകളായി ഗണിക്കുകയും അങ്ങിനെതന്നെ അവർ പെരുമാറുകയും ചെയ്യുന്നു. വിദ്യാസമ്പന്നരായ പുരുഷന്മാർ പരിഷ്കൃതമായ ആദർശങ്ങളെ അനുകൂലിച്ച്, സ്ത്രീകളെ ഉയർന്നപടിയിൽ കയറ്റിനിർത്തുന്നു; സഹായി എന്നും, അതല്ലാ ഭാഗഭാക്ക് എന്നും അവരെ സംബോധനം ചെയ്യുന്നു. (ഭഗീരഥി അമ്മ, 1924: 8).

ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യ മൂന്നുദശകങ്ങളിൽ സ്ത്രീകൾ എഡിറ്റുചെയ്തു

പ്രസിദ്ധീകരിച്ച രണ്ട് ആനുകാലികങ്ങളുടെ പ്രസാധകക്കുറിപ്പുകളാണ് മുകളിൽ നൽകിയിരിക്കുന്നത്. തിരുവനന്തപുരത്തുനിന്ന് 1916 മുതൽ പ്രസിദ്ധീകരിച്ചിരുന്ന മഹിളാരത്നം മാസികയിലെ പ്രസാധകക്കുറിപ്പാണ് ആദ്യത്തേത്. സി.ആർ. വേലുപ്പിള്ള എന്ന മാനേജരെ ഒഴിച്ചുനിർത്തിയാൽ, പത്രാധിപസമിതിയിലുൾപ്പെടെ പൂർണ്ണമായും സ്ത്രീകളായിരുന്നു ഉണ്ടായിരുന്നത്. പ്രസാധികമാർ എന്ന ശീർഷകത്തിനു കീഴിൽ 12 സ്ത്രീകളുടെ പേരുവിവരങ്ങൾ ചേർത്തിട്ടുണ്ട്. വിവിധ വൈവാഹികനിലകളിലുള്ളവരായിരുന്നു പത്രാധിപസമിതി അംഗങ്ങൾ. കെ. ചിന്നമ്മ, തൈക്കുന്നത്ത് കല്യാണിക്കുട്ടിയമ്മ, മയ്യനാട് ഇക്കാവമ്മ തുടങ്ങിയ എഴുത്തുകാരികൾ സ്ഥിരമായി മഹിളാരത്നത്തിൽ എഴുതിയിരുന്നു. സ്ത്രീകളെ അവരുടെ ഗാർഹികപരിസരത്തിലല്ലാതെ, വിശാലമായൊരു സർഗ്ഗാത്മകമണ്ഡലത്തിൽ പ്രതിഷ്ഠിക്കുന്നു എന്ന നിലയിൽ മേൽപ്പറഞ്ഞ പ്രസാധകക്കുറിപ്പ് ഏറെ ശ്രദ്ധേയമാണ്. ബുദ്ധി എന്നത് ജന്മനാ സ്ത്രീപുരുഷന്മാർക്ക് ഒരുപോലെ സിദ്ധിക്കുന്നതാണെന്നും, അതിനെ വികസിപ്പിച്ച് സാഹിത്യമുൾപ്പെടെയുള്ള മേഖലകളിൽ സ്ത്രീകൾ വിനിയോഗിക്കണമെന്നുമുള്ള കാഴ്ചപ്പാട് ഈ കുറിപ്പിൽ കാണാം. സ്ത്രീപുരുഷന്മാരെ ഇരുപാതകളിലാക്കി വേർതിരിക്കുന്നത് 'സമാവസ്ഥകളുടെ ശൂന്യത' ആണെന്ന കാഴ്ചപ്പാടും ശ്രദ്ധേയമാണ്.

ചെങ്ങന്നൂർ മഹിളാലയത്തിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ചിരുന്നമഹിളയിലെ പ്രസാധകക്കുറിപ്പാണ് രണ്ടാമതായി ചേർത്തിരിക്കുന്നത്. 1921 ജനുവരിയിൽ ആരംഭിച്ച് 20 വർഷത്തോളം ഈ മാസിക പ്രസിദ്ധീകരിച്ചു. പുരുഷന്മാരും സ്ത്രീകളും ഒരുപോലെ വിദ്യാഭ്യാസം നേടുകയും സമൂഹത്തെ മുന്നോട്ടുചലിപ്പിക്കുന്നതിൽ തുല്യശക്തികളായി പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ടെന്ന് മഹിളയിലെ പ്രസാധകക്കുറിപ്പുകൾ ചൂണ്ടിക്കാട്ടുന്നുണ്ട്.

മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട രണ്ടാമത്തെ വനിതാമാസികയായിരുന്ന ശാരദ. തൃപ്പൂണിത്തുറയിൽനിന്ന് 1904 നവംബറിലാണ് ടി.സി. കല്യാണിയമ്മ, ടി. അമ്മുക്കുട്ടിയമ്മ, ബി. കല്യാണിയമ്മ എന്നിവർ പ്രസാധകരായി ശാരദ പ്രസിദ്ധീകരണമാരംഭിച്ചത്. "ശാരദ പ്രത്യേകം സ്ത്രീകളുടെ ഉപയോഗത്തിനായി തുടങ്ങുന്നതാകുന്നു. മലയാളഭാഷയിൽ പരിചയമുള്ള സകല സ്ത്രീകളുടെയും അഭ്യുദയത്തിനായി അവശ്യം വേണ്ടുന്ന സംഗതികളെപ്പറ്റി ലളിതവും സുഗമവുമായ ഭാഷയിൽ പ്രതിപാദിക്കാനും ഈ മാസിക മൂലമായി അവർക്കു നിത്യമായ ഗുണങ്ങളെ ഉണ്ടാക്കാനുമാകുന്നു ഞങ്ങളുടെ ശ്രമം" എന്ന് പ്രസ്താവനയിൽ പ്രസാധികമാർ സൂചിപ്പിക്കുന്നു.

ഭാരതചന്ദ്രിക, വനിത, മുസ്ലിം വനിത, ആധുനികവനിത എന്നീ നാലു ആനു കാലികങ്ങളുടെ മാനേജിംഗ് എഡിറ്ററായും പത്രാധിപയായും പ്രവർത്തിച്ച എം. ഹലീമാബീവിയും മലയാളത്തിലെ വനിതാപത്രപ്രവർത്തനചരിത്രത്തിൽ എടുത്തുപ റയേണ്ട വ്യക്തിയാണ്. മുൻമാതൃകകൾ കേരളത്തിലെ സ്ത്രീവായനക്കാരെ നിർവ്വചി ക്കുകയും, സ്ത്രീവായനാസമൂഹത്തെ സൃഷ്ടിക്കുകയും ചെയ്തതിന്റെ കരുത്തിൽ കൂടുതൽ വലിയ പരീക്ഷണങ്ങളുമായി ഹലീമയ്ക്ക മുന്നോട്ടു വരാനായി.

സ്ത്രീകളെ സംബന്ധിച്ച് ഉപരിപ്ലവമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനപ്പുറം, സ്ത്രീജീവിതവുമായി ബന്ധപ്പെട്ട ആഴമേറിയ സാമൂഹിക, സാംസ്കാരിക വിഷയങ്ങൾ ചർച്ച ചെയ്യാൻ ആധുനികവനിത ശ്രമിച്ചിരുന്നതായി കാണാം. വായനക്കാരുമായി സജീവബന്ധം കാത്തുസൂക്ഷിക്കാൻ ആധുനികവനിത ശ്രമിച്ചിരുന്നു. 'പുരുഷശബ്ദം' എന്ന പേരിൽ കെ.എം.എം. അഷ്റഫ് ചെയ്തിരുന്ന പംക്തി ഒഴിച്ചുനിർത്തിയാൽ സ്ത്രീക ളായിരുന്നു ആധുനികവനിതയിലെ എഴുത്തുകാർ. (നൂറ, നൂർജഹാൻ, 2022: 39).

അക്കാലത്തു നിലനിന്നിരുന്ന മുഖ്യധാരാപൊതുമാസികകളെക്കാളധിക മായി, സ്വന്തം കാഴ്ചപ്പാടും ലക്ഷ്യവും നിർണ്ണയിക്കുകയും അവ ശരിയായി വിനിമ യംചെയ്യുകയും ചെയ്യേണ്ട ഉത്തരവാദിത്തം വനിതാമാസികകൾക്കുണ്ടായിരുന്നു. ഇന്ത്യയിൽനിന്നും ഇന്ത്യയ്ക്ക പുറത്തുനിന്നുമുള്ള വനിതാവിമോചനാശയങ്ങൾ പുസ്ത കങ്ങളിലൂടെയും മാസികകളിലൂടെയും സ്വാംശീകരിച്ച വിദ്യാസമ്പന്നകളായ ഒരുകൂ ട്ടം സ്ത്രീകളുടെ തലമുറ പതിയെ രൂപപ്പെട്ടു. ഉള്ളടക്കത്തിന്റെ ഭാഗമാകുന്നതിൽനിന്ന് ഉള്ളടക്കത്തെ നിർവ്വചിക്കുന്ന സ്വാധീനശക്തിയായി ഈ സ്ത്രീകൾ മാറി. ലിംഗാധികാ രത്തെ തിരിച്ചറിയാനും, അവയുൾപ്പെടുന്ന രചനകളെ തിരസ്കരിക്കാനുമുള്ള സൂക്ഷ്മ ഭാവുകത്വവും സാമൂഹ്യപരിഷ്കരണത്വരയുമുള്ള പത്രാധിപമാർ അച്ചടിയുടെ സാംസ്കാരി കവ്യവഹാരങ്ങളെ എപ്രകാരം പുനർനിർവ്വചിച്ചു എന്നു പരിശോധിക്കേണ്ടതുണ്ട്.

ഉള്ളടക്കം: വിഷയങ്ങളും സമീപനങ്ങളും

വിദ്യാഭ്യാസം, സ്ത്രീധർമ്മം, പാചകം, വസ്ത്രധാരണം, സ്ഥിരജോലി ഉണ്ടായിരി ക്കേണ്ടതിന്റെ ആവശ്യകത, സ്ത്രീകളും നിയമവും, കൈത്തൊഴിലുകൾ, വിവിധരാജ്യ ങ്ങളിലെ സ്ത്രീയുടെ സാമൂഹികാവസ്ഥയും അവർ കരസ്ഥമാക്കിയ അംഗീകാരങ്ങ ളും, ജ്യോതിഷം, ദാമ്പത്യം, പ്രസവപരിരക്ഷ, സ്ത്രീകൾ വ്യായാമം ചെയ്യേണ്ടതിന്റെ ആവശ്യകത, പത്രാധിപക്കുറിപ്പുകൾ, കത്തുകൾ, സാഹിത്യരചനകൾ, ജപ്പാൻ പോ

ലെയുള്ള രാജ്യങ്ങളിലെ സ്ത്രീവിദ്യാഭ്യാസം, വിദേശതൊഴിലുകൾ, ഭർതൃശുശ്രൂഷ, സ്ത്രീകളുടെ ആരോഗ്യശാസ്ത്രം, ഗൃഹഭരണം, അടുക്കളവേല, ആഭരണഭ്രമം, സ്ത്രീസൗന്ദര്യം, സ്ത്രീസമ്മേളനങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, പുസ്തകങ്ങളെ പരിചയപ്പെടുത്തുന്ന കോളങ്ങൾ, പാചകശാല, ബാലപരിചരണം, സാമുദായിക പരിഷ്കാരങ്ങളെക്കുറിച്ചുള്ള പ്രസ്താവനകൾ, സ്ത്രീകളുടെ വിനോദങ്ങൾ, സ്ത്രീകളുടെ സാഹിത്യത്തെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ, സ്ത്രീകളും ഈശ്വരഭക്തിയും, പ്രകൃതിപഠനം, ചില ഇംഗ്ലീഷ് ലേഖനങ്ങളുടെ തർജ്ജമകൾ, മാടിമോണിയൽ, പരസ്യങ്ങൾ തുടങ്ങിയവയാണ് വനിതാ ആനുകാലികങ്ങളുടെ പൊതുവായ ഉള്ളടക്കമായി കാണാൻ കഴിയുന്നത്. സ്ത്രീകളുടെ വിദ്യാഭ്യാസകാര്യത്തിലായിരുന്നു ശാരദ, മഹിള, മഹിളാരത്നം എന്നീ മാസികകൾ ശ്രദ്ധകേന്ദ്രീകരിച്ചത്. ലോകത്തെങ്ങുമുള്ള വിദ്യാഭ്യാസസംബന്ധമായ വാർത്തകൾ പ്രസിദ്ധീകരിക്കുവാനും സാമൂഹികാംഗീകാരം ലഭിച്ച സ്ത്രീകളെക്കുറിച്ച് ചെറുകുറിപ്പുകൾ നൽകുവാനും ലോകത്തിന്റെ പലഭാഗങ്ങളിലുള്ള സ്ത്രീകളുടെ സാമൂഹികാവസ്ഥകൾ പ്രതിപാദിക്കാനും മാസികകൾ ശ്രദ്ധിച്ചിരുന്നു. ശാരദയിൽ കെ. പത്മാവതി അമ്മ ഇപ്രകാരം എഴുതുന്നു:

> ലോകത്തിലെങ്ങും നാഗരികത്വം ക്രമേണ വർധിച്ചുവരുന്ന ഇക്കാലത്ത് മലയാളി സ്ത്രീകളുടെ സ്ഥിതി എപ്രകാരത്തിലാണെന്ന് അല്പം ആലോചിച്ചുനോക്കുന്നത് അനുചിതമായിരിക്കുകയില്ലെന്ന് വിശ്വസിക്കുന്നു. അന്യരാജ്യങ്ങളിലുള്ള സ്ത്രീകളുടെ സ്ഥിതി ആലോചിച്ചുനോക്കുന്നതായാൽ നമ്മുടെ തത്ക്കാലസ്ഥിതി ഏറ്റവും പരിതാപകരമാണെന്ന് ഏതൊരാളും സമ്മതിക്കുന്നതാണ്. ദൈവം സ്ത്രീകളെ സൃഷ്ടിച്ചിരിക്കുന്നതു കേവലം സന്താനോല്പാദനത്തിനുവേണ്ടി മാത്രമാണെന്നും അതിലധികമായി അവരുടെ ജീവിതകാലത്തിൽ സാധിക്കേണ്ടതായ യാതൊരു ഉദ്ദേശവും അതിനാൽ സാധാരണ വല്ല കന്നുകാലികളെയോ, അല്ലെങ്കിൽ കുറേ വാത്സല്യത്തോടെ വളർത്തുന്ന മറ്റു വല്ല മൃഗങ്ങളെയോ പോറ്റുന്നതുപോലെ അവരെയും നല്ല ഭക്ഷണവും കൊടുത്തു രക്ഷിപ്പാൻ മതിയെന്നുമാണ് നമ്മുടെ കൂട്ടരുടെ പൂർണവിശ്വാസം. ഈ വിശ്വാസത്തിന് അനുസരിച്ചുതന്നെയാണ് പ്രവൃത്തിയും എന്നതിനുള്ള നമ്മുടെ ഇടയിൽ സാധാരണ നടന്നുവരുന്ന സമ്പ്രദായം തന്നെ ഉദാഹരണമാണ്. (1905:7)

സ്ത്രീകളുടെ അവസ്ഥ വളർത്തുമൃഗങ്ങളുടേതിനു സമാനമാകാൻകാരണം വിദ്യാഭ്യാസത്തിന്റെ അഭാവമാണെന്നാണ് അവർലേഖനത്തിൽ സമർത്ഥിക്കുന്നത്. നിലത്തെഴുത്തും മറ്റും പഠിച്ചു കൂട്ടിവായിക്കാനാകുമ്പോൾ അമരവും സിദ്ധകോശവും കാവ്യവും പഠിപ്പിക്കുകയും അതുകഴിയുന്നതോടുകൂടി നല്ല തറവാട്ടിന്റെ സ്ഥിതിയനുസരിച്ച് വിദ്യാഭ്യാസമാവുകയും ചെയ്യുന്നു. അപ്പോഴേക്കും കുട്ടിക്ക് പത്തുപന്ത്രണ്ടു വയസ്സാകുകയും അതോടെ, അമ്മാവനും അച്ഛനും അവരുടെ താല്പര്യത്തിനനുസരിച്ച് ഒരു ഭർത്താവിനെ കണ്ടെത്തുകയും ചെയ്യും. ഒരു കോടതിയിലും അവരുടെ തീരുമാനത്തിന് അപ്പീലില്ലെന്നും വിവാഹകാര്യത്തിൽ സ്ത്രീയുടെ അഭിപ്രായം ചോദിക്കുകയോ അറിയുകയോ ചെയ്യുന്ന കാര്യം തീരെയില്ലെന്നും പത്മാവതിയമ്മ ചൂണ്ടിക്കാണിക്കുന്നുണ്ട്.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ വിദ്യാലയങ്ങൾ എന്ന ആശയം കൊളോണിയൽ ഭരണകാലത്താണ് വ്യാപകമായത്. അക്കാലത്ത് ഇന്ത്യയിൽ നിലനിന്നിരുന്ന സവിശേഷമായ സാമൂഹ്യവ്യവസ്ഥയാണ് ഇതിനു പിന്നിലെന്നു കരുതപ്പെടുന്നു. മിക്സഡ് സ്കൂളുകൾ ഉണ്ടാകേണ്ടതിനെക്കുറിച്ച് 1921 ഡിസംബർലക്കം മഹിള എഡിറ്റോറിയലിൽ ചർച്ചചെയ്യുന്നുണ്ട്.

> സ്ത്രീ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടണമെന്ന് ആഗ്രിക്കുന്നവർക്കും ഉന്നതവിദ്യാഭ്യാസം വേണമെന്ന് ആഗ്രഹിക്കുന്ന വിദ്യാർത്ഥിനികൾക്കും പ്രത്യേക പാഠശാലയുടെ കുറവുനിമിത്തം നിരാശയ്ക്ക് കാരണമാകാതിരിക്കുന്നതിന് തത്ക്കാലം ഒരു മാർഗം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. പ്രധാന നഗരങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള കോളെജുകളെ വിദ്യാർത്ഥിനികൾ ഗത്യന്തരമില്ലെന്ന് കാണുമ്പോൾ അഭയം പ്രാപിക്കുന്നതുകൊണ്ട് ഇത്തരം പാഠശാലകളിൽ മിശ്രപഠനത്തിന് പോകുന്നിടത്തോളം ദൂഷ്യമില്ലെന്നും ഈയിടെ ഒരു ആംഗലേയ വിദുഷി സ്വാനുഭവത്തെ ആസ്പദമാക്കി പ്രസ്താവിച്ചിട്ടുള്ളത് എത്രയും വാസ്തവമാകുന്നു. (1921:363)

കൊളോണിയൽകാലത്ത് ആൺകുട്ടികൾക്ക് ആവശ്യത്തിന് വിദ്യാലയങ്ങൾ സ്ഥാപിക്കുകയും എന്നാൽ പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിന് വേണ്ടത്ര വിദ്യാലയങ്ങൾ ലഭിക്കാതെ വരികയും ചെയ്യുമ്പോഴാണ് മിശ്രവിദ്യാലയങ്ങളെക്കുറിച്ച് ചിന്തിക്കുന്നതെന്ന് കാണാം.

സ്ത്രീകൾ പുതിയ തൊഴിൽമേഖലകളിലേക്ക് കടന്നു ചെല്ലേണ്ടതിന്റെ ആവ

ശ്യകതയെക്കുറിച്ചും മാസികകൾ പറയുന്നുണ്ട്. ഉത്തമസ്ത്രീയുടെ ഇടം ഗൃഹപരിപാലനമാണെന്നും ബാലപരിചരണമാണെന്നും അക്കാലത്തെ പുരുഷമാസികകൾ പറഞ്ഞുകൊണ്ടിരുന്ന കാലത്തുതന്നെയാണ് സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്നതോടുകൂടി കുടുംബത്തിന്റെ വരുമാനം മാത്രമല്ല, സ്ത്രീയുടെ സാമൂഹികപദവികൂടിയാണ് ഉയരുന്നതെന്നാണ് ഈ ലേഖനങ്ങൾ നിരീക്ഷിച്ചത്. ശാരദയിൽ 'സ്ത്രീകളും പണഭരണവും' എന്ന പേരിലുള്ള ചെറുലേഖനം എഴുതിയ ആളുടെ പേരു നൽകിയിട്ടില്ലെങ്കിലും, പത്രാധിപമാരിൽ ഒരാളാണ് ഇതിനു പിന്നിലെന്ന് ഊഹിക്കാം. സമ്പത്ത് പുരുഷൻ കൈകാര്യം ചെയ്യേണ്ടതാണെന്നും അത് സ്ത്രീ കൈകാര്യം ചെയ്താൽ ദുർവ്യയം സംഭവിച്ചുപോകുമെന്നുമുള്ള അക്കാലത്തെ പൊതുബോധത്തെ ചോദ്യം ചെയ്യുന്ന ലേഖനം ഇപ്രകാരം നിരീക്ഷിക്കുന്നു:

> പണഭരണത്തിൽ സ്ത്രീകൾക്കു സാമർത്ഥ്യമുണ്ടോ? ഈ ചോദ്യത്തിന് അനുകൂലമായ മറുപടി പറയുന്നതിനുമുമ്പ് നമുക്ക് തോന്നുമെങ്കിലും, ജനസാമാന്യത്തിന്റെ ഇടയിലുള്ള ധാരണ മേൽപ്പറഞ്ഞ അഭിപ്രായത്തിന് വിരുദ്ധമായിട്ടുള്ളതാണ്. തത്ഫലമായി ദുർവ്യയം ചെയ്യപ്പെടുമെന്ന ഊഹത്തിൽ, സ്ത്രീകളെ പണം ചെലവു ചെയ്യുന്ന ജോലി ഏൽപ്പിക്കാറില്ലാ. എന്നാൽ, പരീക്ഷിച്ചറിയുന്നതിനുമുമ്പേ മേൽപ്പറഞ്ഞ വിഷയത്തിൽ ജനനാൽത്തന്നെ അസമർത്ഥകരെന്നു പറഞ്ഞു തള്ളുന്നത്, കത്തി കൂടാതെ റൊട്ടി കണ്ടിക്കാൻപറയുന്നതിനു സമമാണ്. പണമില്ലാതെ പണത്തെ ഭരിക്കുന്നതെങ്ങനെ? (1909: 49)

വനിതാസംഘങ്ങൾ രൂപീകരിച്ച് സ്ത്രീകൾക്കു തൊഴിൽപരിശീലനവും സ്വയംപര്യാപ്തതയും ലഭ്യമാക്കണമെന്ന് 1930-ൽ പുസ്തകം 10, ലക്കം 8 ആയി പുറത്തിറങ്ങിയ മഹിളയിൽ ബി. ഭാഗീരഥി അമ്മ എഴുതുന്നു. ബംഗാളിലെ 'സരോജനളിനീ സ്മാരകസമിതി'യുടെ ആഭിമുഖ്യത്തിൽ അവിടെ നടന്ന വികസനപ്രവർത്തനങ്ങളെ ഉദാഹരിച്ചുകൊണ്ടാണ് അവർ കേരളത്തിലും ഇത്തരം മാതൃകകൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകത സമർത്ഥിക്കുന്നത്. പാവപ്പെട്ട പെൺകുട്ടികൾക്കു വിദ്യാഭ്യാസവേതനം നൽകുക, നഗരശുചീകരണം, ധനാഭിവൃദ്ധി, സൂതികർമ്മം മുതലായവയിൽ പരിശീലനം നൽകി ഇത്തരം ജോലികളിൽ സ്ത്രീകളെ നിയോഗിക്കുക, വിദ്യാലയങ്ങളും പ്രസവശാലകളും സ്ഥാപിക്കുക തുടങ്ങിയ കാര്യങ്ങൾ സമിതികൾ ഏറ്റെടുത്തു നടത്തണമെന്നും അവർ എഴുതുന്നുണ്ട്.

മരുമക്കത്തായം, നിയമം, ഇംഗ്ലീഷ് വിദ്യാഭ്യാസം, ഗവണ്മെന്റ് ജോലി തുടങ്ങിയവയെക്കുറിച്ചുള്ള വ്യത്യസ്തമായ കാഴ്ചപ്പാടുകൾ ഈ ആനുകാലികങ്ങളിൽ- പ്രത്യേകിച്ച് ശാരദയിൽ- പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ത്രീവിമോചനത്തിന്റെ പാശ്ചാത്യമാതൃകകൾ- വിശേഷിച്ചും, സൈന്യമുൾപ്പെടെയുള്ള രംഗങ്ങളിൽ പുരുഷൻമാർക്കു തുല്യമായ ജോലികളിൽ സ്ത്രീകൾ ഏർപ്പെടുന്നതു പോലെയുള്ളവ- കേരളത്തിലെ സ്ത്രീകളിൽ അക്കാലത്തു സൃഷ്ടിച്ച ആശയക്കുഴപ്പം പല ലേഖനങ്ങളിലും വായിച്ചെടുക്കാം. നീചവും, അതിലുബ്ധവും ഈശ്വരവിചാരശൂന്യവുമായ ബഹിർല്ലോകം സ്ത്രീകളെ കളങ്കപ്പെടുത്തുമോ എന്ന ആശങ്ക ജി. പാറുക്കുട്ടിയമ്മ 1908 ഏപ്രിൽ മാസത്തിലെ ശാരദയിൽ 'സ്ത്രീകളുടെ വിമോചനം' എന്ന ലേഖനത്തിൽ പങ്കുവയ്ക്കുന്നുണ്ട്.

വായനക്കാരി, നിരൂപക എന്നീ നിലകളിൽ സ്ത്രീകളെ അടയാളപ്പെടുത്താൻ ഈ മാസികകൾ ശ്രദ്ധിച്ചിട്ടുണ്ട്. കെ. ലക്ഷ്മി അമ്മ 1921 മാർച്ചുമാസത്തിലെ (വാല്യം 1, ലക്കം 3) മഹിളയിൽ 'സീ.വി.യുടെ നായികമാർ' എന്ന പേരിലെഴുതിയ നിരൂപണം ശ്രദ്ധേയമാണ്. 'എത്ര ദുർബ്ബലരായ സ്ത്രീകളിലും സന്ദർഭസംഘർഷണത്തിൽ ജ്വാലാകലാപങ്ങളോടെ പൊട്ടിപ്പരക്കുന്ന ഒരു മഹാശക്തി'യുടെ സ്വാധീനമുണ്ടെന്ന് ലേഖിക നിരീക്ഷിക്കുന്നു.

സ്ത്രീവിമോചനവും രാഷ്ട്രീയാധികാരവും

സ്ത്രീവിമോചനത്തെക്കുറിച്ചും രാഷ്ട്രീയാധികാരത്തെക്കുറിച്ചും കൃത്യമായ നിലപാട് സ്ത്രീ മാസികകൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. സ്ത്രീകളുടെ സാമൂഹികപ്രവർത്തനങ്ങളെയും അധികാരരാഷ്ട്രീയത്തെയും അതുവഴി നടപ്പിലാകുന്ന ക്ഷേമരാഷ്ട്രത്തെയും കുറിച്ചുള്ള ബോധം ലേഖനങ്ങളിലൂടെ വായനക്കാർക്ക് നൽകുന്നു. ഇത്തരം മാസികകൾക്ക് സുനിശ്ചിതമായ രാഷ്ട്രീയബോധമോ സൈദ്ധാന്തികമായ അടിത്തറയോ കാണാൻ സാധിക്കില്ലെങ്കിലും അവയൊക്കെ, പുരുഷാധിപത്യസമൂഹത്തിനു നേരേ നടത്തുന്ന വിമർശനപദ്ധതിയുടെ ഭാഗമെന്ന നിലയ്ക്കുവേണം വായിച്ചെടുക്കേണ്ടത്. കേരളത്തിൽ സ്ത്രീവിമോചനപ്രസ്ഥാനങ്ങൾ സജീവമായ 1980-കൾക്കും എത്രയോ പതിറ്റാണ്ടുകൾക്കുമുമ്പുതന്നെ സ്ത്രീ വിമോചനത്തെക്കുറിച്ചുള്ള ചിന്തകൾ പ്രാഗ് രൂപത്തിലെങ്കിലും വനിതാമാസികകൾ പങ്കുവച്ചിരുന്നു.

'തൊട്ടിലാട്ടുന്ന കൈ സാമ്രാജ്യത്തെ ഭരിക്കുന്നു. ഇത് നിശ്ചയമായും വാസ്തവം തന്നെ' എന്നുതുടങ്ങുന്ന ശാരദയിലെ ലേഖനത്തിൽ ഇപ്രകാരം പറയുന്നു

:"നാം നമ്മുടെ അവസ്ഥയെ പരിഷ്ക്കരിക്കാൻ ശ്രമിക്കുമ്പോൾ പാശ്ചാത്യന്മാർക്കുള്ള ആത്മഭരിതത്വമാകുന്ന തെറ്റിൽവീഴാതെ നാം സദാ കാത്തിരിക്കണം. നേരെ മറിച്ച് പാശ്ചാത്യരുമായി നാം മത്സരിക്കേണ്ടതായിക്കൊണ്ട്, അങ്ങനെ മത്സരിക്കുന്നതും നമ്മുടെ പുരാതന കുടുംബരീതി എത്രതന്നെ അടുപ്പിച്ച് അനുഷ്ഠിച്ചാലും യഥാക്രമമായിരിക്കുകയില്ലെന്ന് നാം വ്യക്തമായി ധരിച്ചിരിക്കണം. എങ്കിലും മധ്യഗതമായ ഒരു പന്ഥാവിനെ നാം അനുസരിക്കണം." (പാറുക്കുട്ടി അമ്മ, 1908:13) ഈ മധ്യഗതമായ പന്ഥാവ് പാശ്ചാത്യനഗര ജീവിതത്തിന്റെ ഭാഗമായി കേരളീയസമൂഹത്തിലേക്കു കടന്നുവന്ന സ്ത്രീ മുന്നേറ്റമല്ല. മറിച്ച്, കേരളീയമായ സാഹചര്യങ്ങളിൽനിന്ന് സ്ത്രീകൾതന്നെ സൃഷ്ടിക്കേണ്ടതായതാണ്.'സ്ത്രീകളുടെ വിമോചനം' എന്ന ലേഖനം ഒറ്റലക്കംകൊണ്ട് അവസാനിച്ചില്ല. തുടർന്നുവന്ന ലക്കത്തിലും ഇതിന്റെ ബാക്കി വായിക്കാം. "വിദ്യാഭ്യാസത്തിലൂടെ അറിവും കായികാഭ്യാസത്തിലൂടെ പെൺകുട്ടികളുടെ ശരീരവും ക്രമപ്പെടുത്തേണ്ടതാണ്. ഇംഗ്ലീഷിന്റെ സാമാന്യജ്ഞാനം, മലയാളഭാഷയ്ക്ക പുറമേ തമിഴ് ഭാഷ, കൂടാതെ സംസ്കൃതം ഭാഷകളും നമ്മുടെ പെൺകുട്ടികൾ പഠിക്കേണ്ടതാണ്. തൊഴിൽനൈപുണി എന്ന നിലയിൽ കമ്പിളിനൂലുകൊണ്ട് ചിത്രവേല ചെയ്യുന്നതും തയ്യൽവേല മുതലായവ ചെയ്യുന്നതും ഉപകാരപ്രദമായിരിക്കു"മെന്ന് ലേഖനം ചൂണ്ടിക്കാണിക്കുന്നു (1908:10).

ദേശീയബോധത്തിന്റെയും പൈതൃകത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും മൂല്യങ്ങൾ ഉൾക്കൊണ്ട് സ്ത്രീകൾ തങ്ങളുടെ അസ്തിത്വം ഉയർത്തിക്കൊണ്ടുവരികയും അതിലൂടെ ലിംഗപദവിയും സാമൂഹികപദവിയും സൃഷ്ടിച്ചെടുക്കുകയും ചെയ്യണമെന്ന് ഈ പത്രാധിപർ പറയുന്നു. കൂടാതെ, പുരുഷന്മാരുടെ സ്ത്രീവിരുദ്ധപ്രചരണങ്ങൾക്ക് യുക്തിപൂർവം മറുപടി പറയാനും സ്ത്രീകൾ വിദ്യാഭ്യാസവും അതുവഴി സാമൂഹികപദവിയും സ്വാതന്ത്ര്യവും നേടുമ്പോൾ തങ്ങൾ അടിച്ചേൽപ്പിച്ച മൂല്യങ്ങൾ തകരുമോ എന്ന പുരുഷഭയത്തെ ഉൻമൂലനം ചെയ്യാനും ഇത്തരം ലേഖനങ്ങളിലൂടെ ശ്രമിക്കുന്നതായി കാണാം.

വിമോചനത്തെപ്പോലെതന്നെ അധികാരരാഷ്ട്രീയത്തെക്കുറിച്ചും സ്ത്രീകൾ ബോധവതികളാണ്. സമ്മതിദാനാവകാശം വ്യക്തി എന്ന നിലയിൽ ലഭിച്ച രാഷ്ട്രീയാംഗീകാരമായി അവർ കാണുന്നു. 'സ്ത്രീകൾക്കു സമ്മതിദാനാവകാശം' എന്ന പേരിൽ 1921 മെയ് ലക്കം മഹിളയിൽ മിസ്സിസ്സ് കസ്സിൻസ് എഴുതിയ ലേഖനത്തിൽ പരാമർശിക്കുന്നത് സ്ത്രീകളുടെ രാഷ്ട്രീയാധികാരത്തെക്കുറിച്ചാണ്.

സ്ത്രീകളുടെ പൗരാവകാശലബ്ധിയെ വിമർശനബുദ്ധിയോടെയും പരിഹാസത്തോടെയും കാണുന്ന പുരുഷകാഴ്ചപ്പോടിനോടുള്ള പ്രതികരണമാണ് ഈ ലേഖനത്തിലുള്ളത്.

> പ്രസ്തുതമായ അവകാശലബ്ധിയാൽ ഉത്തരവാദിത്തമുള്ള ഒരു പൗരയെന്ന് സമ്മതിക്കപ്പെടുന്ന ഒരു സ്ത്രീയാവട്ടെ, മുമ്പിലെത്തേക്കാൾ രാജ്യത്തിൽ കൂടുതൽ പ്രാധാന്യവും ശക്തിയുമുള്ള ഒരംഗമായി കണക്കാക്കപ്പെടുന്നു. സഭാംഗത്വത്തിനു പ്രാർത്ഥിക്കുന്നവർ ആ സ്ത്രീയുടെ അനുമതിക്കായി അപേക്ഷിക്കുകയും രാഷ്ട്രീയ വിജ്ഞാനം നൽകുന്നതിന് അവരുടെ ഏജന്റുമാരാകാൻ തയ്യാറാവുകയും ചെയ്യുന്നതാണ്. നിയമനിർമിതി, കരം ചുമത്തൽ ഇത്യാദി രാജ്യഭരണകാര്യങ്ങളെ മേൽവിചാരം ചെയ്യുന്ന കാര്യത്തിൽ ആ സ്ത്രീക്കും ഉത്തരവാദിത്തമുണ്ടാകാൻ മാർഗ്ഗമുണ്ട്. ഇതിനുമുമ്പ് വസ്തു ഉടമസ്ഥയായ സ്ത്രീയുടെ പണത്തിനുമാത്രമേ വില കല്പിച്ചിരുന്നുള്ളൂ. ഇപ്പോൾ അവളുടെ അഭിപ്രായത്തിനുംകൂടി വില കല്പിക്കുന്നു. രാജൈക്യത്തിൽ പുരുഷൻമാരെപ്പോലെ സ്ത്രീകളും കാംക്ഷയുള്ളവരാണ്. (1921: 172).

പുനർനിർണ്ണയിക്കപ്പെട്ട വായനാസമൂഹം

ഉപസംസ്കാരങ്ങൾ (subcultures)കടന്നുപോകുന്ന വിവിധ ഘട്ടങ്ങളെക്കുറിച്ച് A Literature of Her Own എന്ന പുസ്തകത്തിൽ എലൈൻ ഷോവാൾട്ടർ പറയുന്നുണ്ട്. 1) ആധിപത്യസംസ്കാരത്തെ അനുകരിക്കുകയും അതിന്റെ സാമൂഹികവും കലാപരവുമായ മൂല്യങ്ങളെ ആന്തരവൽക്കരിക്കുകയും ചെയ്യുക. 2) ഈ മൂല്യങ്ങളെയും മാനകങ്ങളെയും എതിർക്കുകയും സ്വന്തം കർതൃത്വത്തിനായി ശ്രമിക്കുകയും ചെയ്യുക. 3) എതിർപ്പുകൾക്കുമപ്പുറം സ്വയം തിരിച്ചറിയുകയും ആന്തരികമായ വിമോചനം സാദ്ധ്യമാക്കുകയും ചെയ്യുക. കേരളത്തിലെ വനിതാമാസികകൾ ഈ രണ്ടുഘട്ടങ്ങളിലൂടെ കടന്നുപോയതായി കാണാം. മുഖ്യധാരാസംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും മൂല്യങ്ങളെ ആന്തരികവൽക്കരിച്ചും, അവയെ ചോദ്യംചെയ്തും നിരന്തരം പരിണമിച്ച ഒരു ചരിത്രമാണ് ഇവയ്ക്കുള്ളത്. ആദ്യകാലത്തെ മാസികകൾ മൂന്നാംഘട്ടത്തിലേക്കു പരിണമിച്ചില്ലെങ്കിലും പിൽക്കാലത്ത് സ്ത്രീപക്ഷചിന്തയ്ക്ക് സ്വതന്ത്രമായ ഇടം നൽകിയ നിരവധി ആനുകാലികങ്ങളുടെ മുൻഗാമികളായി വർത്തിക്കാൻ ഇവയ്ക്ക സാധിച്ചിട്ടുണ്ട്.

വായനക്കാരിയെന്നും എഴുത്തുകാരിയെന്നുമുള്ള നിലകളിലെ സ്ത്രീകളുടെ അസ്തിത്വം എലൈൻ ഷോവാൾട്ടർ പരിശോധിക്കുന്നുണ്ട്. ഉള്ളടക്കത്തെ ഒരു സ്ത്രീ വായിക്കുമ്പോൾ അത് പുരുഷനിർമ്മിതമായ സങ്കല്പനങ്ങളെ അട്ടിമറിക്കുകയും, തെറ്റിദ്ധാരണകളെയും ഒഴിവാക്കലുകളെയും വെളിച്ചത്തു കൊണ്ടുവരികയും ചെയ്യുന്നുവെന്ന് അവർ സിദ്ധാന്തിക്കുന്നു. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളേക്കാൾ മുന്നേ സ്ത്രീമുന്നേറ്റങ്ങൾക്കു സാക്ഷ്യം വഹിച്ച കേരളത്തിൽ വായനക്കാരിയെന്ന നിലയിൽ സ്ത്രീയുടെ വികാസവും വളരെ നേരത്തേതന്നെ സംഭവിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പലഭാഗങ്ങളിലും പല സമൂഹങ്ങളിലുമുണ്ടായ നവോത്ഥാനമുന്നേറ്റങ്ങളുമായി ഇവിടത്തെ അച്ചടിയുടെ ചരിത്രം അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നുവെന്നത് ഈ വികാസത്തെ സാധൂകരിക്കുന്നുണ്ട്. വിനോദം മാത്രമായിരുന്നില്ല ആനുകാലികങ്ങളുടെ ലക്ഷ്യം. സാമൂഹ്യപരിഷ്കരണം എക്കാലത്തും അവയുടെ പ്രഖ്യാപിതമോ അപ്രഖ്യാപിതമോ ആയ നയമായിരുന്നു.

ശാരദ എന്ന മാസികയെ സ്ത്രീവായനയിൽ ഒരു വലിയ വിച്ഛേദമായി കണക്കാക്കുന്നത്, വായനയെ സ്ത്രീപുരോഗതിയിലേക്കുള്ള ഒരു പാതയായി കാണുന്ന രാഷ്ട്രീയവീക്ഷണം അതിനുണ്ടായിരുന്നു എന്നതിനാലാണ്. സ്ത്രീകൾക്കു സ്ത്രീകളോടുള്ള സവിശേഷമായ മമതയും, സ്ത്രീകൾ എഴുതിയതു വായിക്കാൻ മറ്റു സ്ത്രീകൾക്കുള്ള താത്പര്യവും ശാരദയുടെ അണിയറക്കാർ എടുത്തുപറയുന്നുണ്ട്. ഗദ്യ-പദ്യരചനകൾ പുരുഷന്മാർക്കുമാത്രം സാധിക്കുന്നതാണെന്ന ധാരണയെ അട്ടിമറിച്ചുകൊണ്ട് ഭ്രരിപക്ഷവും വനിതാ എഴുത്തുകാരികളെ അണിനിരത്തിയുള്ള ഈ വനിതാമാസികകളുടെ ഉള്ളടക്കം, സ്ത്രീലോകത്തിന്റെ വൈവിദ്ധ്യമാർന്ന കാഴ്ചകളെ വായനക്കാർക്കു പരിചയപ്പെടുത്തി. "ഇന്ദുലേഖ ചമഞ്ഞ്" വീട്ടുജോലി ചെയ്യാതെയിരിക്കുന്ന സ്ത്രീകളെക്കുറിച്ചുള്ള പുരുഷധാരണയെ തിരുവനന്തപുരം ജി. ഭഗവതിയമ്മ എന്ന എഴുത്തുകാരി "സ്ത്രീകൾ വീട്ടുവേലകളിൽ ഏർപ്പെട്ടിരുന്നാലും അവരുടെ മാംസപേശികളിൽ എല്ലാ ഭാഗത്തിനും വ്യായാമമുണ്ടാകുന്നില്ല. എന്നു മാത്രമല്ല, ദിവസംതോറും ശരിയായ സമയങ്ങളിലും വ്യായാമം നിർവ്വഹിക്കപ്പെടുന്നില്ല. ഇതുനിമിത്തം ശരീരശക്തി വർദ്ധിക്കുന്നതിനു പകരം നശിക്കുകയാണു ചെയ്യുന്നത്" എന്ന് ശാരദയിൽ തിരുത്തുന്നുണ്ട് (26). സ്വന്തം ശരീരം, സ്വയംനിർണ്ണയാവകാശം, സാമ്പത്തികാധികാരം, സർഗ്ഗാത്മകത തുടങ്ങിയ വിഷയങ്ങളിൽ സ്ത്രീസമൂഹത്തിന് പരസ്പരം തുറന്നു സംസാരിക്കാനാവുന്നതരത്തിൽ വായനയുടെ ഒരു മുഖ്യധാരാ അന്തരീക്ഷം ഈ പ്ര

സിദ്ധീകരണങ്ങൾ ഒരുക്കി. വിദ്യാസമ്പന്നരായ ഒരു ന്യൂനപക്ഷമായിരുന്നു ഈ വായനാസമൂഹമെന്നും, അതിൽ ഭൂരിപക്ഷവും ഉയർന്ന ജാതിക്കാരായിരുന്നു എന്നതും ഒരു പരിമിതിയായി കാണാമെങ്കിലും അന്നത്തെ സാമൂഹികപരിസരത്തിൽ അതിനപ്പുറം സാദ്ധ്യതകളുണ്ടായിരുന്നില്ല എന്നതും വസ്തുതയായി ശേഷിക്കുന്നു.

മഹിളാരത്നം മാസികയിൽ പ്രത്യക്ഷപ്പെട്ട ഒരു വിവാഹപരസ്യം ഈ പുതിയ വനിതാ വായനാസമൂഹത്തിനു ലഭിച്ച സ്വീകാര്യതയുടെ കൂടി ഉദാഹരണമാണ്. ഇംഗ്ലീഷിലുള്ള പരസ്യത്തിന്റെ മലയാളവിവർത്തനം ഇങ്ങനെ:

> സമ്പന്നനും ആദരണീയനുമായ ദക്ഷിണമലബാറിലെ ഭൂപ്രഭുവിന് 20 വയസ്സിൽ കവിയാത്ത, ഇംഗ്ലീഷ് വായിക്കാനും എഴുതാനും അറിവുള്ളവളും സംഗീതത്തിൽ സാമാന്യം വിദുഷിയുമായ ഏതു ജാതിയിലും ഉൾപ്പെടുന്ന ഒരു നായർ യുവതിയെ വിവാഹത്തിനായി ആവശ്യമുണ്ട്.

മനോരമ പത്രത്തിന്റെ മാനേജർ മുഖേനയാണ് ഈ പരസ്യം മഹിളാരത്നത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടത്. ഇംഗ്ലീഷ് വായിക്കുന്ന, സംഗീതാഭിരുചിയും വിദ്യാഭ്യാസവുമുള്ള നായർ യുവതികളും അവരുടെ ബന്ധുക്കളുമുൾപ്പെടുന്ന ഒരു 'ആദരണീയ' വായനാസമൂഹം ഈ മാസികയ്ക്ക് ഉണ്ടായിരുന്നുവെന്ന ചുരുക്കം. ശാരദ ധാരാളം ഇംഗ്ലീഷ് ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നല്ല തുകൽ സ്ടാപ്പും ഏഴ്-എട്ടു രൂപ വിലയുമുള്ള റിസ്റ്റ് വാച്ചുകൾ, ജോടിക്ക് മൂന്നുരൂപ വിലവരുന്ന ഇമിറ്റേഷൻ ഡയമണ്ട് കമ്മലുകൾ, ഘടികാരങ്ങൾ എന്നിവയുടെ പരസ്യങ്ങൾ മഹിള മാസികയിൽ കാണാം. ഹാർമോണിയം, ചവിട്ടു ഹാർമോണിയം, ശ്രുതിപ്പെട്ടികൾ എന്നിവയുടെ പരസ്യങ്ങളോടൊപ്പം ടാഗോറിന്റെ വീട്ടിലും പുറത്തും, കണ്ണന്മുഴ കൃഷ്ണവാര്യരുടെ പുഷ്പമാല എന്നീ പുസ്തകങ്ങളുടെ പരസ്യങ്ങളും മഹിളയിൽ കാണാം. പ്രബുദ്ധവും സംസ്കൃതവുമായ (refined) ഒരു സ്ത്രീവായനാസമൂഹം, സമ്പത്തിന്റെ സൃഷ്ടിയിലല്ലെങ്കിലും അതിന്റെ വിനിയോഗത്തിൽ സ്വാഭിപ്രായത്തിനു വില കല്പിക്കപ്പെട്ടിരുന്ന ഒരു സമൂഹം, പതിയെപ്പതിയെ രൂപപ്പെട്ടുവന്നതിന്റെ സൂചനകളാണിവയെല്ലാം. ഉയർന്ന, ഉയർന്ന മദ്ധ്യവർഗ്ഗത്തിലെ, വിശേഷിച്ചും നായർ, തിയ്യ കുടുംബങ്ങളിലെ, സ്ത്രീകളും വിദ്യാസമ്പന്നരായ ക്രിസ്തീയസ്ത്രീകളുമായിരുന്ന ഈ വായനാസമൂഹത്തിലുണ്ടായിരുന്നത്. ആവിഷ്കാരത്തോടൊപ്പംതന്നെ ആശയങ്ങളുടെ സ്വാംശീകരണവും സ്ത്രീവിമോചനാശയങ്ങളുടെ വ്യാപനത്തിന് എത്രയേറെ വലിയ പങ്കുവഹിച്ചുവെന്നതിന് ഇതു തെളിവു നൽകുന്നു.

ഉപസംഹാരം

സാംസ്കാരികചരിത്രനിർമ്മിതിയിൽ സ്ത്രീകൾ വഹിച്ച പങ്ക് പുരുഷാഖ്യാനങ്ങളിൽ പലപ്പോഴും അദൃശ്യമാകാറുണ്ട്. പക്ഷേ, ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യ ദശാബ്ദങ്ങളിൽ സ്ത്രീകളുടെ പത്രാധിപത്യത്തിൽ പുറത്തിറങ്ങിയ വനിതാ ആനുകാലികങ്ങൾ മുഖ്യധാരയെന്ന സങ്കല്പനത്തെയും പെൺവാർപ്പുമാതൃകകളെയും ഉല്ലംഘിക്കുകയും, വായനക്കാരിയെന്ന നിലയിലും എഴുത്തുകാരിയെന്ന നിലയിലും സ്ത്രീകളെ സാംസ്കാരികചരിത്രനിർമ്മിതിയുടെ ഭാഗമാക്കുകയും ചെയ്തു. സ്ത്രീയെഴുതിയതിനെ സ്ത്രീതന്നെ വായിക്കുന്ന സ്ത്രീകേന്ദ്രീകൃതമായ അനുഭവപരിസരങ്ങളുടെ ആദ്യകാലമാതൃകകളാണ് ഈ മാസികകൾ. ദലിത്, പിന്നാക്ക വിഭാഗങ്ങളുടെ അസാന്നിദ്ധ്യം മുഴച്ചുനിൽക്കുന്നുണ്ടെങ്കിലും, പിൽക്കാലത്ത് എല്ലാ തട്ടിൽനിന്നുമുള്ള സ്ത്രൈണാവിഷ്കാരങ്ങൾക്ക് ആത്മവിശ്വാസവും ഇടവും നൽകുവാൻ സ്ത്രീപത്രാധിപരുടെ ഈ ശ്രമങ്ങൾക്കു കഴിഞ്ഞുവെന്നതു നിസ്തർക്കമാണ്.

അവലംബിതസൂചിക

- അജ്ഞാതകർത്തൃകം, "സ്ത്രീകളും പണഭരണവും", ശാരദ, പുസ്തകം 4, ലക്കം 2, തൃപ്പൂണിത്തുറ, 1909 ഫെബ്രുവരി, പു. 49-51.
- അമ്മിണിയമ്മ, തരവത്ത്, "ഒരു പ്രസംഗം", ലക്ഷ്മീഭായി മാസിക, പതിമൂന്നാം പുസ്തകം, തൃശ്ശൂർ, 1092 മേടം-1093 മീനം, പു. 53-55.
- കസ്സിൻസ്, മിസ്സിസ്സ്, "സ്ത്രീകൾക്കു സമ്മതിദാനാവകാശം", മഹിള, വാല്യം 1, ലക്കം 5, ചെങ്ങന്നൂർ, 1921 മേയ്, പു. 172-174.
- കുഞ്ഞിലക്ഷ്മി, കെട്ടിലമ്മ, കെ.എം., "സാഹിത്യവും സ്ത്രീസമുദായവും", മഹിളാരത്നം, തിരുവനന്തപുരം, പു. 50-53.
- കൃഷ്ണകുമാരി, എ, വനിതാപത്രപ്രവർത്തനം: ചരിത്രവും വർത്തമാനവും, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2010.
- നൂറ; നൂർജഹാൻ, പത്രാധിപ: എം. ഹലീമാബീവിയുടെ ജീവിതം, ബുക്കഫെ, കോട്ടക്കൽ, 2022.
- പത്മാവതി അമ്മ, കെ, "മലയാളികളും സ്ത്രീവിദ്യാഭ്യാസവും", പുസ്തകം 1, ലക്കം 1, ശാരദ, തൃപ്പൂണിത്തുറ, 1080 എടവം, പു. 7-10.
- പാറുക്കുട്ടി അമ്മ, "സ്ത്രീകളുടെ വിമോചനം", ശാരദ, പുസ്തകം 3, ലക്കം 4, തൃപ്പൂണിത്തുറ, 1908 ഏപ്രിൽ, പു. 10-13.

- പാറുക്കുട്ടിയമ്മ, ജി, "സ്ത്രീകളുടെ വിമോചനം", ശാരദ, പുസ്തകം 3, ലക്കം 5, തൃപ്പൂണിത്തുറ, 1908 ഏപ്രിൽ, പു. 10-12.
- പാർവ്വതി അമ്മ, വി. "സ്ത്രീധർമ്മം", ലക്ഷ്മീഭായി മാസിക, പതിമൂന്നാം പുസ്തകം, തൃശ്ശൂർ, 1092 മേടം-1093 മീനം, പു. 394-397.
- "പ്രസ്താവന", മുസ്ലിം മഹിള, പുസ്തകം 2, ലക്കം 1, കൊച്ചി, 1927, പു. 1-4.
- "പ്രസ്താവന", ലക്ഷ്മീഭായി മാസിക. പുസ്തകം 1, ലക്കം 2, തൃശ്ശൂർ, 1109, പു. 3-4.
- ഭാഗീരഥി അമ്മ, ജെ., തിരുവനന്തപുരം, "മലയാളിസ്ത്രീകളും വ്യായാമവും", ശാരദ, ചെങ്ങന്നൂർ, പു. 26-29.
- ഭാഗീരഥി അമ്മ, ബി, "സ്ത്രീകളുടെ ഭാഗഭാഗിത്വം", മഹിള, ചെങ്ങന്നൂർ, 1921, പു. 7-10.
- "മഹിളാഭാഷണം", മഹിള, വാല്യം 1, ലക്കം 11, ചെങ്ങന്നൂർ, 1921 ഡിസംബർ, പു. 362-363.
- രാമൻമേനോൻ, "നമ്മുടെ സ്ത്രീകളുടെ സുഖത്തിനു ആവശ്യമായ ചില കാര്യങ്ങൾ", മിതവാദി, പുസ്തകം 4, ലക്കം 2, കോഴിക്കോട്, 1916, പു. 9-10.
- ലക്ഷ്മി അമ്മ, കെ, "സി.വി.യുടെ നായികമാർ", മഹിള, വാല്യം 1, ലക്കം 3, ചെങ്ങന്നൂർ, 1921 മാർച്ച്, പു. 120-125.
- Mambrol, Nasrullah, "Elaine Showalter as a Feminist Critic", September 24, 2016, https://literariness.org/2016/09/24/elaine-showalter-as-a-feminist-critic/#google_vignette, accessed on 14.09.2024.

വായനസംസ്കാരനിർമ്മിതിയും തിരുവിതാംകൂറിലെ ആദ്യകാലപത്രമാസികകളും

സുജീഷ് ജോയ്
ഗവേഷകൻ,
കേരളപഠനവിഭാഗം, കേരളസർവ്വകലാശാല

പ്രബന്ധസംഗ്രഹം:

തിരുവിതാംകൂറിൽ പൊതുമണ്ഡല രൂപീകരണം സാധ്യമാക്കിയത് അവിടം കേന്ദ്രീകരിച്ച് പുറത്തിറങ്ങിയ പത്രമാസികകൾ രൂപപ്പെടുത്തിയ വായന സംസ്കാരമാണ്. വായനയുടെയും വിദ്യാഭ്യാസത്തിന്റെയും ആവശ്യകതയെ ജനങ്ങൾക്ക് ബോധ്യപ്പെടുത്തിക്കൊടുത്തത് ഈ പത്രമാസികകളാണ്.വായന രൂപപ്പെടുത്തിയ പ്രത്യശാസ്ത്രബോധം ജനങ്ങളെ സാമൂഹികമായി നവീകരിക്കുകയും രാഷ്ട്രീയമായി പരിഷ്കരിക്കുകയും ചെയ്തു. മതാശയങ്ങൾ ഉൾക്കൊള്ളുന്ന എഴുത്തുകൾക്ക് പകരം സാമൂഹിക പരിഷ്കരണം ലക്ഷ്യമാക്കിയുള്ള എഴുത്തുകൾ കൂടുതലായി പ്രത്യക്ഷപ്പെടുതുടങ്ങിയത് തിരുവിതാംകൂർ കേന്ദ്രീകരിച്ച് പുറത്തിറങ്ങിയ പത്രമാസികകളിലൂടെയാണ്. ഇത് വ്യക്തികളെ സ്വയം തിരിച്ചറിവിലേക്ക് നയിക്കുകയും മാനസികമായി പുതുക്കുകയും ചെയ്തു. വായന സൃഷ്ടിച്ച രാഷ്ട്രീയ അന്തരീക്ഷമാണ് പിന്നീട് ജനകീയമുന്നേറ്റങ്ങളിലേക്ക് തിരുവിതാംകൂറിനെ നയിച്ചത്.

താക്കോൽ വാക്കുകൾ:

പൊതുമണ്ഡലം, രാഷ്ട്രീയജാഗ്രത, വായനസംസ്കാരം, അഭിരുചിവ്യതിയാനം.

ആമുഖം

മനുഷ്യന്റെ ബോധ അബോധമണ്ഡലങ്ങളെ സ്വാധീനിക്കുന്ന ധൈഷണിക പ്രക്രിയയാണ് വായന. വാക്കുകളുടെ തിരിച്ചറിയലും ഗ്രഹണവുംകൊണ്ട് അത് പൂർത്തിയാകുന്നില്ല. മറിച്ച് പുതിയൊരു ബോധത്തെ നിർമ്മിച്ചെടുക്കുകയും അത് പ്രവർത്തനക്ഷമമാകുകയും ചെയ്യുമ്പോഴാണ് വായന പൂർത്തിയാകുന്നത്. ഇങ്ങനെ ഒരു വ്യക്തിയെ പുതുതായി സൃഷ്ടിച്ചെടുക്കാൻ വായനയ്ക്ക് സാധിക്കുന്നു. കേരളീയ രാഷ്ട്രീയത്തിന്റെ ബഹുമുഖമായ അഭിവൃദ്ധിക്ക് ഈടുറ്റ സേവനം നൽകിയത് തിരുവിതാംകൂർ കേന്ദ്രീകരിച്ചു പുറത്തുവന്ന പത്രമാസികകളാണ്. അത് രൂപപ്പെടുത്തിയ വായനസംസ്കാരം പൊതുസമൂഹത്തെ സ്വാധീനിച്ചത് എങ്ങനെയെന്നുള്ള അന്വേഷണമാണ് ഈ പ്രബന്ധത്തിൽ നടത്തുന്നത്.പത്രമാസികൾക്ക് ജനങ്ങൾക്കിടയിൽ കിട്ടിയ സ്വീകാര്യതയാണ് സമൂഹത്തിൽ പൊതുമണ്ഡലം രൂപപ്പെടാൻ കാരണമായത്. വായനസംസ്കാരം തിരുവിതാംകൂർ ജനതയെ സാമൂഹ്യപ്രബുദ്ധരും രാഷ്ട്രീയജാഗ്രത (political vigilance)യുള്ളവരുമാക്കി തീർക്കാൻ ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. തിരുവിതാംകൂറിലെ ജനകീയ മുന്നേറ്റങ്ങൾക്ക് കാരണമായത് ജനങ്ങളുടെ ഉള്ളിൽ രൂപപ്പെട്ട ഈ രാഷ്ട്രീയ അവബോധമാണ് എന്ന് ഈ പഠനം വ്യക്തമാക്കുന്നു.

പഠന സൗകര്യാർത്ഥം പ്രബന്ധത്തെ രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നാമത്തെ ഭാഗത്ത് തിരുവിതാകൂർ കേന്ദ്രീകരിച്ച് പുറത്തുവന്ന പത്രമാസികകളായ വിദ്യാവിലാസിനി, കേരളീയസുഗ്രണബോധിനി, മലയാളി, സ്വദേശാഭിമാനി എന്നീ പത്രങ്ങൾ രൂപപ്പെടുത്തിയ വായനസംസ്കാരം സമൂഹത്തെ സ്വാധീനിച്ചത് എങ്ങനെയെന്നും അവ ആശയപരമായി പിൽക്കാലസമൂഹത്തെ നവീകരിച്ചതെങ്ങനെയെന്നും വ്യക്തമാക്കുന്നു. രണ്ടാമത്തെ ഭാഗത്ത് ഈ പത്രമാസികകൾ വായന, വിദ്യഭ്യാസം എന്നിവയിലൂടെ ജനങ്ങളെ പ്രബുദ്ധരാക്കാൻ നടത്തിയ ശ്രമങ്ങളെ ഇതിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങളെ മുൻനിർത്തി വിശകലനം ചെയ്യുന്നു.

വായനാവഴിയിലെ പൊതുമണ്ഡല രൂപീകരണം

പൊതുമണ്ഡലം (public sphere) എന്ന ആശയം ആദ്യമായി അവതരിപ്പിക്കുന്നത് ജൂർഗൻ ഹേബർമാസ് തന്റെ 'ദി സ്ട്രക്ച്ചറൽ ട്രാൻസ്ഫർമേഷൻ ഓഫ് ദി പബ്ലിക്ക് സ്ഫിയർ' എന്ന പുസ്തകത്തിലാണ്. വ്യക്തികൾ ഒത്തുചേർന്ന് ഒരു പൊതുവിഷയത്തെ മുൻനിർത്തി ചർച്ചചെയ്യുകയും അഭിപ്രായ രൂപീകരണം നടത്തുകയും ചെയ്യുന്ന ഇടത്തെയാണ് അദ്ദേഹം പൊതുമണ്ഡലം എന്ന് വിളിച്ചത്. അതിനാൽ പൊതുജനാഭിപ്രായം രൂപപ്പെടുത്താൻ കഴിയുന്ന ഒരു മണ്ഡലമായി പൊതുമണ്ഡലത്തെ അദ്ദേഹം കണക്കാക്കുന്നു (ഹേബർമാസ്, 1991:28-29). പൊതുമണ്ഡലത്തിന്റെ ആദ്യകാല സാന്നിധ്യം കാണുന്നത് നാട്ടുചന്തകളിലും വഴിയമ്പലങ്ങളിലും തറക്കൂട്ടങ്ങളിലുമാണ്.എന്നാൽ അച്ചടിയുടെയും സാക്ഷരതയുടെയും സംക്രമണത്തോടുകൂടി പൊതുഇടങ്ങൾ എന്ന സങ്കൽപനത്തിന് പുതിയൊരു സാധ്യത കൈവന്നു. യൂറോപ്പിൽ പൊതുമണ്ഡലത്തിന്റെ കേന്ദ്രം കോഫീഹൗസുകളും സലൂണുകളും ആയിരുന്നെങ്കിൽ കേരളത്തിൽ വായനശാലകളും ചായക്കടകളും ഇതിന് കേന്ദ്രമായി വർത്തിച്ചു.കേരളീയ പൊതുമണ്ഡലരൂപീകരണം സാധ്യമാക്കുന്നതിന് ആദ്യകാല പത്രമാസികൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. കാലത്തിനും ഇടത്തിനും ഇടയ്ക്ക് ആശയവിനിമയം നടത്താനുള്ള പ്രധാന വഴികളായിട്ടാണ് അച്ചടി മാധ്യമങ്ങളെ റോബിൻ ജെഫ്രി നിരീക്ഷിക്കുന്നത് (ജെഫ്രി, 2004:273-74). ആദ്യകാല പത്രമാസികകൾ രൂപപ്പെടുത്തിയ വായനാസംസ്കാരം പുതിയൊരു സാമൂഹിക ബോധനിർമ്മിതിക്ക് ആ കാലഘട്ടത്തിലെ കേരളീയസമൂഹത്തെ വിധേയമാക്കിയിട്ടുണ്ടെന്ന് പിൽക്കാല ചരിത്രം വ്യക്തമാക്കുന്നു.

വ്യക്തിയുമായി നേർക്കുനേർ ഉള്ള സംവാദം ആരംഭിച്ചു എന്നുള്ളത് വായന സൃഷ്ടിച്ച പരിവർത്തനമാണ്. ഒരേ സമയംതന്നെ ഒരു വിവരം നിരവധി ആളുകൾക്ക് വായിക്കാനും അതിൽ വിമർശനാത്മകമായി ഇടപെടാനുമുള്ള സാധ്യത രൂപപ്പെടുത്തിയത് ആദ്യകാലങ്ങളിൽ പത്രമാസികകളാണ്. സ്ഥലകാലങ്ങൾക്ക് അതീതമായി ഒരു കാര്യത്തെക്കുറിച്ച് ചിന്തിക്കാനും അതിൽനിന്ന് ഉൾക്കൊണ്ട അറിവിൽനിന്ന് പുതിയ ബോധ്യങ്ങൾ നിർമ്മിച്ചെടുക്കാനുമുള്ള അവസരം ജനങ്ങൾക്ക് ലഭിക്കുന്നത് പത്രമാസികകൾ വന്നതിനുശേഷമാണ്.ഇങ്ങനെ ഒരു വിഷയത്തെക്കുറിച്ച് ഒരേ സമയം വ്യത്യസ്ത സ്ഥലങ്ങളിൽ ഇരുന്നു വായിക്കുന്ന വായനക്കാർക്കിടയിൽ മാനസികമായ ഒരു പൊതുമണ്ഡലത്തെ പത്രമാസികകൾ രൂപപ്പെടുത്തുകയുണ്ടായി.

ഇവിടെ ഒത്തുചേരലിന്റെ പൊതുമണ്ഡല രൂപീകരണമല്ല മറിച്ച് ആശയപരമായ ഏകത്വമാണ് വായന എന്ന പ്രക്രിയയിലൂടെ ഓരോ വ്യക്തികളിലും ഉണ്ടാകുന്നത്.

തിരുവിതാംകൂറിലെ പത്രമാസികകളും പൊതുമണ്ഡലരൂപീകരണവും

തിരുവിതാംകൂർ കേന്ദ്രീകരിച്ച് പുറത്തിറങ്ങിയ ആദ്യകാല പത്രമാസികകൾ കേരള നവോത്ഥാന ചരിത്രത്തിൽ ഏറെപ്രാധാന്യം അർഹിക്കുന്നവയാണ്. കാരണം സാമൂഹികക്രമത്തിന്റെ നവീകരണവും നിലനിൽക്കുന്ന അധികാരവ്യവസ്ഥകളോടുമുള്ള എതിർപ്പുകളും ആദ്യകാലങ്ങളിൽ ശക്തമായി ജനങ്ങളിലേക്ക് എത്തിച്ചത് പത്രമാസികകളാണ്. കേരളീയ നവോത്ഥാനവുമായി ചേർത്തുവച്ച് ചിന്തിക്കുമ്പോൾ സെക്കുലറായിട്ടുള്ള ഒരു സമൂഹത്തെ രൂപപ്പെടുത്തുന്നതിനുള്ള ചവിട്ടുപടികൾ ആദ്യമായി ഉറപ്പിച്ചത് തിരുവിതാംകൂർ കേന്ദ്രീകരിച്ച് പുറത്തിറങ്ങിയ വിദ്യാവിലാസിനി, കേരളീയസുഗ്രണബോധിനി എന്നീ മാസികകളും മലയാളി, സ്വദേശാഭിമാനി തുടങ്ങിയ പത്രങ്ങളുമാണ്. മതപ്രചരാണർത്ഥമുള്ള ലേഖനങ്ങളിൽനിന്നും മതാശയങ്ങൾ ഉൾക്കൊള്ളുന്ന എഴുത്തുകളിൽനിന്നും വ്യത്യസ്തമായി മതേതരമായ വ്യക്തി അനുഭവങ്ങൾ അവതരിപ്പിക്കുകയും, സാമൂഹ്യമാറ്റത്തിന്റെ ആവശ്യകതകളെക്കുറിച്ച് ജനങ്ങളോട് സംവദിക്കുകയും ചെയ്തത് ഒരു പരിധിവരെ ഈ അച്ചടി മാധ്യമങ്ങളാണ്.

പൊതുമണ്ഡലം എന്ന സങ്കല്പത്തെ വിദ്യാവിലാസിനി, കേരളീയസുഗ്രണബോധിനി എന്നീ മാസികകൾ രൂപപ്പെടുത്തിയത് എപ്രകാരമാണെന്ന് ചിന്തിക്കേണ്ടതുണ്ട്.അതിൽ പ്രധാനം എഴുത്തിടങ്ങളിൽ രൂപപ്പെട്ട പൊതുമണ്ഡലം എന്ന ആശയമാണ്.ഇതിനെ സാഹിതീയ പൊതുമണ്ഡലം എന്ന് വിശേഷിപ്പിക്കാം.1936 ലാണ് പ്രസിദ്ധമായ ക്ഷേത്രപ്രവേശനവിളംബരം നടക്കുന്നത്. എന്നാൽ സാഹിത്യ ദേവാലയപ്രവേശനം അതിനും എത്രയോ മുമ്പ്തന്നെ ഇവിടെ അനുഭവപ്പെട്ടുവെന്ന് വിദ്യാവിലാസിനിയെ മുൻനിർത്തി പറയാൻ സാധിക്കും (പ്രിയദർശൻ, 1982:67). ഇതിനുകാരണം ജാതിമതഭേദങ്ങളാൽ കലുഷിതമായ അന്തരീക്ഷം കേരളത്തിൽ നിലനിന്നിരുന്ന സാഹചര്യത്തിൽപ്പോലും വ്യത്യസ്ത ജാതികളിൽപ്പെട്ട വ്യക്തികൾക്ക് സാഹിത്യവേദിയിൽ ഒരുമിച്ചിരിക്കാനും വിമർശനാത്മകമായി ഇടപെടാനുമുള്ള സാഹചര്യം ആ കാലഘട്ടത്തിൽ തന്നെ വിദ്യാവിലാസിനിയിൽ ലഭിച്ചിരുന്നുവെന്നുള്ളതാണ്. ഇങ്ങനെ പൊതുമണ്ഡലത്തിന്റെ ആദ്യമാതൃകകളെ തൊഴിലിടങ്ങളിൽ

രൂപപ്പെടുത്തിയത് ആദ്യകാല പത്രമാസികകളാണെന്ന് കാണാൻ സാധിക്കും.

ജാതി രാഷ്ട്രീയത്തിനതീതമായി ആശയങ്ങൾക്കും നിലപാടുകൾക്കും എഴുത്തിൽ പ്രാധാന്യം ലഭിച്ചു തുടങ്ങുന്നത് വിദ്യാവിലാസിനിയിലൂടെയാണ്.ഈ മാതൃക പിന്നീട് വന്ന പത്രങ്ങളും പിന്തുടർന്ന എന്നുള്ള വസ്തുത സ്മരണീയമാണ്.ഇങ്ങനെ സാഹിത്യ മേഖലയിലെ ഏകതാബോധം രാഷ്ട്രീയമായി നവീകരണത്തിലേക്ക് കേരളീയ പൊതുസമൂഹത്തെ നയിച്ചുവെന്ന് കാണാൻ സാധിക്കും.സാധാരണക്കാരായ ജനങ്ങളെ വായനയിലൂടെ അറിവിലും വിജ്ഞാനത്തിലും സ്ഥൈര്യമുള്ള വരാക്കി തീർക്കുക എന്നുള്ളത് വിദ്യാവിലാസിനിയുടെ പ്രഖ്യാപിതലക്ഷ്യങ്ങളിൽ ഒന്നായിരുന്നു.ഇത് മാസികയുടെ ഒന്നാം ലക്കത്തിന്റെ ആദ്യപേജിൽ തന്നെ വ്യക്തമാക്കുന്നുണ്ട്.

ഈ നാട്ടിലുള്ള സ്വദേശികളിൽ അധികംപേർക്ക് പലവിധമായ അറിവും ബുദ്ധിവികാസവും വിനോദവും സന്മാർഗപ്രവർത്തികളിൽ അഭിരുചിയും ഉണ്ടാകുന്നതിന് തക്കതായ പുസ്തകങ്ങൾ മലയാളഭാഷയിൽ തൽക്കാലം ഇല്ലാത്ത സ്ഥിതിക്ക് മേൽവിവരിച്ച വിധമായ ഉദ്ദേശങ്ങളെ സാധിക്കുന്നതിനുവേണ്ടി മാസംതോറും വിദ്യാവിലാസിനി എന്ന നാമധേയത്തോടുകൂടി ഒരു പത്രിക അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു (ഉദ്ധ.ibid :43)

മാത്രമല്ല വായനക്കാരുടെ അഭിപ്രായങ്ങളും ആശയങ്ങളും സ്വീകരിക്കുക എന്നൊരു ജനാധിപത്യ രീതികൂടി ഈ മാസിക മുന്നോട്ടുവെച്ചു എന്നതിന് തെളിവാണ് വിദ്യാവിലാസിനി ഒന്നാം ലക്കത്തിന്റെ അവസാനപുറത്തെ വിജ്ഞാപനം. "ആരെങ്കിലും ഉപയോഗമുള്ള വിഷയത്തെപ്പറ്റി എഴുതി അയക്കുന്ന പ്രസംഗങ്ങളെ സന്തോഷത്തോടുകൂടി സ്വീകരിക്കുന്നതാകുന്നു" (ഉദ്ധ.ibid: 48). ഈ പ്രസ്താവനയിലൂടെ വായനക്കാരുടെ അഭിരുചി മനസ്സിലാക്കാനും അതുവഴി വായനാസമൂഹത്തെ രൂപീകരിക്കുവാനുമുള്ള ശ്രമമാണ് കാണാൻ സാധിക്കുന്നത്.

കേരളീയസുഗുണബോധിനി

കൊല്ലവർഷം 1062 (1886) മിഥുനത്തിൽ തിരുവനന്തപുരത്ത് നിന്ന് ആരംഭിച്ച മലയാളത്തിലെ ആദ്യ വനിതാമാസികയാണ് കേരളീയസുഗ്രണബോധിനിനി. സ്ത്രീകളുടെ ജ്ഞാനവർദ്ധനവിനും വിനോദത്തിനുമായി ആരംഭിച്ച ഈ മാസികയുടെ പിന്നിൽ പ്രവർത്തിച്ചത് പുരുഷന്മാരായിരുന്നു. ഇതിന്റെ ഉള്ളടക്കം പരിശോധി

ച്ചു കഴിഞ്ഞാൽ വനിതാമാസിക എന്നതിലുപരിയായി സാഹിത്യമാസികയാണെന്ന് മനസ്സിലാക്കാൻ സാധിക്കും (രാഘവൻ, 2008 : 107-108). കേരളീയസുഗ്രണബോധിനി എന്ന ആശയത്തിന് പിന്നിൽ കേവലം ഒരു വനിതാമാസികയുടെ പ്രസിദ്ധീകരണമെന്നുള്ള യുക്തിയല്ല ഉള്ളത്.മറിച്ച് പത്രമാസികകൾ മുന്നോട്ടുവെച്ച പൊതുമണ്ഡലം എന്ന ആശയത്തോട് ചേർത്തുവച്ച് വേണം ഇതിനെ മനസ്സിലാക്കേണ്ടത്. സ്ത്രീകളെ വിജ്ഞാനത്തിന്റെ മേഖലകളിൽനിന്ന് അകറ്റിനിർത്തിയിരുന്ന ഒരു കാലഘട്ടത്തിൽ, സ്ത്രീകൾക്ക് സാഹിത്യ മേഖലയിലേക്ക് കടന്നുവരാനുള്ള പ്രചോദനം ലഭിക്കുന്നത് യഥാർത്ഥത്തിൽ കേരളീയ സുഗ്രണബോധിനിയുടെ വരവോടുകൂടിയാണ്. ആറുമാസത്തെ പ്രസിദ്ധീകരണത്തിനുശേഷം ഈ മാസിക നിന്നുപോയെങ്കിലും പിന്നീട് 1894 ൽ വീണ്ടും ശക്തമായി തിരിച്ചുവരുന്നുണ്ട്. പിൽക്കാലത്ത് 'ശാരദ' പോലുള്ള പ്രസിദ്ധീകരണത്തിലേക്ക് സ്ത്രീകൾ എത്തിച്ചേരാനുള്ള മാനസികാവസ്ഥയെ സൃഷ്ടിച്ചെടുക്കാൻ കേരളീയ സുഗ്രണബോധിനിയുടെ പ്രസിദ്ധീകരണം വഴി സാധ്യമായി എന്നത് തീർച്ചയാണ്. ഇങ്ങനെ എഴുത്തുമേഖലയിലെ ലിംഗപരമായ അസമത്വങ്ങളിൽ നിന്ന് ഒരു പരിധിവരെ സ്വതന്ത്രമായി ചിന്തിക്കുവാനും എഴുതുവാനുമുള്ള അവകാശത്തെക്കുറിച്ച് സ്ത്രീകളെ ബോധ്യപ്പെടുത്തിയതിൽ ഈ മാസികയുടെ പ്രസിദ്ധീകരണത്തിന് പങ്കുണ്ട്. കേരളീയ സുഗ്രണബോധിനിയുടെ ഒന്നാം ലക്കത്തിൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ രചിച്ച "സ്ത്രീവിദ്യാഭ്യാസം" എന്ന പേരിലുള്ള പദ്യങ്ങളും "തെക്കേതെരുവിലെ പെൺപള്ളിക്കൂടം " എന്ന അജ്ഞാത കർതൃകമായ പദ്യവുമെല്ലാം സ്ത്രീവിദ്യാഭ്യാസത്തെക്കുറിച്ചുള്ളതാണ്. മാത്രമല്ല " പുസ്തകം" എന്ന ലേഖനത്തിലൂടെ വായനയുടെ പ്രാധാന്യത്തെപ്പറ്റിയും ഈ മാസിക ജനങ്ങളോട് സംവദിക്കുന്നു. സ്ത്രീകളുടെ സാമൂഹികമായ ഉന്നമനമാണ് ഈ മാസികയുടെ പ്രസിദ്ധീകരണത്തിലൂടെ കേരളവർമ്മ വലിയകോയിത്തമ്പുരാൻ അടക്കമുള്ളവർ ലക്ഷ്യംവെച്ചത്. സാമ്പത്തികാധികാരം കയ്യിലുണ്ടായിരുന്ന പുരുഷന്റെ വ്യക്തിപദവിയെ ചോദ്യം ചെയ്യാൻ കഴിയുന്ന സ്ത്രീസമൂഹത്തെ രൂപപ്പെടുത്തിയെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി വേണം ഇതിനെ കാണേണ്ടത്. വനിതാപ്രവർത്തകരുടെ എഴുത്ത് വേദിയിലേക്കുള്ള കടന്നുവരവ് സാംസ്കാരികമേഖലയിൽ സൃഷ്ടിച്ച പുതിയ മാനവികബോധത്തിന്റെ ഭാഗമായാണ് പിൽക്കാലത്ത് ആശാൻ അടക്കമുള്ള എഴുത്തുകാരുടെ രചനകളിൽ ബോധപൂർവ്വമോ അബോധപൂർവ്വമോ സ്ത്രീപക്ഷസമീപനം രൂപപ്പെടാൻ കാരണമായത്.

വായന രൂപപ്പെടുത്തിയ സുതാര്യത എന്ന ആശയം

മലയാള പത്രചരിത്രത്തിലെ സുവർണ്ണാധ്യായങ്ങളാണ് മലയാളി, സ്വദേശാഭിമാനി എന്നീ പത്രങ്ങൾ. തിരുവിതാംകൂർ കേന്ദ്രീകരിച്ച് പുറത്തിറങ്ങിയ ഈ പത്രങ്ങൾ ജനങ്ങളെ രാഷ്ട്രീയ ജാഗ്രതയുള്ളവരാക്കി തീർക്കുന്നതിനും അതുവഴി എല്ലാ വിഭാഗത്തിലുമുള്ള ജനങ്ങൾക്ക് നീതി ഉറപ്പാക്കുന്നതിനുമായുള്ള ശ്രമങ്ങളെ രൂപപ്പെടുത്തി. രാജഭരണത്തിന്റെ കീഴിൽ തിരുവിതാംകൂറിലെ സാധാരണക്കാരായ ജനങ്ങൾ നീതിനിഷേധത്താൽ വലയുന്ന കാലഘട്ടത്തിലാണ് ഈ രണ്ടു പത്രങ്ങളും പ്രസിദ്ധീകരണം ആരംഭിക്കുന്നത്. എഴുത്തിലൂടെ ജനങ്ങളെ രാഷ്ട്രീയമായി ഒന്നിപ്പിക്കുകയും അതുവഴി തങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി ജനകീയ പ്രക്ഷോഭങ്ങളിലേക്ക് തിരുവിതാംകൂറിലെ ജനങ്ങളെ നയിക്കുകയും ചെയ്തത് ഈ പത്രങ്ങളാണ്. അധികാരികതയ്ക്കെതിരായി സുതാര്യത എന്ന ആശയത്തെ ഇവ മുന്നോട്ടുവച്ചു.

മലയാളി

നായർ സമുദായത്തിന്റെ ഉന്നമനത്തിനായി 1886 ൽ തിരുവിതാംകൂർ നിന്ന് പ്രസിദ്ധീകരണം ആരംഭിച്ച പത്രമാണ് മലയാളി. തിരുവിതാംകൂർ സർക്കാർ സർവ്വീസിൽ ഒരു കാലത്ത് അപ്രമാദിത്വം ഉണ്ടായിരുന്ന നായർ സമുദായം ക്രമേണ ശോഷിക്കുകയും ആ സ്ഥാനത്തേക്ക് പരദേശീയ ബ്രാഹ്മണർ നിയോഗിക്കപ്പെടുകയും ചെയ്ത സാഹചര്യത്തിൽ തിരുവനന്തപുരം മഹാരാജാസ് കോളേജിലെ അഭ്യസ്തവിദ്യരായ വിദ്യാർത്ഥികൾ ചേർന്ന് രൂപംകൊടുത്ത മലയാളിസോഷ്യൽ യൂണിയൻ (പിന്നീട് തിരുവിതാംകൂർ മലയാളിസഭ എന്ന് പേരുമാറ്റി)എന്ന സംഘടനയുടെ മുഖപത്രമായിട്ടാണ് മലയാളി ആദ്യം പ്രത്യക്ഷപ്പെടുന്നത് (ibid, 2008 :114-116). എന്നാൽ ഈ പത്രത്തിന് ജനകീയമായൊരു മുഖം ലഭിക്കുന്നത് 1891 ലെ മലയാളി മെമ്മോറിയലിലൂടെയാണ്. 'തിരുവിതാംകൂർ തിരുവിതാംകൂറുകാർക്ക്' എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള ഈ മുന്നേറ്റത്തിന്റെ ജിഹ്വയായി മാറിയത് മലയാളി ആണ്. ജനങ്ങളുടെ ഉള്ളിലെ സംഘടനാബോധത്തെ വായനയിലൂടെ എപ്രകാരം ഒരുമിപ്പിക്കാമെന്നുള്ളതിന്റെ പ്രത്യക്ഷമായ ഉദാഹരണമാണ് മലയാളി എന്ന പത്രത്തിലൂടെ കാണാൻ സാധിച്ചത്.

സമുദായിക ആശയങ്ങളിൽ നിന്ന് വ്യത്യസ്തമായി ഉദ്യോഗസ്ഥ വിമർശന മേഖലയിലേക്ക് മലയാളി കടക്കുന്നത് കെ.രാമകൃഷ്ണപിള്ള പത്രാധിപരായി വന്ന

തിനുശേഷമാണ്. അധികാര കേന്ദ്രങ്ങൾക്കെതിരായി ചെറുത്തു നില്പിന്റെ രാഷ്ട്രീയ പശ്ചാത്തലം രൂപപ്പെടുത്തിയെടുക്കാനുള്ള ശ്രമം രാമകൃഷ്ണപിള്ളയുടെ മുഖപ്രസംഗങ്ങളിൽ കാണാൻ സാധിക്കുന്നതാണ്. സാമുദായിക പത്രമായി തുടങ്ങി, ഒടുങ്ങിയെങ്കിലും ഒരു പരിധിവരെ ഒരു വിഭാഗം ജനത്തെ സംഘടനാബോധം ഉള്ളവരാക്കാൻ മലയാളിക്ക് കഴിഞ്ഞു എന്നുള്ളത് പ്രശംസനീയമാണ്.

സ്വദേശാഭിമാനി

കേരളത്തിൽ സാമൂഹ്യപരിണാമത്തിന് തുടക്കംകുറിക്കുന്നത് പൗരന്റെ അവകാശങ്ങളെക്കുറിച്ചുള്ള ബോധ്യങ്ങൾ ജനങ്ങൾക്ക് ലഭിച്ചു തുടങ്ങിയതിനുശേഷമാണ്. ജനങ്ങൾക്ക് ഗവർൺമെന്റിനോട് മാത്രമല്ല തിരിച്ച് ഗവർണമെന്റിന് ജനങ്ങളോടും ഉത്തരവാദിത്വങ്ങൾ ഉണ്ടെന്ന് തിരുവിതാകൂർ ജനതയ്ക്ക് ബോധ്യപ്പെടുത്തി കൊടുത്തത് യഥാർത്ഥത്തിൽ സ്വദേശാഭിമാനി ആണ്.1905 ജനുവരി 19-ാം തീയതി തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് കേന്ദ്രീകരിച്ച് വക്കം അബ്ദുൽ ഖാദർ മൗലവിയുടെ ഉടമസ്ഥതയിൽ പ്രസിദ്ധീകരണം ആരംഭിച്ച പത്രമാണിത്. ഈ പത്രത്തിന്റെ ഉദ്ദേശലക്ഷ്യം എന്താണ് ആദ്യലക്കത്തിൽ തന്നെ വ്യക്തമാക്കുന്നുണ്ട്.

സ്വദേശാഭിമാനിയുടെ പ്രവൃത്തികൊണ്ട് ജനങ്ങൾക്കു ക്ഷേമമുണ്ടാക്കണമെന്നാണ് ഞങ്ങളുടെ പ്രധാന ഉദ്ദേശ്യം.ഈ ഉദ്ദേശ്യം സാധിക്കാൻ ഞങ്ങൾ യഥാശക്തി ശ്രമിക്കതന്നെ ചെയ്യും. ഞങ്ങൾക്കുണ്ടാകുന്ന വല്ല ആപത്തുകളെയും ഭയന്നു പൊതുജനസങ്കടങ്ങളെ ഞങ്ങൾ മറച്ചുവയ്ക്കുന്നതല്ല നിശ്ചയം (ഉദ്ധ.ibid : 158)

ജനങ്ങളുടെ ക്ഷേമമാണ് യഥാർത്ഥത്തിൽ ഒരു ഭരണസംവിധാനം ലക്ഷ്യം വയ്ക്കേണ്ടതെന്നുള്ള ആശയം ഭരണകൂടത്തെയും ജനങ്ങളെയും അറിയിക്കുകയായിരുന്നു സ്വദേശാഭിമാനിയുടെ പ്രധാനലക്ഷ്യം.വായനാസമൂഹത്തെ രൂപപ്പെടുത്തിയെടുത്തതിൽ മറ്റെല്ലാ പത്രങ്ങളെക്കാൾ അധികമായ പങ്ക് സ്വദേശാഭിമാനിക്കുണ്ട്. ഇതിന്റെ ആരംഭപ്രഖ്യാപനമായി അത് ചേർക്കുകയും ചെയ്തിട്ടുണ്ട്.

മലയാള പത്രങ്ങൾക്ക് കഴിഞ്ഞ കാലങ്ങളിലെങ്ങും കിട്ടിയിട്ടില്ലാത്ത വിധം ഒരു വലിയ ജനസംഘം ഞങ്ങളുടെ വരിക്കാരായി ചേർന്നിട്ടുണ്ട്. വരിക്കാരുടെ സംഖ്യ നോക്കുകയാണെങ്കിൽ ഞങ്ങൾ ചെയ്തിട്ടുള്ള ഏർപ്പാടുകൾ വിശേഷം മതിയായിട്ടില്ല (ഉദ്ധ.ibid : 157).

കെ. രാമകൃഷ്ണപിള്ള മുഖ്യ പത്രാധിപരായി വന്നതിനുശേഷം പത്രത്തിന്റെ

സർക്കുലേഷൻ വീണ്ടും വലിയതോതിൽ ഉയരുകയുണ്ടായി. ഇതിനുകാരണം ഉദ്യോഗസ്ഥമേഖലയിലെ ദുർഭരണ നടപടികൾക്കെതിരെ ജനപക്ഷം ചേർന്ന് ശക്തമായ ഭാഷയിൽ പ്രതികരിച്ചുവെന്നുള്ളതുകൊണ്ടാണ്. ഈ പത്രം രൂപപ്പെടുത്തിയ വായനസംസ്കാരം ജനങ്ങളുടെ ഇടയിൽ ഒരു കാര്യത്തെക്കുറിച്ച് രാഷ്ട്രീയപരമായി ചിന്തിക്കുവാനുള്ള ശേഷി രൂപപ്പെടുത്തി. സ്വദേശാഭിമാനിയിലെ മുഖപ്രസംഗങ്ങളെ ഉദ്യോഗസ്ഥവിമർശനം എന്ന പേരിൽ ചുരുക്കാതെ അത് പിൽക്കാല പത്രപ്രവർത്തനമേഖലയെ എപ്രകാരം സ്വാധീനിച്ചുവെന്നുകൂടി മനസ്സിലാക്കേണ്ടതായിട്ടുണ്ട്. കാരണം പിന്നീട് വന്നിട്ടുള്ള പത്രങ്ങൾക്ക് ഭയകൗടില്യലോഭങ്ങൾ ഇല്ലാതെ വിമർശനാത്മകമായി ഭരണകൂടത്തെ വിലയിരുത്താനുമുള്ള സ്ഥിതി കേരളീയ പൊതുമണ്ഡലത്തിൽ രൂപപ്പെടുത്തിയതിൽ സ്വദേശാഭിമാനിയുടെ പങ്ക് വിസ്മരിക്കാൻ കഴിയാത്തതാണ്. മാത്രമല്ല ജനാധിപത്യത്തിന്റെ നാലാം തൂണായി നിന്നുകൊണ്ട് ഗവൺമെന്റിന്റെ ശരിതെറ്റുകളെ ജനങ്ങളുടെ മുന്നിൽ എത്തിക്കാൻ പ്രയത്നിക്കുന്ന വരാകണം പത്രപ്രവർത്തകർ എന്ന് പിൽക്കാല പത്രപ്രവർത്തകരെ പഠിപ്പിച്ചത് ഈ പത്രമാണ്.

അഭിരുചിവ്യതിയാനത്തെ രൂപപ്പെടുത്തുന്ന വായന

വ്യക്തിയെ രൂപപ്പെടുത്തുന്ന പ്രധാനഘടകങ്ങൾ അനുഭവങ്ങളും അറിവുകളുമാണ്. അവ വ്യക്തിപരമായി ലഭിക്കുന്നവയുമുണ്ട് ;സാമൂഹ്യപരമായി ആർജ്ജിച്ചെടുക്കുന്നവയുമുണ്ട്. അറിവിനെയും അനുഭവത്തെയും സൃഷ്ടിക്കുന്ന പ്രധാന ഘടകങ്ങളിലൊന്ന് വായന സംസ്കാരമാണ്. വായന ഒരു വ്യക്തിയെ തന്നിലേക്ക് ചുരുക്കുകയല്ല മറിച്ച് വിശാലമായ കാഴ്ചപ്പാടിലൂടെ സമൂഹത്തെ നോക്കി കാണാൻ പ്രേരിപ്പിക്കുയാണ് ചെയ്യുന്നത്. ഇങ്ങനെ മനുഷ്യന്റെ ബോധഅബോധങ്ങളെ നിയന്ത്രിക്കുന്ന ധൈഷണികവ്യത്തിയായി വായന മാറുന്നു.

കേരളത്തിൽ വായനാസംസ്കാരം രൂപപ്പെടുത്തിയ പ്രത്യയശാസ്ത്രബോധം ജാതീയതയ്ക്ക് അതീതമായ ഒരു സമൂഹത്തെ നിർമ്മിച്ചെടുക്കുവാൻ സഹായിച്ചിട്ടുണ്ട്. ജാതീയതയ്ക്ക് അതീതമായി വ്യക്തികളെ വായിച്ചുതുടങ്ങുന്നത് ഈ പ്രത്യശാസ്ത്രബോധ്യത്തിന്റെ പിൻബലത്തിലാണ്. വിദ്യാവിലാസിനി എന്ന പേരിൽ ഒരു സാഹിത്യ മാസിക കൊല്ലവർഷം 1073 (1897) കന്നിമാസം കൊല്ലത്തുനിന്ന് പ്രസിദ്ധീകരിക്കുകയുണ്ടായി[2]. കുമാരനാശാൻ എന്ന വ്യക്തിയെ ആദ്യമായി ജനങ്ങൾ വായിച്ചു

തുടങ്ങുന്നത് ഈ മാസികയിലൂടെയാണ്.അതിന്റെ ഒന്നാം ലക്കത്തിൽ നിജാനന്ദാനുഭൂതി, കുമാരകരുണാമൃതം എന്നീ കവിതകൾ എഴുതിയ കായിക്കര എൻ. കുമാരു ആശാൻ എന്ന വ്യക്തി മഹാകവി കുമാരനാശാനാണ്. മാത്രമല്ല കാമിനീഗർഹണം, നിജാനന്ദാനുഭൂതി, ശിവസുരഭി തുടങ്ങിയ രചനകളും അനവധി ഒറ്റശ്ലോകങ്ങളും ആശാൻ വിദ്യാവിലാസിനി ലക്കങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട് (പ്രിയദർശനൻ, 2017:25-27). മഹാകവി സ്ഥാനത്തേക്ക് എത്തുന്നതിന് മുമ്പ് തന്നെ ആശാനെ ജാതീയതയ്ക്കതീതമായി ജനങ്ങൾ വായിച്ചുതുടങ്ങിയത് ഈ അഭിരുചി വ്യതിയാനത്തിന്റെ രേഖപ്പെടുത്തലായി കണക്കാക്കാം. ആദ്യകാല പത്രമാസികകൾ രൂപപ്പെടുത്തിയ വായനസംസ്കാരമാണ് ഈയൊരു സെക്കുലർ മനോഭാവത്തിലേക്ക് ഒരു പരിധിവരെ വായനക്കാരെ നയിച്ചത്.ഇങ്ങനെ ഒരു വ്യക്തിയുടെ ബോധ അബോധ ചിന്തകളിൽ അഭിരുചി വ്യതിയാനത്തെ രൂപപ്പെടുത്തുവാൻ വായനയ്ക്ക് സാധിച്ചിട്ടുണ്ട്.

വായനാസംസ്കാരവും ജനകീയ ആവശ്യങ്ങളും

പത്തൊമ്പതാംനൂറ്റാണ്ടിന്റെ അന്ത്യപാദം, തിരുവിതാംകൂർ ചരിത്രത്തിൽ സവിശേഷമായ കാലഗണനയായി കണക്കാക്കപ്പെടുന്നു.തിരുവിതാംകൂർ കേന്ദ്രീകരിച്ച് പുറത്തിറങ്ങിയിരുന്ന പത്രമാസികകൾ ജനകീയവിഷയങ്ങളെ അഭിസംബോധന ചെയ്ത് നിരന്തരമായി എഴുതിത്തുടങ്ങിയത് ഈ കാലഘട്ടത്തിലാണ്.ജനങ്ങളുടെ പ്രശ്നം എന്താണെന്ന് ജനങ്ങളെയും ഭരണകൂടത്തെയും ബോധ്യപ്പെടുത്തിയത് പത്രമാസികകളിലെ എഴുത്തിലൂടെയും അവ സൃഷ്ടിച്ച വായനാസംസ്കാരത്തിലൂടെയുമാണ്.

ജനങ്ങളെ സാംസ്കാരികമായി പ്രബുദ്ധരാക്കുന്നതിനുള്ള ഏക വഴി വായനയും വിദ്യാഭ്യാസവുമാണെന്ന ബോധ്യം കൃത്യമായി എഴുത്തുകാർക്കുണ്ടായിരുന്നു.അതുകൊണ്ടാണ് വായനയുടെയും വിദ്യാഭ്യാസത്തിന്റെയും പ്രധാന്യം വ്യക്തമാക്കുന്ന ധാരാളം ലേഖനങ്ങൾ പത്രമാസികകൾ വഴി ജനങ്ങളിലേക്കെത്തിച്ചത്. വിദ്യാവിലാസിനി, കേരളീയസുഹൃണബോധിനി, സ്വദേശാഭിമാനി എന്നീ പത്രമാസികകളിലൂടെ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ വായന, വിദ്യാഭ്യാസം എന്നീ വിഷയമേഖലകളെ കൈകാര്യം ചെയ്തത് എപ്രകാരമാണെന്ന് തെരഞ്ഞെടുത്ത ലേഖനങ്ങളെ മുൻനിർത്തി വിശകലനം ചെയ്യുകയാണ് ഇവിടെ ചെയ്യുന്നത്.

സ്ത്രീവിദ്യാഭ്യാസവും സാമൂഹിക ഉന്നമനവും

പത്തൊമ്പതാംനൂറ്റാണ്ടിന്റെ അന്ത്യപാദത്തോടുകൂടി തിരുവിതാംകൂറിൽ രൂപംകൊണ്ട പുതിയ രാഷ്ട്രീയസാഹചര്യം സ്ത്രീകളുടെ സാമൂഹിക ഉന്നമനം ലക്ഷ്യം വയ്ക്കുന്നവയായിരുന്നു. പത്രമാസികകൾ രൂപപ്പെടുത്തിയ വായനസംസ്കാരം ജനങ്ങളെ സാംസ്കാരികപ്രബുദ്ധതയിലേക്ക് നയിക്കുകയുണ്ടായി.അതിന്റെ ഫലമായിട്ടാണ് സ്ത്രീകൾ എഴുത്തു മേഖലയിലേക്ക് കടന്നുവന്നതും വനിതാമാസികകൾ രൂപപ്പെട്ടതും. 1902-ൽ കരുവാ കൃഷ്ണനാശാന്റെ നേതൃത്വത്തിൽ കൊല്ലത്തുനിന്ന് പ്രസിദ്ധീകരണം ആരംഭിച്ച വിദ്യാവിലാസിനി ലക്കത്തിൽ നീലകണ്ഠപിള്ള എഴുതിയ " നായർ സ്ത്രീകളുടെ വിദ്യാഭ്യാസരീതി " എന്ന ലേഖനമാണ് ഇവിടെ വിശകലന വിധേയമാക്കുന്നത്. പാശ്ചാത്യ മാതൃകയിലുള്ള വിദ്യാഭ്യാസത്തിലൂടെ സ്ത്രീകളെ സാമൂഹികമായും സാമ്പത്തികമായും സ്വതന്ത്രരാക്കേണ്ടതിന്റെയും സമൂഹ മുൻപന്തിയിലേക്ക് അവരെ എത്തിക്കേണ്ടതിന്റെ ആവശ്യകതയെ വായനക്കാർക്ക് ബോധ്യപ്പെടുത്തികൊടുത്തുകൊണ്ടുള്ള ലേഖനമാണിത്.നമ്മുടെ നാട്ടിൽ സ്ത്രീകൾക്ക് ശരിയായ വിദ്യാഭ്യാസം ലഭിക്കാതെ പോയതുമൂലം അനവധി ദോഷങ്ങൾ ഉണ്ടാകുന്നുവെന്ന് ലേഖകൻ വ്യക്തമാക്കുന്നു.

സ്ത്രീകൾക്ക് വിദ്യാഭ്യാസത്താൽ ഉണ്ടാകാവുന്ന ലോകപരിചയം സ്വതന്ത്രാലോചനശക്തി മനോവിഗതി ഇതുകൾ നമ്മുടെ യുവതി സമൂഹത്തിന്റെ ഇടയിൽ അത്ര സ്പഷ്ടമായി കാണപ്പെടുന്നില്ലാ. നേരെ വിപരീതമായി അനർഹങ്ങളായ ഓരോ ദുർവിനയങ്ങൾ കൂടി ഉത്ഭുതമായി കാണുന്നു. അതിന്റെ കാരണം അവർക്ക് ലഭിക്കുന്നതായ വിദ്യാഭ്യാസത്തിന്റെ ശാസനാദോഷമാണെന്നുള്ളതിന് യാതൊരു സംശയവുമില്ല (നീലകണ്ഠപിള്ള, 1902:28)

സ്ത്രീവിദ്യാഭ്യാസത്തിലൂടെ ഒരു പരിധിവരെ സമൂഹത്തിൽ ലിംഗപരമായ സമത്വം സൃഷ്ടിച്ചെടുക്കാൻ സാധിക്കും എന്ന നിലപാട് ഈ ലേഖനം മുന്നോട്ടുവയ്ക്കുന്നു. മാത്രമല്ല സ്ത്രീകളുടെ വിദ്യാഭ്യാസത്തിന് മാർഗ്ഗതടസ്സമായി നിൽക്കുന്നത് അങ്ങേയറ്റം പാതകമാണെന്നും സീത, ശീലാവതി തുടങ്ങിയ സ്ത്രീകളെപ്പോലെ, പുരുഷന്റെ അധീശത്വത്തിന്റെ കീഴിൽ നിൽക്കാൻ താല്പര്യപ്പെടുന്നത് അങ്ങേയറ്റം മ്ലേച്ഛവുമാണെന്ന് ഈ ലേഖനം വ്യക്തമാക്കുന്നു (ibid :28-29). സ്ത്രീകൾക്ക് വിദ്യാഭ്യാസം ലഭിക്കാതിരുന്ന ഒരു കാലഘട്ടത്തിൽ, ശാരദ പോലുള്ള സ്ത്രീമാസികകൾ വരുന്നതിനും മുമ്പുതന്നെ സ്ത്രീപക്ഷത്തുനിന്ന് ചിന്തിക്കാനും അവരുടെ ആവശ്യങ്ങൾ പൊതുജന

സമക്ഷം കൊണ്ടുവരാനുമുള്ള ശ്രമങ്ങൾ വിദ്യാവിലാസിനി പോലുള്ള സാഹിത്യമാസികളുടെ ഭാഗത്തുനിന്നുണ്ടായി എന്നത് ശ്രദ്ധേയമാണ്.

വായനയും സർഗാത്മകതയും

പുസ്തകങ്ങളുടെ അച്ചടിയും അവ രൂപപ്പെടുത്തിയ വായനസംസ്കാരവുമാണ് ജനങ്ങളുടെ ഉള്ളിലെ സർഗാത്മകവാസനയെ പുഷ്ടിപ്പെടുത്തിയത്. ആദ്യകാലങ്ങളിൽ മനുഷ്യർ ഒത്തുചേരുന്ന അവസരത്തിൽ മാത്രമായിരുന്ന അവരുടെ സർഗ്ഗശക്തികൾ പ്രകാശിപ്പിക്കാൻ അവസരം ഉണ്ടായിരുന്നത്. ഈ അവസരത്തിൽ അവർ വ്യത്യസ്തമായ വിനോദങ്ങളിൽ ഏർപ്പെടാറുമുണ്ടായിരുന്നു. എന്നാൽ പിൽക്കാലത്ത് അച്ചടി വ്യാപകമായതോടെ മനുഷ്യന്റെ സർഗ്ഗവ്യാപാരങ്ങൾക്ക് പുതിയൊരു അർത്ഥതലംകൂടി ലഭിക്കുകയുണ്ടായി. സ്ഥലകാലങ്ങൾക്കതീതമായി, വ്യത്യസ്തമായ അനുഭവങ്ങളും സൗന്ദര്യാനുഭൂതിയും മനസ്സിലാക്കാനുള്ള അവസരം ഒരു വ്യക്തിക്ക് ലഭിച്ചത് ഈ അവസരത്തിലാണ്. ഇത് സർഗാത്മകതയുടെ പുതിയ മണ്ഡലം സൃഷ്ടിക്കുകയും സ്വയം വിമർശനാത്മകമായി വിലയിരുത്തുവാനുള്ള അവസരം വ്യക്തികളിൽ രൂപപ്പെടുത്തുകയും ചെയ്തു.

പുസ്തക വായനയിലൂടെ മനുഷ്യന്റെ അജ്ഞതയെ മറികടക്കാൻ സാധിക്കുമെന്നുള്ള ബോധം അദ്യകാല മാസികാപ്രവർത്തകർ കൃത്യമായി മനസ്സിലാക്കിയിരുന്നുവെന്ന് അതിൽ പ്രസിദ്ധീകരിച്ചിരുന്ന ലേഖനങ്ങൾ വ്യക്തമാക്കുന്നു. 1894 ജൂലൈയിൽ പുറത്തിറങ്ങിയ കേരളീയസുഗ്രണബോധിനി ഒന്നാം ലക്കത്തിൽ "പുസ്തകം" എന്ന പേരിൽ വന്നിട്ടുള്ള അജ്ഞാതകർത്തൃകമായ ലേഖനം ഇതിന് ഉദാഹരണമാണ്. ഒരു വ്യക്തിയെ രൂപപ്പെടുത്താൻ വായനയ്ക്ക് സാധിക്കും എന്ന ആശയം ഈ ലേഖനം മുന്നോട്ടുവയ്ക്കുന്നു.

ഗ്രന്ഥങ്ങളോളം നല്ല സ്നേഹിതന്മാർ മറ്റാരുമില്ലാ. ലോകം ആദ്യമായി സൃഷ്ടിക്കപ്പെട്ട കാലംമുതൽ ഇതുവരെ ഓരോകാലത്തിൽഓരോദേശത്തഓരോക്കൂട്ടുകാർചെയ്തിട്ടുള്ള പ്രവൃത്തികളെയെല്ലാം പ്രത്യക്ഷമായി കണ്ടറിഞ്ഞവരെക്കാൾ അധികംവ്യക്തമായി അവനമ്മെമനസ്സിലാക്കിക്കും. നാം കഷ്ടദശയിൽ അനന്യസഹായന്മാരായിരിക്കുമ്പോൾ അവർ നമ്മെ താങ്ങി രക്ഷിക്കുകയും നമുക്ക് തന്നെ നാം ഒരു ഭാരമായി തോന്നാതിരിക്കത്തക്ക വിധത്തിൽ നമ്മെ കാത്തുകൊള്ളുകയും ചെയ്യും (അജ്ഞാതകർത്തൃകം, 1894 :4).

വായനയിലൂടെ ഒരു സമൂഹത്തെ മാനസികമായി ഒരുമിപ്പിക്കാനും അതുവഴി ഒരേ ഇച്ഛാശക്തിയുള്ള വ്യക്തികളെ രൂപീകരിക്കാനും സാധിക്കുന്നു.പ്രതിസന്ധി ഘട്ടങ്ങളെ തരണം ചെയ്യാനുള്ള ബോധം വ്യക്തികളിൽ വായനവഴി രൂപപ്പെടുവരുന്നു.ഇങ്ങനെ മനുഷ്യന്റെ ബോധതലത്തെ മാത്രമല്ല അബോധത്തെകൂടി സ്വാധീനിക്കുന്ന ഘടകമായി വായന മാറുന്നു.ഇത് തിരിച്ചറിഞ്ഞതുകൊണ്ടാവണം വായനസംസ്കാരത്തിലൂടെ പ്രബുദ്ധരായ ജനതയെ സൃഷ്ടിച്ചെടുക്കാനുള്ള ശ്രമങ്ങൾ ആദ്യകാല പത്രമാസികകളിൽ നിന്നുണ്ടായത്.

പ്രാഥമികവിദ്യാഭ്യാസം

വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങളെ ജനങ്ങളുടെ മുമ്പിൽ എത്തിക്കാനുള്ള ശ്രമമാണ് സ്വദേശാഭിമാനി നടത്തിയത്. 1909 ഡിസംബർ 10, 13 തീയതികളിൽ "പ്രാഥമികവിദ്യാഭ്യാസം" എന്ന തലക്കെട്ടിൽ കെ. രാമകൃഷ്ണപിള്ള എഴുതിയ മുഖപ്രസംഗങ്ങൾ തിരുവിതാംകൂറിലെ പ്രാഥമിക വിദ്യാഭ്യാസമേഖല നേരിടുന്ന വെല്ലുവിളികളെ ജനസമക്ഷം അവതരിപ്പിക്കുകയുണ്ടായി. തിരുവിതാംകൂർ ഗവൺമെന്റ് സ്കൂളുകളിലെ നാലാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രാഥമിക വിദ്യാഭ്യാസം സൗജന്യമാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചതിനു പിന്നിലുള്ള ന്യൂനതകളെക്കുറിച്ച് രാമകൃഷ്ണപിള്ള പരസ്യമായി തന്നെ സ്വദേശാഭിമാനിയിൽ എഴുതി. കാരണം പ്രാഥമിക വിദ്യാഭ്യാസം സൗജന്യമാക്കിയെങ്കിൽ പോലും ഗവൺമെന്റ് സ്കൂളിലെ സൗകര്യം കന്നുകാലിത്തൊഴുത്തുകളെക്കാൾ ശോചനീയമാണെന്നും പഠിക്കാൻ വേണ്ട ഉപകരണങ്ങൾ ഒരു പാഠശാലയിലും ഇല്ലെന്നുള്ള വസ്തുത ജനങ്ങളെ ബോധ്യപ്പെടുത്താനുള്ള ശ്രമമാണ് അദ്ദേഹം നടത്തിയത്. വിദ്യാശാലകളുടെ അവസ്ഥ, പഠിക്കുന്ന കുട്ടികളുടെ സ്വഭാവരൂപീകരണത്തെ മോശമായി ബാധിക്കുമെന്നും ഈ മുഖപ്രസംഗത്തിൽ പ്രസ്താവിക്കുന്നു (രാമകൃഷ്ണപിള്ള, 1909)

വായനയുടെയും വിദ്യാഭ്യാസത്തിന്റെയും പ്രാധാന്യം വ്യക്തമാക്കുന്നതരത്തിലുള്ള നിരവധി ലേഖനങ്ങൾ ഈ പത്രമാസികകളിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. വിദ്യാവിലാസിനി, കേരളീയസുഗ്രണബോധിനി എന്നീ മാസികകൾ വായന, വിദ്യാഭ്യാസം എന്നീ ആശയപ്രചരണം ലക്ഷ്യമാക്കിയപ്പോൾ ഇതിൽ നിന്ന് വ്യത്യസ്തമായി സ്വദേശാഭിമാനി വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങളെ തിരുത്താനുള്ള ശ്രമങ്ങളാണ് നടത്തിയത്.

ഉപസംഹാരം

തിരുവിതാംകൂറിലെ ആദ്യകാല പത്രമാസികളെ വിലയിരുത്തിയതിൽനിന്ന് മനസ്സിലാക്കാൻ സാധിച്ചത് വായനസമൂഹത്തിന്റെ രൂപപ്പെടൽ അവ സാധ്യമാക്കിയെന്നുള്ളതാണ്. വായനസമൂഹം എന്ന സങ്കല്പനത്തിലൂടെ മാനസികമായ ഏകതാബോധം ഓരോ വ്യക്തിയിലും സൃഷ്ടിച്ചെടുക്കുക എന്ന ഉദ്ദേശം ഇതിലെ മിക്ക ലേഖനങ്ങളിലും കാണാൻ സാധിക്കും. വ്യക്തികളുടെ അഭിരുചികൾ മനസ്സിലാക്കിക്കൊണ്ട് വിവിധ വിഷയങ്ങളെ അവതരിപ്പിക്കാൻ സാഹിത്യമാസികകൾ പരിശ്രമിച്ചു. അതുപോലെ സമൂഹത്തിൽ സുതാര്യത ഉറപ്പുവരുത്താനുള്ള ശ്രമങ്ങൾ തിരുവിതാംകൂറിലെ പത്രങ്ങളുടെ ഭാഗത്തുനിന്നുണ്ടായി. വായനസംസ്കാരം പ്രത്യക്ഷമായി ജനകീയമുന്നേറ്റങ്ങൾക്കും പരോക്ഷമായി വ്യക്തിത്വരൂപീകരണത്തിനും സഹായിച്ചു. ഭാഷയിൽ വ്യാകരണം, അലങ്കാരശാസ്ത്രം, ഭാഷാചരിത്രം തുടങ്ങിയ മേഖലകളിൽ ധാരാളം പുസ്തകം ഉണ്ടാകാനുള്ള കാരണം വിദ്യാവിലാസിനി തുടങ്ങിയ മാസികകളിലൂടെ വെളുത്തേരിയും പെരുനെല്ലിയും പി. ഗോവിന്ദപിള്ളയും കാട്ടിക്കൊടുത്ത മാതൃകകളാണ്.കേരള പൊതുസമൂഹത്തിൽ ആദ്യമായി വ്യത്യസ്ത ജാതിയിൽപ്പെട്ട വ്യക്തികൾക്ക് ഒരുമിച്ച് ഒരേ തൊഴിൽമേഖലയിൽ അവസരം ലഭിച്ചത് പത്രമാസികാമേഖലയിലാണ്. പിന്നീട് കവിസമാജം പോലുള്ള സംഘടനകൾ രൂപംകൊള്ളാൻ കാരണം ഈ മുൻകാല മാതൃകയായിരിക്കണം.

കുറിപ്പുകൾ

1. 1895 ൽ ഇ.വി. രാമനുണ്ണിത്താന്റെ ചുമതലയിൽ കൊല്ലം തങ്കശ്ശേരിയിൽ നിന്ന് വീണ്ടും പ്രസിദ്ധീകരണം ആരംഭിച്ച മലയാളിയിൽ 'കേരളൻ' എന്ന തൂലികാനാമത്തിൽ കെ. രാമകൃഷ്ണപിള്ള വിമർശന ലേഖനങ്ങൾ എഴുതുകയുണ്ടായി.പിന്നീട് 1903 ജൂലൈയിൽ അദ്ദേഹം മലയാളിയുടെ പത്രാധിപസ്ഥാനത്തേക്ക് എത്തുകയും അധികം വൈകാതെതന്നെ സ്ഥാനമൊഴിയേണ്ടതായും വന്നു.
2. വിദ്യാവിലാസിനിയുടെ പ്രസിദ്ധീകരണം നിന്നുപോയതിനുശേഷം, പിന്നീട് വിദ്യാവിലാസിനി എന്ന പേരിൽതന്നെ കൊല്ലത്തുനിന്ന് രണ്ട് മാസികകൾ വരികയുണ്ടായി. ഒന്ന് 1897 കന്നിമാസം മുതൽ എസ്.പദ്മനാഭനാശാന്റെ ഉടമസ്ഥതയിലും മറ്റൊന്ന് 1902 മീനമാസം മുതൽ കരുവാ കൃഷ്ണനാശാന്റെ ഉടമസ്ഥതയിലുമാണ് പുറത്തിറങ്ങിയത്.

അവലംബിതസൂചിക

- അനിൽ, കെ.എം., സൗമ്യ കെ.സി., " വായനശാലയും പൊതുമണ്ഡലവും", എഡി. ഷാജി വലിയാട്ടിൽ, വായനാ വഴിയിലെ മലയാള മുന്നേറ്റം, പ്രിയത ബുക്സ്, കോഴിക്കോട്, 2016.
- അജ്ഞാതകർതൃകം, പുസ്തകം, കേരളീയസുഗ്രണബോധിനി, വാല്യം1, ലക്കം1, 1894, പു. 4-7.
- ജെഫ്രി, റോബിൻ, ഇന്ത്യയിലെ പത്രവിപ്ലവം, വിവ. പി.കെ.ശിവദാസ്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2004.
- നീലകണ്ഠപിള്ള, എൻ., നായർ യുവതികളുടെ വിദ്യാഭ്യാസരീതി, വിദ്യാവിലാസിനി, എസ്. എം.ആർ.വി പ്രസ്സ്, തിരുവനന്തപുരം, 1902, പു. 27-31.
- പ്രിയദർശനൻ, ജി., മലയാള പത്രപ്രവർത്തനം പ്രാരംഭസ്വരൂപം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1982.
- ----------, മാസികാപഠനങ്ങൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2017.
- രാഘവൻ, പുതുപ്പള്ളി മലയാളപത്രപ്രവർത്തനചരിത്രം, കേരള സാഹിത്യ അക്കാദമി, 2008.
- രാമകൃഷ്ണപിള്ള, കെ., പ്രാഥമിക വിദ്യാഭ്യാസം1, ലക്കം 10ഡിസംബർ 1909, www.svadesabhimani.com, പ്രവേശിച്ചത് 10 സെപ്റ്റംബർ 2024.
- ----------, പ്രാഥമികവിദ്യാഭ്യാസം2, ലക്കം 13 ഡിസംബർ 1909, www.svadesabhimani.com, പ്രവേശിച്ചത് 10 സെപ്റ്റംബർ 2024.
- Habermas, Jurgen, The structural transformation of the public sphere an inquiry into a category of bourgeois society, MIT press, Massachusetts, 1989.

തുടി ഗവേഷണ ജേണൽ • ISSN-2320-9860 • ലക്കം-12 • വാല്യം-3

വായനയും പ്രതിരോധവും: വടക്കേ മലബാറിലെ ബീഡികമ്പനികളിലെ ശബ്ദവായനയുടെ രാഷ്ട്രീയ- ചരിത്രവായന

വിദ്യ കെ.
അസ്സി. പ്രൊഫസർ ഓഫ് ഇംഗ്ലീഷ്
ഗവ. ആർട്സ് & സയൻസ് കോളേജ്, കരിന്തളം, കാസർഗോഡ്

പ്രബന്ധസംഗ്രഹം:

വടക്കേ മലബാറിലെ ബീഡികമ്പനികളിലെ മാത്രം സവിശേഷതയായ ശബ്ദവായനയുടെ രാഷ്ട്രീയവും ചരിത്രപരവുമായ പ്രാധാന്യം ഉയർത്തിക്കാട്ടുന്നതാണ് ഈ പ്രബന്ധം. ശക്തമായ തൊഴിലാളിപ്രസ്ഥാനങ്ങളും കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ സ്വാധീനവും മുഖ്യമായുണ്ടായിരുന്ന കേരളത്തിലെ വടക്കൻമേഖലയിലെ സാമൂഹ്യ-രാഷ്ട്രീയപശ്ചാത്തലത്തിൽ ഈ ശബ്ദവായന പൊതുവേ അക്ഷരജ്ഞാനം ഇല്ലാതിരുന്ന ബീഡിതെറുപ്പ് തൊഴിലാളികൾക്കിടയിൽ രാഷ്ട്രീയബോധം ഉണർത്താനുള്ള പ്രധാന ഉപാധിയായി വർത്തിച്ചു. ഈ കാലഘട്ടത്തിലെ ബീഡികമ്പനികളുടെ സാമൂഹ്യ-രാഷ്ട്രീയ ചരിത്രം പരിശോധിച്ച് തൊഴിലാളികൾക്കിടയിൽ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനം വഹിച്ച പങ്കിനെപ്പറ്റിയും പ്രബന്ധം ചർച്ചചെയ്യുന്നു. സമൂഹത്തിൽ നിലനിന്നിരുന്ന അനീതികൾക്കെതിരെ പ്രവർത്തിച്ച് നീതി നടപ്പിലാക്കുക, തൊഴിലവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക, രാഷ്ട്രീയ ബോധ്യങ്ങളിലൂടെ തൊഴിലാളികളെ

ശക്തരാക്കുക എന്നിവയെല്ലാം ബീഡികമ്പനിയിലെ ശബ്ദവായനയിലൂടെ സാധ്യമായിത്തീർന്നവയാണ്. അനീതികൾക്കും അടിച്ചമർത്തലുകൾക്കുമെതിരായി സംവാദങ്ങൾ സംഘടിപ്പിക്കാനും, പ്രതിരോധ സമരങ്ങൾ നടത്താനും ഈ വായന പ്രചോദനമായിട്ടുണ്ട്. കൂടാതെ വാമൊഴിസംസ്കാരത്തെ ഊട്ടിയുറപ്പിക്കാനും, ഒരു സമാന്തരമാധ്യമ സംസ്കാരം വളർത്തിയെടുക്കാനും ശബ്ദവായന നടത്തിയ ഇടപെടലും പ്രബന്ധത്തിൽ പരിശോധിക്കുന്നു. കേവലം വിവരവിനിമയത്തിനപ്പുറത്തേക്ക് രാഷ്ട്രീയ വിദ്യാഭ്യാസത്തിനുള്ള ഉപാധിയായിത്തീർന്ന ശബ്ദവായനയുടെ ചരിത്രപരമായ ദൗത്യത്തെയും പ്രബന്ധം അടയാളപ്പെടുത്തുന്നു. വടക്കേ മലബാറിലെ തൊഴിലാളികൾക്കിടയിൽ വർഗബോധവും സംഘടനാ ബോധവും വളർത്തുന്നതിനും പ്രതിരോധ ശക്തിയായി മാറുന്നതിനും വായന വഹിച്ച നിർണായക പങ്കും സാമൂഹ്യ - രാഷ്ട്രീയ മേഖലകളിൽ ഇതിനുണ്ടായ സ്വാധീനവും പ്രബന്ധം ചർച്ച ചെയ്യുന്നു.

താക്കോൽ വാക്കുകൾ:

തൊഴിലാളിപ്രസ്ഥാനം, ശബ്ദവായന, ബീഡിതെറുപ്പ്, രാഷ്ട്രീയം, അക്ഷരജ്ഞാനം, പ്രതിരോധം, വർഗബോധം, വിവരവിനിമയം

ആമുഖം

കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെയും തൊഴിലാളി പ്രസ്ഥാനങ്ങളുടെയും സ്വാധീനം നിലനിൽക്കുന്ന ചരിത്രരാഷ്ട്രീയപരിസരത്താൽ സവിശേഷമാണ് വടക്കേ മലബാർ. രാവിലെ ഒൻപതുമണിയോടടുത്ത സമയത്ത് വെള്ളം ഇറ്റിറ്റുവീഴുന്ന ഈറൻമുടിയോടെ കയ്യിൽ പ്ലാസ്റ്റിക്കുവയർമെനഞ്ഞുണ്ടാക്കിയ സഞ്ചിയും തൂക്കി ഉറക്കെ സംസാരിച്ചുകൊണ്ട് ബീഡികമ്പനികളിലേക്ക് അതിവേഗം നടന്നുനീങ്ങുന്ന സ്ത്രീകളുടെ നിര വടക്കേമലബാറിലെ ഗ്രാമപ്രദേശങ്ങളിലെ സുന്ദരമായ കാഴ്ചയായിരുന്നു. ടെർലിൻതുണികൊണ്ട് തയ്ച്ചുണ്ടാക്കിയ ഷർട്ടും പോളിയെസ്റ്റർമുണ്ടും ധരിച്ച ആണുങ്ങളും ഇതുപോലെ കൂട്ടത്തോടെ പോകുന്നത് കാണാമായിരുന്നു.ഇവിടുത്തെ ഗ്രാമപ്രദേശങ്ങളിലെ പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളുടെ ഒരു പ്രധാന ജീവിതോപാധിയായിരുന്നു ബീഡിതെറുപ്പ്. പുരുഷന്മാരുടെ എണ്ണത്തിനൊപ്പം തന്നെ സ്ത്രീകളും ഈ

തൊഴിൽ തെരഞ്ഞെടുത്തിരുന്നു. ഇതിലൂടെ കുടുംബത്തിന്റെ സാമ്പത്തികഭദ്രത ഉറപ്പാക്കുന്നതിനോടൊപ്പം സ്ത്രീശാക്തീകരണത്തെ സൂക്ഷ്മമായി വികസിപ്പിച്ചെടുക്കാനും ബീഡിതൊഴിൽ കാരണമായി. അക്കാലത്ത് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ ഒരു പ്രധാനഘടകം ബീഡിവ്യവസായമായിരുന്നു. തൊഴിലാളികൾക്കിടയിൽ ഐക്യത്തിന്റെ സംസ്കാരം വളർത്തിയെടുക്കാനും സംഘബോധമുള്ളവരാക്കിമാറ്റാനും ഈ തൊഴിൽ അവരെ സഹായിച്ചു. തങ്ങളുടെ അവകാശങ്ങളെകുറിച്ചു തൊഴിലാളികളെ ബോധവാൻമാരാക്കുന്നതിലും രാഷ്ട്രീയപ്രബുദ്ധതയുള്ളവരാക്കിമാറ്റുന്നതിലും ബീഡികമ്പനി എന്ന തൊഴിലിടത്തിന്റെ പങ്ക് നിർണയകമായിരുന്നു. സാധാരണക്കാരായ ജനങ്ങൾക്ക് ഒന്നിച്ചിരുന്ന് തൊഴിലെടുക്കാനും പരസ്പരം സംസാരിക്കാനും ചർച്ചചെയ്യാനുമുള്ള ഒരു പൊതുവിടമായി (public sphere) ഈ തൊഴിലിടങ്ങൾ മാറി. വടക്കേമലബാറിലെ ബീഡികമ്പനികളുടെ മാത്രം സവിശേഷതയായ ശബ്ദവായനയുടെ ചരിത്രവായനയാണ് പ്രബന്ധകർത്താവ് ഈ പ്രബന്ധത്തിലൂടെ നടത്താൻ ശ്രമിക്കുന്നത്. ബഹുവൈജ്ഞാനികസമീപനത്തിലൂടെ (multidisciplinary) നവചരിത്രവാദസിദ്ധാന്തം ഉപയോഗിച്ച് ബീഡികമ്പനികളിലെ ശബ്ദവായനയുടെ ചരിത്രപശ്ചാത്തലവും, തൊഴിലാളികളുടെ ജീവിതം, വിദ്യാഭ്യാസം, അനുഭവങ്ങൾ, തൊഴിൽസാഹചര്യങ്ങൾ എന്നിവ പരിശോധിച്ച് ശബ്ദവായനയുടെ പ്രാധാന്യം, തൊഴിലാളികളുടെ ജീവിതത്തിൽ ശബ്ദവായനയുടെ സ്വാധീനം, പ്രതിനിധാനം, വായന സാധ്യമാക്കിയ പ്രതിരോധം എന്നിവ എങ്ങനെ സംഭവിക്കുന്നു എന്നും സമഗ്രമായും സൂക്ഷ്മമായും പരിശോധിക്കുകയാണ് പ്രബന്ധത്തിന്റെ ഉദ്ദേശ്യം. ക്ലിഫ്ഫോർഡ് ഗീട്സിന്റെ ബ്ലർഡ് ഴാണെർസ് (blurred genres)എന്ന പരികൽപന സാഹിത്യം, ചരിതം, സാമൂഹ്യശാസ്ത്രം തുടങ്ങി വ്യത്യസ്ത ശാസ്ത്രശാഖകൾ തമ്മിലുള്ള അതിർത്തികൾ അപ്രത്യക്ഷമായും പരസ്പരം അതിർത്തികൾ പങ്കിട്ടുകൊണ്ടും പുതിയ അറിവുകളും വായനാരീതികളും ഉടലെടുക്കുന്നതിനെകുറിച്ച് വാദിക്കുന്നു. (ഗീട്സ്, 1980:165-79). ചരിത്രപരിശോധനയിലൂടെ വായന എന്ന സാഹിത്യരൂപം എങ്ങനെ തൊഴിലാളികളുടെ സാമൂഹ്യജീവിതത്തിലും, സാംസ്കാരിക ജീവിതത്തിലും രാഷ്ട്രീയജീവിതത്തിലും നിർണായക ശക്തിയായിമാറി എന്ന അന്വേഷണവും പ്രബന്ധകർത്താവ് നടത്തുന്നു. കേരളത്തിലെ ബീഡികമ്പനികളിലെ ശബ്ദവായനയെകുറിച്ച് പഠനങ്ങൾ ഒന്നുംതന്നെ ഇതുവരെ നടത്തിയിട്ടില്ല. ഈ സമ്പ്രദായത്തെ പ്രതിപാദിക്കുന്ന ചരിത്രരേഖകൾഅപൂർവമായതു കൊണ്ടുതന്നെ,

ബീഡികമ്പനികളിൽ വായനക്കാരായും തൊഴിലാളികളായും സേവനം ചെയ്തവരു മായി പ്രബന്ധകർത്താവ് നടത്തിയ അഭിമുഖങ്ങളിൽനിന്നാണ് ഈ പ്രബന്ധത്തി ന്റെ ഉള്ളടക്കം രൂപപ്പെടുത്തിയിരിക്കുന്നത്.

അവസാനിക്കാത്ത വർത്തമാനത്തിന്റെ ചരിത്രമാണ് വായന. വായന യിലൂടെ ഭൂതകാലത്തെ വീണ്ടെടുക്കയും വർത്തമാനത്തെ ആഖ്യാനം ചെയ്യുകയും ചെയ്യുന്നു. മനുഷ്യനുമാത്രം സാധ്യമായ ഒരു കഴിവാണത്. സഹജബോധംകൊണ്ടു സ്വീകാര്യമായിത്തീരുന്ന വസ്തുതകളെ സ്വരൂപിക്കുകയാണ് നല്ല വായനക്കാരൻ/രി ചെയ്യുന്നത്. സ്വരവ്യഞ്ജനങ്ങളുടെ മിശ്രണത്തിൽനിന്നുണ്ടാകുന്ന വെറും ശബ്ദരൂപ മല്ല വായന മറിച്ച് പുതിയ ആശയങ്ങളെയും സൗന്ദര്യസങ്കൽപ്പങ്ങളെയും സൂക്ഷ്മത യിൽ സംവേദനം ചെയ്യുന്ന ഒരു ബൌദ്ധിക പ്രക്രിയയാണ്. കാഴ്ചയിലും കേൾവിയി ലും വായനയുണ്ട്. സോക്രട്ടീസിനെ ലോകം വായിച്ചത് കേൾവികൊണ്ടായിരുന്നു. കാരണം "സംവേദനം ലക്ഷ്യമാക്കുന്ന യഥാർത്ഥ അർത്ഥം സംസാരഭാഷയുടെ സാധ്യതയുമായി ബന്ധപ്പെട്ടിരിക്കുന്നു" (ഡെറിഡ, 1973:18). നല്ല വായനക്കാരൻ /രി അരാഷ്ട്രീയനല്ല. അയാൾക്കൊരു രാഷ്ട്രീയമുണ്ട്; വായനയുടെ രാഷ്ട്രീയം. വായനയി ലൂടെ അയാൾ വളരുകയും അതിൽനിന്ന് ലഭിക്കുന്ന അവബോധംകൊണ്ട് അയാ ൾക്ക് അതിഭൌതികമായി ചിന്തിക്കാനും കഴിയുന്നു. അത്തരമൊരു ജ്ഞാനല ബ്ധിയുടെ ശേഷിയിൽ വളരുന്ന ഒരു കഥാപാത്രം ആൻറൺ ചെക്കോവിന്റെ 'ദി ബെറ്റ്' എന്ന ചെറുകഥയിൽ ഉണ്ട്. ജ്ഞാനംകൊണ്ടു ഒരാൾക്കുണ്ടാകുന്ന അതിജീവ നത്തെ സുന്ദരമായി ഈ കഥ ആവിഷ്ക്കരിക്കുന്നു.യുവാവായ ഒരു വക്കീലും കണി ശക്കാരനായ ഒരു പണമിടപാടുകാരനും തമ്മിൽ വധശിക്ഷയും ജീവപര്യന്തവും എന്ന രണ്ടു ശിക്ഷാരീതികളിൽ ഏതാണ് നല്ലതെന്ന കാര്യത്തിൽ പന്തയം വെക്കു ന്നു. ജീവപര്യന്തമാണ് ഭേദമെന്ന് വാദിച്ച വക്കീൽ പതിനഞ്ച് വർഷം കഠിനതടവിന് വിധേയമായാൽ രണ്ടുമില്യൻ പ്രതിഫലം നൽകാമെന്നു പറഞ്ഞ് പണമിടപാടുകാര ൻ പന്തയം ഉറപ്പിക്കുന്നു. വക്കീൽ ആവശ്യപ്പെട്ട സൗകര്യങ്ങളെല്ലാം പണമിടപാടു കരൻ നൽകിയെങ്കിലും വക്കീൽ എത്രയുംവേഗം പന്തയത്തിൽനിന്ന് പിൻമാറണ മെന്നാണ് അയാൾ ആഗ്രഹിച്ചത്. എന്നാൽ നിശ്ചയദാർഢ്യമുണ്ടായിരുന്ന വക്കീൽ എല്ലാ പ്രയാസങ്ങളും സഹിച്ച് പതിനഞ്ചുവർഷക്കാലത്തെ കഠിനതടവിന് സന്നദ്ധ നായി, തന്റെ വായനകൊണ്ട് സർവ അറിവുകളും സ്വന്തമാക്കി നിസ്വാർഥനായി മാറുന്നു. ഒടുവിൽ പന്തയകാലാവധിക്ക് ഏതാനും സമയം മാത്രം ബാക്കിനിൽക്കേ

തടവറവിട്ടുപോകുന്നു. (ചെക്കോവ്, 1889:34-41) ഇത്തരത്തിൽ മനുഷ്യനെ വിമോചിപ്പിക്കുന്ന ഒരു ആയുധമായി വായന മാറുന്നു. "വിശക്കുന്ന മനുഷ്യാ പുസ്തകം കയ്യിലെടുക്കു; അത് ആയുധമാണ്" (ബ്രെഃത്ത്:1976)എന്ന വാക്യം വായനയുടെ ദർശനത്തെ സൂക്ഷ്മവൽക്കരിക്കുന്നതാണ്.അറിവ് ആയുധമാണ്. ബീഡികമ്പനി എന്ന തൊഴിലിടം അറിവ് നിർമാണത്തിനുള്ള പൊതുവിടമായി മാറുന്നതെങ്ങനെ എന്നുമുള്ള സൂക്ഷ്മപരിശോധനയും, അറിവ് നേടി തൊഴിലാളികൾ വൻ സംഘടിതശക്തിയായി മാറി അധികാരഘടനയ്ക്കെതിരെ പ്രതിരോധം തീർക്കുന്നതെങ്ങനെ എന്നും, ഈ പ്രബന്ധം അന്വേഷണവിധേയമാക്കുന്നു.

പൊതുവിടങ്ങളുടെ ഘടനാപരമായ രൂപാന്തരീകരണം

വ്യവസായവിപ്ലവത്തോടനുബന്ധിച്ച് യൂറോപ്പിലുണ്ടായ രണ്ടു പ്രതിഭാസങ്ങളായിരുന്നു പ്രദേശിക സാക്ഷരതയും (vernacular literacy) അച്ചടിമുതലാളിത്തവും (print capitalism). അച്ചടിഭാഷകൾ ആശയവിനിമയത്തിന്റെ ഒരു ഏകീകൃതമേഖല സൃഷ്ടിക്കുന്നതിന് കാരണമായി. പുസ്തകവിപണിയുടെ വികാസം ഭാഷകളുടെ പ്രാദേശികവൽക്കരണം സാധ്യമാക്കുകയും, പ്രാദേശികഭാഷകളുടെ വ്യാപനം ആളുകളെ ഒരുമിപ്പിക്കുന്നതിനുള്ള നിർണായക ഘടകമായി മാറുകയും ചെയ്തു. അച്ചടിയുടെ ആവിർഭവത്തോടെ പുസ്തകങ്ങളും പത്രങ്ങളും ലാറ്റിൻപോലുള്ള കുലീനഭാഷകളേക്കാൾ പ്രാദേശികഭാഷയിൽ വ്യാപകമായി ലഭ്യമായിതുടങ്ങി. ചരിത്രം, മൂല്യങ്ങൾ, ദേശവിവരങ്ങൾ എന്നിവയെക്കുറിച്ച് കൂട്ടായ അനുഭവം (shared experience) സുഗമമാക്കിക്കൊണ്ട്, സാഹിത്യകൃതികളും മാധ്യമങ്ങളും വിശാലമായ ഒരു ജനതയ്ക്ക് പ്രാപ്യമാകുന്നതിന് ഇത് കാരണമായി. നാടോടിക്കഥകൾ, ചരിത്രപരമായവിവരണങ്ങൾ തുടങ്ങിയ വായനസാമഗ്രികൾ ജനങ്ങൾക്കിടയിൽ ഒരു പൊതുസ്വത്വം രൂപീകൃതമാകുന്നതിന് സഹായകമായി.വായനയിലൂടെയുള്ള ആശയങ്ങളുടെ വ്യാപനം ദേശീയപ്രസ്ഥാനങ്ങളിൽ നിർണായകശക്തിയായി മാറി.

അച്ചടിമുതലാളിത്തത്തിന്റെ ആരംഭം, പുസ്തകങ്ങൾ, പത്രങ്ങൾ, മറ്റ് അച്ചടിമാധ്യമങ്ങൾ തുടങ്ങിയവ, ഒരിക്കലും മുഖാമുഖം കാണാത്ത വലിയൊരുവിഭാഗം ആളുകൾക്ക് ഒരേ സമൂഹത്തിന്റെയോ, രാജ്യത്തിന്റെയോ ഭാഗമായി സ്വയം സങ്കൽപ്പിക്കാൻ പ്രാപ്തമാക്കിഎന്ന് 1983ലെ തന്റെ കൽപ്പിത സമൂഹങ്ങൾ (imagined communities) എന്ന പുസ്തകത്തിൽ ബെനെഡിക്ട് ആൻഡെർസെൻ നിരീക്ഷിക്കു

ന്നുണ്ട്. (ആൻഡെർസെൻ, 1989:5-6) ഒരേ ഗ്രന്ഥങ്ങൾ ഉപയോഗിക്കുന്ന വൈവിധ്യമാർന്ന വ്യക്തികൾക്കിടയിൽ, സ്വത്വഭേദവും സംസ്കാരവും പങ്കിട്ടുകൊണ്ട് വായന ഈ പ്രക്രിയയിൽ പ്രധാന പങ്കുവഹിച്ചു. വിപ്ലവകരമായ ലഘുലേഖകൾ, മാനിഫെസ്റ്റോകൾ, രാഷ്ട്രീയസാഹിത്യകൃതികൾ എന്നിവ പുതിയ പ്രത്യയശാസ്ത്രങ്ങൾ പ്രചരിപ്പിക്കാനും ഭ്രമിശാസ്ത്രപരമായി അതിരുകൾക്കപ്പുറത്തുള്ള സാങ്കൽപികസമൂഹങ്ങളെ കെട്ടിപ്പടുക്കാനും, വ്യക്തിപരമായി ഇടപഴകിയില്ലെങ്കിലും വലിയൊരുകൂട്ടം ആളുകൾക്ക്അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി ഒരു പൊതുകാരണത്തിൻകീഴിൽ സംഘടിക്കാനും അതുവഴി ഒരു പൊതുസ്വത്വം അനുഭവിക്കാനുമുള്ള ചാലകശക്തിയായി.

ദേശീയാവബോധനത്തിന്റെ ആദ്യകാല വികാസത്തിനുള്ള ഒരു പ്രധാന കാരണം വായനയുടെ വർദ്ധിച്ചു വന്ന ജനപ്രീതിയായിരുന്നു. പ്രാദേശികസാക്ഷരതയും അച്ചടിമുതലാളിത്തവും പൊതുവിടങ്ങളുടെ രൂപീകരണത്തിനുംകൂടി കാരണമായി. സ്വകാര്യവ്യക്തികൾക്കും ഭരണകൂട ഉദ്യോഗസ്ഥർക്കും അപ്രാപ്യമായ ഒരു ഇടമായിരുന്നു ഇത്തരം പൊതുവിടങ്ങൾ. ഇവിടങ്ങളിൽ ജനങ്ങൾക്ക് പരസ്പരം കണ്ടുമുട്ടാനും പൊതുകാര്യങ്ങളെക്കുറിച്ച് വിമർശനാത്മകമായ സംവാദങ്ങളിൽ ഏർപ്പെടാനുമുള്ള സാഹചര്യം ലഭിക്കുകയുണ്ടായി. പതിനെട്ടാംനൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ഉയർന്നുവന്ന കോഫീഹൗസുകളും ചത്വരങ്ങളും ഇത്തരം ഒത്തുചേരലിനും ചർച്ചകൾക്കും വഹിച്ച പങ്ക് നിർണയകമാണ്. ഹേബർമാസ്സിന്റെ ആശയമായ പൊതുമണ്ഡലത്തിന്റെ പ്രധാനസ്രോതസ്സായി ബ്രയാൻ കോവാൻ ചൂണ്ടിക്കാണിക്കുന്നത് പതിനെട്ടാംനൂറ്റാണ്ടിൽ ജോസഫ്അഡിസൻഡെയും (Joseph Addison) റിച്ചാർഡ്സ്റ്റീലിന്റെയും (Richard Steele) ആനുകാലിക പത്രപ്രവർത്തനത്തിൽ അവതരിപ്പിച്ച കോഫീഹൗസിന്റെ ആദർശചിത്രമാണ് (കോവാൻ, 2004:345-366).“1709 ൽ അഡിസനും സ്റ്റീലും ചേർന്ന് 'ദ ടാട്ലർ' (The Tatler) പ്രസിദ്ധീകരിച്ച സമയത്ത് അസംഖ്യം ആളുകൾ കൊഫീഹൗസ് സന്ദർശകരായുണ്ടായിരുന്നു. ഇത്രയും വലിയ ജനസഞ്ചയത്തെ ഒന്നിപ്പിക്കുന്ന കണ്ണിയായി വർത്തിച്ചത് ആ ഒരൊറ്റ ജേർണൽ ആയിരുന്നു”. (ഹേബർമാസ്സ്, 1962:42). അക്കാലത്ത്, അന്നന്നത്തെ സംഭവങ്ങൾ റിപ്പോർട് ചെയ്യാൻ സന്ദേശവാഹകരെ (runners) കോഫീഹൗസുകളിലേക്ക് അയക്കുന്ന പതിവുണ്ടായിരുന്നു. കോഫീഹൗസുകളിൽ നിരവധി പേട്രൻമാർ (patrons) സന്ദർശകരായതിനാൽ ജേർണലുകൾ, ആഭ്യന്തര-വിദേശ

പത്രങ്ങൾ, ബുള്ളറ്റിനുകൾ, ലേല അറിയിപ്പുകൾ എന്നിവ വലിയതോതിൽ അവിടെ വിറ്റുപോയിരുന്നു. അങ്ങനെ പതിനെട്ടാംനൂറ്റാണ്ടിലെ ഏറ്റവും കാര്യക്ഷമമായ ആശയകൈമാറ്റ ശൃംഖലയായി കോഫീഹൗസുകൾ പ്രവർത്തിച്ചു. വായന ജനകീയമാക്കുന്നതിൽ അച്ചടിമുതലാളിതവും കോഫീഹൗസുകളും വഹിച്ചപങ്ക് വളരെ നിർണയകമാണ്. കോഫീഹൗസുകളിൽ വായനക്കും സംവാദത്തിനുമായി എത്തിയവർ വിദ്യാസമ്പന്നരായിരുന്നെങ്കിൽ, വടക്കെമലബാറിലെ അറിവിടങ്ങളായി പ്രവർത്തിച്ചുവന്ന ബീഡികമ്പനികളിൽ വായനക്കാരന്റെ ശ്രോതാക്കളായി ഉണ്ടായിരുന്നത് അക്ഷരാഭ്യാസം ഇല്ലാത്ത പാർശ്വവൽക്കൃതസമൂഹമായിരുന്നു. കോഫീഹൗസുകൾ സ്ത്രീകൾക്ക് പ്രവേശനം നിഷേധിച്ചിരുന്നെങ്കിൽ ബീഡികമ്പനികളിൽ പുരുഷന്മാരുടെ എണ്ണതിനൊപ്പംതന്നെ സ്ത്രീകളും ഉണ്ടായിരുന്നു.

ശബ്ദവായനയുടെ ചരിത്രം

സംസാരഭാഷയ്ക്ക് എഴുത്തിനെക്കാൾ മഹത്തായ ഒരു സ്ഥാനം ആദിമകാലം മുതൽക്കേ കൽപിച്ചുവരുന്നുണ്ട്. "പുരാതന ഗ്രീക്കുകാർ എഴുത്തിനെപ്പറ്റി ആകുലപ്പെട്ടില്ല. കാരണം അവർക്ക് എഴുതപ്പെടാത്ത വാക്കുകൾ നിർജീവമാണ്. അതുകൊണ്ട് സോക്രട്ടീസ് ഒന്നുംതന്നെ എഴുതുകയുണ്ടായില്ല." (ഫിഷർ, 1966:169). സംഭാഷണം ആശയങ്ങളുടെ നേരിട്ടുള്ളതും ചലനാത്മകവുമായ കൈമാറ്റം അനുവദിക്കുന്നു. "എഴുതുമ്പോൾ സാമ്പ്രദായികരീതിയിൽ ഉപയോഗിച്ചുവരുന്ന അർഥത്തിൽ മാത്രം വാക്കുകൾ ഉപയോഗിക്കാൻ എഴുത്തുകാരൻ നിർബന്ധിതനാകുന്നു. പക്ഷേ സംസാരിക്കുമ്പോൾ പ്രഭാഷകന് ധ്വനിവ്യത്യാസത്തിലൂടെ പല അർഥങ്ങൾ ദ്യോതിപ്പിക്കാനുള്ള സ്വാതന്ത്ര്യം ലഭിക്കുന്നു." (റൂസ്സോ, 1781:13). സംസാരം ശബ്ദവും വൈകാരികസൂക്ഷ്മതകളും കൊണ്ട് സംപുഷ്ടമായതിനാൽ എഴുത്തിന്റെ നിശ്ചലതയെ അത് മറികടക്കുന്നു.

തന്റെ പ്രതിഛായയിൽ ഈ ഭൂമിയിൽ മറ്റൊരു ജീവൻ ഉണ്ടെന്ന് തിരിച്ചറിഞ്ഞ നിമിഷം തന്നെ മനുഷ്യൻ ആശയവിനിമയം നടത്താൻ തുടങ്ങി. ആംഗ്യത്തിന് പകരം ഭാഷ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത എന്ത് എന്ന ചോദ്യത്തിന് റൂസ്സോയുടെ മറുപടി വിചിത്രമായിരുന്നു. ആശയത്തിന്റെ ഉള്ളടക്കത്തെക്കാൾ ആശയവിനിമയത്തിൽ പ്രാധാന്യം, ആശയവിനിമയം ചെയ്യുമ്പോൾ വാക്കുകൾക്ക് നൽകുന്ന ധ്വനിയും, ഊന്നലുമാണ്. (സ്റ്റാൻഫോർഡ് എൻസൈക്ലോപീഡിയ ഓഫ് ഫിലോസഫി, 2010).

ശബ്ദവായന എന്ന പ്രക്രിയ പലപ്പോഴും ഏതെങ്കിലും കൈവേലകളുമായി ബന്ധപ്പെട്ടിരുന്നു. എട്ടാംനൂറ്റാണ്ടിനും പതിനാലാംനൂറ്റാണ്ടിനുമിടയിൽ ബെനേഡിക്ടൻ മഠങ്ങളിലെ കന്യാസ്ത്രീകൾ നിരന്തരം നെയ്ത്ത്, എംബ്രോയ്ഡറി, ബുക്ക്ബൈന്ഡിങ്, പുസ്തകചിത്രീകരണം തുടങ്ങി വിവിധങ്ങളായ കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരുന്നു. ഈ കൈവേലകൾ ചെയ്യുന്നതിനിടയിൽ ഉറക്കെ വായിക്കുന്നത് അവർ ശീലമാക്കി. ഈ സമ്പ്രദായമാണ്, വ്യവസായവിപ്ലവത്തിനു മുൻപ് യന്ത്രങ്ങളുടെ ബഹളങ്ങളൊന്നുമില്ലാതെ നിശബ്ദമായി പണിയെടുത്തുകൊണ്ടിരുന്ന ചുരുട്ട് -ബീഡി തൊഴിൽശാലകളിൽ സ്വീകരിക്കപ്പെട്ടത്. അവിടുങ്ങളിൽ ഉണ്ടായിരുന്ന ഏകശബ്ദം ഉറക്കെയുള്ള വായനയുടേത് മാത്രമായിരുന്നു. പിന്നീട് കാതോലിക്കസഭയാണ് വായനക്കാരൻ എന്നത് ഒരു തൊഴിൽപദവിയായി അംഗീകരിച്ച് അവർക്കായി ഒരു പ്രത്യേക സമയക്രമം അനുവദിച്ചുകൊടുത്തത്. ക്ലാസ്സിക്കൽ കാലഘട്ടത്തിൽ കൃതികൾ പ്രസിദ്ധീകരിച്ചതും ഉറക്കെ വായിക്കുക എന്ന ഉദ്ദേശ്യത്തിലായിരുന്നു. ആദ്യം രചയിതാവ് ഒരുകൂട്ടം ആളുകൾക്കുമുൻപിൽ തന്റെ കൃതി വായിക്കും. പിന്നീട് അത് പ്രൊഫഷണൽ വായനക്കാർക്ക് നല്കും. അതുപോലെ പാൻഎഥെനിക് ഫെസ്റ്റിവലിൽ വായനക്കാർ ഒന്നിന് പിറകെ ഒന്നായി ഹോമറിന്റെ കവിതകൾ ഉറക്കെ വായിക്കുമായിരുന്നു. പുരാതന റോം അഥേനിയത്തിലും, തിയേറ്ററുകളിലും, ചത്വരങ്ങളിലും നഗരത്തിന്റെ പലകോണുകളിലും വായനക്കാർ നിറഞ്ഞിരുന്നു. ശ്രോതാക്കളായി വലിയൊരു സദസ്സും. (ടിനോജെറോ, 2007:4-5). സ്കൂൾവിദ്യാഭ്യാസത്തിൽ ശബ്ദവായനയ്ക്ക് പണ്ടുമുതലേ നല്ല പ്രാധാന്യം നൽകിവരുന്നുണ്ട്. "നവോത്ഥാനകാലഘട്ടത്തിൽ ഇംഗ്ലണ്ടിൽ കുട്ടികളുടെ വിദ്യാഭാസം വീട്ടിലോ അദ്ധ്യാപകരുടെ താമസസ്ഥലത്തോ ആയിരുന്നു. ഉച്ചത്തിലുള്ള വായനയും കൂട്ടവായനയും പ്രധാന പഠനരീതികളായിരുന്നു" (പൊപ്ലോസ്കി, 2008: 146)

സിഗാർ ഫാക്ടറികളിലെ വായനയുടെ ചരിത്രത്തെകുറിച്ചു സമഗ്രമായ പഠനം അത്യപൂർവമായേ നടന്നിട്ടുള്ളൂ. അരസീലി ടിനോജെറോ എഴുതിയ *എൽ ലെക്ടർ : എ ഹിസ്റ്ററി ഓഫ് ദി സിഗാർഫാക്ടറി റീഡർ* എന്ന പുസ്തകത്തിൽ ചുരുട്ടുകമ്പനികളിൽ ശബ്ദവായനയ്ക്ക് തുടക്കമിട്ടതിനെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്.

ചുരുട്ട് തൊഴിലാളി ആയിരുന്ന സാന്റൂണിനോ മാർടിനെസ് ആണ് ശബ്ദവായനയ്ക്ക് തുടക്കമിട്ടത്. അദ്ദേഹം ഒരു ലെക്ടറും എഡിറ്ററും കൂടിയായിരുന്നു. അഭൂതപൂർവമായ വിജയം കണ്ടതിനെ തുടർന്ന് ശബ്ദവായന ഡസൻകണക്കിന്

ഹവാനാഫാക്ടറികളിലേക്കും ക്യൂബയുടെ എല്ലാ ഭാഗങ്ങളിലേക്കും അതിവേഗം വ്യാപിച്ചു. റിഫോർമിസ്റ്റ് പത്രമായ എൽ സിഗ്ലോ (El Siglo) വായനക്കാരന്റെ റോളിനെ ചാർൾസ് ഡിക്കൻസിനോടുപമിച്ചുകൊണ്ട് ഒരു ലേഖനം എഴുതി. ചാൾസ് ഡിക്കൻസ് യുണൈറ്റെഡ് സ്റ്റേറ്റ്സിലെ പട്ടണങ്ങളിലൂടെ തന്റെ നോവലുകൾ വായിച്ചപ്പോൾ പ്രസാധകരിൽനിന്നും കിട്ടുന്നതിനെക്കാൾ നല്ല പ്രതിഫലം ലഭിച്ചിരുന്നു. മറ്റുള്ളവർ വായിക്കുന്നത് കേൾക്കാൻ ശ്രോതാക്കൾപണം നൽകുന്നു. ഉപന്യാസങ്ങളോ നോവലിലെ അദ്ധ്യായങ്ങളോ വായിക്കുന്നത് കേൾക്കാൻമണിക്കൂറുകൾ ചെലവഴിക്കുന്നു. അപ്രതിരോധ്യമായ ഈ പുതിയ സമ്പ്രദായം നമ്മൾ പരിചയിച്ചതിനെക്കാൾ നല്ലതാണ്. (ടിനോജെറോ, 1962: 4).

സിഗാർ ഫാക്ടറികളിലെ വായനയുടെ സമ്പ്രദായം ലെക്ടെർസ് ഡി തബക്വേറിയ (lectors de tabaqueria) എന്നറിയപ്പെട്ടിരുന്നു. സമ്പന്നവും ബഹുമുഖവുമായ ഒരു ചരിത്രമുണ്ട് ഈ വായനാസമ്പ്രദായത്തിന്. 1865ൽ ഹവാനായിലാണ് ഇത്തരമൊരു ശബ്ദവായന ആരംഭിച്ചത്. ഫാക്ടറികളിൽ ഇരുന്നു തൊഴിലാളികൾ ചുരുട്ട് (cigar) നിർമിക്കുമ്പോൾ, കൂട്ടത്തിൽ ഒരാൾ ഉയർന്ന പ്ലാറ്റ്ഫോറത്തിലിരുന്നു പത്രങ്ങളും മാസികകളും തൊഴിലാളികൾക്ക് വായിച്ചുകൊടുക്കുമായിരുന്നു.വായനക്കാരൻ ലെക്ടർ എന്ന പേരിലാണറിയപ്പെട്ടിരുന്നത്. രാവിലെ മുതൽ വൈകുന്നേരം വരെ ഒരേ ഇരിപ്പിരുന്നു ചുരുട്ടുനിർമിച്ചുകൊണ്ടിരുന്ന തൊഴിലാളികൾക്ക് വിരസത അകറ്റുന്നതിന് പുറമെ വിജ്ഞാനത്തിനുള്ള ഒരു വേദിയായിമാറി ഇത്തരം വായനാസന്ദർഭങ്ങൾ. ക്ലാസ്സിക് സാഹിത്യം മുതൽ കവിതകൾ, സമകാലിക വർത്തമാനപത്രങ്ങൾ, രാഷ്ട്രീയലേഖനങ്ങൾ എന്നിങ്ങനെ വൈവിധ്യമാർന്ന മാധ്യമങ്ങൾ വായനയ്ക്കുവേണ്ടി തെരഞ്ഞെടുത്തിരുന്നു. കമ്പനിമുതലാളിമാർ നിയമിച്ച ഒരു ജോലിക്കാരനായിരുന്നില്ല ലെക്ടർ. വളരെയധികം സാംസ്കാരിക പ്രാധാന്യമുണ്ടായിരുന്നിട്ടും, ചില കോണുകളിൽനിന്ന് ഈ വായനാസമ്പ്രദായം എതിർപ്പുകൾ നേരിട്ടിരുന്നു.കമ്പനിമുതലാളിക്ക് വിരോധമുള്ള ചില ഉള്ളടക്കങ്ങൾ സെൻസർ ചെയ്യുകയോ ചില വാർത്തകൾ പൂർണമായും നിരോധിക്കുകയോ ചെയ്തിരുന്നു. 1868-78കാലത്തെ ടെൻ ഈയേർസ് വാർ (Ten Years War) നടന്നകാലത്ത് ലെക്ടർമാരെ ദൂരേക്ക് നാടുകടത്തിയ സന്ദർഭംപോലും ഉണ്ടായിട്ടുണ്ട്. കാലക്രമേണ ക്യൂബൻ കുടിയേറ്റക്കാർ അമേരിക്കയിലെ ഫ്ലോറിഡ, ടാമ്പാ, പ്യൂർറ്റൊറിക്കോ, മെക്സിക്കോ തുടങ്ങിയ പ്രദേശങ്ങളിലേക്കും ഈ വായനാസമ്പ്രദായത്തെ പ്രചരിപ്പിക്കുകയുണ്ടായി. ചുരുട്ട്

വ്യവസായത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ ഘടനയ്ക്ക് സംഭാവനനൽകിക്കൊണ്ട് ഈ കമ്മ്യൂണിറ്റികളിൽ ലെക്കർപാരമ്പര്യം തുടർന്നുവന്നു. ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ ബ്രിട്ടീഷുകാർവഴി ചുരുട്ട് വ്യവസായം ഇന്ത്യയിലെത്തി.

ബീഡി വ്യവസായവും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും വടക്കേ മലബാറിൽ

കേരളത്തിലെ ബീഡി വ്യവസായത്തിന് സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക സാംസ്കാരിക മണ്ഡലങ്ങളിൽ വേരുന്നിയ സമ്പന്നവും സങ്കീർണവുമായ ചരിത്രമുണ്ട്. ഫാക്ടറി നിർമിത സിഗരറ്റിനുപകരം വിലകുറഞ്ഞ ഒരു ബദൽ വാഗ്ദാനംചെയ്തുകൊണ്ട് ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിൽ ടണ്ടു ഇലകൾ (Tendu leaves) കൊണ്ട്നിർമിച്ചതും പുകയില നിറച്ചതുമായ കൈകൊണ്ടുചുരുട്ടിയുണ്ടാക്കിയ ബീഡി ഇന്ത്യയിൽ പ്രചാരത്തിലായി. ഇന്ത്യയിലെ മറ്റിടങ്ങളിൽ എന്നപോലെ കേരളത്തിലും ഈ ചെറുകിടവ്യവസായത്തിന് നല്ല പ്രചാരം ലഭിച്ചു. 1930-40 കാലഘട്ടം ബീഡി വ്യവസായം അതിവേഗം വളർന്നുകൊണ്ടിരുന്ന ഒരു സമയമായിരുന്നു.1930നു ശേഷം ചെറുതും വലുതുമായ നിരവധിബീഡി വ്യവസായസ്ഥാപനങ്ങൾ വടക്കേ മലബാറിൽ ആരംഭിക്കുകയുണ്ടായി. ആദ്യകാലത്ത് ബീഡിയുടെ ഉപയോഗം കേരളത്തിൽ വളരെ കുറവായിരുന്നു. ഇവിടെ ഉത്പാദിപ്പിക്കുന്ന ബീഡി അധികവും കൂടക്, മൈസൂർ, മധുര എന്നീസ്ഥലങ്ങളിലേക്കും ബർമ, സിലോൺ തുടങ്ങിയ രാജ്യങ്ങളിലേക്കും കയറ്റി അയക്കുന്നുണ്ടായിരുന്നു. 1930 മുതലുള്ള കാലഘട്ടം ഇന്ത്യയുടെ ദേശീയപ്രസ്ഥാനത്തിന്റെ വേലിയേറ്റക്കാലമായിരുന്നു. ഗാന്ധിജിയുടെ വിദേശവസ്തു ബഹിഷ്കരണംപോലെ തന്നെ വിദേശനിർമിത വസ്തുക്കൾ ബഹിഷ്ക്കരിക്കുക എന്നത് സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ സാമ്രാജ്യത്വവിരുദ്ധ സമരങ്ങളിൽ ഉൾപ്പെട്ടിടുണ്ടായിരുന്നു. ഇതിന്റെ ഭാഗമായി വിദേശനിർമിത സിഗരറ്റിന്റെ ഉപയോഗം ജനങ്ങൾ ബഹിഷ്ക്കരിക്കുകയും ആഭ്യന്തരബീഡിയുടെ ഉപയോഗം വർധിക്കുകയുമുണ്ടായി. തൽഫലമായി വടക്കേമലബാറിൽ പ്രത്യേകിച്ചും തലശ്ശേരി കണ്ണൂർ ഭാഗങ്ങളിൽ അനേകം ബീഡികമ്പനികൾ രൂപംകൊണ്ടു. (കണ്ണൻ, 2022:52) വടക്കേമലബാറിന്റെ സാമൂഹിക സാമ്പത്തിക ഭൂപ്രകൃതി രൂപപ്പെടുത്തുന്നതിൽ ബീഡിവ്യവസായം നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. പുകയില കൈകൊണ്ടുതെറുത്ത് ബീഡി ഉണ്ടാക്കുന്നഈ പരമ്പരാഗതവ്യവസായം ആയിരക്കണക്കിന് തൊഴിലാളികൾക്ക് ഉപജീവനം പ്രദാനംചെയ്യുക മാത്രമല്ല ഈമേഖലയിലെ രാഷ്ട്രീയഗതി നിർണയിക്കുന്നതിൽ

സവിശേഷപങ്ക് വഹിക്കുകയും ചെയ്തു. തൊഴിൽസാഹചര്യങ്ങൾ, സാമ്പത്തിക പോരാട്ടങ്ങൾ രാഷ്ട്രീയസമാഹാരണം എന്നിവ തമ്മിലുള്ള പരസ്പരബന്ധം തൊഴിലാളിവർഗത്തിനിടയിൽ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം വേരുപിടിപ്പിക്കുന്നതിനുള്ള വളക്കൂറുള്ള മണ്ണ് രൂപപ്പെടുത്തിയെടുത്തു.

ചരിത്ര സന്ദർഭം

വടക്കേ മലബാറിലെ ബീഡിവ്യവസായത്തിന് ഒരു നീണ്ടചരിത്രമുണ്ട്. ഇരുപതാംനൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ തന്നെ ബ്രിട്ടീഷുകാർ വഴി കേരളത്തിൽ ബീഡിവ്യവസായം പ്രചാരം നേടിയിരുന്നു. തദ്ദേശീയമായ നിർമാണവും വിലക്കുറവും ബീഡിക്ക് വലിയ മാർക്കറ്റുണ്ടായിരുന്ന അക്കാലം മുതൽക്കുതന്നെ ബീഡികമ്പനികളും സംസ്ഥാനത്ത് വ്യാപകമായിരുന്നു. സിഗരറ്റ് മാതൃകയിൽ പുകയില ചുരുട്ടി ചുരുട്ട് (cigar) ഉണ്ടാക്കുന്ന വ്യവസായം 1930കൾക്ക് മുൻപുതന്നെ കണ്ണൂരിൽ നിലനിന്നിരുന്നു. തലശ്ശേരിയിലെ വാധ്യാർചുരുട്ട്, കണ്ണൂർ കാരിയിൽ അനന്തൻചുരുട്ട് എന്നീ സിഗാർബ്രാൻറുകൾ അക്കാലത്ത് പ്രശസ്തമായിരുന്നു. കണ്ണൂർ കേന്ദ്രമാക്കി പ്രവർത്തിച്ച ചട്ട, മദൻ, സാധൂ തുടങ്ങിയ കമ്പനികൾ ഈ പ്രദേശങ്ങളിലെ സ്വകാര്യബീഡി ഉത്പാദകരായിരുന്നു. കുറഞ്ഞ മുതൽമുടക്കിൽ ലാഭം കൊയ്യാൻ മുതലാളിമാർക്ക് കഴിഞ്ഞിരുന്നെങ്കിലും ബീഡിതെറുപ്പ് തൊഴിലാളികളുടെ സ്ഥിതി ഏറെ ദയനീയമായിരുന്നു. കണ്ണൂരിലെ ബീഡിതൊഴിലാളികൾക്കിടയിൽ അന്ന് പ്രവർത്തിച്ചിരുന്ന തൊഴിലാളിയൂണിയനുകളും അവരുടെ നേതാവായിരുന്ന എ കെ ജിയും ബീഡിതൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന ഒരു നിയമത്തിനുവേണ്ടി പ്രക്ഷോഭങ്ങൾ നടത്തി. 1996ൽ ബീഡിതൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്ന ബീഡി & സിഗാർ വർക്കേർസ് കണ്ടീഷൻസ് ഓഫ് എംപ്ലായ്മെൻറ് ആക്ട് കേന്ദ്രസർക്കാർ കൊണ്ടുവന്നു.കേരളത്തിൽ ഈ നിയമം നടപ്പിലാക്കാനുള്ള ഇ എം എസ്സ് സർക്കാരിന്റെ തീരുമാനം, തൊഴിലാളികൾക്ക് അർഹിക്കുന്ന വേതനം നൽകാതെ തൊഴിൽച്ചൂഷണത്തിലൂടെ ലാഭം കൊയ്തിരുന്ന ബീഡികമ്പനി മുതലാളിമാർക്ക് വലിയ തിരിച്ചടിയായി. താരതമ്യേന കൂലികുറവുള്ള കർണാടകയിലേക്കും തമിഴ്നാട്ടിലേക്കും അവർ ചേക്കേറി. 1968ലെ ഒരു സുപ്രഭാതത്തിൽ കണ്ണൂർനഗരം കണ്ട കാഴ്ച ഗണേഷ്ബീഡി എന്ന സ്വകാര്യകമ്പനിയുടെ ഗേറ്റ് എന്നെന്നേക്കുമായി അടച്ചിട്ടതാണ്. മാത്രമല്ല പി വി എസ്സ്, ഭാരത്ബീഡി, ദർബാർ എന്നിങ്ങനെ വടക്കേ

മലബാറിന്റെ വിവിധഭാഗങ്ങളിലായി പ്രവർത്തിച്ചിരുന്ന സ്വകാര്യബീഡികമ്പനികൾ ഒന്നുംതന്നെ പിന്നീട് തുറന്നുപ്രവർത്തിക്കുകയുണ്ടായില്ല. ഇതിന്റെ ഫലമായി 12000 തൊഴിലാളികൾക്ക് ഒറ്റദിവസംകൊണ്ട് തൊഴിൽ നഷ്ടപ്പെട്ടു. ഇടതുപക്ഷപ്രസ്ഥാനങ്ങൾക്ക് ആഴത്തിൽ വേരോട്ടമുണ്ടായിരുന്ന കണ്ണൂരിലെ തൊഴിലാളികൾ കമ്പനിമുതലാളിമാരുടെ മുന്നിൽ മുട്ടുകുത്താൻ തയ്യാറായില്ല പകരം അവർ സംഘടിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രാദേശികനേതാക്കളും ചേർന്ന് ലാൽബാഗിലെ ഗണേശ്ബീഡി ഡിപ്പോയ്ക്കുമുൻപിൽ സമരം ആരംഭിച്ചു. സംസ്ഥാനസർക്കാർ നേരിട്ട് ഇടപെട്ടിട്ടും കമ്പനി തുറക്കാൻ ഉടമകൾ തയ്യാറായില്ല. ബീഡിതെറുപ്പ് തൊഴിലാളികളെ ദാരിദ്ര്യത്തിലേക്ക് തള്ളിവിടില്ലെന്ന നിശ്ചയദാർഢ്യത്തോടെ തൊഴിലാളികളുടെ നേതൃത്വത്തിൽ തൊഴിലാളികൾക്കായി ഒരു സ്ഥാപനം എന്ന ആശയം ഇടതുപക്ഷ സർക്കാർ മുന്നോട്ടുവെച്ചു. അങ്ങനെ 1969 ഫെബ്രുവരി 15ന കേരള ദിനേശ്ബീഡി എന്ന തൊഴിലാളി സഹകരണസ്ഥാപനം രൂപംകൊണ്ടു. (പ്രഭാകരൻ, 2019:48-49). അന്നുവരെ നിലവിലുണ്ടായിരുന്ന ഗണേഷ്, സാധു, പിവിഎസ്, ഭാരത്, കാജ, ആപ്പിൾഫോട്ടോ, അയിഷ തുടങ്ങിയ ബീഡികമ്പനികളെ നിഷ്പ്രഭമാക്കിക്കൊണ്ട് ദിനേശ്ബീഡി മുന്നോട്ട് വെച്ച തൊഴിൽസംസ്കാരം വടക്കേ മലബാറിന്റെ മുഖമുദ്രായതന്നെ മാറ്റുകയായിരുന്നു. തൊഴിലാളികളുടെ പരാതികൾ പരിഹരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള സഖ്യങ്ങൾ രൂപീകരിച്ചുകൊണ്ട് തൊഴിലാളി യൂണിയനുകളുമായി സജീവമായി ഇടപഴകിയതിലൂടെ തൊഴിലാളികളെ ഒരു വലിയ രാഷ്ട്രീയശക്തിയായി മാറ്റാമെന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി തിരിച്ചറിഞ്ഞു. വർഗസമരത്തിന് പാർട്ടി നല്കിയ ഊന്നൽ ബീഡിതൊഴിലാളികളുടെ അനുഭവവുമായി പ്രതിധ്വനിച്ചു. തൊഴിലാളികളുടെ അടിസ്ഥാനപ്രശ്നങ്ങളെ അഭിസംബോധനചെയ്ത് അവർക്കിടയിൽ ഒരു അടിത്തറ കെട്ടിപ്പടുക്കാൻ ഇതിലൂടെ ഇടതുപക്ഷപ്രസ്ഥാനങ്ങൾക്ക് സാധിച്ചു. അതോടൊപ്പം ബീഡികമ്പനികളിലെ പത്രമുൾപ്പെടെയുള്ള ആനുകാലിക പ്രസ്ഥാനങ്ങളുടെ ഉറക്കെയുള്ള വായന വടക്കൻ കേരളത്തിലെ രാഷ്ട്രീയ മുന്നേറ്റത്തിൽ നിർണായക സ്വാധീനംചെലുത്തി. തൊഴിലാളികൾക്കിടയിൽ രാഷ്ട്രീയാവബോധം സൃഷ്ടിക്കുന്നതിനും സംഘടനാമനോഭാവം വളർത്തുന്നതിനും സാമൂഹ്യവും രാഷ്ട്രീയവുമായ പ്രസ്ഥാനങ്ങളിൽ സജീവമായ പങ്കാളിത്തം പ്രോൽസാഹിപ്പിക്കുന്നതിനുമുള്ള ഒരു പ്രധാന ഉപാധിയായി ഈ വായന മാറി.

ക്രമീകൃതമായ ഘടന

ക്രമീകൃതമായ ഒരു ഘടന ബീഡികമ്പനികളിലെ ശബ്ദവായനക്കുണ്ട്. ദേശാഭിമാനി,, കേരളകൌമുദി, മലയാളമനോരമ, മാതൃഭൂമി, എക്സ്പ്രസ്, തനിനിറം എന്നിങ്ങനെ ആറുപത്രങ്ങൾ കരിവെള്ളൂരിലെ ദിനേശ്ബീഡി കമ്പനിയിൽ 1978 കാലഘട്ടത്തിൽ വായനക്കായി ഉപയോഗിച്ചിരുന്നു എന്ന് പത്തൊൻപത് വർഷം കരിവെള്ളൂരിലെ ബീഡികമ്പനിയിൽ വായനക്കാരനായി സേവനം അനുഷ്ഠിച്ച സി. നാരായണൻ ഗ്രന്ഥകർത്താവുമായുള്ള അഭിമുഖത്തിൽ പറയുകയുണ്ടായി.ഒപ്പം ചിന്ത, ദേശാഭിമാനി, കലാകൌമുദി, കേരളശബ്ദം എന്നീ വാരികകളും. റേഡിയോവിനും ബീഡികമ്പനിയിൽ നല്ല പ്രാധാന്യം ഉണ്ടായിരുന്നു. രാവിലെ ഒൻപത് മണിമുതൽ വൈകീട്ട് ആറുമണിവരെയാണ് ബീഡിതെറുപ്പിന്റെ സമയം. രാവിലെ 9.30നു ആരംഭിക്കുന്ന പത്രവായന 11.30 വരെ നീണ്ടുനില്ക്കും. പത്രങ്ങളിൽ ദേശാഭിമാനി പത്രത്തിനായിരുന്നു മുൻതൂക്കം. ഉച്ചക്ക് 12.30 മുതൽ രണ്ടു മണിവരെയാണ് ഉച്ചഭക്ഷണത്തിനുള്ള ഇടവേള. ഭക്ഷണം കഴിക്കുന്നസമയത്തും 12.30നു ഓൾ ഇന്ത്യ റേഡിയോവിൽ സംപ്രേഷണം ചെയ്യുന്ന പ്രാദേശികവാർത്തകളും 1.00 മണിക്കുള്ള ഡെൽഹിയിൽ നിന്നുള്ള മലയാളം വാർത്തകളും തൊഴിലാളികൾ ശ്രവിക്കുക പതിവായിരുന്നു. അങ്ങനെ ഓൾ ഇന്ത്യ റേഡിയോവിലെ വാർത്താവായനക്കാരായ റാണി, സുഷമ, രാമചന്ദ്രൻ, മാവേലിക്കര രാമചന്ദ്രൻ എന്നിവരും ബീഡിക്കമ്പനിയിലെ ശബ്ദവായനക്ക് പരോക്ഷമായ സംഭാവന നല്കി. ഉച്ചക്ക് രണ്ടരമണി മുതൽ ലോകക്ലാസ്സിക്കുകൾ ഉൾപ്പെടുന്ന സാഹിത്യസൃഷ്ടികൾ വായിക്കാനായി സമയം നീക്കിവെച്ചിരുന്നു. മൂലധനം (വിവ. കെ ദാമോദരൻ), രണ്ടിടങ്ങഴി, തോട്ടിയുടെ മകൻ (തകഴി), പാവങ്ങൾ (വിക്ടർഹ്യൂഗോ), അമ്മ (മാക്സിംഗോർക്കി) ഗാന്ധിജി, ഇ എം എസ്സ്, ജി കൃഷ്ണപിള്ള എന്നിവരുടെ ആത്മകഥകൾ ഇവയൊക്കെ ഉറക്കെ തൊഴിലാളികൾക്ക് വായിച്ചുകൊടുത്ത അനുഭവം അഭിമുഖത്തിനിടെ സി നാരായണൻ ഓർത്തെടുത്തു. ജാതീയത കൊടികുത്തിവാണിരുന്ന അക്കാലത്ത് ജാതിക്കോമരങ്ങളെ വെല്ലുവിളിച്ചുകൊണ്ട്, കല്യാണി എന്ന ഈഴവസ്ത്രീയെ വിവാഹംകഴിച്ച് സമൂഹത്തിന് മാതൃകയായ കരിവെള്ളൂരിലെ അബ്ദുൽഖാദർ എന്ന വിപ്ലവകാരിയും ഇന്ന് മറിമായം എന്ന ടെലിവിഷൻ പ്രോഗ്രാമിലെ എ കെ രാഘവൻ എന്ന കലാകാരനും തന്റെ കൂടെയിരുന്ന് ബീഡിതെറുത്ത ഓർമകളും അദ്ദേഹം അയവിറക്കി. കഥാപ്രസംഗത്തിലൂടെ സമാന്തരരാഷ്ട്രീയ പ്രവർത്തനം നടത്തിയ സാംബശിവൻ

അവതരിപ്പിച്ച എല്ലാ കഥാപ്രസംഗങ്ങളും, ബാറ്ററികൊണ്ടു പ്രവർത്തിപ്പിക്കുന്ന ടേപ്പ് റെക്കോർഡറിന്റെ സഹായത്തോടെ ആസ്വദിച്ചിരുന്നതു കൂടാതെ കഥാപ്രസംഗമാക്കി മാറ്റിയ എല്ലാ വിശ്വസാഹിത്യങ്ങളും വായനയിലൂടെ ആസ്വദിച്ചതും പ്രബന്ധകർത്താവുമായി നടത്തിയ അഭിമുഖത്തിൽ ഇരുപതുവർഷക്കാലം പയ്യന്നൂരിലെ വിവിധ ബീഡികമ്പനികളിൽ തൊഴിലാളിയായിരുന്ന കോക്കാടൻ നാരായണൻ അഭിമാനത്തോടെ വിവരിക്കുകയുണ്ടായി. സാമൂഹ്യമായ അസമത്വത്തിനെതിരെ രാഷ്ട്രീയബോധത്തോടുകൂടി പ്രതികരിക്കാനും അനീതിക്കും ചൂഷണത്തിനുമെതിരെയുള്ള ആയുധമായി നാടകങ്ങളെ മാറ്റിയെടുക്കാം എന്ന ബോധം സൃഷ്ടിച്ചതും ബീഡികമ്പനിയിലെ വായനയും ബീഡികമ്പനിയിൽ പ്രവർത്തിച്ചിരുന്ന കലാസമിതിയുമാണെന്ന് നാടക-സിനിമാ നടനുമായ കോക്കാടൻ നാരായണൻ പറയുകയുണ്ടായി. പത്രവായനയിൽ ഏറ്റവും പ്രാധാന്യം നല്കിയ രണ്ടു ഉള്ളടക്കങ്ങൾ ദേശാഭിമാനിയിലെ മുഖപ്രസംഗവും ഈ എം എസിന്റെ 'ചോദ്യങ്ങൾക്കുള്ള മറുപടി' എന്ന പംക്തിയും ആയിരുന്നു. വായനയിലൂടെ ലഭിച്ച അറിവുകൾ വീപൂലീകരിക്കാനുള്ള ആഗ്രഹത്തിൽ വായന ഒരു ശീലമാക്കി കേരള പി എസ് സി പരീക്ഷയെഴുതി ഗവ. സർവീസിൽ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരനായി ജോലിയിൽ പ്രവേശിച്ച കാര്യവും വളരെ അഭിമാനത്തോടെ സി നാരായണൻ വിവരിക്കുകയുണ്ടായി. ഉച്ചക്ക് 3.30നുള്ള സിലോൺ റേഡിയോ സ്റ്റേഷൻ വഴി പ്രക്ഷേപണം ചെയ്തിരുന്ന സിനിമാഗാനങ്ങൾ ആസ്വദിച്ചതിന് പുറമെ തൊഴിലാളികൾ സിനിമാ സംബന്ധമായ ചർച്ചകളും നടത്തിയിരുന്നു. തൊഴിലാളി വർഗത്തിന്റെ സംഘടിത ശക്തിയെപ്പറ്റി ബീഡിതൊഴിലാളികളെ ബോധവാൻമാരാക്കാൻ അഞ്ചുമണിക്കുള്ള *തൊഴിലാളിമണ്ഡലം* എന്ന പരിപാടി ശ്രവിച്ചതിലൂടെ സാധിച്ചിരുന്നു എന്ന് അഭിമുഖം നടത്തുന്നതിന് വേണ്ടി പ്രബന്ധകർത്താവ് സമീപിച്ച നീലേശ്വരം ബീഡികമ്പനിയിലെ തൊഴിലാളിയായിരുന്ന പി. കുഞ്ഞിക്കൃഷ്ണൻ നായർ പ്രബന്ധകർത്താവിനോട് പങ്കുവെച്ചു. ദിവസവും പത്തുമിനുട്ട് നേരം മോസ്കോ റേഡിയോ പ്രക്ഷേപണം ശ്രവിക്കാനും അവർ സമയം മാറ്റി വെച്ചിരുന്നു എന്നും കൂടി അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി.

രാഷ്ട്രീയപ്രത്യയശാസ്ത്രങ്ങളുടെ ബോധനം

അക്ഷരാഭ്യാസം പൊതുവെ കുറവായിരുന്ന തൊഴിലാളിവർഗത്തിനിടയിൽ രാഷ്ട്രീയ ഉള്ളടക്കങ്ങൾ സ്വായത്തമാക്കുന്നതിനുള്ള പ്രധാനമാർഗമായിരുന്ന ശബ്ദ

വായന. സോഷ്യലിസവും കമ്മ്യൂണിസവും, ദേശീയതയും സാധാരണക്കാരായ തൊഴിലാളികൾ പരിചയപ്പെട്ടതും അക്കാലത്തെ സാമൂഹ്യരാഷ്ട്രീയ ഭ്രപടങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ ബീഡിതൊഴിലാളികൾക്കിടയിൽ വളർന്നുവന്നതും ഈ വായനയുടെ ഫലമായിട്ടായിരുന്നു. ഭരണവും സമരവും, ജാതിമത ചിന്തകളും ബൂർഷ്വാ രാഷ്ട്രീയവും, ബഹുജന സമരങ്ങളുടെ പ്രസക്തി, ആശയസമരത്തിന്റെ സ്ഥാനം എന്നിങ്ങനെ പൊതുജനങ്ങളുടെ ഒട്ടനവധി സംശയങ്ങൾക്ക് ദേശാഭിമാനി പത്രത്തിലൂടെ ഇ.എം.എസ് നൽകിയ മറുപടി ദേശീയ - അന്തർദേശീയ പ്രശ്നങ്ങളെക്കുറിച്ച് മനസിലാക്കാനും, സമത്വം സോഷ്യലിസം എന്നിങ്ങനെയുള്ള ആശയങ്ങളെക്കുറിച്ച് പഠിക്കാനും ഏറെ സഹായിച്ചിട്ടുണ്ടെന്ന് സി. നാരായണനുമായുള്ള അഭിമുഖത്തിൽ ഗ്രന്ഥകർത്താവിന് മനസിലാക്കാൻ സാധിച്ചിട്ടുണ്ട്. പ്രസാദ് കണ്ണോത്തിന്റെ എഴുത്ത് ഈ ബോധ്യത്തെ ഒന്നുകൂടി ഉറപ്പിക്കുന്നു.

ഒരു ദിനേശ്ബീഡി തൊഴിലാളി എന്നതിലുപരി നമ്മുടെ ഗ്രാമത്തിന്റെ ശബ്ദമായിരുന്നു നാരയണേട്ടൻ... ബീഡിക്കമ്പനിയിലെ വായനക്കാരനും. മാക്സിം ഗോർക്കിയുടെ അമ്മ, ഉറൂബിന്റെ ഉമ്മാച്ചു... നാരായണൻ വായന തുടർന്നുകൊണ്ടിരുന്നു. സോവിയറ്റ് നാട് എന്ന പ്രതിമാസപുസ്തകത്തിൽ സോവിയറ്റ് യൂണിയൻ എന്ന സ്വർഗരാജ്യത്തിന്റെ ദേശവിശേഷങ്ങൾവായിച്ചുകൊടുക്കുകയാണ് ഇപ്പോൾ നാരായണൻ. പെരിസ്ട്രോയിക്ക, ഗ്ലാസ്സ്നോസ്ത് എന്നിങ്ങനെയുള്ള വാക്കുകൾ അറിയുകപോലുമില്ലായിരുന്ന നാരായണന്. (കണ്ണോത്ത്, 2014: 10)

സമൂഹ്യാസമത്വത്തിനെതിരെയുള്ള അവബോധം

കമ്പനിയിൽ വായിക്കുന്ന ഉള്ളടക്കങ്ങൾ പലപ്പോഴും സമൂഹത്തിൽ അക്കാലത്ത് നിലനിന്നിരുന്ന സാമൂഹികസാമ്പത്തിക അസമത്വങ്ങൾ, തൊഴിലവകാശങ്ങൾ, കൊളോണിയൽചൂഷണം, സാമൂഹ്യ പ്രശ്നങ്ങളിൽ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ ഇടപെടൽ തുടങ്ങിയവയെകുറിച്ചുള്ള വിമർശനങ്ങൾ അടങ്ങിയവയായിരുന്നു. ചൂഷണത്തിന്റെയും, കഠിനമായ തൊഴിൽ സാഹചര്യങ്ങളുടെയും ഇരകളായിരുന്ന തൊഴിലാളികൾക്കിടയിൽ ഇത് ആഴത്തിൽ പ്രതിധ്വനിച്ചു. വായനക്കായി തെരഞ്ഞെടുത്തിരുന്ന പുസ്തകങ്ങൾ രാഷ്ട്രീയവിദ്യാഭാസം നൽകുന്നവകൂടിയായിരുന്നു. ടുബാക്കോ വർക്കേർസ് യൂണിയന്റെ അമ്പതാം വാർഷികത്തോടനുബന്ധിച്ച് പുറത്തിറക്കിയ സ്മരണികയിൽ പത്രപ്രവർത്തകനും എഴുത്തുകാരനുമായ നരിക്കുട്ടി

മോഹനൻ ഇങ്ങനെ എഴുതിയിട്ടുണ്ട്.

> സ്കൂളിൽ പോകാൻ ഇഷ്ടമാണ്. തിരിച്ചുവരുന്നതിലാണ് കൂടുതൽ ഉൽസാഹം. അവസാന മണി അടിക്കേണ്ട താമസം പുസ്തകവും ചോറുപാത്രവുമായി അച്ഛൻ ജോലി ചെയ്യുന്ന ബീഡിക്കമ്പനിയിലേക്ക്. ചൂടുള്ള ചായയും നേന്ത്രപ്പഴവും കാത്തിരിക്കുന്നുണ്ടാവും. ഒരുദിവസം ഒരാൾ പറഞ്ഞു. "മോനേ ആ പെട്ടിക്കകത്ത് ഒരു പുസ്തകമുണ്ട്.. അത്തെടുത്ത് വായിക്കു.തൊണ്ട ശരിയാക്കി വായിച്ചുതുടങ്ങി. സ്കൂളിൽപഠിക്കുന്ന ചരിത്രത്തിൽനിന്നും വ്യതസ്തമായ ചരിത്രം, വസ്തുതകൾ.സാമ്രാജ്യത്വം ഫാസിസം, അദ്ധ്വാനിക്കുന്ന വർഗം, ബൂർഷ്വാസി, മാർക്സിസം, ലെനിനിസം....എന്തൊക്കെയാണവ? ഉച്ചത്തിൽ വായിക്കുന്നത് പതിവാക്കി. പട്ടിണിക്കാരുടെ കഥകൾ, കഷ്ടപ്പെടുന്നവന്റെ നോവലുകൾ, ഒന്നുമില്ലാത്തവർ ഒരു രാജ്യം നേടിയ പുളകമണിയിക്കുന്ന കഥ..... സ്കൂളിൽ തൊട്ടടുത്തിരിക്കുന്ന താലൂക്കാഫീസിലെ ഉദ്യോഗസ്ഥന്റെ മകനാണ്, പലചരക്ക്കട നടത്തുന്ന മുതലാളിയുടെ മകനാണ്, അറക്കൽ കൊട്ടാരത്തിലെ രാജകുമാരനാണ്. രാജകുമാരന് ഉച്ചഭക്ഷണം വെള്ളക്കുതിരയെ കെട്ടിയ ജഡ്ക്കയിലാണ് കൊണ്ടുവരിക. ഉച്ചക്ക് ഒരു മുറിയിൽ രാജകുമാരൻ ഗമയോടെ ഇരിക്കും. സഹപാഠി ഇറച്ചിപൊതിഞ്ഞ നെയ്ച്ചോർ രാജകുമാരന്റെ വായിൽവെച്ചുകൊടുക്കും. നാവിൽ ബീഡിക്കാർ പിടിക്കുന്ന കൊടിയുടെ നിറമുള്ള അച്ചാർ തൊട്ടുവെച്ചു കൊടുക്കും. അപ്പോൾ... വരാന്തയിലെ മൂലയ്ക്കിരുന്ന കാലത്ത് കൊണ്ടുവന്ന തണുത്ത ചോറ് ചമ്മന്തിയും കൂട്ടി വാരിവലിച്ചു തിന്നുകയായിരിക്കും ഞങ്ങൾ. എന്തേ ഈ അന്തരം? ഈ ചോദ്യത്തിനുള്ള ഉത്തരം സ്കൂളിലെ പാഠപുസ്തകത്തിൽ കണ്ടില്ല. ബീഡിക്കമ്പനിയിൽ നിന്നും ഉച്ചത്തിൽ വായിക്കുന്ന പത്രവാരികകളിലും പുസ്തകങ്ങളിലും കാണുന്നു. അതോടെ ബീഡിക്കമ്പനിയിലെ വായന രാവിലെയും വൈകുന്നേരവുമാക്കി. (മോഹനൻ, 2019:108-109)

അക്ഷരാഭ്യാസമില്ലാതിരുന്ന തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളെക്കുറിച്ച് മനസ്സിലാക്കികൊടുക്കുന്നതിനും, പ്രക്ഷോഭങ്ങളിൽ പങ്കാളികളാക്കുന്ന

തിനും ശബ്ദവായന പ്രധാന ഉപാധിയായി. വായനമൂലം വായനക്കാരന് ഉണ്ടാകുന്ന ജോലിനഷ്ടം മറ്റെല്ലാ തൊഴിലാളികളും ചേർന്ന് നികത്തികൊടുക്കുന്ന പതിവുണ്ടായിരുന്നു. അതായത് മുറിയുടെ മധ്യത്തിൽവെച്ചിരിക്കുന്ന സൂപ്പയിൽ (മുറത്തിൽ)എല്ലാ തൊഴിലാളികളും ചേർന്ന് വായനക്കാരനുവേണ്ടി ബീഡിനിക്ഷേപിക്കും. തൊഴിലാളികൾക്കിടയിൽ ശബ്ദവായന ഉണ്ടാക്കിയെടുത്ത ഐക്യബോധം ഉയർത്തിക്കാട്ടുന്നതാണ് ഈ പ്രവൃത്തി. നിരക്ഷരരോ, പരിമിതമായ വിദ്യാഭ്യാസം ലഭിച്ചതോ ആയ ബീഡിതൊഴിലാളികൾ അവർക്ക് ചുറ്റുമുള്ള ലോകത്തെക്കുറിച്ച്, അവിടെ നടക്കുന്ന വ്യവഹാരങ്ങളെകുറിച്ച്, സമകാലിക സംഭവങ്ങളെക്കുറിച്ച് മനസ്സിലാക്കിയിരുന്നത് ഇവിടങ്ങളിൽ നടക്കുന്ന ഇത്തരം വായനകളിലൂടെയാണ്. ഒന്നിച്ചുള്ള ശ്രവണം തൊഴിലാളികൾക്കിടയിൽ കൂട്ടായ അനുഭവം പ്രതിഫലിപ്പിച്ചുകൊണ്ട് കൂട്ടായ സ്വത്വ ബോധം സൃഷ്ടിച്ച് അറിവിന്റെ ജനാധിപത്യവൽക്കരണം സാധ്യമാക്കി.

വർഗബോധവും പ്രതിരോധവും ശബ്ദവായനയിലൂടെ

വായന എന്നത് ഒരു സാംസ്കാരിക പ്രതിഭാസമാണ്.തൊഴിലാളി വർഗത്തിന്റെ വളർച്ചയിൽ സാംസ്കാരികമനോവൃത്തിക്കുള്ള പങ്കിനെപ്പറ്റി ഇ.പി.തോംസന്റെ വീക്ഷണങ്ങൾ ഈ സന്ദർഭത്തിൽ പ്രസക്തമാകുന്നു."തൊഴിലാളിവർഗത്തിന്റെ രൂപീകരണം സാമ്പത്തികം പോലെ തന്നെ സാംസ്കാരികവും രാഷ്ട്രീയവുമായ ഒരു വസ്തുതയാണ്". (തോംസൺ, 1963: 194). ശബ്ദവായന എന്ന ശീലം (ritual) തൊഴിലാളികളിൽ സാമൂഹ്യബോധവും, വർഗബോധവും വളർത്തുന്ന ഒരു സാംസ്കാരിക പ്രവർത്തനമായി മാറിയത് കാണാം. വാർത്തകൾ വിനിമയം ചെയ്യപ്പെടുന്നതിലൂടെ രാഷ്ട്രീയ ആശയങ്ങൾ, സാമൂഹികപ്രശ്നങ്ങൾ, തൊഴിൽചൂഷണം എന്നിവയെകുറിച്ചുള്ള അവബോധം തൊഴിലാളികൾക്ക് ലഭിക്കുന്നു. തോംസന്റെ കാഴ്ചപ്പാടിൽ തൊഴിലാളികൾ അറിവിന്റെ നിഷ്ക്രിയ സ്വീകർത്താക്കളല്ല മറിച്ച് സാംസ്കാരിക ഇടപെടലിലൂടെ ഈ പ്രക്രിയയിലെ സജീവ പങ്കാളികളാകുന്നു അവർ. (189-212). ബീഡികമ്പനികളിലെ വായന തുടർചർച്ചയ്ക്ക് വേദിയൊരുക്കുന്നതിനാൽ തങ്ങളുടെ തൊഴിൽ സാഹചര്യങ്ങളും, അവകാശങ്ങളും ഉൾപ്പെടെയുള്ള വിഷയങ്ങളിൽ വിമർശനാത്മക നിലപാടുകൾ സ്വീകരിക്കുന്നതിലും അതുവഴി തങ്ങളുടെ വ്യക്തിത്വം രൂപപ്പെടുത്തുന്നതിലും വർഗബോധം സൃഷ്ടിക്കുന്നതിലും അവർ സജീവ പങ്കാളിത്തം വഹിക്കുന്നു.

നവചരിത്രവാദത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ കേരളത്തിലെ തൊഴിലാളിസമരങ്ങളുടെ ചരിത്രപരവും സാമൂഹികവുമായ പശ്ചാത്തലത്തിൽ രൂപപ്പെടുകയും രൂപപ്പെടുത്തുകയും ചെയ്യുന്ന ഒരു സങ്കീർണമായ ചെറുത്തുനിൽപ്പായി ശബ്ദവായന മാറുന്നു. തങ്ങൾക്ക് അപ്രാപ്യമായ അറിവുകൾ നേടിയെടുക്കാനും അടിച്ചമർത്തുന്ന അധികാരഘടനകളെ വെല്ലുവിളിക്കാനും നിയന്ത്രണ ശക്തികൾക്ക് മുൻപിൽ ഐക്യദാർഢ്യം കെട്ടിപ്പടുക്കാനും ഈ വായന തൊഴിലാളികളെ സഹായിച്ചിട്ടുണ്ട്. വർഗസമരം, അറിവ്നേടൽ, രാഷ്ട്രീയഉണർവ് എന്നിവയുടെ വിശാലമായ ചരിത്രം പരിശോധിച്ചാൽ, അടിച്ചമർത്തൽ വ്യവസ്ഥയ്ക്കുള്ളിലെ സൂക്ഷ്മവും, പ്രത്യക്ഷവുമായ ചെറുത്തുനിൽപ്പിനുള്ള ഒരു ഉപാധിയായി വായന എന്ന സാംസ്കാരിക പ്രതിഭാസം മാറുന്നതെങ്ങനെ എന്നു മനസ്സിലാകും. സാമൂഹിക-സാമ്പത്തിക പരിമിതികളാൽ ബന്ധിതരായ ബീഡിതൊഴിലാളികൾ അവരുടെ ശബ്ദം അടിച്ചമർത്തുകയും അവരുടെ അധ്വാനത്തെ വിലകുറച്ച് കാണുകയും ചെയ്യുന്ന ഒരു സംവിധാനത്തിനുള്ളിലാണ് പ്രവർത്തിച്ചിരുന്നത്. "എവിടെയാണോ അധികാരമുള്ളത് അവിടെ പ്രതിരോധവുമുണ്ടാകും" (ഫൂക്കോ, 1976:95). സംഘടിക്കേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യവും തൊഴിലാളികൾ മനസ്സിലാക്കി. വായനയ്ക്കായി തെരഞ്ഞെടുത്ത പുസ്തകത്തിലെ കഥാപാത്രങ്ങൾ അടിച്ചമർത്തലിനും അസമത്വത്തിനും ചൂഷണത്തിനും എതിരായ പോരാട്ടങ്ങളുടെ പ്രതീകങ്ങളാണ്. അവരുടെ അനുഭവനങ്ങൾ തൊഴിലാളികളുടെ അനുഭവങ്ങളുമായി പ്രതിധ്വനിച്ചു. "രണ്ടിടങ്ങഴിയിലെ കേശവൻ നായരുടെ അനുഭവങ്ങൾ അസമത്വത്തിന്റെ ഘടനാപരമായ സ്വഭാവം ഉയർത്തിക്കാട്ടുകയും ബീഡിതൊഴിലാളികളെ തങ്ങളുടെ വർഗപദവിയെ പുതിയവെളിച്ചത്തിൽ കാണാൻ പ്രാപ്തരാക്കുകയും, തൊഴിലാളികൾ എന്ന നിലയിൽ നമ്മുടെ അവകാശങ്ങൾക്കായി ഒന്നിച്ച് പോരാടനുള്ള ഊർജം നൽകുകയുമുണ്ടായി" (നാരായണൻ, അഭിമുഖം). ദാരിദ്ര്യത്തിന്റെ ചങ്ങലകളിൽനിന്ന് മോചനം നേടാനുള്ള ജീൻവാൽജീനിന്റെ അനന്തമായ പോരാട്ടം ബീഡിതൊഴിലാളികളെ ആഴത്തിൽ സ്പർശിച്ചിരുന്നു എന്നും കോക്കാടൻ നാരായണൻ സാക്ഷ്യപ്പെടുത്തുകയുണ്ടായി.തൊഴിലാളികളെ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാൻമാരക്കുന്നതിനും, അവരുടെ പോരാട്ടാത്മകമായ ജീവിതത്തിലെ സമാനതകളുള്ള പ്രക്ഷോഭത്തിനായി അവബോധം സൃഷ്ടിക്കുന്നതിനും ഈ വായനയിലൂടെ നേടിയ അറിവ് കാരണമായി. തൊഴിലാളിവർഗത്തിന്റെ ശക്തിയും സംഘടിക്കേണ്ടതിന്റെ

ആവശ്യകതയും അവർ തിരിച്ചറിഞ്ഞത് ബീഡികമ്പനിയിൽ നിന്നുള്ള വായനയിലൂടെയായിരുന്നു. "കെ. ദാമോദരൻ പരിഭാഷപ്പെടുത്തിയ *കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ* കമ്പനിയിൽ വായിച്ചപ്പോൾ ഒരു കാര്യം മനസ്സിലായി. തൊഴിലാളികൾ സംഘടിച്ചാൽ ഒരു പുതിയ ലോകം നേടാം" (നായർ, 2016:25). മുതലാളിത്തചൂഷണത്തിനും, ഭരണകൂട ഭീകരതയ്ക്കുമെതിരെ പ്രക്ഷോഭങ്ങളും സമരങ്ങളും നയിക്കാൻ തൊഴിലാളികളെ ഉദ്ബുദ്ധരാക്കാനും, അവർക്കായി ഒരു സംഘടനയുണ്ടാക്കാനും പ്രചോദനമായത് ബീഡികമ്പനികളിലെ വായനയിൽനിന്നാണെന്ന് കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ഉജ്ജ്വല നേതാവായിരുന്ന സി കണ്ണൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. 1973ൽ നടന്ന സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സംയുക്തസമരം പരാജയപ്പെടുത്താൻ, സമരത്തിൽ പങ്കെടുക്കാതെ സ്കൂളിൽ ഹാജരാകാൻ വന്ന കരിങ്കാലി അധ്യാപകരെ വഴിയിൽ തടയാനുള്ള വർഗബഹുജന ബോധം ബീഡിതൊഴിലാളികൾക്കുണ്ടായത് ബീഡികമ്പനിയിലെ വായനയിൽനിന്ന് ലഭിച്ച പ്രചോദനത്തിൽനിന്നാണ് (അഭിമുഖം, സി നാരായണൻ). എല്ലാവരെയും തീറ്റിപോറ്റി തൊട്ടിൽമുതൽ ചുടലവരെ ജീവനോടെ നിലനിർത്തുന്ന ജൈവശക്തിയാണ് തൊഴിലാളികൾ എന്ന പിലഗേയനി ലോവ്നാവ്ലനോവിന്റെ പ്രസ്താവന തൊഴിലാളികൾ കരുത്തുള്ളവരാണെന്ന് കണ്ണനേയും കൂട്ടരെയും മനസ്സിലാക്കികൊടുത്തു. (നായർ, 2016:24)

വാമൊഴി സംസ്കാരം ഊട്ടിയുറപ്പിക്കുന്നതിലും സംരക്ഷിക്കുന്നതിലും ഒരു ബദൽ മാധ്യമ സംസ്കാരം രൂപപ്പെടുത്തിയെടുക്കുന്നതിലും ശബ്ദവായന നിർണായക പങ്കുവഹിച്ചിട്ടുണ്ട് .സംസാരം എന്നത് അർഥത്തിന്റെ യഥാർത്ഥ സൂചകവും, എഴുത്ത് ഉച്ചരിക്കപ്പെടുന്ന വാക്കിൽനിന്നുരുത്തിരിയുന്നവയുമാണ്.അതുകൊണ്ടുതന്നെ ഭാഷയുടെയും അതിന്റെ പ്രയോഗശൈലിയുടെയും സംരക്ഷണം ശബ്ദവായനയിലൂടെ സാധ്യമാകുന്നു. മാതൃഭാഷയിലൂടെയുള്ള വായിച്ച്കേൾപ്പിക്കൽ അതാതു കാലത്തെ ഭാഷാശൈലികളുടെ സൂക്ഷ്മാംശങ്ങളെയും പ്രയോഗശൈലികളെയും നിലനിർത്താനും, പ്രാദേശിക ഭാഷാഭേദങ്ങൾ സംരക്ഷിക്കാനും കാരണമായിത്തീർന്നിട്ടുണ്ട്. വാമൊഴി സംസ്കാരത്തെ ശക്തിപ്പെടുത്തുന്നതിന് ശബ്ദവായന ഒരു പ്രധാനപ്പെട്ട മാർഗമാണ്. സംസ്കാരികമായ അറിവുകളും, സാംസ്കാരിക മൂല്യങ്ങളും മറ്റുള്ളവർക്ക് പകർന്നു നല്കാൻ ഇത് നമ്മെ സഹായിച്ചിട്ടുണ്ട്. വാമൊഴിശൈലിയിൽ ഭാഷയുടെ വ്യാകരണവും രൂപവും കൂടുതൽ പ്രകടമായി അനുഭവപ്പെടുകയും

ശ്രോതാക്കൾക്ക് വായനയുടെ ഉള്ളടക്കം സമഗ്രമായ ഒരനുഭവമായി മാറുകയും ചെയ്യുന്നു. വാമൊഴി പാരമ്പര്യങ്ങൾ പലപ്പോഴും കഥപറച്ചിലിലും പാരായണത്തിലും വേരുന്നിയതാണ്. അക്ഷരാഭ്യാസമില്ലാത്ത, കേരളത്തിലെ പാർശ്വവൽകൃത സമൂഹത്തിന് വാമൊഴിസാഹിത്യം അവരുടെ ആത്മബോധത്തിന്റെ പ്രകടനമാർഗമായിരുന്നു. അടിച്ചമർത്തപ്പെട്ടവന്റെ ശബ്ദമായി മാറാനും, പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള സാധ്യത നല്കുക വഴി അവരെ ശാക്തീകരിക്കാനും ശബ്ദവായനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പത്രമാധ്യമങ്ങളിൽ വരുന്ന വാർത്തകളെ വായിക്കുകയും ശ്രവിക്കുകയും ചെയ്ത് അവയെ വിശകലനംചെയ്യാനും മാധ്യമ അജണ്ടകൾക്കനുസരിച്ച് വക്രീകരികരിക്കുന്നത് തിരിച്ചറിയാനും അങ്ങനെ ഒരു ബദൽ മാധ്യമസംസ്കാരം എന്ന ആശയം മുന്നോട്ടുവയ്ക്കാനും ബീഡികമ്പനിയിലെ വായന തുടക്കംകുറിച്ചതായി മടിക്കൈ ചാളക്കടവ് ബീഡികമ്പനിയിലെ വായനക്കാരനായിരുന്ന, ഇന്ന് ചാളക്കടവ് ടി എസ്സ് തിരുമുമ്പ് വായനശാലയുടെ നിർവാഹകസമിതി അംഗംകൂടിയായ ഓ വി നാരായണൻ പ്രബന്ധകർത്താവുമായി നടത്തിയ അഭിമുഖത്തിൽ പങ്കുവെച്ചകാര്യമാണ്.

ഉപസംഗ്രഹം

തൊഴിലാളികൾക്ക് ബീഡികമ്പനി പണിശാല മാത്രമല്ല, പാഠശാല കൂടിയായിരുന്നു. സ്കൂൾവിദ്യാഭാസം മുന്നോട്ടുവയ്ക്കുന്ന സങ്കുചിതമായ അറിവനുഭവങ്ങളിൽനിന്നും മാറി സ്വതന്ത്രമായ ചിന്താപദ്ധതിയിലൂന്നിയ പുതിയ അറിവിന്റെ നിർമാണശാലയായിരുന്ന ഈ തൊഴിലിടങ്ങൾ. അറിവും അധ്വാനിക്കുന്നവരും തമ്മിലുള്ള സങ്കീർണവും എന്നാൽ പ്രയോജനപ്രദവുമായ പുതിയൊരു ബന്ധം ഉടലെടുക്കുന്നതിന് ഇത് കാരണമായി. തൊഴിൽസംസ്കാരത്തെയും തന്റെ സ്വത്വബോധത്തെയും പുനർനിർണയിക്കാൻ ഇത് തൊഴിലാളികളെ സഹായിച്ചു. അറിവിന്റെ ഏകാധിപത്യവൽക്കരണത്തെ/അമൂല്യവൽക്കരണത്തെ ശബ്ദവായന ഉടച്ചുവാർത്തു. അതിജീവനത്തിനായി തന്റെ മുഴുവൻ സമയവും തൊഴിലിടത്തിൽ ചെലവഴിക്കേണ്ടിവരുന്ന അരികുവൽക്കരിക്കപ്പെട്ട ഒരു കൂട്ടം ആളുകൾക്ക് അറിവുനേടാനുള്ള മുഖ്യ ഉപാധിയായി ശബ്ദവായന മാറി. ഉയർന്ന വിദ്യാഭ്യാസം നേടിയ ഒരു ന്യൂനപക്ഷം കയ്യടക്കിവച്ചിരുന്ന വ്യവഹാരങ്ങളിൽ തൊഴിലാളികൾ അദൃശ്യസ്വത്വങ്ങളായി. അറിവിന്റെ വ്യവസ്ഥാപിതമായ മണ്ഡലത്തിലേക്കുള്ള തൊഴിലാളിയുടെ കടന്നുവരവിന് ശബ്ദവായന കാരണമായിത്തീർന്നു. ആ അർഥത്തിൽ വ്യവസ്ഥാപിതമായ

അറിവ് എന്ന വ്യവഹാരത്തിന്റെ ജനകീയവൽക്കരണം ശബ്ദവായന എന്ന പ്രക്രിയ സാധ്യമാക്കി. വടക്കേ മലബാറിന്റെ സാമൂഹ്യ-രാഷ്ട്രീയ പരിസരങ്ങളെ നേരിട്ട് സ്വാധീനിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് വിവർശനാത്മകമായ ധാരണ വളർത്തിയെടുക്കാനും അവയിലിടപെടാനും സമൂഹത്തിൽ നിലനിന്നിരുന്ന അധികാരഘടനയെ പ്രതിരോധിക്കാനുള്ള ഒരു ഉപകരണവുമായി ശബ്ദവായന വടക്കേമലബാറിലെ ബീഡിത്തൊഴിലാളികളുടെ ജീവിതത്തിൽ നിർണായക ശക്തിയായിമാറി.

അവലംബിതസൂചിക

- ജി ഡി നായർ, സി കണ്ണൻ, ചിന്ത പബ്ളിഷേഴ്സ്, തിരുവനന്തപുരം, 2016
- കണ്ണൻ, സി, 'ബീഡിപ്രസ്ഥാനത്തിന്റെ ചരിത്രത്തിലെക്കൊരു എത്തിനോട്ടം' കേരള ദിനേശ്ബീഡി സുവർണജൂബിലി സ്മരണിക, 2019, പു.52.
- മോഹനൻ, നരീക്കുട്ടി., 'ഒരോർമയുടെ ഇഴകൾ', അഖിലേന്ത്യാ ബീഡി വർക്കേർസ് ഫെഡറേഷൻ (സി ഐ ടി യു) എട്ടാം ദേശീയ സമ്മേളന സ്മരണിക, 2022, പു. 108-09.
- പ്രഭാകരൻ, കെ., 'ദിനേശിന്റെ നാൾവഴികൾ' കേരള ദിനേശ്ബീഡി സുവർണജൂബിലി സ്മരണിക, 2019, പു. 48
- പ്രസാദ്, കണ്ണോത്ത്., 'കുന്നിറങ്ങിപ്പോയവർ', അകം, കൈരളി പബ്ലിക്കേഷൻസ്, 2016, പു.10.
- Anderson, Benedict. Imagined Communities: Reflections on the Origin and Spread of Nationalism, Verso, 1983. pp. 44-46
- Brecht, Bertolt. 'Praise of Learning', Political Posters, Labadie collection, University of Michigan. http://quod.lib.umich.edu/l/lbc2ic/x-sclp0451/sclp_0451.
- Cowan, Brian.'Mr.Spectator and Coffeehouse Public Sphere' Eighteenth-Century Studies, Vol.37, No.3, Spring, 2004, p.345.
- Chekov, Anton. Best Short stories of Anton Chekov, Jaico Publishing House, Mumbai, 2016.
- Derrida, Jaques. Speech and Phenomena and Other Essays on Husserl's Theory of Signs, Ed. David B Allison and Newton Garver, Northwestern University Press, 1973.

- Fisher, John . 'Plato on Writing and Doing Philosophy' _Journal of the History of the Ideas , Vol 27, No .2, Apr - June, 1966, p.169.
- Greetz, Clifford. 'Blurred Genres:The Refiguration of Social Thought' *The Americal Scholar*, Vol, 49, No.2, spring 1980, pp.165-169.
- Habermas, Jurgen.The Structural Transformation of the Public Sphere: An Inquiry into a Category of Bourgeois Society, Trans. Thomas Burger, The MIT Press, Masaachusetts, 1989.
- Poplawski, Paul. English Literature in Context, Cambridge University Press, 2008, p.146.
- Thompson, E P.The Making of the English Working Class, Vintage Books NewYork, 1963 pp. 189-212.
- Tinojero, Araseli. El Lector : A History of the Cigar Factory Reader.Trans. Judith.E Grasberg, University of Texas Press, 2010.

ആവേദകസൂചി

1. സി. നാരായണൻ, വയസ്സ്.75, ചിറക്കുണ്ടിൽ, തിരുനെല്ലികൊവ്വൽ, മാണിയാട്ട് (പി ഒ), കാസർഗോഡ് ജില്ല
2. കോക്കാടൻ നാരായണൻ, വയസ്സ് 69, കാങ്കോൽ, പയ്യന്നൂർ, കണ്ണൂർ ജില്ല
3. പി കുഞ്ഞിക്കൃഷ്ണൻ നായർ, വയസ്സ് 60, പടിഞ്ഞാറ്റംകൊഴുവൽ, നീലേശ്വരം (പി ഒ), കാസർഗോഡ് ജില്ല
4. ഓ.വി.നാരായണൻ, വയസ്സ്. 63, ചാളക്കടവ്, മടിക്കൈ, നീലേശ്വരം (പി ഒ) കാസർഗോഡ് ജില്ല

തുടി റിസർച്ച് ജേണൽ • ISSN-2320-8880 • വാല്യം-12 • ലക്കം-3 •

വിമോചന സമരം; അച്ചടി മാധ്യമങ്ങളുടെ സ്വാധീനവും താല്പര്യങ്ങളും

മുഹമ്മദ് ആഷിക് എൻ.പി. & ഷിജു സി.പി.
ഗവേഷകർ, ഡിപ്പാർട്ടമെന്റ് ഓഫ് ജേർണലിസം ആൻഡ് മീഡിയ സ്റ്റഡീസ്,
കണ്ണൂർ സർവകലാശാല

പ്രബന്ധസംഗ്രഹം:

അച്ചടി മാധ്യമങ്ങൾക്ക് നമ്മുടെ സമൂഹത്തിൽ ചെറുതല്ലാത്ത സ്വാധീനം നിലനിൽക്കുന്നുണ്ട്. സ്വാതന്ത്ര്യ സമരത്തിലും സ്വാതന്ത്ര്യാനന്തര കേരള സംസ്ഥാന രൂപീകരണത്തിലും കേരളത്തിലെ നവോത്ഥാന മുന്നേറ്റങ്ങളിലും അച്ചടി മാധ്യമങ്ങൾ നൽകിയ സംഭാവന വിസ്മരിക്കാനാകാത്തതാണ്. എന്നാൽ ഐക്യകേരള രൂപീകരണത്തിന് ശേഷം കേരളത്തിൽ ഉടലെടുത്ത രാഷ്ട്രീയ-സാമൂഹ്യ മാറ്റങ്ങൾ പല പത്രങ്ങളും രൂപീകരണ ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കുന്നതിലേക്ക് നയിച്ചു. കേരളപ്പിറവിക്ക് ശേഷം സംസ്ഥാനത്ത് ശക്തിപ്പെട്ട ഇടതുപക്ഷ മുന്നേറ്റങ്ങളെ തടുത്തുനിർത്തുക എന്നത് വലതു പാർട്ടികൾക്കെന്ന പോലെ സാമുദായിക, കച്ചവട താല്പര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന പത്രങ്ങളുടെയും ആവശ്യമായി മാറി.

പ്രതീക്ഷകളുടെ നവകേരള സങ്കല്പങ്ങളിലേക്ക് നാം കാലെടുത്തുവെക്കുന്ന വേളയിൽ ചരിത്രസന്ധികളിൽ കേരളത്തിലെ മാധ്യമങ്ങൾ

പുരോഗമന ആശയങ്ങളോടും വികസന കാഴ്ചപ്പാടുകളോടും എങ്ങനെ പ്രതികരിച്ചു എന്ന് കൂടി പരിശോധിക്കേണ്ടതുണ്ട്. കേരളത്തിലെ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ കൈകൊണ്ട പുരോഗമനപരമായ നിലപാടുകളോടും ഭൂപരിഷ്കരണം, വിദ്യാഭ്യാസ ബിൽ തുടങ്ങിയ വിപ്ലവകരമായ നിയമ നിർമാണങ്ങളോടും പത്രങ്ങൾ എങ്ങനെ പ്രതികരിച്ചുവെന്നും പ്രചണ്ഡമായ കുപ്രചാരണങ്ങളിലൂടെ ആ സർക്കാരിനെ താഴെയിറക്കുവാൻ വിവിധ മത-സാമുദായിക സംഘടനകളോട് ചേർന്ന് കൊണ്ട് ഏത് രീതിയിൽ പ്രവർത്തിച്ചുവെന്നുമാണ് ഗവേഷകൻ ഈ പ്രബന്ധത്തിലൂടെ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. ഒന്നാം ഇഎംഎസ് സർക്കാരിന്റെ ഭരണകാലത്ത് അരങ്ങേറിയ സംഭവങ്ങളെ ആസ്പദമാക്കിയാണ് ഈ പ്രബന്ധം തയ്യാറാക്കിയിട്ടുള്ളത്.

താക്കോൽ വാക്കുകൾ:

അച്ചടി മാധ്യമങ്ങൾ, പത്രം, വിമോചന സമരം, മാധ്യമങ്ങളുടെ സ്വാധീനം, ഇടതുപക്ഷ മുന്നേറ്റം, വലതുപക്ഷ രാഷ്ട്രീയം, മുതലാളിത്തം, രാഷ്ട്രീയ താല്പര്യങ്ങൾ, ഇഎംഎസ് സർക്കാർ

ആമുഖം

ഇരുപത്തി ഒന്നാംനൂറ്റാണ്ടിന്റെ ആയുധം എന്നാണ് മാധ്യമങ്ങൾ വിശേഷിപ്പിക്കപ്പെടുന്നത്. മാധ്യമങ്ങൾ മനുഷ്യജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം അത്ര ചെറുതല്ല. ഭാഷ, സംസ്കാരം, വിശ്വാസം, രാഷ്ട്രീയം എന്ന് തുടങ്ങി ഒരു വ്യക്തി ജീവിതത്തിലുടനീളമെടുക്കുന്ന തീരുമാനങ്ങളിലെല്ലാം മാധ്യമങ്ങൾ നിർണായകമായ സ്വാധീനം ചെലുത്തുന്നുണ്ട് (Chomsky, 1997). സമൂഹത്തെ നേർവഴിക്ക് നയിക്കാനും നേർവഴിയിലുള്ള സമൂഹത്തെ പിന്നോട്ട് നടത്താനും മാധ്യമങ്ങൾക്ക് കഴിയുന്നുണ്ട്.

സമൂഹത്തിന്റെ മാറ്റത്തിനുള്ള ശക്തമായ പ്രചോദനം മാധ്യമങ്ങളാണ്. മാധ്യമങ്ങളുടെ സ്വാധീന ഫലമായി സംഭവിക്കുന്ന പൊതുസമൂഹ പരിണാമങ്ങളാണ് ജനപക്ഷരാഷ്ട്രനിർമിതിയുടെ ഊർജസ്രോതസ്സ് (Calhoun, 1988)). സമൂഹത്തിൽ പൗരന്മാരെ പുതിയ ആശയങ്ങളെക്കുറിച്ച് ബോധവത്കരിക്കുന്നതിൽ മാധ്യമങ്ങൾ നിർണായക പങ്ക് വഹിക്കുന്നുണ്ട്. ജനകീയ രാഷ്ട്രീയ മുന്നേറ്റങ്ങൾക്ക് മാധ്യമങ്ങൾ

നൽകുന്ന പ്രചാരവും പിൻബലവും ഇന്ന് ഏറെ ചർച്ചചെയ്യപ്പെടുന്ന വിഷയമാണ്. ജാതിവ്യവസ്ഥയും സാമ്പത്തിക അസമത്വവും തൊഴിലാളി-കർഷക ചൂഷണവും കൊടികുത്തിവാണിരുന്ന കേരളത്തെ ഇന്ന് കാണുന്ന രീതിയിൽ മാറ്റിത്തീർത്തതിൽ മാധ്യമങ്ങളുടെ പങ്ക് വിസ്മരിച്ചുകൂടാ. കേരളത്തിന്റെ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക ചരിത്രത്തിൽ നിർണ്ണായക സ്ഥാനമാണ് അച്ചടി മാധ്യമങ്ങൾക്കുള്ളത്. ഇന്ത്യയുടെ സ്വാതന്ത്ര്യ സമര കാലം മുതൽ പത്രങ്ങളുടെ പ്രസക്തി ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ദൈനംദിന വാർത്തകളും വിവരങ്ങളും പങ്കുവയ്ക്കുന്നതിലുപരി കേരളത്തിലെ ജനജീവിതത്തിൽ നിർണ്ണായക ഇടപെടലുകൾ അച്ചടി മാധ്യമങ്ങൾ നടത്തിയിട്ടുണ്ട്. കേരളീയ സമൂഹ രൂപീകരണത്തിൽ മാധ്യമങ്ങൾ വിശിഷ്യാ അച്ചടി മാധ്യമങ്ങൾ ചെലുത്തിയ സ്വാധീനം എത്രത്തോളമെന്നാണ് വിവിധ ചരിത്ര ഗ്രന്ഥങ്ങളുടെ വിശകലനങ്ങളിലൂടെ ഗവേഷകൻ കണ്ടെത്താൻ ശ്രമിക്കുന്നത്.

കേരളത്തിലെ മഹത്തായ നവോത്ഥാന പ്രക്രിയയിൽ മാധ്യമങ്ങൾ വഹിച്ച പങ്ക് അനുസ്മരണീയമാണ്. എന്നാൽ സ്വാതന്ത്ര്യാനന്തരം കേരളത്തിലെ മാധ്യമങ്ങളുടെ സാമൂഹിക ബോധത്തിലുണ്ടായ വ്യതിയാനം ചർച്ച ചെയ്യപ്പെടേണ്ടതാണ്. സാമൂഹിക പരിഷ്കരണ ആശയങ്ങളിൽ നിന്ന് മാറി സാമ്പത്തിക-രാഷ്ട്രീയ മുതലെടുപ്പിനുള്ള ഉപാധിയായി മാധ്യമങ്ങൾ മാറിയതിന് കേരളം സാക്ഷ്യം വഹിച്ചു (സത്യരാജ്, 2014)). നോം ചോംസ്കിയുടെ അമേരിക്കൻ മാധ്യമങ്ങളിൽ നടത്തിയ പഠനം തെളിയിക്കുന്നത് ഉടമസ്ഥത, കച്ചവട താല്പര്യങ്ങൾ, രാഷ്ട്രീയ താല്പര്യങ്ങൾ എന്നിവ മാധ്യമങ്ങളുടെ ഉള്ളടക്കത്തെയും ബാധിക്കും എന്നാണ്. അദ്ദേഹത്തിന്റെ മാനുഫാക്ചറിംഗ് കൺസെന്റ്: ദി പൊളിറ്റിക്കൽ എക്കണോമി ഓഫ് ദി മാസ് മീഡിയ എന്ന പുസ്തകത്തിലെ പ്രധാനപ്പെട്ട മറ്റൊരു നിരീക്ഷണം കമ്മ്യൂണിസ്റ്റ് വിരോധം മാധ്യമങ്ങളുടെ എഡിറ്റോറിയൽ, ഉള്ളടക്കം സംബന്ധിച്ച തീരുമാനങ്ങളെ സ്വാധീനിക്കുന്നതിൽ കച്ചവട-രാഷ്ട്രീയ താല്പര്യങ്ങൾക്കുമൊപ്പം പ്രധാനപ്പെട്ട ഘടകമായി മാറുന്നുവെന്നാണ് (ചോംസ്കി & ഹെർമൻ 2010). കേരള സംസ്ഥാന രൂപീകരണം മുതൽ കേരളത്തിലെ മാധ്യമങ്ങളുടെ കമ്മ്യൂണിസ്റ്റ് വിരോധവും അതിലധിഷ്ഠിതമായ മാധ്യമ പ്രവർത്തനവും പ്രകടമാണ്. കേരളത്തിലെ മുഖ്യധാരാ അച്ചടി മാധ്യമങ്ങൾ ഉടമസ്ഥരുടെ കച്ചവട-രാഷ്ട്രീയ താൽപര്യങ്ങൾക്കനുസരിച്ച് നടത്തുന്ന പ്രചാരവേലകൾക്കിടയിലും സത്യത്തോട് ചേർന്ന് നിൽക്കുന്ന ബദൽ മാധ്യമ പ്രവർത്തനം

നിലനിൽക്കുന്നത് കൊണ്ടാണ് കേരളം പഴയ ഇരുണ്ട കാലത്തിന്റെ അവശേഷിപ്പു കളിലേക്ക് തിരിച്ചു നടക്കാത്തത്.

ഇന്ന് മുതലാളിത്ത സാമൂഹ്യവ്യവസ്ഥയിൽ ലാഭേച്ഛയോടെ പ്രവർത്തിക്കു ന്ന മിക്ക മാധ്യമങ്ങളും ഒന്നാം ഇഎംഎസ് സർക്കാരിന്റെ കാലം മുതൽ തന്നെ ഇടതുപക്ഷ വിരുദ്ധജ്വരം പടർത്തുന്നവരാണ്. കേരളത്തെ ഇന്നത്തെ നിലയി ലെത്തിക്കുന്നതിൽ നവോത്ഥാന പ്രസ്ഥാനങ്ങൾക്കൊപ്പം തന്നെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കും അതിന്റെ നേതാക്കൾക്കും പങ്കുണ്ട്. ഈ പരിശ്രമത്തിൽ സ്വാ ഭാവികമായ അടിച്ചമർത്തലുകളും എതിർപ്പുകളും ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് നേരിടേണ്ടി വന്നിട്ടുണ്ട്. ആഗോളതലത്തിൽ മർദിത ഭരണകൂടങ്ങളിൽ നിന്നും പാശ്ചാത്യ ശക്തികളിൽ നിന്നും ഇടതുപക്ഷ പ്രസ്ഥാനങ്ങൾ നേരിടുകൊണ്ടിരുന്ന അടിച്ചമർത്തലുകൾക്കും വേട്ടയാടലുകൾക്കും വ്യത്യസ്തമായി തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തിയിട്ടും മാധ്യമങ്ങളെ ഉപയോഗിച്ചുള്ള ആശയപരമായ വേട്ട യാടലുകളാണ് കേരളത്തിലെ ഇടതുപക്ഷം നേരിട്ടത് (ഇഎംഎസ്, 2012).

മാധ്യമങ്ങളുടെ പ്രവർത്തന രീതി, വാർത്തകളുടെ തെരഞ്ഞെടുപ്പ്, സാധാരണ ജനങ്ങളെ സംബന്ധിക്കുന്ന പ്രശ്നങ്ങളിൽ അവർ സ്വീകരിക്കുന്ന നില പാടുകൾ തുടങ്ങിയ വിഷയങ്ങൾ മുൻനിർത്തി ലണ്ടനിലെ മീഡിയ സ്റ്റാൻഡേർഡ് ട്രസ്റ്റ് നടത്തിയ ഗവേഷണം മാധ്യമങ്ങളുടെ ഇരട്ടത്താപ്പും കച്ചവട-രാഷ്ട്രീയ താല്പ ര്യങ്ങളുടെ അതിപ്രസരവും മാധ്യമങ്ങളെ ഗ്രസിച്ചിരിക്കുന്ന മൂല്യച്യുതിയും അടിവര യിടുന്നതാണ്. തങ്ങളുടെയും തങ്ങളുടെ രാഷ്ട്രീയ കൂട്ടാളികളുടെയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി സംഭവങ്ങളെ തെറ്റായി ചിത്രീകരിച്ചും വാർത്തകൾ വളച്ചൊടിച്ചും രാഷ്ട്രീയ പകപോക്കലുകൾക്ക് മാധ്യമങ്ങളെ ദുരുപയോഗം ചെയ്തും ചിലർ മാധ്യമങ്ങളുടെ വിശ്വാസ്യത കെടുത്തിയെന്ന് മീഡിയ സ്റ്റാൻഡേർഡ് ട്രസ്ടി ന്റെ പഠനം വിലയിരുത്തുന്നു. മാധ്യമ മൂല്യങ്ങളുടെ തകർച്ച കേരളത്തിൽ ഒന്നാം ഇഎംഎസ് സർക്കാരിന്റെ കാലത്ത് തന്നെ പ്രകടമാണ് (സുരേന്ദ്രൻ, 2014).

സ്വാതന്ത്ര്യത്തിന് മുമ്പുംകേരളത്തിലെ മാധ്യമങ്ങളിൽ രണ്ടു ധാരകൾ നിലനിന്നിരുന്നു. ബ്രിട്ടീഷ് കോളനിഭരണത്തെ അംഗീകരിക്കുകയും രാജവാഴ്ചക്ക് വാഴ്ത്തുപാടുന്നവരും ഒരു വശത്തും അതിനെ എതിർക്കുന്നവരും സ്വാതന്ത്ര്യദാഹി കളുമായ മാധ്യമസ്ഥാപനങ്ങൾ മറുവശത്തും. മലയാള മനോരമ, ദീപിക തുടങ്ങിയ പത്രങ്ങളായിരുന്നു ആദ്യഗണത്തിൽ പെട്ടിരുന്നത്. സ്വാതന്ത്ര്യ സമരത്തോട് കൂറ് പു

ലർത്തുന്ന എന്ന തോന്നൽ ജനങ്ങളിലുണ്ടാക്കി ബ്രിട്ടീഷ് കോളനിവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നവരായിരുന്ന അത്തരം മാധ്യമങ്ങൾ. മതം, കച്ചവട താല്പര്യങ്ങൾ തുടങ്ങിയവ അവരെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങളായിരുന്നു. മറുവശത്ത് ദേശീയപ്രസ്ഥാനത്തോട് ചേർന്നു നിന്ന് കോളനിവൽക്കരണത്തിനെതിരെ നിരന്തരം പോരാടിയ പത്രങ്ങളായിരുന്ന ദേശാഭിമാനി, ജനയുഗം, മാതൃഭൂമി, പ്രഭാതം, കേസരി തുടങ്ങിയവ. സ്വാതന്ത്ര്യാനന്തരം ജന്മി-ഭൂപ്രഭുക്കന്മാരുടെയും വിദ്യാഭ്യാസ കച്ചവടക്കാരുടെയും ജിഹ്വയായി പ്രവർത്തിച്ച മനോരമയും ദീപികയുമടങ്ങുന്ന വലതുപക്ഷ മാധ്യമങ്ങൾ കേരളത്തിലെ സാമൂഹിക-സാംസ്കാരിക മേഖലയിൽ സൃഷ്ടിച്ച ദൂരവ്യാപക പ്രത്യാഘാതങ്ങളുടെയും അവരുടെ വാർത്താവിന്യാസരീതികളുടെയും ഉപോല്പന്നവുമായിരുന്ന ഒന്നാം ഇഎംഎസ് സർക്കാരിനെ താഴെയിറക്കിയ വിമോചന സമരമെന്ന് പിൽക്കാലങ്ങളിൽ നടന്ന പല പഠനങ്ങളും തെളിയിക്കുന്നു (തോമസ് ഐസക്, 2017).

അന്താരാഷ്ട്ര തലത്തിൽ മാധ്യമങ്ങൾ ഭരണകൂട താല്പര്യങ്ങൾ സംരക്ഷിക്കാനുള്ള പുകമറയായി മാറുമ്പോൾ കേരളത്തിൽ തുടക്കകാലം മുതൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് നേരെയാണ് അവർ വിവാദങ്ങളുടെ കുന്തമുന അഴിച്ചുവിടുന്നത്. അതിന് പ്രതിരോധം എന്ന നിലയിലാണ് ദേശാഭിമാനി അടക്കമുള്ള ഇടതുപക്ഷ അച്ചടി മാധ്യമങ്ങൾ ഉയർന്നു വന്നിട്ടുള്ളത്. ഇഎംഎസ് സർക്കാർ മുന്നോട്ട് വെച്ച പുരോഗമന കാഴ്ചപ്പാടുകളോടുള്ള വലതുപക്ഷ മാധ്യമങ്ങളുടെ പ്രചാരണവും അതിനെ പ്രതിരോധിച്ചു കൊണ്ടുള്ള ഇടതു ബദൽ മധ്യപ്രവർത്തനവും ചരിത്രം ഇഴകീറി പരിശോധിക്കുമ്പോൾ നമുക്ക് കാണാം.

കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയും അച്ചടി മാധ്യമങ്ങളും ആദ്യമായി നേരിട്ടേറ്റുമുട്ടിയ വേദിയായിരുന്നു ഐക്യ കേരളത്തിലെ ആദ്യത്തെ നിയമസഭാ തെരഞ്ഞെടുപ്പ്. ശക്തമായ മാധ്യമ കുപ്രചാരണങ്ങൾക്കിടയിലും പ്രധാന എതിരാളിയായ കോൺഗ്രസിനെ തോൽപ്പിച്ച കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലെത്തിയത് കോൺഗ്രസിനെയും മാധ്യമ മുതലാളിമാരെയും കൂടുതൽ അടുപ്പിച്ചു. ഭൂപരിഷ്കരണം, വിദ്യാഭ്യാസ ബിൽ, ഭരണപരിഷ്കാരം തുടങ്ങിയ ഒന്നാം ഇഎംഎസ് സർക്കാരിന്റെ നയങ്ങൾ ജന്മി-സവർണ നേതാക്കളുടെ കുത്തകയായിരുന്ന കോൺഗ്രസിനെ ചൊടിപ്പിച്ചു. അന്ന് വരെ വിദ്യാഭ്യാസ മേഖലയിൽ സമഗ്രാധിപത്യം പുലർത്തിയിരുന്ന മത, ജാതി സംഘടനകളും അവർക്കൊപ്പം ചേർന്നപ്പോൾ കേരളത്തിലെ

ആദ്യത്തെ മന്ത്രിസഭയ്ക്കെതിരായുള്ള പ്രക്ഷുബ്ധ പോരാട്ടത്തിന് കാഹളം മുഴങ്ങി. 1957 ഏപ്രിൽ അഞ്ചിന് ഒന്നാം ഇഎംഎസ് സർക്കാർ അധികാരത്തിലേറുമ്പോൾ കേരളത്തിലുണ്ടായിരുന്നത് 19 മലയാളം പത്രങ്ങളായിരുന്നു. അവയ്ക്കെല്ലാം കൂടി പ്രതിദിനം രണ്ടരലക്ഷം കോപ്പികളാണ് സർക്കുലേഷൻ ഉണ്ടായിരുന്നത്. എന്നാൽ 1959 ജൂലൈ 31 ന് കേരളത്തിൽ നിയമസഭ പിരിച്ചുവിട്ട് രാഷ്ട്രപതി ഭരണമേർപ്പെടുത്തിയ ഘട്ടത്തിൽ പ്രചാരണത്തിൽ ഉണ്ടായിരുന്നത് 30 പത്രങ്ങളും അവയുടെ സർക്കുലേഷൻ ആറുലക്ഷവും ആയിരുന്നു. ഇവയിൽ ഭൂരിഭാഗവും മത, ജാതി സംഘടനകളുടെയോ വലതുപക്ഷ രാഷ്ട്രീയപാർട്ടികളുടെ ബിനാമികളുടെയോ ഉടമസ്ഥതയിൽ ഉള്ളതായിരുന്നു. വിമോചന സമരത്തിന് കോപ്പ് കൂട്ടുന്നതിലും ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു കൊണ്ട് സർക്കാരിനെതിരെ തെരുവിലറക്കുന്നതിലും ജാതി-മത സംഘടനകളും വലത് പാർട്ടികളും മാധ്യമങ്ങളെ എത്രത്തോളം ഉപയോഗിച്ചു എന്നതിന് വേറെ തെളിവുകൾ നൽകേണ്ടതില്ല (സുരേന്ദ്രൻ, 2014).

വലതുപക്ഷ പാർട്ടികളും ജാതി-മത സംഘടനകളും കേരളത്തിൽ നിലനിന്നിരുന്ന ജന്മി-നാടുവാഴി-മുതലാളിത്ത ഭരണകൂടങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ കച്ചകെട്ടിയിറങ്ങിയപ്പോൾ അവർക്കനുകൂലമായ പൊതുമണ്ഡലം സൃഷ്ടിക്കുന്നതിന് വേണ്ടി അന്നത്തെ മാധ്യമങ്ങൾ പരസ്പര അഭിപ്രായ വ്യത്യാസങ്ങൾ മറന്നു കൊണ്ട് സർക്കാരിനെതിരെ അണിനിരന്നു. കേരള സർക്കാരിനെ പിന്തുണച്ചത് ദേശാഭിമാനി, ജനയുഗം എന്നീ പത്രങ്ങൾ മാത്രമായിരുന്നു. മാതൃഭൂമിയും ലത്തീൻ കത്തോലിക്കാ സഭയുടെ കേരള ടൈംസും ആദ്യ ഘട്ടത്തിൽ സർക്കാരിനെ പിന്തുണച്ചിരുന്നു. വാസ്തവത്തിൽ കേരള സർക്കാരിനെതിരെ ബഹുജനപ്രക്ഷോഭമോ ജനകീയ സമരങ്ങളോ ഉയർന്നു വന്നിരുന്നില്ല. തങ്ങളുടെ സ്വാർത്ഥ താല്പര്യങ്ങൾ സംരക്ഷിക്കുനന്തിന് വേണ്ടി ചില മത-സാമുദായിക പ്രമാണിമാരുടെ ഗൂഢനീക്കങ്ങളാണ് വിമോചന സമരത്തിലേക്ക് നയിച്ചത്. ആസൂത്രിതവും ബോധപൂർവ്വവുമായ കള്ളപ്രചാരണങ്ങളിലൂടെ മാധ്യമങ്ങൾ നൽകിയ പിൻബലവും വിമോചന സമരത്തിന് കരുത്തേകി.

വിമോചന സമരത്തിന് ജനകീയ പിന്തുണ നേടിക്കൊടുത്ത പ്രധാന പ്രചാരണങ്ങളായിരുന്നു കേരളത്തിൽ ക്രമസമാധാന നില തകർന്നെന്നും പോലീസ് സ്റ്റേഷനുകൾ പാർട്ടി സെല്ലുകളായി മാറി എന്നതും. വാസ്തവവിരുദ്ധമായിരുന്നെങ്കിലും മനോരമ ഉൾപ്പെടെയുള്ള മാധ്യമങ്ങൾ അമിത പ്രാധാന്യത്തോട് കൂടി ഇത്തരം

വാർത്തകൾ പ്രചരിപ്പിച്ചതോടെ ജനങ്ങൾക്കിടയിൽ ആശങ്ക സൃഷ്ടിക്കപ്പെടുകയും ഇടതുവിരുദ്ധത സൃഷ്ടിച്ചെടുക്കുകയും ചെയ്തു. ഒറ്റപ്പെട്ട പ്രാദേശിക പ്രശ്നങ്ങളെ പർവ്വതീകരിച്ചും ചെറിയ സംഭവങ്ങളെ വരെ ഊതി വീർപ്പിച്ച് തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ പ്രചരിപ്പിക്കുകയായിരുന്നു മാധ്യമങ്ങൾ ചെയ്തിരുന്നത്. തൃശ്ശൂർ സീതാറാം മിൽസ് സമരം, കണ്ണൂർ കാട്ടാമ്പള്ളിയിലെ പുറമ്പോക്ക് ഭൂമി സമരം, കിളികൊ ല്ലൂർ, ചന്ദനത്തോപ്പ് എന്നിവിടങ്ങളിലെ വെടിവെയ്പ്പ് കൂട്ടനാട്ടിൽ നടന്ന ഒരണ സമരം എന്നിവ ഇതിന് ഉദാഹരണങ്ങളാണ്. ഈ സംഭവങ്ങളെ പൊടിക്കൈകൾ ചേർത്ത് മാധ്യമങ്ങൾ സംസ്ഥാനവ്യാപകമായി പ്രചരിപ്പിക്കുകയും സംസ്ഥാന ത്തെ ക്രമസമാധാന നില തകർന്നെന്നുമുള്ള പ്രചാരണങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

കേരളത്തിലെ വലതുപക്ഷ രാഷ്ട്രീയ നേതാക്കൾക്ക് വളർന്നു വരാനുള്ള നിലം മാധ്യമങ്ങൾ ഒരുക്കിക്കൊടുക്കുന്നത് എങ്ങനെയാണെന്ന് ഉദാഹരണ സഹിതം വ്യക്തമാക്കാം. കോൺഗ്രസ് നേതാക്കളായ എകെ ആന്റണി, ഉമ്മൻചാ ണ്ടി, വയലാർ രവി തുടങ്ങിയവർ നേതാക്കളായി മാറിയ സമരമായിരുന്നു ഒരണ സമരം. കൂട്ടനാട്ടിലെ ഒരു ബോട്ടുകടവിലാണ് ഈ സമരം ആരംഭിക്കുന്നത്. വർ ഷങ്ങളായുള്ള കൂട്ടനാട്ടിലെ വിദ്യാർത്ഥികൾക്കുള്ള കടത്തുകൂലിയായ ഒരണയിൽ നിന്ന് പത്തുപൈസയാക്കി ഇഎംഎസ് സർക്കാർ ഉയർത്തിയെന്ന പ്രചാരണം ഉയർന്നു വരികയും പ്രതിപക്ഷ പാർട്ടികൾ വിദ്യാർത്ഥികളെ തെരുവിലിറക്കുകയും ചെയ്തു. എന്നാൽ യഥാർത്ഥത്തിൽ സർക്കാർ അങ്ങനെയൊരു തീരുമാനമെടു ത്തിരുന്നില്ല. പൊതുജനങ്ങളെ പറഞ്ഞുമനസ്സിലാക്കുന്നതിനും മുമ്പ് തന്നെ സമര സന്ദേശം ജനങ്ങളിലേക്കെത്തിക്കാൻ പത്രങ്ങൾ മത്സരിച്ചു. മനോരമയും ദീപികയു മടക്കമുള്ള പത്രങ്ങളുടെ ഉൾപ്പേജുകൾ വിദ്യാർഥിസമരങ്ങളാൽ നിറഞ്ഞു. കോൺ ഗ്രസ് വിദ്യാർത്ഥി നേതാക്കൾക്ക് പത്രത്താളുകളിൽ അർഹിക്കുന്നതിലും അധികം പ്രാധാന്യം ലഭിച്ചു.

ഇതിന്റെ തുടർച്ചയായി വന്ന വിദ്യാഭ്യാസ ബില്ല് ഭിന്നിച്ചു നിന്ന പല സംഘ ടനകളെയും പത്ര സ്ഥാപനങ്ങളെയും കൂട്ടിയിണക്കാൻപാകം പ്രഹരശേഷിയുള്ള തായിരുന്നു. കാലങ്ങളായി വിദ്യാഭ്യാസ കച്ചവടം നടത്തി വരുന്ന മത-സാമുദായിക സംഘടനകളുടെ കീഴിലുള്ള മാനേജ്മെന്റുകൾക്ക് ദൂരവ്യാപക പ്രത്യാഘാതങ്ങളു ണ്ടാക്കുന്നതായിരുന്നു ബില്ലിലെ പല ഭേദഗതികളും. പ്രതിപക്ഷത്തിന് ആദ്യം എതിർ

പൊന്നും ഇല്ലായിരുന്നുവെങ്കിലും കത്തോലിക്കാ സഭയുടെ സ്വാധീനം അവരെ സമ രച്ചൂളയിലേക്ക് എടുത്തെറിഞ്ഞു. എല്ലാ മത-സാമുദായിക സംഘടനകളും പരസ്പര വൈര്യവും ഭിന്നതയും മറന്നു കൊണ്ട് സർക്കാരിനെതിരെ കൈകോർത്തു. സർ ക്കാരിനെതിരെ പ്രാചാരവേല സംഘടിപ്പിക്കാൻ സഭയോടും മറ്റ് സാമുദായിക സം ഘടനകളോടും വിധേയത്വമുള്ള പത്രങ്ങൾ അഹോരാത്രം പണിയെടുത്തു.

ഇഎംഎസ് സർക്കാരിനെതിരെ പത്രങ്ങളും പ്രതിപക്ഷവും ചേർന്ന് ശക്ത മായ പ്രചാരവേല സംഘടിപ്പിച്ച മറ്റൊരു സന്ദർഭമായിരുന്നു ഐക്യ കേരളത്തി ലെ ആദ്യ നിയമസഭാ ഉപതെരഞ്ഞെടുപ്പ്. ദേവികുളം മണ്ഡലത്തിൽ കമ്മ്യൂണിസ്റ്റ് സ്ഥാനാർഥി റോസമ്മ പുന്നൂസും കോൺഗ്രസിലെ ബി കെ നായരും തമ്മിൽ നടന്ന മത്സരത്തിൽ കോൺഗ്രസിനേക്കാൾ കൂടുതൽ അവരുടെ സ്ഥാനാർത്ഥിക്ക് വേണ്ടി പ്രചാരണം നടത്തിയത് മാധ്യമങ്ങളായിരുന്നു. പത്രങ്ങളുടെ സഹായത്തോ ടെ വൻതോതിൽ പ്രചാരണം സംഘടിപ്പിച്ചിട്ടും ബി കെ നായർ റോസമ്മ പുന്നൂസി നോട് പരാജയപ്പെട്ടു. മലയാള മാധ്യമങ്ങളുടെ കമ്മ്യൂണിസ്റ്റ് വിരുദ്ധത വ്യക്തമാക്കു ന്നതായിരുന്നു പിറ്റേ ദിവസം ഇറങ്ങിയ പത്രങ്ങളിലെ വാർത്തകൾ. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിജയത്തിന്റെ തിളക്കം കുറക്കുന്ന രീതിയിലുള്ള വാർത്തകളായിരുന്നു ഭൂരിഭാഗവും. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനപിന്തുണ ഗണ്യമായി കുറഞ്ഞുവെന്നും ഭൂരിപക്ഷം 9686 ൽ നിന്ന് 7089ലേക്ക് കൂപ്പുത്തിയെന്നുമായിരുന്നു മനോരമ വാർത്ത നൽകിയത്. കോൺഗ്രസ്സിന് പണത്തിന് നല്ല ബുദ്ധിമുട്ടായിരുന്നുവെന്നും കമ്മ്യൂണി സ്റ്റ് പാർട്ടി പണം വാരിയെറിഞ്ഞ് തെരഞ്ഞെടുപ്പ് ജയിച്ചെന്നുമായിരുന്നു ദീപികയു ടെ പ്രധാന വാർത്ത.

ദേവികുളത്തെ അക്ഷരാഭ്യാസമില്ലാത്ത തമിഴരാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ ജയിപ്പിച്ചതെന്നും അവർക്ക് കേരളത്തോട് വല്യ ബന്ധമൊന്നുമില്ലെന്നും കൗമുദി എഴുതി. ഈ തെരഞ്ഞെടുപ്പിന്റെ പ്രാധാന്യം കോൺഗ്രസ് അനാവശ്യമായി വർധി പ്പിച്ചതാണെന്നും കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് നേട്ടമൊന്നുമില്ലെന്നും എൻഎസ്എസ് മുഖ പത്രം മലയാളരാജ്യവും എഴുതി. കേവലമൊരു ഉപതെരഞ്ഞെടുപ്പിലെ വിജയം സം സ്ഥാനത്തെയൊട്ടാകെ വിജയമാണെന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി കരുതണ്ട എന്നാണ് കേരളഭൂഷണത്തിൽ അച്ചടിച്ച് വന്നത്. ദേവികുളംഉപതെരഞ്ഞെടുപ്പിന് പിന്നാലെ മൂവാറ്റുപുഴ നഗരസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിലും കമ്മ്യൂണിസ്റ്റ് പാർട്ടി വിജയി ച്ചതോടെ മാധ്യമങ്ങളുടെ കമ്മ്യൂണിസ്റ്റ് വിരോധം പരകോടിയിലെത്തി. കോൺഗ്രസു

കാർ ഉണർന്നുപ്രവർത്തിക്കേണ്ട സമയമായെന്നും ക്രിയാത്മകമായി കമ്മ്യൂണിസ്റ്റ് സർക്കാരിനെതിരെ പ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചെന്നും കൗമുദി എഴുതി.

1959ൽ ഇഎംഎസ് സർക്കാരിന്റെ പതനത്തിലേക്ക് നയിച്ച വിമോചന സമരത്തിൽ മാധ്യമങ്ങൾ വഹിച്ച പങ്ക് ഡോ. കെഎൻ പണിക്കർ പൊതുമണ്ഡലവും മാധ്യമങ്ങളും എന്ന ലേഖനത്തിൽ തുറന്നു കാട്ടുന്നുണ്ട്. സ്വാതന്ത്ര്യാനന്തരം മതേതരത്വത്തിലധിഷ്ഠിതമായ സമൂഹം കെട്ടിപ്പടുക്കുന്നതിന് വേണ്ടി വലിയൊരു വിഭാഗം മാധ്യമങ്ങൾ പരിശ്രമിച്ചുവെങ്കിലും കാലാനന്തരം രാഷ്ട്രീയപരമായും മതപരമായും അവ ഭിന്നിപ്പിക്കപ്പെട്ടു. വർഗീയതയെ സാമാന്യവൽക്കരിച്ച ചിലർ പിന്നീട് മതേതരത്വത്തിന് മേധാവിത്വമുണ്ടായിരുന്ന ഇടങ്ങൾ പോലും വർഗീയതയുടെ കുത്തകകളാക്കിയെന്നും ഡോ. കെ എം പണിക്കർ നിരീക്ഷിച്ചു. മതേതര മുഖംമൂടി അണിഞ്ഞവരും സ്വന്തന്ത്ര്യസമരത്തിന്റെ ചരിത്രം പേറുന്നവരുമായ പത്രങ്ങളടക്കം കത്തോലിക്കാ പള്ളികളും എൻഎസ്എസും മുസ്ലിം സംഘടനകളും വലത് രാഷ്ട്രീയ പാർട്ടികളും ആസൂത്രണം ചെയ്ത വിമോചന സമര കാലത്ത് സർക്കാരിനെതിരെ പ്രചണ്ഡമായ കുപ്രചാരണങ്ങൾ അഴിച്ചുവിട്ടു.

കത്തോലിക്കാ സഭയുടെ പത്രമായ ദീപിക വിമോചന സമര കാലത്ത് പ്രസിദ്ധീകരിച്ച ചില വാർത്താ തലക്കെട്ടുകൾ പരിശോധിച്ചാൽ മേൽ പറഞ്ഞതിന് കൂടുതൽ സാധുത കൈവരും. ആലപ്പുഴയിൽ അരിവാൾപ്പടയുടെ ആക്രമണം, കേരളത്തിൽ പട്ടാളം ഇറങ്ങാൻ പോകുന്നു, കണ്ണിൽ കണ്ടവരെയെല്ലാം കൊല്ലുന്നു, കമ്മ്യൂണിസ്റ്റുകാരുടെ കൊടും ക്രൂരതയുടെ കഥ കേട്ട് രാഷ്ട്രപതി കരഞ്ഞു, കിഴക്കേ കല്ലടയിൽ കമ്മ്യൂണിസ്റ്റ് രാജ് എന്നിങ്ങനെയായിരുന്നു ദീപിക വാർത്തകൾ അച്ചടിച്ചിരുന്നത്. കേരളത്തിലെ കമ്മ്യൂണിസ്റ്റ് സർക്കാരിനെ പിരിച്ചുവിടണമെന്ന ആവശ്യം പലകോണുകളിൽ നിന്നും ശക്തമായി ഉയർന്നുവെങ്കിലും പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ആദ്യ ഘട്ടത്തിൽ ചെവികൊണ്ടിരുന്നില്ല. 1959 ജൂൺ 22-ന് നെഹ്റു കേരള സന്ദർശനത്തിനായി തിരുവനന്തപുരത്തെത്തിയ ദിവസം മലയാള മനോരമയുടെ മുഖപ്രസംഗം ഇംഗ്ലീഷിലായിരുന്നു. ഭൂരിപക്ഷം വായനക്കാരും മലയാളം ഭാഷ സംസാരിക്കുന്ന മനോരമയുടെ മുഖപ്രസംഗത്തിന്റെ തലക്കെട്ട് ഇപ്രകാരമായിരുന്നു; "കേരളത്തിലെ കലാപവും ഭരണഘടനയും". എന്തുകൊണ്ട് കേരള സർക്കാരിനെ പിരിച്ചു വിടണം എന്ന് കാരണങ്ങൾ നിരത്തിയായിരുന്നു മുഖപ്രസംഗത്തിന്റെ ഉള്ളടക്കം.

ജൂൺ 25 ന് ഇറങ്ങിയ കേരള ഭൂഷണം പത്രവും ഇംഗ്ലീഷിലാണ് മുഖപ്രസംഗം പ്രസിദ്ധീകരിച്ചത്. "പണ്ഡിറ്റ് നെഹ്രുവിനോടുള്ള ഞങ്ങളുടെ അഭ്യർത്ഥന" എന്നായിരുന്നു തലക്കെട്ട്. പത്രങ്ങളിലൂടെയുള്ള പ്രചാരണം നെഹ്റുവിനെ സ്വാധീനിച്ചിട്ടില്ലെങ്കിലും വിമോചന സമരം സംഘടിപ്പിക്കുന്നതിൽ പത്രങ്ങൾ എത്രമാത്രം പങ്ക് വഹിച്ചു എന്നതിന് മറ്റ് തെളിവുകളുടെ ആവശ്യമില്ല. മടക്കയാത്രാ വേളയിൽ പത്രപ്രവർത്തകരുമായുള്ള കൂടിക്കാഴ്ചയിൽ നെഹ്റു നൽകിയ മറുപടിയും പരിശോധിക്കാം. കേരളത്തിൽ കേന്ദ്രം ഇടപെടാൻ ഉദ്ദേശിക്കുന്നില്ലെന്നും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ ദൗർഭാഗ്യകരമെന്നും അഭിപ്രായപ്പെട്ട നെഹ്റു ഒരുപടി കൂടി കടന്ന് കേരളത്തിലെ പത്രങ്ങളുടെ ഏകപക്ഷീയമായ നിലപാടുകളെയും വാർത്തകളിലെ ഭാഷയെയും വിമർശിച്ചു. കുറേക്കൂടി സൗമ്യമായ ഭാഷയിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഒറ്റപ്പെട്ട സംഭവങ്ങളെ പോലും പർവ്വതീകരിച്ചു കൊണ്ട് കേരളത്തിലൊട്ടാകെ ഭരണവിരുദ്ധ വികാരം സൃഷ്ടിച്ചെടുക്കാനും ജനങ്ങളെ സമരച്ചൂളയിലേക്ക് എടുത്തെറിയാനും മാധ്യമങ്ങൾക്ക് കഴിഞ്ഞത് കൊണ്ടാണ് വിമോചന സമരം വിജയിച്ചതെന്ന് അനുമാനിക്കാം.

ഉപസംഹാരം

ഐക്യ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ആദ്യ സർക്കാരിന്റെ ജനക്ഷേമപരവും പുരോഗമനപരവുമായ നടപടികൾ സാധാരണക്കാർക്കും താഴെത്തട്ടിലുള്ളവർക്കും സ്വീകാര്യമായിരുന്നുവെങ്കിലും ഒരുകാലത്ത് ജന്മിവാഴ്ചയുടെ സുഖലോലുപത ആസ്വദിച്ചവർക്കും, മതമേധാവിത്വം ജീവനോപാധിയാക്കിയവർക്കും ജാതിഘടനയെ കച്ചവടച്ചരക്കാക്കി വിദ്യാഭ്യാസമേഖലയടക്കം കൈയ്യടക്കി വെച്ചിരുന്നവർക്കും അംഗീകരിക്കാൻ കഴിയുന്നതായിരുന്നില്ല. മൂലധനത്തിലധിഷ്ഠിതവും കച്ചവടതാല്പര്യങ്ങൾക്ക് ഊന്നൽ നൽകുന്നതുമായ സർക്കാരിന് പകരം നേർ വിപരീത പ്രത്യയശാസ്ത്രം മുന്നോട്ട് വെക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലിരിക്കുന്നതും പലരെയും അലട്ടിയിരുന്നു. മേല്പറഞ്ഞവരും മുതലാളിത്ത കാഴ്ചപ്പാടുള്ള മാധ്യമങ്ങളും ചേർന്ന് വിവിധ മാധ്യമങ്ങളെ ഉപയോഗിച്ച് നടത്തിയ പ്രചാരണങ്ങളുടെയും രാഷ്ട്രീയ ഇടപെടലുകളുടെയും ഫലമായിരുന്നു ഒന്നാം ഇഎംഎസ് സർക്കാരിന്റെ പതനത്തിലേക്ക് നയിച്ച വിമോചന സമരം. നമ്മുടെ സമൂഹത്തിലെ ഏതൊരു വിഷയത്തിലും മാധ്യമങ്ങളുടെ പിന്തുണയുണ്ടെങ്കിൽ പൊതുജനാഭിപ്രായം അനുകൂലമാ

ക്കാൻ കഴിയും എന്ന് വിമോചനസമരം കാലത്തെ മലയാള പത്രങ്ങളുടെ ഇടപെടലുകൾ തെളിയിക്കുന്നു.

അവലംബിതസൂചിക

- ഇഎംഎസ്., ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം, ചിന്ത പബ്ലിഷേഴ്സ്,, 2012.
- തോമസ്, ഐസക് ടി, എം., വിമോചന സമരത്തിന്റെ കാണാപ്പുറങ്ങൾ, ചിന്ത പബ്ലിക്കേഷൻസ്, 2017.
- ചോംസ്കി എൻ, ഹെർമൻ എച്ച്., സമ്മതികളുടെ നിർമിതി: ബഹുജനമാധ്യമങ്ങളുടെ അർത്ഥശാസ്ത്രം, യുണൈറ്റഡ് കിങ്ഡം, റാൻഡം ഹൗസ്, 2010.
- സത്യരാജ് സി പി., സാമൂഹിക നവോത്ഥാനവും മാധ്യമങ്ങളും, കേരള മീഡിയ അക്കാദമി, 2014.
- സുരേന്ദ്രൻ, എം., കേരളം വികസനം: ഇടതുപക്ഷവും മാധ്യമങ്ങളും, കേരള മീഡിയ അക്കാദമി, 2014.
- Calhoun, C., "Populist Politics, Communications Media and Large-Scale Societal Integration", Sociological Theory, 2001, 6 (2), 219. https://doi.org/10.2307/202117
- Chomsky, Noam., "What Makes Mainstream Media Mainstream". Z Media Institute Magazine, June 1997.

വായനാസംസ്കാരവും എഴുത്തും: സാഹിത്യക്കൂട്ടായ്മകളെ മുൻനിർത്തിയുള്ള അന്വേഷണം

ഫാത്തിമ ഷിഫാനത്ത് കെ. ടി.
ഗവേഷക, മലയാള -കേരളപഠനവിഭാഗം
കാലിക്കറ്റ് യൂണിവേഴ്സിറ്റി

ഡോ. ഹസ്കറലി ഇ. സി.
പ്രൊഫസർ, മലയാള വിഭാഗം
സുല്ലമുസ്സലാം സയൻസ് കോളേജ്, അരീക്കോട്

പ്രബന്ധസംഗ്രഹം:

വായന, പുസ്തകം, അച്ചടി എന്നിവയുടെ ചരിത്രത്തിൽ വിപ്ലവകരമായ ആശയങ്ങൾ സംവേദനം ചെയ്തിട്ടുള്ള സംസ്കാരരൂപങ്ങളിലൊന്നാണ് സാഹിത്യസദസ്സുകൾ അല്ലെങ്കിൽ സാഹിത്യക്കൂട്ടായ്മകൾ. ഔദ്യോഗികമോ അനൗദ്യോഗികമോ ആയ മാനങ്ങളിൽ എഴുത്തുകാരുടെ നേതൃത്വത്തിൽ വികസിച്ച സാഹിത്യക്കൂട്ടായ്മകൾ കേരളത്തിൽ സജീവമായ സാഹിതീയപൊതുമണ്ഡലം രൂപപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഈ സാഹിത്യക്കൂട്ടായ്മകൾ വായനാസംസ്കാരത്തെ സ്വാധീനിച്ച വിധം, സാഹിതീയപൊതുമണ്ഡലവുമായുള്ള വിനിമയത്തിന്റെ സ്വഭാവം, അവയുടെ പരിണാമഘട്ടം എന്നിവയാണ് പ്രബന്ധപരിധിയിൽ വരുന്നത്.

താക്കോൽ വാക്കുകൾ:

വായനാസംസ്കാരം, എഴുത്ത്, സാഹിത്യക്കൂട്ടായ്മ, സാഹിതീയപൊതുമണ്ഡലം, സാഹിത്യമേള, സംസ്കാരവ്യവസായം.

ആമുഖം

മനുഷ്യർ അറിവും സംസ്കാരവും തലമുറകളിലേക്ക് പകർന്നുകൊണ്ടുപോകുന്ന മാർഗങ്ങളിൽ പ്രധാനപ്പെട്ടതാകുന്നു എഴുത്തും വായനയും. നിരന്തരമായ ഇടപെടലായും സാന്നിധ്യമായും എഴുത്ത്, വായന എന്നിവയെ സമൂഹത്തിൽ വ്യാപിപ്പിച്ചത് അച്ചടിയാണ്. മിഷനറിമാരുടെ ഇടപെടലുകളാണ് കേരളത്തിൽ എഴുത്തും വായനയും കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസം പ്രചരിപ്പിച്ചത്. അച്ചടി, പ്രസാധനം, സാക്ഷരത തുടങ്ങിയവയും അവയെ ജനകീയമാക്കി. ഇങ്ങനെ വികസിച്ചു വന്ന ശക്തമായ ഒരു വായനാസമൂഹം ആധുനികതയിലേക്കുള്ള പരിണാമഘട്ടത്തിൽ കേരളത്തിലുടലെടുത്തു. ഇതിന് സമാന്തരമായി സാഹിത്യക്കൂട്ടായ്മകൾ പോലുള്ള പ്രവണതകളും പ്രബലപ്പെട്ടു.

വ്യത്യസ്ത മേഖലകളെ പ്രതിനിധീകരിക്കുന്ന കൂട്ടായ്മകൾ സാമൂഹികഘടനയുടെ അനിവാര്യതയാണ്. കൂടിയിരിക്കുക, ഒത്തുചേർന്നിരിക്കുക, സംഘടിക്കുക, ഐക്യപ്പെടുക എന്നതെല്ലാമാണ് കൂട്ടായ്മകളുടെ സ്വഭാവം. അക്കൂട്ടത്തിൽ സാംസ്കാരികമൂല്യം ഏറെയുള്ളൊരു വിഭാഗമാണ് സാഹിത്യക്കൂട്ടായ്മകൾ. ചെറുതോ വലുതോ ആയ ഘടനകളിൽ പല കാലങ്ങളിലും ദേശങ്ങളിലും ഇവ പിറന്നിട്ടുണ്ട്. ഗ്രാമ-നഗരങ്ങളിൽ സർഗാത്മകവും സാംസ്കാരികവുമായ പരിസരം സൃഷ്ടിക്കാൻ ഇവയ്ക്കാകുന്നു. സമാജം, സദസ്സ്, കൂട്ടായ്മ, സഭ, സംഘം എന്നിങ്ങനെ പല പേരുകളിൽ ചരിത്രത്തിൽ ഇവ അടയാളപ്പെടുന്നുണ്ട്. എഴുത്ത്, വായന എന്നിവയെ നവീകരിക്കുക, പരിപോഷിപ്പിക്കുക, പ്രോത്സാഹിപ്പിക്കുക എന്നീ ധർമ്മങ്ങൾ പുലർത്തുന്നതിനാൽ തന്നെ വായനാസംസ്കാരത്തെക്കുറിച്ചുള്ള ആലോചനകളിൽ ഇവ പരമപ്രധാനമാണ്.

ആധുനികകാലത്ത് അഭ്യസ്തവിദ്യരായ മധ്യവർഗ്ഗമാണ് വായനയുടെ പ്രധാന പ്രചാരകരായിരുന്നത്. ഈ ഗണത്തിലെ ബഹുഭൂരിഭാഗവും നഗരത്തെ കേന്ദ്രീകരിച്ച് ജീവിക്കുന്നവരായിരുന്നു. നഗരത്തിന്റെ ആന്തരഘടന അതിനനുസൃതമായി സംവിധാനിക്കപ്പെട്ടിട്ടുള്ളതാണ്. തൊഴിൽ, വ്യവസായം, മാധ്യമപ്രവർത്ത

നം, രാഷ്ട്രീയ-സർഗാത്മകവ്യവഹാരങ്ങൾ എന്നിവയുടെ സിരാകേന്ദ്രം നഗരങ്ങളാണ്. ഇങ്ങനെ നഗരകേന്ദ്രിതമായ സാഹിത്യപ്രവർത്തകരുടെ നേതൃത്വത്തിൽ വികസിച്ച സാഹിത്യക്കൂട്ടായ്മകളെ മുൻനിർത്തിയാണ് വായനാസംസ്കാരത്തിൽ അവയുണ്ടാക്കിയ ഭാവുകത്വം വിശകലനം ചെയ്യുന്നത്. നഗരങ്ങൾ കല, സാഹിത്യം, സംഗീതം, നൃത്തം, സംവാദങ്ങൾ, മറ്റു പ്രദർശനകലകൾ എന്നിവയുടെ വളർച്ചയ്ക്കും പ്രചാരണത്തിനും ആവാസവ്യവസ്ഥകൾ സൃഷ്ടിക്കുന്നുണ്ട്. നഗരഭൂമികയിൽ പരിമിതമായ സ്ഥലത്തും വളരെ വ്യത്യസ്തരായ ആളുകളുടെ സാന്നിധ്യവും ഇടപെടലുകളുമുണ്ടാകുന്നു. അതിനാൽതന്നെ, വൈവിധ്യമാർന്ന ആശയങ്ങളും ചിന്തകളും പരസ്പരം വിനിമയം ചെയ്യാനുള്ള സാധ്യത നഗരങ്ങളിൽ താരതമ്യേന കൂടുതലാണ്. അവരവരുടെ വിശ്വാസപ്രമാണങ്ങൾക്കനുസരിച്ച് ജീവിക്കാനുള്ള സ്വതന്ത്രമായ ഒരു സാമൂഹികാന്തരീക്ഷം ഇതരപ്രദേശങ്ങളെ അപേക്ഷിച്ചു നഗരങ്ങളിൽ മെച്ചപ്പെട്ടതാണ്. നഗരസംസ്കൃതിയുടെ ഭാഗമായി പുതിയ സാമൂഹികബന്ധങ്ങൾ ഉടലെടുക്കുന്നതിന് ഈ സ്വാതന്ത്ര്യം സഹായിക്കുന്നു. ഈ പ്രവണതയുടെ അനന്തരഫലമാണ് നഗരകേന്ദ്രിതമായി രൂപപ്പെടുന്ന സാഹിത്യക്കൂട്ടായ്മകൾ. ബൗദ്ധികവും ക്രിയാത്മകവും സർഗാത്മകവുമായ പരിസരം സൃഷ്ടിക്കാൻ ഇവയ്ക്കാകുന്നു. ഇതിലൂടെ അതിൽ ഇടപെടുന്നവർക്കും നഗരത്തിനും ഭാഷയ്ക്കും സാഹിത്യത്തിനും സാമൂഹികവും സാംസ്കാരികവുമായ വികാസവുമുണ്ടാകുന്നു.

അച്ചടിശാലകൾ, തൊഴിൽശാലകൾ, പുസ്തകശാലകൾ, പുസ്തകമേളകൾ, പുസ്തകപ്രകാശനങ്ങൾ, മാധ്യമസ്ഥാപനങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, സാംസ്കാരികപരിപാടികൾ, സാഹിത്യസമ്മേളനങ്ങൾ തുടങ്ങിയവയിലൂടെ എഴുത്തും വായനയും നഗരത്തിൽ കൂടുതൽ ചർച്ചയാവുകയും ജനപ്രിയമാവുകയും ചെയ്യുന്നു. ക്രമേണ, ഇതിന്റെ പ്രതിഫലനം ഗ്രാമങ്ങളിലേക്കും സംക്രമിക്കുന്നു. അത്തരം സംക്രമണത്തിന് ഉദാഹരിക്കാവുന്നതാണ് കേരളത്തിൽ പടർന്നു പന്തലിച്ച ഗ്രന്ഥശാലാപ്രസ്ഥാനം. വായനശാലകളിൽ പ്രത്യക്ഷമായോ പരോക്ഷമായോ സാഹിത്യക്കൂട്ടായ്മകളുടെ ചെറുപതിപ്പുകൾ കാണാം. മിക്കവാറും ഗ്രാമങ്ങളെ സംബന്ധിച്ച് വായനാസംസ്കാരത്തിന്റെ പ്രധാനമുഖം തന്നെ വായനശാലകളാണ്. വായനാസംസ്കാരം, എഴുത്ത് എന്നിവയുടെ വ്യാപനത്തിന്റെ ചാലകശക്തികളിലൊന്നായി നഗരകേന്ദ്രിതസാഹിത്യക്കൂട്ടായ്മകൾ വർത്തിക്കുന്നതായി കാണാം.

സാഹിത്യക്കൂട്ടായ്മകളുടെ അടരുകൾ

പുരാതനകാലത്ത് സാഹിത്യക്കൂട്ടായ്മകളുടെ ഏകദേശസ്വഭാവം പ്രകടമാകുന്നത് രാജസദസ്സുകളിലോ പണ്ഡിതവേദികളിലോ നടക്കുന്ന പാരായണസദസ്സുകളിലാണ്. ഇതിൽ സാധാരണജനങ്ങൾക്ക് പ്രാതിനിധ്യം ലഭിച്ചിരുന്നില്ല. വിക്രമാദിത്യവരഗുണന്റെ രാജസദസ്സിലെ നവരത്നങ്ങൾ, വിജയനഗര സാമ്രാജ്യം ഭരിച്ചിരുന്ന കൃഷ്ണദേവരായ ചക്രവർത്തിയുടെ കൊട്ടാരത്തിലെ അഷ്ടദിഗ്ഗജസ്, മാനവിക്രമൻ നമ്പൂതിരിപ്പാടിന്റെ രാജസദസ്സിൽ ഉണ്ടായിരുന്നതായി പറയപ്പെടുന്ന പതിനെട്ടരക്കവികൾ എന്നിവ ചില ഉദാഹരണങ്ങളാണ്. ഇവയെല്ലാം സാഹിത്യക്കൂട്ടായ്മ എന്ന വിശേഷണത്തേക്കാൾ പണ്ഡിതക്കൂട്ടം എന്നതായിരിക്കും ഉചിതമാവുക. ഈ പണ്ഡിതക്കൂട്ടത്തിന് ചെല്ലും ചെലവും കൊടുത്ത് പ്രോത്സാഹനം നൽകുന്നതിന്റെ ഉദ്ദേശ്യം വിജ്ഞാനത്തിന്റെയും സാഹിത്യത്തിന്റെയും അഭിവൃദ്ധിയും അതുവഴിയുണ്ടാകുന്ന പേരും പ്രസിദ്ധിയും മാത്രമായിരിക്കില്ല; വിദ്യാസമ്പന്നരെ ഭരണപക്ഷാനുകൂല സമൂഹമായി നിലനിർത്തിപ്പോരുക എന്ന തന്ത്രം കൂടി ഇതിന് പിന്നിലുണ്ടാകാം.

വാൻറീഡിന്റെ 'ഹോർത്തൂസ് മലബാറിക്കസി'ലും 'വിദ്യാസംഗ്രഹ'ത്തിന്റെ പ്രവർത്തനങ്ങളിലും സാഹിത്യക്കൂട്ടായ്മകളുടെ ആദിരൂപം ദർശിക്കാൻ കഴിയും. വാൻറീഡും ഇട്ടി അച്യുതനും, ജോർജ് മാത്തനും ബെയ്ലിയും, ആർച്ച് ഡീക്കൻ കോശിയും കോളിൻസും സഹകരിച്ച് പരസ്പരപൂരകമായി സാഹിത്യ പുരോഗമനവ്യത്തികളിലേർപ്പെടുന്നത് കൂട്ടായ്മകളുടെ ആദ്യകാലരൂപങ്ങളായി കരുതാം. വിവിധ പ്രസിദ്ധീകരണ ഉദ്യമങ്ങൾ, ഭാഷാസൂത്രണപരമായ പദ്ധതികൾ, പാഠപുസ്തകക്കമ്മറ്റി എന്നിവയിലെല്ലാം ഇത് കൂടുതൽക്കൂടി സംഘടിതമായ ഘട്ടത്തിലേക്ക് പ്രവേശിക്കുന്നതിന്റെ സൂചനകൾ ദർശിക്കാം (ജോർജ്ജ്, 2019:58). സംവാദാത്മകതയാണ് സാഹിത്യക്കൂട്ടായ്മകളുടെ ജീവൻ. കൊടുങ്ങല്ലൂർക്കളരി, പച്ചമലയാള പ്രസ്ഥാനം, പ്രാസവാദം തുടങ്ങിയവയുടെ ചരിത്രപശ്ചാത്തലവും സംവാദങ്ങളും ഇതിന്റെ വികാസത്തിന്റെ ഘട്ടമായി എടുക്കാം.

സാംസ്കാരികസ്ഥാപനങ്ങൾ എന്ന നിലക്കാണ് ആധുനികയുഗത്തിൽ സാഹിത്യക്കൂട്ടായ്മകൾ പ്രവർത്തിച്ചു തുടങ്ങിയത്. കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയുടെ നേതൃത്വത്തിൽ 1891ൽ കോട്ടയത്തുവെച്ച് ആരംഭിച്ച കവിസമാജം മുതൽക്കാണ് കേരളത്തിൽ നവീനവും പുരോഗമനോന്മുകവുമായ സാഹിത്യക്കൂട്ടായ്മ

കൾക്ക് തുടക്കം കുറിക്കുന്നത്. കവിസമാജത്തിന് പ്രേരകമായത് കുമാരമംഗലത്ത് നീലകണ്ഠൻനമ്പൂതിരി ഭാഷാകവിസമാജം എന്ന പേരിൽ മനോരമയിലൂടെ അവതരിപ്പിച്ച ആശയമാണ് (ജോർജ്ജ്, 2019:59). കേരളവർമ്മ വലിയ കോയിത്തമ്പുരാനായിരുന്നു ആദ്യത്തെ അധ്യക്ഷൻ. ആദ്യ യോഗത്തിൽ വെച്ചുതന്നെ സംഘടനയുടെ പേര് 'ഭാഷാപോഷിണിസഭ' എന്നാക്കി മാറ്റാനും 'ഭാഷാപോഷിണി' എന്ന പേരിൽ ഒരു മാസിക തുടങ്ങാനും തീരുമാനമെടുത്തു. 1892ൽ ഇതിന്റെ പ്രസിദ്ധീകരണം ആരംഭിച്ചു. പിന്നീടുവന്ന സാഹിത്യക്കൂട്ടായ്മകളിൽ എടുത്ത് പറയേണ്ടതാണ് മാളിയമ്മാവിൽ കുഞ്ഞുവറിയത് തുടങ്ങിയ 'ഭാരതവിലാസം സഭ'(1905). ഭാരതവിലാസം അച്ചുകൂടത്തിന്റെ ഭാഗമായാണ് ഭാരതവിലാസം സഭ പിറവിയെടുക്കുന്നത്. 1906ൽ തൃശ്ശൂരിൽ വെച്ചാണ് സഭയുടെ ഒന്നാം സമ്മേളനം നടന്നത്. ഗദ്യകേന്ദ്രിതമായ കൃതികളുടെ പ്രസാധനത്തിന് ഈ സഭ മുൻതൂക്കം നൽകി. അപ്പൻതമ്പുരാൻ നേതൃത്വം കൊടുത്ത 'കൊച്ചി സാഹിത്യസമാജം'(1913), വൈക്കം സന്മാർഗ്ഗപോഷിണിസഭയുടെ നേതൃത്വത്തിൽ ആരംഭിച്ച 'സമസ്തകേരളസാഹിത്യസമാജം' (1922) എന്നിവ തുടർന്നുണ്ടായ സാഹിത്യക്കൂട്ടായ്മകളാണ്.

അനൗദ്യോഗികമായി ആരംഭിച്ച പിൽക്കാലത്ത് വലിയ സംഘടനയായി മാറിയ സാഹിത്യക്കൂട്ടായ്മക്ക് ഉദാഹരണമാണ് 'ഇടപ്പള്ളി സമാജം'. ഇടപ്പള്ളി കൃഷ്ണരാജ രക്ഷാധികാരിയായി 1926ൽ രൂപം കൊണ്ട ഇടപ്പള്ളി സമാജമാണ് പിൽക്കാലത്ത് 'സമസ്തകേരള സാഹിത്യപരിഷത്ത്' എന്ന ഔദ്യോഗികസംഘടനയായി മാറിയത്. പുസ്തക പ്രസാധനം, വിൽപന, എഴുത്തുകാർക്ക് മാന്യമായ പ്രതിഫലം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി 1945ൽ തുടങ്ങിയ കൂട്ടായ്മയാണ് സാഹിത്യപ്രവർത്തകസഹകരണസംഘം. എഴുത്തുകാരുടെ സഹകരണസംഘം എന്ന ആശയം എം.പി. പോളിന്റേതായിരുന്നു. 1961ൽ കോഴിക്കോട് രൂപീകരിച്ച കേരളസാഹിത്യസമിതി അടയാളപ്പെട്ട മറ്റൊരു സാഹിത്യക്കൂട്ടായ്മയാണ്. എസ്. കെ. പൊറ്റെക്കാട്ടിന്റെയും എൻ. വി. കൃഷ്ണവാരിയരുടെയും നേതൃത്വത്തിൽ ആരംഭിച്ച എഴുത്തുകാരുടെ ഈ വേദിക്കെതിരെ കടുത്ത വിമർശനങ്ങൾ ഉയർന്നിരുന്നു. ആടുകൾ കൂട്ടം കൂടിയും സിംഹങ്ങൾ ഒറ്റതിരിഞ്ഞും നടക്കുന്നു. എഴുത്തുകാർ സിംഹങ്ങളാണെന്നും അവർക്ക് സംഘടന വേണ്ടെന്നുമായിരുന്നു കേരളസാഹിത്യസമിതിക്കെതിരെ സുകുമാർ അഴീക്കോട് ഉന്നയിച്ച വാദം. (ചന്ദ്രശേഖരൻ, 2006:88). 1937ൽ രൂപീകരിച്ച 'ജീവൽ സാഹിത്യസമിതി'യുടെയും 1944ലെ പുരോഗമനസാ

ഹിത്യപ്രസ്ഥാന'ത്തിന്റെയും ആധുനികരൂപമാണ് 1981ലെ 'പുരോഗമനകലാസാഹിത്യസംഘം'. കല ജീവിതത്തിന് വേണ്ടിയാണെന്നും ജീവിതപുരോഗതിക്ക് വേണ്ടിയാണെന്നും വിശ്വസിക്കുന്ന ഒരു വിഭാഗം എഴുത്തുകാർ സംഘം ചേർന്നതാണ് ഈ കൂട്ടായ്മയുടെ പിറവിക്ക് പിന്നിലെ നിദാനം.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, പുന്നശ്ശേരി നമ്പി, വള്ളത്തോൾ എന്നിങ്ങനെ നീളുന്ന കവി -പണ്ഡിതനിര സംഗമിച്ചിരുന്ന കോഴിക്കോട്ടെ മാങ്കാവ് സദസ്സ്, 1930കളിൽ തിരുവനന്തപുരത്തെ ശാരദപ്രസ്സിലും കേസരി ബാലകൃഷ്ണപ്പിള്ളയുടെ വീട്ടിലും ഒത്തുകൂടിയിരുന്ന എഴുത്തുകാരുടെയും രാഷ്ട്രീയപ്രവർത്തകരുടെയും കൂട്ടായ്മയായ 'കേസരി സദസ്സ്', എം. ഗോവിന്ദൻ നയിച്ചിരുന്ന സമാന്തര സാഹിത്യക്കൂട്ടായ്മ, 1965 മുതൽ 1975 വരെയുള്ള കാലഘട്ടത്തിൽ കോഴിക്കോട്ടെ ഒരു സംഘം സർഗാത്മകപ്രവർത്തകരുടെ സൗഹൃദക്കൂട്ടായ്മയായിരുന്ന 'കോലായ' തുടങ്ങിയവ സാഹിത്യപ്രവർത്തകരുടെ തീർത്തും അനൗദ്യോഗികമായ കൂട്ടായ്മകൾക്ക് ഉദാഹരണങ്ങളാണ്. സൗഹൃദവും സംവാദവുമായിരുന്ന ഈ കൂട്ടായ്മകളുടെ അടിസ്ഥാനം. മാങ്കാവ് സദസ്സിൽ സംസ്കൃതത്തിനും മലയാളത്തിനും ഒരു പോലെ പ്രാധാന്യമുണ്ടായിരുന്നു. കേരളത്തിലെ വിപ്ലവപ്രസ്ഥാനങ്ങളുടെ ഒരു ഈറ്റില്ലം കേസരി സദസായിരുന്നുവെന്നും നമ്മുടെ ആദ്യകാല വിപ്ലവനേതാക്കൾ ഒളിവിൽ അന്തിയുറങ്ങിയിരുന്ന ഒരിടം കേസരിയുടെ ശാരദാപ്രസായിരുന്നുവെന്നതും ചരിത്രം രേഖപ്പെടുത്തിയില്ലെന്ന് എം.എൻ. വിജയൻ വിമർശനമുയർത്തുന്നുണ്ട് (1992:25). സാഹിത്യകാരന്മാർക്ക് സംഘടിതമായ ഒരു സംഘടനയുടെ ആവശ്യമില്ലെന്നതായിരുന്നു എം. ഗോവിന്ദന്റെ നയം. അസംഘടിതമായ ചർച്ചാസംഗമങ്ങളായിരുന്നു അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്നത്. കോലായചർച്ചകളിൽ കലാസാഹിത്യരചനകളുടെ വായനയായിരുന്നു പ്രഥമ ലക്ഷ്യം. എഴുത്തുകാർക്ക് അവരുടെ രചനകൾ പരിചയപ്പെടുത്താനും നിർദേശങ്ങളും വിമർശനങ്ങളുമറിയാനും സാധിക്കുന്ന ഒരു വേദിയായിരുന്നു കോലായ. വിമർശനങ്ങളുടെ തീക്ഷണതയാൽ കോലായയിൽ നിന്ന് അകലം പാലിച്ചവരുമുണ്ടായിരുന്നു. അക്കിത്തത്തിന്റെ *തുലാവർഷം*, കക്കാടിന്റെ *വജ്രകുണ്ഡലം*, ആർ രാമചന്ദ്രന്റെ *അജന്ത* തുടങ്ങിയ പല കവിതകളും ആദ്യമായി വായിക്കപ്പെട്ടത് കോലായയിലായിരുന്നുവെന്ന് പി. എം. നാരായണൻ അനുസ്മരിക്കുന്നു (2010:08). എഴുത്തുകാരുടെ സർഗാത്മകനവീകരണത്തിന് ഈ ഇടപെടലുകളിലൂടെ സാ

ധ്യമായി. എങ്കിലും, സംഘടിതരൂപമുള്ള കൂട്ടായ്മകളാണ് പൊതുസമൂഹവുമായി കൂടുതൽ സമ്പർക്കത്തിലേർപ്പെട്ടത്. അസംഘടിതരൂപത്തിലുള്ളവയിൽ എഴുത്തുകാർ, പ്രസാധകർ, സാംസ്കാരികപ്രവർത്തകർ തുടങ്ങിയവർക്കായിരുന്നു കൂടുതൽ പ്രാതിനിധ്യമുണ്ടായിരുന്നത്. വായനശാലകളുടെ നേതൃത്വത്തിലും സാഹിത്യസദസ്സുകൾ സംഘടിപ്പിച്ചിരുന്നു. കോഴിക്കോട്ടെ 'ദേശപോഷിണി'വായനശാലയുടെ വാർഷികത്തോടനുബന്ധിച്ച് നടത്തിയിരുന്ന സാംസ്കാരികസദസ്സുകൾ ഈ രീതിയിൽ പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ളതാണ്.

എഴുത്തുകാരികൾ പല നിലയ്ക്കും തിരസ്കരിക്കപ്പെട്ട വിഭാഗമാണ്. ആദ്യകാല സാഹിത്യക്കൂട്ടായ്മകളിലും സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവായിരുന്നു. അന്നത്തെ സാമൂഹിക പരിതസ്ഥിതിയും ആ നിലയിലായിരുന്നുവല്ലോ. സാഹിത്യക്കൂട്ടായ്മകളിലെ സ്ത്രീപങ്കാളിത്തം സംബന്ധിച്ച് ചരിത്രപുസ്തകങ്ങളിൽ പരാമർശങ്ങൾ കുറവാണ്. തരവത്ത് അമ്മാളുവമ്മ, അമ്പാടി കാർത്യായനിയമ്മ എന്നീ എഴുത്തുകാരികൾ സാഹിത്യപരിഷത്തിന്റെ സമ്മേളനങ്ങളിൽ സംസാരിച്ചിരുന്നതായി എ.കൃഷ്ണകുമാരി രേഖപ്പെടുത്തുന്നു. 1927ൽ തൃശ്ശൂരിൽ വെച്ച്നടന്ന സാഹിത്യപരിഷത്ത് സമ്മേളനത്തിൽ തരവത്ത് അമ്മാളുവമ്മ അധ്യക്ഷത വഹിച്ചിട്ടുണ്ട്. ഇടപ്പള്ളിയിൽ നടന്ന പരിഷത്തിന്റെ പ്രഥമസമ്മേളനത്തിൽ `സ്ത്രീകളും സാഹിത്യവും' എന്ന വിഷയത്തിൽ കാർത്യായനിയമ്മ പ്രസംഗിച്ചിരുന്നു. പരിഷത്തിന്റെ നിർവാഹകസമിതിയിൽ കുറെക്കാലം അംഗമായും പന്നീട് ഉപാധ്യക്ഷയായും അവർ പ്രവർത്തിച്ചിട്ടുണ്ട് (കൃഷ്ണകുമാരി, 2010: 48, 68). എന്നാൽ, എഴുത്തുകാരുടെയും വിമർശകരുടെയും സൗഹൃദക്കൂട്ടായ്മകളിൽ സ്ത്രീകളുടെ പ്രാതിനിധ്യം തീരെയില്ലായിരുന്നുവെന്ന് തന്നെ പറയാം. `സ്വവർഗ്ഗസൗഹൃദയസംഘങ്ങൾ (homo-aesthetic circles)' എന്ന വിശേഷണത്തിലൂടെ ജെ.ദേവിക ഇതിനെ പ്രശ്നവൽക്കരിക്കുന്നുണ്ട്. പത്തൊമ്പതാംനൂറ്റാണ്ടിന്റെ അവസാനദശകങ്ങളിൽ രൂപപ്പെട്ട സാഹിതീയ പൊതുമണ്ഡലം തുടർന്നിങ്ങോട്ട് എക്കാലത്തും പുരുഷകേന്ദ്രിതമായിരുന്നുവെന്ന് കൂടി അവർ അഭിപ്രായപ്പെടുന്നു (2010:05).

എഴുത്തുകാരുടെ നേതൃത്വത്തിലുള്ള സാഹിത്യക്കൂട്ടായ്മകളിൽ ഒത്തുചേരുന്ന ഇടത്തിനും പ്രത്യേകതകളുണ്ടായിരുന്നു. ചർച്ചകൾക്കും സംവാദങ്ങൾക്കും സൗഹൃദങ്ങൾക്കും വേദിയാവുന്ന, സ്ഥിരം ഒത്തുചേരുന്ന ഇടങ്ങളിൽ നിന്നാണ് കൂട്ടായ്മകൾ വികസിച്ചത്. ഭൂമിശാസ്ത്രപരമായോ സാംസ്കാരികമായോ സവിശേ

ഷതകളുള്ള സ്ഥലം, അംഗങ്ങളുടെ വാസസ്ഥലം, സാംസ്കാരിക സ്ഥാപനങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾ, ഭക്ഷണശാലകൾ, ഇവയെല്ലാം ഇടങ്ങളിൽ ഉൾപ്പെടുന്നു. തിരുവനന്തപുരത്തെ ശാരദപ്രസ്സ്, ഭാരതവിലാസം പ്രസ്സ്, കോഴിക്കോട് കടൽത്തീരം, ആകാശവാണി ഓഫീസ്, ഹോട്ടൽ അളകാപുരി, അൽഅമീൻ ലോഡ്ജ്, ടൗൺ ഹാൾ, എസ്.കെ.പൊറ്റെക്കാടിന്റെ വീടായ ചന്ദ്രകാന്തം, മിഠായിത്തെരുവ് ഇവയെല്ലാം സാഹിത്യക്കൂട്ടായ്മകൾക്ക് വേദിയായിട്ടുള്ള പ്രസിദ്ധമായ ഇടങ്ങളാണ്.

മലയാള സാഹിത്യസംസ്കാരികചരിത്രത്തിലെ അതികായരിൽ പലരും ഇത്തരം സാഹിത്യക്കൂട്ടായ്മകളുടെ സജീവപ്രവർത്തകരോ അതിന്റെ ഭാഗമോ ആയിരുന്നു. മേൽപറഞ്ഞ സാഹിത്യക്കൂട്ടായ്മകളിൽ മിക്കതും ഇന്ന് പ്രചാരത്തിലില്ലെങ്കിൽ കൂടിയും അവയുണ്ടാക്കിയ സർഗാത്മകപരിസരത്തെ തിരിച്ചറിയുന്നതും അടയാളപ്പെടുത്തുന്നതും വായനാസംസ്കാരത്തിലെ ഒരു പ്രധാന ധാരയെക്കുറിച്ചുള്ള അറിവുകൾ നൽകും.

സാഹിതീയ പൊതുമണ്ഡലവുമായുള്ള വിനിമയം

സാഹിതീയപൊതുമണ്ഡല (Literary public sphere)ത്തിന്റെ രൂപീകരണം, നവീകരണം, പരിണാമം തുടങ്ങിയവ സാഹിത്യക്കൂട്ടായ്മകളിലൂടെ സാധ്യമായിട്ടുണ്ട്. കേരളീയസമൂഹരൂപീകരണത്തിലെ പ്രധാന അധ്യായമാണ് പൊതുമണ്ഡലം (Public sphere); അതിന്റെ ഉപാധ്യായമാണ് സാഹിതീയപൊതുമണ്ഡലം. പൊതുമണ്ഡലം എന്ന ആശയം സൈദ്ധാന്തികമായി 1962ലാണ് ജർമ്മൻ തത്വചിന്തകനായ ജൂർഗൻ ഹേബർമാസ് അവതരിഷിക്കുന്നത്. സമൂഹത്തിൽ ജനാധിപത്യപരമായ അഭിപ്രായസ്വാതന്ത്ര്യത്തിനും പങ്കാളിത്തജനാധിപത്യത്തിനും സാമൂഹികസമരത്തിനും വേണ്ടി സാമൂഹികസംവാദങ്ങളിലൂടെ രൂപപ്പെടുത്തിയെടുക്കേണ്ട സ്ഥലപരമായ സങ്കലനമാണ് (Spatial concept) പൊതുമണ്ഡലത്തിലൂടെ ഹേബർമാസ് ഭാവന ചെയ്യുന്നത് (കലേഷ്, 2010-11:180-181). കേരളത്തിൽ പൊതുമണ്ഡല രൂപീകരണത്തിന്റെ വിശാലശ്രമങ്ങളുണ്ടായത് നവോത്ഥാനകാലഘട്ടത്തിലാണ്. എഴുത്തും വായനയും ഉപരിചർച്ചകളും ശക്തമായ പ്രതിരോധ പ്രവർത്തനങ്ങളാണ്. കേരളത്തിലെ നാട്ടുചന്തകൾ, വഴിയമ്പലങ്ങൾ, തറക്കൂട്ടങ്ങൾ, ചായക്കടകൾ തുടങ്ങിയവ പൊതുമണ്ഡലത്തിന്റെ പ്രാഗ് മാതൃകകളാണ്. ഇവിടങ്ങളിലേക്കുള്ള പ്രവേശനം സ്ത്രീകൾക്കും കീഴാളർക്കും മിക്കപ്പോഴും അപ്രാപ്യമായതായിരുന്നു.

സാഹിത്യവും സാമൂഹികരാഷ്ട്രീയവും വിശകലനവും ചർച്ചയും ചെയ്യാൻ പര്യാപ്തമായ സാമൂഹിക ഇടത്തെയാണ് സാഹിതീയപൊതുമണ്ഡലം എന്ന് വിവക്ഷിക്കുന്നത്. ഇതിൽ സാംസ്കാരികവും ബൗദ്ധികവുമായ ഭ്രപ്രകൃതി രൂപപ്പെടുത്തുന്നതിൽ എഴുത്തുകാർ, വായനക്കാർ, നിരൂപകർ, പണ്ഡിതർ എന്നിവർ തമ്മിലുള്ള ഇടപെടലുകൾ പ്രധാനമാണ്. സാഹിത്യത്തിന്റെ വിതരണവും വ്യാപനവും, സാഹിത്യകൃതികളുടെ വായന, വ്യാഖ്യാനം, വിമർശനം, പത്രങ്ങളും ആനുകാലികങ്ങളും, വാർത്താ-വിനോദമാധ്യമങ്ങൾ, സമൂഹമാധ്യമങ്ങൾ, സംവാദങ്ങൾ, കൂട്ടായ്മകൾ, വായനാ സമിതികൾ, അക്കാദമിക് വൃത്തങ്ങൾ, അക്കാദമിക് യോഗങ്ങൾ, സാഹിത്യമേളകൾ ഇവയെല്ലാം സാഹിതീയപൊതുമണ്ഡലനിർമ്മിതിയെ സ്വാധീനിക്കുന്നു. അച്ചടി, സാക്ഷരത എന്നിവയുടെ വ്യാപനത്തോടെ രൂപപ്പെട്ട സാഹിത്യരൂപങ്ങൾ, പത്രമാസികകൾ എന്നിവ സാഹിതീയപൊതുമണ്ഡലത്തിന്റെ വളർച്ച വേഗത്തിലാക്കാൻ ഉപകരിച്ചിട്ടുണ്ട്.

ഗദ്യഭാഷയുടെ വികാസമാണ് സാഹിതീയപൊതുമണ്ഡലത്തെ ബലപ്പെടുത്തിയത്. സാഹിത്യക്കൂട്ടായ്മകൾ ഗദ്യഭാഷക്ക് പ്രചാരം നൽകിയവയാണ്. സാഹിത്യക്കൂട്ടായ്മകളും സാഹിതീയപൊതുമണ്ഡലവും പരസ്പരപൂരകമായിട്ട് പ്രവർത്തിക്കുന്നു. കൂട്ടായ്മകളുടെ സ്വാധീനത്താൽ പുസ്തകനിരൂപണ-വിമർശന വ്യവഹാരങ്ങൾക്ക് ആക്കം കൂടി. ഇതിനെത്തുടർന്ന് പ്രസാധനത്തിലും പുസ്തകങ്ങളുടെ എണ്ണത്തിലും വർധനവുണ്ടായി. ഇത് സാഹിതീയപൊതുമണ്ഡലത്തിന്റെ സാധ്യതകളെ വിസ്തൃതമാക്കി. വിമർശനചിന്തയുടെ പരിഷ്കാരം, സർഗാത്മകവും ക്രിയാത്മകവുമായ പരിസരം, വൈവിധ്യമാർന്ന ബൗദ്ധികമേഖലകൾക്കുള്ള പിന്തുണ, എഴുത്ത്-വായന വ്യവഹാരങ്ങൾക്കുള്ള പ്രോത്സാഹനം എന്നിവ സാഹിതീയപൊതുമണ്ഡലത്തിന്റെ ഭാഗമാക്കിയതിൽ സാഹിത്യക്കൂട്ടായ്മകളുടെ ക്രിയാത്മകമായ ഇടപെടലുകൾ സഹായിച്ചിട്ടുണ്ട്. എന്നിരുന്നാലും, ജാതി, മതം, ലിംഗം, ആശയം, വ്യക്തിവിരോധം ഇവ മാനദണ്ഡമാക്കി സാഹിതീയ പൊതുമണ്ഡലത്തിന്റെ അരികിലോ പുറത്തോ നിൽക്കുന്നവർ, നിൽക്കേണ്ടി വരുന്നവർ അന്നും ഇന്നുമുണ്ട്.

സർഗാത്മക- സാമൂഹികഫലങ്ങൾ

സാഹിത്യക്കൂട്ടായ്മകളുടെ പ്രത്യക്ഷവും പരോക്ഷവുമായ സർഗാത്മക-സാമൂഹികഫലങ്ങളിൽ ഏറ്റവും പ്രധാനം സർഗാത്മകവ്യവഹാരങ്ങളുടെ പരി

പോഷണവും സാഹിതീയപൊതുമണ്ഡല രൂപീകരണവും സാധ്യമാക്കി എന്നത് തന്നെയാണ്. അതോടൊപ്പം കേരളത്തിലെ സാംസ്കാരിക-ബൗദ്ധികരംഗങ്ങളിലുണ്ടാക്കിയ നാനാവിധമായ നവോന്മേഷവും പ്രധാനപ്പെട്ടതാകുന്നു. സാഹിത്യക്കൂട്ടായ്മകളുടെയെല്ലാം പ്രധാന ആശയം പുരോഗതിയായിരുന്നു. മലയാളഭാഷ, സാഹിത്യം, കല, സംസ്കാരം എന്നിവയുടെ പുരോഗതി അവ ലക്ഷ്യമാക്കിയിരുന്നു. ഒരോ സാഹിത്യക്കൂട്ടായ്മകളും വ്യത്യസ്ത അനുപാതങ്ങളിൽ ഈ ലക്ഷ്യങ്ങളോട് ഇടപഴകി.

ജാതീയമായ മേൽ-കീഴ് ബോധങ്ങൾ അവസാനിപ്പിക്കണമെന്നും ഐക്യ ബോധത്തോടെ വർത്തിക്കണമെന്നുമുള്ള ആഹ്വാനം ഭാഷാപോഷിണിസഭ നൽകിയിരുന്നു. സാഹിത്യപരിഷത്തിലൂടെ സംജാതമായ ചില വസ്തുതകളെ കുറിച്ച് ജോർജ്ജ് വിശദീകരിക്കുന്നു.

> പരിഷത്തിന്റെ ഇടപ്പള്ളി സമ്മേളനത്തിൽ ഭാഷാസൂത്രണ സംബന്ധിയായ ആലോചനകൾ നടന്നു. മലയാളഭാഷയ്ക്ക് സമൂഹത്തിൽ നേരിടേണ്ടിവരുന്ന അവഗണനയെ സംബന്ധിച്ച് പി. കെ. നാരായണപിള്ള അവിടെ നടത്തിയ വിമർശനം, തൃശ്ശൂർ സമ്മേളനത്തിൽ സി.പി. അച്യുതമേനോൻ ഇംഗ്ലീഷിന് ഭരണരംഗത്തു ലഭിക്കുന്ന പ്രത്യേക പരിഗണനയെക്കുറിച്ച് നടത്തിയ വിമർശനം തുടങ്ങിയവ ഈ കൂടിച്ചേരലുകളുടെ ഗൗരവസ്വഭാവത്തിലേക്കു വിരൽചൂണ്ടുന്നുണ്ട്.....തൃശ്ശൂരിലെ പ്രദർശനപരിപാടി ഉദ്ഘാടനം ചെയ്ത ഉള്ളൂർ, അവിടെ പ്രദർശിപ്പിച്ച ചരിത്രപ്രാധാന്യമുള്ള ഓലയിലെഴുതിയ രേഖകളെയും മറ്റും പരാമർശിച്ചു നടത്തിയ പ്രസംഗത്തിൽ, ഇത്തരം രേഖകളും നാടൻപാട്ടുകളും പരിരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാണിച്ചു. വാസ്തവത്തിൽ, ഭാഷാ- സാഹിത്യചരിത്രത്തിനുള്ള ഉപാദാനങ്ങളുടെ ആസൂത്രണത്തെക്കുറിച്ച് വിഭാവനം ചെയ്യുകയായിരുന്നു അദ്ദേഹം. പരിഷത്തിന്റെ താൽപര്യത്തിലും തീരുമാനത്തിലുമാണ് പിന്നീട് സാഹിത്യചരിത്രരചനയിലേക്ക് അദ്ദേഹം പ്രവേശിച്ചതെന്നും ഇവിടെ ഓർക്കേണ്ടതുണ്ട്. (ജോർജ്ജ്, 2019:64)

സാഹിത്യക്കൂട്ടായ്മകളുടെ അനുബന്ധമായി പ്രസിദ്ധീകരിക്കപ്പെട്ട മാ

സികകളും പുസ്തകങ്ങളും ബഹുസ്വരമായ സാഹിതീയപൊതുമണ്ഡലത്തിന്റെയും ചരിത്രത്തിന്റെയും ഭാഗമായി. ഭാഷാപോഷിണി മാസിക ഇതിൽ മുൻപന്തിയിലുണ്ട്. ഗദ്യസാഹിത്യത്തിന്റെ വികാസത്തിന് ഭാഷപോഷിണി വഹിച്ച പങ്ക് നിസ്തുലമാണ്. എം.ഗോവിന്ദൻ 1961ൽ വീക്ഷണം എന്ന പേരിൽ നടത്തിയ സാഹിത്യകലാകാര സംഗമത്തിൽ പ്രധാനമായും ചർച്ച ചെയ്തത് നാടകത്തെ കുറിച്ചായിരുന്നു. അതിന്റെ തുടർച്ചയാണ് പിന്നീട് കേരളത്തിലുണ്ടായ നാടകക്കളരിയും തനത് നാടകവേദി രൂപീകരണവും (പ്രദീപ്, 2017:107). എഴുത്തുകാരുടെ സൗഹൃദക്കൂട്ടായ്മകളിലൂടെ ലോകസാഹിത്യത്തിലെ പുതിയ ചലനങ്ങളെക്കുറിച്ചും പുസ്തകങ്ങളെക്കുറിച്ചുമുള്ള അറിവുകൾ പരസ്പരം വിനിമയം ചെയ്യാറുണ്ടായിരുന്നുവെന്ന് പല എഴുത്തുകാരും പറഞ്ഞിട്ടുണ്ട്. അവരുടെ വായനകളെയും എഴുത്തിനെയും നവീകരിക്കാൻ ഇത് സഹായിച്ചിട്ടുണ്ട്.

സാഹിത്യക്കൂട്ടായ്മകളുടെ ഭാഗമായി നടത്തിയിരുന്ന മത്സരങ്ങളും പദ്ധതികളും വ്യക്തികളിൽ സർഗാത്മകനവീകരണം സാധ്യമാക്കിയിട്ടുണ്ടെന്നതും രേഖപ്പെടുത്തിയതായി കാണാം.

> ഇടപ്പള്ളി സാഹിത്യസമാജം തുടങ്ങിയപ്പോൾ സമാജം എല്ലാ മാസവും ഒന്നും മൂന്നും ഞായറാഴ്ചകളിൽ യോഗം ചേരണമെന്നും അത്തരം യോഗങ്ങളിൽ സാഹിത്യവിഷയങ്ങളെ ആധാരമാക്കി ഗദ്യപദ്യപ്രബന്ധങ്ങൾ അവതരിപ്പിക്കണം എന്നും തീരുമാനിച്ചു. സാഹിത്യവാസനയുള്ള വിദ്യാർഥികൾക്ക് അരങ്ങ് ഒരുക്കാനും അവർ മറന്നില്ല. വിദ്യാർഥികൾക്കായി അക്ഷരശ്ലോകമത്സരം, സമസ്യാപൂരണങ്ങൾ, ഉപന്യാസ രചന, സംസ്കൃതശ്ലോകങ്ങളുടെ ഭാഷാന്തരീകരണം തുടങ്ങിയവ നടത്തിയിരുന്നു. വിജയിക്ക് സദസ്സിൽ അഭിനന്ദനവും, സ്വന്തം രചന അവതരിപ്പിക്കുവാൻ അവസരവും നൽകിയിരുന്നു. കൂട്ടത്തിൽ മഹാഗണപതിയുടെ പ്രസാദമായ നെയ്യപ്പവും. ഈ കളരിയിൽ പയറ്റിത്തെളിഞ്ഞവരാണ് ചങ്ങമ്പുഴയും ഇടപ്പള്ളി രാഘവൻപിള്ളയും വിക്രമൻ എന്ന തൂലികാനാമത്തിൽ പ്രശസ്തനായ സി ആർ കേരളവർമ്മയും (വസന്തൻ, 2007: 18).

1975ൽ കൊടുങ്ങല്ലൂരിൽ വെച്ചുനടന്ന പരിഷത്ത് വാർഷിക സമ്മേളനത്തി

ന്റെ അനുഭവം ബാലചന്ദ്രൻ വടക്കേടത്ത് ഇങ്ങനെ രേഖപ്പെടുത്തുന്നു.

> പഴയവരുടെയും പുതിയവരുടെയും പ്രസംഗങ്ങൾ കേട്ടു. ജി. ശങ്കരക്കുറുപ്പിന്റെ പ്രഭാഷണം ആ വേദിയെ ചടുലമാക്കിയത് ഇന്നും ഞാനോർമ്മിക്കുന്നു. ഒരുപക്ഷേ, ആ സമ്മേളനത്തിലെ പങ്കാളിത്തമാകാം എനിക്ക് സാഹിത്യത്തിൽ കൂടുതൽ താൽപര്യവും ശ്രദ്ധയും വികസിക്കാൻ കാരണം എന്ന് പറഞ്ഞേതീരൂ. നിരൂപണമാണ് എന്റെ മാധ്യമമെന്ന് എനിക്ക് ബോധ്യപ്പെട്ടു (ബാലചന്ദ്രൻ, 2024: 16).

പി. എം. നാരായണൻ കോലായസദസ്സിൽ ആദ്യമായി പങ്കെടുത്തയവസരത്തിൽ കവിതകൾ എഴുതുന്നയാളാണെന്ന് എൻ എൻ കക്കാട് പരിചയപ്പെടുത്തി. എഴുതിയ ഒരു കവിത ചൊല്ലാൻ ആവശ്യപ്പെട്ടപ്പോൾ *ധൃതരാഷ്ട്രാലിംഗനം* എന്ന കവിത അവതരിപ്പിച്ചതിനെ അദ്ദേഹം ഇങ്ങനെ കുറിക്കുന്നു.

> തുടക്കക്കാരനായ കവി എന്ന നിലയിൽ പ്രോത്സാഹജനകമായ അഭിപ്രായങ്ങളാണ് അംഗങ്ങളെല്ലാം പറഞ്ഞത്. വൈകുന്നേരം മടങ്ങുമ്പോൾ അക്കിത്തം പ്രത്യേകമായി വിളിച്ച് എന്നെ അഭിനന്ദിക്കുകയും ഇനിയും ധാരാളം എഴുതണമെന്ന് പറയുകയും ചെയ്തു. ആ ഇരുപത്തൊന്നാം വയസ്സിൽ കൂടുതൽ കവിതകളെഴുതാൻ കോലായയുടേയും അക്കിത്തത്തിന്റെയും വാക്കുകൾ എനിക്കേറെ പ്രചോദനകമായി (നാരായണൻ, 2010:08).

സൗഹൃദാടിസ്ഥാനത്തിലുള്ള കൂട്ടായ്മകളുടെ സ്വാധീനത്താൽ ഔദ്യോഗികമാനമുള്ള കൂട്ടായ്മകളോ പ്രവർത്തനങ്ങളോ പിറന്ന സന്ദർഭങ്ങളും കേരളീയ സാംസ്കാരിക ചരിത്രത്തിലുണ്ടായിട്ടുണ്ട്. സ്വാതന്ത്ര്യാനന്തരകാലഘട്ടങ്ങളിൽ കോഴിക്കോട് നഗരകേന്ദ്രിതമായി നിലനിന്നിരുന്ന സൗഹൃദകൂട്ടായ്മകളുടെ ഒത്തുചേരലിലൂടെ സാഹിത്യരംഗത്തും നാടകരംഗത്തും ഒട്ടനവധി നേട്ടമുണ്ടായെന്നും നാടകോത്സവങ്ങളുടെ പിറവിയും സാഹിത്യസമിതിയുടെ പിറവിയും അത്തരത്തിലുള്ളതായിരുന്നുവെന്നും യു. എ ഖാദർ ഒരഭിമുഖത്തിൽ പറയുന്നുണ്ട് (2014: 232).

മലയാളഭാഷയിൽ വ്യത്യസ്തമേഖലകളിലായി അതിവിപുലമായ ഗ്രന്ഥശേഖരം നിർമ്മിച്ചെടുത്തതിൽ സാഹിത്യക്കൂട്ടായ്മകൾ പ്രയത്നിച്ചിട്ടുണ്ട്. പുസ്തകപ്രസാധനം ലളിതവൽക്കരിച്ചതിലും സാഹിത്യക്കൂട്ടായ്മകൾക്ക് പങ്കുണ്ട്. പുസ്തകചർച്ചകൾ കേരളീയ സർഗാത്മകബൗദ്ധികവ്യവഹാരങ്ങളുടെ ഭാഗമായി പ്രചാരം നേടിയ

തിന് പിന്നിൽ തീർച്ചയായും സാഹിത്യക്കൂട്ടായ്മകളുടെ ഇടപെടലുകളാണ്. സാഹിത്യക്കൂട്ടായ്മകളുടെ ഭാവുകത്വപരിസരത്തുണ്ടായ എഴുത്ത്, വായന വ്യവഹാരങ്ങൾ ആധുനികവ്യക്തിയെ രൂപപ്പെടുത്താൻ സഹായിച്ചു. സാഹിതീയവും സാംസ്കാരികവുമായി അവബോധമുള്ള ഒരു പൊതുസമൂഹത്തെ വാർത്തെടുക്കുന്നതിലും ഇവയുടെ പ്രവർത്തനപദ്ധതികളുടെ സ്വാധീനമുണ്ടായിട്ടുണ്ട്.

പരിണാമദശ

വിവിധ ജാതിമതവിഭാഗങ്ങൾ കൊണ്ടാടിയിരുന്ന ഉത്സവങ്ങളുടെയും ചടങ്ങുകളുടെയും ബൃഹത്തായ സാംസ്കാരിക ചരിത്രപശ്ചാത്തലമുള്ള സംസ്ഥാനമാണ് കേരളം. കലയ്ക്കും സാഹിത്യത്തിനും സ്ഥാനമുള്ള ഭാരതമൊന്നാകെ പേരുകേട്ട മാമാങ്കം മുതൽക്കാണ് സംസ്കാരികോത്സവങ്ങളുടെ അറിയപ്പെട്ട കേരളീയചരിത്രം ആരംഭിക്കുന്നത്. ആദ്യകാലത്തെ പ്രസിദ്ധമായ മറ്റൊരു സാഹിത്യ സാംസ്കാരികോത്സവമാണ് കോഴിക്കോട് തളി ക്ഷേത്രത്തിൽ വർഷം തോറും നടന്നു വന്നിരുന്ന പണ്ഡിതസദസ്സായ രേവതിപട്ടത്താനം. ഏറെക്കുറെ അനുഷ്ഠാനപരമായതിനാൽ ഇവയൊന്നും വായനാസംസ്കാരം, സാഹിതീയപൊതുമണ്ഡലം എന്നീ ആധുനികവ്യവഹാരങ്ങളോട് ചേർത്തുനിർത്തി പറയാനാവുന്നതല്ല. എന്നാൽ, നവോത്ഥാനാനന്തരം കേരളത്തിൽ നടന്ന സാഹിത്യ സാംസ്കാരികസമ്മേളനങ്ങൾ വായനാസംസ്കാരത്തെ കുറിച്ചുള്ള മൂല്യബോധം പകരുന്നതായിരുന്നു. സമകാലത്ത്, സാഹിത്യക്കൂട്ടായ്മകളുടെ പരിണാമമെത്തിനിൽക്കുന്നത് സാഹിത്യമേള (Literature festival)കളുടെ ജനപ്രിയകാലഘട്ടത്തിലാണ്. ഷാർജ പുസ്തകമേള, ഭ്രട്ടാൻ സാഹിത്യോത്സവം, ജയ്പൂർ സാഹിത്യോത്സവം എന്നിവയുടെ സ്വാധീനം തീർച്ചയായും കേരളത്തിലെ സാഹിത്യമേളകൾക്കുണ്ടായിട്ടുണ്ടാകും. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ കേരളത്തിൽ അരങ്ങേറിയ ആദ്യത്തെ സാഹിത്യമേള 2008ൽ തിരുവനന്തപുരത്ത് നടന്ന കോവളം ലിറ്ററി ഫെസ്റ്റിവലാണെന്ന് കരുതാം.

യോഗം, സമ്മേളനം (Conference) എന്നതിന് പകരം മേള, ഉത്സവം (Festival) എന്ന നാമകരണത്തിൽ നിന്ന് തന്നെ വ്യതിയാനം ആരംഭിക്കുന്നു. സത്യാനന്തരകാലത്തെ സാഹിതീയപൊതുമണ്ഡലത്തിലെ വളരെ സ്വാധീനശക്തിയുള്ള പ്രവണതയായി മാറിയിരിക്കുകയാണ് സാഹിത്യമേളകൾ. സാഹിത്യം മാത്രമല്ല, ഭാഷയും സംസ്കാരവും കലയും ശാസ്ത്രവുമെല്ലാം ഇവിടെ വിഷയമാകുന്നു

ണ്ട്. കാലികപ്രസക്തമായ വിഷയങ്ങളെയും പരിഗണിക്കുന്നു. പാനൽ ചർച്ചകളാണ് സാഹിത്യമേളകളിലെ പ്രധാന ഇനം. ധൈഷണികമായ സംവാദങ്ങളിൽ സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും വിഭിന്നതലങ്ങൾ ഏറിയും കുറഞ്ഞും ചർച്ചയാകുന്നു. സംവാദങ്ങളിൽ മാത്രമൊതുങ്ങാതെ കവിയരങ്ങ്, പാട്ട്, കലാരൂപങ്ങളുടെ അവതരണം, ചലച്ചിത്രപ്രദർശനം, ചിത്രകലാപ്രദർശനം ഇവയെല്ലാം ഇത്തരം മേളകളിലേക്ക് കൂടിക്കലരുന്നു. സാഹിത്യമേളകളോടൊപ്പം തന്നെ ജനപ്രിയമായിക്കൊണ്ടിരിക്കുന്നവയാണ് ചലച്ചിത്രമേളകളും. പുസ്തകം, ഭക്ഷണം, പരസ്യം ഇവയെല്ലാം വിപണിയുടെ അടയാളങ്ങളായാണ് ഇവയിൽ പ്രകടമാവുന്നത്. ഇത് കൊണ്ടൊക്കെ തന്നെ, 'സാഹിത്യോത്സവം' എന്നതിനേക്കാൾ ഈ പ്രതിഭാസത്തിന് 'സാഹിത്യമേള' എന്ന പേരാണ് കൂടുതൽ ഇണങ്ങുക. കൂട്ടായ്മയുടെയും ഐക്യത്തിന്റെയും പ്രകീർത്തനമാകുന്ന 'ഉത്സവം' എന്ന വാക്കിനേക്കാൾ വിപണിയോട് ബന്ധമുള്ള 'മേള' എന്ന പദത്തോട് ചേർത്ത് പറയുന്നതാവും ഉചിതമാവുക.

സാഹിത്യമേളകളുടെ നടത്തിപ്പിനായി വിശാലമായ സ്ഥലങ്ങളാണ് തിരഞ്ഞെടുക്കുന്നത്. മനോഹരമായ ഭൂപ്രദേശങ്ങൾ തിരഞ്ഞെടുക്കുന്നതിന് പുറകിൽ ആളുകളെ ആകർഷിക്കുക എന്ന ലക്ഷ്യം കൂടി പ്രവർത്തിക്കുന്നു. കടൽ, കുന്ന്, ക്യാംപസ്, മൈതാനം എന്നിങ്ങനെ ജനപ്രിയ സ്ഥലരാശികളാണ് മിക്ക മേളകളുടെയും വേദി.

പുസ്തകപ്രസാധനം പഴയ കാലത്തും പുതിയ കാലത്തും സാഹിത്യക്കൂട്ടായ്മകളോട് അടുത്ത് നിൽക്കുന്ന വ്യവഹാരമാണ്. പുസ്തകപ്രസാധകരാണ് സാഹിത്യമേളകളുടെ പ്രമുഖസംഘാടകർ. പൊതുജനങ്ങളുടെ പങ്കാളിത്തം കൂടുതലുണ്ടാകുന്നതും ഈ വിഭാഗത്തിലാണ്. കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ (ഡിസി ബുക്സ്), 'ക' അന്താരാഷ്ട്ര അക്ഷരോത്സവം (മാതൃഭൂമി ബുക്സ്), മലബാർ ലിറ്ററേച്ചർ ഫെസ്റ്റിവൽ (ബുക്ക് പ്ലസ്), പൂർണ സാംസ്കാരികോത്സവം (പൂർണ പബ്ലിക്കേഷൻസ്) കൃതി അന്താരാഷ്ട്ര സാഹിത്യോത്സവം (സാഹിത്യപ്രവർത്തക സഹകരണസംഘം) തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്. കേരള സാഹിത്യ അക്കാദമി നടത്തുന്നതാണ് സാർവ്വദേശീയ സാഹിത്യോത്സവം. സർവ്വകലാശാലകളോ ക്യാംപസുകളോ സംഘാടകരാകുന്നവയ്ക്ക് കണ്ണൂർ യൂണിവേഴ്സിറ്റി സാഹിത്യോത്സവവും ബുഖാരി അറിവുത്സവവും ഉദാഹരിക്കാം. കോവിഡാനന്തരം ഏറെ ആഘോഷിക്കപ്പെട്ട വാക്കാണ് സാഹിത്യമേള. വിദ്യാഭ്യാസസ്ഥാപനങ്ങൾ, നാട്ടുകൂട്ടായ്മകൾ എന്നിവി

ടങ്ങളിൽ നടത്തുന്ന പരിപാടികളുടെ നാമം സാഹിത്യമേള എന്ന വാക്ക് ചേർത്ത് പ്രയോഗിക്കുന്ന പ്രവണതയും ഇപ്പോൾ കണ്ടുവരുന്നു.

സാഹിത്യമേളകൾക്കും ഗുണദോഷവശങ്ങളുണ്ട്. എഴുത്തും വായനയും പ്രോത്സാഹിപ്പിക്കുന്നുവെന്നതാണ് പ്രധാനപ്പെട്ട ഗുണവശം. പാഠങ്ങളുടെ ഭിന്നമായ കാഴ്ചപ്പാടുകൾ പങ്കിടുന്നതിലൂടെ അനുവാചകർക്ക് അറിവും ചിന്തകളും പകരുന്നു. വ്യത്യസ്ത വീക്ഷണങ്ങൾ അവതരിപ്പിക്കുന്ന സംവാദങ്ങൾ, ചർച്ചകൾ എന്നിവയിലൂടെ ഒരു വിഷയത്തെ കുറിച്ചുള്ള ധാരണകൾ രൂപപ്പെടുത്തുന്നതിൽ പൊതുസമൂഹത്തെ സ്വാധീനിച്ചേക്കും. ഓൺലൈൻ യുഗത്തിൽ, ലോകത്തിലെവിടെ നിന്നും സഹൃദയർക്ക് ഇവയിൽ പങ്കുകൊള്ളാനാവുന്നു. ഒരു ദോഷവശം, പുസ്തകപ്രസാധകരുടെ അമിതമായ വിപണിതന്ത്രങ്ങൾ ഇങ്ങനെയുള്ള മേളകളുടെ പിന്നിൽ പ്രവർത്തിക്കുന്നുണ്ടെന്നതാണ്. വിപണി എന്നത് കേവലം സാമ്പത്തികമായതിനെ മാത്രമല്ല ഉദ്ദേശിക്കുന്നത്. സാഹിത്യമേളകളിൽ പലപ്പോഴും ചർച്ചാവിഷയങ്ങളിൽ വരെ സംഘാടകർ സ്വന്തം അജണ്ടകൾ പാലിക്കുന്നുണ്ട്. പല തോതിലും അനുപാതത്തിലും ഇത് ദൃശ്യമാകുന്നു. സാഹിത്യമേളകളിലും വിഷയം, സമൂഹം, വ്യക്തി പങ്കാളിത്തം, അതിഥി എന്നിവയിൽ മുഖ്യധാരക്ക് അകത്തോ അരികിലോ പുറത്തോ നിൽക്കുന്നവയുണ്ട്. ഇങ്ങനെ ബോധപൂർവ്വമോ അബോധപൂർവ്വമോ സംഘാടക അജണ്ടകൾക്കനുസരിച്ച് മാറ്റിനിർത്തലുകളുണ്ടാകുന്നതിൽ വിമർശനങ്ങളുയരാറുണ്ട്. ഭീമമായ പരസ്യവരുമാനം നേടുന്നതിനാൽ സംഘാടകരുടെ വാണിജ്യലക്ഷ്യങ്ങളും മുന്നിട്ടുനിൽക്കുന്നു. പക്ഷെ, മുഖ്യധാരക്ക് പുറത്തുള്ള സാഹിത്യമേളകൾക്ക് വാണിജ്യലാഭം കുറവാകാനും സാധ്യതയുണ്ട്. സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും വ്യവസായവൽക്കരണത്തെ വിമർശിക്കുന്ന സംസ്കാരവ്യവസായം (culture industry) എന്ന സങ്കൽപത്തെ ഇതിനോട് ചേർത്തുവായിക്കാം. തിയോഡോർ വീസൻഗ്രണ്ട് അഡോർണോയും മാക്സ് ഹോർഖ്ഹൈമറും അമേരിക്കൻ സംസ്കാരമണ്ഡലത്തിൽ പടർന്നുപിടിച്ച കുത്തകമുതലാളിത്തത്തിനെതിരെ ഉന്നയിച്ച വിമർശനങ്ങളിൽ നിന്ന് ഉടലെടുത്ത സങ്കൽപനമാണ് സംസ്കാര വ്യവസായം. ഈ സങ്കൽപനത്തെ രവീന്ദ്രൻ വിശദീകരിക്കുന്നത് `ഭാഷയും സാഹിത്യവും സംസ്കാരവുമുൾപ്പെടെ സകല വ്യവഹാരങ്ങളെയും ഭരിക്കുന്നത് വിപണിയുടെ ഉപകരണയുക്തിയാണ്. 'സംസ്കാര വ്യവസായം' എന്ന് അഡോർണോ വിശേഷിപ്പിക്കുന്ന സമകാല മുതലാളിത്ത സംസ്കാരത്തിൽ സംഭവിക്കുന്നത് വിപണിയുടെ സമ്പൂർണ

ആധിപത്യമാണ്. മാക്സ് ഹോർഖ്ഹൈമറുമായി ചേർന്ന് അദ്ദേഹം രചിച്ച പ്രബുദ്ധതയുടെ വൈരുദ്ധ്യവാദം (*ഡയലക്ടിക് ഒഫ് എൻലൈറ്റൻമെന്റ്*, 1947) എന്ന കൃതിയിലാണ് ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഉള്ളത്. അതിഭാവുകത്വത്തിലധിഷ്ഠിതമായ ലളിതഭാവനയിലൂടെയും ഉപകരണയുക്തിയിലൂടെയും സംസ്കാരത്തിലേക്കുള്ള വിപണിയുടെ അനിയന്ത്രിതമായ കടന്നുകയറ്റമാണ് സംസ്കാര വ്യവസായം' (2022:55) എന്ന് സാരം. സാഹിത്യമേളകളിൽ ഈ കടന്നുകയറ്റം തീർച്ചയായും വെളിവാകുന്നുണ്ട്.

ഉപസംഹാരം

കേരളീയ സമൂഹരൂപീകരണം, സാംസ്കാരികപരിണാമം എന്നിവയുടെ ചരിത്രത്തിലും വർത്തമാനത്തിലും സാഹിത്യക്കൂട്ടായ്മകൾക്ക് കൃത്യമായ സ്ഥാനമുണ്ട്. പഴയകാല സാഹിത്യ പാരായണസദസ്സുകളുടെ അതിവിപുലവും നവീനവുമായ മുഖമാണ് സാഹിത്യക്കൂട്ടായ്മകളിലൂടെ ദൃശ്യമായത്. ഈ നവീനഘട്ടത്തിൽ സാഹിത്യം പൗരസമ്പത്തായി പരിവർത്തനം ചെയ്യപ്പെട്ടു. ഈ മാറ്റം അധികാരവിധേയതക്ക് പകരം സ്വതന്ത്രബോധവും വിമർശനബുദ്ധിയുമുള്ള സർഗാത്മകപ്രവർത്തകരെ സൃഷ്ടിച്ചു. സാഹിത്യക്കൂട്ടായ്മകൾ എഴുത്ത്, വായന എന്നിവയെ പരിപോഷിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി പ്രത്യേക ചട്ടക്കൂടിനകത്ത് നിലനിന്ന കലയും സാഹിത്യവും ഇവിടെ ജനകീയവത്കരിക്കപ്പെട്ടു. സാഹിത്യക്കൂട്ടായ്മകളിലൂടെ കേരളത്തിന്റെ സംവാദാത്മകപരിസരത്തെ ഊർജ്ജസ്വലവും ക്രിയാത്മകവുമായി വിപുലീകരിക്കാനും ജനപ്രിയമാക്കാനും സാധിച്ചിട്ടുണ്ട്.

സാഹിത്യക്കൂട്ടായ്മകൾ രൂപപ്പെടുത്തിയ വായന-എഴുത്ത് സംസ്കാരങ്ങൾ കേരളത്തിൽ സാഹിതീയപൊതുമണ്ഡലത്തിന്റെ വളർച്ചക്ക് സഹായകമായി. സാഹിതീയപൊതുമണ്ഡലം കാലാനുസൃതമായി പരിണാമവിധേയമായിട്ടുണ്ട്. സാഹിത്യമേളകൾ ഇതിനുദാഹരിക്കാം. സാഹിത്യക്കൂട്ടായ്മകൾ ഭരണവർഗത്തിന്റെ കീഴിലുള്ള പാരായണസദസ്സുകളിൽ നിന്നും എഴുത്തുകാരുടെ നേതൃത്വത്തിലുള്ളതിലേക്ക് മാറി. അവിടെ നിന്നും സാഹിത്യക്കൂട്ടായ്മകളുടെ പരിണാമഘട്ടം എത്തിനിൽക്കുന്നത് പ്രധാനമായും പ്രസാധകർ നിയന്ത്രിക്കുന്ന സാഹിത്യമേളകളുടെ കാലത്താണ്. ഇവ എഴുത്തിനെയും വായനയെയും ആഘോഷമാക്കുകയാണ്.

പൊതുജനങ്ങൾക്ക് യാതൊരു മാനദണ്ഡവുമില്ലാതെ പ്രവേശനം നൽകുകയും വായനാസംസ്കാരത്തിൽ സജീവമായി സ്വാധീനം ചെലുത്തുകയും ചെയ്യുന്ന സാഹിത്യമേളകളുടെ നല്ലവശം അംഗീകരിച്ചേ മതിയാകൂ. എന്നാൽ, ഇതിൽ വിപണിയുടെ ആധിപത്യമുണ്ട്. മുഖ്യധാരയുടെയും അരികുവൽക്കരണത്തിന്റെയും തലങ്ങളുണ്ട്. ചിലപ്പോഴെല്ലാം പ്രസക്തമായ പല വിഷയങ്ങൾക്കും വേണ്ടത്ര ദൃശ്യത ലഭിക്കാതെ വരുന്നു. ദലിത്, ന്യൂനപക്ഷ വിഷയങ്ങൾ ഉപരിപ്ലവമായി മാത്രം ചർച്ചയാകുന്നൊള്ളൂ. എല്ലാത്തിനും ഇടം നൽകുക പ്രായോഗികമല്ലെന്നുള്ളത് വസ്തുതയാണ്. എങ്കിലും, തങ്ങളുടെ വലയത്തിലുള്ള പുസ്തകങ്ങൾക്കും എഴുത്തുകാർക്കും വിഷയങ്ങൾക്കും മാത്രം ദൃശ്യപരത നൽകുന്നതും സാധൂകരിക്കാനാവില്ല. വൈവിധ്യങ്ങളെ നിഷ്പക്ഷമായി ഉൾക്കൊള്ളുന്ന സാഹിതീയപൊതുമണ്ഡലം സാഹിത്യമേളകളുടെ സത്യാനന്തരകാലത്തും കേരളത്തിൽ സംജാതമായിട്ടില്ലെന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു.

അവലംബിതസൂചിക

- കലേഷ്, എം., *ഇന്ദുലേഖയിലെ പതിനെട്ടാം അധ്യായം: ആസന്ന പൊതുമണ്ഡലത്തിന്റെ മലയാളഭാവന*, താപസം, 2010 ഒക്ടോബർ -2011 ജൂൺ, പുറം 179- 206.
- കൃഷ്ണകുമാരി, എ., *വനിതാ പത്രപ്രവർത്തനം- ചരിത്രവും വാർത്തമാനവും*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2010.
- ഖാദർ, യു. എ., *ഖാദറിന്റെ ഭ്രമിമലയാളം*, അഭി., എ.കെ. അബ്ദുൽ ഹക്കീം, എഴുത്ത് അഭിമുഖം നിൽക്കുന്നു, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2014. പു. 213- 235.
- ചന്ദ്രശേഖരൻ, എം. ആർ. (പ്രൊഫ.), *സാഹിത്യത്തിൽ ദിഗ്വിജയങ്ങളുടെ ഒരു കാലഘട്ടം*, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2006.
- ജോർജ്ജ്, സി.ജെ. (ഡോ.), *ആധുനികധൈഷണികതയുടെ രൂപീകരണവും പരിണാമവും: കേരളത്തിലെ പുരോഗമനസാഹിത്യപ്രസ്ഥാനത്തെ കേന്ദ്രീകരിച്ചുള്ള അന്വേഷണം*, പോസ്റ്റ്ഡോക്ടറൽ ഗവേഷണപ്രബന്ധം, മലയാള-കേരളപഠനവിഭാഗം, കാലിക്കറ്റ് സർവകലാശാല, 2019.
- ദേവിക, ജെ., *മലയാളത്തിലെ തായ്മലം*, അവതാരിക, സാറാജോസഫ്, സാറാജോസഫിന്റെ സമ്പൂർണ കഥകൾ, കറന്റ് ബുക്സ്, തൃശ്ശൂർ, 2010.
- നാരായണൻ, പി.എം., ആമുഖം. *കോലായ ചർച്ചകൾ*, കറന്റ് ബുക്സ്, തൃശ്ശൂർ, 2010.

- പ്രദീപ്, പനങ്ങാട്, *മറുവഴി പുതുവഴി: കേരളത്തിലെ ബദൽ പ്രസ്ഥാനങ്ങൾ*, ഡി.സി. ബുക്സ്, കോട്ടയം, 2017.
- ബാലചന്ദ്രൻ, വടക്കേടത്ത്, *സാഹിത്യോത്സവങ്ങൾ ആഗ്രഹങ്ങളും വ്യാധികളും*, പ്ര സാധകൻ, 2024 മാർച്ച്, പുറം 14-18.
- രവീന്ദ്രൻ, പി. പി., *മാർക്സ്സെഴുത്തും തുടർച്ചകളും*, ഡി.സി. ബുക്സ്, കോട്ടയം, 2022.
- വസന്തൻ, എസ്. കെ., *സമസ്ത കേരള സാഹിത്യപരിഷത്തിന്റെ ചരിത്രം*, കറന്റ് ബുക്സ്, കോട്ടയം, 2007.
- വിജയൻ, എം. എൻ., *കാഴ്ചപ്പാട്*, ദേശാഭിമാനി ബുക്ക് ഹൗസ്, തിരുവനന്തപുരം, 1992.

ഊടി ഗവേഷണ ജേണൽ • ISSN: 2320-3889 • മലയാളം - 12 • മലയാളം - 3 •

ജനപ്രിയകൃതികൾ: ചരിത്രം തമസ്കരിച്ച വായനയുടെ രസതന്ത്രം

ഡോ. ശ്യാമള മാണിച്ചേരി
അസോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം
കൃഷ്ണമേനോൻ സ്മാരക ഗവ. വനിത കോളേജ്, കണ്ണൂർ

പ്രബന്ധസംഗ്രഹം:

ഇരുപതാംനൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ മലയാളത്തിലെ കലാ സാഹിത്യമേഖലകളിൽ രൂപം കൊണ്ട പ്രധാനവ്യവഹാരങ്ങളിലാന്നാ ണ് ജനപ്രിയസാഹിത്യം. മലയാളത്തിലെ ജനപ്രിയസാഹിത്യത്തിനും അതിന്റെ വായനയ്ക്കും വളരെ സമ്പന്നമായ ഒരു ചരിത്രമുണ്ട്. അച്ചടി യുടെ പ്രചാരം, നവസാക്ഷരസമൂഹം, വായനശാലകളുടെയും ഗ്രന്ഥ ശാലകളുടെയും ആവിർഭാവത്തോടെയുള്ള വായനയുടെ ജനാധിപ ത്യവൽക്കരണം എന്നിവ ജനപ്രിയസാഹിത്യത്തിന്റെ പ്രചാരത്തിനും പോഷണത്തിനും വഴി തുറന്നു. അച്ചടി-എഴുത്ത്, വായന-പ്രസാധനം, അറിവ്-ആസ്വാദനം എന്നീ സമവാക്യങ്ങൾ തന്നെ രൂപപ്പെട്ടു.

1950-കളിൽ ആരംഭിക്കുന്ന ജനപ്രിയസാഹിത്യത്തിന്റെ സുവർ ണ്ണകാലം തൊണ്ണൂറുകളിൽ, കേരളത്തിന്റെ ഗ്രാമങ്ങളിൽപോലും ടെ ലിവിഷൻ കടന്നുവരുന്നതുവരെ തുടർന്നു. മലയാളിയുടെ വായനാ ഭാവുകത്വത്തെ സജീവമാക്കിയ ജനപ്രിയസാഹിത്യം വായനയുടെ മണ്ഡലത്തിൽ നിർവഹിച്ച സാമൂഹികസാംസ്കാരിക ദൗത്യങ്ങളുടെ വി ശകലനമാണ് പ്രബന്ധം ലക്ഷ്യംവെക്കുന്നത്.

താക്കോൽ വാക്കുകൾ:

ജനപ്രിയത, ജനപ്രിയമൂലകങ്ങൾ, ജനപ്രിയസാഹിത്യം, വായന, കാനോനീകരണം

ആമുഖം

സാഹിത്യകൃതികളുടെ ഭ്രമികയാവുന്നത് മനുഷ്യജീവിതവും അതിന്റെ പരിസരങ്ങളുമാണ്. മനുഷ്യനും ചരാചരങ്ങളും അധിവസിക്കുന്ന പ്രപഞ്ചമാണ് പലകാലങ്ങളിൽ, രൂപ, ഭാവങ്ങളിൽ സാഹിത്യത്തിന്റെ ഉള്ളടരുകളാവുന്നത്. മനുഷ്യകഥാനുഗായികളായ സാഹിത്യത്തിന്റെ പ്രാഥമികലക്ഷ്യം വായനക്കാർക്ക് ആനന്ദംപകരുക എന്നതാണ്. വായന, ജീവിതത്തിലെ പ്രധാന പ്രവർത്തിയാവുന്നതും വായിക്കാനുള്ള ഉപാധികൾ പ്രസക്തമായിത്തീരുന്നതും ഈ ലക്ഷ്യത്തെ മുൻനിർത്തിയാണ്. മലയാളത്തിൽ, ഒരു കാലഘട്ടത്തിൽ വലിയ വായനാവൃന്ദം ഉണ്ടായിരുന്ന സാഹിത്യവിഭാഗമാണ് ജനപ്രിയസാഹിത്യം. സമൂഹത്തിലെ ഭ്രരിഭാഗംവരുന്ന സാധാരണക്കാരായ ജനങ്ങളെ വായനയിലേക്ക് അടുപ്പിക്കാൻ ജനപ്രിയസാഹിത്യം വഹിച്ച പങ്ക് പ്രത്യേക പരാമർശമർഹിക്കുന്ന ഒന്നാണ്.

'ജനപ്രിയം' എന്ന പദം സൗന്ദര്യശാസ്ത്രപരവും സാമൂഹ്യശാസ്ത്രപരവുമായ ഒട്ടേറെ മാനങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. സമൂഹത്തിലെ സാധാരണക്കാരായ ജനങ്ങളുടെ ആവശ്യങ്ങളെയും അഭിരുചികളെയും തൃപ്തിപ്പെടുത്തുന്ന തരത്തിലുള്ള ആഖ്യാനം നിർവഹിക്കുമ്പോഴാണ് കലാ, സാഹിത്യ, സംസ്കാരികരൂപങ്ങൾ ജനപ്രിയമാകുന്നത്. ഉൽപാദകരുടെയും വിപണിയുടെയും താല്പര്യങ്ങൾക്കനുസരിച്ച് നിർമ്മിക്കപ്പെടുന്നതുകൊണ്ടുതന്നെ ജനപ്രിയത്തിൽ കലയുടെയും കച്ചവടത്തിന്റെയും ഘടകങ്ങൾ ഉൾച്ചേരുന്നുണ്ട്.

ജാതി, മത, ദേശ, വർഗ്ഗ, ലിംഗ വേർതിരിവുകൾ ഇല്ലാതെ ജനസമൂഹം ഒന്നാകെ ആസ്വദിക്കുകയും അഭിരമിക്കുകയും അതിലൂടെ ഒരു പരിധിവരെ ചിന്തിക്കുകയും ചെയ്യുന്ന സാഹിത്യത്തെയാണ് ജനപ്രിയസാഹിത്യം എന്ന് വ്യവഹരിക്കുന്നത്. സാഹിത്യ നിർമ്മിതിയിലും ആസ്വാദനത്തിലും ഒരുപോലെ പ്രവർത്തിക്കുന്ന അനായാസത, ഭാവ, രൂപങ്ങളിലെ ലാളിത്യം, ജനസമൂഹം പെരുമാറുന്ന ഇടങ്ങളെയും അവർ വിനിമയം ചെയ്യുന്ന ഭാഷയെയും മുൻനിർത്തിയുള്ള ആഖ്യാനം, പ്രാദേശിക സംസ്കാരവുമായുള്ള ബന്ധം തുടങ്ങിയവ ജനപ്രിയതയെ (Popularity) നിർണയിക്കു

ന്ന ഘടകങ്ങളാണ്. ജനപ്രിയത രൂപപ്പെടുന്നതിന് പിന്നിൽ ഒരു കാലഘട്ടത്തിന്റെ സാമൂഹ്യ, സാംസ്കാരിക, ചരിത്ര, രാഷ്ട്രീയ സന്ദർഭങ്ങൾ പങ്കുവഹിക്കുന്നു. അതുകൊണ്ടുതന്നെ ജനപ്രിയ സാഹിത്യവും കലകളും നിർമ്മിക്കപ്പെടുന്ന രീതിയും അവയെ പൊതുസമൂഹം സ്വീകരിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന രീതിയും ഏറെ പ്രാധാന്യമർഹിക്കുന്നു.

മലയാളിയുടെ വായനാഭാവുകത്വത്തെ സ്വാധീനിക്കുകയും പരിവർത്തിപ്പിക്കുകയും ചെയ്ത ജനപ്രിയസാഹിത്യം അതിന് ഉപയുക്തമാക്കിയ കരുക്കൾ എന്തൊക്കെയാണ് എന്നുള്ള അന്വേഷണവും പ്രബന്ധത്തിന്റെ ലക്ഷ്യമാണ്.

സാഹിത്യം ജനപ്രിയമാകുന്നതിന്റെ കാരണം അത് ജനപ്രിയ മൂലകങ്ങളെ ഉൾക്കൊള്ളുന്നു എന്നതിനാലാണ്. ഇംഗ്ലീഷ് സാഹിത്യ പഠനത്തിന് ആമുഖം എഴുതിയ വില്യം ഹെൻറി ഹട്സൻ ബുദ്ധി, വികാരം, ഭാവന, ഭാഷ എന്നിങ്ങനെ സാഹിത്യാസ്വാദനത്തിന്റെ മൂലകങ്ങളെ തരംതിരിക്കുന്നുണ്ട് 2 (2010:5-6).

ഇതനുസരിച്ച് സാഹിത്യത്തിലെ വികാരാവിഷ്കരണവും ഭാവനയും ഭാഷയും ജനപ്രിയതക്ക് നിദാനമാകുന്നത് എങ്ങനെയാണ് എന്ന വസ്തുതയാണ് പ്രബന്ധത്തിന്റെ സൈദ്ധാന്തികതലമായി ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ലോകത്തെല്ലായിടത്തും ജനപ്രിയ സാഹിത്യരംഗത്ത് ഏറെ വായിക്കപ്പെട്ടത് നോവൽ എന്ന സാഹിത്യരൂപമാണ് എന്നതിനാൽ മലയാളത്തിലെ ജനപ്രിയസാഹിത്യ കൃതികളുടെ 'ജനപ്രിയത' വിശകലനം ചെയ്യാൻ ജനപ്രിയ നോവലുകളെയാണ് ഉപാദാനമാക്കിയിട്ടുള്ളത്.

വായനാസമൂഹരൂപീകരണം

വായന എന്നത് കേവലം ഒരാൾക്ക് അറിയാവുന്ന ഭാഷയിലെ ലിപിയിൽ അച്ചടിച്ച വസ്തുതകളിലൂടെ കണ്ണോടിക്കുന്ന പ്രക്രിയ അല്ല. അത് വായനക്കാരുടെ തിരിച്ചറിവിനെ കൂടി നിർണയിക്കുന്നതിനുള്ള ഉപാധിയാണ്.കാഴ്ച, കേൾവി, ചിന്ത, വാക്ക് തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഒരേസമയത്ത് നടക്കുമ്പോഴാണ് വായന പ്രാവർത്തികമാകുന്നത്. മിഷനറി പ്രവർത്തനങ്ങളുടെ വ്യാപനം സാധ്യമാക്കിയ സാമൂഹ്യ സാഹചര്യങ്ങളാണ് കേരളത്തിൽ വായനയുടെ പ്രചാരത്തിന് വഴിയൊരുക്കിയത്. മതപ്രചരണാർത്ഥം അച്ചടിച്ചു വിതരണം ചെയ്ത ലഘുപുസ്തകങ്ങളിൽ നിന്ന് സാഹിത്യകൃതികളിലേക്ക് വായനാസമൂഹം ചുവടുവെച്ചു. വ്യക്തിയുടെ ജാതി, മതം, കുടുംബം, തൊഴിൽ, ലിംഗപദവി, ജീവിതനിലവാരം തുടങ്ങിയ ഘടക

ങ്ങൾ വായനാസംസ്കാരവുമായി ബന്ധപ്പെട്ട് നിൽക്കുന്നവയാണ്. കൊളോണിയൽ ആധുനികതയുടെ ഭാഗമായി രൂപപ്പെട്ട സാംസ്കാരിക നവോത്ഥാനമാണ് അച്ചടികേന്ദ്രിതമായ പുസ്തകങ്ങളും പത്രമാസികകളും മലയാളി വായനക്കാർക്ക് ഇടയിലേക്ക് എത്തിച്ചത്. ജനതയുടെ സാമൂഹികജീവിതത്തിന്റെ വിവിധ തലങ്ങളെ നിർണയിക്കുന്ന വായന ജനാധിപത്യവൽക്കരിക്കപ്പെട്ട കാലം കൂടിയായിരുന്നു അത്. അച്ചടി വ്യാപകമായതോടുകൂടി കേരളത്തിലെ സാമൂഹികഘടനയിലും ജാതിഘടനയിലും ഉണ്ടായ മാറ്റങ്ങളും നിലവിലിരുന്ന സാമൂഹികഘടനയിൽ നിന്ന് സ്ത്രീകളും കീഴാളരും പുറത്തു കടക്കുകയും ആധുനികരിക്കപ്പെടുകയും ചെയ്തതിനെക്കുറിച്ച് കേരളം മലയാളികളുടെ മാതൃഭൂമി എന്ന കൃതിയിൽ ഇ.എം.എസ് കുറിക്കുന്നുണ്ട് (2000:42).സ്ത്രീകളും കീഴാളരും ഉൾപ്പെടെയുള്ള ജനത സാമൂഹ്യവും സാംസ്കാരികവുമായി മേലാളരോട് മത്സരിക്കാനുള്ള ശേഷി നേടിയെടുക്കുന്നത് അച്ചടി മാധ്യമങ്ങൾ സൃഷ്ടിച്ച നവഭാവുകത്വം വഴിയാണ്. "ഒരാളുടെ സാമൂഹികനിലയും പദവിയും നിർണയിക്കപ്പെടുന്നത് അയാളുടെ മത്സരശേഷിയെ ആശ്രയിച്ചാണ്" എന്ന് പിയറി ബോർദ്യു (1999:406) രേഖപ്പെടുത്തിയത് ഇതിനോട് കൂട്ടി വായിക്കാവുന്നതാണ്. നൂറ്റാണ്ടുകളായി പൊതുധാരയിൽ നിന്ന് മാറ്റി നിർത്തപ്പെട്ടവരിൽ നിന്ന് എഴുത്തുകാരും വായനക്കാരും ഉണ്ടാകുന്നതും അവരുടെ വായനാഭിരുചിയും സംവേദനശീലവും മാറിവന്ന രാഷ്ട്രീയ സാഹചര്യവും ബോർദ്യുവിന്റെ നിരീക്ഷണത്തെ സാക്ഷ്യപ്പെടുത്തുന്നു.

പത്തൊമ്പതാംനൂറ്റാണ്ടിന്റെ അവസാനത്തോടെ കേരളത്തിലെ വായനാസംസ്കാരവും സാമൂഹികബന്ധങ്ങളും പുനർവിഭാവനം ചെയ്യപ്പെടുന്ന രീതിയിൽ ജനങ്ങൾ ഇഷ്ടപ്പെടുന്നവ അച്ചടിക്കാനും വിപണനം നടത്താനും പ്രസാധകർ മത്സരിച്ച് രംഗത്തെത്തിയത് സാഹിത്യകേന്ദ്രിതമായ പുസ്തകവായനയെ വളർത്തി. നിയന്ത്രിത ഉൽപാദനം, വൻതോതിൽ ഉള്ള ഉത്പാദനം എന്നിങ്ങനെ പുസ്തകനിർമ്മാണത്തിന്റെ രണ്ട് മേഖലകളെ ബോർദ്യു അവതരിപ്പിക്കുന്നുണ്ട് 1 (1993:54). ഭ്രരിപക്ഷത്തിന്റെ അഭിരുചികളെയും രാഷ്ട്രീയമോ മതപരമോ സംസ്കാരികമോ ആയ താൽപര്യങ്ങളെയും തൃപ്തിപ്പെടുത്തുന്ന തരത്തിലുള്ള പുസ്തകങ്ങളുടെ വിപണനമാണ് വൻതോതിൽ ഉള്ള ഉത്പാദനത്തിന്റെ പരിധിയിൽ വരുന്നത്.1950-കൾ മുതൽ കേരളത്തിൽ ഉണ്ടായ ജനപ്രിയസാഹിത്യതരംഗത്തെയും അതിന്റെ ഭാഗമായി രൂപപ്പെട്ട പുസ്തകവിപണിയെയും വായനാസംസ്കാരത്തെയും ബോർദ്യുവിന്റെ വൻതോതിലുള്ള ഉത്പാദനം എന്ന പരികല്പനയോട് ചേർത്ത് വായിക്കാവുന്നതാണ്..

റിയലിസം, സോഷ്യലിസ്റ്റ് റിയലിസം, അസ്തിത്വവാദം, ആധുനികത തുടങ്ങിയ ചിന്താ പദ്ധതികളിൽ ഊന്നിയുള്ള സാഹിത്യകൃതികൾ, ജനപ്രിയസാഹിത്യത്തിന് മുൻപും സമാന്തരമായും മലയാളത്തിൽ പ്രചരിച്ചതാണ് ജനപ്രിയസാഹിത്യ വായനയ്ക്ക് പശ്ചാത്തലമായത്. സമൂഹത്തിലെ മേൽ, കീഴ്, ഇടനില ജീവിതാവസ്ഥകളെ അതിന്റെ സർവ്വവിധദൈന്യതകളോടെയും അവതരിപ്പിച്ച സാഹിത്യാനുഭവമാണ് 1930-കൾ മുതൽ വായനക്കാർ നേരിട്ടത്. പട്ടിണി, രോഗം, യുദ്ധക്കെടുതികൾ, പലായനത്വര, സ്വത്വപ്രതിസന്ധി തുടങ്ങിയവ യഥാതഥമായും തീക്ഷ്ണമായും സാഹിത്യകൃതികളിൽ അവതരിപ്പിക്കപ്പെട്ടത് വായനക്കാരിൽ ഒരുതരം വിഷാദവീക്ഷണം രൂപപ്പെടാൻ ഇടയാക്കി. ജനപ്രിയസാഹിത്യത്തിന് സമാന്തരമായി അസ്തിത്വവാദത്തിലൂന്നി ജീവിതത്തെ വിലയിരുത്തിയ സാഹിത്യകൃതികൾ, സ്വത്വവ്യഥ, തീവ്രവിഷാദം, പലായനത്വര, അന്യവൽക്കരണം എന്നിവ ആഴത്തിൽ അവതരിപ്പിച്ചു. വിഷാദാത്മകതയോടൊപ്പം കടുത്ത നൈരാശ്യത്തിന്റെ അവസ്ഥയിലേക്ക് ഭൂരിഭാഗം വായനക്കാരെയും എത്തിക്കുന്ന അനുഭവമാണ് ഇതോടെ രൂപപ്പെട്ടത്. ഈ കൃതികളിൽ അന്യമായിരുന്ന ആനന്ദതത്വത്തെ മുഖ്യപ്രമേയമാക്കിക്കൊണ്ട് വ്യത്യസ്തമായ ആഖ്യാന രീതിയിലൂടെ വായനക്ക് പുതിയ മാനങ്ങൾ പകരുന്ന ജനപ്രിയസാഹിത്യം പ്രചരിച്ചത് ഈ സവിശേഷസാഹചര്യത്തിലാണ്.നിത്യജീവിതവ്യവഹാരങ്ങളിൽ നിന്ന് രൂപപ്പെടുന്ന മാനസിക സംഘർഷങ്ങൾക്ക് അയവ് വരുത്താനും ഒഴിവുസമയത്തെ ആസ്വാദ്യകരമാക്കാനുമുള്ള ഉപാധികൾ ജനപ്രിയസാഹിത്യം വായനക്കാർക്ക് നൽകി." എല്ലാ രാജ്യങ്ങളിലും എല്ലാ ഭാഷകളിലും ജനപ്രിയ സാഹിത്യമുണ്ട്.ഉയർന്ന വായനാസംസ്കാരത്തിലേക്കുള്ള ആദ്യചുവടുവെപ്പായാണ് ജനപ്രിയ കഥകളുടെയും നോവലുകളുടെയും പാരായണം എന്നു തിരിച്ചറിയേണ്ടതുണ്ട്" (മുകുന്ദൻ, 2014:33).

ജനപ്രിയതയുടെ ഭാവുകത്വ പരിസരം

മലയാള സാഹിത്യചരിത്രങ്ങൾ അടയാളപ്പെടുത്താൻ വിമുഖത കാണിച്ച ജനപ്രിയസാഹിത്യം അതിന്റെ അനിഷേധ്യ സാന്നിധ്യമറിയിച്ചത് 1950-കൾ മുതൽക്കാണ്. പ്രമേയത്തിന്റെയും ഭാഷയുടെയും ആഖ്യാനത്തിന്റെയും തലങ്ങളിൽ ജനപ്രിയസൂത്രവാക്യങ്ങൾ സ്വീകരിച്ചുകൊണ്ടാണ് ഭൂരിപക്ഷം മലയാളി വായനക്കാരെയും ജനപ്രിയസാഹിത്യം ആകർഷിച്ചത്. അച്ചടിരംഗത്തെ വളർച്ച, നവസാക്ഷരസമൂഹം, പുസ്തക പ്രസാധനം, ഗ്രാമീണ വായനശാലകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് ദി

നപത്രങ്ങളുടെയും ആനുകാലികങ്ങളുടെയും പ്രചാരം ഭൂപരിഷ്കരണത്തെത്തുടർന്ന് രൂപപ്പെട്ട പുതിയ ഭൂവുടമകളും കീഴാളജനതയും തമ്മിലുണ്ടായ സംഘർഷങ്ങൾ, സ്കൂളുകൾ, കോളേജുകൾ എന്നിവ വ്യാപകമായതോടെ അഭ്യസ്തവിദ്യരുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ്, മധ്യവർഗ്ഗത്തിലെ ചെറുപ്പക്കാർക്കിടയിലെ തൊഴിലില്ലായ്മ, കേരളസംസ്ഥാന രൂപീകരണത്തെത്തുടർന്ന് ഭരണത്തിൽ എത്തിയ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ പ്രവർത്തനങ്ങൾ, മലബാറിലേക്കും മലനാട്ടിലേക്കും ഉള്ള ക്രൈസ്തവ കർഷകരുടെ കുടിയേറ്റം, അവരുടെ ആഭ്യന്തര-ബാഹ്യസംഘർഷങ്ങൾ, ഭൂപരിഷ്കരണവും കുടിയായ്മനിയമങ്ങളും വിവിധ വർഗ്ഗക്കാരിൽ ഉണ്ടാക്കിയ അഭിപ്രായങ്ങൾ, വിമോചന സമരത്തെ തുടർന്ന് കേരളീയ സമൂഹത്തിൽ ഉണ്ടായ വലതുപക്ഷ ചിന്താഗതികളുടെ വളർച്ച, സാർവത്രികവും സൗജന്യവുമായ വിദ്യാഭ്യാസപ്രവർത്തനങ്ങളും നയങ്ങളും എന്നിങ്ങനെ ജനപ്രിയസാഹിത്യത്തിന്റെ വളർച്ചയെയും വ്യാപനത്തെയും നിർണയിച്ച ഘടകങ്ങൾ നിരവധിയാണ്. ജനകീയമായ വായനാസംസ്കാരം രൂപപ്പെട്ടതിനോടൊപ്പം വായനയുടെ മേഖലകളിലേക്കുള്ള സ്ത്രീകളുടെ കടന്നുവരവും പ്രത്യേക പരാമർശം അർഹിക്കുന്നു. ചുരുക്കത്തിൽ, ഈ കാലഘട്ടത്തിൽ കേരളത്തിലെ രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക രംഗങ്ങളിൽ ഉണ്ടായ മാറ്റമാണ് ജനപ്രിയസാഹിത്യത്തിന്റെ സാഹിത്യബാഹ്യഘടകങ്ങളെ രൂപപ്പെടുത്തിയത്. സോഷ്യലിസ്റ്റ്റിയലിസം അവതരിപ്പിച്ച ദൈന്യതയുടെ നേർക്കാഴ്ചയിൽ നിന്നും വിഷാദാത്മകതയിൽ നിന്നും വായനാസമൂഹത്തെ ആനന്ദാനുഭവങ്ങളിലേക്ക് നയിക്കാൻ ജനപ്രിയസാഹിത്യത്തിന് പ്രേരണയായത് മേൽ സൂചിപ്പിച്ച സാഹചര്യങ്ങളാണ്.

ഇതര സാഹിത്യരൂപങ്ങളെ അപേക്ഷിച്ച് നോവൽസാഹിത്യമാണ് ജനപ്രിയതയുടെ മൂലകങ്ങളെ സമർത്ഥമായി ഉപയോഗിച്ചത്. ആനുകാലികങ്ങളിലൂടെ ഖണ്ഡശ്ശയായും പുസ്തകരൂപത്തിലും വായനക്കാരെ തേടിയെത്തിയ നോവലുകൾ അവരുടെ ആത്മസംഘർഷങ്ങൾക്ക് അയവ് നൽകുന്നതിനുള്ള ഉപാധിയായിത്തീർന്നു. ആഴ്ചപതിപ്പുകളിലെ നോവൽ വായിക്കുന്നതിനുവേണ്ടി മാത്രം അക്ഷരം പഠിച്ചവർവരെ ആ കാലത്തുണ്ടായി എന്നത് അതിശയോക്തിയല്ല. ജനപ്രിയനോവലിലെ കഥാപാത്രങ്ങളും പശ്ചാത്തലവും ഭാഷയും ജീവിതവും അവർക്ക് അന്യമായി തോന്നിയില്ല എന്നത് തന്നെയായിരുന്നു അതിന് കാരണമായത്. സാമൂഹ്യ പരിവർത്തനത്തിനുള്ള ആഹ്വാനമോ വിപ്ലവാത്മകമായ ആശയങ്ങളോ ജനപ്രിയസാഹിത്യത്തിന്റെ ആഖ്യാനത്തിലെ പ്രത്യക്ഷ ഘടകങ്ങളല്ല. അതീവ ലളിതമായ ഭാഷയിൽ

ആശയവിനിമയം സാധ്യമാക്കിക്കൊണ്ട് നവസാക്ഷരരായ ആസ്വാദകരെയുൾപ്പെടെ ആകർഷിക്കുംവിധം നിത്യ ജീവിതപരിസരത്തെ അവതരിപ്പിക്കുന്ന ജനപ്രിയതയുടെ രസതന്ത്രമാണ് ഇതിന്റെ വക്താക്കൾ സ്വീകരിച്ചത്.

> വായന എന്ന സ്ഥാപനം ചരിത്രപരമായി വളരുന്നതിന് സാക്ഷരത, വായിക്കാനുള്ള ഒഴിവുസമയം, അന്തരീക്ഷം എന്നീ സാമൂഹിസ്ഥാപനങ്ങളുടെ വളർച്ചയുടെ അനിവാര്യത ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. അത്രയുംതന്നെ പ്രാധാന്യമുള്ള ഒരു ഘടകമാണ് വായിക്കാനുള്ള വസ്തുക്കളുടെ ലഭ്യതയും. ഇന്ന് നാം ജനപ്രിയം എന്ന് പേരിട്ടു വിളിക്കുന്ന ഖണ്ഡശ്ശസാഹിത്യം പുതുതായി സാക്ഷരരായ ഒരു വലിയ സമൂഹത്തിന് വായിക്കാനുള്ള ഉപാധികളും പ്രചോദനവും നൽകി എന്നത് പ്രസിദ്ധമായ ഒരു കാര്യമാണ് (കൃഷ്ണൻ, 2014:390-91).

മലയാളത്തിൽ ജനപ്രിയസാഹിത്യവായന വളരാനും വ്യാപിക്കാനും ഇടയായ സാഹചര്യത്തെ ഈ നിരീക്ഷണം കൃത്യമായിഅടയാളപ്പെടുത്തുന്നുണ്ട്.

ഭാഷാപ്രയോഗങ്ങളിലെ ജനപ്രിയത

ലളിതമായ ഭാഷയിലൂടെ വൈകാരിക അനുഭൂതി പകർന്നുകൊണ്ട് സാധാരണക്കാരെ വായനയുടെ വിശാലതകളിലേക്ക് നയിക്കുക എന്ന ദൗത്യമാണ് ജനപ്രിയസാഹിത്യം നിർവഹിച്ചത്.

"ഭൂരിപക്ഷം ആളുകൾക്കും ഒരുപാട് ഇഷ്ടംതോന്നുന്നവയാണ് ജനപ്രിയം" എന്ന് റെയ്മണ്ട് വില്യംസ് ജനപ്രിയതയെ നിർവചിക്കുന്നുണ്ട് (ഉദ്ധ. രാധാകൃഷ്ണൻ, 2017:183). ജനങ്ങൾ, അവർ ജീവിക്കുന്ന സമൂഹം എങ്ങനെ ആയിത്തീരണമെന്ന് സ്വപ്നം കാണുന്നതുപോലെത്തന്നെയാണ് ജനപ്രിയസാഹിത്യത്തിൽ ചിത്രീകരിക്കപ്പെട്ടത്. മത-സാമ്പത്തിക വിഭാഗീയതകൾക്ക് അതീതമായ പ്രണയം, നിലനിൽക്കുന്ന വ്യവസ്ഥകളിലെ അനീതിക്കെതിരെയുള്ള രോഷം, വായനക്കാർക്ക് പരിചിതമായ സ്ഥലകാലങ്ങളിൽ നിന്നുള്ള വിവരണം, നാട്ടുശൈലികളും വാമൊഴിപ്രയോഗങ്ങളും നിറഞ്ഞ വൈകാരികഭാഷ തുടങ്ങിയവയാൽ സാധാരണക്കാരന്റെ വായനാഭിരുചിയുടെ അകവും പുറവും കയ്യടക്കുന്ന വിധത്തിൽ ജനപ്രിയസാഹിത്യകൃതികളുടെ വായന പ്രചരിച്ചു. മലയാളത്തിൽ അതുവരെയുണ്ടായിരുന്ന സാഹിത്യത്തിന്റെ സൗന്ദര്യശാസ്ത്രത്തിലും സാമൂഹികശാസ്ത്രത്തിലും സാരമായ അഴിച്ചുപണികൾ

നടത്തി, സാഹിത്യം ജനപ്രിയമായിക്കൊണ്ട് അവർക്കിടയിൽ പൈങ്കിളിയെപ്പോ ലെ പാറിനടന്നു. ഉദാത്തസാഹിത്യത്തിന്റെ വക്താക്കൾ തീരുമാനിച്ചുറപ്പിച്ച രൂപ, ഭാവ, ശൈലികളെ വെല്ലുവിളിക്കുന്ന തരത്തിലാണ് ജനപ്രിയസാഹിത്യത്തിന്റെ ഭാഷയും ആഖ്യാനവും നിർവഹിക്കപ്പെട്ടത്. എഴുതുന്ന ആളുടെ സ്വച്ഛാധിപത്യസ്വരമല്ല വായനക്കാരുടെ ജനാധിപത്യസ്വരമാണ് ഇവിടെ മുന്നിട്ടുനിന്നത്. എഴുത്തിന്റെ രാ ഷ്ട്രീയം തീരുമാനിക്കുന്ന വായനക്കാരുടെ ആവശ്യമാണ് ജനപ്രിയസാഹിത്യത്തിന്റെ വിജയഹേതു. എഴുത്തും വായനയും തമ്മിലുള്ള ബന്ധം ലളിതവും സുതാര്യവുമാവുന്ന ലാവണ്യശാസ്ത്രമാണ് ഇവിടെ രൂപപ്പെട്ടത്.

വരേണ്യ/ഉദാത്ത കലാസൗന്ദര്യപക്ഷപാതികൾ പൈങ്കിളിസാഹിത്യം എന്ന് ആക്ഷേപിച്ച ഈ സാഹിത്യവിഭാഗം വായനയെ ജനകീയമാക്കുന്ന സംസ്കാരത്തിനാ ണ് 1950-കൾ സാക്ഷ്യം വഹിച്ചത്. "ബീച്ചിലും ബാൽക്കണിയിലും ബോട്ട് ജെട്ടിയിലും വണ്ടിത്താവളത്തിലും മടപ്പള്ളിയിലും മാളികയിലും കൂടിലിലും വയലിലും ഫാക്ടറിയിലും പടപ്പാളയത്തിലും കൂറേക്കാലമായി രമണനാണ് ഒന്നാംപാഠം എന്ന മുണ്ടശ്ശേരി രമണ ന്റെ അവതാരികയിൽ കുറിച്ചത് (ഉദ്ധ. രാധാകൃഷ്ണൻ, 2011:291) ജനപ്രിയ സാഹിത്യ ത്തിന്റെയും വിശേഷണമായി മാറുകയാണുണ്ടായത്.വായിക്കാനും ആസ്വദിക്കാനും ഉള്ള കഴിവും കൗതുകവും അവസരവും സവർണ ഭ്രരിപക്ഷത്തിന്റെ കൈകളിൽ നിന്ന് ജനഭ്രരിപക്ഷത്തിന്റേതായിത്തീർന്ന അനുഭവമാണ് ജനപ്രിയസാഹിത്യം കാ ഴ്ചവച്ചത്. ജനഭ്രരിപക്ഷത്തിന്റെ കാമനകളും അനുഭവങ്ങളും അവർക്കുകൂടി ഹിതക രമായ ഭാഷയിലും ശൈലിയിലും അവതരിപ്പിച്ചതാണ് വായന ജനപ്രിയമായതിന്റെ നിദാനം. മാറിയേ തീരൂ എന്ന് സമൂഹം തീവ്രമായി അഭിലഷിക്കുന്ന പൊരുത്തക്കേടുക ളെ സാഹിത്യകൃതികളിലൂടെ സമീകരിച്ച് വായനക്കാർക്ക് ആഹ്ലാദാനുഭവം പകർന്നു കൊടുക്കാൻ ജനപ്രിയ സാഹിത്യത്തിന് കഴിഞ്ഞു. ഈ ദൗത്യം നിർവഹിക്കുന്നതിനു വേണ്ടി ജനപ്രിയസാഹിത്യകാരന്മാർ ബോധപൂർവ്വം തന്നെ പ്രമേയത്തിലും ഭാഷയിലും ആഖ്യാനത്തിലും ഒട്ടനവധി കരുക്കൾ ഉപയോഗിച്ചു. കൃതികളുടെ വിപണിവൽക്കര ണം കൂടി അവരുടെ ലക്ഷ്യമായിരുന്നു.

മുട്ടത്തുവർക്കി, മാത്യുമറ്റം, കാനം ഇ.ജെ, മൊയ്തുപടിയത്ത്, ജോയ്സി, സുധാകർ മംഗളോദയം തുടങ്ങി നവസാക്ഷരർ ഉൾപ്പെടെയുള്ള സാധാരണവാ യനക്കാരെ വായനയിലേക്ക് ആകർഷിച്ച ജനപ്രിയസാഹിത്യകാരന്മാരിൽ ഭ്രരിപ ക്ഷത്തിന്റെയും കൃതികളുടെ പശ്ചാത്തലം മധ്യകേരളവും അതിന്റെ പരിസരപ്രദേശ

ങ്ങളുമാണ്. മധ്യ തിരുവിതാംകൂറിലെ ക്രൈസ്തവരുടെ ജീവിതത്തെയാണ് ഇവരിൽ ഇവരിൽ പലരും പ്രമേയമാക്കിയത്. ഇതരമതവിഭാഗത്തിന്റെ പ്രാതിനിധ്യം നിർവ്വഹിച്ച എഴുത്തുകാരും ആഖ്യാനസ്ഥലമായി മധ്യകേരളത്തെത്തന്നെയാണ് ഉപയോഗിച്ചത്.ജനപ്രിയസാഹിത്യത്തിന്റെ രണ്ടാംഘട്ടം എന്ന് വിശേഷിപ്പിക്കാവുന്ന 1980-90 കാലഘട്ടത്തിലാണ് ഇതര സാമൂഹികവിഭാഗങ്ങളും പ്രാദേശിക പ്രതിനിധാനങ്ങളും ജനപ്രിയസാഹിത്യത്തിൽ വ്യാപകമാകുന്നത്. വ്യത്യസ്ത ജാതി, മത, പ്രാദേശിക ജന വിഭാഗങ്ങളെക്കുറിച്ചുള്ള ആഖ്യാനങ്ങൾ ബോധപൂർവ്വം നിർവഹിച്ച എഴുത്തുകാരുടെ നീണ്ടനിര തന്നെ ഈ കാലത്ത് ഉണ്ടായി. പി. വി. തമ്പി, കമലാഗോവിന്ദ്, ചന്ദ്രക്കല എസ്. കമ്മത്ത്, മല്ലിക യൂനിസ്, സുധാകർ മംഗളോദയം എന്നിവർ ഈ ഘട്ടത്തിന്റെ പ്രതിനിധികളാണ്.സ്ത്രീ എഴുത്തുകാർ ജനപ്രിയ സാഹിത്യമേഖലയിലേക്ക് കടന്നുവന്നു എന്നതും ഈ ഘട്ടത്തിന്റെ സവിശേഷതയാണ്.മൊയ്തു പടിയത്തും സിദ്ദിഖ് ഷമീറും ആണ് ജനപ്രിയസാഹിത്യത്തിലെ മുസ്ലിം പ്രതിനിധാനത്തിന്റെ വക്താക്കളായത്.

ഒരു പ്രത്യേക കാലഘട്ടത്തിന്റെ ആവശ്യകതയെയും ജനതയെയും മുൻനിർത്തി എഴുതുമ്പോൾ അവരിൽ സ്വാധീനം ചെലുത്താൻ പര്യാപ്തമായ ഭാഷയും ആഖ്യാനരീതിയും സ്വീകരിക്കുക എന്നത് എഴുത്തുകാർ പിന്തുടരുന്ന തന്ത്രമാണ്.ജനപ്രിയസാഹിത്യ മേഖലയിലെ എഴുത്തുകാർ അവരുടെ കൃതികളിൽ ആർജ്ജവവും ലാളിത്യവും സ്വാഭാവികതയും വാമൊഴിയുടെ ആധിപത്യവുമുള്ള ഭാഷയെയാണ് ഉപയോഗിച്ചത്.മിക്ക കൃതികളുടെയും കഥാസ്ഥലം മധ്യകേരളമായതുകൊണ്ട് തന്നെ അവിടത്തെ വാമൊഴിഭാഷയ്ക്ക് ആധിപത്യമുള്ള മലയാളമാണ് അവർ സ്വീകരിച്ചത്. പ്രകൃതി-സംഭവ-കഥാപാത്ര ചിത്രീകരണത്തിലെ ആലങ്കാരിക പ്രയോഗങ്ങൾ, കാവ്യാത്മകശൈലി, ദൃശ്യപ്രതീതി ഉണർത്തുന്ന വർണ്ണനകൾ, ബിംബകൽപ്പനകൾ എന്നിവ കലർത്തിക്കൊണ്ട് അവർ ആഖ്യാനത്തെ മനോഹരമാക്കി തീർത്തു. കഥാപാത്രങ്ങളുടെ വികാരവിചാരങ്ങളെ വായനക്കാർക്ക് അനുഭവവേദ്യമാകുന്ന വിധത്തിൽ ഔചിത്യവും ധ്വന്യാത്മകവും രസഭാവപ്രകാശനശേഷിയും ഉള്ള നവരസഭാഷയെയാണ് ഇവർ ഇതിനായി ഉപയോഗിച്ചത്. അതോടൊപ്പം ബാഹ്യവും ആഭ്യന്തരവുമായ താളലയവും ശബ്ദഭംഗിയും നിലനിർത്താനും ശ്രമിച്ചു.ഗ്രാമീണരുടെ ഫലിതോക്തികളും പഴഞ്ചൊല്ലുകളും അശ്ലീലച്ചൊല്ലുകളും തെറിപ്പദങ്ങളും ഉൾപ്പെടെയുള്ള മറ്റ് ധ്വന്യാത്മക പ്രയോഗങ്ങളും സന്ദർഭത്തിനനുസരിച്ച് പ്രയോഗിച്ചത് ജനപ്രിയസാഹിത്യത്തിലെ ഭാഷാരീതിയെ വ്യതിരിക്തമാക്കുന്നു.

വായനക്കാർക്ക് ചിലപരിചിതമായ ഭാഷാപ്രയോഗങ്ങളും ശൈലികളും അവരെ ഒന്നുകൂടി വായനയിലേക്കും ആസ്വാദനത്തിലേക്കും അടുപ്പിച്ചു എന്നതാണ് ജനപ്രിയസാഹിത്യത്തിലെ ഭാഷയുടെ സവിശേഷത. വാമൊഴിയിലൂടെ പ്രാദേശിക ഭാഷയുടെ ഊർജ്ജസ്വലതയെ അവതരിപ്പിച്ചുകൊണ്ട് മാനകീകരിക്കപ്പെട്ട ഭാഷണ മാതൃകകളെ പ്രതിരോധിക്കുക എന്ന ലക്ഷ്യംകൂടി ഇത്തരം ഭാഷാപ്രയോഗങ്ങളിലൂടെ ജനപ്രിയസാഹിത്യത്തിന്റെ വക്താക്കൾ സാധിച്ചെടുക്കുന്നുണ്ട്.

പ്രമേയത്തിന്റെ സാർവ്വലൗകീകത

സാർവ്വലൗകികവും സാർവ്വകാലികവുമായ പ്രമേയങ്ങളെയാണ് ജനപ്രിയ സാഹിത്യകാരന്മാർ സ്വീകരിച്ചത്.സമൂഹത്തിലെ ഇടത്തരക്കാരുടെ ജീവിതാവസ്ഥകളെ സത്യസന്ധമായി ആവിഷ്കരിക്കുന്ന കൃതികൾ അടിസ്ഥാനപരമായി നാട്ടുജീവിതത്തെ ദൃഢമായും തീവ്രമായും ധാർമികമായും അവതരിപ്പിച്ചു. പ്രമേയം പലപ്പോഴും ആവർത്തനസ്വഭാവമുള്ളവയാകുമ്പോൾത്തന്നെ സമൂഹജീവിതത്തിന്റെ സൂക്ഷ്മാനുഭവങ്ങൾ ബഹുതല സ്പർശിയായി കൃതികളിൽ നിറഞ്ഞുനിൽക്കുകയും ചെയ്യുന്നു. പ്രണയം, വിവിധമതവിശ്വാസികളുടെ ഭൗതിക-ആത്മീയ ജീവിതദർശനം കാർഷികജീവിതം, ഇതരതൊഴിൽ മേഖലയിലെ ജീവിതചിത്രീകരണം, കുടുംബ-സമൂഹ ജീവിതങ്ങൾക്കുമേലെ മതവും രാഷ്ട്രീയവും ചെലുത്തുന്ന അധികാരപ്രയോഗങ്ങൾ, ലൈംഗിക കാമനകൾ, കൂടിയേറ്റം, മദ്യപാനം, സ്ത്രീധനം, നഗര-ഗ്രാമ സംഘർഷം, കീഴാള-മേലാള ബന്ധം എന്നിങ്ങനെ സാധാരണവായനക്കാർക്ക് പ്രിയമാകുന്ന മൂലകങ്ങളെയാണ് പ്രമേയങ്ങളായി അവർ സ്വീകരിച്ചത്. ജീവിതത്തിലെ ദുരിതാനുഭവങ്ങളെ വായനയിലൂടെ മാറ്റിനിർത്താൻ പര്യാപ്തമായ ഇത്തരം മൂലകങ്ങളിൽ സവിശേഷപരാമർശം അർഹിക്കുന്നത് പ്രണയത്തിന്റെ ചിത്രീകരണമാണ്.

ജാതീയവും സാമ്പത്തികവുമായി സമൂഹം പ്രണയത്തിനുമേൽ തീർത്ത വേലിക്കെട്ടുകൾ ജനപ്രിയസാഹിത്യകൃതികളിലെ നായികാനായകന്മാരുടെ പ്രണയത്തിന് ഭംഗം വരുത്തുന്നില്ല, എന്ന് മാത്രവുമല്ല സാമൂഹ്യ അനീതികളെ വെല്ലുവിളിക്കാനും സദാചാരവ്യവസ്ഥകളെയും വിവാഹത്തെയും കുറിച്ചുള്ള കാഴ്ചപ്പാടുകളെ മാറ്റിയെഴുതാനും അവർ പ്രണയത്തെ ഉപാധിയാക്കുകയും ചെയ്തു.സാമൂഹ്യജീവിതത്തിൽ, പാരമ്പര്യ ചിന്താഗതികൾ വരിഞ്ഞുമുറുക്കിയതിനാൽ സ്വച്ഛന്ദ പ്രണയം ആസ്വദിക്കാനാവാതെ വീർപ്പുമുട്ടിയ വായനക്കാർക്ക് ജനപ്രിയകൃതികളിലെ പ്രണയചിത്രീകരണം

ഹൃദ്യമായ അനുഭവമായി. പ്രണയാവിഷ്കാരം ആസ്വദിക്കുന്നതിനോടൊപ്പം കൂടുതൽ വിശാലമായും പുരോഗമനപരമായും ചിന്തിക്കാൻ അത് അവർക്ക് പ്രചോദനമേകി. മുട്ടത്തുവർക്കി, കാനം ഇ. ജെ., മാത്യുമറ്റം, ജോയ്സി, സുധാകർ മംഗളോദയം തുടങ്ങിയവരുടെ കൃതികളിൽ പ്രണയത്തിന്റെ മാസ്മരികതയും അതിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളും ആവിഷ്കരിക്കപ്പെട്ടു.

> ജനപ്രിയകൃതികളിലെ കേന്ദ്രപ്രമേയമായ പ്രണയം രണ്ട് വ്യക്തികൾക്കിടയിലല്ല സാമൂഹ്യശ്രേണിയുടെ വിപരീതങ്ങൾക്കിടയിലാണ് യാഥാർത്ഥ്യമാകുന്നത്. സംഘർഷങ്ങളെയും വൈരുദ്ധ്യങ്ങളെയും പരിഹരിക്കുന്നതിനുള്ള സ്ഥിര നിക്ഷേപമാണ് പ്രണയം.സമാന്തരമായി, കൂലിപ്പണിക്കാരും തോണിക്കാരും ഇറച്ചിവെട്ടുകാരും പലചരക്ക് കച്ചവടക്കാരും കാളപൂട്ടുകാരും കല്ലുവെട്ടുകാരും ഇരുമ്പ്പണിക്കാരും തടിപ്പണിക്കാരും അടങ്ങുന്ന നാനാജനസമൂഹം ആഖ്യാനഘടനയിലെ പരിഹാരഹേതുക്കളായി കടന്നുവരുന്നു (രാധാകൃഷ്ണൻ, 2014: 65).

ലൈംഗികതയുടെ ചിത്രീകരണത്തിൽ ലൈംഗികചുവയുള്ള സംഭാഷണങ്ങളും ശൃംഗാരചേഷ്ടകളും സ്ത്രീ-പുരുഷ ശരീരവർണ്ണനകളും കടന്നുവരുന്നുണ്ട്. എന്നാൽ സഭ്യതയെ ഉല്ലംഘിക്കുന്ന രതിചിത്രീകരണമാവാതെ ലൈംഗികാഭിനിവേശവും കാമനകളും പ്രകടമാക്കുന്ന സ്ത്രീപുരുഷന്മാരെയാണ് ഒരു വിഭാഗം ജനപ്രിയകൃതികൾ അവതരിപ്പിക്കുന്നത്. പമ്മൻ, വല്ലച്ചിറ മാധവൻ തുടങ്ങിയവരുടെ രചനകളിലേക്കെത്തുമ്പോൾ പ്രണയത്തിന്റെയും ലൈംഗികതയുടെയും ചിത്രീകരണത്തിൽ മിതത്വം നഷ്ടമാകുന്നതായും കാണാം.

ജനപ്രിയസാഹിത്യകൃതികളിലെ കുടുംബജീവിത ചിത്രീകരണം ഭാരതീയവും കേരളീയവുമായ കുടുംബജീവിതദർശനത്തോട് ചേർന്ന് നിൽക്കുന്നവയാണ്. കുടുംബ ജീവിതത്തിൽ പങ്കാളികൾ പാലിക്കേണ്ട സംശ്രദ്ധത, സ്നേഹം, പരസ്പരമുള്ള വിട്ടുവീഴ്ചാമനോഭാവം, കുടുംബത്തിന്റെ നിലനിൽപ്പിന് മക്കളുടെ ആവശ്യകത തുടങ്ങിയവയെക്കുറിച്ചെല്ലാം ജനപ്രിയകൃതികളുടെ ഉള്ളടക്കം വാചാലമാകുന്നതായി കാണാം.സമൂഹം, രാഷ്ട്രം എന്നിവയെ നിലനിർത്തുന്ന അടിസ്ഥാനഘടകമായ കുടുംബവും അതിനകത്തെ സ്നേഹാന്തരീക്ഷവും സംഘർഷങ്ങളും ഒരുമിച്ചുള്ള പ്രാർത്ഥനയും ഭക്ഷണവും ഹൃദ്യമായ അനുഭവമായി വായനക്കാർക്ക് മുന്നിൽ ജനപ്രിയ സാഹിത്യകൃതികൾ അവതരിപ്പിക്കുന്നു.

ഗ്രാമകേന്ദ്രിതമായ ജീവിതവ്യവസ്ഥ, കൃഷിയുടെ ഉൽപാദന-വിപണനവുമായി ബന്ധപ്പെട്ട വസ്തുതകൾ, വ്യവസായിക തൊഴിൽ മേഖലകളുടെ പ്രാരംഭഘട്ടം, സമൂഹജീവിതത്തിനകത്ത് പാലിക്കേണ്ട ആചാരമര്യാദകൾ, ആത്മഹത്യ, കുടിയേറ്റം, രോഗാവസ്ഥകൾ, ദാരിദ്ര്യം, വസ്ത്ര-ഭക്ഷണ സമ്പ്രദായങ്ങൾ തുടങ്ങിയ വിപുലമായ സാമൂഹ്യജീവിത ചിത്രീകരണം ജനപ്രിയകൃതികളിലുണ്ട്. അഭിരമിപ്പിക്കുകയും ആസ്വദിപ്പിക്കുകയും ചിന്തിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്തുകൊണ്ട് ഈ പ്രമേയങ്ങൾ വായനക്കാരെ കൃതികളിലേക്ക് കൂടുതൽ അടുപ്പിക്കുന്നു. മതം, സമൂഹം, രാഷ്ട്രീയം, അധികാരം തുടങ്ങിയ മേഖലകളിലെ ആശാസ്യകരമല്ലാത്ത പ്രവർത്തികൾക്ക് നേരെയുള്ള നിശിതവിമർശനവും കൃതികൾ ഉൾക്കൊള്ളുന്നുണ്ട്. അധികാരകേന്ദ്രങ്ങളായ നീതിന്യായം, പോലീസ്, സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിലെ ജനവിരുദ്ധനിലപാടുകളെ വിമർശിക്കുന്നുണ്ടെങ്കിലും അത് സോഷ്യലിസ്റ്റ് റിയലിസ്റ്റ് കാലത്തെ കൃതികളിലേതു പോലെ രൂക്ഷ വിമർശനം സാധ്യമാക്കുന്നില്ല.

കഥാപാത്രങ്ങൾ

നാട്ടിൻപുറത്തിന്റെ നന്മ ഉൾക്കൊള്ളുന്ന കഥാപാത്രസഞ്ചയമാണ് ജനപ്രിയ കൃതികളിലുള്ളത്. ആദർശധീരരും സർവഗുണസമ്പന്നരുമായ നായികാനായകന്മാർ, കർഷകർ കുടുംബിനികൾ, ഉദ്യോഗസ്ഥർ, വേശ്യകൾ, പുരോഹിതർ, ജോതിഷികൾ, കീഴാളവർഗ്ഗക്കാർ, മുതലാളിമാർ, നിരക്ഷകർ, സാക്ഷരർ എന്നിങ്ങനെ സമൂഹത്തിന്റെ വ്യത്യസ്തതുറകളിലുള്ള കഥാപാത്രങ്ങൾ, കൃതികളിൽ അവർക്കു നൽകിയ സ്ഥാനത്തെ ഏറ്റവും ഭംഗിയായി അവതരിപ്പിക്കുന്നു.സ്ത്രീകഥാപാത്രങ്ങൾക്ക് സവിശേഷസ്ഥാനം നൽകികൊണ്ടുള്ള അവതരണം ജനപ്രിയകൃതികളുടെ പ്രത്യേകതയാണ്. കുടുംബത്തിന്റെ നിലനിൽപ്പിനും കെട്ടുറപ്പിനുംവേണ്ടി എന്തു ത്യാഗവും സഹിക്കാൻ സന്നദ്ധരായ സ്ത്രീകഥാപാത്രങ്ങളെ പുരുഷാധിപത്യവ്യവസ്ഥയ്ക്കകത്ത് നിർത്തിക്കൊണ്ടുള്ള ആഖ്യാനമാണ് പൊതുവെ ജനപ്രിയകൃതികൾ നിർവഹിക്കുന്നത്.അതോടൊപ്പം തന്നെ താൻപോരിമയും തന്റേടവും സാമ്പത്തിക-വ്യക്തി സ്വാതന്ത്ര്യവും അനുഭവിക്കുന്ന സ്ത്രീകളും കഥാഘടനക്കുള്ളിൽ കടന്നുവരുന്നുണ്ട്.

ആഖ്യാനം

ഏതെങ്കിലും ഒരു സന്ദേശം ഭാവനാത്മകമായി അവതരിപ്പിക്കുക എന്ന

നാടോടിക്കഥകളുടെ ആഖ്യാന സമ്പ്രദായം ജനപ്രിയതയുടെ സൂത്രവാക്യമായി ഭൂരിഭാഗം കൃതികളിലും കാണാൻ കഴിയുന്നുണ്ട്. പ്രണയചിത്രീകരണത്തിന്റെ സമവാക്യങ്ങൾ ജനപ്രിയ കൃതികളുടെ ആഖ്യാനത്തിന്റെ മറ്റൊരു സവിശേഷതയാണ്. നായികാനായകന്മാരുടെ അപ്രതീക്ഷിതമായ കണ്ടുമുട്ടൽ, പ്രണയത്തിന്റെ ആരംഭം, പ്രണയത്തിന്റെ സുഗമമായ ഒഴുക്കിന് വന്നുചേരുന്ന തടസ്സം, തടസ്സങ്ങളെ തട്ടി നീക്കാനുള്ള പ്രയത്നങ്ങൾ, നായികാനായകന്മാരുടെ ഒത്തുചേരലോടെ ശുഭ പര്യവസായിയാകുന്ന കഥ എന്നിങ്ങനെയാണ് ഈ സമവാക്യങ്ങളുടെ പ്രവർത്തനം.

പ്രണയത്തിനും ഇതര ജീവിത വ്യാപാരങ്ങൾക്കുമുള്ള ഇടവും ജനപ്രിയനോവലുകളിലെ പ്രധാന ഘടകമാണ്. കൃഷിയുമായി ബന്ധപ്പെട്ട തൊഴിലിടങ്ങൾ, ഇടവഴികൾ, കരിമ്പാറക്കൂട്ടം, വീട്, തോട്, പുഴ എന്നിവയുടെ കരപ്രദേശം, വീട്ടുപറമ്പിലെയും നാട്ടിട വഴികളിലെയും വേലിക്കെട്ടുകൾ തുടങ്ങിയ ആഖ്യാനഇടങ്ങൾ കഥയും കഥാപാത്രവും കൃതിയുടെ സമഗ്രമായ അന്തരീക്ഷവുമായി താദാത്മ്യം പ്രാപിക്കുന്നതിന് വായനക്കാർക്ക് അവസരം നൽകുന്നു. അതുകൊണ്ടുതന്നെ കഥാപാത്രത്തിന്റെ അനുഭവം വായനക്കാരുടേതുകൂടിയായി മാറുന്നു.കൃഷിയും പലതരത്തിലുള്ള കൂലിപ്പണികളും മറ്റ് തൊഴിൽമേഖലകളും ജീവിതവൃത്തിയായി കൊണ്ടുനടക്കുന്നവർക്ക് അവർ പെരുമാറുന്ന ഇടങ്ങളുടെ സൗന്ദര്യാത്മകവും പരിചിതവുമായ അന്തരീക്ഷം വായനയിലൂടെ ലഭ്യമാകുന്നു.സംഘസാഹിത്യത്തിലെ തിണസങ്കൽപ്പത്തോടു കൂട്ടിയിണക്കുന്ന രീതിയിലാണ് ജനപ്രിയകൃതികളിലെ പ്രകൃതിചിത്രണം സാധ്യമാക്കിയിട്ടുള്ളത്.മഴ, കാറ്റ്, ഇടിമിന്നൽ പോലുള്ള പ്രകൃതിഘടകങ്ങളും കഥാഗതിയുടെ അഖ്യാനത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നു.

അപസർപ്പകകഥകൾ, മാന്ത്രിക കഥകൾ

ജനപ്രിയസാഹിത്യത്തിന്റെയും വായനയുടെയും ചരിത്രത്തിൽ സുപ്രധാന സ്ഥാനം അർഹിക്കുന്ന രണ്ടു വിഭാഗങ്ങളാണ് അപസർപ്പകകഥകളും മാന്ത്രികകഥകളും. ജനപ്രിയസാഹിത്യത്തിന്റെ ഭാവുകത്വപരിണാമത്തിന്റെ ഒരു ഘട്ടത്തെയാണ് അപസർപ്പക, മാന്ത്രികകഥകളുടെയും നോവലുകളുടെയും വായനാകാലം സാക്ഷ്യപ്പെടുത്തുന്നത്. കുറ്റകൃത്യങ്ങൾക്കെതിരെ പ്രതികരിക്കാനുള്ള കൗമാരപ്രായക്കാരുടെയും യുവാക്കളുടെയും വാസനകളെ വലിയൊരളവിൽ തൃപ്തിപ്പെടുത്താൻ അപസർപ്പകഥകൾക്കും നോവലുകൾക്കും കഴിഞ്ഞു. കുറ്റകൃത്യങ്ങൾക്കും കുറ്റവാളികൾക്കും

പിന്നാലെയുള്ള കുറ്റാന്വേഷകരുടെ നീക്കത്തെ കൗതുകത്തോടെയും ജിജ്ഞാസയോടെയും വായനക്കാരും പിന്തുടർന്നു. കുറ്റകൃത്യങ്ങൾ തെളിയിക്കപ്പെട്ടപ്പോൾ വായനക്കാരും ആശ്വാസത്തോടെ കൈയടിച്ചു.

മനുഷ്യജീവിതത്തെ നിയന്ത്രിക്കുന്നത് അതീന്ദ്രിയശക്തികളാണെന്ന വിശ്വാസം, ഉച്ചാടനകർമ്മങ്ങളുടെ വിവരണം, മാന്ത്രിക- താന്ത്രിക വിദ്യകളുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങളുടെ വിവരണങ്ങൾ, തുടങ്ങിയവയുടെ വിവരണത്തിലൂടെ വായനക്കാരുടെ മനസ്സിൽ ഭീതിയുടെയും വിശ്വാസത്തിന്റെയും തലം ഉയർത്തിക്കൊണ്ടുവരാൻ മാന്ത്രിക കഥകൾക്കും നോവലുകൾക്കും സാധിച്ചു. മനുഷ്യപ്രകൃതത്തിന്റെ വൈചിത്ര്യഭാവങ്ങൾ, അതിലിടപെട്ട് അതിനെ ഒന്നുകൂടി നിഗ്രഹമാക്കുന്ന മാന്ത്രികശക്തികൾ, പരിഹാരമാർഗം വിധിക്കുന്ന താന്ത്രികർ എന്നിങ്ങനെയുള്ള ഘടനയാണ് മാന്ത്രിക നോവലുകളിലും കഥകളിലും ഉള്ളത്.

അപസർപ്പകതയും മാന്ത്രികതയും ആഖ്യാനം ചെയ്യുന്ന സാഹിത്യകൃതികളിൽ ആവർത്തിക്കപ്പെടുന്ന പ്രമേയങ്ങളാണ് കൊലപാതകം, മോഷണസംഘങ്ങളുടെ പ്രവർത്തികൾ, അവരുടെ ആസ്ഥാനകേന്ദ്രം, പുരാതന തറവാടുകളെ കേന്ദ്രീകരിച്ചുള്ള യക്ഷി പ്രേതസങ്കല്പം തുടങ്ങിയവ.സാഹസികതയും പ്രകൃതിശക്തികളുടെ നിഗ്രഹതയും തേടിയെത്തുന്ന വായനക്കാരുടെ മനസ്സിനെ ഇരുസാഹിത്യവിഭാഗങ്ങളും തൃപ്തിപ്പെടുത്തി. ഭയത്തിന്റെ അവതരണവും അത് അനുഭവിക്കുന്നതിൽ വായനക്കാർക്കുള്ള രസവും കുറ്റാന്വേഷണത്വരയും തമ്മിലുള്ള വൈരുദ്ധ്യവും സമരസപ്പെടലുമാണ് അപസർപ്പക കുറ്റാന്വേഷണ കൃതികളുടെ പ്രചാരത്തിന് കാരണം.

ജനപ്രിയവാരികകൾ

ക്രൈസ്തവ കാർഷികജീവിതവും കുടിയേറ്റക്കാരുടെ ജീവിതവും ആഖ്യാനം ചെയ്യുന്ന കോട്ടയം കേന്ദ്രീകരിച്ച് പ്രസിദ്ധീകരിച്ചിരുന്ന വാരികകൾ, കോട്ടയം വാരികകൾ 'മ'വാരികകൾ എന്നിങ്ങനെ അറിയപ്പെടുന്നു. മംഗളം, മലയാള മനോരമ, മനോരാജ്യം, മാമാങ്കം, മാമ്പഴം, സഖി, സുനന്ദ, അഹല്യ, പൗരധ്വനി തുടങ്ങി പതിനഞ്ചോളം വാരികകളാണ് അക്കാലത്ത് ജനപ്രിയതയ്ക്കു വേണ്ടി മത്സരിച്ചത്. ജനപ്രിയസാഹിത്യത്തിന്റെ പ്രാരംഭ ഘട്ടത്തിൽ തന്നെ പ്രസിദ്ധീകരണം ആരംഭിക്കുന്നുണ്ടെങ്കിലും ജനപ്രിയ സാഹിത്യത്തിന്റെ പുസ്തകരൂപത്തിന് തുടർച്ചയായി 1980-കളിലാണ് ജനപ്രിയ വാരികകൾ മലയാളിവായനാ സമൂഹത്തിന്റെ ഭാവുക

ത്വത്തെ മാറ്റിമറിക്കുന്നത്. വാരികകളിൽ തുടരനായി പ്രസിദ്ധീകരിച്ചുവന്ന വായനാ വിഭവങ്ങൾ നൽകിയ ആനന്ദവും ആകാംക്ഷയും ആശ്വാസവും മലയാളികൾക്ക് ഒഴിച്ചുകൂടാൻ പറ്റാത്തതായി. പലപ്പോഴും പ്രസാധകർ തന്നെ മുൻകൈയെടുത്ത് പല തുടർനോവലുകളെയും നീട്ടിക്കൊണ്ടുപോയി പിന്നെയും വായനക്കാരുടെ ആകാംക്ഷയെ പരീക്ഷിച്ചു.ഇത്തരം വാരികകളുടെ ഉപഭോക്താക്കളായി ഗണിക്കപ്പെട്ടത് സ്ത്രീകളും കുട്ടികളും ആണെങ്കിലും സ്കൂളുകളുടെയും കോളേജുകളുടെയും പ്രചാരത്തിന്റെ ഭാഗമായി സർക്കാർ ജോലികളിൽ എത്തിപ്പെട്ടവരും പ്രവാസികളും കൂലിപ്പണിക്കാരും ഉൾപ്പെടുന്ന മധ്യവർഗ്ഗവും വാരികകളുടെ സജീവവായനക്കാരായി. വ്യക്തി-കുടുംബബന്ധങ്ങളുടെ വ്യത്യസ്തതലങ്ങൾ വിവിധ ചേരുവകളിൽ ആഴ്ചയിലെ നിശ്ചിതദിവസം വായനക്കാരെ തേടിയെത്തി. മംഗളം, മലയാള മനോരമ തുടങ്ങിയ വാരികകൾക്ക് 25 ലക്ഷം കോപ്പികൾവരെ അച്ചടിച്ച കാലഘട്ടം ഉണ്ടായിരുന്നു എന്നത് തന്നെ ജനപ്രിയവാരികകളുടെ പ്രചാരത്തെ വ്യക്തമാക്കുന്നു. പത്തോളം തുടർനോവലുകൾ, വിലക്കുറവ്, സവിശേഷവായനാസമൂഹം, സാധാരണക്കാരെ ആകർഷിക്കുന്ന പരസ്യങ്ങൾ എന്നിവയാണ് ഇത്തരം വാരികകളുടെ പ്രചാരത്തിന്റെ വിസ്തൃതി വർധിപ്പിച്ചത്.

കേരളത്തിന്റെ വർഗ്ഗ, ജാതി സമൂഹങ്ങളുടെയും സ്വത്വം ഉൾക്കൊള്ളുന്ന സമുദായികകഥകളും കുടുംബകഥകളും ജനപ്രിയവാരികകളുടെ ഉള്ളടക്കമായി. ജോയ്സി, സുധാകർ മംഗളോദയം, കമലാ ഗോവിന്ദ്, എം.ഡി.രത്നമ്മ, എം.ഡി അജയഘോഷ് തുടങ്ങിയവരാണ് വാരികകളിൽ സജീവമായ എഴുത്ത് നിലനിർത്തിയവർ. പ്രമേയവൈവിധ്യത്തിനുവേണ്ടി അപസർപ്പക, മാന്ത്രികനോവലുകളും കഥകളും പ്രസിദ്ധീകരിച്ചുകൊണ്ട് വാരികകൾ നവീകരിക്കപ്പെട്ടു. നിശ്ചിത ഘടന പിന്തുടർന്ന ഉള്ളടക്കം ആവർത്തനവിരസമായപ്പോൾ വ്യത്യസ്ത ഉള്ളടക്കങ്ങളുമായി വാരികകൾ പിന്നെയും വിപണിയിൽ പിടിച്ചു നിന്നു. ജനപ്രിയതാരങ്ങളുടെ അനുഭവക്കുറിപ്പുകളും അഭിമുഖങ്ങളും കായികതാരങ്ങളുടെ ജീവിതകഥ, സമകാലിക സമൂഹത്തിൽ ജനശ്രദ്ധ നേടിയ കൊലപാതകങ്ങളെക്കുറിച്ചും, പീഡനങ്ങളെക്കുറിച്ചുമുള്ള തുടർപരമ്പരകൾ, സാഹസികകഥകൾ, ആരോഗ്യം, പാചകം, മനഃശാസ്ത്രം തുടങ്ങിയ ലഘുപംക്തികൾ, കാർട്ടൂണുകൾ, ഫലിതം, ബാലകഥകൾ എന്നിങ്ങനെ മത്സരബുദ്ധിയോടെ വാരികകൾ ഉള്ളടക്കത്തെ സമ്പന്നമാക്കി. പിൽക്കാലത്ത് സമൂഹത്തെയൊന്നാകെ സ്വാധീനിച്ച ദൃശ്യസംസ്കാരം പ്രചാരത്തിലാകുന്നതിനു മുമ്പ്

സാധാരണക്കാരന്റെ പല കാഴ്ചപ്പാടുകളെയും ധാരണകളെയും രൂപപ്പെടുത്തിയതും തൃപ്തിപ്പെടുത്തിയതും ജനപ്രിയ വാരികകൾ കൈകാര്യം ചെയ്തിരുന്ന ഉള്ളടക്കങ്ങളായിരുന്നു. കാർട്ടൂണുകളും കുടുംബപ്രശ്നങ്ങൾ വിശകലനം ചെയ്യുന്ന പംക്തികളും തുറന്നചിരിയുടെയും വിമർശാത്മക ചിന്തയുടെയും അനുഭവങ്ങൾ സൃഷ്ടിച്ചു.

ജനപ്രിയസാഹിത്യം ആഖ്യാനം, ഭാഷ, പ്രമേയതലം എന്നിവയിൽ സ്വീകരിച്ച ജനപ്രിയതയുടെ സൂത്രവാക്യങ്ങളാണ് പിന്നീട് ജനപ്രിയസിനിമ, ടെലിവിഷൻ പരമ്പരകൾ ഉൾപ്പെടെയുള്ള കലാരൂപങ്ങൾ അനുകരിക്കുന്നത്. പ്രകൃതിചിത്രീകരണം, പ്രാദേശിക സ്ഥലപരിസരം, സാമൂഹ്യ ജീവിതത്തിനകത്തെ മധ്യവർഗ്ഗ പ്രതിനിധാനം, നായികാനായക സങ്കല്പം, പ്രണയം, ലൈംഗികത, കുടുംബ-പുരുഷാധികാര സങ്കല്പങ്ങൾ, പുരുഷാധികാര വ്യവസ്ഥയ്ക്കകത്തെ സ്ത്രീജീവിതം, ഹാസ്യ-സംഘട്ടന രംഗങ്ങൾ തുടങ്ങിയവ ജനപ്രിയ സിനിമകളും തുടർപരമ്പരകളും ഉൾപ്പെടെയുള്ള ദൃശ്യസംസ്കാരം പിന്തുടരുന്നതായി കാണാം.

ഉപസംഹാരം

1940-50 കാലഘട്ടങ്ങളിൽ കേരളത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ അന്തരീക്ഷത്തിൽ വലിയ മാറ്റങ്ങൾക്കു കളമൊരുക്കിയ ഇടതുപക്ഷആശയങ്ങളുടെ പ്രചാരവും അമ്പതുകളുടെ അവസാനം സംഭവിച്ച വലതുപക്ഷവല്ക്കരണവും ആ കാലത്തെ ജനജീവിതത്തെ സ്വാധീനിച്ച ഘടകങ്ങളാണ്. ഗ്രന്ഥശാലകൾക്കൊപ്പം റേഡിയോ നിലയങ്ങളും നാടകക്കമ്പനികളും സിനിമാസ്റ്റുഡിയോകളും ചേർന്ന് വായന, കേൾവി, കാഴ്ച തുടങ്ങിയ സാംസ്കാരികാവശ്യങ്ങളെ തൃപ്തിപ്പെടുത്തിയ കാലഘട്ടം കൂടിയായിരുന്നു അത്. ഇവയിൽ ആ കാലത്തെ വായനയുടെ രീതിശാസ്ത്രം എങ്ങനെയൊക്കെയാണ് കാലഘട്ടത്തെ മാറ്റിപ്പണിയുകയും സ്വാധീനിക്കുകയും ചെയ്തത് എന്നുള്ള അന്വേഷണമാണ് ഈ പ്രബന്ധത്തിലൂടെ നടത്തിയത്. അന്വേഷണത്തിലൂടെ കണ്ടെത്തിയ വസ്തുതകളെ ഇങ്ങനെ ക്രമപ്പെടുത്താം.

സ്വാതന്ത്ര്യസമരത്തിന്റെയും രണ്ടാംലോകമഹായുദ്ധത്തിന്റെയും തുടർച്ചയായി പട്ടിണിയും ക്ഷാമവും തൊഴിലില്ലായ്മയും അനുഭവിച്ചുകൊണ്ടിരുന്ന പുത്തൻ വായനാസമൂഹത്തിൽ ഒരു സ്വപ്നതൃഷ്ണ നിലനിന്നിരുന്നു. അയഥാർത്ഥമായ ആനന്ദലോകത്തിനു വേണ്ടിയുള്ള ആ തൃഷ്ണയെ തൃപ്തിപ്പെടുത്താൻ കേവലവിനോദമൂല്യത്തിൽ ഊന്നുന്ന സാഹിത്യം ആവശ്യമായിരുന്നു. ജീവിതദുഃഖങ്ങൾക്കും പ്രതിസന്ധികൾ

ക്കും ലളിതമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്ന, കിനാവുകളെയും മോഹങ്ങളെയും ഭാവനകൊണ്ട് പൂരിപ്പിക്കുന്ന അയാഥാർത്ഥ്യമായ ആനന്ദലോകം വാഗ്ദാനം ചെയ്ത ഒരു സാഹിത്യം ഗദ്യത്തിലെ റിയലിസത്തിനും പദ്യത്തിലെ കാല്പനികതയ്ക്കും സമാന്തരമായി നാല്പതുകളിൽ തന്നെ മലയാളസാഹിത്യത്തിൽ വളരാൻ ആരംഭിച്ചു .ആ സമാന്തര, ബദൽ സാഹിത്യത്തെ പൈങ്കിളി സാഹിത്യം എന്ന് പരിഹാസപൂർവ്വം വിളിച്ച് മാറ്റി നിർത്താനാണ് ഒരു വിഭാഗം പണ്ഡിതരും ഉന്നതസാഹിത്യത്തിന്റെ വക്താക്കൾ എന്ന് അവകാശപ്പെടുന്നവരും ശ്രമിച്ചത്.

വായിക്കപ്പെടാനും പ്രചരിക്കപ്പെടാനും ഉള്ള യോഗ്യതാ മാനദണ്ഡങ്ങളുടെ ശ്രേണീകരണത്തിന് പുറത്തു നിർത്തിക്കൊണ്ട് സാഹിത്യ ചരിത്രകാരന്മാർ ബോധപൂർവ്വം വിട്ടുകളയുകയോ നാമമാത്രമായി പരാമർശിക്കുകയോ ചെയ്ത സാഹിത്യവിഭാഗമാണ് ജനപ്രിയസാഹിത്യം. കൃതികളുടെയും എഴുത്തുകാരുടെയും മൂല്യനിർണയം നടത്തുമ്പോൾ മികച്ച കൃതി, എഴുത്തുകാർ എന്ന അടയാളപ്പെടുത്തലിന്റെ പരിസരത്തുപോലും ജനപ്രിയ സാഹിത്യം പരിഗണിക്കപ്പെടാതെ പോയത് കാനോനീകരണത്തിന്റെ[3] ഭാഗമായാണ്.

ജനപ്രിയസാഹിത്യം ഏറെ വായിക്കപ്പെട്ട കാലത്തിന്റെ ചരിത്ര, സംസ്കാരിക, രാഷ്ട്രീയ, സാമൂഹ്യ ചുറ്റുപാടിൽ നിന്നുകൊണ്ട് വിശകലനം ചെയ്യുമ്പോൾ മാത്രമാണ് പ്രസ്തുത കാലഘട്ടത്തിന്റെ ആവശ്യത്തോട് ചേർന്ന് നിന്നുകൊണ്ട് അത് വായനാഭാവുകത്വത്തെ എത്രത്തോളം സ്വാധീനിച്ചു എന്ന് കണ്ടെത്താനാവുക. വായനക്കാർക്ക് ആവശ്യമുള്ളത് / ആവശ്യമില്ലാത്തത് എന്ന വിഭജനം നടത്തി വായനാലോകത്തിന്റെ പടിവാതിൽക്കൽ നിൽക്കുന്ന വിമർശകർ ഉൾപ്പെടെയുള്ള പണ്ഡിതസമൂഹം ജനപ്രിയസാഹിത്യം നിർവഹിച്ച ചരിത്രദൗത്യത്തെ ബോധപൂർവ്വം തമസ്കരിക്കുകയാണ് ചെയ്തത്.സമൂഹത്തിലെ ഭൂരിഭാഗത്തിന്റെ അഭിരുചികളെ തൃപ്തിപ്പെടുത്തിക്കൊണ്ട് അവരെ വായനയുടെ വിശാലതകളിലേക്ക് നയിച്ചു എന്ന വിപ്ലവാത്മകമായ പ്രവർത്തനം പലതരം ആക്ഷേപങ്ങളാൽ തഴയപ്പെട്ടു. വായനയുടെയും എഴുത്തിന്റെയും ചരിത്രത്തിൽ നിലയുറപ്പിച്ചിരുന്ന സവർണ്ണബോധ്യങ്ങളാണ് ജനപ്രിയ സാഹിത്യത്തെ ഈ രീതിയിൽ അടയാളപ്പെടുത്തിയത്. സാഹിത്യത്തിന്റെ പ്രമേയം, ഭാഷ, ആഖ്യാനം എന്നിവയെ വിലയിരുത്തിക്കൊണ്ട് ഉത്തമം/ പൈങ്കിളി എന്നിങ്ങനെ വേർതിരിക്കുകയാണ് അവർ ചെയ്തത്. വായനയും അതിന്റെ ഭാഗമായ ബൗദ്ധിക സംവാദങ്ങളും ന്യൂനപക്ഷവിഭാഗത്തിന്റെ മാത്രം അവകാശങ്ങളാണെന്ന് ഗണിച്ച

സാമൂഹ്യാന്തരീക്ഷത്തിന്റെ സ്വാധീനത്തിൽ നിന്ന് വിടുതൽ നേടാത്തവരാണ് ജനപ്രിയ സാഹിത്യത്തെ ഇങ്ങനെ അരിക്കുവൽക്കരിച്ചത്.

ഭാഷയുടെയും ഭാവനയുടെയും ലാളിത്യമാർന്ന ആവിഷ്കരണത്തിലൂടെ കൂടിൽ തൊട്ടു കൊട്ടാരം വരെയുള്ള ജനത വായനയിലേക്ക് ആകർഷിക്കാൻ ഇടയായതും വായന തുടരാനും അതിന് ഊർജ്ജം പകരാനും ജനപ്രിയസാഹിത്യം വഹിച്ച പങ്ക് നിസ്സീമമാണ്. സാഹിത്യ ചരിത്രത്തിൽ കൃതി, കർത്താവ്. പ്രസ്ഥാനം എന്നിവ ചെലുത്തിയ സ്വാധീനത്തെ വിലയിരുത്തുമ്പോൾ പ്രസ്തുത കൃതിക്ക്/ കർത്താവിന് / പ്രസ്ഥാനത്തിന് മുമ്പും പിമ്പും എന്ന അടയാളപ്പെടുത്തൽ സാഹിത്യ ചരിത്രകാരമാർ സ്വീകരിക്കാറുണ്ട്. ആ നിലയിൽ മലയാളിയുടെ വായനാഭാവുകത്വത്തെ ജനപ്രിയ സാഹിത്യത്തിന് മുമ്പും പിമ്പും എന്ന് സംശയമേതുമില്ലാതെ അടയാളപ്പെടുത്താൻ കഴിയുംവിധം അത് ഒരു കാലഘട്ടത്തിലെ വായനയെ നിർണ്ണയിച്ചിട്ടുണ്ട്.

വിദേശഭാഷകളിൽ നിന്നും സ്വദേശഭാഷകളിൽ നിന്നും ആദാനം ചെയ്ത സാഹിത്യരൂപങ്ങളെ അതിന്റെ ബാലാരിഷ്ടതകളിൽ നിന്ന് കരകയറ്റാൻവേണ്ടി എഴുതപ്പെടുന്നവയെല്ലാം പ്രോത്സാഹിപ്പിക്കുന്ന മണ്ഡന വിമർശനരീതി മലയാളത്തിലെ വിമർശനചരിത്രവും വായനക്കാരും മറക്കാൻ വഴിയില്ല. നവസാക്ഷരരെ വായനയിലേക്ക് അടുപ്പിക്കുന്നതിന് ജനപ്രിയസാഹിത്യം നിർവഹിച്ച സാംസ്കാരികദൗത്യത്തെയും മണ്ഡനവിമർശനരീതിശാസ്ത്രത്തിന്റെ പരിധിയിൽപ്പെടുത്താൻ കഴിയും.

അച്ചടിയുടെയും ഗ്രന്ഥശാലകളുടെയും വ്യാപനത്തോടെ വായനാസമൂഹത്തിന്റെ മുഖ്യധാരയിൽ ഇടം ലഭിച്ച സ്ത്രീകൾ ഉൾപ്പെടെയുള്ള നവസാക്ഷരർക്ക് പിൽക്കാലത്ത് ഗൗരവമുള്ള വായനയിലേക്ക് കടക്കാൻ പ്രചോദനമായത് ജനപ്രിയ സാഹിത്യ വായനയായിരുന്നു. അർധ പട്ടിണിക്കാരും തുച്ഛ വരുമാനക്കാരുമായ ജനഭൂരിപക്ഷത്തിന് കുറഞ്ഞവിലയിൽ വാരികകളും ജനപ്രിയ നോവലുകളും ലഭ്യമായി എന്നതും വായനയെ സ്വാധീനിച്ചു. ഒരു വീട്ടിൽ വാങ്ങുന്ന വാരിക അയൽപക്കത്തെ വീടുകളിലേക്ക്കൂടി സഞ്ചരിച്ചു.രണ്ടുപേർ കണ്ടുമുട്ടുന്ന ഇടത്തും തൊഴിലിടങ്ങളിലും നോവലുകളിലെ കഥാപാത്രങ്ങൾക്കോ കഥാഗതിക്കോ വരുന്ന/വരാവുന്ന മാറ്റങ്ങൾ ചർച്ചാവിഷയമായി. ജനപ്രിയനോവലുകളിലെ അന്തരീക്ഷവും കഥാകഥനരീതിയും കഥാപാത്രങ്ങളുടെ ഭാവചേഷ്ടകളും പിൽക്കാലത്തെ ജനപ്രിയ സിനിമകളിൽ ഹാസ്യാവതരണത്തിന്റെ ഭാഗമായി മാറി. ജനപ്രിയവായനാസംസ്കാരം ഒരു കാലഘട്ടത്തെ എത്രത്തോളം സ്വാധീനിച്ചു എന്നതിന്റെ ശക്തമായ തെളിവായി ഇതിനെ

കണക്കാക്കാം. ജനപ്രിയസാഹിത്യത്തിന്റെ പ്രഭാവത്തിന് മങ്ങലേല്ക്കാൻ തുടങ്ങിയത് കാഴ്ചയും കേൾവിയും വായനക്കാരുടെ സ്വീകരണമുറിയിലേക്ക് എത്തിച്ച ടെലിവിഷന്റെ പ്രചാരണത്തോടെയാണ്.ജനപ്രിയകൃതികൾ പരമ്പരകളുടെ രൂപത്തിൽ ആസ്വദിക്കാൻ അവസരം ലഭിച്ചതും വായനയുടെ പ്രയത്നത്തെ ഒഴിവാക്കാൻ പ്രേരണയായി.

സ്ത്രീ, ദളിത്, പാരിസ്ഥിതിക അവബോധം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള സാഹിത്യ കൃതികൾ 1980-കളിലാണ് മലയാള സാഹിത്യത്തിൽ പ്രബലമാവുന്നത്.സമൂഹത്തിൽ നിലനിന്നിരുന്ന അസമത്വം, സ്ത്രീയുടെ അസ്വാതന്ത്ര്യം, ദളിതരുടെ ജീവിതദൈന്യങ്ങൾ, പ്രകൃതിചിത്രീകരണം എന്നിവ 1950- കൾ മുതൽ ജനപ്രിയ സാഹിത്യത്തിന്റെ പ്രമേയമാവുന്നുണ്ട് എന്ന കാര്യം ശ്രദ്ധേയമാണ്.

വായനയിൽ നിന്നും അറിവിൽ നിന്നും അകറ്റിനിർത്തിയിരുന്നവരെ വായനയുടെയും അറിവിന്റെയും പൊതുധാരയിലേക്കെത്തിക്കാൻ സാധിച്ചു എന്നതു തന്നെയാണ് ജനപ്രിയസാഹിത്യത്തിന്റെ പ്രാധാന്യം. വരേണ്യ സാഹിത്യത്തിന്റെ വ്യവസ്ഥാപിത നിയമങ്ങൾക്കുള്ളിൽ വെച്ചു പരിശോധിക്കപ്പെടേണ്ടതല്ല ജനപ്രിയ സാഹിത്യത്തിന്റെ ലാവണ്യശാസ്ത്രം. എഴുത്തിന്റെയും വായനയുടെയും ലോകത്തിൽ വായനക്കാർക്കാണ് പ്രാധാന്യം.അവരാണ് വായനയിലൂടെ എഴുത്തിന്റെ മേൻമ പ്രചരിപ്പിക്കുന്നത്.നാലു പതിറ്റാണ്ടിലധികംകാലം മലയാളിയെ വായിപ്പിച്ച, ഗൗരവസ്വഭാവമുള്ള വായനയിലേക്ക് നയിച്ച ഈ സാഹിത്യവിഭാഗത്തെ സാഹിത്യ ചരിത്രങ്ങൾ വേണ്ടവിധം അടയാളപ്പെടുത്താതെ പോയതെന്തുകൊണ്ടാണെന്നുള്ള അന്വേഷണം ഇനിയും നടക്കേണ്ടതുണ്ട്. ശാശ്വതമൂല്യം എന്നൊന്ന് ജീവിതത്തിലില്ലാത്തതു കൊണ്ടുതന്നെ സാഹിത്യത്തിനും അത് ബാധകമാവുകയില്ല. വരേണ്യ സാഹിത്യത്തിന്റെ മൂല്യവ്യവസ്ഥകൾക്കകത്തുവെച്ച് വിലയിരുത്തപ്പെട്ട ജനപ്രിയ സാഹിത്യം പുനർവിചിന്തനം ആവശ്യപ്പെടുന്നുണ്ട്. മലയാളിയുടെ വായനാഭാവുകത്വത്തെ ഇത്രമേൽ സ്വാധീനിച്ച ഈ സാഹിത്യവിഭാഗം അത് അത്രമേൽ അർഹിക്കുന്നുണ്ട്.

കുറിപ്പുകൾ

1. പുസ്തകങ്ങളുടെ ഉല്പാദനത്തിൽ അതു രൂപപ്പെടുന്ന കാലത്തിന്റെ സാമ്പത്തിക, രാഷ്ട്രീയ, സാങ്കേതികഘടകങ്ങൾ സ്വാധീനം ചെലുത്തുന്നു.നിയന്ത്രിത ഉല്പാദനം, വൻതോതിലുള്ള ഉല്പാദനം എന്നിങ്ങനെ പുസ്തകനിർമ്മാണവുമായി ബന്ധപ്പെട്ട് രണ്ട് മേഖലകൾ ഉണ്ട്. ജനങ്ങളെ സ്വാധീനിക്കാൻ കഴിയുന്ന പുസ്തകങ്ങളെ അവതരിപ്പിക്കുന്ന പ്രസാധ

കരുടെ പ്രവർത്തനമായ നിയന്ത്രിത ഉല്പാദനവും പുസ്തകത്തിന്റെ വിപണി ലക്ഷ്യമാക്കി ക്കൊണ്ട് ഭൂരിപക്ഷത്തിന്റെ അഭിരുചികളെ തൃപ്തിപ്പെടുത്തുന്ന തരത്തിലുള്ള പുസ്തകപ്ര സാധനം സാധ്യമാക്കുന്ന വൻതോതിലുള്ള ഉല്പാദനവും.

2. ഇംഗ്ലീഷ് സാഹിത്യപഠനത്തിന് ആമുഖം തയ്യാറാക്കിയ വില്യം ഹെന്റി ഹഡ്സൺ സാ ഹിത്യത്തിന്റെ പ്രധാന മൂലകങ്ങളായി നാലുഘടകങ്ങളെ അവതരിപ്പിക്കുന്നു. ബുദ്ധി/ ചിന്ത (Intellectual element), വികാരം (Emotional Element), ഭാവന (Imagination Element), ഭാഷ /ശൈലി (Elements of Composition and Style) എന്നിങ്ങനെ.

3. കാനോനീകരണം -ഒരു കാലഘട്ടത്തിന്റെയോ ഗണത്തിന്റെയോ പ്രസ്ഥാനത്തിന്റെ യോ കേന്ദ്രമായി സാഹിത്യവിഭാഗങ്ങളെയോ കൃതികളെയോ കർത്താവിനെയോ തിര ഞ്ഞെടുക്കുന്ന പ്രക്രിയ.അതിശയോക്തിപരമായ അവതരണങ്ങളിലൂടെ അവയെ മഹ ത്ത്വവൽക്കരിക്കുന്ന പ്രക്രിയയെയാണ് കാനോനീകരണമെന്ന് വിവക്ഷിക്കുന്നത്.

അവലംബിതസൂചിക

- ഇ.എം.എസ്. നമ്പൂതിരിപ്പാട്, കേരളം മലയാളികളുടെ മാതൃഭൂമി, ചിന്ത പബ്ലിഷേർസ്, തിരുവനന്തപുരം, 2000
- കൃഷ്ണൻ കെ.എം., " ജനപ്രിയ സാഹിത്യം: സാക്ഷരകേരളത്തിന്റെ തരംഗദൈർഘ്യ ങ്ങൾ", എഡി.ഷാജി ജേക്കബ്, സാംസ്കാരിക വിമർശവും മലയാളഭാവനയും, കേരളഭാ ഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014, പു. 384-405.
- മുകുന്ദൻ.എം., "ജനപ്രിയസാഹിത്യം-ഒരു മുഖവുര", ജനപ്രിയസാഹിത്യം മലയാളത്തിൽ, എഡി. ശ്രീകുമാർ എ.ജി., നാഷണൽ ബുക്ക്സ്റ്റാൾ കോട്ടയം, 2014, പു.32-34
- രാധാകൃഷ്ണൻ പി.എസ്., "ജനപ്രിയസാഹിത്യം: കലയും കച്ചവടവും", സംസ്കാരപഠനം ചരിത്രം, സിദ്ധാന്തം, പ്രയോഗം, മലയാള പഠനസംഘം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 2011, പു. 284 - 305.
- —-------, "ജനപ്രിയസാഹിത്യത്തിന്റെ സാംസ്കാരിക വിവക്ഷകൾ", എതിർദിശകൾ സാഹിത്യ ചരിത്രത്തിലെ പക്ഷപാത (o)ങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്ത പുരം, 2017, പു.181-195.
- Bourdieu, Pierre, "The field of Cultural Production", Edi. Randal Johnson, Essays on Art and Literature, Cambridge Polity Press, London, 1993, p.p. 54
- --------, Distinction-Social Critique of the Judgment of Taste, Routledge, London, 1999.
- Hudson, William, Henry., An introduction to the Study of English Literature, Indian Publishing House, Jaipur, 2010, p.p. 5-6.
- Website:https://www.mguthes.in, പ്രവേശിച്ചത് 31 ആഗസ്റ്റ് 2024.

മലയാളഗവേഷണം • ISSN-2320-5830 • വാല്യം - 12 • ലക്കം - 3

സാങ്കേതികതയും പുസ്തകപ്രസാധനത്തിന്റെ സാംസ്കാരികപരിണാമവും

ഡോ. ആദർശ് സി.
അസിസ്റ്റന്റ് പ്രൊഫസ്സർ, മലയാളവിഭാഗം,
ശ്രീ കേരളവർമ്മ കോളേജ്, തൃശ്ശൂർ.

പ്രബന്ധസംഗ്രഹം:

തലക്കെട്ടിലെ സാങ്കേതികത എന്നതുകൊണ്ട് അർത്ഥമാക്കുന്നത് സാങ്കേതികവിദ്യ എന്നതുമാത്രമല്ല, സങ്കേതങ്ങൾ എന്നർത്ഥത്തിൽ കൂടിയാണ്. ഒരു പുസ്തകത്തെ മൂല്യവത്താക്കുന്നതെന്ത് എന്ന ചോദ്യം ഉന്നയിച്ചുകൊണ്ടാണ് ഇതിലേക്ക് എത്തുന്നത്. പുസ്തകം എന്ന ഒരു സാംസ്കാരികോൽപ്പന്നത്തെ അതിന്റെ ചരിത്രത്തിൽ വെച്ച് വിശകലനം ചെയ്യുന്നു. പുസ്തകം എങ്ങനെ ആധുനികതയുടെ ഭാവുകത്വത്തെ നിർണ്ണയിക്കത്തക്കവിധത്തിൽ അതിന്റെ രൂപപരമായ സങ്കേതങ്ങൾ കൊണ്ട് സാധ്യമായി എന്നും അച്ചടിയും പ്രസാധനവും പുസ്തകസംസ്കാരത്തെ സൃഷ്ടിച്ചെടുത്തതെങ്ങനെ എന്നും വിശകലനം ചെയ്യുന്നു. പുതു സാങ്കേതികവിദ്യയുടെ കാലത്ത് പുസ്തകം എങ്ങനെ പരിണമിക്കുന്നു എന്ന് അന്വേഷിക്കുന്നു. വിജ്ഞാനരൂപീകരണത്തിൽ നിന്ന് ദത്തപ്പെരുക്കത്തിലേക്കുള്ള മാറ്റമായി വിശദീകരിക്കുന്നു.

താക്കോൽ വാക്കുകൾ:

പുസ്തകസംസ്കാരം, ആധുനികത, രേഖാശേഖരം, രേഖപ്പെടുത്തൽ, സാങ്കേതികവിദ്യ, വിപണി, ദത്തപ്പെരുക്കം

ആമുഖം

സാങ്കേതികവിദ്യയുടെ വികാസം തന്നെയാണ് പല സാംസ്കാരികോൽപന്നങ്ങളെ എന്ന പോലെ പുസ്തകത്തെയും സാധ്യമാക്കിയത്. പുസ്തകം സമം വിജ്ഞാനം എന്ന ധാരണയാണ മുന്നിട്ടുനിൽക്കുന്നതെങ്കിലും പുസ്തകം വിനോദത്തിനും രാഷ്ട്രീയപ്രചാരണത്തിനും ആത്മാവിഷ്കാരത്തിനും മറ്റുമുള്ള മാധ്യമംകൂടിയായിത്തീർന്നിട്ടുണ്ടല്ലോ. ആധുനികപൂർവ്വ സമൂഹത്തിലെ ഗ്രന്ഥത്തിനും വിജ്ഞാനത്തിനു തന്നെയായിരുന്നു പ്രാമുഖ്യം, സാഹിത്യമെന്ന 'വിനോദ'ത്തിനു വലിയ ഇടം ഉണ്ടായിരുന്നുവെങ്കിലും. ഗ്രന്ഥം 'പുസ്തകത്തിനു' വഴിമാറിയപ്പോൾ ആധുനികതയുടെ താല്പര്യങ്ങൾ വെളിവാക്കാനുതകുന്ന ധാരാളം സാംസ്കാരികസാധ്യതകൾ പുസ്തകത്തിനു വന്നുചേർന്നിട്ടുണ്ട്. അച്ചടിസാക്ഷരത എന്ന സങ്കല്പത്തെ സൃഷ്ടിച്ചത് പുസ്തകസംസ്കാരത്തിന്റെ മറ്റൊരു തലമാണ്. അച്ചടി സൃഷ്ടിച്ച ലിപിപരിണാമം മലയാളഭാഷയെ സാങ്കേതികമായിക്കൂടി പരിണമിപ്പിക്കുകയുണ്ടായി. പുതുതായി നിർമ്മിക്കപ്പെട്ട വായന എന്ന പ്രവർത്തനമാണ് പുസ്തകത്തെ ആശയപരമായി സാധ്യമാക്കിയത്. ഇത്തരത്തിൽ സാംസ്കാരികതലത്തേയും ഭാഷയുടെ സങ്കേതത്തെയും, അച്ചടിയും പുസ്തകവും മാറ്റിത്തീർത്തിട്ടുണ്ട്. ഇവിടെ പുസ്തകത്തിന്റെ സാങ്കേതികവും സങ്കല്പനപരവുമായ വികാസം എങ്ങനെ ഒരു സാംസ്കാരികതലത്തെ വെളിപ്പെടുത്തുന്നു എന്ന് കേരളീയപരിസരത്തിൽ അന്വേഷിക്കാനാണ് ശ്രമിക്കുന്നത്. പുസ്തകം എന്ന മൂർത്തരൂപത്തെയാണ് ഇവിടെ പരിഗണിക്കുന്നത്. എന്നാൽ പുസ്തകം എന്ന ആശയത്തെ പ്രയോജനപ്പെടുത്താതെ പറയാനുമാകില്ലല്ലോ.

അറിവിന്റെ സ്ഥാപനവത്കരണം

കേരളത്തിൽ വരമൊഴിക്ക് നീണ്ടകാലത്തെ ചരിത്രമുണ്ടെങ്കിലും സ്ഥാപനവത്കരിക്കപ്പെടുന്നത് ഇരുപതാംനൂറ്റാണ്ടിലാണ്. രേഖപ്പെടുത്തിയ വിജ്ഞാനവും സാഹിത്യവും ഓർമ്മയുടെ ഭാഗമാക്കാൻ വേണ്ടി വൃത്തവും പ്രാസവും ചേർത്ത് പദ്യമാക്കാനാണ് ശ്രദ്ധിച്ചിരുന്നത്. കേൾവിക്കാണ് ഇവിടെ പ്രാധാന്യം. ഓർമ്മ

യിലൂടെയുള്ള ഈ ഇന്ദ്രിയാനുഭവത്തെയാണ് ആധുനികഗദ്യപുസ്തകങ്ങൾ വായന എന്ന മറ്റൊരു പുതു അനുഭവത്തിലൂടെ മാറ്റിസ്ഥാപിക്കുന്നത്. ഗദ്യം, ലിപി, അച്ചടി, പുസ്തകം എന്നിങ്ങനെ രൂപപരമായ സങ്കേതങ്ങൾ; അറിവ്, വ്യക്തി, ആത്മം എന്നിങ്ങനെ വ്യത്യസ്ത മാനസികതലങ്ങളിലൂടെ ഭാഷ, ദേശം, സാഹിത്യം, വായന എന്നിങ്ങനെയുള്ള ആശയങ്ങളെ പുനർനിർമ്മിച്ചു. കേരളത്തിൽ ആദ്യമായി അച്ചടിക്കപ്പെട്ട രേഖകളും പുസ്തകങ്ങളും നോക്കിയാൽ പുതുവിജ്ഞാനത്തെയും ആധുനികശാസ്ത്രത്തെയും കാര്യമായി പരിഗണിച്ചതായി മനസ്സിലാക്കാം. സമാനമായി ലിപി പരിഷ്കരണം ഗദ്യത്തെയും ആതുവഴി വിജ്ഞാനത്തെ ശാസ്ത്രീയമായി രേഖപ്പെടുത്തുന്നതിനുംകൂടി വേണ്ടിയായിരുന്നു. വസ്തുനിഷ്ഠതയും കൃത്യതയും ഗദ്യത്തിലൂടെയാണ് സാധിക്കുക എന്ന അബോധം രൂപപ്പെട്ടു എന്നും കരുതാം. ഗദ്യഭാഷയിൽ ഏറ്റവും പ്രധാനപ്പെട്ടവയും പദ്യത്തിൽ ഇല്ലാതിരുന്നവയുമായ 'വിരാമം' പോലുള്ള ചിഹ്നങ്ങൾ, ലിപി പരിഷ്കരണത്തിൽ മാത്രമല്ല, ആശയനിർമ്മിതിയിൽ പോലും പ്രധാനമാണ്. ആദ്യകാലത്ത് അച്ചടിക്കപ്പെട്ട രാമായണാദി കൃതികൾ, വരികൾ തുടർച്ചയായി എഴുതിപോരുന്ന രീതിയാണ് പുലർത്തിയിരുന്നത്. പിൽക്കാലത്താണ് ഈരടിയായി അച്ചടിക്കാൻ തുടങ്ങിയത്. ആശയപൂർത്തിക്കുശേഷം കൃത്തിടുന്ന രീതിയും പിന്നീട് പദ്യങ്ങൾ സ്വീകരിച്ചുതുടങ്ങി. ശാസ്ത്രീയമായ സൂക്ഷ്മത, കൃത്യമായ ലിപിവ്യവസ്ഥ, വസ്തുനിഷ്ഠമായ അറിവ് എന്നിങ്ങനെയുള്ള സങ്കല്പങ്ങളെ സൃഷ്ടിച്ചുകൊണ്ടാണ് ആദ്യകാല പുസ്തകങ്ങൾ രൂപംകൊണ്ടത് എന്ന് പുസ്തകപ്രസാധനചരിത്രം പരിശോധിച്ചാൽ മനസ്സിലാകും. മലയാളത്തിലെ പുസ്തകപ്രസാധനത്തിന്റെ തുടക്കക്കാരനായ ബെഞ്ചമിൻ ബെയ്ലി, അച്ചുകൾ നിർമ്മിച്ചതിൽ പുലർത്തിയ സൂക്ഷ്മതയും പരിഷ്കരണങ്ങളും പ്രശസ്തമാണല്ലോ. ബാബു ചെറിയാൻ (12) ഇങ്ങനെ എഴുതുന്നു: "ടൈപ്പോഗ്രഫിക് ഡിസൈൻ പ്രകാരമുള്ള ഒരു അധിഷ്ഠാനരേഖ (base line) സങ്കല്പിക്കുകയും അത് ആസ്പദമാക്കി അക്ഷരങ്ങൾക്ക് സാവയവപ്പൊരുത്തമുള്ള രൂപം നൽകുകയും ചെയ്തു. അതായത്, ബെയ്ലി മലയാളം അച്ചടിക്കുവേണ്ടി പുതിയ ആണിയച്ചുകൾ രൂപകല്പനചെയ്ത്, വാർത്തെടുത്തു. തന്മൂലം ഫോർട്ട് സെന്റ് ജോർജ് കോളേജ് ഫോണ്ടിന്റെ ന്യൂനതകളെല്ലാം പരിഹരിക്കുന്നതിനും മലയാളം ടൈപ്പിന് ശാസ്ത്രീയമായ ടൈപ്പോഗ്രഫിക് ഘടന പ്രദാനം ചെയ്യുന്നതിനും ബെയ്ലിക്കു സാധിച്ചു". അതായത് ഭാഷാപരമായ കൃത്യത, ഐക്യരൂപം എന്നിവ പ്രധാനമായിക്കണ്ടു എന്നാണ് അർത്ഥം. മലയാളത്തിലെ എകാര ഏകാരങ്ങളുടെ ഉപലിപി

യിൽ (ഒ, േ) കയ്യെഴുത്തിന് വ്യത്യാസമുണ്ടായിരുന്നില്ല എന്നതുപോലുള്ള ഭാഷയുടെ അയഞ്ഞ ഘടനയെ സുഘടിതമാക്കാൻ ബെയ്‌ലി ശ്രമിച്ചതായി മനസ്സിലാക്കാം. ഉദയംപേരൂർ സുന്നഹദോസിലെ ലിപിയും ബെയ്‌ലിയുടെ അച്ചടിയിലെ ലിപിയും നോക്കിയാൽ ഈ മാറ്റങ്ങൾ കാണാം.

സമാന്തരമായി ഗ്രണ്ടർട്ടിന്റെ പ്രവർത്തനങ്ങളും ആധുനികവിജ്ഞാനത്തിന്റെ കൃത്യത, സമഗ്രത, ഏകീകരണം എന്നീ യുക്തികളെ മുഖ്യമാനദണ്ഡമായി കരുതുന്നതുകാണാം. 1936 ൽ ഇന്ത്യയിലെത്തിയ അദ്ദേഹം 1840 ൽ തന്നെ നിഘണ്ടുവിന്റെ പണികൾ തുടങ്ങി എന്നുവേണം കരുതാൻ (സ്കറിയാ സക്കറിയ 1993). 1872 ൽ മലയാളം ഇംഗ്ലീഷ് നിഘണ്ടു പ്രസിദ്ധീകരിക്കപ്പെട്ടതിനു ശേഷവും തന്റെ കയ്യിലെ പതിപ്പിൽ പിന്നീടും അദ്ദേഹം സമഗ്രതയ്ക്കുവേണ്ടി വാക്കുകൾ ചേർക്കുകയും വിശദീകരണങ്ങൾ രേഖപ്പെടുത്തിവെക്കുകയും ചെയ്തിരുന്നു. (ഈ പകർപ്പ് വിപുലമായ അന്വേഷണത്തിലും കണ്ടെത്താനായില്ല. നോക്കുക, സ്കറിയാ സക്കറിയ 1993).[1]

വിജ്ഞാനത്തെ സമഗ്രമായി രേഖപ്പെടുത്തുക എന്ന ആശയം പുസ്തകത്തിന്റെ ആന്ത്യന്തികലക്ഷ്യമായി മാറുന്നുണ്ട്; മറ്റൊരർത്ഥത്തിൽ നീട്ടിവെക്കപ്പെടുന്ന ലക്ഷ്യവും. ശാസ്ത്രത്താൽ ലോകം വിശദീകരിക്കപ്പെടുന്നതുപോലെ ആധുനികത രൂപപ്പെടുത്തിയ 'അഖണ്ഡവ്യക്തി'യെ കൃത്യമായി നിർവ്വചിക്കപ്പെടാനാകും എന്ന ധാരണ പ്രബലമാകുന്നു. ആത്മകഥകളും ജീവചരിത്രങ്ങളും പ്രധാന സാഹിത്യരൂപമാകുന്നത് അതുകൊണ്ടാണ്. (രണ്ടും മൂന്നും ആത്മകഥകളെഴുതി അക്കാലത്ത് ഇതിനെ തകർത്തവരുമുണ്ട്). പുസ്തകമുള്ളതുകൊണ്ടു മാത്രം സാധ്യമായ സാഹിത്യഗണമായി ഇവയെ കരുതാവുന്നതാണ്.

മറ്റൊന്ന് വായന എന്നതാണ്. വായിക്കുക എന്ന പ്രക്രിയയ്ക്ക് ആധുനിക പുസ്തകം ചില അധികമാനങ്ങൾ നൽകിയിട്ടുണ്ട്. വായനയാണ് ഒരു മനുഷ്യജീവിയെ വ്യക്തിയാക്കി പരിവർത്തിപ്പിക്കുന്നത്. അച്ചടിക്കപ്പെടുമ്പോൾ മാത്രമാണ് ഒരാൾ എഴുത്തുകാരനായി അംഗീകരിക്കപ്പെടുന്നത്. മാത്രമല്ല, പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ട് ഗ്രന്ഥകർത്താവായി മാറുമ്പോഴാണ് വ്യക്തി എഴുത്തുകാരനായി മാറുന്നത്. പ്രാചീന എഴുത്തുകാർക്കു പേരില്ലാത്തതും ആധുനിക എഴുത്തുകാർക്ക് പേര് പ്രധാനമാകുന്നതും അതുകൊണ്ടാണ്. പുസ്തകസംസ്കാരം രൂപപ്പെടുന്ന കാലത്ത് ഭൂരിഭാഗം എഴുത്തുകാർക്കും തൂലികാനാമം ഉണ്ടാകുന്നതും സ്ഥലപ്പേരുകൾ ചേർക്കുന്നതും മറ്റും പഴയ എഴുത്തുകാരന്റെ ഒഴിയാബാധയാണ്. 'വ്യക്തി'യിൽ ഒതുങ്ങാ

തെയുള്ള കൗതുകമാറലുമാണ്. സമകാലിക എഴുത്തുകാരിൽ അത് ഇല്ല എന്നതും ശ്രദ്ധിക്കാവുന്നതാണ്. ഇതേസമയം വായനക്കാരനാണ് എഴുത്തുകാരനെ സാധ്യമാക്കുന്നതും. പുസ്തകവായന എന്നത് പഴയ ഗ്രന്ഥപാരായണമല്ല. വായനക്കാരനും തന്റെ കർത്തൃത്വം തെളിച്ചുകൊടുക്കുന്നത് പുസ്തകമാണ്. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് 1919 ൽ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലേക്ക് ഇറങ്ങുന്നതിനും കാരണമായത് ഒരു പുസ്തകമത്രേ. പഠനത്തിൽ മാത്രം ശ്രദ്ധയുള്ള വിദ്യാർത്ഥിയായിരുന്ന മുഹമ്മദ് അബ്ദുറഹിമാൻ മദ്രാസ് പ്രസിഡൻസി കോളേജിൽ പഠിക്കുമ്പോൾ സുഹൃത്ത് വായിക്കാൻ കൊടുത്ത മൗലാനാ അബ്ദുൽക്കലാം ആസാദിന്റെ "ഖിലാഫത്ത് ആന്റ് ജസീറത്തുൽ അറബ്" എന്ന പുസ്തകമാണ് പഠനം ഉപേക്ഷിച്ചുകൊണ്ട് സ്വാതന്ത്ര്യസമരത്തിലേക്ക് അദ്ദേഹത്തെ പിടിച്ചിട്ടത് എന്ന് ജീവചരിത്രകാരന്മാർ പറഞ്ഞിട്ടുണ്ട്. സ്വന്തം കർത്തൃത്വം തിരിച്ചറിയത്തക്ക സ്വാധീനം ചെലുത്താൻ അക്കാലത്ത് പുസ്തകത്തിനു കഴിഞ്ഞിരുന്നു എന്നു പറയാം. ചങ്ങമ്പുഴക്കവിതകളുടെ ജനകീയതയെക്കുറിച്ചു വിശദീകരിക്കുമ്പോൾ എം.എൻ. വിജയൻ കൗതുകകരമായ ചില കാര്യങ്ങൾ നിരീക്ഷിക്കുന്നുണ്ട്. 'സ്വന്തമായി വായനക്കാരെ സൃഷ്ടിച്ചകവിയാണ് ചങ്ങമ്പുഴ. എഴുത്തും വായനയും വശമില്ലാതിരുന്ന, കള്ളുഷാപ്പിലെ തൊഴിലാളികൾക്കും വള്ളമൂന്നുന്നവർക്കും ചങ്ങമ്പുഴക്കവിത ഹൃദിസ്ഥമായിരുന്നു. എന്നാലും അവർ ചങ്ങമ്പുഴയെ വായിക്കാൻ വേണ്ടി എഴുത്തും വായനയും പഠിച്ചുവത്രേ!' വാമൊഴിയായി പ്രചരിച്ചിരുന്ന നാടൻപാട്ടുകളുമായി ചാർച്ചയുണ്ടായിരുന്നവയാണ് ചങ്ങമ്പുഴക്കവിതകൾ. അവ ഹൃദിസ്ഥമാക്കിയതിനുശേഷം അവയുടെ പാരായണസുഖത്തിലേക്ക് പ്രവേശിക്കാൻ തുനിയുന്നു. വായനക്കാരൻ വായനയിലൂടെ ആധുനികവ്യക്തിയിലേക്ക് പ്രവേശിക്കുകയാണ്. ആധുനികവ്യക്തിയാവാൻ വായനക്കാരനായാൽ മതി. മലയാളത്തിൽ വലയിതോതിൽ വിറ്റഴിയുകയും വായിക്കപ്പെടുകയും ചെയ്ത പുസ്തകങ്ങളിലൊന്നായ രമണനാണ് അത്. പുസ്തകവായനയിലൂടെ വ്യക്തി പൂർണ്ണത നേടുന്നു എന്നും പറയാം. ഇത്തരത്തിൽ ജ്ഞാനം, അനുഭൂതി, സാമൂഹികത എന്നിവ പുസ്തകത്തിലൂടെ സ്ഥാപനവൽക്കരിക്കപ്പെട്ടു എന്നു പറയാം.

പുസ്തകം എന്ന രേഖാശേഖരം

ഇത്തരത്തിൽ പുതുജ്ഞാനരൂപം എന്ന നിലയിൽ വന്ന പുസ്തകസംസ്കാരം രൂപഘടനയിലും പുതിയ പാരായണത്തെ തൃപ്തിപ്പെടുത്താനുള്ള ശ്രമങ്ങളായിരുന്നു.

കടലാസ്, മഷി, അച്ചുകളുടെ (font) കൃത്യത, ബൈന്റിംഗ്, കവർ, വില എന്നിങ്ങനെ രൂപതലത്തിലുള്ള ഘടകങ്ങൾ പുസ്തകത്തെ ഒരു വിപണിവസ്തുകൂടിയാക്കിയിട്ടുണ്ട്. വലിയ അധ്വാനവും മൂലധനവും ആവശ്യമുള്ള താളിയോലഗ്രന്ഥത്തിന്റെ സന്ദർഭത്തിലേക്കാണ് ഈ വിപണി വരുന്നത്. അത്യാവശ്യം സമ്പത്തുള്ള കുടുംബങ്ങളിൽ രാമായണാദി കൃതികൾ ഓലഷകർഷ് ഉണ്ടാക്കി സൂക്ഷിക്കുമായിരുന്നു. നല്ല രീതിയിൽ ഓലയിൽ എഴുതിഷിക്കാനായി ഓലയിൽ എഴുതുന്ന ആളെ വീട്ടിൽ മാസങ്ങളോളം താമസിഷിച്ചായിരുന്നു ഗ്രന്ഥങ്ങളുണ്ടാക്കുക. വലിയ ചിലവുവരുന്ന പ്രവർത്തനമാണത്. (സഹോദരൻ അയ്യഷന്റെ കുടംബത്തിൽ അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ ഇപ്രകാരം രാമയണവും മഹാഭാരതവും (കിളിഷാട്ട്) ആളെവെച്ച് എഴുതിച്ചതിനെക്കുറിച്ച് എം.കെ. സാനുവിന്റെ ജീവചരിത്രകൃതിയിൽ പറയുന്നുണ്ട്.) ഇങ്ങനെ ഗ്രന്ഥം സൂക്ഷിക്കുന്നത് കുടുംബത്തിന്റെ കേമത്തം കൂടിയായിരുന്നു. ഇന്നും ഓലയിലുള്ള ഗ്രന്ഥം, അതിലെ പ്രമേയം എന്തുതന്നെയായിരുന്നാലും വലിയ വിശിഷ്ടവസ്തുവായി നാം ഗണിക്കുന്നു എന്നതിൽ ആധുനികപൂർവ്വസമൂഹത്തിന്റെ സാംസ്കാരികമൂലധനം എന്ന മേന്മാബോധം പ്രവർത്തിക്കുന്നുണ്ട്.

സാമ്പത്തികത്തിനു പുറമേ ഇതിന്മേലുള്ള അധ്വാനം ലഘൂകരിക്കാൻ എന്ന നിലയിലാണ് ആദ്യകാല അച്ചടിയുടെ പ്രേരണ എന്നതും കാണാവുന്നതാണ്. ഗുട്ടൻബർഗിനെ അച്ചടിയിലേക്കു പ്രേരിഷിച്ചതും, (ബാബു ചെറിയാൻ, 47) മലയാളത്തിൽ പുരാണങ്ങളുടെ അച്ചടിയെ സ്വീകരിച്ചവിധവും നോക്കിയാൽ പാരമ്പര്യകൃതികൾ എളുഷത്തിൽ അതത് സമൂഹത്തിൽ വ്യാപകമാക്കുക എന്നതുതന്നെയായിരുന്നു. 1907-ൽ പ്രസിദ്ധീകരിച്ച ശ്രീമഹാഭാരതം ദശമം എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ അന്തർജനങ്ങൾക്കും അവരുടെ ഒഷമുള്ള മറ്റുസ്ത്രീകൾക്കും അച്ചടിയിലൂടെയാണ് ഇവയെല്ലാം വായിക്കാൻ ഭാഗ്യം സിദ്ധിച്ചത് എന്നു പറയുന്നുണ്ട് (ശ്രീകുമാർ, 96-7). അതായത് ആദ്യകാലപുസ്തകം പഴയഗ്രന്ഥത്തിന്റെ പുതുരൂപം എന്ന നിലയിലാണ് സ്വീകരിക്കഷെട്ടത് എന്നു സാരം. അതു സ്വാഭാവികവുമാണ്. തുടർന്ന് സംസ്കൃതകൃതികളുടെ തർജ്ജമകളായും പഴയ കാവ്യപ്രസ്ഥാനങ്ങളുടെ പുതുരൂപങ്ങളായും പുതിയ 'പുസ്തകം' ഏറ്റെടുക്കഷെട്ടു. അവിടെയും മുന്നേ സൂചിഷിച്ച പാഠനിർമ്മിതി പ്രധാനമായി വന്നിട്ടുണ്ട്. വള്ളത്തോളിന്റെയും കുഞ്ഞിക്കുട്ടൻതമ്പുരാന്റെയും കുട്ടികൃഷ്ണമാരാരുടേയും തർജ്ജമകൾ സൂക്ഷ്മതപുലർത്തുന്ന, കൃത്യതയുള്ള പാഠങ്ങളെ കണ്ടെത്താനുള്ളവകൂടിയായിരുന്നു.

ഇതേകാലത്തുതന്നെ കണക്കെടുപ്പിന്റേതായ ചരിത്രനിർമ്മിതികൾക്കുള്ള ശ്രമം നടക്കുന്നു. ചരിത്രം, സാഹിത്യചരിത്രം തുടങ്ങി 'രേഖപ്പെടുത്തൽ' (archiving) എന്ന പ്രക്രിയയാണ് പുസ്തകത്തിലൂടെ സംഭവിക്കുന്നത്. പുസ്തകത്തിന്റെ ഘടനതന്നെ പിന്നീട് ഈ രേഖപ്പെടുത്തൽ പ്രക്രിയയ്ക്ക് അനുഗ്രഹണമായ വിധത്തിലാണ് സംഭവിക്കുന്നത്. ഉള്ളടക്കം മുതൽ വ്യത്യസ്തസൂചികകൾ വരെയുള്ള ക്രമം കഥേതരകൃതികൾക്കു (non-fiction) പ്രധാനമായിത്തീരുന്നു. ബെയ്ലിയുടെ ആദ്യകാലപുസ്തകങ്ങളിൽ തലക്കെട്ടു വരുന്ന ആദ്യപുറത്തിൽതന്നെ ഗ്രന്ഥകർത്താവിന്റെയും അച്ചടിച്ച പ്രസ്സിന്റെയും പേരുചേർക്കുമായിരുന്നെങ്കിലും, പിൽക്കാലത്ത് കാണുന്ന രീതിയിലുള്ള പ്രസാധന വിവരങ്ങൾ ചേർക്കുന്ന പുറം ഉണ്ടായിരുന്നില്ല (ബാബു ചെറിയാൻ, 101). കോപ്പിറൈറ്റ് പേജ് പിൽക്കാലത്താണല്ലോ പ്രധാനമായിത്തീരുന്നത്. ബൈബിൾ തർജ്ജമയിൽ ഉള്ളടക്കം ഇംഗ്ലീഷിലും മലയാളത്തിലും പ്രാധാന്യത്തോടെ കൊടുത്തിരുന്നു. ആദിമധ്യാന്തപ്പൊരുത്തമുള്ള ആഖ്യാനം ആധുനികതയുടെ തത്ത്വശാസ്ത്രമാണ്; ഉള്ളടക്കം അതിന്റെ പ്രത്യക്ഷീകരണവും. സർവ്വാദിക്കാര്യക്കാർ പി. ഗോവിന്ദപ്പിള്ളയുടെ *മലയാളഭാഷാചരിത്രം*, കെ.പി. പത്മനാഭമേനോന്റെ *കൊച്ചിരാജ്യചരിത്രം* എന്നിവ നോക്കിയാൽ ആദിമധ്യാന്തപൊരുത്തമുള്ള മാതൃകാപരമായ ഉള്ളടക്കം കാണാം. കൊച്ചിരാജ്യചരിത്രത്തിനു ശേഷം പത്മനാഭമേനോൻ വിപുലമായി എഴുതാൻ ആരംഭിച്ച പുസ്തകം 'ദത്തങ്ങളുടെ' അഭാവത്താൽ പ്രസിദ്ധീകരണം നീണ്ടുനീണ്ടുപോയി. വിഷ്ഷറുടെ കത്തുകളെ മുൻനിർത്തിയാണ് അദ്ദേഹം തന്റെ അന്വേഷണം ആരംഭിച്ചത്. ദത്തത്തിനു വേണ്ടിയുള്ള, അഥവാ 'വസ്തുനിഷ്ഠ' ആഖ്യാനത്തിനുവേണ്ടിയുള്ള അന്വേഷണം പുസ്തകത്തിന്റെ ആധികാരികതയെയാണ് കുറിക്കുന്നത്. പിൽക്കാലത്ത് അദ്ദേഹത്തിന്റെ മരണശേഷം ശിഷ്യനായ ടി.കെ. കൃഷ്ണമേനോനാണ് *History of Kerala* എന്ന പേരിൽ അതു പുസ്തകമാക്കുന്നത്. (ഇംഗ്ലീഷിലാകുന്നു എന്നത് ആധികാരികതയുടെ മറ്റൊരു ഘടകം). ദത്തങ്ങളുടെ 'അഭാവ'ത്താൽ മരണം വരെ അദ്ദേഹത്തിനതു പൂർത്തിയാക്കാനായില്ല. പത്മനാഭമേനോന്റെ അച്ഛനായ പി. ശങ്കുണ്ണിമേനോന്റെ *തിരുവിതാംകൂർചരിത്രം* ഐതിഹ്യമാതൃകയിലുള്ള ചരിത്രമാണെന്ന് ഒരു വിമർശനമായി പറയാറുണ്ട്. ഈ ഐതിഹ്യത്തിൽ നിന്നുള്ള കരകയറലാണ് ആധുനിക ദത്തം (datum). 'അടിക്കുറിപ്പ്' എന്നത് ക്രമബദ്ധമായ ഈ ദത്തത്തിൽ സംഭവിക്കുന്ന വിച്ഛേദങ്ങളിന്മേലുള്ള പൂരണമാണ്.

ക്രമബദ്ധമായി എഴുതുക എന്നത് ആധികാരികത ആവശ്യപ്പെടുന്ന പുസ്തകങ്ങൾക്കു നിർബന്ധമാണ്. സാഹിത്യത്തിൽ പോലും ഈ ക്രമബദ്ധതയുണ്ടല്ലോ. (സിനിമയിലും മറ്റും non-linear എന്നത് പിൽക്കാലത്ത് അംഗീകരിക്കപ്പെട്ട അവതരണ സമീപനമാകുന്നുണ്ട്). അതിബൃഹത്തായ ദത്തങ്ങൾ ഉണ്ടായിട്ടും 'ക്രമബദ്ധ'മല്ല എന്ന തോന്നലാണ് കേസരിയുടെ ചരിത്രഗവേഷണം വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോകാനുള്ള ഒരു കാരണം. ഈ ക്രമബദ്ധതയിലെ ക്രമമില്ലായ്മകളെ അടയാളപ്പെടുത്താനാണ് അടിക്കുറിപ്പുകൾ ചേർക്കുന്നത് എന്നുകാണാം. കേസരി എ. ബാലകൃഷ്ണപിള്ള അടിക്കുറിപ്പുകൾ ചേർക്കാറില്ല എന്നതും ശ്രദ്ധിക്കേണ്ടതാണ്. ക്രമബദ്ധതയും അടിക്കുറിപ്പുകളും അനുചിതമെന്നോ ഉചിതം എന്നോ പറയാൻ വേണ്ടിയല്ല, അവയിലെ ആർക്കൈവിംഗ് സ്വഭാവത്തിന്റെ പ്രത്യേകതകളെ സൂചിപ്പിക്കാനാണ് ഇങ്ങനെ പറഞ്ഞത്. മുഖ്യപ്രമേയവുമായി നേരിട്ടു ബന്ധമില്ലാത്ത അധികവിവരങ്ങൾ ചേർക്കുന്നതിനാണ് അടിക്കുറിപ്പുകൾ ചേർക്കുന്നത് എന്ന ഗവേഷണരീതിശാസ്ത്രത്തിൽ പറയും. അധികവിവരങ്ങൾ ചേർക്കാനും അടിക്കുറിപ്പുകൾ പ്രയോഗിക്കുന്നു. പിൽക്കാലത്ത് കവിതയിൽ പോലും അടിക്കുറിപ്പുകൾ ഉപയോഗിക്കപ്പെട്ടു.

പ്രധാനപ്പെട്ട മറ്റൊരു ഘടകം സൂചികകളാണ്. അവയിൽ ഏറ്റവും പ്രധാനം ഗ്രന്ഥസൂചിയാണ്. അവിടെ പുസ്തകം പുസ്തകത്തെ തന്നെ നീതിയുക്തമാക്കുന്ന പണിയാണ് ചെയ്യുന്നത്. ആവേദകസൂചി പോലുള്ളവയ്ക്ക് ഗ്രന്ഥസൂചിയുടെ 'ആധികാരികത'യെ മാറ്റിത്തീർക്കാൻ സാധിച്ചിട്ടില്ല എങ്കിലും ചില സമാന്തര മാതൃകകളാണ് ആവേദകസൂചികൾ പോലുള്ളവ. മറ്റൊരു പ്രധാനഘടകം പദസൂചികളാണ്. വ്യത്യസ്തതരം പദസൂചികൾ പുസ്തകത്തിന്റെ ആധികാരികതയെക്കുറിക്കുന്നു. അതേ സമയം പുസ്തകത്തിലേക്കു പ്രവേശിക്കാനുള്ള ധാരാളം വഴികളായും പദസൂചിയെ കാണാം. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഉള്ളടക്കത്തിലെ ക്രമത്തെ മാനിക്കാതെ പദസൂചിയിലെ വഴിയെ ഉപയോഗിക്കാം. പുസ്തകത്തിലെ പദസൂചിക്കുള്ള ധർമ്മമാണ് ഡിജിറ്റൽ യുഗത്തിലെ 'തെരച്ചിൽപ്പദ'ങ്ങൾക്കുള്ളത് എന്നുകാണാം.

ചുരുക്കത്തിൽ വിജ്ഞാനത്തിന്റെ രേഖപ്പെടുത്തൽ എന്ന നിലയിൽ പുസ്തകത്തെ ആധികാരികമാക്കിയ രൂപപരമായ ഘടകങ്ങളാണിവയെല്ലാം. പൂതകാല സർഗ്ഗസാഹിത്യംവരെ വലിയ തോതിൽ ഗവേഷണം ചെയ്യുന്നു എന്ന പ്രതീതിയിൽ ഈ ആർക്കൈവിംഗ് രീതിയെ പ്രയോജനപ്പെടുത്തുകയും അറിവിനെ അട്ടിമറിക്കുകയും ചെയ്യുന്നുണ്ട്. ഡിജിറ്റൽ യുഗത്തിൽ രൂപപരമായി പുസ്തകത്തിനു കാര്യമായ

മാറ്റമൊന്നും വന്നില്ലെങ്കിലും സാങ്കേതികവിദ്യ, പുസ്തകം എന്ന ഉൽപ്പന്നത്തെ വിപ ണിയുടെ നിരവധി സാധ്യതകളെ ഉപയോഗിച്ചുകൊണ്ട് നവീനമായ ഉൽപ്പന്നമാ ക്കിത്തീർത്തിട്ടുണ്ട്.

ദത്തങ്ങളുടെ പെരുപ്പം

കമ്പ്യൂട്ടറിന്റെ വരവോടുകൂടി പുസ്തകനിർമ്മാണം മുൻപത്തേക്കാളും അനാ യാസമായി എന്നതാണ് ഏറ്റവും ശ്രദ്ധേയമായ മാറ്റം. ഓഫ്സെറ്റ് പ്രസ്സുകൾ വന്ന തോടെ അച്ചടിയുടെ ചെലവ് കുറഞ്ഞു. ഇന്റർനെറ്റ് യുഗം വന്നതോടെ മൂർത്തരൂ പത്തിലുള്ള പുസ്തകംപോലും മാറ്റിത്തീർക്കപ്പെട്ടു. വെർച്വൽ ആയ പുസ്തകങ്ങൾ സമാന്തരമായി വന്നു. അതിലുപരിയായി പുസ്തകം എന്ന സങ്കല്പം മാറുന്നുമുണ്ട്. ആത്യന്തികമായി ആധുനികതയുടെ വായന എന്ന സങ്കല്പമാണ് മാറിയത്. സ്വാ ഭാവികമായും വായനയിലൂടെ രൂപപ്പെട്ട മൂർത്തരൂപമുള്ള പുസ്തകവും മാറ്റിത്തീർക്ക പ്പെട്ടു എന്നും പറയാം. പ്രവചിക്കാൻ കഴിയാത്തവിധം വലിയ വിചാരാമാതൃകാവി ച്ഛേദമാണ് (paradigm shift) സംഭവിക്കുന്നത്.

ഡിജിറ്റൽ മേഖല പുസ്തകത്തിനു പുതുരൂപം മെനയുന്നതിനു വലിയ സാങ്കേ തിക സഹായമാണ് നൽകിയത്. കമ്പ്യൂട്ടർ കൊണ്ട് ഉപയോഗിക്കാൻ കഴിയാവുന്ന സംഗതികളിൽ കേലവം 0.1 ശതമാനം മാത്രമാണ് ഡി.ടി.പി. എന്നാണ് പറയാറ്. കമ്പ്യൂട്ടറുകളുടെ തുടക്കകാലം മലയാളികൾ കരുതിയിരുന്നത് ടൈപ്പ് റൈറ്റർ പഠി ക്കുന്നത് കമ്പ്യൂട്ടർ പഠനത്തിനും ഗുണമാണ് എന്നതാണ്. അത്രമേൽ പബ്ലിഷിങ്ങി നെ കമ്പ്യൂട്ടറുമായി നാം ചിന്തിച്ചിട്ടുണ്ട്. ഹൈസ്പീഡ് ഇന്റർനെറ്റിന്റെ വരവും പഴയ പുസ്തകസങ്കല്പത്തെ പരിഷ്കരിക്കാൻ ഇടയാക്കി.

ബെയ്ലിയുടെ അച്ചുമാതൃക ടൈപ്പ് റൈറ്റർ വന്ന കാലത്ത് എൻ.വി. കൃഷ്ണവാ രിയരുടെ നേതൃത്വത്തിൽ പരിഷ്കരിക്കപ്പെടുന്നു. ഓഫ് സെറ്റ് പ്രസ്സുകൾ വന്നപ്പോൾ ആ ലിപികൾ ഫോണ്ടുകളായി വ്യാപകമായി സ്വീകരിക്കപ്പെട്ടു. എഴുത്തിൽ നിലനി ന്നിരുന്ന ആ ലിപിമാല സ്ക്രീൻതലത്തിൽ പ്രചരിക്കുകയും ചെയ്തു. കമ്പ്യൂട്ടറിന്റെ അന ന്തസാധ്യതകളിൽ 'തനതു' ലിപി തിരിച്ചുപിടിക്കാനുള്ള ശ്രമം രചന ഫൗണ്ടേഷൻ നടത്തിയത്. കെ.എച്ച്. ഹുസൈന്റെ നേതൃത്വത്തിൽ ASCII ടൈപ്പിൽ തനതുലിപി രൂ പകല്പനചെയ്തുകൊണ്ട് രചന ഫോണ്ട് നിർമ്മിച്ചു. മലയാളത്തിൽ ആദ്യമായി രച നയുടെ തനതു ഫോണ്ട് ഉപയോഗിച്ച് പ്രസിദ്ധീകരിച്ച പുസ്തകം മലയാളപഠനഗവേ

ഷണകേന്ദ്രം പ്രസാധനം ചെയ്ത നിത്യചൈതന്യയതിയുടെ ആത്മകഥയത്രേ. 2003 ലാണ് ഈ കൃതി പ്രസിദ്ധീകരിച്ചത്. 2012 ൽ രചന ഫോണ്ട് ഉപയോഗിച്ച്, (മഹാത്മാഗാന്ധി സർവ്വകലാശാലയും എസ്.പി.സി.എസും ചേർന്ന) മനോഹരമായി പ്രസിദ്ധീകരിച്ച *എഷ്ടി പാടിനാരോ* എന്ന ഇന്ദിരാമേനോന്റെ പുസ്തകത്തിന്റെ തർജ്ജമക്കാരനായ പി.കെ. ഉത്തമൻ ഒറ്റ പേജ് മാത്രമുള്ള 'നന്ദി'യിൽ ഇങ്ങനെ പറയുന്നു: "കൂട്ടിക്കാലത്ത് എഴുതിപ്പഠിച്ച ആ മലയാളം അക്ഷരത്തോടുള്ള സ്നേഹംകൊണ്ടും, എൻ.വി. കൃഷ്ണവാര്യരും കൂട്ടരും കോലംകെടുത്തിയ പുതിയലിപി വായിക്കുമ്പോൾ തോന്നുന്ന സഹിക്കായ്മകൊണ്ടുമാണ് ഈ പുസ്തകത്തിന് ഉപയോഗിച്ചിരുന്ന പ്രത്യേക അച്ച് തെരഞ്ഞെടുത്തത്. അത്, എത്ര പ്രശ്നങ്ങളുണ്ടാക്കുമെന്ന് കമ്പ്യൂട്ടർ നിരക്ഷരനായ എനിക്ക് യാതൊരു മുൻധാരണയും ഉണ്ടായിരുന്നില്ല. പുസ്തകത്തിന്റെ സോഫ്റ്റ് കോപ്പി തയ്യാറായശേഷം പെട്ടുപോയ ഊരാക്കുടുക്കുകളിൽ നിന്ന് രക്ഷിച്ച എന്റെ സുഹൃത്ത്...". 2003 ൽ നിന്നും 2012 ൽ എത്തിയിട്ടും തനതുലിപിക്കുവേണ്ടി കാര്യമായ ആവശ്യങ്ങൾ ഉണ്ടായില്ല എന്നതാണ് ഇതിൽ നിന്നു മനസ്സിലാകുന്നത്. സാങ്കേതികവിദ്യ അറിയുന്നവരും ഭാഷാനിപുണരും ഒന്നിച്ചില്ല എന്നു വേണം പറയാൻ. 2015 ലാണ് രചനയുടെ യൂണിക്കോഡ് ഫോണ്ട് പുറത്തുവരുന്നത്.

വെബ് പബ്ലിഷിംഗിന്റെ ആവശ്യത്തിനുവേണ്ടിയാണ് മലയാളത്തിൽ യൂണിക്കോഡ് ഫോണ്ടുകൾ ഉണ്ടാകുന്നത്. ഇന്ത്യൻ ഗവൺമെന്റിന്റെ സ്ഥാപനമായ സി.ഡാക് മോണോ ഫോണ്ടുകൾ ധാരാളമായി ഉണ്ടാക്കിയിരുന്നു. മലയാളത്തിലെ ഓഫ് സെറ്റ് പ്രസ്സുകൾ ഇന്നും ഉപയോഗിക്കുന്നത് അവയാണ്. വെബ് പബ്ലിഷിങ് വ്യാപകമായിട്ടും യൂണിക്കോഡ് ഫോണ്ടുകൾ അച്ചടിയിൽ വ്യാപകമായില്ല. ചുരുങ്ങിയ ഫോണ്ടുകൾ തന്നെ ഉപയോഗിച്ച് വെബ് പബ്ലിഷിങ് നടന്നുപോകുകയായിരുന്നു. അഞ്ജലി ഓൾഡ് ലിപി എന്ന ഫോണ്ട് വ്യാപകമായി ഉപയോഗിച്ചിരുന്നു. രചന, മഞ്ജരി, നിള, മീര, തൂലിക എന്നിങ്ങനെ ഇന്ന് ധാരാളം യൂണികോഡ് ഫോണ്ടുകൾ ഉണ്ട്. മൊബൈൽ ഫോണിൽ മാത്രം ഇന്ന് വ്യത്യസ്ത ഫോണ്ടുകളുടെ സാധ്യതകൾ വന്നിട്ടുണ്ട്. പുസ്തകം യൂണിക്കോഡിലാകുന്നതോടുകൂടി പുസ്തകത്തിലെ കണ്ടന്റ് എളുപ്പത്തിൽ ഇന്റർനെറ്റിൽ ലഭ്യമാക്കാനാകും. അതുവഴി അതു വെബ് സർച്ചിന് അനുകൂലമാകും എന്നതാണ് ഗുണം.

മലയാളത്തിലെ പത്രങ്ങൾ ഓരോന്നും തങ്ങളുടേതായ യൂണിക്കോഡ് ഫോണ്ട് വികസിപ്പിച്ചെടുത്തിട്ടുണ്ട്. എന്നാൽ യൂണിക്കോഡ് ഫോണ്ടുകൾ ഉപ

യോഗിച്ച് പുസ്തകങ്ങൾ അച്ചടിക്കുന്നതിൽ ഇന്നും മുന്തിയ പ്രസാധകർ ശ്രമിച്ചിട്ടില്ല എന്നു കാണാം. ഇന്നും ഡി.സി. ബുക്സും മാതൃഭൂമി ബുക്സും എസ്.പി.സി.എസും പോലുള്ള വൻകിട പ്രസാധകർ പുസ്തകം യൂണിക്കോഡിൽ ആക്കിയിട്ടില്ല. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ യൂണിക്കോഡിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. സാഹിത്യ അക്കാദമിയുടെ സാഹിത്യലോകം യൂണിക്കോഡിലാക്കി മാറ്റിക്കഴിഞ്ഞു. പുസ്തകങ്ങളും അടുത്തുതന്നെ മാറ്റുമെന്നാണറിഞ്ഞത്.

ഈ വിമുഖതയുള്ള ഒരു കാരണം പുസ്തകം സെറ്റ് ചെയ്യുന്ന സോഫ്റ്റ് വെയറുകളുടെ അമിതമായ വിലയാണ്. ഒരു വർഷത്തേക്ക് നിലവിൽ ഏതാണ്ട് 25000 രൂപയുടെ ചെലവുണ്ട് അഡോബിയുടെ ഇൻഡിസൈൻ എന്ന സോഫ്റ്റ് വെയറിന്. സ്വതന്ത്ര സോഫ്റ്റ് വെയറുകളായ ലാറ്റെക് പോലുള്ളവ "യൂസർ ഫ്രണ്ട്ലി"യും അല്ല. സായാഹ്ന ഫൗണ്ടേഷനാണ് ലാറ്റെക്കിൽ മനോഹരമായി ഇ-പബ്ലിഷിംഗ് നടത്തുന്നത്. ശബ്ദതാരാവലിയും രാമചരിതവും കുഞ്ചൻ നമ്പ്യാർ കൃതികളുമടക്കം (ഇ-ബുക്ക്) ധാരാളം പുസ്തകങ്ങൾ അവർ ലാറ്റെക്കിൽ ചെയ്തുകഴിഞ്ഞു.

അഡോബിയുടെ പേജ് മേക്കർ അവർതന്നെ നിർത്തിയിട്ട് വർഷങ്ങളായി. എന്നാൽ ഇപ്പോഴും പല പ്രസാധകരും ഉപയോഗിക്കുന്നത് പേജ് മേക്കർ തന്നെയാണ്. യൂണിക്കോഡ് ഫോണ്ട് ഉപയോഗിക്കാൻ സാധിക്കില്ല എന്നതുമാത്രമാണ് പബ്ലിഷിംഗ് എന്ന നിലയിൽ അതിന്റെ ആകെയുള്ള പരിമിതി. എന്നാൽ അതിന്റെ സാങ്കേതികസഹായം കൊണ്ട് സാധിക്കാവുന്ന പലതും പ്രസാധകർ ഉപയോഗിക്കുന്നില്ല എന്നതാണ് വലിയ പ്രശ്നമായിക്കാണേണ്ടത്.

ആധുനിക പുസ്തകത്തിന്റെ മധ്യഘട്ടത്തിൽ അക്കാദമിക, വൈജ്ഞാനിക പുസ്തകങ്ങളുടെ ഒരു മേന്മയായി കണ്ടിരുന്നത് അതിന്റെ പദസൂചിയാണെന്ന് മുന്നേ സൂചിപ്പിച്ചു. ഓഫ് സെറ്റ് പ്രിന്റിംഗിനു മുമ്പുള്ള ഘട്ടത്തിൽ വലിയ മനുഷ്യാധ്വാനം വേണ്ട ഒന്നാണ് പദസൂചിയുടെ നിർമ്മാണം. ഓഫ് സെറ്റ് ഘട്ടത്തിൽ ആ ആധ്വാനം ലഘൂകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും അധ്വാനം ആവശ്യമായ ഒന്നാണ്. എന്നാൽ സോഫ്റ്റ് വെയറിൽ ഇത് അനായാസമായി ചെയ്യാൻ സാധിക്കും. എന്നിരുന്നിട്ടും മലയാളത്തിലെ മഹത്തായ ചില പുസ്തകങ്ങൾ ആദ്യപതിപ്പുകൾക്കു ശേഷം ഇറക്കിയ പതിപ്പുകളിൽ അക്കാദമിക് താത്പര്യത്തെ ഹനിച്ചുകൊണ്ട് പദസൂചികളെ ഉപേക്ഷിക്കുകയാണുണ്ടായത്. പദസൂചി ചെയ്യാനുള്ള ബുദ്ധിമുട്ടായിരിക്കണം അവയെ ഉപേക്ഷിക്കാൻ പ്രേരിപ്പിച്ചത്. 22 പേജുകളിലായി എം.എൻ. വിജയൻ

തയ്യാറാക്കിയ കേസരിയുടെ സാഹിത്യവിമർശനങ്ങൾ (1984) എന്ന പുസ്തകത്തിന്റെ പദസൂചി അതിന്റെ രണ്ടാം പതിപ്പിൽ എടുത്തുകളഞ്ഞു.[2] സമാനമായി കേരള സർവ്വകലാശാല പ്രസിദ്ധീകരിച്ച ഉള്ളൂരിന്റെ *കേരളസാഹിത്യചരിത്രത്തിന്റെ* (1990ൽ നാലാം പതിപ്പ്) വായനക്കാർക്കും ഗവേഷകർക്കും ഏറ്റവും നന്നായി പ്രയോജനപ്പെടുന്ന ഉത്കൃഷ്ടമായ പദസൂചി പുതിയപതിപ്പിൽ (2015) എടുത്തുകളഞ്ഞു. യഥാർത്ഥത്തിൽ ആ പുസ്തകം ഉപയോഗശൂന്യമായി എന്നുവേണം പറയാൻ. സാങ്കേതികവിദ്യയിലെ അറിവില്ലായ്മയാണ് വായനയുടെ മാറിയ പരിതോവസ്ഥകളെ പറ്റി മനസ്സിലാക്കാതെയുള്ള ഇത്തരം പ്രവൃത്തികൾ എന്നുവേണം കരുതാൻ.

അച്ചടിച്ച പുസ്തകം, സാങ്കേതികവിദ്യയെ പൂർണമായും ഉപയോഗിക്കാതിരിക്കുന്നതും പുതുസാധ്യതകളെ ഉപയോഗിച്ച് പരിണാമം വരുത്താതെയിരിക്കുന്നതും പുസ്തകം എന്ന ഗണത്തെ പഴഞ്ചനാക്കാനുള്ള സാധ്യതയാണുള്ളത്. ഇ-ബുക്കുകളുടെ കാലത്ത്, അച്ചടിച്ച പുസ്തകങ്ങൾ, ശീലത്തിന്റെ ഭാഗമായി മാത്രമേ നിലനിൽക്കാൻ സാധ്യതയുള്ളൂ, കുറച്ചുനാൾ കൂടി. മലയാളത്തിൽ ഓൺലൈൻ പബ്ലിഷിംഗ് സജീവമായിട്ട് ഇരുപതു വർഷത്തിലധികമായി. ഇന്നു പൊതുവേ കൂടുതൽ വായിക്കപ്പെടുന്നതും അതാണ്. ഫെയ്സ്ബുക്ക് പോലുള്ള സാമൂഹികമാധ്യമങ്ങളിൽ ശ്രദ്ധേയമായവയാണ് പിന്നീട് അച്ചടിച്ച് പുസ്തകമായി മാറുന്നത് എന്നോർത്താൽ ഇതു വ്യക്തമാകും.

ചെലവു കുറഞ്ഞ അച്ചടിയന്ത്രങ്ങൾ വന്നു എന്നതാണ് പുതുകാലത്തെ ഏറ്റവും വലിയ മറ്റൊരു മാറ്റം. POD എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന പ്രിന്റ് ഓൺ ഡിമാന്റ് വഴി വളരെ കുറഞ്ഞ കോപ്പികൾ മാത്രമായും പുസ്തകം അച്ചടിക്കാം. അതുകൊണ്ട് പുസ്തകത്തിന്റെ പെരുപ്പമാണ് നമ്മുടെ സമൂഹത്തിൽ ഇന്നുള്ളത്. ഡിജിറ്റൽ യുഗത്തിന്റെ ഏറ്റവും വലിയ സാധ്യതയാണിത്. ആർക്കും പുസ്തകരചയിതാവാകാം. അതേസമയം ഇതുണ്ടാക്കുന്നത് വലിയൊരു ദത്തപ്പെരുക്കമാണ്. പൊതുവേ ഡിജിറ്റൽ കാലം ദത്തങ്ങളുടെ ബാഹുല്യത്തിന്റെ കാലമാണ്. ഇവിടെ നമുക്ക് പബ്ലിഷിംഗ് ചെയ്യുന്നവയുടെ കൂട്ടത്തിൽ ഏതു വായിക്കണം എന്നത് വലിയൊരു 'search' ആവശ്യമായ കാര്യമാണ്. മുപ്പതു വർഷം മുമ്പ് ഒരു വർഷത്തിൽ പ്രസിദ്ധീകരിച്ചിരുന്ന പുസ്തകങ്ങളുടെ എണ്ണത്തേക്കാൾ വൻമടങ്ങ് ഇന്ന് പ്രസിദ്ധീകരിക്കുന്നുണ്ട് എന്ന് സാമാന്യമായ അന്വേഷണത്തിൽ പോലും മനസ്സിലാകും. അതുകൊണ്ടുതന്നെ ഓൺലൈൻ വായന, key search വായന എന്നിവ പ്രധാനമാകുന്നു. വായനയെ

മറികടന്ന് കാഴ്ചയിലേക്കുകൂടി മാറുന്ന സാധ്യതയാണ് പ്രബലമാകുന്നത്. ഇന്ന് നമുക്ക് ഒരു വിവരം തെരയണമെങ്കിൽ ഉടൻ നാം യൂട്യൂബ് പോലുള്ള ദൃശ്യ പ്രധാനമായ മാധ്യമമാണ് തെരഞ്ഞുടുക്കുന്നത് പുതിയ കാലത്തെ മാറ്റമാണ്. അതുപോലെ ഓഡിയോ ബുക്കുകളും ഓൺലൈൻ വിപണി കയ്യടക്കിയിട്ടുണ്ട്.

ഇ-ലോകത്ത് ഇനി പുസ്തകങ്ങൾ ഇറങ്ങുമ്പോൾ ഈ മാറ്റത്തെക്കൂടി പരിഗണിക്കേണ്ടിയിരിക്കുന്നു. Interactive Books അത്തരം പരിശ്രമമാണ്. ഒരേ സമയം മൾട്ടിമീഡിയയുടെ സാധ്യതകൾ അവ ഉപയോഗിക്കുന്നു. QR code സ്കാൻ ചെയ്യുന്നതിലൂടെ പുറംലിങ്കുകളിലേക്കും അതിലൂടെ ഓഡിയോയും വീഡിയോയും അനുഭവിക്കാൻ പറ്റുന്ന തരത്തിലേക്ക് പുസ്തകങ്ങൾ വികസിപ്പിക്കേണ്ടിയിരിക്കുന്നു. നിരക്ഷരൻ തയ്യാറാക്കിയ *'മുസിരിസിലൂടെ'* (2015) എന്ന പുസ്തകം അത്തരമൊരു ശ്രമമാണ്. (ഇന്ത്യയിലെ ആദ്യത്തെ ഓഗ്മെന്റഡ് റിയാലിറ്റി പുസ്തകം എന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നത്). ഇവിടെയെത്തുമ്പോൾ വീണ്ടും തൂലികാനാമം വരുന്നു എന്നതും ശ്രദ്ധിക്കാം. മനോജ് രവീന്ദ്രനാണ് നിരക്ഷരൻ എന്ന തൂലികാനാമത്തിൽ എഴുതുന്നത്. വിശാലമനസ്കൻ എന്ന പേരിൽ ബ്ലോഗിൽ എഴുതി ശ്രദ്ധേയനായ എഴുത്തുകാരൻ പിന്നീട് *കൊടകരപുരാണം* എന്ന പുസ്തകമായി അതു പ്രസിദ്ധീകരിച്ചപ്പോൾ സജീവ് എടത്താടൻ എന്ന തന്റെ പേര് തന്നെ ഉപയോഗിക്കുകയുണ്ടായി. മാതൃഭൂമി ആഴ്ചപതിപ്പിൽ കഥയും കവിതയും ഇപ്പോൾ ഓഡിയോ ആയിക്കൂടി വായിക്കാനുള്ള സൗകര്യമുണ്ടല്ലോ.

ഡിജിറ്റൽ യുഗം പുസ്തകത്തിനും വിജ്ഞാനത്തിനും നൽകുന്ന സാധ്യത അനന്തമാണ്. വിപണിയിൽ വലിയ ലാഭം ഉണ്ടാക്കാൻ സാധിക്കാത്തതും വിറ്റുവരവ് പോലും സാധിക്കാത്തവയുമായ ഗവേഷണാത്മകവും മൂല്യവത്തുമായ കൃതികൾ ഡിജിറ്റൈസ് ചെയ്യാൻ സാധിക്കും. ഡിജിറ്റൽ പുസ്തകശാലകൾ പ്രധാനമായി മാറുന്നു. മനുഷ്യാധ്വാനത്തെ വലിയ രീതിയിൽ കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും അവ കാര്യമായി പ്രയോജനപ്പെടുത്തുന്നുവോ എന്നു സംശയമാണ്. കെ.പി. പത്മനാഭമേനോന്റെ *കൊച്ചിരാജ്യചരിത്രം*, പഴയ അച്ചുകൂടത്തിൽ പ്രസിദ്ധീകരിച്ച 1989 ലെ പതിപ്പിന്റെ സ്കാൻഡ് കോപ്പി അതേ മട്ടിൽ ഇപ്പോൾ പുനഃപ്രസിദ്ധീകരിച്ചിരിക്കുന്നു. റീടൈപ്പ് ചെയ്യുമ്പോൾ ഉണ്ടാകാവുന്ന അക്ഷരത്തെറ്റ് ഒഴിവാക്കാം എന്നതാണ് ഇതിന്റെ മെച്ചം. അക്കാദമിക് താത്പര്യമുള്ള ഒരു സംഘം ഇത്തരത്തിലുണ്ടാവുകയാണെങ്കിൽ ഓൺലൈൻ പബ്ലിഷിംഗ് നടത്തുകയും കൂടുതൽ വായനക്കാരിലെത്തുകയും

ചെയ്യേണ്ടിയിരുന്ന പുസ്തകമാണ് എളപ്പപ്പണിയിലൂടെ ഇങ്ങനെയായിത്തീരുന്നത്. പദസൂചി പോലുമില്ലാത്ത ആ പുസ്തകം അത്രയും താത്പര്യമുള്ളവർക്കുപോലും വായിക്കാൻ ബുദ്ധിമുട്ടാണ്. ഇതിനുപകരം OCR (optical character recognition) രീതി ഉപയോഗിച്ച് ടൈപ്പ്ഡ് ഫോർമാറ്റിലേക്ക് നേരിട്ട് മാറ്റാൻ സാധിക്കും. A.I. ആണ് ഇവിടെ പ്രവർത്തിക്കുന്നത്. അഡോബി ഇൻഡിസൈനിൽ പദസൂചി ചെയ്യൽ എളുപ്പവുമാണ്. ഇംഗ്ലീഷിനുവേണ്ടിയുള്ള പാകത്തിനാണ് അവയിൽ ഇപ്പോളുള്ള രീതികൾ. മലയാളത്തിന് അവ ബുദ്ധിമുട്ടാണെങ്കിലും ചെയ്യാൻ സാധിക്കും. അത്തരം പ്രവർത്തനങ്ങൾക്ക് ചെറിയൊരു സംഘം ഇപ്പോഴും തയ്യാറാണ് എന്നത് പ്രതീക്ഷാണ്. ഷിജു അലക്സ് ഗ്രന്ഥപ്പുര എന്ന പേരിൽ പഴയ പുസ്തകങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന പ്രവർത്തനം വലിയ രീതിയിൽ നടത്തിവരുന്നു. സായാഹ്നാ ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾ മുന്നേ സൂചിപ്പിച്ചു. മുസിരിസ് ഹെറിറ്റേജ് പ്രൊജക്ടിന്റെ ഭാഗമായി ചേരമാൻ പള്ളിയിൽ സ്ഥാപിക്കുന്ന ഇസ്ലാമിക് ഹെറിറ്റേജ് മ്യൂസിയത്തിൽ ഇസ്ലാമിക് രേഖകളുടെ വലിയൊരു ശേഖരം തയ്യാറായിട്ടുണ്ട്.

ചുരുക്കത്തിൽ

പുതിയൊരു വായനാസമൂഹത്തിൽ നിന്ന് രൂപംകൊണ്ട പുസ്തകം എന്നൊരു സാംസ്കാരിക ഉൽപ്പന്നം അതിന്റെ വലിയൊരു പരിണാമദശയിലാണ് എത്തിനിൽക്കുന്നത്. പഴയ വായനാസമൂഹമല്ല ഇന്നത്തേത്. വലിയ ദത്തപ്പെരുക്കത്തിന്റെ കാലത്ത് തെരഞ്ഞെടുത്ത വായനയ്ക്കാണ് പ്രസക്തി. പലപ്പോഴും തെരയുന്നവരിലേക്ക് എത്തുക എന്നതാണ് പുതിയ കാലത്ത് പുസ്തകവും എഴുത്തുകാരനും നേരിടേണ്ടുന്ന സമസ്യ അല്ലെങ്കിൽ ലക്ഷ്യം. ദത്തപ്പെരുക്കത്തിലൂടെ പഴയ പുസ്തകസങ്കല്പം വലിയരീതിയിൽ മാറുകയും പുതുസങ്കല്പം വികസിക്കുകയും ചെയ്യും. AI യുടെ സാധ്യത വരാൻകിടക്കുന്നതേയുള്ളൂ. നോക്കിയിരുന്ന് കാണേണ്ടതാണത്.

കുറിപ്പുകൾ

1. ഈ ആമുഖപഠനത്തിൽ പേജ് നമ്പർ ഇട്ടിട്ടില്ല. അച്ചടിക്കുന്നതിനുമുമ്പ് ശ്രദ്ധയിൽ പെട്ടിട്ടുണ്ടാകില്ല
2. ഈ പുസ്തകത്തിൽ ചില വരികൾ തന്നെ ടൈപ്പിങ്ങിൽ വിട്ടുപോയിട്ടുപോലുമുണ്ട്. 'ചങ്ങമ്പുഴയുടെ തത്വശാസ്ത്രം' എന്ന ലേഖനത്തിൽ. അത്രയ്ക്കും അലസത ആ പതിപ്പിലുണ്ട്. നല്ല എഡിറ്റർ പ്രവർത്തിക്കാനില്ല എന്നതാണ് കാരണം.

അവലംബിതസൂചിക

- ബാബു ചെറിയാൻ 2017 ബെഞ്ചമിൻ ബെയ്‌ലി, എസ്.പി.സി.എസ്, കോട്ടയം.
- രാമകൃഷ്ണൻ, ഇ.വി. 2001 അക്ഷരവും ആധുനികതയും, എസ്.പി.സി.എസ്, കോട്ടയം.
- ശ്രീകുമാർ ഏ.ജി. 2016 പുസ്തകവും കേരളസമൂഹപരിണാമവും, കേരളസർവ്വകലാശാല, തിരുവനന്തപുരം.
- സ്കറിയാ സക്കറിയ 1993 'ആമുഖ പഠനം', ഗ്രണ്ടർട്ട് നിഘണ്ടു, ഡി.സി. ബുക്സ്, കോട്ടയം.

അച്ചടിക്കപ്പെട്ട കല: വായനയുടെയും കലയുടെയും സമാന്തരചരിത്രങ്ങൾ

അമലു ഷാജി
ഗവേഷക ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് & ടെക്നോളജി,
തിരുവനന്തപുരം

പ്രബന്ധസംഗ്രഹം:

കേരളത്തിലെ വായനയുടെ ചരിത്രവും കലാചരിത്രവും തമ്മിലുള്ള സങ്കീർണ്ണമായ പരസ്പരബന്ധത്തെ അന്വേഷിക്കുവാനുള്ള ശ്രമമാണ് ഈ പ്രബന്ധം. അച്ചടിആധുനികത ഈ രണ്ട് വ്യവഹാരങ്ങളെയും എങ്ങനെ സവിശേഷമായി സ്വാധീനിച്ചുവെന്നും അത് സാക്ഷരതക്കും ദൃശ്യാവബോധത്തിനുമിടയിൽ എങ്ങനെ പ്രവർത്തിച്ചുവെന്നും ഈ പഠനം അന്വേഷിക്കുന്നു. കേരളത്തിന്റെ ആധുനികതയുടെ സന്ദർഭത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, കേരളത്തിലെ വായനാസംസ്കാരത്തിന്റെയും ദൃശ്യകലാചരിത്രത്തിന്റെയും സമാന്തര ധാരകളെ അന്വേഷിക്കുന്ന ഈ പഠനം അച്ചടി മാധ്യമങ്ങൾ കേരളത്തിലെ വായനാശീലങ്ങളെയും കലാസങ്കല്പങ്ങളെയും എങ്ങനെ സവിശേഷമായി രൂപപ്പെടുത്തി എന്നതിനെ കുറിച്ച് വിശകലനം ചെയ്യുന്നു. അച്ചടിയിലൂടെയുള്ള ദൃശ്യങ്ങളുടെ യാന്ത്രിക പുനരുത്പാദനം കേരളത്തിന്റെ കല

യറിവിനോട് സവിശേഷമായി സംവദിച്ചിട്ടുണ്ടെന്ന സന്ദർഭത്തിൽ അതിന്റെ സാംസ്കാരികമാനങ്ങൾ എന്തൊക്കെയാണെന്നും ഈ ദൃശ്യപാഠങ്ങളുടെ വായന കലാചരിത്രത്തെ എങ്ങനെ രൂപപ്പെടുത്തി യെന്നും അന്വേഷിക്കേണ്ടതായി വരുന്നു. കേരളസമൂഹത്തിൽ ദൃശ്യ കലയിലെ മാനകീകരണത്തിൽ (canonization) അച്ചടി വഹിച്ച പങ്കി നെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുന്ന പ്രബന്ധം ആധുനികതയുടെ ദൃശ്യോത്പാദനപ്രക്രിയ എങ്ങനെയാണ് വായനയുടെ ചരിത്രത്തിൽ ഇടപെട്ടതെന്നും അന്വേഷിക്കുന്നു. കലാവിമർശനം, കലാചരിത്ര ചനകൾ, ആനുകാലികങ്ങളിലെ തിരഞ്ഞെടുത്ത ചിത്രപരമ്പരകൾ എന്നിവയിലൂടെ വായനക്കാരുടെയും കാഴ്ചക്കാരുടെയും അഭിരുചികൾ എങ്ങനെ രൂപപ്പെട്ടുവെന്നതിനെക്കുറിച്ചും അച്ചടിക്കപ്പെട്ട ചിത്രങ്ങൾ എങ്ങനെ കലാചിന്തയെ രൂപപ്പെടുത്തിയെന്നുമുള്ള സാംസ്കാരികവി മർശനമാണ് ഈ പഠനത്തിന്റെ പ്രാഥമികലക്ഷ്യം.

താക്കോൽ വാക്കുകൾ:

കാണി, ദൃശ്യാനുഭവശീലം, അച്ചടിആധുനികത, ദൃശ്യസാക്ഷരത, മാന കീകരണം

ആമുഖം

കേരളത്തിന്റെ വായനാസംസ്കാരം വിവിധ നിലകളിൽ മലയാളിയുടെ ഭാവുകത്വത്തെ സ്വാധീനിച്ചുപോന്നിട്ടുണ്ട്. സാഹിത്യചരിത്രത്തിലും രാഷ്ട്രീയചരിത്ര ത്തിലുമൊക്കെ അച്ചടിയാധുനികത ദിശാസൂചിയായിട്ടുണ്ട്. കേരളത്തിന്റെ ദൃശ്യക ലാചരിത്രത്തിന്റെ ഗതിവിഗതികളിൽ അച്ചടിയും അതിലൂടെ, വായനയും നടത്തിയ സവിശേഷമായ ഇടപെടലുകൾ വിശദമായി പഠിക്കേണ്ടതുണ്ട്. അച്ചടിയിലൂടെ ദൃശ്യ സാക്ഷരതയെ കേരളത്തിന്റെ സവിശേഷമായ സാംസ്കാരികപശ്ചാത്തലത്തിൽ അറിയുകയും അന്വേഷിക്കുകയും ചെയ്യേണ്ടതുണ്ട്. അച്ചടിയും ദൃശ്യസംസ്കാരവും തമ്മി ലുള്ള ബന്ധത്തിന്റെ ചരിത്രപരതയെ അടയാളപ്പെടുത്തിയ മുൻകാലപഠനങ്ങളിൽ പ്രധാനമാണ് ആനുകാലികങ്ങളിലെ രേഖാചിത്രങ്ങളെ സംബന്ധിച്ചുള്ള പഠന ങ്ങൾ. (കവിത, 2020) കേരളത്തിന്റെ പശ്ചാത്തലത്തിൽ ദൃശ്യോത്പാദനപ്രക്രിയ

യെ (image making) മനസ്സിലാക്കുമ്പോൾ രേഖാചിത്രങ്ങളുടെ പഠനം ശക്തമായ ഉപാധിയായി മാറിയിട്ടുള്ളതായിക്കാണാം. എന്നാൽ ആനുകാലികങ്ങൾ ഉത്പാദിപ്പിച്ച ചിത്രങ്ങൾ രേഖാചിത്രങ്ങളും ഫോട്ടോഗ്രാഫുകളും മാത്രമായിരുന്നില്ല, പെയ്ന്റിംഗുകളുടെയും ശില്പങ്ങളുടെയും യാന്ത്രികപുനരുല്പാദനം (mechanical reproduction) കൂടിയായിരുന്നു. ചിത്രശില്പങ്ങളുടെ ഈ അച്ചടിപ്പതിപ്പുകൾ കേരളത്തിന്റെ കലാചരിത്രത്തിൽ ഇടപെട്ടതിന്റെ വിവിധമാനങ്ങൾ പരിശോധിക്കുകയാണ് പ്രബന്ധത്തിന്റെ ലക്ഷ്യങ്ങളിലൊന്ന്. രണ്ടാമതായി ഈ ചിത്രങ്ങൾ വായനാചരിത്രത്തിലും അതുവഴി കേരളത്തിന്റെ ദൃശ്യസംസ്കാരത്തിലും ഇടപെട്ടതെങ്ങനെയെന്ന് പ്രബന്ധം അന്വേഷിക്കുന്നു. കലാചരിത്രവും സാഹിതീയതയും തമ്മിലുള്ള ബന്ധത്തെ മലയാളിയുടെ വായനാചരിത്രം എങ്ങനെ രേഖപ്പെടുത്തിയെന്ന വിശകലനമാണ് മൂന്നാമത് ലക്ഷ്യം. കേരളത്തിന്റെ കലാചരിത്രത്തെയും വായനാചരിത്രത്തെയും ചേർത്തുവച്ച അച്ചടിയെന്ന സങ്കേതം ഇവയെ രണ്ടിനെയും രൂപപ്പെടുത്തുന്നതിൽ പങ്കുവഹിച്ചതായി കാണാം. ആ രൂപപ്പെടുത്തൽ പ്രക്രിയയെ സങ്കീർണമാക്കുന്ന ഘടകങ്ങളും ഈ അന്തരവൈജ്ഞാനികപഠനത്തിന്റെ പരിധിയിൽ വരുന്നു.

കേരളത്തിന്റെ പശ്ചാത്തലത്തിലെ ദൃശ്യോത്പാദനവും അതിന്റെ യാന്ത്രികപുനരുത്പാദനവും തമ്മിലുള്ള ബന്ധത്തിനുള്ളിൽ തുടർച്ചയുടെയും ഇടർച്ചയുടെയും മാനങ്ങളുണ്ട്. യൂറോപ്യൻ സൗന്ദര്യബോധത്തിന്റെയും ഭാവുകത്വത്തിന്റെയും തുടർച്ചകളും, അത് പ്രാദേശികാധുനികതയുമായി (regional modernity)1 ചേർന്നപ്പോൾ മലയാളി ഭാവുകത്വത്തിലുണ്ടാക്കിയ ഇടർച്ചകളും അച്ചടിയിലൂടെ പൊതുമണ്ഡലത്തിലേയ്ക്ക് എത്തുകയും ദൃശ്യാവബോധത്തിൽ ഇടപെടുകയും ചെയ്യുന്നതുകാണാം. സാഹിത്യപാഠത്തിന്റെ ആശ്രിതപാഠമായി പരിഗണിക്കപ്പെടുപോന്ന രേഖാചിത്രങ്ങളുടെ ചരിത്രം പരിശോധിക്കുന്ന കവിത ബാലകൃഷ്ണൻ എഴുതിയ വായനാമനുഷ്യന്റെ കലാചരിത്രം എന്ന പുസ്തകം ഈ ഭാവുകത്വസങ്കീർണതകളെ സംബോധനചെയ്യുന്നതായി കാണാം. (കവിത, 2020: 18) കേരളത്തിന്റെ പശ്ചാത്തലത്തിൽ കാണിയുടെ ഭാവുകത്വം വായനക്കാർ എന്ന കർതൃസ്ഥാനം നിർമിച്ചെടുക്കുന്ന കലാഭാവുകത്വമാണ്. അതിന്റെ സുപ്രധാനകാരണങ്ങളിലൊന്ന് കാണിക്കും വായനക്കാർക്കുമിടയിലുള്ള നേർത്ത അതിരാണെന്ന് കാണാം. അച്ചടി നേർപ്പിച്ച ഈ അതിരിനെ കലാചരിത്രം പലമട്ടിൽ ഉൾക്കൊള്ളുകയും ആവിഷ്കരിക്കുകയും ചെയ്തു. ഈ വാദത്തെ സമർത്ഥിക്കാൻ ദൃശ്യോത്പാദനത്തെയും അതിന്റെ യാന്ത്രികപുനരുത്പാദനത്തെയും

വിമർശനാത്മകമായി നോക്കികാണേണ്ടതുണ്ട്. രേഖാചിത്രങ്ങളെക്കൂടാതെ അച്ചടിക്കപ്പെട്ട ശില്പചിത്രങ്ങളുടെ ഒരു നീണ്ടനിര തന്നെ മലയാളത്തിലെ ആനുകാലികങ്ങളുടെ ചരിത്രത്തിലുണ്ട്. വിവിധ ഉദ്ദേശങ്ങളെ മുൻനിറുത്തി അച്ചടിക്കപ്പെട്ട ഈ ദൃശ്യങ്ങൾ മലയാളിയുടെ ദൃശ്യാവബോധത്തിലും ദൃശ്യാനുഭവശീലത്തിലും ഇടപെടുന്നതുകാണാം. ആനുകാലികങ്ങളുടെ പുറംചട്ടയിൽ അച്ചടിക്കപ്പെട്ട ചിത്രങ്ങളും-പെയിന്റിങ്ങുകളും, ഫോട്ടോഗ്രാഫുകളും ഡിസൈനുകളും -കൂടാതെ, 1960കളിലും 1970കളിലുമായി കലാകൗമുദി, മാതൃഭൂമി, മലയാള മനോരമ തുടങ്ങിയ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ചുപോന്ന വൈദേശികവും പ്രാദേശികവുമായ ദൃശ്യകലകളെ പരിചയപ്പെടുത്തുന്ന ലേഖനങ്ങളും അവക്കൊപ്പം അച്ചടിക്കപ്പെട്ട ചിത്രങ്ങളും ആധുനികതയുടെ സന്ദർഭത്തിൽ അച്ചടിയുടെ ചരിത്രം കലാചരിത്രത്തോട് ചെയ്തതെന്തെന്ന് വ്യക്തമാക്കുന്നുണ്ട്.

ദൃശ്യോത്പാദനം, ദൃശ്യപുനരുല്പാദനം: ആധുനിക കലയറിവിന്റെ മാനദണ്ഡങ്ങൾ

മലയാളിയുടെ കലയറിവിന്റെ പ്രാഥമികപാഠങ്ങളായി പ്രവർത്തിച്ചത് പെയിന്റിങ്ങുകളും ശില്പങ്ങളുമായിരുന്നില്ല മറിച്ച്, അവയുടെ അച്ചടിപ്രതിപ്പുകളായിരുന്നു. കലയെപ്പറ്റിയുള്ള വിദേശവിചാരങ്ങളെ പരിചയപ്പെടാൻ അച്ചടിയായിരുന്നു മാർഗമെന്ന അക്കാലത്തെ സ്ഥിതി പരിഗണിക്കുമ്പോളും പ്രാദേശിക കലയെപ്പറ്റിയുള്ള അറിവും പരിചയവും എങ്ങനെയായിരുന്നുവെന്ന് മറ്റൊരു തരത്തിൽ പരിശോധിക്കേണ്ടിവരുന്നു. ചിത്രപ്രദർശനശാലകളോ പ്രദർശനങ്ങളോ സാധാരണമല്ലാത്ത കേരളത്തിന്റെ പശ്ചാത്തലത്തിൽ പ്രാദേശികകലാവ്യവഹാരങ്ങളെ കാണാനും അറിയാനുമുള്ള മാധ്യമമായി ആനുകാലികങ്ങൾ മാറി. കാഴ്ചയിലെ ഈ മധ്യവർത്തിത്വം ചിത്രങ്ങളുടെ തിരഞ്ഞെടുപ്പിൽ സജീവമായി പ്രവർത്തിക്കുകയും കാഴ്ചശീലത്തെ (visual habit)2 നിയന്ത്രിക്കുകയും ചെയ്യുന്നതായി കാണാം. അതിനെ മനസിലാക്കുവാൻ 1976 ൽ കലാകൗമുദിയിൽ പ്രസിദ്ധീകരിക്കപ്പെട്ട ചിത്രപരമ്പര വിശകലനത്തിന് വിധേയമാക്കാവുന്നതാണ്. ഈ ചിത്രപരമ്പരയിൽ ഫോട്ടോഗ്രാഫുകളും പെയിന്റിങ്ങുകളും ഉൾപ്പെടുന്നുണ്ട്. ഈ പരമ്പരയുടെ മറ്റൊരു സവിശേഷത അതിനനുബന്ധമായി ചേർത്തിരിക്കുന്ന കുറിപ്പുകളാണ്.

വൈദേശിക കലാമാതൃകകളെ പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ള ഈ പരമ്പരയിലൂടെ ഫ്രാൻഷ്വാ ബുഷാ (François Boucher), ടെന്റോറേറ്റോ (Jacopo Robusti Tintoretto), ജീൻ ആഗസ്റ്റേ ഇൻഗ്രിസ് (Jean-Auguste Ingres) തുടങ്ങിയവരുടെ ചിത്രങ്ങൾ മലയാളി വായനക്കാർ/ കാണികൾ കണ്ടുശീലിക്കുകയും ഒപ്പമുള്ള കുറിപ്പിലൂടെ വായിച്ചറിയുകയും ചെയ്തു. ഈ വായിച്ചറിവ് ദൃശ്യത്തിന്റെ ആശ്രിതപാഠം (paratext)3 എന്നനിലയിൽ പ്രവർത്തിക്കുകയും ദൃശ്യത്തിന്റെ ആഖ്യാനപരതയെ ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു. ഈ ആഖ്യാനപരതയെ ആശ്രിതപാഠം മുൻപോട്ടുവയ്ക്കുന്ന ഒന്നുമാത്രമായി കാണാൻ സാധിക്കില്ല. ആശ്രിതപാഠമായ കുറിപ്പുകളെ ഒഴിച്ചുനിർത്തിയാലും ദൃശ്യത്തിന്റെ സ്വഭാവം അതിനാൽത്തന്നെ ആഖ്യാനഗ്രഹണമുള്ളതായി കാണാം. വായനാശീലം ഊട്ടിയുറപ്പിച്ച ആഖ്യാനോന്മുഖത ചിത്രങ്ങളുടെ തിരഞ്ഞെടുപ്പിലും വ്യക്തമാണ്. (ചിത്രം 1) കാണിക്കുവേണ്ടി "കൃ



എവിടെ ആ അഭയം?

ഇത് നഗ്നമായ മദ്ധ്യാഹ്നഭൂമിയുടെ കഥയാണ്. വള്ളുവനാടിന്റെ ഹരിതഭൂമിയല്ല; തീയറകളിൽ നിന്നും കരിഞ്ഞൊഴുകിയ ലാവ ഉണ്ണുപേന്ന പാറപ്പുറങ്ങളുടെ ഭൂമി. സൂര്യപ്രതാപത്തിൽ ഇനിയുമൊരു ഉരുകലിനായി തുടിച്ചുനിൽക്കുന്ന ആ പാറകളിലൊന്നിൽ, അഗാധമായ ഒരു വിള്ളലിന്റെ ഓരത്ത് ബാഹ്യമായ ആവരണങ്ങളും ദൂരത്തെറിയാൻ, ദുഃഖപൂർണമായ ശിരസ്സും നെഞ്ചും ചാഞ്ഞാൻ ഒരുനിമിഷം. വിഖ്യാത ഫോട്ടോഗ്രാഫറായ ഫ്രിറ്റ്സ് ഹെൻലേ ചിത്തോദ്ദീപകമായ ആ നിമിഷത്തെ ഒരാധുനിക കവിതയുടെ ശീലിൽ ഇങ്ങനെയാണ് ക്യാമറയിൽ പകർത്തിയത്.

റേറ്റ്" ചെയ്യപ്പെട്ട ചിത്രങ്ങൾ എന്നതിനേക്കാൾ അച്ചടിക്കുവേണ്ടി തിരഞ്ഞെടുത്ത ചിത്രങ്ങളായി ഇവയെ മനസിലാക്കാം. അച്ചടി ഉന്നംവച്ചതാവട്ടെ കാണിയെക്കാൾ വായനക്കാരെയാണതാനും. വായനയാവശ്യപ്പെടുന്ന പാഠങ്ങളായാണ് ഇവിടെ ദൃശ്യങ്ങളുടെ നിൽപ്പ്. ആ വായന ദൃശ്യത്തിന്റെ ആശയാധിഷ്ഠിതമോ (conceptual) തത്വചിന്താപരമോ (philosophical) രൂപവ്യവസ്ഥപരമോ (formalistic) ആയ വായനയെന്നതിനേക്കാൾ അർത്ഥത്തിന്റെ വ്യാഖ്യാനമായി (interpretation) മാറുന്നതും ഈ ആശ്രിതപാഠങ്ങളിൽ കാണാം. ഫ്രാൻഷ്വാ ബുഷായുടെ "സ്വകാര്യ മുറിയിൽ" (The Blonde Odalisque, or Resting Girl) എന്ന ചിത്രം പതിനെട്ടാംനൂറ്റാണ്ടിന്റെ മധ്യകാലം വരെ നിലനിന്ന നിയോ ക്ലാസിക്കൽ ചിത്രരചനാരീതിക്ക് ഉദാഹരണമായി എടുത്തുകാട്ടുന്നു. "പതിനെട്ടാംനൂറ്റാണ്ടിന്റെ മധ്യകാലം വരെ നിലനിന്ന യൂറോപ്യൻ ചിത്രരചനാരീതിക്ക് ഒരു നല്ല മാതൃകയാണ് ഇവിടെക്കൊടുത്തിരിക്കുന്ന ബുഷായുടെ പെയ്ന്റിംഗ്. സ്വകാര്യ മുറികളുടെ അന്തരീക്ഷവും അതിലെ അലങ്കാരങ്ങളുമോക്കെ വളരെ വിശദമായി വർണിക്കുന്ന അക്കാലത്തെ പതിവ് ഇതിലും കാണാം. ആ പെൺകുട്ടിയുടെ അലസമായ ശയനവും ആ കിടക്കവിരികളുടെ താറുമാറായ കിടപ്പും "മധുരവും കാമോദ്ദീപകവുമെങ്കിലും ബുദ്ധിപരമായ ഒരു ക്ഷണവുംകൂടിയാണ്." എന്നാണ് ഒരു കലാചിന്തകന്റെ പക്ഷം." (കലാകൗമുദി ന്യൂസ് സർവീസ്, 1976: 5) കലാകൗമുദി ന്യൂസ് സർവീസ് തയ്യാറാക്കിയ ഈ പരമ്പരയിൽ കലയെക്കുറിച്ചെഴുതുന്ന കലാചിന്തകന്റേത് അജ്ഞാതമായ കർതൃസ്ഥാനമാണ്. കലയെ വിശദീകരിക്കുകയും വ്യാഖ്യാനിക്കുകയും കലാകൃത്തിന്റെ വ്യക്തിവിവരങ്ങൾ നൽകുകയും ചെയ്യുന്ന സർവ്വജ്ഞനായ (omniscient) കലാചിന്തകൻ അച്ചടിയുടെ ശബ്ദമാണ്. അയാൾ ഉത്പാദിപ്പിക്കുന്ന കലയറിവിന്റെ വ്യാഖാനസ്വഭാവം വായനക്കാരെ തൃപ്തിപ്പെടുത്തുകയും വായനാക്ഷമതയെയും അർത്ഥോത്പാദനത്തെയും നിരന്തരം ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇത്തരത്തിൽ നിരവധി ചിത്രങ്ങളും അവയുടെ കുറിപ്പുകളും അടങ്ങിയ ഈ പരമ്പര മലയാളിയുടെ കാഴ്ചശീലത്തോട് സന്ധിചെയ്യുന്നതുകാണാം. ചിത്രകലയിലെ യൂറോപ്യൻ അക്കാദമിക് റിയലിസം ആഴത്തിൽ വേരോടിയ കേരളത്തിന്റെ സാംസ്കാരികസന്ദർഭത്തിൽ അതിന്റെ അനുരണനങ്ങൾ എന്നവണ്ണം പരമ്പരയിലെ ചിത്രങ്ങളിൽ ഭൂരിഭാഗവും മനുഷ്യശരീരങ്ങളുടെ, വിശേഷിച്ച് സ്ത്രീ ശരീരങ്ങളുടെ യഥാതഥചിത്രീകരണങ്ങളായിരുന്നു.
ഈ പരമ്പരയിലെ ഫോട്ടോഗ്രാഫുകളും ഈയൊരു മാതൃകയിൽനിന്നും വിഭിന്നമല്ല.

അമേരിക്കൻ ഫോട്ടോഗ്രാഫറായ ഫ്രിറ്റ്സ് ഹെൻലെയുടെ (Fritz Henle) "എവിടെ ആ അഭയം?" എന്ന് പേര് കൊടുത്ത ഫോട്ടോഗ്രാഫ് മറ്റൊരുദാഹരണമായി പരിഗണിക്കാവുന്നതാണ്. (ചിത്രം 2) ചിത്രത്തിലെ സർഗ്ഗരചനാപരതയെ കണ്ടെടുക്കുകയാണ് ഇവിടെ ആശ്രിതപാഠം. "വിഖ്യാത ഫോട്ടോഗ്രാഫറായ ഫ്രിറ്റ്സ് ഹെൻലെ ചിന്തോദ്ദീപകമായ ആ നിമിഷത്തെ ഒരാധുനിക കവിതയുടെ ശീലിൽ ഇങ്ങനെയാണ് ക്യാമറയിൽ പകർത്തിയത്." (കലാകൗമുദി ന്യൂസ് സർവീസ്, 1976: 39) ഈ

സ്വകാര്യ മുറിയിൽ

പതിനെട്ടാം ശതകത്തിൽ ഫ്രഞ്ചുചിത്രകലയിലെ വലതുപക്ഷക്കാരുടെ പ്രതിനിധിയായിരുന്ന ഫ്രാൻഷ്വാ ബൂഷാ. ഒരു പ്രൊഫഷനൽ എന്ന നിലയിൽ അദ്ദേഹത്തിന്റെ കലാസപര്യ പൂണ്ണവിജയമായിരുന്നു. കൊട്ടാരം ചിത്രകാരനായും പിന്നീട് അക്കാദമിയുടെ ഡയറക്ടറായുമൊക്കെയുള്ള ഔദ്യോഗിക പദവികളും അലങ്കരിച്ച ബൂഷാ, 'റോകോകോ ശൈലി'യുടെ അന്തിമദശയുടെ പ്രാതിനിദ്ധ്യവും വഹിച്ചിരുന്നു. ബൂഷായുടെ മരണം നിണ്ണായകമായ ഒരു ശോസ്ന്ധിയിലായിരുന്ന — യൂറോപ്യൻ തല സ്ഥാനങ്ങളിലാകെ, ചിത്രകലാരംഗത്തു നിയോ ക്ലാസിസത്തിന്റെ ചുഴലിക്കാറ്റു ശക്തിയാർന്നു തുടങ്ങിയ ആ ദശ.

പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യകാലം വരെ നിലനിന്ന യൂറോപ്യൻ ചിത്രരചനാരീതിക്ക് ഒരു നല്ല മാതൃകയാണ് ഇവിടെക്കൊടുത്തിരിക്കുന്നേ ബൂഷായുടെ പെയ്ന്റിംഗ്. സ്വകാര്യ മുറികളുടെ അന്തരീക്ഷവും അതിലെ അലങ്കാരങ്ങളുമൊക്കെ വളരെ വിശദമായി വർണ്ണിക്കുന്ന അക്കാലത്തെ പതിവ് ഇതിലും കാണാം. ആ പെൺകുട്ടിയുടെ അലസമായ ശയനവും ആ കിടക്കവിരികളുടെ താഴ്മാറായ കിടപ്പും "മധുരവും കാമോദ്ദീപകവുമെങ്കിലും ബുദ്ധിപരമായ ഒരു ക്ഷണവും കൂടിയാണ്." എന്നാണ് ഒരു കലാചിന്തകന്റെ പക്ഷം.

ഫ്രാൻഷ്വാ ബൂഷ

ഫോട്ടോഗ്രാഫുകളും പെയിന്റിങ്ങുകളും കോമ്പോസിഷനുകളിലും വിഷയസ്വീകരണത്തിലുമുള്ള സമാനതയും ഇവിടെ ശ്രദ്ധേയമാണ്.ഈ ആഖ്യാനോന്മുഖതയെ ഉറപ്പിക്കുന്നതാണ് ഈ പരമ്പരയിലെ ചിത്രങ്ങൾക്ക് കൊടുത്തിരിക്കുന്ന ശീർഷകങ്ങൾ. ഫ്രാൻഷ്വാ ബുഷായുടെ വിശ്രമിക്കുന്ന പെൺകുട്ടി (Jeune fille allongée, Jeune fille couchée or L'Odalisque blonde) എന്ന ഫ്രഞ്ച് ശീർഷകമുള്ള ചിത്രത്തിന്റെ മലയാളശീർഷകം "സ്വകാര്യ മുറിയിൽ" എന്നതാണ്. ഈ ശീർഷകത്തിലെ ഒഡാലിസ്ക്[4] എന്നവാക്ക് ഒട്ടോമൻ സാമ്രാജ്യത്തിലെ സുൽത്താന്റെ ഹാരമിൽ (അന്തഃപുരം) ജോലി ചെയ്തിരുന്ന സ്ത്രീ സേവകയെ സൂചിപ്പിക്കുന്നതായി കാണാം. കേരളീയ സന്ദർഭത്തിലുള്ള ദൃശ്യപുനരുല്പാദനത്തിൽ അതിന്റെ ശീർഷകവും ആശ്രിതപാഠവും ചിത്രത്തിന്റെ പശ്ചാത്തലത്തിന് ഊന്നൽ കൊടുത്തുകൊണ്ടാണ് നിൽക്കുന്നത്. ചിത്രകാരന്റെ പശ്ചാത്തലവും ചിത്രത്തിന്റെ പശ്ചാത്തലവും വിവരിച്ചുകൊണ്ട് പാശ്ചാത്യചിത്രകാരന്റെ നോട്ടത്തെ (gaze) പ്രശ്നവത്കരിക്കുകയോ, ശ്രദ്ധിക്കുകപോലുമോ ചെയ്യാതെ വിട്ടുകളയുന്നു. ഇത്തരത്തിൽ സാംസ്കാരികവും രാഷ്ട്രീയപരവുമായ ഒട്ടനവധി പ്രശ്നമേഖലകളെ തമസ്കരിച്ചുകൊണ്ട് ചിത്രത്തിന്റെ സൗന്ദര്യാത്മകതയിലും സാഹിതീയമായ അർഥോത്പാദനശേഷിയിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതായി കാണാം. അതിനാൽ തന്നെ ആധുനികത മുൻപോട്ടുവച്ച ദൃശ്യസാക്ഷരതാപദ്ധതി അച്ചടിയുടെ ചുവടുപിടിച്ച് സാഹിതീയമായ കാഴ്ചശീലത്തെ ഉല്പാദിപ്പിച്ചതുകൂടാതെ, ചിത്രങ്ങളുടെ വലിയതോതിലുള്ള തരംതിരിക്കലിനും കാരണമായി. കാണിയുടെ കാനോൻ (canon) നിർണയിക്കപ്പെട്ടത് വായനക്കാരുടെ അഭിരുചിയെ മുൻനിറുത്തിയാണെന്ന് ആധുനികതയുടെ സന്ദർഭത്തിൽ അച്ചടിക്കപ്പെട്ട ചിത്രങ്ങളിൽനിന്ന് വ്യക്തമാണ്. ആനുകാലികങ്ങളിലെ ദൃശ്യങ്ങളുടെ തിരഞ്ഞെടുപ്പ് ദൃശ്യങ്ങളുടെ മാനകീകരണത്തിലേയ്ക്ക് (canonization) നയിക്കുകയും ആ മാനകീകരണത്തിന്റെ മാതൃക യൂറോപ്യൻ അക്കാദമിക് റിയലിസത്തെ പിൻപറ്റുകയും ചെയ്യുന്നതുകാണാം. ആസ്വാദനശീലവും ദൃശ്യങ്ങളുടെ യാന്ത്രികപുനരുത്പാദനവും സാഹിതീയമായ അർഥോത്പാദനത്തിൽ ശ്രദ്ധയൂന്നിയപ്പോൾ ദൃശ്യോത്പാദനം (image making) പലവഴി പിരിയുകയും അച്ചടിയുടെയും കലയെഴുത്തിന്റെയും ചരിത്രത്തിനുപുറത്ത് നിലനിൽപന്വേഷിക്കുകയും ചെയ്തു. അതിനൊരു ഉദാഹരണമായി കാനായി കുഞ്ഞിരാമന്റെ പൊതുവിടകലയെ പരിഗണിക്കാവുന്നതാണ്. മലയാളിയുടെ കാഴ്ചശീലത്തിൽ പതിഞ്ഞ അക്കാദമിക് റിയലിസത്തോട് സന്ധിചെയ്ത 'സാഗരകന്യക'യും

മലമ്പുഴ 'യക്ഷി'യും നിരന്തരമായി യാന്ത്രികപുനരുത്പാദനത്തിനും ജനകീയകലയെഴുത്തിനും വിഷയമായപ്പോൾ 'മുക്കോലപ്പെരുമാളും' 'മാടൻതറ'യും അത്രതന്നെ അച്ചടിക്കപ്പെട്ടിരുന്നില്ല. (ചിത്രം 3) ഇവിടെ കലാവസ്തുവിന്റെ കലാപരത അച്ചടിക്കെത്രമാത്രം അനുയോജ്യമാണെന്ന ചിന്ത പ്രബലമായി. നോട്ടത്തെ സ്ഥാനപ്പെടുത്തുന്ന അച്ചടിയെന്ന അധികാരസ്ഥാനം ആ തിരഞ്ഞെടുപ്പിലും തരംതിരിവിലും അവിടെ പ്രവർത്തിക്കുകയും, മലയാളിയുടെ ഭാവനയുടെ ചരിത്രത്തിലെന്നപോലെ കാമനയുടെ (desire) ചരിത്രത്തിലും ഇടപെടുകയും ചെയ്തു.



അച്ചടി നിർമ്മിച്ച കാമനയുടെ ദൃശ്യഭാഷ

വായനയുടെ ചരിത്രം കാമനയുടെ ചരിത്രം കൂടിയായിമാറുന്ന സവിശേഷ സാഹചര്യത്തെ 1950കളുടെ മദ്ധ്യം മുതൽ 1970കൾ വരെയുള്ള ആനുകാലികങ്ങളിൽ വ്യക്തമായി കാണുവാൻ സാധിക്കും. അച്ചടിക്കപ്പെട്ട ശരീരങ്ങൾ വായനയുടെ ചരിത്രത്തിലിടപെട്ടത്തിന്റെ സങ്കീർണമായ സന്ദർഭങ്ങൾ പുറംചട്ടകളിലും ചിത്ര പരിചയങ്ങളിലും കലയെഴുത്തുകളിലും വ്യക്തമാണ്. 1976ലെ കലാകൗമുദിയിൽ വന്ന ചിത്രപരമ്പരയെ അടിസ്ഥാനപ്പെടുത്തി ആലോചിച്ചാൽ ഈ ചിത്രങ്ങളുടെ രതിവത്കരിക്കപ്പെട്ട (sexualized) സ്ത്രീശരീരങ്ങളാണെന്ന് പറയാം. കാണിയുടെ ലൈംഗികനോട്ടത്തെ തൃപ്തിപ്പെടുത്തുന്ന ചിത്രങ്ങളെ തിരഞ്ഞെടുത്തവതരിപ്പിന്ന പതിവ് ഈ പരമ്പരയ്ക്കുണ്ട്. പുറംചട്ടയിലെ അർദ്ധനഗ്നരായ സ്ത്രീ ശരീരങ്ങളോടുള്ള ഒരു വായനക്കാരിയുടെ പ്രതികരണം ഇങ്ങനെയായിരുന്നു; " (...) ഉള്ളടക്കത്തിന്റെ മനോഹാരിത കളഞ്ഞുകുളിക്കുന്ന മുഖചിത്രങ്ങളാണ് മിക്കപ്പോഴും കാണുന്നത്. സ്ത്രീയുടെ നഗ്നതകൊണ്ട് ആകർഷിക്കപ്പെടേണ്ട ശലഭങ്ങളാണ് കലാകൗമുദിയുടെ വായനക്കാർ എന്ന് തോന്നുന്നില്ല. നഗ്നത കാണുമ്പോൾ കയറുപൊട്ടിക്കുന്ന എന്ന് വിചാരിക്കരുത്. നഗ്നതയാവട്ടെ അനാശ്ചാദനമാവട്ടെ സുന്ദരമായിരിക്കണം ഫലം എന്നേയുള്ളൂ." (വാണി, 1977: 1) തുടർന്നുള്ള ലക്കങ്ങളിൽ മുഖചിത്രങ്ങളുടെ സ്വഭാവത്തിലുള്ള മാറ്റം വ്യക്തമാണ്. എന്നാൽ, ചിത്രപരമ്പര ആൺനോട്ടത്തിന്റെ തുടർച്ച ഉറപ്പുവരുത്തുന്നുണ്ട്. മലയാളരാജ്യം ചിത്രവാരിക, മാതൃഭൂമി ആഴ്ചപതിപ്പ് എന്നിവയുടെ മുഖചിത്രങ്ങൾ പരിശോധിക്കുക, "കൗതുകനോട്ടങ്ങളുടെ" (കവിത, 2020: 523) ശ്രേണി ഇവിടെ കാണുവാൻ കഴിയും. നിത്യവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളാണ് ഇവിടെ മുഖചിത്രമാകുന്നത്. 1957 ജൂലായ് 7 ന് പുറത്തിറങ്ങിയ മാതൃഭൂമിയുടെ കവർചിത്രത്തെ കുറിച്ചുള്ള കവിത ബാലകൃഷ്ണന്റെ നിരീക്ഷണങ്ങൾ ഈ സന്ദർഭത്തിൽ ശ്രദ്ധേയമാണ്. നിത്യവൃത്തിയിലേർപ്പെടുന്ന അരികുവത്കരിക്കപ്പെടുന്ന സ്ത്രീകളുടെ ചിത്രങ്ങൾ ആരുടെ കൗതുകനോട്ടമാണെന്ന് കവിത ബാലകൃഷ്ണൻ ആരായുന്നുണ്ട്. ഈ മുഖചിത്രത്തെ 2018 മാർച്ചിലെ ഗൃഹലക്ഷ്മിയുടെ മുഖചിത്രത്തോട് ചേർത്താലോചിക്കുകയും ചെയുന്നത് ഇവിടെ കാണാം. (കവിത, 2020: 521-524) കവിത ബാലകൃഷ്ണന്റെ വാദത്തെ മലയാളത്തിലെ കലാപരിചയങ്ങളുടെ പശ്ചാത്തലത്തിൽ കൂട്ടിച്ചേർത്തുവായിക്കാൻ സാധിക്കും. മുഖചിത്രങ്ങളിലെ അരികുവത്കരിക്കപ്പെട്ട സമൂഹത്തിൽ നിന്നുള്ള സ്ത്രീശരീരങ്ങൾ കൗതുകനോട്ടത്തെ തൃപ്തി

പ്പെടുത്തുമ്പോൾ കലീനശരീരങ്ങൾക്കുവേണ്ടിയുള്ള നോട്ടത്തെ തൃപ്തിപ്പെടുത്തുന്നത് യൂറോപ്യൻ യഥാതഥ ലൈഫ് സ്റ്റഡികളാണ്. വിദേശപെയിന്റിംഗ്രകളിലെയും (ടെന്റോറേറ്റോ, 1976: 7; ബൂഷാ, 1976: 5; ഇൻഗ്രിസ്, 1979:25) ഫോട്ടോഗ്രാഫുകളിലെയും (ഹെൻലെ, 1976: 39; ഡിയൻസ് 1976: 7; ബക്കോവ്ന: 1976, 5) സ്ത്രീശരീരങ്ങളെ അവയുടെ രതിവത്കരിക്കപ്പെട്ട നിലകളിലൂന്നിക്കൊണ്ട് കുറിപ്പുകളെഴുതിയതായി കാണാം. (കലാകൗമുദി ന്യൂസ് സർവീസ്, 1976:5; കലാകൗമുദി ന്യൂസ് സർവീസ്, 1976: 5) ഈ പശ്ചാത്തലത്തിൽ ആൺനോട്ടത്തെ മറയില്ലാതെ മുന്നോട്ടുവെക്കാനുള്ള ഉപാധിക്കൂടിയാണ് 'കല' എന്ന ശീർഷകം. ഇവിടെ ചിത്രങ്ങളിലെ ശരീരനിലകളെ സാഹിതീയമായി വർണിച്ചുകൊണ്ട് രതിവത്കൃതനോട്ടത്തെ (sexualized gaze) സാധൂകരിക്കുകയും, ആധുനികകലയെന്നാൽ എന്തെന്ന ചോദ്യത്തിന് സാമ്പ്രദായിക സദാചാരയുക്തിയോടുള്ള കലഹമാണെന്ന ഉപരിപ്ലവമായ ധാരണയെ മുന്പോട്ടുവെക്കുകയും ചെയ്യുന്നു.

വായിക്കപ്പെട്ട കല : ആധുനികതയും കലയെഴുത്തും ആനുകാലികങ്ങളിൽ

കേരളത്തിലെ ആധുനികതയുടെ സന്ദർഭത്തിൽ കലയറിവ് കണ്ടറിവിനേക്കാൾ വായിച്ചറിവായിരുന്നു എന്നുപറയുന്നതിൽ അതിശയോക്തിയില്ല. കെ. പി. പത്മനാഭൻ തമ്പി, കെ ടി. രാമവർമ, ഈ. എം. ജെ. വെണ്ണിയൂർ, സി. കെ. രാ. തുടങ്ങിയവരുടെ എഴുത്തുകളിലൂടെ ആനുകാലികങ്ങളിൽ ജനകീയകലയെഴുത്ത് വായനക്കാരിലേക്കെത്തി. വിവിധ കലാധാരകളെയും പ്രസ്ഥാനങ്ങളെയും പരിചയപ്പെടുത്തുകയെന്നതായിരുന്നു ഈ എഴുത്തുകളുടെ പ്രാഥമിക സ്വഭാവം. (പത്മനാഭൻ തമ്പി, 1958: 17; വെണ്ണിയൂർ, 1958: 5; സി. കെ. രാ., 1962: 21; രാമവർമ, 1977: 42; ശശിഭ്രഷൺ, 1986: 23) ആധുനികത മുൻപോട്ടുവച്ച കലയറിവും അങ്ങനെ വ്യാഖ്യനോന്മുഖവും വിവരണാത്മകവുമാണ്. അവയിൽ കലയെയും കലാകൃത്തിനെയും സംബന്ധിച്ച വിവരങ്ങളുടെ അടുക്കിയെഴുത്തായി കലയെഴുത്ത് മാറി. വൈദേശിക കലാപ്രസ്ഥാനങ്ങളെ പരിചയപ്പെടുത്തുന്നതുകൂടാതെ തദ്ദേശീയമായ ചിത്ര, ശില്പ, വാസ്തുകലകളും അവയുടെ പൗരാണികതയും വിഷയങ്ങളായി. (ബാബു ചെങ്ങന്നൂർ, 1957: 13- 14; പെരുന്ന കെ. എൻ. നായർ, 1970:17- 19) 1950കളുടെ അവസാനത്തോടെ ശക്തിപ്രാപിച്ച സമാന്തര മാസികാ പ്രസ്ഥാനം മുൻപോട്ടുവച്ച കല

യറിവാകട്ടെ മുഖ്യധാരാ പ്രസിദ്ധീകരണങ്ങളിൽനിന്നും വ്യത്യസ്തത പുലർത്തുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. അവയുടെ പ്രധാന ഉന്നങ്ങളിലൊന്ന് സമകാലികതയെ സംബോധന ചെയ്യുക എന്നതായിരുന്നു. മുഖ്യധാരാ ആനുകാലികങ്ങളുടെ അച്ചടിമാതൃകയെ ഉപേക്ഷിച്ചുകൊണ്ട് കുറഞ്ഞ ചെലവിൽ പുറത്തിറങ്ങിയ ഈ ബദൽ പ്രസിദ്ധീകരണങ്ങൾ "പ്രതിബദ്ധമായ സാമൂഹിക ഇച്ഛയും, ചരിത്രപരമായ രാഷ്ട്രീയ നിയോഗവും, കലാത്മകമായ നവീനതയും" (പ്രദീപ്, 2018: 45) കൊണ്ട് ശ്രദ്ധേയമായി. മുഖചിത്രങ്ങളും രേഖാചിത്രങ്ങളും മറ്റു ദൃശ്യങ്ങളും പരീക്ഷണാത്മകമാവുകയും അവാൻന്ത് ഗാർഡ് സ്വഭാവം പുലർത്തുകയും ചെയ്തു. (ദേവൻ, 1966: 33- 36; ദാമോദരൻ, 1970: മുഖചിത്രം; സമീക്ഷ, 1963: 76- 78; ദാമോദരൻ, 1979: 4-5, 22) ഇവിടെ കലയെഴുത്ത് പ്രത്യയശാസ്ത്രപ്രചരണത്തിനുള്ള ഉപാധിക്കൂടിയായി മാറുന്നതു കാണാം. പ്രാദേശികാധുനികത മുന്പോട്ടുവച്ച അമൂർത്തകലയ്ക്കും യൂറോപ്യൻ അക്കാദമിക് റിയലിസം മുന്പോട്ടുവച്ച യഥാതഥ ചിത്രീകരണത്തിനുമിടയിൽ സന്ധിചെയ്യപ്പെട്ട ഭാവുകത്വം മുഖ്യധാരാ ആനുകാലികങ്ങളിലെ ദൃശ്യങ്ങളുടെ തിരഞ്ഞെടുപ്പിൽ പ്രകടമായപ്പോൾ കാഴ്ചശീലത്തെ അട്ടിമറിക്കുന്ന ദൃശ്യങ്ങൾ അച്ചടിക്കുവാൻ ബദൽ പ്രസിദ്ധീകരണങ്ങൾ തയ്യാറായി. വിവിധ ചിന്താധാരകളുടെയും ജ്ഞാനപദ്ധതികളുടെയും സ്വാധീനവും സംസ്കാരപഠനത്തിന്റെ ശക്തിപ്പെടലും പുതിയ കലയിടങ്ങളുടെയും കലാപദ്ധതികളുടെയും ഉദയവും ആധുനികാനന്തരം ജനകീയകലയെഴുത്തിൽ മാറ്റങ്ങളുണ്ടാക്കി.

ഉപസംഹാരം

രേഖാചിത്രപഠനങ്ങളോട് ചേർത്താലോചിക്കാവുന്ന ഒന്നാണ് കേരളത്തിന്റെ സന്ദർഭത്തിൽ അച്ചടിക്കപ്പെട്ട ദൃശ്യങ്ങളുടെ ചരിത്രജീവിതം. ദൃശ്യോത്പാദനത്തിന്റെ ചരിത്രത്തിൽ നിന്നും വേറിട്ടുനിൽക്കുന്നതാണ് കേരളത്തിന്റെ ദൃശ്യപുനരുത്പാദനത്തിന്റെ ചരിത്രം. ദൃശ്യോത്പാദനത്തിന്റെ പലമയെയും (heterogeneity) സങ്കീർണതയെയും സംബോധനചെയ്യുന്നതിൽ അച്ചടിയുടെ പ്രാമാണികത പ്രതിബന്ധമായി. അതിനാൽത്തന്നെ കാണിയുടെ അഭിരുചി രൂപപ്പെടുത്തുന്നതിൽ വായനക്കാരുടെ ഭാവുകത്വം പരിമാണമാകുന്നത് കാണാം. അച്ചടിക്കപ്പെട്ട ദൃശ്യങ്ങളുടെ അർഥോത്പാദനക്ഷമത ഉറപ്പുവരുത്തുക എന്നത് അച്ചടിയുടെ മൗലികാധർമ്മമായി മാറുന്ന സ്ഥിതിവിശേഷമുണ്ടായി. ആധുനികതയുടെ സന്ദർഭത്തിലെ

കലയെഴുത്ത് കലാധാരകളെ പരിചയപ്പെടുത്തുന്ന വിവരണാത്മകസ്വഭാവമുള്ള കുറിപ്പുകളാണ് മാറുകയും ചെയ്തു. കലയെ തത്വചിന്താപരമായോ ആശയപരമായോ സമീപിക്കുന്ന എഴുത്തുകൾ വിരളമാകുകയും വ്യാഖ്യാനസ്വഭാവമുള്ള എഴുത്തിന് പ്രചാരമുണ്ടാകുകയും ചെയ്തൊരു കലയറിവ് നിർമ്മാണമായിരുന്നു കേരളത്തിന്റെ ആധുനികത മുന്പോട്ടുവച്ചത്. ആഖ്യാനപരതയുള്ള ചിത്രങ്ങളുടെ ഒരു ശ്രേണി തന്നെ രൂപപ്പെടുത്തുകയും അത് യഥാതഥസ്വഭാവത്തിലൂന്നിയ ഭാവുകത്വത്തെ നിർമ്മിച്ചെടുക്കുകയും മാനകീകരിക്കുകയും ചെയ്തു. സാമാന്യമായ കാഴ്ചശീലങ്ങളോട് സന്ധിചെയ്യുന്ന ചിത്രങ്ങൾ ധാരാളമായി അച്ചടിക്കപെടുകയും അതിൽ ആൺനോട്ടത്തിന്റെ സങ്കീർണതകൾ സുവ്യക്തമാകുകയും ചെയ്തു.

കുറിപ്പുകൾ

1. പ്രാദേശികാധുനികത (regional modernity) പാശ്ചാത്യസമ്പർക്കത്തിനു ശേഷം, വിശേഷിച്ച് 19, 20 നൂറ്റാണ്ടുകളിൽ, ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ ആധുനികതയുടെ വ്യത്യസ്ത രൂപങ്ങൾ ഉണ്ടെന്ന ആശയത്തെയാണ് ഇന്ത്യൻ കലയിലെ പ്രാദേശിക ആധുനികത (regional modernity) എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ചിത്രകലയിൽ ഇത് യൂറോപ്യൻ ആധുനികതയുമായുള്ള വിച്ഛേദമായി അടയാളപ്പെടുത്തപ്പെട്ടു.
2. ദൃശ്യാനുഭവശീലത്തെ (visual habit) പിയറെ ബൂർദ്യുവിന്റെ അഭിരുചി (taste) സങ്കൽപവുമായി ബന്ധപ്പെട്ട് നിർവചിക്കുമ്പോൾ, ഒരു വ്യക്തിയുടെ സാമൂഹിക-സാംസ്കാരിക പശ്ചാത്തലത്തിൽ നിന്ന് രൂപപ്പെടുന്നതും, കാഴ്ചയെയും കലാസ്വാദനത്തെയും സ്വാധീനിക്കുന്നതുമായ അബോധമായ മാനദണ്ഡങ്ങളുടെയും പ്രവണതകളുടെയും സമാഹാരമായി മനസിലാക്കാം.
3. ദൃശ്യകലയുടെ സന്ദർഭത്തിൽ ആശ്രിതപാഠം (paratext) ഒരു കലാകൃതിയെ ചുറ്റിപ്പറ്റിയുള്ളതും, അതിനെ വ്യാഖ്യാനിക്കാനും മനസ്സിലാക്കാനും ഉപയോഗിക്കപ്പെടുന്നതുമായ ഘടകങ്ങളാണ്. ഇതിൽ കലാകൃതിയുടെ ശീർഷകം, കുറിപ്പുകൾ, പ്രദർശന വിവരങ്ങൾ, കലാകാരന്റെ പ്രസ്താവനകൾ, കാറ്റലോഗുകൾ തുടങ്ങിയവ ഉൾപ്പെടുന്നു.
4. പത്തൊമ്പതാംനൂറ്റാണ്ടിലും ഇരുപതാംനൂറ്റാണ്ടിലും ഫ്രഞ്ച് കലാകാരന്മാർ തങ്ങളുടെ കൃതികളിൽ ഒഡാലിസ്കുകളെ പലപ്പോഴും ചിത്രീകരിച്ചിരുന്നു. സാധാരണയായി ഇവരെ നഗ്നരായോ അർദ്ധനഗ്നരായോ, ആകർഷകമായ രീതിയിൽ ചാരിക്കിടക്കുന്ന നിലയിലാണ് അവതരിപ്പിച്ചിരുന്നത്. ജീൻ ഓഗസ്റ്റ് ഡൊമിനിക് ഇംഗ്രസിന്റെ ഗ്രാൻഡ് ഒഡാലിസ്ക് (1814), യൂജിൻ ഡെലാക്രോയുടെ ഒഡാലിസ്ക് (1861) തുടങ്ങിയ ചിത്രങ്ങൾ ഉദാഹരണങ്ങളാണ്.

ചിത്രങ്ങൾ

1) ഫ്രിറ്റ്സ് ഹെൻലെ, "എവിടെ ആ അഭയം ?". കലാകൗമുദി, 1976 ഫെബ്രുവരി 15. പുസ്തകം 1, ലക്കം 27.

2) ഫ്രാൻസ്വാ ബുഷ, "സ്വകാര്യമുറിയിൽ", കലാകൗമുദി, 1976 മാർച്ച് 21. പുസ്തകം 1, ലക്കം 32.

3) ലക്ഷ്മീകാന്തൻ, "യക്ഷി: കാനായി കുഞ്ഞിരാമന്റെ വിശ്രുതചിത്രം", കലാകൗമുദി, 1976 ജനുവരി 25. പുസ്തകം 1, ലക്കം 24.

അവലംബിതസൂചിക

- ഇൻഗ്രിസ്, ജീൻ അഗസ്തേ"ജീൻ അഗസ്തേ ഇൻഗ്രിസിന്റെ ഒരു രചന", കലാകൗമുദി, പുസ്തകം 1, ലക്കം 186, തിരുവനന്തപുരം, 1979, പു. 25.
- കവിത, ബാലകൃഷ്ണൻ, വായനാമനുഷ്യന്റെ കലാചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2020.
- കലാകൗമുദി ന്യൂസ് സർവീസ്, "സ്വകാര്യമുറിയിൽ", കലാകൗമുദി, പുസ്തകം 1, ലക്കം 32, തിരുവനന്തപുരം, 1976, പു. 5
- —----------, "രതിഭാവത്തിലെ ബിംബങ്ങൾ", കലാകൗമുദി, പുസ്തകം 1, ലക്കം 47, തിരു വനന്തപുരം, 1976, പു. 5.
- ടെൻറ്റോറേറ്റോ, ജെകോപ്പോ റോബസ്റ്റി, "ലിഡയും ഹംസവും", കലാകൗമുദി, പുസ്തകം 1, ലക്കം 28, തിരുവനന്തപുരം, 1976, പു. 28.
- ദാമോദരൻ. കെ., "പൂതം", അന്വേഷണം, പുസ്തകം 5, ലക്കം 5, മദ്രാസ്, 1970, മുഖചിത്രം.
- ദാമോദരൻ, കെ. എൻ., "തൃക്കാക്കരയിൽ ഒരു പുതിയ സംഭവം", പ്രഭാവം, പുസ്തകം 2, ലക്കം 3, തിരുവനന്തപുരം, പു. 4- 5, 10 & 22.
- ദേവൻ, എം. വി., " പ്രസാദമധുരമായ അന്തർമുഖത്വം", അന്വേഷണം, പുസ്തകം 1, ലക്കം 4, മദ്രാസ്, 1966, പു. 33- 36.
- പത്മനാഭൻ തമ്പി, കെ. പി. "ശ്രീ ഹനുമാൻ കവിതയിലും കലയിലും", മലയാളമനോരമ ആഴ്ചപതിപ്പ്, പുസ്തകം 2, ലക്കം 52, 1958, പു. 17- 21.
- പെരുന്ന കെ. എൻ. നായർ, "ഭാരതീയ ശിൽപകല", മലയാളരാജ്യം ചിത്രവാരിക, പുസ്തകം 43, ലക്കം 19, 1970, പു. 19 - 21.
- പ്രദീപ്, പനങ്ങാട്, മലയാള സമാന്തര മാസികാചരിത്രം. കേരളം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2018.
- ബക്കോവ്ന, ബോനിസ്ലാവാ "രതിഭാവത്തിലെ ബിംബങ്ങൾ", കലാകൗമുദി, പുസ്തകം 1, ലക്കം 47, തിരുവനന്തപുരം, 1976, പു. 5.
- ബാബു, ചെങ്ങന്നൂർ, "ചെങ്ങന്നൂർ പഴയപള്ളി", മലയാളമനോരമ ആഴ്ചപതിപ്പ്, പുസ്തകം 2, ലക്കം 5, 1957, പു. 13- 15.
- ബുഷ, ഫ്രാൻസ്വാ, "സ്വകാര്യമുറിയിൽ", കലാകൗമുദി, പുസ്തകം 1, ലക്കം 32, തിരുവനന്ത പുരം, 1976, പു. 5.
- രാമവർമ, കെ. ടി., "കവിത ചിത്രങ്ങളിൽ", കലാകൗമുദി, ലക്കം 113, തിരുവനന്തപുരം, 1977. പു. 42- 44.

- വാണി, "ഒരു വായനക്കാരിയുടെ കത്ത്". കലാകൗമുദി, പുസ്തകം 1, ലക്കം 86, തിരുവനന്തപുരം, 1977, പു. 1.
- വെണ്ണിയൂർ, ഈ. എം. ജെ., "ചിത്രകലാ പ്രസ്ഥാനങ്ങൾ", മലയാളമനോരമ ആഴ്ചപതിപ്പ്, പുസ്തകം 3, ലക്കം 30, 1958, പു. 5-7 & 21.
- ശശിഭ്രഷൺ, എം. ജി., "യക്ഷി- കാമവശ്യതയുടെ വിഭ്രാമകത്വം", കലാകൗമുദി, 551, തിരുവനന്തപുരം, 1986, പു. 22- 24.
- സമീക്ഷ, "ചിത്രങ്ങളെപ്പറ്റി", സമീക്ഷ, ലക്കം 4, മദ്രാസ്, 1963, പു. 76- 78.
- സി. കെ. രാ., "വർണലഹരി", മലയാളമനോരമ ആഴ്ചപതിപ്പ്, പുസ്തകം 7, ലക്കം 3, 1962, പു. 21- 22.
- ഹെൻലെ, ഫ്രിറ്റ്സ്, "എവിടെ ആ അഭയം ?", കലാകൗമുദി, പുസ്തകം 1, ലക്കം 27, തിരുവനന്തപുരം, 1976, പു. 39.

ISSN-2320-5880 • ഊടി • വാല്യം - 12 • ലക്കം - 3 •

മലയാളിവായനക്കാരുടെ ഭൂതവർത്തമാനങ്ങളും സാഹിത്യവാരഫലവും

അപർണ ശശികുമാർ
ഗവേഷക, മലയാളവിഭാഗം,
കേരളസർവകലാശാല

പ്രബന്ധസംഗ്രഹം:

സാഹിത്യവിമർശനത്തിന്റേതായി ഗണിക്കപ്പെട്ടുപോരുന്ന സ്വഭാവസവിശേഷതകൾ പലതും ഇല്ലാതിരുന്നപ്പോഴും, അതിന്റെ വ്യത്യസ്തധർമ്മങ്ങൾ നിറവേറ്റിയിരുന്ന ആനുകാലികപംക്തിയാണ് സാഹിത്യവാരഫലം. അതിലെ വിമർശനങ്ങളുടെ ആഴത്തെപ്പറ്റി വാദപ്രതിവാദങ്ങൾ ധാരാളമുണ്ട്. എന്നാൽ എങ്ങനെയാണ് സാഹിത്യവാരഫലം വായനക്കാരുടെ പക്ഷമായത് എന്നുള്ള ചർച്ചകൾ വിരളമാണ്. മലയാളത്തിലെ വായനാസമൂഹത്തെ സാഹിത്യവാരഫലം എങ്ങനെ പരിവർത്തനപ്പെടുത്തിയെന്നും സ്വാധീനിച്ചുവെന്നും ഉള്ള അന്വേഷണവും അടയാളപ്പെടുത്തലുമാണ് ഈ പ്രബന്ധം.

താക്കോൽ വാക്കുകൾ:

നിരൂപണം, വായനാസംസ്കാരം, വായനാചരിത്രം, വായനാസമൂഹം, സാഹിത്യവാരഫലം, പ്രാതിനിധ്യം,

ആമുഖം

ചരിത്രത്തിൽ പ്രാന്തവത്കൃതർക്ക് ഇടംലഭിച്ചിട്ട് കാലമധികമായില്ല. തങ്ങളുടെ പ്രയത്നവും പ്രസക്തിയും ഇങ്ങേയറ്റം സാന്നിധ്യം പോലും അടയാളപ്പെടുകിട്ടാൻ വൈകിയ നിരവധി വിഭാഗങ്ങളിലൊന്നാണ വായനക്കാരും. മലയാള സാഹിത്യചരിത്രം എഴുത്തുകാരുടെയും എഴുത്തിന്റെയും ചരിത്രമാണ്. കൃതികൾ ഏതു പരിതസ്ഥിതിയിലും പശ്ചാത്തലത്തിലും എങ്ങനെ എഴുതപ്പെട്ടു എന്നല്ലാതെ എങ്ങനെ വായിക്കപ്പെട്ടു, ആരാൽ സ്വീകരിക്കപ്പെട്ടു എന്നിങ്ങനെയുള്ള അന്വേഷണങ്ങൾ സാഹിത്യചരിത്രങ്ങളിൽ വിരളമാണ്.

സ്വഭാവംകൊണ്ട് വായനയുടെയും വായനക്കാരുടെയും ഭാഗത്തുനിൽക്കുന്ന/നിൽക്കേണ്ട സാഹിത്യവ്യവഹാരമാണ് നിരൂപണം. സാഹിത്യനിരൂപണത്തിന്റെ പ്രധാനവും പ്രാഥമികവുമായ അംശം തന്നെ വായനനാനുഭവമാണ്. എന്നാൽ ആരംഭം മുതൽ പുലർത്തിയ വിധായകസ്വഭാവത്താലും കാലക്രമേണ ആർജ്ജിച്ച സങ്കേതബദ്ധതയാലും ആ സാഹിത്യരൂപം സാധാരണക്കാരായ വായനക്കാരിൽനിന്ന് അകന്നുനിന്നു. വായനയെക്കുറിച്ചുള്ള വായനകൾ പരിമിതപ്പെട്ട സവിശേഷാന്തരീക്ഷത്തിലാണ് 1969-ൽ മലയാളനാട് വാരികയും അതിലൂടെ 'സാഹിത്യവാരഫല'മെന്ന പംക്തിയും ആരംഭിക്കുന്നത്. പ്രൊഫ. എം. കൃഷ്ണൻനായർ കൈകാര്യംചെയ്തിരുന്ന, മൂന്നു വ്യത്യസ്ത ആനുകാലികങ്ങളിലൂടെ മുപ്പത്തിയാറുവർഷത്തിലേറെ പ്രസിദ്ധീകരണം തുടർന്ന, ആ കോളം നിരൂപണമാണോ വായനക്കുറിപ്പുകളാണോ എന്ന സംവാദം നിലനിൽക്കുമ്പോഴും, വായനക്കാരെ സ്വാധീനിക്കുകയും വായനയുടെ ഗതി തിരിച്ചുവിടുകയും ചെയ്തു എന്ന വസ്തുത നിസ്തർക്കമാണ്.

മലയാളസാഹിത്യനിരൂപണത്തിന്റെ ആധുനികഘട്ടംവരെയുള്ള വായനക്കാരുടെ പ്രാതിനിധ്യവും അടയാളപ്പെടലുകളും, സാഹിത്യവാരഫലം സൃഷ്ടിക്കാൻ ശ്രമിച്ച സമാന്തരവും സവിശേഷവുമായ വായനാസംസ്കാരവും, അവസാനിച്ചശേഷവും സാഹിത്യവാരഫലം വായനക്കാരിൽ അവശേഷിപ്പിച്ച സ്വാധീനത്തിന്റെ കാരണങ്ങളുമന്വേഷിക്കുന്നതാണ് ഈ പ്രബന്ധം. വായനയുടെ നീട്ടിയെടുപ്പെന്ന നിലയിൽ മലയാളനിരൂപണത്തെയും ഒപ്പം സാഹിത്യവാരഫലത്തെയുമാണ് വിശകലനമേഖലകളായി തിരഞ്ഞെടുത്തിട്ടുള്ളത്. പ്രസിദ്ധീകരണം അവസാനിച്ച് കാലങ്ങൾ കഴിയുമ്പോഴും പുസ്തകവായനയെ സ്വാധീനിക്കുന്ന കലാസങ്കല്പങ്ങളായി വായനക്കാരിൽ നിലനിൽക്കാൻ സാഹിത്യവാരഫലത്തിനായത് ആഖ്യാനത

ലത്തിൽ സ്വീകരിച്ച ജനപ്രിയാംശങ്ങളുടെ കേവലാകർഷണീയതയ്ക്കുമപ്പുറം അതു പുലർത്തിയ സവിശേഷമായ സംവേദനീയതകൊണ്ടുകൂടിയാണ്. അതെന്തെന്നാണ് അപഗ്രഥനാത്മകരീതിശാസ്ത്രത്തിന്റെ മാർഗ്ഗത്തിലൂടെ ഈ പ്രബന്ധം പരിശോധിക്കുന്നത്.

വായനയുടെ അടയാളപ്പെടൽ

വിനിമയസംബന്ധിയായ ധൈഷണികവ്യാപാരങ്ങളിൽ വളരെ പ്രധാനങ്ങളാണ് എഴുത്തും വായനയും. ലിഖിതമായ അടയാളങ്ങളുടെ കാഴ്ചയിലൂടെയോ സ്പർശനത്തിലൂടെയോ ഉള്ള സ്വാംശീകരണത്തെ വായന എന്ന സാമാന്യമായി നിർവചിക്കാം. ലിപിയെ ദൃശ്യ/സ്പർശ ഘടകങ്ങളായി സ്വാംശീകരിക്കുകയും വൈയക്തികമായ വീക്ഷണവ്യത്യാസങ്ങളുടെ സഹായത്തോടെ വ്യാഖ്യാനിക്കുകയും ചെയ്യുന്ന ഈ പ്രക്രിയ സാഹിത്യത്തെ സംബന്ധിച്ച അർത്ഥവത്തായ പ്രാഥമിക സംവേദനമാണ്. എഴുത്തുകാരുടെ പാഠത്തെ സ്വന്തം പാഠമാക്കി പരിഷ്കരിക്കാനും മാറ്റങ്ങൾ ഒന്നുമില്ലാതെ അതേ നിലയിൽ സ്വീകരിക്കാനും കഴിയുന്ന, ഒരേ സമയം ക്രിയാത്മകവും അതേസമയം നിഷ്ക്രിയമായി നിൽക്കാനാകുന്നതുമായ സവിശേഷ വ്യവഹാരമാണത്. വായനയുടെ നിരവധിയായ നിർവചനങ്ങളിൽ ഏതിനെ അടിസ്ഥാനമാക്കിയാലും നിഷേധിക്കാനാകാത്ത അംശം ആത്മനിഷ്ഠതയാണ്. ഒരു കൃതിയെ നൂറുപേർ വായിക്കുമ്പോൾ സൂക്ഷ്മ-സ്ഥൂലവ്യത്യാസങ്ങളോടുകൂടിയ നൂറോളം പാഠങ്ങളാണ് സൃഷ്ടിക്കപ്പെടാവുന്നത്. ഒരു വ്യക്തിയുടെ തന്നെ ഒരേ പാഠത്തിന്റെ പുനർവായനയും ആദ്യത്തേതിൽനിന്നു വ്യത്യസ്തമാകാമെന്നതിനാൽ അനവധിയായ വ്യാഖ്യാനസാധ്യതകളുള്ള ധൈഷണികവ്യാപാരമാണ് വായന എന്നുവരുന്നു.

ഇത്രമേൽ സാധ്യതകളുള്ള വായനയെന്ന വ്യവഹാരത്തിന് പക്ഷെ സാഹിത്യത്തിന്റെ രേഖപ്പെടുത്തലുകളിൽ അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല. എഴുത്തിന്റെ തുടർച്ച മാത്രമായ പ്രവൃത്തിയായതിനാലും വായനയ്ക്ക് എഴുത്തിനോടു ആശ്രിതത്വമുള്ളതിനാലും സ്വാഭാവികമായിത്തന്നെ എഴുത്തിനു പ്രാമാണ്യം സിദ്ധിച്ചു. വായന എഴുത്തിനെ പൂർത്തീകരിക്കുന്ന പ്രക്രിയയാണ് എന്നതിനാൽ താർക്കികമായി അതേ പ്രാധാന്യം വായനയ്ക്കുമുണ്ടാകേണ്ടതാണ്. വിനിമയമാണ് എഴുത്തിന്റെ ലക്ഷ്യം. അതു സാധ്യമാകുന്നതു വായനയിലൂടെയാണ്. എന്നാൽ ആ

നിലയ്ക്കുള്ള ചിന്തകൾ തുലോം കുറവാണ്. സാഹിത്യത്തിന്റെ ചരിത്രത്തിൽ പരോക്ഷമായടങ്ങിയിരിക്കുന്ന വായനാചരിത്രം വേർതിരിച്ചുകാണിക്കാവുന്നതല്ല. എഴുത്തിനൊപ്പം വായനയുടെ, എഴുത്തുകാർക്കൊപ്പം വായനക്കാരുടെ സാന്നിദ്ധ്യം സങ്കല്പിക്കപ്പെടുകയായിരുന്നു എക്കാലവും. അതിനാൽത്തന്നെ സാഹിത്യചരിത്രം എഴുത്തിന്റെയും എഴുത്തുകാരുടെയും ചരിത്രമാണ്. കൃതികളെങ്ങനെ എഴുതപ്പെട്ടു എന്ന ചിന്തകൾക്കാണ് അതിലിടം ലഭിച്ചത്, എങ്ങനെ സ്വീകരിക്കപ്പെട്ടു എന്നതിനല്ല. വായനക്കാരുടെ പ്രാധാന്യം, ഉത്തരവാദിത്വം എന്നിവ വ്യക്തമാക്കുന്ന സാഹിത്യചിന്തകൾ പാശ്ചാത്യ-പൗരസ്ത്യകാവ്യശാസ്ത്രങ്ങളിൽ കാണാവുന്നതാണ്. മഹിമഭട്ടന്റെ 'വ്യക്തിവിവേക'വും പാശ്ചാത്യരുടെ 'ആസ്വാദക പ്രതികരണ സിദ്ധാന്ത'വും (Readers Response Theory), 'സ്വീകരണസിദ്ധാന്ത'വും (Reception Theory), എഴുത്തുകാരന്റെ/എഴുത്തുകാരിയുടെ മരണവും (Death of the author) സാഹിത്യത്തിലെ വായനക്കാരുടെ സ്ഥാനം അടയാളപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. എന്നാൽ സിദ്ധാന്തങ്ങൾക്കപ്പുറം സാഹിത്യചരിത്രങ്ങളുടെ വസ്തുനിഷ്ഠതയിൽ ഇടംനേടാൻ വായനയ്ക്കും വായനക്കാർക്കുമായില്ല. പ്രാധാന്യമംഗീകരിച്ചു കിട്ടിയിട്ടും അവയുടെ പ്രാതിനിധ്യം അടയാളപ്പെടുന്നില്ല.

ഈ ഘട്ടത്തിലുയരാവുന്ന വലിയ സംശയം, നിരൂപണം വായനയുടെ പ്രതിനിധാനമല്ലേ എന്നതാണ്. സാഹിത്യനിരൂപണത്തിന്റെയും സാഹിത്യവായനയുടെയും സവിശേഷമായ പാരസ്പര്യത്തെയും വൈരുദ്ധ്യങ്ങളെയും പരിഗണിച്ചാലേ ഇതിനുത്തരം കണ്ടെത്താനാകൂ. "കലാപ്രവർത്തനങ്ങളുടെ വിശദീകരണവും അഭിരുചിയുടെ തിരുത്തലുമാണ് നിരൂപണം" (1932:24) എന്ന ടി. എസ്. എലിയറ്റിന്റെ വാദം, പുതിയതായെന്തെങ്കിലും ആവിഷ്കരിക്കുകയല്ല, എഴുത്തുകാരുടെ സൂചനകളെ വ്യക്തമാക്കുക മാത്രമാണ നിരൂപകർ ചെയ്യേണ്ടത് എന്നാണ് അർത്ഥമാക്കുന്നത്. അതേസമയം നിരൂപണം കേവലം വിശദീകരണമായി ഒതുങ്ങുകയുമരുത്. അനുവാചകഭാവുകത്വത്തെ തിരുത്താൻ പ്രാപ്തമായതും ആസ്വാദനത്തെ കൂടുതൽ സുഗമമാക്കുന്നതുമായ ചില ഘടകങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയാണ നിരൂപണം ചെയ്യേണ്ടതത്രെ. സർഗ്ഗാത്മകസാഹിത്യത്തിനു മുന്നിൽ നിരൂപണത്തെ രണ്ടാം കിടയായി പരിഗണിക്കുന്ന ഈ വീക്ഷണത്തിൽ നിരൂപകർ വായനക്കാരെ എഴുത്തുകാരിലേക്കു നയിക്കുന്ന മാർഗ്ഗദർശികളായി മാറി. കലാ/സാഹിത്യസൃഷ്ടിയുടെ സർവ്വാധികാരിയായി അവയുടെ സ്രഷ്ടാക്കളെ കണക്കാക്കിക്കൊണ്ട്, അവരുദ്ദേ

ശിക്കാത്ത ഒരു വായനയിലൂടെയും അനുവാചകർ സഞ്ചരിക്കാതിരിക്കാൻ ശ്രദ്ധി ക്കേണ്ട വഴികാട്ടികളായി നിരൂപകരെ എലിയറ്റ് സ്ഥാപിക്കുന്നു. ആധുനികതയുടെ കാലത്തു് അദ്ദേഹം പങ്കുവച്ച ഈ ബോധ്യം തന്നെയാണ് കാലാകാലങ്ങളായി സാഹിത്യനിരൂപണത്തെ സംബന്ധിച്ച് ഏറെക്കുറേ എല്ലാ സാഹിത്യസമൂഹങ്ങ ളും- മലയാളവും- പുലർത്തിയതു്. വായനയുടെ തുടർച്ച മാത്രമായ ഒരു വ്യവഹാരം, വായനയുടെ നിയന്ത്രിതാവാകുന്ന സവിശേഷാവസ്ഥ ആ അസ്വാഭാവികതകളൊ ന്നും വകവയ്ക്കപ്പെടാതെ തന്നെ സ്വീകരിക്കപ്പെടുകയും ആഘോഷിക്കപ്പെടുകയും ചെയ്തു. അതിനുപിന്നിലും കാരണം നിരൂപണം 'എഴുതപ്പെടുന്ന' വായനയാണെ ന്നതാണ്; എഴുത്താണ്, എക്കാലത്തും വായനയ്ക്കു മുകളിൽ സ്ഥാപിക്കപ്പെട്ടതു് എന്ന തിനാലാണ്.

മലയാളത്തിലും നിരൂപണമെന്ന വ്യവഹാരത്തിന്റെ വ്യവസ്ഥാപിതമായ ചരിത്രം, ആരംഭം മുതൽക്കേ 'വായനാനുഭവത്തിന്റെ ആവിഷ്കാരം' എന്നതിനെ ക്കാൾ വ്യാഖ്യാനാത്മകസ്വഭാവം ഉൾക്കൊള്ളുന്നതായിരുന്നു. രചനയുടെ പശ്ചാ ത്തലം, പ്രമേയം, ആഖ്യാനം തുടങ്ങിയവ വിശദീകരിക്കുകയും, പൂർവ്വനിശ്ചിതമായ ശരിതെറ്റുകളാരോപിക്കുകയും അവയുടെ അടിസ്ഥാനത്തിൽ കൃതിയെ വിധിക്കു കയും ചെയ്യുന്നതായിരുന്നു സാമാന്യമായ പൗരസ്ത്യനിരൂപണശൈലി. കാവ്യശാ സ്ത്രഗ്രന്ഥങ്ങളിലെ നിർവ്വചനങ്ങളെ മുൻനിർത്തി പ്രായോഗികമായി നടത്തുന്ന വിശദീകരണങ്ങളാണു വ്യാഖ്യാനങ്ങൾ. അവയുടെകൂടി ചുവടുപിടിച്ചാണ് മലയാള സാഹിത്യം പൊതുവെയും നിരൂപണരംഗവും വളർച്ച പ്രാപിച്ചതു്. സംസ്കൃതത്തെപ്പോ ലെതന്നെ മലയാളഭാഷാസാഹിത്യങ്ങളെ സ്വാധീനിച്ചിരുന്നു തമിഴും. മുത്തമിഴിനും വ്യത്യസ്തമായ കാവ്യാപഗ്രഥനരീതിശാസ്ത്രമുണ്ട്. എഴുത്തതികാരം, ചൊല്ലതികാരം, പൊരുളതികാരം എന്നിവയിലൂടെ യഥാക്രമം അക്ഷര-പദ-ആശയതലങ്ങളിൽ ഭാഷയെയും സാഹിത്യത്തെയും വിലയിരുത്തുന്ന 'തൊൽകാപ്പിയ'വും സവിശേഷ മായ സാഹിത്യപഠനമാതൃക തന്നെയാണ് മുന്നോട്ടു വയ്ക്കുന്നതു്. എന്നാൽ മലയാള സാഹിത്യം സ്വാംശീകരിച്ചതു് സംസ്കൃതമീമാംസയുടെ രീതിശാസ്ത്രമായിരുന്നു.

സാംസ്കാരികവും ആശയപരവുമായ മാറ്റം, വിചാരമാതൃകാവ്യതിയാനം (paradigm shift) സംഭവിച്ച സവിശേഷമായ സാമൂഹികാന്തരീക്ഷത്തിലാണ് മലയാളസാഹിത്യത്തിൽ ഇന്നു പ്രചരിക്കുന്ന രീതിയിലുള്ള സാഹിത്യനിരൂപണം ആരംഭിക്കുന്നതു്. അതിന്റെ മാധ്യമംപ്രധാനമായുംആനുകാലികങ്ങളായിരുന്നു.

മതപ്രചരണം ലക്ഷ്യമാക്കിയ ആനുകാലികങ്ങളുടെ ഒന്നാംഘട്ടത്തിനുശേഷം സാഹിത്യത്തെയും നവോത്ഥാനത്തെയും പ്രധാനവിഷയങ്ങളായി സ്വീകരിച്ച പത്രമാസികകളുണ്ടായി. ഉപന്യാസം, ജീവചരിത്രം, കഥ എന്നിവയ്ക്കൊപ്പം സാധാരണക്കാർക്കിടയിലേക്ക് ആനുകാലികങ്ങളിലൂടെ ഇറങ്ങിവന്ന സാഹിത്യരൂപമായിരുന്നു നിരൂപണവും. മലയാളത്തിലെ ആദ്യത്തെ പുസ്തകനിരൂപണം 'വിദ്യാസംഗ്രഹം' ത്രൈമാസികയിലൂടെയാണു പുറത്തുവരുന്നത്. സി. എം. എസ് കോളേജിലെ മി. കോളിൻസ് എഡിറ്ററായ ക്വാർട്ടേർലി മാഗസീനാണ് വിദ്യാസംഗ്രഹം. വിദ്യാസംഗ്രഹത്തിലെ നാനാർത്ഥം എന്ന പംക്തിയിലാണ് 1864-ൽ ലക്ഷ്മണരായരുടെ 'സന്മാർഗ്ഗോപദേശം' എന്ന പരിഭാഷാഗ്രന്ഥത്തിന്റെ നിരൂപണം പ്രത്യക്ഷപ്പെടുന്നത്. കൃതിയുടെ പ്രമേയം, മലയാണ്മയുടെ വ്യാകരണത്തെ മുൻനിർത്തി അതിന്റെ ഭാഷാംശത്തിന്റെ വിലയിരുത്തൽ എന്നിവയിലൂടെ വിമർശനത്തിന്റെ കെട്ടുറപ്പുള്ള ശൈലി ആദ്യനിരൂപണംതന്നെ മുന്നോട്ടുവച്ചു. അതുതന്നെയാണ് ആദ്യകാലനിരൂപണലേഖനങ്ങളുടെ ഏകദേശസ്വഭാവവും. നിരൂപണം സാഹിത്യശാഖ എന്ന നിലയ്ക്ക് അംഗീകരിക്കപ്പെട്ടപ്പോൾ മുതൽ നിരൂപകർക്കു വലിയപ്രാധാന്യം കൈവന്നു. സാഹിത്യകൃതികളുടെ വിധികർത്താക്കളായും അതുവഴി എഴുത്തുകാരുടെ വിധായകരായും വിമർശകർ മാറിയ സാഹിത്യാന്തരീക്ഷമുണ്ടായി. സാഹിത്യഗ്രാഹ്യവും പത്രമാസികകളിലെഴുതാൻ കഴിവുമുണ്ടായിരുന്ന എല്ലാവരും പുസ്തകനിരൂപണങ്ങളെഴുതാൻ ശ്രമിച്ചു. അവരിൽ ഒരു വിഭാഗം തങ്ങളുടെ മേഖലയിൽ അഗ്രഗണ്യരായി, അതോടെ വിമർശനചരിത്രം അവരിലേക്കു ചുരുങ്ങി. ഏതാനും ചില വ്യക്തികളുടെ നിരൂപണശൈലി ആ കാലഘട്ടത്തിന്റെ പൊതുവായ സാഹിത്യനിരൂപണശൈലിയായി ഗണിക്കപ്പെടാനാരംഭിച്ചതു് ഇങ്ങനെയാണ്. ആ നിരൂപണശൈലിയെയാണു പിൽക്കാലത്തു വായനക്കാരുടെ പൊതുവായ അഭിപ്രായങ്ങളായി സാഹിത്യപഠിതാക്കൾ വായിച്ചതു്. ഒരു വ്യക്തിയുടെ വായനാനുഭവം, എഴുതപ്പെട്ടതുകൊണ്ടും ചർച്ചചെയ്യപ്പെട്ടതുകൊണ്ടും മാത്രം അനേകങ്ങളായ വായനകളുടെ പ്രതിനിധീകരണമായിത്തീരുന്നു. അപകടകരമായ ഈ സാമാന്യവത്കരണമാണ്, നിരൂപണം വായയെയും വായനക്കാരെയും അടയാളപ്പെടുത്തുന്ന വ്യവഹാരമല്ല എന്നു വരാൻ കാരണം.

ആദ്യകാല സാഹിത്യനിരൂപണം പണ്ഡിതോചിതമായി കൃതികളെ വിലയിരുത്തിയവയാണ്. ഭാഷയിലെ ഋജുത്വത്തെപ്പോലും വിശകലനോപകരണങ്ങളുടെ

ദുർഗ്രഹത അപ്രസക്തമാക്കി. അവ സംവദിച്ചത്, നിരൂപകന്റെ സവിശേഷമായ സാഹിത്യസംസ്കാരത്തോടു ചേർന്നുനിൽക്കുന്ന വായനക്കാരോടാണ്. അദ്ധ്യാപകതുല്യമായ ധിഷണാപരമായ മേധാവിത്വം ഉറപ്പിക്കുന്ന ആഖ്യാനശൈലിയും ആദ്യകാല നിരൂപകർ സ്വീകരിച്ചിരുന്നു. കൃതികളുടെ ഗുണദോഷവിചിന്തനത്തിന്റെ തലത്തിൽ നിന്ന ആ നിരൂപണങ്ങൾ, വായനക്കാരെ അടയാളപ്പെടുത്തുകയോ ലക്ഷ്യംവയ്ക്കുകയോ ചെയ്തില്ല. സമാനമായ വായനാനുഭവങ്ങളോടുകൂടിയ ഒരു പൊതുവായനാസമൂഹം സാഹിത്യചരിത്രങ്ങളിൽ എവിടെയും അടയാളപ്പെടാതിരുന്ന അക്കാലത്ത്, അത്തരമൊരു സമൂഹത്തിന്റെ സാധ്യത തന്നെയും തിരസ്കരിക്കപ്പെട്ടു. "ഇംഗ്ലീഷിൽ റീഡിങ് പബ്ലിക് എന്നുപറയുന്നതരത്തിലുള്ള ഒരുകൂട്ടം പൊതുവായനക്കാർ മലയാളത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല" (1987:93) എന്ന് ഏ. ആർ. രാജരാജവർമ്മ അഭിപ്രായപ്പെട്ടത് 1906-ലാണ്. ആനുകാലികങ്ങളിലൂടെ സാഹിത്യനിരൂപണം ശക്തമായിക്കഴിഞ്ഞ അക്കാലത്ത്, സമാനമായ വായനാസംസ്കാരമുള്ള അനുവാചകസമൂഹമില്ല എന്നതല്ല, സമൂഹമായി അവരടയാളപ്പെട്ടില്ല എന്നതാണ് വസ്തുത. എന്നാൽ 1930-കളിൽ പുരോഗമനസാഹിത്യം പ്രത്യയശാസ്ത്രത്തെ സാഹിത്യവുമായി യോജിപ്പിച്ചപ്പോൾ മുതൽ നിരൂപണചരിത്രം വായനക്കാരെ അഭിമുഖീകരിക്കാനാരംഭിച്ചു.

നവോത്ഥാനകാലത്തെ നിരൂപകർ സൈദ്ധാന്തികചർച്ചകളിലൂടെയും പാശ്ചാത്യ-പൗരസ്ത്യവീക്ഷണങ്ങളുടെ സമന്വയത്തിലൂടെയും വിമർശനരംഗത്തെ കൂടുതൽ ചലനാത്മകവും ആഴമുള്ളതുമാക്കിത്തീർത്തു. യൂറോപ്യൻ സാഹിത്യസങ്കല്പനങ്ങളും സാഹിത്യസമീപനങ്ങളും മലയാളസാഹിത്യരംഗത്തെ ഭാവുകത്വത്തെ മുൻപെങ്ങുമില്ലാത്തവിധം വിശാലമാക്കി. പുതിയ പ്രവണതകളും സമീപനങ്ങളും വായനക്കാർക്കു സമ്മാനിച്ചത്, ഒരു കൃതിയെത്തന്നെ പല രീതിയിൽ വായിക്കാനുള്ള അവസരമായിരുന്നു. വായനയുടെ മാനങ്ങളും സാധ്യതകളും വർദ്ധിച്ചു, സ്വാഭാവികമായും നിരൂപണത്തിന്റെയും. എന്നാൽ അപ്പോഴും പൊതുവായനാസമൂഹം നിരൂപണങ്ങളിലടയാളപ്പെട്ടില്ല, വായനക്കാരുടെ ഇഷ്ടങ്ങളും താത്പര്യങ്ങളും അടയാളപ്പെട്ടില്ല. മറിച്ച് ജനസാമാന്യത്തിന് 'ആവശ്യമായവ'യാണ് നിരൂപകർ അവതരിപ്പിച്ചത്. സാഹിതീയവും സാംസ്കാരികവുമായ പരിതോവസ്ഥകൾക്ക് അനുഗുണമായി മലയാളസാഹിത്യം എങ്ങനെ മാറണമെന്നും, വായനക്കാർക്ക് എന്താണു വേണ്ടതെന്നും നിരൂപകർ നിർണയിക്കുകയും എഴുത്തുകാരോട് അവ ആവശ്യപ്പെ

ടുകയും ചെയ്തു. വൈജ്ഞാനികമായ പ്രാമാണ്യമേറ്റെടുത്ത നിരൂപണം, സാധാരണക്കാരുടെ ജീവിതവും ഭാഷയും സാഹിത്യത്തിനു വിഷയമാകണമെന്ന് വാദിച്ചു, എന്നാൽ സാധാരണക്കാരായ വായനക്കാരുടെ താത്പര്യങ്ങളെ സമൂഹത്തിന്റെ ആവശ്യങ്ങൾ മുൻനിർത്തി തിരസ്കരിക്കുകയോ പരിഗണിക്കാതിരിക്കുകയോ ചെയ്തു.

ഭാവുകത്വപരമായ ഔന്നത്യം കാത്തുസൂക്ഷിക്കാൻ ആദ്യകാലംമുതൽക്കു ശ്രമിച്ചുവന്ന വ്യവഹാരമാണ് സാഹിത്യനിരൂപണം. ആധുനികതയുടെ ഘട്ടത്തിൽ അതുവരെ നിലനിന്നുപോന്ന സാഹിത്യഭാവുകത്വത്തിൽനിന്നും, നിരൂപണത്തിന്റെ വായനക്കാരിൽനിന്നുതന്നെയും അത് അകന്നുമാറി. ഭാവതലത്തിനൊപ്പം ഭാഷാതലത്തിലും ദുർഗ്രഹമായിത്തീർന്ന ആധുനികനിരൂപണം, വായനാനുഭവങ്ങളെ ആവിഷ്കരിച്ചുവെങ്കിലും അവ തികച്ചും ആത്മനിഷ്ഠങ്ങളായിരുന്നു. തങ്ങൾ വിശകലനം ചെയ്യുന്ന കൃതിയുടെ അന്യവായനക്കാരോ തങ്ങളുടെ നിരൂപണങ്ങളുടെ വായനക്കാരോ ആധുനികനിരൂപകരുടെ ശൈലിയെ സ്വാധീനിച്ചില്ല. അതുകൊണ്ടുതന്നെ, സർഗ്ഗാത്മസൃഷ്ടിയുടേതിനു സമാനമായ വായനാനുഭവം അവ പകർന്നു. ഇങ്ങനെ എഴുത്തിനും, വായനയുടെ എഴുത്തിനും പുറത്തുനിർത്തപ്പെട്ട വായനാസമൂഹത്തെ അഭിസംബോധന ചെയ്യുകയും അവരുടെ താത്പര്യങ്ങൾക്കനുസരിച്ച് തന്റെ നിരൂപണത്തെ ഉടച്ചുവാർക്കുകയും ചെയ്ത വ്യത്യസ്തനായ സാഹിത്യനിരൂപകനായിരുന്നു എം. കൃഷ്ണൻനായർ. പ്രാന്തവത്കൃതരായ വായനക്കാരെയും അവരുടെ വായനയെയും ലക്ഷ്യംവച്ചു സൃഷ്ടിക്കപ്പെട്ട സാഹിത്യവാരഫലമെന്ന തന്റെ നിരൂപണപംക്തിയിലൂടെ, അദ്ദേഹം 'എഴുത്തിനെ തിരുത്തുക' എന്ന നിരൂപണോദ്ദേശ്യത്തിൽ നിന്നും ആദ്യമായി മാറി സഞ്ചരിച്ചു.

മലയാളനാട്ടു വാരികയിലൂടെയാണ്, സാഹിത്യവാരഫലം 1969-ൽ പ്രസിദ്ധീകരണമാരംഭിക്കുന്നത്. അനുവാചകശ്രദ്ധയാർജിക്കുക പ്രധാനലക്ഷ്യമായിക്കണ്ട ഒരു ഉദ്യമമായിരുന്ന ആ വാരികയും. മലയാളനാട്ടു വാരികയുടെ ഉടമയായിരുന്ന എസ്. കെ നായർ, എൻ. എസ്. എസ് കോളെജിലെ അദ്ധ്യാപകവൃത്തി ഉപേക്ഷിച്ചാണ് വ്യാവസായികമേഖലയിലേക്കു കടന്നതു്. കലാസാഹിത്യരംഗങ്ങളിലെ താത്പര്യം ഉപേക്ഷിക്കാതെയിരുന്ന അദ്ദേഹം കൗമുദി പത്രാധിപരായിരുന്ന കെ. ബാലകൃഷ്ണന്റെ നിർദ്ദേശപ്രകാരമാണ് ആനുകാലികങ്ങളുടെ മേഖലയിലേയ്ക്കു കടക്കുന്നതു്. മലയാളനാടെന്ന ശ്രദ്ധേയമായ സാഹിത്യവാരികയ്ക്കുശേഷം മലയാള

നാട്ട് രാഷ്ട്രീയം, മലയാളനാട്ട് സിനിമ, മലയാളനാട്ട് മധുരം എന്നിങ്ങനെ രാഷ്ട്രീയത്തിനും ചലച്ചിത്രത്തിനും വീട്ടമ്മമാരുടെ വിനോദത്തിനുമായി പ്രത്യേകം ആനുകാലികങ്ങൾ അദ്ദേഹം പുറത്തിറക്കി. എസ്. കെ നായർക്കൊപ്പം മലയാളനാടിന്റെ ചുക്കാൻപിടിച്ച വ്യക്തിത്വമായിരുന്ന വി. ബാലചന്ദ്രൻ നായർ എന്ന വി. ബി. സി. നായർ. ചെറുപ്പം മുതൽതന്നെ പത്രമാസികകളുടെ രംഗം പരിചയിച്ച വ്യക്തിയായിരുന്ന അദ്ദേഹം. മലയാളനാടിൽ വരുംമുമ്പേ 'മംഗലശ്ശേരി', 'വി' എന്നീ തൂലികാനാമങ്ങളിൽ ഗ്രന്ഥനിരൂപണം നടത്തിയിരുന്ന അദ്ദേഹം ഇംഗ്ലീഷുപത്രങ്ങളിൽ മലയാളഗ്രന്ഥങ്ങളെക്കുറിച്ചു നിരൂപണങ്ങളും എഴുതിപ്പോന്നിരുന്നു. സാഹിത്യരംഗത്തും പത്രപ്രവർത്തനരംഗത്തും ഒരുപോലെ താത്പര്യവും പ്രവർത്തിപരിചയവും ഉണ്ടായിരുന്ന ഈ രണ്ടു വ്യക്തികളുടെ സൗഹൃദത്തിൽനിന്നാണ് മലയാളനാടെന്ന പ്രസിദ്ധീകരണത്തിന്റെ ആരംഭം. വ്യവസായമെന്ന നിലയിൽക്കൂടി പത്രപ്രവർത്തനത്തെ നോക്കിക്കാണാനായെന്നതാണ് മലയാളനാടിന്റെ സവിശേഷത.

മാതൃഭൂമി, ജനയുഗം, ദേശാഭിമാനി, കുങ്കുമം എന്നീ വാരികകളുടെ 1969 ഏപ്രിൽ മാസത്തിലെ പരസ്യം മലയാളനാട്ട് എന്നപേരിൽ പുറത്തുവരാനിരിക്കുന്ന വാരികയെക്കുറിച്ചായിരുന്നു. 'കൊല്ലത്തുനിന്നും പ്രസിദ്ധീകരണമാരംഭിക്കുന്നു : മലയാളനാട്ട് വാരിക' എന്ന ആ വിജ്ഞാപനം, ആ ആനുകാലികങ്ങളുടെ വായനക്കാരുടെയെല്ലാം ശ്രദ്ധ ക്ഷണിക്കുന്നതിനൊപ്പം, പുത്തൻ വിപണനതന്ത്രത്തിന്റെ പരീക്ഷണംകൂടി ലക്ഷ്യംവച്ചിരുന്നു. സാഹിത്യത്തോടൊപ്പം സാധാരണക്കാരന്റെ നിത്യജീവിതത്തിന്റെ ഭാഗമായിരുന്ന വിവിധവിഷയങ്ങളും ചേർത്ത് ജനകീയമായി സങ്കല്പനം ചെയ്യപ്പെട്ട മലയാളനാട്ട്, നീണ്ട പതിനഞ്ചുവർഷക്കാലത്തോളം ആ ജനകീയതയും സ്വീകാര്യതയും നിലനിർത്തിത്തന്നെ പുറത്തുവന്നു. സമാന്തര പ്രസിദ്ധീകരണങ്ങളുടെയും മുഖ്യധാരാ പ്രസിദ്ധീകരണങ്ങളുടെയും ഇടയിലുള്ള വിശാലഇടമായിരുന്നു അത്. ഒരു 'ഓഫ് ബീറ്റ്' പ്രസിദ്ധീകരണം ആയി എഴുത്തുകാരും വിമർശകരും വായിച്ച മലയാളനാട്ട് പക്ഷേ യഥാർത്ഥത്തിൽ സാഹിത്യത്തിന്റെ ഒരേസമയവും ഗൗരവപൂർണവും ജനപ്രിയവുമായ മുഖത്തെയാണ് പരിചയപ്പെടുത്തിയത്. വിപ്ലവാത്മകങ്ങളായ, പരിവർത്തനോന്മുഖങ്ങളോ റിബലുകളോ ആയ സാഹിത്യസൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നതിലൂടെ വായനക്കാരുടെ രാഷ്ട്രീയ-സാമൂഹിക കൗതുകങ്ങളെ വ്യാവസായികമായി ഉപയോഗിക്കുകകൂടിയായിരുന്ന എസ് കെ നായർ. 1970ൽ അദ്ദേഹം സംഘടിപ്പിച്ച 'മലയാളനാട്ട്

അവാർഡ് നൈറ്റ്' സാഹിത്യത്തെ ആഘോഷമാക്കി മാറ്റിയ സാംസ്കാരികവ്യതിയാനത്തിന്റെ മികച്ച അടയാളമാണെന്നു കാണാം. മലയാളനാടിന് ഏറ്റവുമധികം പ്രശസ്തിയും ശ്രദ്ധയും നേടി നൽകിയത് സാഹിത്യവാരഫലം ആയിരുന്നു. മലയാളനാട് പോലെ തന്നെ ജനപ്രിയതയും ജനകീയതയും നേടിയെടുക്കാൻ പാകത്തിൽ സങ്കല്പിക്കപ്പെട്ടതായിരുന്ന സാഹിത്യവാരഫലം എന്ന കോളവും.അതിനായി വായനക്കാരെ അഭിസംബോധനചെയ്ത കൃഷ്ണൻനായർ. നിരൂപണത്തെ, അതിന്റെ വ്യവസ്ഥാപിതാർത്ഥത്തിൽ തന്നെയാണ് കൃഷ്ണൻനായർ സ്വാംശീകരിച്ചതും സാഹിത്യവാരഫലത്തിലൂടെ അവതരിപ്പിച്ചതും. പ്രതീതിനിഷ്ഠവും സൗന്ദര്യാത്മകവുമായ മാനദണ്ഡങ്ങളായിരുന്ന വിലയിരുത്തലിന് അദ്ദേഹം സ്വീകരിച്ചത്. പ്രമേയത്തിലും ആഖ്യാനത്തിലും സദാചാര-സന്മാർഗ്ഗബദ്ധമായ ഭാവുകത്വം വച്ചുപുലർത്തിയിരുന്ന പാരമ്പര്യവാദിയുമായിരുന്ന എം. കൃഷ്ണൻനായർ. അദ്ദേഹത്തിന്റെ പ്രബന്ധരൂപത്തിലെ നിരൂപണങ്ങൾ ആധുനിക-ജനപ്രിയസാഹിത്യങ്ങളെ നിശിതമായി വിമർശിക്കുന്നവയാണ്. സാഹിത്യവാരഫലത്തിലെ പ്രയുക്തനിരൂപണസന്ദർഭങ്ങളിലും ഇതേ നിലപാടുകൾ തന്നെയാണ് അദ്ദേഹം ആവർത്തിച്ചത്. എന്നിട്ടും, ആ പംക്തിയ്ക്ക് അനിതരസാധാരണമായ ജനപ്രീതി കൈവന്നു. അന്യനിരൂപണങ്ങളിൽനിന്നും വ്യത്യസ്തമായി സാഹിത്യവാരഫലത്തിലെ കലാസങ്കല്പങ്ങളെ ജനങ്ങളേറ്റെടുത്തു. ജനപ്രീതിയുടെ പേരിൽ, വായനക്കാരുടെ ആധിക്യത്തിന്റെ പേരിൽ ആദ്യമായി ഒരു സാഹിത്യസംരംഭം മലയാള സാഹിത്യചരിത്രത്തിൽ അടയാളപ്പെട്ടു.

സാഹിത്യത്തിൽ വായനക്കാർ ഒരു പൊതുസമൂഹമായി അംഗീകരിക്കപ്പെടുക, പൊതുസമൂഹമായി അവരെ അഭിസംബോധനചെയ്യുമ്പോഴാണ്. എം. കൃഷ്ണൻനായർ ചെയ്തത് അതായിരുന്നു. എഴുത്തിനെയും എഴുത്തുകാരെയും തിരുത്താനുള്ള ശ്രമം നിരൂപകർ നടത്തിവന്നപ്പോൾ വായനയെ തിരുത്താൻ സാഹിത്യവാരഫലം ശ്രമിച്ചു. "രസകരമായ ഈ പുസ്തകം വായിക്കൂ. സ്വഭാവത്തിന് മാറ്റം വരുത്താൻ ഇത് സഹായിക്കുമെന്നതിൽ സംശയമില്ല" (2024, 3:581), "ചെറുകഥയെന്ന പേരിൽ സ്കെച്ചുകൾ തയ്യാറാക്കി വയ്ക്കുന്ന പദ്മഭ്രഷൺ റാസിപുരം കൃഷ്ണസ്വാമിനാരായൺ സാഹിത്യത്തിനൊരു ഭ്രഷണമാണോ എന്നാലോചിക്കാൻ വായനക്കാരോടു ഞാൻ അപേക്ഷിക്കുന്നു" (2024, 3:316), "അതിലെ രസകരങ്ങളും ഹൃദയസ്പർശികളുമായ ചില സംഭവങ്ങളിലേക്കു വായനക്കാരെ കൂട്ടിക്കൊണ്ടു പോകണമെന്നേ

എനിക്കു ലക്ഷ്യമുള്ളൂ" (2024, 5:667), "നന്മയുടെ സ്വഭാവമെന്തെന്നു ഗ്രഹിച്ച് അതു സ്വന്തം ജീവിതത്തിൽ പകർത്താൻ കൊതിയുള്ളവർ ഇപ്പുസ്തകം വായിക്കണം" (2024, 6:233) എന്നിങ്ങനെ അനുവാചകരെ പ്രത്യക്ഷത്തിൽത്തന്നെ അഭിസംബോധനചെയ്യുന്നുണ്ട് ഓരോ ലക്കം സാഹിത്യവാരഫലത്തിലും എം. കൃഷ്ണൻനായർ. ഈ 'ഒപ്പം നടത്ത'ലാണ് സാഹിത്യവാരഫലത്തെ ജനപ്രിയമാക്കിയത്.

"സ്വകീയാനുഭവങ്ങളെ സാഹിത്യതത്വങ്ങളുമായി കൂട്ടിയിണക്കി മൂല്യനിർണയത്തിന് സ്വേച്ഛാപരത്വം വരുത്തി എഴുതപ്പെടുന്ന ലേഖന പരമ്പരയാണിത്. സാമാന്യജനതയെ ലക്ഷ്യമാക്കി എഴുതുന്ന ഈ ലേഖനങ്ങളിൽ ഗഹനത ഒഴിവാക്കുകയാണ് രീതി. ചിന്തയ്ക്ക കനക്കുറവ് വരുത്തുക എന്നതാണ് ലക്ഷ്യം" (2024, 3:533) എന്നാണ് സാഹിത്യവാരഫലത്തിന്റെ ഉദ്ദേശ്യത്തെയും ശൈലിയെയും എം. കൃഷ്ണൻനായർ തന്നെ വ്യക്തമാക്കുന്നത്. ഇവിടെ പരാമർശമാകുന്ന സാമാന്യജനതതന്നെയാണ് ഏ. ആർ സൂചിപ്പിച്ച വായനാസമൂഹമായി അടയാളപ്പെട്ടത്. മാറ്റിമറിക്കാതെ, കനംകുറച്ച് അദ്ദേഹമവതരിപ്പിച്ച ചിന്തകളെ ജനങ്ങൾ സ്വീകരിക്കുകയും അവയ്ക്കായി കാത്തിരിക്കുകയും മാത്രമല്ല, ചർച്ചചെയ്യുകയുമുണ്ടായി, ചർച്ചചെയ്ചുകയുമുണ്ടായി. അംഗീകരിക്കാനാകാത്ത അഭിപ്രായങ്ങളോടുള്ള വിമർശനാത്മകപ്രതികരണങ്ങളും വിവാദങ്ങളിൽ പിന്തുണയുമെല്ലാമായി നിരവധി കത്തുകൾ സാഹിത്യവാരഫലം പ്രസിദ്ധീകരിച്ചുവന്ന മലയാളനാട്ട്, കലാകൗമുദി, സമകാലികമലയാളം എന്നിവയ്ക്ക ലഭിച്ചിരുന്നു. തന്റെ കോളത്തെ വായനക്കാരുടേതുകൂടിയാക്കാൻ സാഹിത്യവാരഫലത്തിന്റെ ആഖ്യാനത്തിൽ കൃഷ്ണൻനായർ നടത്തിയ കൂട്ടിച്ചേർക്കലുകൾ നിരവധിയാണ്. അവയിൽ പ്രധാനമാണ് 'ചോദ്യവും ഉത്തരവും' എന്ന ഉപവിഭാഗം. വായനക്കാരുടെ ചോദ്യങ്ങൾക്കുള്ള എം. കൃഷ്ണൻനായരുടെ മറുപടിയാണ് ഈ ഭാഗത്തുള്ളത്. അദ്ദേഹം ഉൾക്കൊള്ളിച്ചിട്ടുള്ളതു. വായനക്കാർ തങ്ങൾകൂടി ഉൾപ്പെടുന്ന പംക്തിയെ സവിശേഷമായ താത്പര്യത്തോടെ വീക്ഷിക്കുകയും അതിന്റെ ഭാഗമാകാൻ ചോദ്യങ്ങളയയ്ക്കുകയും ചെയ്തു. ഇങ്ങനെ പ്രത്യക്ഷം തന്നെയായ സംവാദം എഴുത്തുകാരനെയും വായനക്കാരെയും കൂടുതൽ ചേർത്തുനിർത്തി.

എം. കൃഷ്ണൻനായരുടെ മരണത്തെത്തുടർന്ന് 2006 ഫെബ്രുവരിയിൽ സാഹിത്യവാരഫലം പ്രസിദ്ധീകരണമവസാനിപ്പിച്ചപ്പോൾ, നിരൂപണത്തിന്റെ ജനകീയധാരകൂടിയായിരുന്നു അവസാനിച്ചത്. എന്നാൽ ആ കോളം കൈകാ

ര്യംചെയ്തിരുന്ന സാഹിതീയവിഷയങ്ങൾ വായനക്കാരിൽ നിലനിന്നു. വായനയെ പരുവപ്പെടുത്താനും വിപുലപ്പെടുത്താനും സഹായിച്ച സാഹിത്യവാരഫലത്തെ സോപയോഗസാഹിത്യമായാണ് അവർ പരിഗണിച്ചത്. "ഒരു പുസ്തകശാലയിൽ ചെന്നാൽ ഏതു പുസ്തകം വാങ്ങണം എന്നത് എന്നെ സംബന്ധിച്ചിടത്തോളം വിഷമമേറിയ കാര്യമായിരുന്നു. സാഹിത്യവാരഫലം വായിച്ചുതുടങ്ങിയശേഷം പു സ്തകശാലകളിൽ എനിക്ക് ഏതാനും നിമിഷങ്ങൾ മാത്രമേ ചെലവഴിക്കേണ്ടിവ രുന്നുള്ളൂ" (2016:185) എന്ന എം. കെ. മേനോന്റെ അഭിപ്രായം സാഹിത്യവാരഫ ലത്തിന്റെ സാധാരണവായനക്കാരുടേതുംകൂടിയാണ്. സാഹിത്യവാരഫലത്തിനു മുൻപും ഒപ്പവും എന്നപോലെ ശേഷവും ഇത്ര ജനപ്രീതി നേടിയ മറ്റൊരു സാഹി ത്യനിരൂപണമാതൃക മലയാളത്തിലില്ല. സൈബർസാഹിത്യത്തിന്റെ തുറവിയിലും, സംവാദ-വിവാദസാധ്യതകളിലും പോലും പങ്കാളിത്തത്തിന്റേതോ പ്രാതിനിധ്യത്തി ന്റേതോ ആയ അനുഭവം വായനക്കാരിൽ സൃഷ്ടിക്കാൻ നിരൂപകർക്കാകുന്നില്ല. തങ്ങളുടെ ഭാവുകത്വത്തിലേയ്ക്കയരുന്ന സഹൃദയരെ അവർ പ്രതീക്ഷിച്ചപ്പോൾ എം. കൃഷ്ണൻനായർ വായനക്കാർക്കായി തന്റെ ഭാവുകത്വത്തെ പരുവപ്പെടുത്തി. ലേഖന രൂപത്തിലുള്ള നിരൂപണങ്ങളിൽ അദ്ദേഹം കാഴ്ചവച്ച തികച്ചും പരമ്പരാഗതമായ ശൈലിയും ആഖ്യാനവും സാഹിത്യവാരഫലത്തിലെ അദ്ദേഹത്തിന്റെ എഴുത്തുരീതി ആർജ്ജിതമാണെന്നും അനുവാചകർക്കായി ശ്രമപ്പെട്ടു നിർമ്മിച്ചെടുത്തതാണെ ന്നും വ്യക്തമാക്കുന്നുണ്ട്. ആ ശ്രമങ്ങളോടുള്ള വായനക്കാരുടെ മതിപ്പാണ് വായ നയുടെ ഭാവിയെ നിർണയിക്കാൻ പതിനെട്ടുവർഷങ്ങൾക്കുമുൻപ് അവസാനിച്ച ഒരു സാഹിത്യപംക്തിയ്ക്ക് ഇന്നും കഴിയുന്നതിന്റെ കാരണം.

വായനക്കാരുടെ താത്പര്യങ്ങളെ ആഖ്യാനംകൊണ്ടു തൃപ്തിപ്പെടുത്താനും സ്വന്തം കലാസങ്കല്പങ്ങളിൽ വിട്ടുവീഴ്ച ചെയ്യാതിരിക്കാനും ശ്രദ്ധിച്ച നിരൂപകനാണ് എം. കൃഷ്ണൻനായർ. ഭൂരിപക്ഷാഭിപ്രായങ്ങളെ പലപ്പോഴുമദ്ദേഹം നിരാകരിക്കുന്നു ണ്ട്. ജനപ്രീതി മനഃപൂർവ്വമായി ആർജ്ജിക്കാൻ ശ്രമിക്കുമ്പോഴും, ജനപ്രിയസാഹി ത്യത്തെ തള്ളിപ്പറയുന്നുണ്ട്. സ്ത്രീവിരുദ്ധവും ശരീരബദ്ധവുമായ തമാശകളിലൂടെയും സാന്ദർഭികമല്ലാത്ത അശ്ലീലാഖ്യാനങ്ങളിലൂടെയും അമാനവികവും അസംസ്കൃതവു മായ മൂല്യങ്ങളദ്ദേഹം പങ്കുവച്ചിട്ടുമുണ്ട്. എന്നിട്ടും എതിർക്കപ്പെട്ടതിന്റെ പതിന്മടങ്ങ് എം. കൃഷ്ണൻനായരും സാഹിത്യവാരഫലവും ആഘോഷിക്കപ്പെട്ടു. അതിന് കാരണം അദ്ദേഹം വായനയെ തിരുത്താൻ ശ്രമിച്ചു എന്നതും വായനക്കാരോടു സംവദിച്ചു

എന്നതുമാണ്. രചനകളെ കലാസൗന്ദര്യമില്ലാത്തതിന്റെ പേരിൽ അവഹേളിച്ചിരുന്ന അദ്ദേഹം മിക്കപ്പോഴും ആ വൈരുപ്യത്തിന്റെ കാര്യകാരണങ്ങൾ വ്യക്തമാക്കിയിരുന്നില്ല. വൈയക്തികവും കാല്പനികവുമായ തന്റെ ഭാവുകത്വത്തെ മാത്രമായിരുന്ന ആ വിധിപറയലുകളിൽ അദ്ദേഹം പരിഗണിച്ചത്. അതേസമയം വിശേഷമായ ഭാഷ, ഉപവിഭാഗങ്ങൾ, ശീർഷകങ്ങൾ, സാഹിത്യബാഹ്യമായ വ്യക്തി-വസ്തു പ്രതിപാദനങ്ങൾ, കൊച്ചുവർത്തമാനത്തിന്റെ സ്വഭാവമുള്ള സംഭവവർണനകൾ എന്നിങ്ങനെയുള്ള ആഖ്യാനസവിശേഷതകൾകൊണ്ട് തന്റെ കലാസങ്കല്പത്തെ തന്റെ വായനക്കാർക്കു സ്വീകാര്യമാക്കാനുമദ്ദേഹം ശ്രമിച്ചു. പംക്തിയ്ക്കൊപ്പം പംക്തീകാരന്റെ സാഹിത്യവീക്ഷണങ്ങൾക്കും ലഭിച്ച ആ സ്വീകാര്യത 1969 മുതൽ 2006 വരെയുള്ള നീണ്ട മുപ്പത്തിയേഴുവർഷങ്ങളുടേതാണ്. അതുകൊണ്ടുതന്നെ ആ സാഹിത്യവീക്ഷണങ്ങൾ അനുവാചകരുടെ സാഹിത്യജീവിതത്തിന്റെ ഭാഗംകൂടിയായി. എം. കൃഷ്ണൻനായർ സൃഷ്ടിച്ച വായനാസമൂഹത്തിന്റെ വായനയിൽ സാഹിത്യവാരഫലം ചെലുത്തിയ സ്വാധീനം ആ വ്യവഹാരത്തിന്റെ പ്രസിദ്ധീകരണമവസാനിച്ച് പതിനെട്ടു വർഷങ്ങൾക്കിപ്പുറവും സജീവമായി നിൽക്കുന്നു. സാഹിത്യവാരഫലത്തിന്റെ പ്രീ-പബ്ലിക്കേഷൻ പതിപ്പുകൾ വിറ്റഴിയുന്നതിന്റെ തോതും നിരൂപണസംബന്ധിയായ സൈബർ ചർച്ചകളിൽ എം. കൃഷ്ണൻനായരും സാഹിത്യവാരഫലവും അനിവാര്യമായ തിരുത്തൽശക്തികളെന്ന നിലയിൽ ആവർത്തിച്ച് അടയാളപ്പെടുന്നതും, അതിനു തെളിവാണ്.

ചുരുക്കത്തിൽ

വായനാപരമായ ഗൃഹാതുരതയാണ് മലയാളികൾക്ക് സാഹിത്യവാരഫലം. അതിന് സ്വന്തമായ ഒരു വായനാസമൂഹമുണ്ട്. അവർ ഇന്നും കാലഭേദമില്ലാതെ തങ്ങൾക്കു മുന്നിലെത്തുന്ന സൃഷ്ടികളെ വായിക്കാൻ ആ പംക്തി കൈമാറിയ സങ്കല്പങ്ങളെ ഉപയോഗിക്കുന്നുമുണ്ട്. പരിഗണിക്കപ്പെടാതിരുന്ന വായനയ്ക്കും വായനക്കാർക്കും സാഹിത്യചരിത്രത്തിലും നിരൂപണമെന്ന വ്യവഹാരത്തിലും ലഭിച്ച പ്രാതിനിധ്യത്തെക്കൂടിയാണ് അവർ സാഹിത്യവാരഫലത്തോടൊപ്പം ആഘോഷിക്കുന്നത്.

അവലംബിതസൂചിക

- കൃഷ്ണൻനായർ എം., *സാഹിത്യവാരഫലം*, വാല്യം 3, എഡി. പി. കെ. രാജശേഖരൻ, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്ട്, 2024
- കൃഷ്ണൻനായർ എം., *സാഹിത്യവാരഫലം*, വാല്യം 5, എഡി. പി. കെ. രാജശേഖരൻ, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്ട്, 2024
- കൃഷ്ണൻനായർ എം., *സാഹിത്യവാരഫലം*, വാല്യം 6, എഡി. പി. കെ. രാജശേഖരൻ, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്ട്, 2024
- രാജരാജവർമ, എ. ആർ., 1987:*തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ*, രഞ്ജിമ പബ്ലിക്കേഷൻസ്, ചങ്ങനാശ്ശേരി, 1987
- ശാസ്തമംഗലം ടി. പി (എഡി), *വാരഫലത്തിന്റെ വരപ്രസാദം*, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2016
- Eliot, T S, *Selected Essays*, Harcourt Brace and company, New york, 1932

ഗവേഷണ നിസർച്ച് ജേണൽ • ISSN: 2320-5830 • ഭാഗം 12 • ലക്കം 3 •

സ്ത്രീപാരായണമാതൃകകളും കേരളീയസാംസ്കാരിക ജീവിതവും

ഡോ. കൃഷ്ണാ അരവിന്ദ്
അസി.പ്രൊഫസർ, മലയാളവിഭാഗം
പി.എം ഗവ.കോളേജ്, ചാലക്കുടി

പ്രബന്ധസംഗ്രഹം:

മലയാളത്തിലെ സ്ത്രീവാദ ചിന്തകരുടെ പാരായണങ്ങളെയും ഇടപെടലുകളെയും ചരിത്രവൽക്കരിച്ച് മനസ്സിലാക്കാനുള്ള ശ്രമമാണ് ഈ പഠനം. നിലനിന്നു പോരുന്ന പാരായണ മാതൃകകൾക്ക് സ്ത്രീ വാദചിന്തകൾ എപ്രകാരം ബദലുകൾ സൃഷ്ടിക്കുന്നു എന്നും പുതിയ പാരായണ രീതികൾ ആവിഷ്കരിക്കുന്നു എന്നും ഇവിടെ അന്വേഷിക്കുന്നു. സ്ത്രീകളുടെ വായനകൾ രൂപപ്പെടുത്തിയ നവീനമായ പാരായണ രീതിശാസ്ത്രം, വൈകാരികതയുടെ സാംസ്കാരിക രാഷ്ട്രീയത്തെ കുറിച്ചുള്ള തിരിച്ചറിവ്, ആൺകോയ്മാ നിർമ്മിതമായ ശരീരാവിഷ്കാരങ്ങളുടെ അപനിർമ്മിതി, അനുഭൂതികളുടെ തുറന്നെഴുത്ത്, തുടങ്ങിയ വിഷയങ്ങളെ കേന്ദ്രീകരിച്ചാണ് ഈ പഠനം നടത്തിയിട്ടുള്ളത്.

താക്കോൽ വാക്കുകൾ:

ശരീരം, കാമന, വൈകാരികതയുടെ രാഷ്ടീയം, പഠനരീതിശാസ്ത്രം

ആമുഖം

അമേരിക്കൻ ദൈവശാസ്ത്രജ്ഞയായ കാത്തി ജി. കാനൻ (Katie G. Cannon) പറഞ്ഞ ഒരു കഥ പെട്രീഷ്യ ഹിൽ കോളിൻസ് (Patricia Hill Collins) *ബ്ലാക്ക് ഫെമിനിസ്റ്റ് തോട്ട്* എന്ന പുസ്തകത്തിൽ ഉദ്ധരിക്കുന്നുണ്ട്. ഒരിക്കൽ ഒരു ചെറിയ പെൺകുട്ടിയും അവളുടെ അമ്മയും കൂടി നടന്നുപോകുമ്പോൾ വെള്ളക്കാരനായ ഒരാൾ ശക്തനായ സിംഹത്തെ ചാട്ടകൊണ്ടടിച്ചു കീഴടക്കിയതായി ചിത്രീകരിച്ചിരിക്കുന്ന ഒരു പ്രതിമ കാണുന്നു. ഈ പ്രതിമ നോക്കിക്കൊണ്ട് കുട്ടി അമ്മയോട് ചോദിക്കുന്നു. "അമ്മേ ആ പ്രതിമയ്ക്ക് എന്തോ ഒരാപകതയില്ലേ? ഒരു മനുഷ്യന് ഇങ്ങനെയൊരു സിംഹത്തെ കീഴടക്കാനാവില്ലെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണല്ലോ. കുട്ടിയുടെ സംശയത്തിനുള്ള അമ്മയുടെ മറുപടി ഇങ്ങനെയായിരുന്നു. പുരുഷനാണ് ഈ പ്രതിമ നിർമ്മിച്ചതെന്ന കാര്യം നമ്മൾ ഓർമ്മിക്കേണ്ടതുണ്ട് (Patricia, 2000;251).കാത്തി ജി. കാനൻ പറഞ്ഞ ഈ കഥാസന്ദർഭത്തിൽനിന്നും പ്രധാനമായും രണ്ടു പ്രശ്നങ്ങളാണ് ഉയർന്നുവരുന്നത്.

1. എന്തുകൊണ്ടാണ് ശില്പം സിംഹത്തെ കീഴടക്കുന്ന ഒരു പുരുഷന്റെ രൂപമായി മാറുന്നത്?
2. പുരുഷനിർമ്മിതമായ വീക്ഷണങ്ങളാണ് ശില്പനിർമ്മിതിയുടെ കേന്ദ്രമായി പ്രവർത്തിക്കുന്നതെന്ന് ഒരു സ്ത്രീക്ക് എന്തുകൊണ്ട് തിരിച്ചറിയാനാവുന്നു?

ഈ രണ്ടു ചോദ്യങ്ങളുടെയും ഉത്തരങ്ങൾ അഭിസംബോധന ചെയ്യുന്നത് സ്ത്രീവാദജ്ഞാനശാസ്ത്രങ്ങൾ രൂപപ്പെടുത്തിയ ആശയപരിസരങ്ങളിലേക്കാണ്. പുരുഷന്റെ ഇച്ഛകളിലൂടെയും സങ്കല്പങ്ങളിലൂടെയും ആവിഷ്കൃതമായ കലാശില്പത്തെയാണ് കഥയിലെ സ്ത്രീയുടെ നോട്ടം അപനിർമ്മിക്കുന്നത്. ഇങ്ങനെ നിലവിലിരിക്കുന്ന പലതരം സാംസ്കാരികരൂപങ്ങളുടെയും ഘടനകളെ ഒന്നാകെ ഇളക്കിമാറ്റി ചരിത്രത്തെ മറ്റൊരു നിലയിൽ വായിച്ചെടുക്കുന്ന പഠനപദ്ധതിയാണ് സ്ത്രീവാദചിന്തകൾ അവതരിപ്പിച്ചത്. സാംസ്കാരികമായി പ്രവർത്തിച്ചിരുന്ന പലതരം കേന്ദ്രബലങ്ങളോട് സംവാദാത്മകമായി പ്രതികരിച്ചുകൊണ്ട് സമീപനത്തിലും കാഴ്ചപ്പാടിലും രാഷ്ട്രീയാഭിമുഖ്യമുള്ള അടിത്തറ രൂപീകരിക്കുവാൻ സ്ത്രീപക്ഷരചനകൾക്ക് സാധിച്ചിട്ടുണ്ട്. ചരിത്രം, രാഷ്ട്രീയം, ശാസ്ത്രം, സാഹിത്യം, സിനിമ എന്നിങ്ങനെ വ്യത്യസ്തമായ വ്യവഹാരമണ്ഡലങ്ങൾ സ്ത്രീകളുടെ വായനയിലൂടെ പുനരെഴുത്തിന് വിധേയമായി. അച്ചടിയും വിദ്യാഭ്യാസവും സാർവ്വത്രിക പ്രക്രിയയായി വികസിച്ച

തോടെ ചെറിയ വിഭാഗം സ്ത്രീകൾക്കെങ്കിലും വായനയുടെയും എഴുത്തിന്റെയും മേഖലയിലേക്ക് കടന്നുവരാൻ സാധിച്ചു. പത്തൊൻപതാംനൂറ്റാണ്ടിൽ പുറത്തിറങ്ങിയ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ശാസ്ത്രം, സാഹിത്യം, രാഷ്ട്രീയം തുടങ്ങി അനേകം വിഷയങ്ങളെ മുൻനിർത്തി സ്ത്രീകൾ എഴുതാൻ ആരംഭിച്ചു. എൺപതുകൾക്കുശേഷം കേരളീയ സാംസ്കാരികമണ്ഡലത്തിൽ ഒഴിവാക്കാൻ കഴിയാത്ത നിലയിൽ ഇടം ഉറപ്പിക്കാൻ സ്ത്രീരചനകൾക്ക് സാധിച്ചിട്ടുണ്ട്. എം ലീലാവതി, ഗീത, സി.എസ്.ചന്ദ്രിക, ജെ.ദേവിക, ജി.ഉഷാകുമാരി, ശാരദക്കുട്ടി, രേഖാരാജ് തുടങ്ങി നിരവധി സ്ത്രീകൾ മൗലികമായ ചിന്തകളിലൂടെ സംസ്കാരത്തെ പല മട്ടിൽ വ്യാഖ്യാനിക്കുകയും വികസിപ്പിക്കുകയും ചെയ്തു. നിലനിൽക്കുന്ന വ്യവസ്ഥയോട് ഒത്തുതീർപ്പുകളില്ലാത്തവിധം കലഹിച്ചും സംവദിച്ചും പോരാടിയും പെണ്ണുങ്ങൾ രൂപപ്പെടുത്തിയെടുത്ത അവബോധമാണ് പൊതു എന്നു വ്യവഹരിക്കാവുന്ന സാംസ്കാരികാവസ്ഥയെ നിർമ്മിച്ചത്. അവബോധപരമായ ഇത്തരം സംവാദശ്രമങ്ങൾ സൂക്ഷ്മമായ അർത്ഥത്തിൽ സാംസ്കാരിക വായനാപദ്ധതി കൂടിയാണ്. ഈ നിലയിൽ സ്ത്രീകളുടെ പാരായണരീതികൾ രൂപപ്പെടുത്തിയ സാംസ്കാരിക ഇടപെടലുകളെ അന്വേഷിക്കാനാണ് പ്രബന്ധത്തിലൂടെ ശ്രമിച്ചിട്ടുള്ളത്.

പഠിച്ചതൊക്കെയും അഴിച്ചെടുക്കുക

അറിവിന്റെയും അന്വേഷണത്തിന്റെയും മേഖലയിലേക്ക് പുരുഷനെ അപേക്ഷിച്ച് വളരെ വൈകിയാണ് സ്ത്രീകൾ കടന്നുവരുന്നത്. ഗവേഷണപ്രവർത്തനങ്ങളിലും വിജ്ഞാനനിർമ്മിതിയിലും ഏർപ്പെടുന്ന സ്ത്രീകളെ സംബന്ധിച്ചിടത്തോളം നിലനിൽക്കുന്ന പ്രതലം ഒന്നാകെ മാറ്റി പണിയേണ്ടിവരുന്നു. പഠനവിഷയം, വിഷയത്തോടുള്ള സമീപനരീതി, വിജ്ഞാനനിർമ്മിതിയുടെ ഭാഷ, പഠനരീതിശാസ്ത്രം തുടങ്ങി സമസ്തമേഖലകളിലും സൂക്ഷ്മരൂപത്തിൽ നിലനിൽക്കുന്ന ആണധികാരത്തിന്റെ ഇച്ഛകളെ നിരാകരിച്ചുകൊണ്ട് മാത്രമേ ജനാധിപത്യപരമായ അറിവുൽപ്പാദനംസാധ്യമാവൂ എന്ന തിരിച്ചറിവ് സ്ത്രീകളായ ഗവേഷകരെ സംബന്ധിച്ച് പ്രധാനമായിവരുന്നുണ്ട്. അതുകൊണ്ട് പഠനരീതിശാസ്ത്രത്തെ നവീകരിക്കുന്നതിനുള്ള ശ്രമം തന്നെ ഒരു രാഷ്ട്രീയപ്രക്രിയയായി മാറുന്നു.

ജി. ഉഷാകുമാരി ശരീരത്തിന്റെ സാമൂഹികഭാവനകൾ എന്ന പുസ്തകത്തിന്റെ ആമുഖമായി പഠനസമീപനത്തിൽ വരുത്തേണ്ട പരിചരണരീതിയെക്കുറിച്ച്

പ്രതിപാദിക്കുന്നുണ്ട്. "ലേണിംഗിനേക്കാൾ അൺലേണിംഗ് ശീലിക്കണം" (ഉഷാകുമാരി, 2022:8). സ്ത്രീവാദ പഠനരീതിശാസ്ത്രത്തിന്റെ സമീപനത്തെ വ്യക്തമാക്കുന്ന പാരായണ പദ്ധതിയാണ് അൺലേണിംഗ് എന്നു പറയാം. അറിവുൽപ്പാദനവുമായി ബന്ധപ്പെട്ട നിരവധി പ്രശ്നമേഖലകളിലേക്ക് ഈ ആശയം തെളിച്ചം നൽകുന്നുണ്ട്. പഠിച്ചും പഠിപ്പിച്ചും ഉറപ്പിച്ചെടുക്കുന്ന സാമ്പ്രദായികമായ എല്ലാത്തരം അറിവുകളെയും തിരികെ അഴിച്ചുമാറ്റി എടുക്കേണ്ടതുണ്ട്. ഈ അഴിച്ചെടുക്കൽ (unlearn) സംസ്കാരത്തിന്റെ പല അടരുകളിലായി പ്രവർത്തിക്കുന്ന കേന്ദ്രബലങ്ങളെ നിർവീര്യമാക്കുന്നു. സാമ്പ്രദായികമായ ജ്ഞാനവിഷയങ്ങൾ പലപ്പോഴും പുരുഷാധിപത്യയുക്തികൾ രൂപീകരിച്ചെടുത്ത ഘടനകൾക്കുള്ളിലാണ് പ്രവർത്തനസജ്ജമായി മാറുന്നത്. അതുകൊണ്ടുതന്നെ ചിന്തകളുടെ എല്ലാത്തരം പ്രവർത്തനരീതികളും സഞ്ചാരക്രമങ്ങളും ഇത്തരം ആണധികാരാഭിലാഷങ്ങളാൽ നിർണ്ണയിക്കപ്പെടുന്നു. കുലീനത്വം, പാതിവ്രത്യം, കന്യകാത്വം എന്നിങ്ങനെ സ്ത്രീകളുമായി ബന്ധപ്പെട്ട ദൈനംദിന ജീവിതാനുഭവങ്ങളുടെ മൂല്യവ്യവസ്ഥകളെ തന്നെ ആൺകോയ്മകളാണ് ക്രമീകരിക്കുന്നത്. സൂക്ഷ്മവും സ്ഥൂലവുമായ ഇത്തരം ക്രമീകരണങ്ങളുടെ പാറ്റേണുകളിലാണ് സ്ത്രീകൾ സ്വയം നോക്കിക്കാണുന്നത്. ഇത്തരത്തിൽ കാലാകാലങ്ങളായി സമൂഹത്തിൽ ഉറച്ചുപോയ പാഠങ്ങളെ അഴിച്ചെടുത്തുകൊണ്ട് നവീനമായ ജ്ഞാനോൽപ്പാദനരീതികൾ സ്വാംശീകരിക്കേണ്ടത് ചരിത്രപരമായ അനിവാര്യത കൂടിയാണ്. അതുകൊണ്ട് ആസൂത്രിതമായ നിലയിൽത്തന്നെ സാമ്പ്രദായികമായ അറിവിനെയും അവയുടെ അന്വേഷണയുക്തികളെയും വേരോടെ ഇളക്കിമാറ്റുന്ന പാരായണരീതിശാസ്ത്രങ്ങളെക്കുറിച്ചുള്ള ആരായലുകൾ സ്ത്രീവായനകളുടെ മുഖ്യപരിഗണനയായി മുറുന്നു.

സാംസ്കാരികസന്ദർഭങ്ങളിൽ പല നിലകളിൽ ഉറച്ചുപോയ പ്രമാണങ്ങളെ അഴിച്ചെടുക്കാനുള്ള പാരായണശ്രമങ്ങൾ ആദ്യകാലഘട്ടത്തിലെ എഴുത്തുകാരികളിൽ തന്നെ ദൃശ്യമാവുന്നുണ്ട്. കെ.സരസ്വതിയമ്മ പുരുഷന്മാരില്ലാത്ത ലോകം എന്ന ലേഖനത്തിൽ ഇങ്ങനെ നിരീക്ഷിക്കുന്നുണ്ട്. "കാട്ടിൽ നടക്കുന്ന മാൻപേടയുടെ കണ്ണുകൾ വീട്ടുമുറിക്കകത്തിരിക്കുന്ന യുവസുന്ദരിയുടെ മുഖത്തുണ്ടെന്ന് കണ്ടുപിടിക്കാൻ പുരുഷന്മാർക്കല്ലേ കഴിയൂ? കാട്ടരുവിയുടെ ഒഴുക്കിന്റെ ശബ്ദത്തിൽ കളഭാഷിണിയായ സ്ത്രീയുടെ അസ്പഷ്ട മധുരസ്വരം കേൾക്കാൻ പെണ്ണുങ്ങൾ വിചാരിച്ചാൽ പറ്റില്ല" (സരസ്വതിയമ്മ, 2020:831). അലങ്കാരഭാഷയിലെ പുരുഷയുക്തികളെ

അഴിച്ചെടുക്കുന്ന പാരായണസന്ദർഭമായി ഈ നിരീക്ഷണത്തെ മനസ്സിലാക്കേണ്ടതുണ്ട്. പൂവ് - വണ്ട്, താമര - സൂര്യൻ എന്നിങ്ങനെ കാലാകാലങ്ങളായുള്ള പുരുഷകേന്ദ്രിത കാവ്യഭാവനകൾ രൂപപ്പെടുത്തിയ അലങ്കാരസങ്കേതങ്ങളുടെ ചരിത്രത്തോടാണ് കെ.സരസ്വതിയമ്മ സംവദിക്കുന്നത്. പേടിച്ച പേടമാന്റെ മിഴികളോട് സ്ത്രീകളുടെ കണ്ണുകളെ സദൃശ്യപ്പെടുന്ന സൗന്ദര്യസങ്കല്പത്തിന്റെ വിഭിന്ന ഭാവങ്ങൾ കാളിദാസനിലും ഭാസനിലും ഒ.എൻ.വി.യിലും എല്ലാം നിറഞ്ഞുനിൽക്കുന്നുണ്ട്. പേടിച്ച മാനിന്റെ കണ്ണുകളെ പെണ്ണിന്റെ കണ്ണുകളിലേക്ക് ആരോപിക്കുന്ന സൗന്ദര്യഭാവന പുരുഷനോട് സ്ത്രീകൾക്കുണ്ടാവേണ്ടുന്ന ഭീതിയേയും വിധേയത്വത്തെയുമാണ് അബോധമായി വെളിപ്പെടുന്നത്.

കാലാകാലങ്ങളായുള്ള കാവ്യസങ്കേതങ്ങളിലൂടെ ഉറഞ്ഞുകൂടിയ സൗന്ദര്യഭാവനകളെ അഴിച്ചെടുത്തുകൊണ്ട് അധികാരങ്ങളോട് കലഹിക്കുന്ന വായനാരീതി കെ.സരസ്വതിയമ്മയിലൂടെ തുടർന്നും വികസിക്കുന്നുണ്ട്. ഗീത എഴുത്തമ്മമാർ എന്ന പുസ്തകത്തിൽ സാഹിത്യം എന്ന വ്യവഹാരത്തെ തന്നെ ചോദ്യം ചെയ്യുന്നു. "കലയുടെയുമെന്ന പോലെ സാഹിത്യത്തിന്റെയും സ്രോതസിനെ സംബന്ധിച്ച സിദ്ധാന്തങ്ങൾ രൂപപ്പെട്ടത് പുരുഷനെ മാത്രം കേന്ദ്രീകരിച്ചായിരുന്നു. ശ്രുതവും ബഹുനിർമ്മലവുമായ പ്രതിഭയായാലും പ്രശാന്തതയിൽ അനുസ്മരിക്കപ്പെടുന്ന വികാരമായാലും അത് പുരുഷന്റേതായിരുന്നു". (ഗീത, 2014:121) പാശ്ചാത്യവും പൗരസ്ത്യവുമായ സാഹിത്യ നിർവചനത്തിന്റെ മാനദണ്ഡങ്ങളെ നിയന്ത്രിക്കുന്ന ആണഭിലാഷങ്ങളോടാണ് ഗീതയുടെ നിലപാട് സംവദിക്കുന്നത്. സാഹിത്യം എന്താകണമെന്നും എങ്ങനെയാകണമെന്നും എന്താകാൻ പാടില്ലായെന്നുമുള്ള ആലോചനകളാണല്ലോ നിർവചനങ്ങളായി മാറുന്നത്.ഈ നിർവചനങ്ങളാവട്ടെ സാഹിത്യത്തെ സവിശേഷമായ ഘടനാ മാതൃകയാക്കി മാറ്റുകയും ചെയ്യുന്നു. പ്രശാന്തതയിൽ അനുസ്മരിക്കപ്പെടുന്ന വികാരങ്ങളാണല്ലോ കാൽപനിക വാദികൾക്ക് കവിതയായി അനുഭവപ്പെട്ടത്. എന്നാൽ സാമൂഹികാനുഭവങ്ങളെ വേണ്ടത്ര സ്വാംശീകരിക്കാനോ എഴുത്തിന് പാകപ്പെടുന്ന നിലയിൽ വൈകാരിക പ്രക്രിയയായി മാറ്റുന്നതിനോ അനുകൂലമായ സാമൂഹിക സാഹചര്യം സ്ത്രീകൾക്ക് ഉണ്ടായിരുന്നില്ല എന്ന യാഥാർത്ഥ്യത്തെ കൂടിയാണ് ഗീതയുടെ വിമർശനം വെളിപ്പെടുത്തുന്നത്. അലങ്കാരഭാഷയുടെ പുരുഷതാൽപര്യങ്ങളെ കണ്ടെടുക്കുന്ന കെ.സരസ്വതിയമ്മയും സാഹിത്യനിർവചനത്തിലെ സ്ത്രീയിടങ്ങളെ അന്വേഷിക്കുന്ന ഗീതയും ശ്രദ്ധമാ

യിത്തീർന്ന സാംസ്കാരികവ്യവസ്ഥകളെയാണ് അഴിച്ചുമാറ്റുന്നത്.

സ്ത്രീവാദപഠനങ്ങൾ ഉന്നയിച്ച പ്രശ്നമേഖലകൾ നിർദ്ധാരണം ചെയ്യുന്നതിന് നിലനിൽക്കുന്ന പഠന രീതിശാസ്ത്രത്തിന്റെ വിശകലന പദ്ധതികൾ വേണ്ടത്ര ഫലപ്രദമല്ലെന്ന തിരിച്ചറിവ് രീതിശാസ്ത്രത്തിന്റെ ഘടനയെ തന്നെ മാറ്റിയെഴുതുന്നതിനുള്ള പ്രേരണയായി സ്ത്രീകളുടെ പാരായണത്തിൽ വികസിച്ചുവന്നിട്ടുണ്ട്. ഏതൊരു വിഷയത്തെയും അന്വേഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനുമുള്ള രീതിശാസ്ത്രവും സമീപനങ്ങളും ആ വിഷയവുമായി ബന്ധപ്പെട്ട അറിവുൽപ്പാദനത്തിന്റെ സ്വഭാവത്തെയും പ്രവർത്തനങ്ങളെയും നിർണ്ണായകമായി സ്വാധീനിക്കുന്നുണ്ട്. അറിവിന്റെ ജനാധിപത്യ ഘടനയെ തീരുമാനിക്കുന്നതിൽ അന്വേഷണ വഴികൾക്കും ഗവേഷണത്തിൽ സ്വീകരിക്കുന്ന കാഴ്ചാ സ്ഥാനങ്ങൾക്കും കാര്യമായ പങ്കുണ്ട്. ആയതിനാൽ പുരുഷ നിർമ്മിതാധികാരങ്ങൾ പ്രവർത്തിക്കുന്ന പഠന രീതിശാസ്ത്രത്തെ നിരാകരിച്ചും പൊളിച്ചെഴുതിയും പുതിയ രീതിശാസ്ത്രം തന്നെ വികസിപ്പിച്ചെടുക്കാനുള്ള ശ്രമങ്ങൾ സ്ത്രീവാദ പഠനങ്ങളുടെ സവിശേഷ പരിഗണനയായിരുന്നു. അനുഭവിതജീവിതങ്ങളെ (lived Experience) ജ്ഞാനോൽപ്പാദനത്തിന്റെ കേന്ദ്രമായി വികസിപ്പിച്ചെടുത്ത് കൊണ്ട് വിഷയസമീപനത്തിൽ നിർണ്ണായക ഇടപെടൽ നടത്താൻ സ്ത്രീപക്ഷ പഠനങ്ങൾക്ക് കഴിഞ്ഞു. ഗീത, ശാരദക്കുട്ടി എന്നിവരുടെ രചനകളിൽ ജീവിതാനുഭവങ്ങളെ അറിവുൽപ്പാദനത്തിനുള്ള പ്രാഥമിക ഉപാദാനം തന്നെയായി സ്വീകരിക്കുന്ന സമീപനരീതി കാണാനാവും. തന്റെയും തനിക്കു ചുറ്റുമുള്ള അനേകം മനുഷ്യരുടെയും ജീവിതാനുഭവങ്ങളിൽ നിന്നും ഉൾക്കാഴ്ചകളിൽ നിന്നും രൂപപ്പെടുന്ന അവബോധങ്ങൾ തന്നെ സിദ്ധാന്തങ്ങളായി ഇവരുടെ രചനകളിൽ രൂപാന്തരപ്പെടുന്നു.

ഗീതയുടെ എഴുത്തമ്മാർ എന്ന പുസ്തകത്തിലെ എഴുത്ത് അമ്മയാണെന്ന ഒന്നാമത്തെ ലേഖനത്തിൽ തന്റെ വീട്ടിലെ മുത്തശ്ശിയുടെയും വലിയമ്മയുടെയും അനുഭവത്തിലൂടെയാണ് സ്ത്രീകളുടെ സർഗ്ഗാത്മകതക ശേഷികൾക്ക് എഴുത്തായി മാറാൻ കഴിയാത്ത സാമൂഹിക സാഹചര്യങ്ങളെ വിശകലനം ചെയ്യുന്നത്. മുത്തശ്ശി തന്നോട് ചോദിച്ച ഭാവനാത്മകമായ ചോദ്യങ്ങളിൽ നിന്നും വിവാഹത്തോടെ പുസ്തകങ്ങളെ വീട്ടിൽ ഉപേക്ഷിച്ച് പോവേണ്ടി വന്ന വലിയമ്മയുടെ ജീവിതത്തിൽ നിന്നും അനേകം സ്ത്രീകളുടെ ജീവിതാനുഭവങ്ങളോട് ഗീത സംവദിക്കുന്നു. 'ഇത്രയേറെ ഭാവനകളുണ്ടായിട്ടും എഴുത്തും വായനയും അറിയാമായിരുന്നിട്ടും എന്തേ

മുത്തശ്ശി ഒന്നും എഴുതിയില്ലെന്ന' (ഗീത, 2014:14) ചോദ്യം ഭാവനയുണ്ടായിട്ടും എഴുത്തിലേക്ക് എത്തിപ്പെടാൻ കഴിയാത്ത സകലമാന സ്ത്രീകളുടെയും ചരിത്രത്തെ വെളിപ്പെടുത്തുന്നുണ്ട്. ഈ അനുഭവങ്ങളെ ചരിത്രവത്കരിച്ചുകൊണ്ടാണ് വെർജീനിയ വൂൾഫിന്റെ എഴുത്തുകാരിയുടെ മുറി എന്ന ആശയത്തിലേക്ക് എത്തിച്ചേരുന്നത്. കണ്ടും കേട്ടും അറിഞ്ഞും പരിചയിച്ച നിരവധി സ്ത്രീകളുടെ ജീവിതാനുഭവങ്ങളിൽ നിന്നും സിദ്ധാന്തങ്ങളെ രൂപീകരിച്ചെടുക്കുന്ന രീതി സ്ത്രീവായന നിർമ്മിച്ച രീതി ശാസ്ത്രപരമായ സവിശേഷത കൂടിയാണ്. സ്ത്രീകൾ അനുഭവിച്ചു തീർത്ത ജീവിതം തന്നെ സിദ്ധാന്തമായി രൂപാന്തരപ്പെടുന്നുവെന്ന മാത്രമല്ല അറിവും ജ്ഞാനോൽപ്പാദനവും ജീവിതാനുഭവങ്ങളുടെ പ്രതലത്തിൽ ആഴത്തിൽ നിലയുറപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെയാണ് ഗീത വെർജീനിയ വൂൾഫിന്റെ ഷേക്സ്പിയറിന് ഒരു സഹോദരിയുണ്ടായിരുന്നെങ്കിൽ എഴുതാനുള്ള ഭൗതിക സാഹചര്യങ്ങൾ ഉണ്ടാകുമായിരുന്നില്ലെന്ന ഭാഗം വായിച്ചപ്പോൾ തന്റെയും തന്റെ ചുറ്റിലുമുള്ള സ്ത്രീകളുടെയും അനുഭവമായി അതിനെ തിരിച്ചറിയുന്നത് (ഗീത, 2014:15) ആത്മാനുഭവങ്ങളായി വായനയെ/സിദ്ധാന്തങ്ങളെ തിരിച്ചറിയുന്ന സന്ദർഭം കൂടിയാണിത്. പലപ്പോഴും സാമൂഹിക വിശകലനത്തിനുള്ള എല്ലാ സൈദ്ധാന്തിക പദ്ധതികളെയും രൂപപ്പെടുത്തുന്നത് ജീവിതയാഥാർത്ഥ്യങ്ങളാണെങ്കിലും അവയുടെ കേവലവും സാങ്കേതികവുമായ പ്രയോഗവത്കരണം ഈ യാഥാർത്ഥ്യത്തെ തന്നെ പലപ്പോഴും വിസ്മരിക്കാറുണ്ട്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി സിദ്ധാന്തങ്ങൾ ജീവിതമാണെന്നും സാമൂഹിക യാഥാർത്ഥ്യങ്ങളെ വിശകലനം ചെയ്യുന്നതിന് അനുഭവങ്ങളിൽ നിന്നുറിക്കൂടുന്ന ചിന്തകളുടെ തിവ്രത വേണ്ടി വരുമെന്നും ഫെമിനിസ്റ്റ് രീതിശാസ്ത്രം ബോധ്യപ്പെടുത്തുന്നു. അതുകൊണ്ട് സിദ്ധാന്തത്തെ വിശകലനത്തിന്റെ കേവലമായ ടൂൾ ആയി ഉപയോഗിക്കുന്ന സാമ്പ്രദായിക സമീപനത്തിന് വിപരീതമായി അനുഭവങ്ങളിൽ നിന്ന് സിദ്ധാന്തത്തെ രൂപീകരിച്ചെടുത്തുകൊണ്ട് സാമ്പ്രദായിക വിശകലനപദ്ധതികളോട് കലഹിക്കുന്നു.

ശരീരത്തിന്റെ പാരായണം

ശരീരത്തെ സംബന്ധിച്ച ആധികളും സംഘർഷങ്ങളും സ്ത്രീവാദചിന്ത പദ്ധതികൾ നിരന്തരം അഭിസംബോധന ചെയ്തിരുന്നു. തങ്ങളുടെ ശരീരം അതിന്റെ ചലനങ്ങളും മുദ്രകളും വസ്ത്രധാരണ രീതികളുമെല്ലാം മറ്റാരുടെയോ കാഴ്ചകൾക്ക

നുസരിച്ച് നിർമ്മിക്കപ്പെട്ടാതാണെന്ന ചരിത്രപരമായ തിരിച്ചറിവ് സ്ത്രീപാരായണ കളുടെ സവിശേഷത ആയിരുന്നു. "ശരീരത്തിൽ രേഖപ്പെടുത്തപ്പെട്ട സാമൂഹിക ലിഖിതങ്ങളുടെ പ്രതിലോമകരമായ ആഘാതകളെക്കുറിച്ച് സവിശേഷമായ ശ്രദ്ധ ചെലുത്താൻ സ്ത്രീവാദ പഠനങ്ങൾക്ക് കഴിഞ്ഞുവെന്ന് ജെഫ് ലൂയിസ് (Jeff lewis 2003;295) അഭിപ്രായപ്പെടുന്നു. ശരീരം സാമൂഹികബലങ്ങളുടെ ക്യാൻവാസായ തുകൊണ്ടുതന്നെ ശരീരനിർമ്മിത വ്യവഹാരങ്ങളെ തിരിച്ചറിയേണ്ടതായി വരുന്നു. ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ മലയാളത്തിലെ സ്ത്രീവാദ പഠനങ്ങളും സ്ത്രീ ശരീരനിർമ്മിതികളെ അപനിർമ്മിക്കാൻ ശ്രമിച്ചിട്ടുണ്ട്. ശരീരത്തെയും ശരീരവുമായി ബന്ധപ്പെട്ട പലതരം നിർമ്മിതികളെയും വിമശനാത്മകവായനയിലൂടെ തെളിച്ചത്തിലേക്ക് കൊണ്ടുവരുന്നു.

ഇന്ത്യൻ സംസ്കാരത്തിന്റെ പ്രതീകമായി വിലയിരുത്തപ്പെടുന്ന സാരിയെ സംബന്ധിച്ച മലയാളത്തിലെ ഫെമിനിസ്റ്റ് സംവാദങ്ങൾ ശ്രദ്ധേയമാണ്.കൃലീനതയുടെയും സാംസ്കാരിക സങ്കല്പ്പങ്ങളുടേയും കേന്ദ്ര പദവിയാക്കിമാറ്റപ്പെട്ട സാരി ആൺകാഴ്ചയുടെ പൂരണമായിരുന്നുവെന്ന് ഫെമിനിസ്റ്റുകൾ തിരിച്ചറിയുന്നുണ്ട്. സാരിയുടുത്ത ഒരു സ്ത്രീയ്ക്ക് ഓടാനോ, വേഗത്തിൽ നടക്കാനോ കായിക പ്രക്രിയകളിൽ ഇടപെടാനോ സാധിക്കുമോ ? ഇല്ല എന്നുള്ളതാണ് യാഥാർഥ്യം. അതായത് സ്ത്രീകളുടെ ചലനത്തെ നിയന്ത്രിക്കുന്ന സാരി എങ്ങനെ അവരുടെ ഏറ്റവും അനിവാര്യമായ വസ്ത്രമാക്കി മാറ്റപ്പെട്ടു. ഈ ഒരു പ്രശ്നത്തെ അഴിച്ചെടുക്കാനും പ്രശ്നവത്കരിക്കാനും ജി. ഉഷാകുമാരി ശ്രമിക്കുന്നുണ്ട്. ചുരിദാർ; ഫാഷന്റെ ചിഹ്നരാഷ്ട്രീയവും ലിംഗപദവിയും എന്ന ലേഖനത്തിൽ വസ്ത്രസങ്കല്പവും ലിംഗപദവിയും തമ്മിലുള്ള ബന്ധത്തെ ചരിത്രപരമായി വിശകലനം ചെയ്യുന്നു. സാരിയിൽ നിന്ന് ചുരിദാറിലേക്ക് മാറിയപ്പോൾ സ്ത്രീകളുടെ ചാലനാത്മകതക്ക് കൂടുതൽ ഇടം ലഭിക്കുകയും അരനൂറ്റാണ്ടിന്റെ ചരിത്രത്തിൽ സ്ത്രീകൾ രണ്ടു കാലുകളുള്ള ജീവികളായി അവർ സ്വയം കണ്ടെത്തുകയും ചെയ്തുവെന്ന് ജി.ഉഷാകുമാരി പറയുന്നുണ്ട്. വസ്ത്രധാരണത്തിൽ രൂപം കൊണ്ട നൂതനമായ മാറ്റങ്ങൾ കാലുകളെ സ്വതന്ത്രമാക്കു ന്നതോടൊപ്പം സ്ത്രീകളുടെ പൊതു ഇടങ്ങളിലെ ശരീരനിലകളിൽ ഗുണപരമായ മാറ്റങ്ങൾക്ക് കാരണമായതായും ഇവർ വിശദീകരിക്കുന്നുണ്ട്. (ഉഷാകുമാരി, 2022 : 22) ഒരിക്കലുമൊരു പുരുഷ നോട്ടങ്ങളിൽ പതിയാത്തതും എന്നാൽ സ്ത്രീ ആവിഷ്കാരങ്ങളെ സചേതനായി നിർണ്ണയിച്ചതുമായ ചുരിദാർ നല്കുന്ന ശാരീരിക ചലനക്ഷമതയെ

ചരിത്രവത്കരിക്കാൻ ഈ നിരീക്ഷണങ്ങൾക്ക് സാധിക്കുന്നുണ്ട്. അണിഞ്ഞൊരുങ്ങലിന്റെ ലിംഗമാനതയെ അന്വേഷിക്കുന്ന ലേഖനത്തിന്റെ ''അലങ്കരിക്കപ്പെടുന്ന പൗരുഷം' എന്ന ഭാഗത്ത് അലങ്കാരക്രമീകരണങ്ങളിലെ സ്ത്രീപുരുഷ ദ്വന്ദക്രമങ്ങൾ പുതിയകാലത്ത് എങ്ങനെ മാറ്റപ്പെടുന്നുവെന്ന് സൂക്ഷമമായി നിരീക്ഷിക്കുന്നുണ്ട്. കണ്ണുകളിൽ സുറുമയും മസ്കാരയും കയ്യിൽ വളയും കാതിൽ കമ്മലും അപൂർവ്വമായിട്ടെങ്കിലും മൂക്കുത്തിയും ഇട്ട പുതിയ പുരുഷ അലങ്കാരങ്ങളെ സാംസ്കാരികമായി വായിക്കുന്ന ഉഷാകുമാരി ലിംഗഭേദങ്ങളിലെ അട്ടിമറികളെക്കുറിച്ച് സസൂക്ഷ്മം വിശദീകരിക്കുന്നുണ്ട്. കട്ടിയുള്ള വസ്ത്രം പുരുഷന് നേർമ്മയുള്ള വസ്ത്രം, സ്ത്രീക്ക് വരകളും ചെക്കുകളുമുള്ള വസ്ത്രം, പുരുഷന് പൂക്കളും വള്ളികളും ഇലകളും എംബ്രോയിഡറുകളുള്ളതും പോക്കറ്റില്ലാത്തതുമായ വസ്ത്രങ്ങൾക്ക് സ്ത്രീക്കുമെന്നുള്ള പരമ്പരാഗത ധാരണകൾ മറികടന്ന് ലിംഗാതീതമായ ഫാഷൻ സങ്കൽപ്പങ്ങൾ വികസിച്ചുവരുമ്പോൾ സംഭവിക്കുന്ന സാംസ്കാരിക മാറ്റങ്ങളെ പഠനത്തിൽ അഭിസംബോധന ചെയ്യുന്നു. ഈ നിലയിൽ ദൈനംദിന ജീവിതത്തിൽ അധികം ശ്രദ്ധിക്കാതെ പോകുന്നതും പലരും നിസ്സാരമായി മാത്രം കരുതുന്നതുമായ ശരീരചലനങ്ങളെയും വസ്ത്രധാരണ സൂചകങ്ങളെയും കാമനകളെയും സൂക്ഷ്മമായി തിരിച്ചറിഞ്ഞ് സാംസ്കാരിക ചരിത്രത്തിന്റെ ഭാഗമാക്കാനും വിമോചന പ്രതിനിധാനങ്ങളെ അടയാളപ്പെടുത്താനും ജി. ഉഷാകുമാരിയുടെ പാരായണങ്ങൾക്ക് സാധിച്ചിട്ടുണ്ട്.

പുരുഷകേന്ദ്രീകൃതമായ സദാചാരവ്യവസ്ഥ രൂപപ്പെടുത്തപ്പെട്ട ഇരുട്ടുമുറികളിൽ മറഞ്ഞിരിക്കേണ്ടിവന്ന സ്ത്രീശരീരകാമനകൾ ശാരക്കുട്ടിയുടെ പാരായണങ്ങളിലൂടെ പ്രതിനിധാനം നേടുന്നുണ്ട്. ആശാന്റെ നായകന്മാരുടെ ശരീരത്തിനോടുള്ള ഭീതിയും നായികമാരുടെ പ്രണയന്വേഷണങ്ങളും' ശരീരത്തെ സംയമികൾ എന്തിന് ഭയക്കണമെന്ന ലേഖനത്തിലൂടെ അവതരിപ്പിക്കുന്നു. ശരീരത്തെ സംബന്ധിച്ച ശുദ്ധമായ പാപബോധവും ഭയവുമാണ് ആശാന്റെ നായകന്മാരുടെ പ്രതിസന്ധിക്ക് കാരണമെന്നും നായികമാരുടെ അടുത്തുവരെ ചെന്നിട്ട് തല ചൊറിഞ്ഞുകൊണ്ട് തിരിച്ചുവരുന്നവരാക്കി മാറ്റുന്നതെന്നുമുള്ള ശാരദക്കുട്ടിയുടെ നിരീക്ഷണത്തിൽ (ശാരദക്കുട്ടി, 2020;22)ശരീരത്തെ സംബന്ധിച്ച പരമ്പരാഗത കൽപ്പനകൾ ചോദ്യം ചെയ്യപ്പെടുന്നുണ്ട്. ഈ നിലയിൽ ഒളിച്ചുവെക്കപ്പെട്ടതും അടിച്ചമർത്തപ്പെട്ടതുമായ ലൈംഗികതൃഷ്ണകളിലേക്ക് കടക്കുമ്പോഴാണ് ശാരദക്കുട്ടിക്ക് പലതരത്തിലുള്ള നായകത്വരൂപങ്ങളെ അപനിർമ്മിക്കാൻ സാധിക്കു

ന്നത്. ആശാന്റെയും ഗുരുവിന്റെയും ശരീരത്തോടുള്ള ഭീതി അവരുടെ സാമൂഹിക പ്രവർത്തനത്തെയും രചനകളെയും എങ്ങനെ നിർണ്ണയിക്കുന്നുവെന്ന് അവർ രേഖപ്പെടുത്തുന്നുണ്ട്. സദാചാരസങ്കല്പ്പങ്ങളിലെ സ്ത്രീശരീര വാർപ്പുമാതൃകകളെ പ്രശ്നവത്കരിക്കുമ്പോഴാണ് ശാരദക്കുട്ടിക്ക് നവോത്ഥാനകാല നായകരൂപങ്ങളുടെ മറുപുറം കാണാൻ സാധിക്കുന്നത്. ജാതി-ജന്മിത്വവ്യവസ്ഥകൾ ശരീരത്തെ ആധാരമാക്കിയാണല്ലോ പ്രവർത്തിച്ചുവന്നത്; അതിനാൽ ഈ അധികാരത്തെ മറികടക്കണമെങ്കിൽ ശരീര കേന്ദ്രീകൃതമായ ശ്രേണിബന്ധങ്ങളെ മറികടക്കേണ്ടത് അനിവാര്യതയായിരുന്നു. നവോത്ഥാന നായകരുടെയും അവരുടെ ചിന്തകളുടെയും ശരീരഭീതി ലിംഗപരമായ അധികാരക്രമത്തെ മറികടക്കുന്നതിൽ നിന്ന് അവരെ തടസ്സപ്പെടുത്തി. മാത്രമല്ല സ്ത്രീശരീരത്തെ പുരുഷന്റെ കാമോദ്ദീപനങ്ങളുടെ കേന്ദ്രമായും സാമൂഹികപ്രവർത്തനങ്ങൾക്കുവേണ്ട മാനസിക ഏകാഗ്രതകളുടെ നിരാസസ്ഥാനമായും സങ്കല്പ്പിക്കുന്ന തത്വചിന്താപദ്ധതി നാരായണഗുരുവിന്റെ സ്തോത്ര കൃതികളിലും ആശാന്റെ സാഹിത്യസങ്കല്പ്പനങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. ഇത്തരം ശരീരനിരാസചിന്തകൾ നവോത്ഥാനകാലം തുറന്നിട്ട വിപ്ലവവഴികളിൽ ലിംഗ നീതിയുടെ പ്രശ്നമേഖലകളെ അഭിസംബോധന ചെയ്യുന്നതിൽ നിന്ന് ഒരു പരിധിവരെ തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെയാണ് ശരീരത്തിനുമേൽ എഴുതപ്പെട്ട ജാത്യാധികാര മുദ്രകളെ തിരിച്ചറിയുന്നതുപോലെതന്നെ ലിംഗനീതിയുമായി ബദ്ധപ്പെട്ട ശരീരാലേഖനങ്ങളെ സ്ത്രീവായനകൾക്ക് നിരന്തരം അഭിമുഖീകരിക്കേണ്ടിവന്നത്.ശാരദക്കുട്ടിയുടെ' ശരീരത്തെ സംയമികൾ ഭയക്കുന്നതെന്തിനെന്ന ചോദ്യം വർത്തമാനകാല സന്ദർഭത്തിൽ നിന്നുകൊണ്ട് ചരിത്രത്തിന്റെ ലിംഗാധികാരങ്ങളോട് കലഹിക്കുന്നുണ്ട്. സ്മാർത്തവിചാരം, മേൽമുണ്ട് സമരം, കല്ലുമാലസമരം തുടങ്ങി വ്യത്യസ്ത ചരിത്ര സന്ദർഭങ്ങളിലെ ശരീരാധിഷ്ഠിത വ്യവഹാരങ്ങളെ സ്ത്രീപക്ഷത്തു നിന്ന് നോക്കിക്കാണുന്ന വായനാരീതി സി.എസ് ചന്ദ്രികയും ജെ.ദേവികയും മറ്റും പിന്തുടരുന്നുണ്ട്. "സ്ത്രീകളുടെ ശരീരത്തെ നിയന്ത്രിക്കുന്നതു വഴി സ്ത്രീകളുടെ സാമൂഹ്യചലനാത്മകതയെത്തന്നെ തടയുന്നതെങ്ങനെയെന്ന് മേൽമുണ്ട് സമരം കാണിച്ചുതരുന്നു"വെന്ന സി.എസ് ചന്ദ്രികയുടെ പ്രസ്താവന (ചന്ദ്രിക, 2017;23) ചരിത്ര സന്ദർഭങ്ങളുടെ സൂക്ഷ്മമായ ശരീരപുനർനിർമ്മിതിയാണ്. ശരീരത്തെ കേന്ദ്രമാക്കി നിർത്തികൊണ്ടുള്ള സ്ത്രീവാദ പാരായണങ്ങൾക്ക് ഈ നിലയിൽ സ്ത്രീശരീരങ്ങളുടെ ഒതുക്കങ്ങളെയും നിയന്ത്രണങ്ങ

ളെയും പ്രശ്നവത്കരിക്കാൻ സാധിച്ചിട്ടുണ്ട്. സാംസ്കരിച്ചെടുത്തും ചന്തംവെപ്പിച്ചും ആവശ്യപ്പെടുന്ന പ്രാകൃത അസംസ്കൃത വസ്തുവാക്കി സ്ത്രീശരീരത്തെ മാറ്റുന്ന ബ്യൂട്ടി പാർലറുകൾ, സൗന്ദര്യ മത്സരങ്ങൾ, സിനിമ ടെലിവിഷൻ തുടങ്ങിയവയെ ജെ. ദേവിക (ദേവിക, 2021; 195) പ്രശ്നവത്കരിക്കുന്നുണ്ട്.

സ്ത്രീശരീരത്തെ നിർമ്മിച്ചും പുനർനിർമ്മിച്ചും ആൺകോയ്മകൾ നടത്തുന്ന അബോധമായ കോളനീകരണ ശ്രമങ്ങളെ ഗീത പല നിലകളിൽ പ്രശ്നവത്കരിക്കുന്നുണ്ട്." ഈ കണ്ണാടിയും പെണ്ണിനൊരു ചതിക്കുഴിയാണ്. സ്വന്തം രൂപത്തിന് പകരം പുരുഷൻ അവരിൽ നിന്നും പ്രതീക്ഷിക്കുന്ന രൂപമാണ് അവളതിൽ കാണുന്നത്. സംഗതികൾ വശം മാറിയും തലതിരിച്ചും കാണുന്ന അവളെ സ്വന്തം ഛായയും രൂപവും മുഖവും അവിടെ ചതിച്ചു തുടങ്ങുന്നു. (ഗീത, 2022 :16) എന്ന. ഗീതയുടെ വിലയിരുത്തൽ കാഴ്ചയുടെ അബോധങ്ങളെയും ശരീരത്തിന്റെ കോയ്മകളെയും തിരിച്ചറിയുന്നുണ്ട്. സ്വന്തം ശരീരത്തെപ്പോലും ആൺകോയ്മയുടെ കാഴ്ചാസ്ഥാനങ്ങളാൽ നിർമ്മിക്കപ്പെട്ട കണ്ണാടികളാൽ കാണേണ്ടിവരുന്ന സ്ത്രീകളുടെ അബോധത്തെ ഇവിടെ ഗീത അപനിർമിക്കുന്നുണ്ട്.ഈ നിലയിൽ സ്വന്തം ശരീരത്തെ നിർണയിച്ച ചരിത്രബിംബങ്ങളെ തിരിച്ചറിയാനും ആൺകോയ്മയുടെ അഭിലാഷങ്ങളെ വിമർശന വിധേയമാക്കാനും സ്ത്രീകൾ സ്വന്തം ശരീരത്തെ നോക്കിക്കാണുന്ന വിധത്തെ പോലും അപനിർമിക്കാനും ശ്രമിക്കുക വഴിയാണ് സ്ത്രീവാദപാരായണങ്ങൾ അർഥപൂർണ്ണമാകുന്നത്.

വൈകാരികതകളുടെ രാഷ്ട്രീയം

സ്വന്തം കാമനകളുടെയും ആസക്തികളുടെയും തൃഷ്ണകളുടെയും തുറന്നെഴുത്ത് സ്ത്രീവാദ ചിന്തകളുടെ മറ്റൊരു മുഖമാണ്. തങ്ങളുടെ കാമനകൾക്കനുസരിച്ച് സ്ത്രീ വികാരങ്ങളെ സെറ്റ് ചെയ്തെടുക്കാൻ ശ്രമിക്കുകയും അതിനനുസരിച്ച് മാത്രം സംസാരിക്കുകയും ചെയ്യുന്ന പരമ്പരാഗത സ്ത്രീത്വത്തിന് ബദലുകൾ നിർമ്മിക്കുക എന്നതാണ് ഈ തുറന്നെഴുത്തിന്റെ അടിസ്ഥാനം. വൈകാരികതകളെ തുറന്നെഴുതുന്ന സ്ത്രീകളെ "പിഴച്ചവളായും" തുറന്നുപറയാത്ത സ്ത്രീകളെ "വിശുദ്ധയായും " പ്രഖ്യാപിച്ചാണ് ആൺകോയ്മകൾ ഈ തുറന്നെഴുത്തിനെ നേരിടുന്നത്. സ്ഥിരമായി ആസക്തികളെ തുറന്നെഴുതുന്ന സ്ത്രീവാദചിന്തകരും, എഴുത്തുകാരും ഇത്തരം പുരുഷനിർമ്മിതികൾക്ക് നിരന്തരം ബദലുകൾ ഉണ്ടാക്കുന്നുണ്ട്. സ്വന്തം വൈകാരിക

പദ്ധതികൾക്കനുസരിച്ച് സ്ത്രീ ശരീരത്തെയും വികാരങ്ങളെയും നിർണ്ണയിക്കാൻ ശ്രമിക്കുന്ന പുരുഷാധിപത്യ ആശയധാരകളെ ഇത് നിരന്തരം മുറിപ്പെടുത്തുന്നു " ശരീരത്തിന്റെ ആനന്ദകരമായ അവസ്ഥകളെക്കുറിച്ചെഴുതാൻ സ്ത്രീ മടിക്കുന്നു. ആനന്ദാനുഭവങ്ങൾ ആവരുടെ ബോധമണ്ഡലത്തിലേക്ക് വരുന്നില്ല അഥവാ വന്നാൽ തന്നെ പാപബോധമാണ് അതുണർത്തുന്നത്". (ശാരദക്കുട്ടി, 2020;209) എന്ന് ശാരദക്കുട്ടി എഴുതുമ്പോൾ പാപ ബോധങ്ങൾക്ക് പിന്നിലുള്ള പുരുഷാധിപത്യ പരമായ വൈകാരിക നിർമ്മിതികൾ വ്യക്തമാക്കപ്പെടുന്നു. അതുകൊണ്ടുതന്നാണ് "ഓരോ സ്ത്രീയും തന്റെ ശരീരത്തിന്റെ നാനാതരം അനുഭവങ്ങളെയും അതിന്റെ സൂക്ഷ്മങ്ങളെ വരെ മുഴുവൻ ആനന്ദത്തോടും തിരിച്ചറിയാൻ കഴിയണ" (ശാരദക്കുട്ടി, 2020; 23 4) മെന്ന് ശാരദക്കുട്ടി പറയുന്നത്. സ്വന്തം വൈകാരിതകളെ തുറന്നെഴുതി പുരുഷനിർമ്മിത സ്ത്രീവൈകാരികതകളെ പൊളിക്കുക എന്നതാണ് ഇത്തരം പാരായണങ്ങളുടെ ആധാരം. മാത്രമല്ല സ്ത്രീകളുടെ വൈകാരിതകൾക്കും ആസക്തികൾക്കും പിന്നിൽ അവരുടെ സ്വാതന്ത്ര്യാസ്തിത്വം ഉണ്ടെന്നും അതിനോട് പോരടിക്കുന്ന അലൈംഗികതയുടെയും പിതൃതധികാരത്തിന്റെയും മറ്റൊരു സ്ത്രീയുമുണ്ടെന്നും (ശാരദക്കുട്ടി, 2020; 306) ശാരദക്കുട്ടി പറയുന്നുണ്ട്. ഈ നിലയിൽ തുറന്നെഴുത്ത് നടത്തുന്ന സ്ത്രീ അവരുടെ തന്നെയുള്ളിലെ പരമ്പരാഗത സ്ത്രീയോടും അതിനെ നിർമ്മിക്കുന്ന ആൺകോയ്മാ വ്യവസ്ഥയോടും ഒരേ സമയം പോരാടേണ്ടിവരുന്നു.

പ്രണയമില്ലാതെ യാന്ത്രികമായി രതിയിലേർപ്പെടുകയും ബലാത്സംഗത്തോളം എത്തുകയും ചെയ്യുന്ന പുരുഷന്റെ അധികാര പ്രയോഗങ്ങളെ മറികടന്നുകൊണ്ടാണ് സി.എസ് ചന്ദ്രിക പ്രണയ രതിയെന്ന സങ്കൽപ്പത്തെ മുന്നോട്ടുവെക്കുന്നത്. പ്രണയത്തിന്റെ സ്വാഭാവികതയിലൂടെ എത്തി ചേരുന്ന ലൈംഗികാനന്ദം സ്ത്രീവൈകാരികതയുടെ സവിശേഷതയാണ്. മാത്രമല്ല പ്രണയകാമനകൾ പങ്കുവെക്കാൻ ഒരു ഭാഷയില്ലാതാകുന്നതിനെക്കുറിച്ചും (ചന്ദ്രിക, 2018;36) അവർ സൂചിപ്പിക്കുന്നുണ്ട്. കാമനകളെയും ലൈംഗികാനന്ദങ്ങളെയും വിനിമയം ചെയ്യുന്നതിന് അനിവാര്യമായ ഭാഷയില്ലായ്മ ഒരു സ്വാഭാവിക പ്രക്രിയയല്ലെന്നും അത് അധീശതൃഷ്ണകളുടെ സൃഷ്ടിയാണെന്നും സി.എസ് ചന്ദ്രികയുടെ ചിന്തകളിലൂടെ നമുക്ക് മനസ്സിലാക്കാം. പുരുഷന്മാർക്കുവേണ്ടി വേണ്ടി പുരുഷന്മാരാൽ നിർമ്മിക്കപ്പെടുന്ന നീലചിത്രങ്ങൾ കച്ചവട രതിയുടെ സൃഷ്ടിയാണെന്നും അത് യാന്ത്രികവും കൃത്രിമ

വും പുരുഷ കേന്ദ്രികൃതവുമാണെന്നും ഇവർ വ്യക്തമാക്കുന്നുണ്ട്. (ചന്ദ്രിക 2018 : 50) ഈ നിലയിൽ സ്ത്രീ തൃഷ്ണകൾക്ക് മേൽ ആൺകോയ്മകൾ ഉണ്ടാക്കിയെടുത്ത സമ്മർദ്ദതന്ത്രങ്ങളെ മറി കടന്നുകൊണ്ട് സ്ത്രീ വൈകാരികോന്മാദങ്ങളെ ആസ്പദ മാക്കിയാണ് ആസ്പദമാക്കി 'പ്രണയകാമസൂത്രം 'സി.എസ് ചന്ദ്രിക രചിക്കുന്നത് " ഭാര്യ ആയവൾ സ്വന്തം വസ്ത്രങ്ങൾ മുഴുവൻ സ്വയം അഴിച്ചു മാറ്റിയാൽ എന്തായിരി ക്കും കുടുംബങ്ങളിലെ കിടപ്പറകളിൽ സംഭവിക്കുക " (ചന്ദ്രിക, 2018: 107) എന്ന പ്രകോപനപരമായ ചോദ്യത്തിലൂടെ ലൈംഗികതയിലെ പുരുഷകർതൃത്വങ്ങൾക്ക് ബദലനുഭവങ്ങൾ ഒരുക്കുന്നു .

ശാരദകുട്ടിയുടെ ശരീരം; മരണമുള്ള ദൈവം എന്ന ലേഖനത്തിൽ വൈകാ രികതകളെ അഭിസംബോധന ചെയ്യുന്നതിൽ പരാജയപ്പെട്ടു പോകുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ മൂല്യവ്യവസ്ഥയെ വിമർശനാത്മകമായി വിലയിരുത്തുന്നുണ്ട് "വൈകാരികമെന്നത് അത്ര തരംതാണ അവസ്ഥയൊന്നുമല്ല. മനുഷ്യനെ സ്പർശി ക്കുന്നതിൽ കമ്യൂണിസ്റ്റ്പാർട്ടി പരാജയപ്പെട്ടിടത്താണ് സ്വാൾശാലിംഗനങ്ങളുടെ സാന്ത്വനവുമായി ആൾ ദൈവങ്ങൾ ആൾക്കൂട്ടത്തെ തട്ടിയെടുത്തത്" (ശാരദക്കു ട്ടി, 2020: 236). സ്പർശനവും ആലിംഗനവും കേവലമായ ശാരീരികപ്രകടനങ്ങൾ അല്ലെന്നും ചരിത്രവുമായി കണ്ണിചേർന്നു പ്രവർത്തിക്കുന്ന സാംസ്കാരിക അർഥനിർ മ്മിതി ആണെന്നും ഈ നിരീക്ഷണം ബോധ്യപ്പെടുത്തുന്നുണ്ട്. ജാതിയുടെ അധികാ രങ്ങൾ ഹിംസാത്മകമായി പ്രവർത്തിച്ചിരുന്ന അസ്പൃശ്യതയെ നിരാകരിക്കുന്ന വൈകാരിക പ്രേരണ കൂടിയാണല്ലോ സ്പർശം.മനുഷ്യ ശരീരങ്ങൾ തമ്മിൽ തൊ ട്ടുകലർന്നു കൊണ്ട് ഊഷ്മളവും ആനന്ദകരവുമായ സംവേദനം ആലിംഗനത്തിലൂ ടെ സാധ്യമാവുന്നുണ്ട്. ലിംഗവ്യവസ്ഥയുടെ സദാചാരപരമായ അതിർത്തികളെ മറികടന്ന് ശരീരങ്ങൾ തമ്മിൽ ചേരുന്ന സ്പർശാലിംഗനങ്ങൾക്ക് സൂക്ഷമമായ രാഷ്ട്രീയ വിവക്ഷകൾ ഉണ്ടെന്ന് കാണാനാവും ഇത്തരം ചരിത്രത്തിന്റെ പശ്ചാത ലത്തിൽ നിന്നാണ് ശാരദക്കുട്ടിയുടെ നിരീക്ഷണങ്ങൾക്ക് കൂടുതൽ വിശാലമായ അർഥവിവക്ഷകൾ കൈവരുന്നത്. വൈകാരികതകളുടെ മൂല്യത്തെ രാഷ്ട്രീയ പ്ര സ്ഥാനങ്ങൾക്ക് വേണ്ടത്ര പരിഗണിക്കാൻ കഴിയാത്തിടത്തു നിന്നാണ് ആൾദൈ വങ്ങളുടെ ആലിംഗന സാന്ത്വനം ഉയർന്നു വരുന്നത്. വൈകാരികതകളുടെ രാഷ്ട്രീ യമൂല്യത്തെ വേണ്ടത്ര പരിഗണിക്കാതെ പോകുന്ന സാമൂഹികപ്രവർത്തനങ്ങളെ വെളിപ്പെടുത്താൻ ഇത്തരം വായനാപദ്ധതികൾക്ക് സാധിച്ചിട്ടുണ്ട്.

കേരളത്തിലെ സ്ത്രീവാദചിന്തകൾ പലനിലകളിൽ പരമ്പരാഗത ശ്രേണിബന്ധങ്ങളെ മറികടക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും സ്വയം വിമർശനവും നവീകരണവും ഈ ഒരു ദർശനത്തിന് അനിവാര്യമാണ്. പരമ്പരാഗത മാതൃത്വ പിതൃത്വ ബിംബങ്ങൾ എങ്ങനെ സ്ത്രീവിരുദ്ധമാകുന്നുവെന്ന് പലനിലകളിൽ സ്ത്രീ ചിന്തകൾ അഭിസംബോധന ചെയ്തിട്ടുണ്ടെങ്കിലും ഗീതയുടെ എഴുത്തമ്മമാർ, കളിയമ്മമാർ എന്നീ പുസ്തകനാമങ്ങൾ തന്നെ ചില നിലകളിൽ പിതൃരൂപങ്ങളുടെ ഭാരങ്ങളെ പേറുന്നുണ്ട്. എഴുത്തച്ഛന്മാർ നിർമ്മിച്ച എഴുത്തുപുരകളുടെ തച്ചുശാസ്ത്രങ്ങൾക്ക് ബദലായി രൂപീകരിച്ച എഴുത്തമ്മമാർ എന്ന സംപ്രത്യയം തന്നെ വിരുദ്ധ ദ്വന്ദ്വക്രമങ്ങളായി മാറുന്നു. മാത്രമല്ല ലിംഗവൈവിധ്യങ്ങളുടെ അനുഭവലോകങ്ങൾ എഴുത്തിന്റെ ഈ ദ്വന്ദ്വക്രമത്തിൽ തട്ടി തകർന്നു പോവുകയും ചെയ്യുന്നു.

സ്ത്രീ ശരീരാവിഷ്കാരങ്ങളുടെ സാധ്യതകൾ അഭിസംബോധന ചെയ്യേണ്ടുന്ന സാഹചര്യം അനിവാര്യമായിരിക്കുമ്പോൾ തന്നെ ഇത്തരം ആവിഷ്കാരങ്ങൾ ആരെ പ്രതിനിധാനം ചെയ്യുന്നുവെന്ന് കൂടി തിരിച്ചറിയേണ്ടതുണ്ട്. സ്വാഭാവിക കാഴ്ചകൾ അടഞ്ഞു പോയ കേരളീയ സാംസ്കാരികാന്തരീക്ഷത്തിലേക്കാണ് ഷക്കീലയും രേഷ്മയും മാറിടങ്ങൾ തുറന്നിട്ടതെന്ന ശാരദക്കുട്ടിയുടെ (ശാരദക്കുട്ടി, 2020;203) അഭിപ്രായം വിമർശനാത്മകമായി നോക്കി കാണേണ്ടതുണ്ട്. ഷക്കീലയുടെയും രേഷ്മയുടെയും നഗ്നതയെ തുറന്നുകാട്ടലെന്ന കേവല പ്രക്രിയയായി അവതരിപ്പിക്കാൻ ശാരദക്കുട്ടി ശ്രമിക്കുന്നുണ്ടെങ്കിലും തുറന്നുകാട്ടിക്കുക എന്ന പുരുഷനിർമ്മിത പ്രേരണയാണല്ലോ ഇതിനു പിന്നിൽ പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ ഇതിനെ ക്രിയാത്മകമായ പ്രക്രിയയായിട്ടല്ല പ്രയോജനാത്മകമായ (പുരുഷ കാമനകൾ, കമ്പോളം) തുറന്നു കാട്ടിക്കലായിട്ടാണ് മനസിലാക്കേണ്ടത്. ഈ നിലയിൽ സ്വയം വിമർശനാത്മകമായ സംവാദരീതികളും ബഹുസ്വരാത്മകമായ ആശയമണ്ഡലവും സ്ത്രീവാദ ചിന്തകളുടെ മുന്നോട്ടുള്ള വളർച്ചക്ക് അനിവാര്യമാണ്.

വൈകാരികതകളെയും അനുഭവങ്ങളെയും പൊതുവെ തുച്ഛവും നിസാരവുമായി പരിഗണിച്ചുവന്നിരുന്ന വിശകലനമാതൃകകളിൽ നിന്നും വ്യത്യസ്തമായി അനുഭവങ്ങളെ രാഷ്ട്രീയമായി തിരിച്ചറിയുന്ന പാരായണ രീതികൾ സ്ത്രീവാദ ചിന്തകളിലാണ് സവിശേഷമായി വികസിച്ചുവരുന്നത്. മാത്രമല്ല ദൈനംദിന ജീവിതാനുഭവങ്ങളിലെ വ്യത്യസ്തസന്ദർഭങ്ങളെ സാംസ്കാരിക രാഷ്ട്രീയത്തിന്റെ അവബോധത്തിൽ മനസിലാക്കുകയും അവയിലെ ലിംഗക്രമീകരണങ്ങളോട് വി

മർശനാത്മകമായി സംവദിക്കുകയും ചെയ്യുന്നു. പരമ്പരാഗത ജ്ഞാനാവബോധത്തെ മറികടക്കുന്നതിന് പര്യാപ്തമായ നിലയിൽ ഉയർത്തികൊണ്ടുവന്ന പഠന രീതിശാസ്ത്രം, അനുഭവങ്ങളിൽ നിന്ന് സിദ്ധാന്തങ്ങളെ രൂപപ്പെടുത്തുന്ന സമീപനരീതി, പുരുഷ കേന്ദ്രീകൃതശരീര കാമനകളെ മറികടക്കുന്ന സംവാദഘടന, ചരിത്രത്തിൽ തമസ്കരിക്കപ്പെട്ട സ്ത്രീകളുടെ വീണ്ടെടുപ്പ് തുടങ്ങിയവയിലൂടെ രൂപപ്പെടുത്തിയ സ്ത്രീപക്ഷ പാരായണക്രമം കേരളീയസാംസ്കാരിക ജീവിതത്തെ പുനർനിർമ്മാണത്തിന് വിധേയമാക്കി. ബ്ലാക്ക് ഫെമിനിസ്റ്റ് ആയ പെട്രീഷ്യാ ഹിൽ കൊളിൻസ് പറയുന്നതുപോലെ സ്വന്തം ശബ്ദം വീണ്ടെടുക്കാനുള്ള പോരാട്ടങ്ങളുടെ പരിണിത ഫലമാണ് സ്ത്രീകളുടെ എഴുത്തുകളും വായനാപദ്ധതിയും. അതുകൊണ്ടുതന്നെ നിശബ്ദമാക്കപ്പെട്ട ശബ്ദങ്ങളെ അത് വീണ്ടെടുക്കുന്നു.

അവലംബിതസൂചിക

- ഉഷാകുമാരി ജി., *ശരീരത്തിന്റെ സാമൂഹികഭാവനകൾ*, ഡി.സി.ബുക്സ്, കോട്ടയം, 2022
- ഗീത, *എഴുത്തമ്മമാർ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014
- ചന്ദ്രിക സി.എസ്., *കേരളത്തിന്റെ സ്ത്രീചരിത്രങ്ങൾ, സ്ത്രീ മുന്നേറ്റങ്ങൾ*, ഡി.സി.ബുക്സ്, കോട്ടയം, 2017
- ചന്ദ്രിക സി.എസ്., *പ്രണയകാമസൂത്രം*, ഡി.സി.ബുക്സ്, കോട്ടയം, 2018
- ദേവിക ജെ., *നിരന്തരപ്രതിപക്ഷം*, ഡി.സി.ബുക്സ്, കോട്ടയം, 2021
- ശാരദക്കുട്ടി എസ്., *എത്രയെത്ര പ്രേരണകൾ*, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2020
- ശാരദക്കുട്ടി എസ്., *ഇവിടെ ഞാൻ എന്നെ കാണുന്നു*. മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2020
- സരസ്വതിയമ്മ കെ., *സരസ്വതിയമ്മയുടെ സമ്പൂർണ്ണ കൃതികൾ*, ഡി.സി.ബുക്സ്, കോട്ടയം, 2020
- Lewis, Jeff, *Cultural studies – The Basic Sage Publication*, New Delhi, 2002
- Collins, Patricia, *Black Feminist Thought*, Routledge, Newyork, 2000

മാധ്യമപരിണാമവും കവിതാപുസ്തകങ്ങളും :

പുസ്തകസംസ്കാരത്തിൽ ഇന്റർനെറ്റധിഷ്ഠിതമാധ്യമങ്ങളുടെ സ്വാധീനത്തെക്കുറിച്ച് കേരളീയസൂചകങ്ങളെ ആധാരമാക്കി ചില ആലോചനകൾ

ഡോ. സിന്ധു കെ. വി.
അസോസിയേറ്റ് പ്രൊഫസർ, മലയാള വിഭാഗം,
സി.എ.എസ്. കോളേജ്, മാടായി.

പ്രബന്ധസംഗ്രഹം:

രണ്ടായിരത്തിനു ശേഷമുള്ള മലയാള പുസ്തകസംസ്കാരത്തിൽ ഇന്റർനെറ്റുണ്ടാക്കിയ സ്വാധീനങ്ങളെ അന്വേഷിക്കുന്നു. രണ്ടായിരത്തിനു ശേഷം അച്ചടിച്ച കവിതാപുസ്തകങ്ങളെയാണ് ഈ പഠനത്തിനാധാരമായി സ്വീകരിച്ചിരിക്കുന്നത്. അച്ചടിസംസ്കാരത്തിൽ സാങ്കേതികതയും നവമാധ്യമസംസ്കാരവും വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണെന്നും ലോകത്തിന്റെ പല ഭാഗങ്ങളിലായുള്ള എഴുത്തുകാർ എങ്ങനെയാണ് ഈ മാറ്റത്തിന്റെ ഭാഗമായതെന്നും ഈ മാറ്റം സൃഷ്ടിച്ച സാംസ്കാരിക രൂപീകരണങ്ങൾ എന്തായിരുന്നുവെന്നും അന്വേഷിക്കുന്നത് ഉചിതമായിരിക്കും. ഈ അന്വേഷണത്തിന് തുടക്കമിടാൻ ഈ പ്രബന്ധം പരിശ്രമിക്കുന്നു. കേരളത്തിലെ പുസ്തക വിപണിയുടെ താത്പര്യത്തെ പരിപോഷിപ്പിക്കുന്നതിൽ ഇന്റർനെറ്റധിഷ്ഠിത മാധ്യമങ്ങൾ നിർവ്വഹിക്കുന്ന ധർമ്മവും അതേ സമയം കവിതാപുസ്തകങ്ങൾ സ്വയംപ്രസാധനമേറ്റെടുക്കുന്ന സന്ദർഭവും ഇവിടെ വിശകലനവിധേയമാവുന്നു.

താക്കോൽ വാക്കുകൾ:

മാധ്യമപരിണാമം, പ്രതീതിയാഥാർത്ഥ്യം, ഓൺലൈൻ, ഓഫ് ലൈൻ, സൈബറിടം, ഭാവുകത്വപരിണാമം, തിരമൊഴി, സ്വയംപ്രസാധനം, പുസ്തകസംസ്കാരം

ആമുഖം

അച്ചടിയിൽനിന്ന് ഇന്റർനെറ്റധിഷ്ഠിത ഡിജിറ്റൽ മാധ്യമങ്ങളിലേക്കുള്ള പരിവർത്തനത്തിന്റെ കാലമാണ് നമ്മുടേത്. അച്ചടിയെ അപ്രസക്തമാക്കിയല്ല, പലമട്ടിൽ പൂരിപ്പിച്ചു കൊണ്ടും ഉൾക്കൊണ്ടുമാണ് ഈ പരിവർത്തനം നടക്കുന്നത്. ഈ പരിവർത്തനത്തിന്റെ സൂക്ഷ്മാംശങ്ങൾ പഠനവിധേയമാക്കേണ്ടതുണ്ട്. രണ്ടായിരാമാണ്ടിനുശേഷം നടന്നു കൊണ്ടിരിക്കുന്ന മാധ്യമപരിണാമവും കവിതാപുസ്തകങ്ങളും തമ്മിലുള്ള ബന്ധത്തെ ആധാരമാക്കി ചില നിരീക്ഷണങ്ങൾ അവതരിപ്പിക്കാനാണ് ഈ പ്രബന്ധത്തിൽ പരിശ്രമിക്കുന്നത്. കവിതയ്ക്ക് ഒരു നിർവ്വചനം സാധ്യമല്ലെന്നിരിക്കിലും ജീവിതത്തെ സാന്ദ്രമായി ആവിഷ്കരിക്കാനുള്ള ഒരു സാഹിത്യജനുസ്സെന്നനിലയിൽ എക്കാലവും അത് നിലകൊള്ളാറുണ്ട്. പുതിയ കാലത്തെ എഴുത്തിനെ സാങ്കേതികമായി കൃതിപ്പിച്ച ഒരു യന്ത്രമാണ് കമ്പ്യൂട്ടർ. വിനിമയത്തെ സജീവമായി ചലിപ്പിക്കുന്ന നവമാധ്യമങ്ങൾ സാഹിത്യത്തെയും കലയേയും കൂടി പ്രചോദിപ്പിക്കുകയുണ്ടായി. ഓരോരുത്തർക്കും തന്റേത് എന്ന് വിശ്വസിക്കാനാവുന്ന ഒരു പ്രതീതി യാഥാർത്ഥ്യമാണ് നവമാധ്യമം നല്കുന്ന വലിയ സാധ്യതകളിൽ ഒന്ന്. സ്വന്തമോ, സ്ഥിരമോ ആയ ഒരിടമല്ലെങ്കിലും അത്തരം പ്രതീതി ദ്യോതിപ്പിക്കുന്ന ചിലത് ഈ മാധ്യമത്തിനുണ്ട്. അത് എഴുത്തുകാർക്കും വായനക്കാർക്കും ഇടയിലെ മൂന്നാമനെ ഒഴിവാക്കുന്നു. സൈബർപ്രതലം ഒരു സ്ഥായിയായ ഇടം അല്ല എന്ന തോന്നലിനെ മുന്നിൽ വച്ചു തന്നെയാണ് അതിന്റെ സാധ്യതയെ ഉപഭോക്താക്കൾ ഉപയോഗിക്കുന്നത്. സൈബർ പ്രതലം രൂപപ്പെടുത്തിയ നവമാധ്യമീകരണത്തിന്റെ സാധ്യതകൾ വികസിതമായ ഒരു ജനുസ്സാണ് പുതിയ മലയാളകവിത. നവമാധ്യമകാലകവിതയെന്ന് പഠിതാക്കൾ ഈ കവിതാപരിണാമത്തെ അടയാളപ്പെടുത്തിയിട്ടുണ്ട് (സന്തോഷ്, മാനിച്ചേരി, 2015:149). മാധ്യമപരിണാമത്തെയും കവിതാപരിണാമത്തെയും പരസ്പരം ബന്ധിപ്പിക്കുന്ന ആശയഘടനകളും ജനുസ്സിനെയും രൂപത്തെയും ബന്ധിപ്പിക്കുന്ന പ്രത്യയശാസ്ത്രവുമെല്ലാമാണ് ഈ നിരീക്ഷണങ്ങളെ

പ്രസക്തമാക്കുന്നത്. മാധ്യമപരിണാമത്തിന്റെ വലിയ സന്ദർഭത്തെ സമകാലിക മായ പുസ്തകസംസ്കാര (Book culture)വുമായി ബന്ധിപ്പിച്ച് പരിശോധിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

പുസ്തകസംസ്കാരത്തിന്റെ കേരളീയസന്ദർഭം

അച്ചടിപ്പുസ്തകങ്ങളുടെ ചരിത്രം തന്നെയാണ് കേരളീയാധുനികതയുടെ ചരിത്രം. കേരളത്തിലെ പുസ്തകചരിത്രത്തെക്കുറിച്ചുപഠിച്ചിട്ടുള്ളവർ അത് സ്ഥാപി ച്ചിട്ടുണ്ട്. (ശ്രീകുമാർ, എ.ജി 2016) എന്നാൽ അച്ചടിച്ച പുസ്തകങ്ങളിലൂടെയുണ്ടായ സാംസ്കാരികരൂപീകരണങ്ങൾ കേവലമായ അച്ചടിചരിത്രം മാത്രമല്ല, പുസ്തകമു ണ്ടാക്കലും വിതരണവും വായനയും അവ രൂപപ്പെടുത്തിയ സാമൂഹികമണ്ഡലവു മെല്ലാം ചേർന്ന വരുന്ന ഒന്നാണ് (Kurschus, S., 2015). വിപുലമായ പാരമ്പര്യ ത്തോടൊപ്പം കാലികമായ അഭിരുചിമണ്ഡലത്തിന്റെ പ്രത്യയശാസ്ത്രവും ചേർന്നാ ണ് പുസ്തകസംസ്കാരം വികസിക്കുന്നത്. താഴെപറയുന്ന ആറു തലങ്ങൾ പുസ്തകസം സ്കാരത്തിനുള്ളതായി കണക്കാക്കാവുന്നതാണ് :

1. വായനശീലം: വായനയിലെ ശീലങ്ങളും വായനക്കാരുടെ സമീപനവുമാണ് പുസ്തകസംസ്കാരത്തെ സവിശേഷമാക്കുന്നത്. അഭിരുചിയുടെ പ്രത്യയശാസ്ത്ര വുമായിട്ടാണ് ഇതു ബന്ധപ്പെടുന്നത്. ആളുകൾ സന്തോഷത്തിനു വേണ്ടിയോ പഠനാവശ്യത്തിനോ സ്വതന്ത്ര ജ്ഞാനാന്വേഷണവുമായി ബന്ധപ്പെട്ടോ പുസ്ത കങ്ങളോടിടപഴകുന്നു.
2. പ്രസിദ്ധീകരണവ്യവസായം: എഴുത്തുകാർ, എഡിറ്റർമാർ, പ്രസാധാകർ പുസ്ത കവ്യാപാരികൾ, ഇവരെല്ലാം ഉൾപ്പെട്ട പുസ്തകനിർമ്മാണ വിതരണ പ്രക്രിയക ളെല്ലാം പുസ്തകസംസ്കാരത്തെ സജീവമാക്കുന്നു.
3. വായനശാലകളും പുസ്തകശാലകളും; പുസ്തകങ്ങൾ സൂക്ഷിക്കുകയും വിൽക്കുക യും ചെയ്യുന്ന സ്ഥാപനങ്ങളും ഇടങ്ങളും പുസ്തകസംസ്കാരത്തിന്റെ ഇടങ്ങളായി മാറുന്നു.
4. സാഹിത്യോത്സവങ്ങളും പരിപാടികളും: പുസ്തകസംസ്കാരത്തെ പ്രചോദിപ്പിക്കു ന്നവയാണ് സാഹിത്യോത്സവങ്ങളും പരിപാടികളും. വായനയെ വിപുലപ്പെടു ത്തുകയും ജനകീയമാകുകയും ചെയ്യുന്നതിൽ ഇവയ്ക്ക് വലിയ പങ്കുണ്ട്.
5. പുസ്തകശേഖരണം : പുസ്തകങ്ങൾ വാങ്ങി ശേഖരിക്കുകയും ഉപയോഗിക്കുകയും

അലങ്കാരമായി പ്രയോജനപ്പെടുത്തുകയും സംരക്ഷിക്കുകയുമെല്ലാം ചെയ്യുന്ന രീതികൾ വായനക്കാർക്കിടയിലുണ്ട്.

6. ഡിജിറ്റൽ കൾചർ: ഓഡിയോ ബുക്കുകളും ഇ-ബുക്കുകളും മൊബൈൽ ഫ്രണ്ട്ലി ഡോക്യുമെന്റുകകളുമെല്ലാം പുസ്തകസംസ്കാരത്തെ വിപുലീകരിക്കുന്നു.

സമീപകാലത്ത് കേരളീയ പുസ്തകസംസ്കാരത്തിന് വന്നുചേർന്നിട്ടുള്ള ഏറ്റവും വലിയ മാറ്റം വിപണിയിലധിഷ്ഠിതമായ ഉപഭോഗസംസ്കാരത്തിന്റെ സ്വാധീനമാണ്. വായനക്കൂട്ടങ്ങളുടെ ശീലരൂപീകരണങ്ങളെ നിരീക്ഷിച്ചാൽ അതു ബോധ്യമാവും. പുസ്തകവില്പനയുടെ കേന്ദ്രത്തിൽ ഫിക്ഷൻ വരുന്നതും മറ്റുള്ള ജനുസ്സുകൾ വശങ്ങളിലേക്ക് മാറുന്നതും സാമാന്യമായി ഈ വിപണി കേന്ദ്രിതത്വമായി വിലയിരുത്താവുന്നതാണ്.

നവകവിതയും പ്രസാധനപ്രശ്നവും

രണ്ടായിരത്തിന്റെ തുടക്കം മുതൽ സാമൂഹികമാധ്യമസ്ഥലത്തു നിന്ന് അച്ചടിയിലേക്കെത്തിയ കവിതാപുസ്തകങ്ങളെ ആധാരമാക്കിയാണ് ഈ വിശകലനം നിർവ്വഹിക്കുന്നത്. മാധ്യമങ്ങളുടെ പരിണാമം സൃഷ്ടിക്കുന്ന സാംസ്കാരരൂപീകരണങ്ങളെ വിശദമാക്കുന്നു എന്നതാണ് ഈ പഠനത്തിന്റെ പ്രസക്തി.രണ്ടായിരത്തിനു ശേഷമുള്ള മലയാളകവിതയെ ജനാധിപത്യവത്കരിക്കപ്പെട്ട കവിതയെന്ന് സാമാന്യമായി വിശേഷിപ്പിക്കുന്നതിന് സാധുതയുണ്ട്. അത്തരം ശ്രമങ്ങൾ അതിനുമുമ്പും ഉണ്ടായിട്ടില്ലെന്നല്ല, സാങ്കേതികത ഈ മാറ്റത്തിൽ ലോകത്തിന്റെ പല ഭാഗങ്ങളിലായുള്ള എഴുത്തുകാരെ ഇതിന്റെ ഭാഗമാക്കി. കവിതയുടെ ഭാവുകത്വപരിണാമങ്ങളിൽ വലിയ മാറ്റം അഭിമുഖീകരിച്ച കാലം കൂടിയായിരുന്നു അത്. ആ മാറ്റം ഭാഷയുടെ സ്വാഭാവിക അതിജീവനത്തിന്റെ സാധ്യത കൂടി തുറന്നിട്ടു. ആഖ്യാനങ്ങളിലും ഏറെ പരിണാമങ്ങൾ ഉണ്ടായി. അനുഭവങ്ങൾ മറ്റൊന്നായ ഒരു തലമുറയ്ക്ക് തങ്ങളുടെ ചെറിയ അനുഭവങ്ങളെ കൂടി അടയാളപ്പെടുത്താൻ ഉള്ള വഴിയായി കവിത മാറി. കാലം, ദേശം, വ്യക്തി എന്നിവ ആഗോളമാനത്തോടെ സമീപകാല കവിതയിൽ കാണപ്പെട്ടു. അതിന്റെ ഭാഷ ഏവർക്കും പ്രാപ്യവും സുഖമവുമായ ഒന്നായി. പ്രമേയം, ഭാഷ, രൂപഘടന എന്നവയിലെല്ലാം മാറ്റങ്ങൾ വന്നുതുടങ്ങി. വാക്കുകളുടെയും പ്രമേയങ്ങളുടെയും വരേണ്യത ഇല്ലാതായി. രണ്ടായിരത്തിന്റെ തുടക്കം മുതൽ തന്നെ ഈ പ്രവണത ഉണ്ടായിരുന്നു. യൂണികോഡ് മലയാളത്തിന്റെയും വിവിധ സോഷ്യൽ

മീഡിയകളുടെയും വരവോടെ പ്രസാധനം ജനകീയമാവുകയും കവിത എങ്ങിനെയും എഴുതാമെന്ന അവസ്ഥ വരികയും ചെയ്തുണ്ട്. തുടർന്നുണ്ടായത് സമഗ്രമായ മാറ്റങ്ങളാണ്. അത് ഇപ്പോഴും ഒരു പ്രസ്ഥാനത്തിന്റെയും രൂപമാർജ്ജിക്കാതെ ചുറ്റി കറങ്ങുന്നുണ്ട്. അപ്പോഴും രണ്ട് വിധത്തിലുള്ള എഴുത്ത് രീതികൾ ഇവിടെ കാണാമായിരുന്നു. എൺപതുകളുടെയോ അതിനും പഴയതോ ആയ ഭാവുകത്വവുമായി കവിത എഴുതുന്നവർ ഒരു ഭാഗത്തും പുതിയ സാധ്യതകളെ ഉപയോഗപ്പെടുത്തിയ വലിയൊരു വിഭാഗം ജനത മറുഭാഗത്തും. രണ്ടാമത്തെ വിഭാഗത്തിൽ സമൂഹത്തിന്റെ നാനാതുറകളിൽ നിന്നും കവിതകളുമായി ആളുകൾ രംഗത്തെത്തി. അതിൽ സ്ത്രീകൾ, ലൈംഗിക ന്യൂനപക്ഷങ്ങൾ, തൊഴിലാളികൾ, കുട്ടികൾ എന്നിങ്ങനെ എല്ലാ തലത്തിലും ഉള്ള മനുഷ്യരുടെ സാന്നിധ്യം ഉണ്ടായി. അവരുടെ അനുഭവം, കാഴ്ച, ഭാഷ, പദാവലി, കൽപ്പന എല്ലാം അതുവരെയുള്ള കാവ്യാനുഭവങ്ങളിൽ നിന്നും വ്യത്യസ്തമായിരുന്നു. ഇന്റർനെറ്റധിഷ്ഠിത സാമൂഹിക ഇടങ്ങൾ കവിതയുടെ കൂടെ ഇടമായതോടെ കാഴ്ചയിലും നിർവചനത്തിലും കവിതക്ക് പുതിയ രൂപഭാവങ്ങൾ പ്രകടമായി. മാധ്യമ വിപ്ലവങ്ങൾ സാഹിത്യത്തെ എത്രകണ്ട് മുന്നോട്ടു നയിക്കും എന്നതിന്റെ തെളിവായി സൈബറിടം മാറി. സൈബറിടത്തിന്റെ ഉപയോക്താക്കളെ സംബന്ധിച്ചിടത്തോളം അത് സാമൂഹിക ജീവിതത്തിലെ ആർജ്ജിതസ്വത്വങ്ങളെ അലിയിച്ചെടുക്കാനുള്ള ഒരു സ്വതന്ത്ര സ്ഥലവും കൂടിയാണ്. പരിണാമത്തിന്റെ ഈ ഘട്ടം അച്ചടിസംസ്കാരത്തെയും കവിതാപുസ്തകങ്ങളുടെ സമീപനത്തെയും മാറ്റിയിട്ടുണ്ട്. തിരമൊഴിക്ക് സ്ഥാപനസ്വഭാവം നൽകുന്ന വ്യവസ്ഥാപിതരൂപമായോ തിരമൊഴി രൂപപ്പെടുത്തിയ ഭാവുകത്വത്തിന് തുടർച്ച നൽകുന്നതോ ആയ ഒന്നായി അച്ചടി ഈ കാലത്ത് മാറിത്തീരുന്നുണ്ട്. കവിതയ്ക്ക് ഒരു നിർവ്വചനം സാധ്യമല്ലെന്നിരിക്കിലും ജീവിതത്തെ ആവിഷ്കരിക്കാനുള്ള മാധ്യമെന്ന നിലയിൽ എക്കാലവും അത് നിലകൊള്ളാറുണ്ട്. പുതിയ കാലത്തെ എഴുത്തിനെ സാങ്കേതികമായി കൃതിപ്പിച്ച ഒരു യന്ത്രമാണ് കമ്പ്യൂട്ടർ. വിനിമയത്തെ സജീവമായി ചലിപ്പിക്കുന്ന നവമാധ്യമങ്ങൾ സാഹിത്യത്തെയും കലയേയും കൂടി പ്രചോദിപ്പിക്കുകയുണ്ടായി. ഓരോരുത്തർക്കും തന്റേത് എന്ന് വിശ്വസിക്കാനാവുന്ന ഒരു പ്രതീതി യാഥാർത്ഥ്യമാണ് നവമാധ്യമം നല്കുന്ന വലിയ സാധ്യതകളിൽ ഒന്ന്. സ്വന്തമോ, സ്ഥിരമോ ആയ ഒരിടമല്ലെങ്കിലും അത്തരം പ്രതീതി ദ്യോതിപ്പിക്കുന്ന ചിലത് ഈ മാധ്യമത്തിനുണ്ട്. അത് എഴുത്തുകാർക്കും വായനക്കാർക്കും ഇടയിലെ മൂന്നാമനെ ഒഴിവാക്കുന്നു.

ഒരാളുടെ സ്വാതന്ത്ര്യം, ഈ തലത്തിന്റെ സൗജന്യ ഉപയോഗം ഒക്കെത്ത ന്നെ രാഷ്ട്രീയ, സാമൂഹിക, നിയമ ഇടപെടലുകൾക്ക് വിധേയമാണ്. പുസ്തകവായന യ്ക്ക് ഒരു ബദൽ ആയിരുന്നില്ല ഇ- വായന. ഒരു സാധ്യത എന്നതായിരുന്നു അതിന്റെ പ്രസക്തി. ആദ്യകാലത്ത് ആമസോണിന്റെ വരവ് പുസ്തകവായനയ്ക്ക് ഒരു ഭീഷണി യാവും എന്ന് ആശങ്കപ്പെട്ടിരുന്നു. എന്നാൽ പിന്നീട് ആമസോൺ തന്നെ ബുക്ക് സ്റ്റാ ളുകൾ തുടങ്ങുന്ന രീതിയാണ് കണ്ടു വന്നത്. ഒരു മുന്നറിയിപ്പോടെ ഗ്രഗിൾ ബസ്, ഓർക്കുട്ട് പോലുള്ള സാമൂഹ്യമാധ്യമങ്ങൾ അവസാനിച്ചത് ഈ സമയത്ത് ഓർ ത്തുനോക്കുക. ഏതു സമയത്തും സർക്കാറിന് ഇത്തരം സേവനങ്ങൾ തടയാൻ കഴിയും. അതായത് എല്ലാക്കാലത്തേക്കും എന്ന നിശ്ചിതത്വമല്ല അനിശ്ചിതത്വമാ ണ് സൈബർ പ്രതലത്തിന്റെ ഒരു പ്രത്യേകത എന്നു കാണാം. ഈ പ്രതലത്തിന്റെ അനന്തസാധ്യതകളിൽ തന്റെ സാഹിത്യത്തെയും പറിച്ചുനടുന്ന എഴുത്തുകാർക്ക് മറ്റ് സാധ്യതകളും സമാന്തരമായി കൊണ്ടുപോവേണ്ടതുണ്ട്. അതായത് തുടർച്ചയും സ്ഥാനവും ആഗ്രഹിക്കുന്നുണ്ടെങ്കിൽ അപ്പപ്പോഴുള്ള സാധ്യതകളിൽ തൃപ്തിപ്പെട്ടു തന്നെ അവ കണ്ടെത്തേണ്ടായി വരുന്നു.

തന്റെ വിരൽത്തുമ്പിലൂടെ രൂപപ്പെടുത്തിയെടുക്കാനും അതുവഴി പൊതുസ മൂഹത്തിലേക്ക് പ്രവേശിക്കുവാനുമുള്ള സാധ്യതയാണ് ഇൻറർനെറ്റ് തുറന്നു കൊ ടുത്തത്. മൊബൈൽ ഫോൺ എന്നത് ചെല്ലുന്നിടത്തേക്കെല്ലാം ഒരാൾക്കൊപ്പം അയാളുടെ ലോകവും കൂടെ പോകുന്നു എന്ന അർത്ഥത്തിലേക്ക് മാറിയപ്പോൾ ലോ കവുമായി തൊട്ടു നിന്നുകൊണ്ടുതന്നെ സ്വകാര്യതകൾ സാധ്യമായി. ആ ഇടമാക ട്ടെ ആണിനെയോ പെണ്ണിനെയോ വേർതിരിക്കാത്ത ഒരിടമാണ്. മുറിച്ചുമാറ്റപ്പെട്ട നിയമാവലികളോ അധികാരികളോ ഇല്ലാത്ത ആ മേഖലയിൽ തങ്ങളുടെ ചുവടു കൾക്ക് കൂടി ഇടം കണ്ടെത്തി സ്ത്രീകളും ആവേശപൂർവ്വം മുന്നോട്ടുവന്നു. എഴുത്തിലും മാധ്യമരംഗത്തും ചലച്ചിത്ര മേഖലയിലും സ്ത്രീകൾ ശക്തമായ മുന്നേറ്റം നടത്തിക്കൊ ണ്ടിരിക്കുന്ന കാലമായിരുന്നു അത്. പുതിയ സാങ്കേതികവിദ്യയെ കുറിച്ചുള്ള അജ്ഞ തകളും ആശങ്കകളും മാറി വന്നു കൊണ്ടിരുന്ന അന്തരീക്ഷത്തിൽ ആയിരുന്നു സോഷ്യൽ നെറ്റ് വർക്ക് രംഗത്തേക്ക് സ്ത്രീകൾ ചുവടുവെച്ചത്. നിങ്ങളുടെ മനസ്സിൽ എന്താണ് (what's on your mind?) എന്ന് ചോദ്യത്തിനു മുന്നിൽ സ്ത്രീകൾ യഥേഷ്ടം അവരുടെ മനസ്സ് തുറന്നിടാൻ തുടങ്ങി. പുതിയ യന്ത്രത്തിലെ എഴുത്ത് മൗലികവും ആത്മനിഷ്ഠവുമെങ്കിലും ആർജ്ജവമുള്ള അനുഭവങ്ങളെ ആവിഷ്കരിച്ചു. ഡയറിക്കുറി

പ് പോലുള്ള ചെറു ആഖ്യാനങ്ങൾ പോലും ഫേസ്ബുക്കിൽ സ്റ്റാറ്റസ് ആയി കടന്നു വന്നു. ചുറ്റുമുള്ളതിനോട് യോജിച്ചും വിയോജിച്ചും പ്രതികരിച്ചുകൊണ്ട് സ്മൈലികളിലൂടെയോ ഭാഷാ-ഭാഷേതര ചിഹ്നങ്ങളിലൂടെയോ അടയാളപ്പെടുത്തിക്കൊണ്ട് ലോകം കടന്നു പോവുകയാണ്. ദേശത്തും വിദേശത്തുമായി എത്രയോ സ്ത്രീകൾ നിരപ്പു പ്രതലത്തിൽ സംവദിക്കാൻ എത്തുകയും അവരുടെ ലോകത്തെ വെളിപ്പെടുത്തുകയും ചെയ്യുന്നു എന്ന് വലിയ വിപ്ലവം തന്നെ ആയി മാറി. പൊതുസമൂഹത്തിന്റെ തന്നെ നേർ പതിപ്പായ നെറ്റ് വർക്കിംഗ് സൈറ്റുകളിലേക്ക് ചുവടുവെച്ച് സ്ത്രീകൾ തങ്ങളുടെ ലോകം അടയാളപ്പെടുത്തുക മാത്രമല്ല സമകാലിക സാമൂഹിക ചലനങ്ങളിലും വിപ്ലവങ്ങളിലും പങ്കാളികളാകുക കൂടി ചെയ്തു. അടുത്തകാലത്ത് ഉണ്ടായിരുന്ന പല സമരചരിത്രങ്ങളും സ്ത്രീകളുടെ ഇടപെടലുകൾ തെളിയിക്കുന്നതാണ്.

ഒരേസമയം പൊതുവിടവും അങ്ങേയറ്റം സ്വകാര്യവുമായ ഒരു വേദിയായ സാമൂഹ്യമാധ്യമങ്ങളിൽ കവിതയിൽ മിണ്ടുന്ന, കവിത ശ്വസിക്കുന്ന പ്രായഭേദം ഇല്ലാത്ത ഒരു പുതിയ തലമുറ രൂപപ്പെട്ടു. പുതിയ മാധ്യമത്തിന്റെ മേച്ചിൽ പുറത്ത് അവർ താന്താങ്ങളുടെ ഭാഷയിലൂടെ തന്നെ ഒരു പുതിയ വിളവെടുപ്പ് പ്രതലം രൂപപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ ശീലിച്ച ഭാഷാ മാതൃകകളെ നിരസിച്ചും അയിത്തം കൽപ്പിച്ച് മാറ്റി നിർത്തിയ പദങ്ങളെയും അനുഭവങ്ങളെയും ഏറ്റെടുത്തും പുതു കാവ്യലോകം സൈബറിടത്തെ തന്റേതാക്കി കഴിഞ്ഞിരുന്നു. സ്ത്രീകളും പാർശ്വവത്കൃത വിഭാഗങ്ങളും സമയപരിധിയില്ലാതെ നിർഭയം ഇറങ്ങി നടക്കാവുന്ന തികഞ്ഞ ജനാധിപത്യ പ്രതലമായി ഈ ഇടം മാറിക്കഴിഞ്ഞു. പൊതുസമൂഹത്തിന്റെ നിയമാവലികളും നിർവചനങ്ങളും അപ്രസക്തമാകുന്ന മലയാളത്തിന്റെ കവിതാചരിത്രത്തിൽ പുതിയ സ്ത്രീയും പുരുഷനും വിമതലൈംഗികരും ഉണ്ടാക്കിയ ചലനങ്ങൾ ശ്രദ്ധേയമാണ്.

ഒരു കവിയെ എടുത്തുകാണിക്കാൻ പറ്റാത്ത വിധത്തിൽ ബഹുസ്വരമാണ് പുതിയ കാവ്യലോകം. വ്യത്യസ്ത കാവ്യപ്രപഞ്ചങ്ങൾ, ഭാഷകൾ, എഴുത്തു രീതികൾ എന്നിങ്ങനെ ബഹുതലത്തിലുള്ള വൈവിധ്യങ്ങൾ അവരിലുണ്ട്. അവരുടെ ലോകങ്ങളിലൂടെ തുറന്നിട്ട ചിന്തകളിലൂടെ മലയാളകവിത പുതുവഴിയിലേക്ക് ഒഴുകിക്കൊണ്ടിരുന്നു. മലയാള ബ്ലോഗുകളിൽ കവിത പോസ്റ്റ് ചെയ്യാൻ തുടങ്ങിയ രണ്ടായിരത്താണ്ട് മുതൽക്ക് തന്നെ പുരുഷന്മാർക്കൊപ്പം തന്നെ ശ്രദ്ധേയരായ കവയിത്രികളും നമുക്ക് ഉണ്ടായിട്ടുണ്ട്. സ്വന്തം നാട്ടിൽ നിന്നും ഭാഷയിൽ നിന്നും

അകന്നു കഴിയേണ്ടി വന്ന പൊതു സാഹിത്യചലനങ്ങൾ അറിയാൻ മാർഗങ്ങൾ ഇല്ലാതിരുന്ന പ്രവാസികളാണ് യഥാർത്ഥത്തിൽ ബ്ലോഗ് എഴുത്തുകളുടെ ആദ്യ വായനക്കാർ. അവർ പങ്കിട്ടും കൈമാറിയും വലുതായതായിരുന്നു മലയാളം ബ്ലോഗുകൾ. ഡയറിക്കുറിപ്പുകളുടെ ഭാഷയിൽ എഴുത്ത് ശീലിച്ച ബ്ലോഗിന്റെ രീതികൾ കവിതയ്ക്കും എളുപ്പത്തിൽ വഴങ്ങുന്നതായിരുന്നു. ആരെയും നിഷേധിക്കാനോ അനുകരിക്കാനോ ശ്രമിക്കാതെ താന്താങ്ങളുടെ അനുഭവ ലോകത്ത് നിന്ന് തുറന്ന കവിതകൾ എഴുതിയ പുതിയ കവികൾ ആവിഷ്കരണ രീതിയിലെ പുതുമകൾ കൊണ്ടുതന്നെ വളരെയധികം ശ്രദ്ധ നേടി. ബ്ലോഗുകളിൽ നിന്നും ഫേസ്ബുക്ക് പോലുള്ള സോഷ്യൽ നെറ്റ്വർക്കുകളിലേക്കുള്ള ചുവടുവെപ്പ് അല്പം കൂടുതലായി തന്നെ കവിതയെ ജനകീയമാക്കി. നിരന്തരമായി നവീകരിക്കപ്പെടുന്ന പോസ്റ്റുകൾക്കിടയിൽ കവിതയും അനായാസം കടന്നുവന്നു. അതുവരെ വായിച്ചു പരിചയം ഇല്ലാതിരുന്ന പരിസരങ്ങളിൽ നമ്മൾ കവിതയെ കാണാൻ ശീലിച്ചു. സ്റ്റാറ്റസുകളും വികാരപ്രകടനങ്ങളും അടിക്കുറിപ്പുകളും കവിതയിലൂടെ അനായാസം പ്രകടിപ്പിക്കാൻ തുടങ്ങി. എഡിറ്റർമാരില്ലാത്ത ഈ പ്രസാധനത്തുറസ്സിന് പിൻബലമായി അച്ചടി മാറിയെന്നതാണ് പ്രധാനം.

സൈബറെഴുത്തിന്റെ പടർച്ചകൾ: അച്ചടിയുടെ സ്വാംശീകരണം

തൊഴിൽ മേഖലയിലേക്ക് കമ്പ്യൂട്ടറിന്റെ കടന്നുകയറ്റമുണ്ടായതോടെ മനുഷ്യവിഭവശേഷിക്കുണ്ടായ ആശങ്കകളെ അക്കാലത്തെ സാഹിത്യം അഭിസംബോധന ചെയ്തിരുന്നു. എന്നാൽ പിന്നീട് അവ യഥാർത്ഥ ഭൗതിക ജീവിതത്തിന്റെ മറുപുറമായിത്തന്നെ വീക്ഷിക്കപ്പെടുകയാണുണ്ടായത്. ഇതേയവസരത്തിൽ തന്നെ കമ്പ്യൂട്ടറിലെ ഇടപെടലുകൾ സൗകര്യപ്രദമാകുന്ന വിധത്തിൽ മലയാളം സോഫ്റ്റ് വെയറുകൾ നിർമ്മിക്കപ്പെടുകയും മലയാളം ഫോണ്ടുകൾ കമ്പ്യൂട്ടർ രീതിക്കനുസൃതമായി രൂപപ്പെടുത്തി സംവിധാനം ചെയ്യുകയും ചെയ്തത് സൈബർ സാഹിത്യത്തിന്റെ വളർച്ചയ്ക്കും പ്രചാരണത്തിനും സഹായകമായി. സൈബറിടത്തിൽ എഴുതപ്പെടുന്ന സാഹിത്യത്തെയാണ് ഇവിടെ സൈബർ സാഹിത്യമെന്ന് വിവക്ഷിക്കുന്നത്. അതുപോലെ മലയാളത്തിന്റെ സൈബർ ഇടത്തിൽ എഴുതപ്പെടുന്ന സാഹിത്യമാണ് ഇവിടെ സൈബർ മലയാളമെന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. സൈബർ സംസ്കാരമാവട്ടെ ഒരു നിശ്ചിത ആശയമല്ല. പലതരത്തിലുള്ള ആശ

യപ്രചരണം ഉൾക്കൊള്ളുന്ന വിവിധതരം സാമൂഹിക ശൃംഖലകൾ, ഗെയിമുകൾ, ചാറ്റ്, ഇ-കൊമേർസ്, ഇ- ഗവേൺസ്, യു ട്യൂബ്, ഓൺലൈൻവാർത്താ സംവിധാനങ്ങൾ, സൈബർ സെക്സ്, വെർച്വൽവേൾഡ് എന്നിങ്ങനെ ഒരേസമയം പലതുടേയും ഭാഗഭാഗിത്വം ഉണ്ടാകുന്ന എല്ലാ വിവര സാങ്കേതിക വ്യവഹാരങ്ങളേയും സൈബർ സംസ്കാരത്തിനു കീഴിൽ വ്യവഹരിക്കാവുന്നതാണ്. ഇങ്ങനെ ഉരുവം കൊണ്ട നവമാധ്യമസംസ്കാരം മലയാളിയും മലയാളവും ഏറ്റെടുത്തതോടെ ഇന്റർനെറ്റിൽ മലയാളഭാഷയ്ക്ക് വലിയ സ്വീകാര്യതയുണ്ടായി.

വിവരസാങ്കേതികവിപ്ലവം സൈബറിടത്തിൽ അനേകം പ്രാദേശിക തകളെ സൃഷ്ടിച്ചിട്ടുണ്ട്. ഓൺ ലൈനെന്നും ഓഫ് ലൈനെന്നും സൈബറിട -സൈബറിതര ജീവിതത്തെ വേർതിരിക്കുമ്പോൾ ഓഫ് ലൈൻ ദേശമെന്ന അനുഭവത്തേക്കാൾ കുറേക്കൂടി ഉദാരവും അതിർത്തിരഹിതവുമാണ ഈ പുതിയ മലയാളദേശമെന്നു കാണാം (സന്തോഷ് മാനിച്ചേരി, 2016). മലയാളത്തിലെ സൈബർ പൊതുമണ്ഡലത്തെ ഒരു രാജ്യം എന്ന നിലയിലാണ് ഇവിടെ വ്യവഹരിക്കപ്പെടുന്നത്. ഫേസ്ബുക്ക് പോലുള്ള ജനസമ്മതിയാർജ്ജിച്ച സാമൂഹ്യമാധ്യമങ്ങൾ ഈ പൊതുദേശത്തിലെ മെട്രോ നഗരങ്ങളാണ്. സൈബർ സാഹിത്യം എന്ന പദം ഇക്കാലത്തെ സാഹിത്യ സാംസ്കാരിക മേഖലകളിൽ ഏറെ ഉപയോഗിക്കപ്പെടുകഴിഞ്ഞ ഒന്നാണ്. ബൂലോകത്തെ ബന്ധിപ്പിച്ചിരിക്കുന്ന ചങ്ങല കണ്ണിയാണ് ഇന്റർനെറ്റിൽ നാം ജീവിച്ചിരിക്കുന്ന പ്രതീതിലോകം എന്ന് പി കെ രാജശേഖരൻ പറയുന്നതും ഈ നിലയിലാണ് (രാജശേഖരൻ, പി.കെ., 2011:259).

സാഹിത്യത്തിൽ നിലവിൽ ഉണ്ടായിരുന്ന അവസ്ഥ സൈബർസാഹിത്യം പൊളിച്ചെഴുതിയിരുന്നു. അച്ചടിയിൽ നിന്ന് ഭിന്നമായ ഇലക്ട്രോണിക് മാധ്യമ സംസ്കാരം സ്ഥലത്തെയും കാലത്തെയും കുറിച്ചുള്ള ധാരണകളിൽ വിച്ഛേദം വരുത്തിയതായി മക്ലൂഹൻ അടയാളപ്പെടുത്തിയിട്ടുണ്ട് (1964). കാലങ്ങൾക്കിപ്പുറം അതേ ആശയങ്ങൾക്ക് അർത്ഥവ്യാപ്തി കൈവന്നിരിക്കുന്നു എന്നു പറയാം. ഓൺലൈനിൽ ഓരോരുത്തരും ഉണ്ടാകുക എന്ന് വെച്ചാൽ സ്വന്തം നിലയിൽ ഒരു വെബ്സൈറ്റ് നിർമ്മിക്കുകയാണ്. സ്വന്തമായി പണം മുടക്കി മാഗസിൻ പ്രസിദ്ധീകരിക്കുന്നത് പോലെ തന്നെയാണ്. ബ്ലോഗ് പോലുള്ള സൗജന്യ പേജുകൾക്ക് പങ്കിടാൻ ലഭിക്കുന്ന സ്ഥലം, രൂപകൽപന എന്നിവങ്ങളുടെ പരിമിതിയുണ്ട്. ലഭ്യമായ ടെംപ്ലേറ്റുകളിലും സംവിധാനത്തിലുമാണ് അവിടെ പോസ്റ്റുകൾ ഉണ്ടാകു

ന്നത്. മലയാളത്തിന്റെ സൈബറിടത്തിൽ ഒരുകാലത്ത് ഏറ്റവും അധികം എഴുത്ത് കടന്നുവന്നത് ഈ രീതിയിലായിരുന്നു. വെബ് മാഗസിനുകൾക്ക് കുറേക്കൂടി സംവിധാനങ്ങളുണ്ട്. (മലയാളനാട് തുടങ്ങിയ ഓൺലൈൻ മാഗസിനുകൾ) അവർക്ക് സ്ഥലപരിമിതി ഇല്ല. അതിനാൽ പ്രസിദ്ധീകരണത്തിന് കൂടുതൽ സാധ്യത ലഭിക്കാറുണ്ട്. ധാരാളം എഴുത്തുകാരെ ഉൾക്കൊള്ളിക്കാൻ അതിനാൽ അവർക്ക് കഴിഞ്ഞിരുന്നു. ഇതൊക്കെ സൈബർ എഴുത്തുകൾ കൂടുതൽ പ്രചാരത്തിൽ ആവാൻ സഹായിച്ച ഘടകങ്ങളാണ്. സാങ്കേതികവിദ്യ സാഹിത്യത്തെ ജനകീയവൽക്കരിക്കുന്ന കാഴ്ചയാണ് അതിന്റെ ഫലമായി നമ്മൾ കണ്ടത്. ആധുനികതയുടെ കടന്നുവരവും ഇതുപോലെ തന്നെ ആയിരുന്നല്ലോ. തൊട്ടുകൂടായ്മയും അയിത്തവും അകറ്റി നിർത്തിയ ഒരു കാലത്തെ ബസ്, ട്രെയിൻ പോലുള്ള പൊതുഗതാഗത സംവിധാനങ്ങൾ മാറ്റിയെടുത്തത് പോലെ അതിന്റെ തുടർച്ചയെന്നോണം അച്ചടിച്ച് വിതരണം ചെയ്യുന്ന അറിവ് സാർവത്രിക വിദ്യാഭ്യാസം ആവുകയാണ് ചെയ്തത്.

ജീവിതത്തിന്റെ നാനാതുറകളിലും അച്ചടിക്ക് ഇടപെടൽ സാധ്യമായിരുന്നെങ്കിൽ ഇന്ന്, ഡിജിറ്റൽ സംവിധാനം ആ ശേഷി കൈവരിച്ചു കഴിഞ്ഞു. വിവരത്തെ വിരൽത്തുമ്പിൽ എത്തിച്ചുതന്നു. സ്ഥല-കാലപരിമിതികളെ മറികടന്നും സാഹിത്യം സഞ്ചരിച്ചു. മലയാളത്തിന്റെ സൈബറിടത്തിൽ കവിതാബ്ലോഗുകൾ വ്യാപകമായിട്ട് ഇരുപത് വർഷത്തോളമായി. ലിഖിതരൂപങ്ങൾ സാങ്കേതികതയ്ക്ക് വഴി മാറിയപ്പോൾ എഴുത്ത്, പുസ്തകം, അച്ചടി, പ്രസാധനം, വിതരണം, പകർപ്പ്, അവകാശം തുടങ്ങിയ സാങ്കേതികതകളിൽ നിന്നും സാഹിത്യനിർമ്മിതി സ്വതന്ത്രമാവുകയും ഒരു നവ എഴുത്തുസംസ്കാരം ഉരുവം കൊള്ളുകയും ചെയ്തു. പുതിയ കാലത്തിന്റെ പകുതിയോളം മുഖ്യധാര സമാന്തരമാധ്യമങ്ങളെ വിഴുങ്ങിയ കാഴ്ചകൾ ആയിരുന്നു ഉണ്ടായിരുന്നത്. എന്നാലിപ്പോൾ സമാന്തരമാധ്യമങ്ങളും മുഖ്യധാരാ മാധ്യമങ്ങളും പരസ്പരപൂരകമായി സഞ്ചരിക്കുന്ന കാഴ്ചകൾ സുലഭമാണ് (ബ്ലോഗന, വെബിനിവേശം പോലുള്ള പംക്തികൾക്കായി മാതൃഭൂമി ആഴ്ചപതിപ്പ് ഇടം കണ്ടെത്തുന്നത് നോക്കുക. അതുപോലെ പ്രിന്റിൽ വരുന്ന ആശയങ്ങളിൽ വലിയ സംവാദങ്ങൾ നടക്കാറുള്ളത് നവമാധ്യമങ്ങളിലാണ്).

സൈബറിടത്തിലെ ധാരാളം ബ്ലോഗുകൾ പുസ്തകരൂപത്തിൽ പുറത്ത് വരാൻ തുടങ്ങിയത് സൈബർലോകവും മുഖ്യധാരാസാഹിത്യവും തമ്മിലുള്ള അതിർത്തി മായ്ച്ചുകളഞ്ഞു. കൊടകര പുരാണം, നാലാമിടം തുടങ്ങിയ ബ്ലോഗ്

ബുക്കുകൾ അത്തരത്തിലുള്ള ഒരു സമൂലമായ മാറ്റത്തിന് കാരണമായി. അതിനെത്തുടർന്ന് ധാരാളം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു. ബ്ലോഗ്കാലത്തിന്റെ തുടക്കത്തിൽ തന്നെ കവിതയിൽ മാത്രം (2005- 2015) നൂറിലധികം കവിതാ പുസ്തകളുണ്ടായി. (പടരുന്ന ജാലകങ്ങൾ, സിന്ധു കെ.വി 2021, പുറം 155-158) ടെക്നോളജിയിൽ വന്ന മാറ്റങ്ങളും പ്രസാധനരംഗത്തിന് വലിയ സഹായമായി മാറുന്നുണ്ട്. എഴുത്തുകാർ തന്നെ പ്രസാധകരാവുന്ന കാലം. സ്ക്രീനിൻ നിന്ന് പ്രിന്റിലേക്ക് മാറ്റി പുസ്തക രൂപത്തിലാകുന്നതോടെ ഓൺലൈൻ വായനക്കാരെ മാത്രമല്ല അല്ലാത്ത വായനക്കാരിലേക്കും ആ സാഹിത്യം കടന്നു ചെല്ലുകയുണ്ടായി. രീതിലും ശൈലിയിലും ഭാഷയിലും എന്നു വേണ്ട കവിതയിലാകെ നടക്കുന്ന പരീക്ഷണങ്ങൾ സ്വതന്ത്രമായി ജനങ്ങളിലേക്കെത്താനും അവ സഹായിച്ചു.

പുതിയകാലത്ത് പുസ്തകപ്രസാധനം എന്നത് ഒട്ടും എളുപ്പമായ ഒരു കാര്യമല്ല. അതിൽ തന്നെ കവിതാ പുസ്തകങ്ങളുടെ നില കൂടുതൽ പരിതാപകരമാണ് കവിതയ്ക്ക് വായനക്കാർ ഇല്ല എന്ന് പ്രസാധകർ മുറവിളി കൂട്ടുമ്പോഴും കവിതാപുസ്തകങ്ങളുടെ എണ്ണം അധികരിച്ച് വരികയാണ്'. എല്ലാവരും കവികളാകുന്ന കാലത്ത് കവിതാ പുസ്തകങ്ങളുടെ പ്രസക്തി എന്താണ് എന്നൊരു ചോദ്യമുണ്ട്. എന്നിരുന്നാലും പുസ്തകങ്ങളുടെ വിൽപ്പനയിൽ അത്രയൊന്നും ബുദ്ധിമുട്ടില്ല എന്നാണ് നിഗമനം. എഴുതിയതുകൊണ്ട് മാത്രം ഒരാൾ എഴുത്താളെന്ന പദവിയിൽ എത്തുന്നില്ല. അതിന് കൂട്ടായ വായനക്കാർ ഉണ്ടാകണം. പുസ്തകത്തിന്റെ മേലെ ചർച്ചകൾ ഉണ്ടാവണം. പല രീതിയിൽ വ്യാഖ്യാനിക്കപ്പെടണം. തന്റെ പുസ്തകത്തിന്റെ മേലെ വായനക്കാരിൽ കൗതുകം ഉണ്ടാകുമ്പോഴാണ് എഴുത്താളിന് ഭാവി ഉണ്ടാകുന്നത്. എഴുതുന്ന ആളിനുവേണ്ടി മാത്രമല്ല വായനക്കാർക്കും വേണ്ടി കൂടിയാണ് എഴുത്ത്. എങ്ങനെയെല്ലാമാണ് പ്രസാധകർ പുസ്തകങ്ങളെ വിറ്റു തീർക്കുന്നത് എന്ന് പലപ്പോഴും എഴുത്തുകാർ അറിയാറില്ലായിരുന്നു. എന്നാൽ ഇന്ന് എഴുത്തുകാർ തന്നെ പ്രസാധകരായും വിൽപ്പനക്കാരായും മാറുന്ന കാലമാണ്. കുറഞ്ഞ ചെലവിൽ പുസ്തകം വിപണിയിലിറക്കി വായനക്കാരിൽ എത്തിക്കണം. സർക്കാരും മറ്റു മുൻനിര പ്രസാധകരും നടത്തുന്ന മേളകളിൽ പങ്കെടുക്കണം. അതിനെല്ലാം വലിയ ചെലവുകൾ ഉള്ളതാണ്. എല്ലാ പുസ്തകങ്ങൾക്കും ഇത് സാധ്യമല്ല. കാലങ്ങൾക്കപ്പുറം ഒരു പുസ്തകം നിലനിൽക്കണമെങ്കിൽ ആദ്യം അത് വായനക്കാരിൽ എത്തേണ്ടതുണ്ട്. അതിലേക്കുള്ള സഞ്ചാരത്തിന് സോഷ്യൽ മീഡിയയുടെ സംവിധാനങ്ങൾ ഇന്ന്

ധാരാളമായി ഉപയോഗിക്കപ്പെടുന്നുണ്ട്.

കേരളത്തിന്റെ പുസ്തകപ്രസാധനരംഗം ഇന്ന് സജീവമാണെന്നതിൽ തർക്കമൊന്നുമില്ല. മികച്ച സാക്ഷരതാ നിരക്ക് മാത്രമല്ല അതിനു കാരണമാവുന്നത്. മറ്റൊരിടത്തും ഇല്ലാത്ത വിധം ഇവിടുത്തെ ഗ്രാമങ്ങളിൽ പോലും പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾ കൂടിയാണ്. പി എൻ പണിക്കർ തുടങ്ങിവച്ച ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ ഭാഗമായുണ്ടായിട്ടുള്ള അനൗപചാരിക വിദ്യാഭ്യാസം സൃഷ്ടിച്ച സാമൂഹിക സാഹചര്യം കേരളത്തിലെ പുസ്തക പ്രസാധന വ്യവസായത്തിന് ഏറെ സഹായകമായിട്ടുണ്ട്. കേരളത്തിന്റെ സാമൂഹിക പുരോഗതിയുടെ ഭാഗമായിത്തന്നെയാണ് പുസ്തകപ്രസാധന വ്യവസായം വളർന്നത്. സംസ്കാര വ്യവസായത്തിന്റെ ഭാഗമായ സിനിമാ, ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങൾക്കൊപ്പം ലാഭത്തിനു വേണ്ടി കമ്പോളത്തിൽ മത്സരിക്കുന്ന ഒരു വ്യവസായമായി പുസ്തകവിപണിയും മാറിയിട്ടുണ്ട് എന്നതും ഓർക്കേണ്ടതുണ്ട്. മലയാളത്തിൽ പുസ്തകം ടൈപ്പ് സെറ്റ് ചെയ്ത് അച്ചടിക്കാനുള്ള സാങ്കേതികത ഇന്ന് എഴുത്തുകാർക്കും പ്രാപ്യമായതാണ്. പ്രിന്റ് ഓൺ ഡിമാൻഡുകൾക്കനുസരിച്ച് ഓർഡർ കിട്ടിയാൽ മാത്രം പുസ്തകങ്ങൾ അച്ചടിച്ചു കൊടുക്കുന്ന രീതി ഇന്ന് നിലവിലുണ്ട്. ധനലാഭവും പരിസ്ഥിതി സൗഹാർദ്ദം നിലനിർത്തുന്നതും ആണ് ഈ രീതി. ഒരു പുസ്തകം പ്രസിദ്ധീകരിക്കുന്നതിനു മുന്നേ തന്നെ പുസ്തകത്തെക്കുറിച്ചുള്ള വിവരങ്ങളും മറ്റും ജനങ്ങളിലേക്ക് എത്തിക്കാനുള്ള സംവിധാനങ്ങൾ സൈബറിടങ്ങൾ നൽകുന്നുണ്ട്. പുസ്തകത്തിന്റെ കവർ പ്രകാശനം പുസ്തകപ്രകാശനം പോലെ തന്നെ വലിയ എഴുത്തുകാരും സുഹൃത്തുക്കളും മറ്റും ചേർന്ന് വലിയ പ്രചാരണത്തോടെ തന്നെ നടത്തുന്ന ഒരു രീതി ഇന്ന് പതിവുണ്ട്. വരാൻ പോകുന്ന പുസ്തകത്തെക്കുറിച്ചും പ്രസാധകരെ കുറിച്ചും പുസ്തകത്തിന്റെ ഉള്ളടക്കത്തെക്കുറിച്ചും മറ്റുമുള്ള അറിയിപ്പുകൾ ആദ്യം തന്നെ ലഭ്യമാക്കാൻ ഈ രീതി സഹായിക്കാറുണ്ട്. ഓൺലൈനായും ഓഫ്ലൈനായും ആളുകളെ പങ്കെടുപ്പിച്ചു കൊണ്ട് നടക്കുന്ന പ്രകാശനചടങ്ങുകളും പുസ്തകചർച്ചകളും മറ്റും ഒരു മികച്ച മാർക്കറ്റ് തന്ത്രമായി ഇന്ന് എഴുത്തുകാരും പ്രസാധകരും ഉപയോഗിക്കാറുണ്ട്.

നവമാധ്യമത്തിന്റെ എല്ലാ സാധ്യതകളും ഉപയോഗിച്ചുകൊണ്ട് പുസ്തകം ജനമനസ്സുകളിൽ എത്തിക്കാനും പുസ്തകത്തിന്റെ തുടർപതിപ്പുകൾ അനായാസം പുറത്തിറക്കാനും ഇന്ന് കഴിയുന്നു. വരമൊഴിയെന്നോ തിരമൊഴിയെന്നോ ഭേദമില്ലാതെ അച്ചടിശാലകളിൽ പുസ്തകനിർമ്മിതിയുണ്ടാകുന്നു. അച്ചടിച്ച പുസ്തകങ്ങളുടെ

മേലെ രൂപപ്പെട്ടിരുന്ന നിശ്ചലതയുടെ വലയം തകർന്നുകഴിഞ്ഞു. എഡിറ്റർമാരില്ലാത്ത ഇന്റർനെറ്റധിഷ്ഠിത പ്രസാധനസംസ്കാരം അച്ചടിയിലേക്കും വ്യാപിച്ചിരിക്കുന്നു. വിപണി ഏറ്റെടുത്തിരിക്കുന്ന വില്പനയെ കേന്ദ്രീകരിക്കുന്ന പുസ്തകോത്പാദനത്തേക്കാൾ പതിൻമടങ്ങായ അച്ചടിയാല്വുള്ള സ്വയംപ്രസാധനങ്ങൾ സംഭവിക്കുന്നതായി രണ്ടായിരത്തിനു ശേഷമുള്ള പുസ്തകങ്ങളുടെ പട്ടിക വ്യക്തമാക്കുന്നുണ്ട്. ഈ കവിതാപുസ്തകങ്ങൾ സൈബർ പ്രതലത്തിൽ നിന്ന് അച്ചടിയിലെത്തിയിട്ടുള്ളതാണ്. സൈബർ സംസ്കാരത്തിന്റെ താത്കാലികത്വത്തെ അച്ചടിയിൽ അനശ്വരമാക്കിയെടുക്കാനാനുള്ള വ്യാമോഹമായി ഇതിനെ കരുതാനാവില്ല. നവമാധ്യമീകരണം തുറന്നുവിട്ട സാംസ്കാരികവ്യാപനമാണിത്. സൈബർ പ്രതലം അച്ചടിയെ സ്വാംശീകരിച്ച രീതിയിതാണെന്നു പറയുന്നതാവും ഉചിതം.

അവലംബിതസൂചിക

- Kurschus, S. (2015). A Concept of Book Culture. In: European Book Cultures, Springer VS, Wiesbaden. https://doi.org/10.1007/978-3-658-08060-0_2
- Anttonen, Pertti (edi.)af Forselles, Cecilia, Salmi-Niklander, Kirsti http://library.oapen.org/handle/20.500.12657/2 7476 പ്രവേശിച്ചത് 14 സപ്തംബർ 2024
- Lewis A. Coser, Walter W. Powell, Charles Kadushin, The Culture and Commerce of Publishing, 1982.
- Mcluhan, Marshal, Understanding Media: The Extensions of Man, McGraw - Hill, 1964.
- രാജശേഖരൻ, പി.കെ., ഏകാന്തനഗരങ്ങൾ, ഡിസിബുക്സ്, കോട്ടയം, 2011.
- ശ്രീകുമാർ, എ. ജി. പുസ്തകവും കേരളസംസ്കാരപരിണാമവും, കേരള സർവ്വകലാശാല, 2016.
- സന്തോഷ്, മാനിച്ചേരി, "നവമാധ്യമങ്ങളുടെ കാലത്തെ മലയാളസാഹിത്യം", നവമാധ്യമപാഠങ്ങൾ, എം.എം.ശ്രീധരൻ (എഡി.), സമയം പബ്ലിക്കേഷൻസ്, കണ്ണൂർ, 2015
- ....., "സൈബറിടത്തിലെ മലയാളരാജ്യം", 2016, https://navamalayali.com/2016/07/18/facebook-bookreview-santhosh/, പ്രവേശിച്ചത് 15 സപ്തംബർ 2024.
- സിന്ധു കെ., വി, പടരുന്ന ജാലകങ്ങൾ, പ്രോഗ്രസ്സ് ബുക്സ്, കോഴിക്കോട്, 2022.

ISSN: 2320-5880 • ഇടി • ലക്കം - 3 • ഇടി നിസർച്ച് ജേണൽ

നാട്ടറിവുകൾ അച്ചടിപ്പാഠങ്ങളാകുമ്പോൾ: മിഷണറി ഫോക്‌ലോർ സമാഹാരങ്ങളെ മുൻനിർത്തിയുള്ള വിശകലനം

പവിത്ര എം.വി.
ഗവേഷക, മലയാള വിഭാഗം
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

പ്രബന്ധസംഗ്രഹം:

മലയാളത്തിൽ അച്ചടിയുടെ ചരിത്രം തുടങ്ങുന്നത് മിഷണറിമാരുടെ ഇടപെടലുകളിലൂടെയാണ്. ആദ്യകാലത്ത് മതപ്രചാരണത്തിനുള്ള പുസ്തകങ്ങളും പാഠപുസ്തകങ്ങളും ഉൾപ്പെടെ പലതരം ഗ്രന്ഥങ്ങൾ മിഷണറിമാർ അച്ചടിച്ചിട്ടുണ്ട്. വ്യാകരണം, നിഘണ്ടു, പാഠപുസ്തകങ്ങൾ തുടങ്ങിയ അടിസ്ഥാന ഗ്രന്ഥങ്ങൾ ഉൾപ്പെടെ മിഷണറിമാരുടെശ്രമഫലമായാണ് അച്ചടിക്കപ്പെട്ടത്. അക്കൂട്ടത്തിൽ പ്രധാനപ്പെട്ട വിഭവമായി തീർന്നത് കേരളത്തിലെ നാട്ടറിവുകളുടെ സമാഹാരങ്ങളായിരുന്നു .ഈ ഒരു പ്രക്രിയയിൽ ഇടപെട്ട അധികാരബലങ്ങൾ എന്തൊക്കെയാണ്, അത് നാട്ടറിവിനേയും നാട്ടുസമൂഹത്തേയും എങ്ങനെയാണ് നോക്കിക്കണ്ടത്, പഠിതാവിന്റെ നോട്ടം (Gaze) എങ്ങനെയാണ് പ്രവർത്തിച്ചത്, നാട്ടുകൂട്ടായമയ്ക്കിടയിൽ സജീവമായി പ്രചരിച്ചിരുന്ന ഫോക്‌ലോറിനെ അച്ചടിപാഠങ്ങളിലേക്ക്പരിവർത്തനം ചെയ്യുന്ന പ്രക്രിയ എങ്ങനെയായിരുന്നു, അച്ചടി എങ്ങനെയാണ് പാഠഭേദങ്ങൾ

ക്ക് മുകളിൽ പാഠത്തെ രൂപപ്പെടുത്തിയെടുത്തത്, ഈ പാഠനിർമ്മിതി പിൽക്കാല ഫോക്‌ലോർ പഠനങ്ങളെ സ്വാധീനിച്ചത് എങ്ങനെ, കൂട്ടായ്മയ്ക്ക് പുറത്ത് നില്ക്കുന്നവരെന്നതിനപ്പുറം അധീശരാഷ്ട്രങ്ങളുടെപ്രതിനിധികൾ എന്ന നിലയ്ക്ക് ആദ്യകാല പഠിതാക്കളുടെ നോട്ടസ്ഥാനം എന്തായിരുന്നു, അത് പാഠനിർമ്മിതിയിലും ഫോക്‌ലോർ പഠനത്തിലും ഇടപെട്ടത് എങ്ങനെ, അച്ചടി രൂപപ്പെടുത്തിയെടുത്ത ലോകബോധവുമായി അവ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നിങ്ങനെയുള്ള പ്രശ്നങ്ങളാണ് പ്രബന്ധത്തിന്റെ അന്വേഷണവിഷയം. ആദ്യകാല ഫോക്‌ലോർ സമാഹാരങ്ങൾ എന്ന നിലയിൽ പൗളിനോസ് പാതിരിയുടെ അഡഗിയ മലബാറിക്ക (1791), ഹെർമൻ ഗുണ്ടർട്ടിന്റെ പഴഞ്ചൊൽമാല (1845) ഒരആയിരം പഴഞ്ചൊൽ (ഒരായിരം പഴഞ്ചൊൽ1850) എന്നിവയാണ് വിശദപഠനത്തിന് സ്വീകരിക്കുന്നത്.

താക്കോൽ വാക്കുകൾ:

പാഠാന്തരത, സാമ്രാജ്യത്വ സിദ്ധാന്തം, വാമൊഴി-സാഹിത്യം

ആമുഖം

മലയാളത്തിൽ അച്ചടിയുടെ ചരിത്രം തുടങ്ങുന്നത് മിഷണറിമാരുടെ ഇടപെടലുകളിലൂടെയാണ്. ആദ്യകാലത്ത് മതപ്രചാരണത്തിനുള്ള പുസ്തകങ്ങൾമുതൽ വ്യാകരണഗ്രന്ഥങ്ങൾ, നിഘണ്ടുക്കൾ, പാഠപുസ്തകങ്ങൾ തുടങ്ങിയ ഭാഷയിലെ അടിസ്ഥാന ഗ്രന്ഥങ്ങളടക്കം മിഷണറിമാരുടെ ശ്രമഫലമായാണ്അച്ചടിക്കപ്പെട്ടുന്നത്. അക്കൂട്ടത്തിൽ പ്രധാനപ്പെട്ട വിഭവമായി തീർന്നത് കേരളത്തിലെ നാട്ടറിവുകളായിരുന്നു. വാമൊഴിയായി നിലനിന്നിരുന്ന നാട്ടറിവുകൾ അച്ചടിയിലൂടെ പുസ്തകങ്ങളായി രൂപാന്തരപ്പെട്ടപ്പോൾ, ആ പ്രക്രിയയിൽ ഇടപെട്ട അധികാരബലങ്ങളും അതിന്റെ തുടർച്ചയായി കേരളത്തിൽ ഫോക്‌ലോർ എന്ന പഠനമേഖലയിൽ ഉണ്ടായ സ്വാധീനവുമാണ് ഈ പ്രബന്ധത്തിലൂടെ പ്രധാനമായും അന്വേഷിക്കുന്നത്. മിഷണറിമാരുടെ ആദ്യകാല നാട്ടറിവ് സമാഹാരങ്ങൾ എന്ന നിലയ്ക്ക്, പൗളിനോസ് പാതിരിയുടെ അഡഗിയ മലബാറിക്ക (1791), ഹെർമ്മൻ ഗുണ്ടർട്ടിന്റെ പഴഞ്ചൊൽമാല (1845), ഒരആയിരം പഴഞ്ചൊൽ (ഒരായിരം

പഴഞ്ചൊൽ 1850) എന്നിവയാണ് പഠനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. കൂട്ടായ്മയ്ക്ക് പുറത്തുനിന്നുള്ള നോട്ടത്തിന്റെ പാഠാന്തരതയ്ക്ക് അപ്പുറം കോളനിയനന്തര യുക്തിയിലൂടെ നോക്കിക്കാണുമ്പോൾ ഇത്തരം സമാഹരണശ്രമങ്ങൾ കേവല വിജ്ഞാനതാല്പര്യത്തിനപ്പുറം അധിനിവേശിത ദേശത്തിന്റെ അറിവുകളെ തങ്ങളുടെ ഇടനിലയിൽ യൂറോകേന്ദ്രിത ലോകത്തിന് മുന്നിൽ അവതരിപ്പിക്കാനുള്ള ഇടപെടലുകളായും, കൊളോണിയൽ ഭരണനിർവ്വഹണത്തിന് ഉപയുക്തമായവിവരശേഖരണമായും മനസിലാക്കുവാൻ സാധിക്കും. അച്ചടിയിലൂടെയും കോളനീകരണത്തിലൂടെയും ഉടലെടുത്ത പുതിയ ലോകാവബോധം അച്ചടിക്കപ്പെട്ട അറിവിന് നല്കിയ ആധികാരികത, ഭാഷാപരമായുംദേശപരമായും സമുദായപരമായും വൈവിധ്യത്തോടെ നിലനിന്ന നാട്ടറിവുകളുടെ പാഠഭേദത്തെ നിരാകരിച്ചുകൊണ്ടുള്ള പഠനങ്ങൾക്ക് മാതൃകയായി.

നാട്ടറിവുകൾ അച്ചടിപ്പാഠങ്ങളാകുമ്പോൾ

അച്ചടിയുടെ വരവിന് മുമ്പ്, ലിഖിതരൂപത്തിൽ മാത്രമല്ല ഇവിടെ അറിവിന്റെ വിതരണം സാധ്യമായിരുന്നത്. വാമൊഴിയിലൂടെയും ഓർമ്മയിലൂടെയും തദ്ദേശീയജനത അവരുടെ അറിവുകളെ പരിപാലിച്ചും കൈമാറിയും പോന്നു. അതിൽ തന്നെ ഫോക്‌ലോർ പോലുള്ള അറിവുരൂപങ്ങളൊക്കെയും ശീലങ്ങളുടെയുംസാമൂഹിക ജീവിതത്തിന്റെയും ഭാഗമായിട്ടാണ് നിലനിന്നിരുന്നത്. അവയ്ക്കൊരു ഏകീകൃത സ്വഭാവം ഉണ്ടായിരുന്നില്ല. പരമ്പരാഗതമായി കൈമാറി വന്നിരുന്നതായതിനാൽ തന്നെ, ദേശപരവും ജാതീയവുമായ എലുകകൾക്കുള്ളിലായിരുന്നു അവയുടെ വിതരണം സാധ്യമായിരുന്നത്. വൈദേശികമായ ജ്ഞാനാവബോധം ഈ ജ്ഞാനവ്യവസ്ഥിതിയെ മാറ്റിമറിക്കുകയാണ് ഉണ്ടായത്. അച്ചടിയെ കൊളോണിയൽ പ്രത്യയശാസ്ത്രത്തിന്റെ ആധിപത്യത്തിനുള്ള ഉപകരണമായി വിമർശകർ നോക്കിക്കാണുന്നത് ഈയൊരു സാഹചര്യത്തിലാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിലാണ് ഇത്തരം നോട്ടങ്ങൾ കൂടുതൽ അർത്ഥവത്താകുന്നത്. അച്ചടിയെ നവീനമായ ഒരു സംവേദന ഉപാധി എന്നതിനപ്പുറം സാംസ്കാരികവും രാഷ്ട്രീയവുമായ അധികാരവിതരണത്തിന്റെ പൂർവ്വകാലധാരണകളിൽ നിന്നുള്ള വ്യതിയാനമായി വീണ നരേഗൾ അടയാളപ്പെടുത്തുന്നുണ്ട് (qtd. Stark 2007:24). ഈയൊരു വ്യതിയാനം സാധ്യമായത് കൊളോണിയൽ വിദ്യാഭ്യാസത്തിലൂടെയാണ്. കൊ

ളോണിയൽ വിദ്യാഭ്യാസത്തിന്റെ സ്ഥാപനത്തോടെ അറിവിനെ സംബന്ധിച്ച പുതുബോധ്യങ്ങൾ രൂപപ്പെടുന്നതായും സാക്ഷരത അറിവിന്റെ കേന്ദ്രത്തിലേക്ക് എത്തുന്നതായും കാണാൻ കഴിയും. "കയ്യെഴുത്തിൽ നിന്ന് അച്ചടിയിലേക്കുള്ള ലിഖിതപാരമ്പര്യത്തിന്റെ മാറ്റം അധികാരകേന്ദ്രങ്ങളുടെ പരിണാമഘട്ടത്തെക്കൂടി അടയാളപ്പെടുത്തുന്നു" (ശ്രീകുമാർ, 2016: 27). നാളതുവരെ സമുദായാടിസ്ഥാനത്തിലും ജാതിയടിസ്ഥാനത്തിലും നിലനിന്ന വിദ്യാഭ്യാസ സമ്പ്രദായത്തിന് ഒരു പൊതുരൂപം വന്നത് കൊളോണിയൽ വിദ്യാഭ്യാസത്തോട് കൂടിയാണ്. എഴുതിവെച്ച അറിവുരൂപങ്ങളേക്കാൾ പ്രയോഗത്തിനും ഓർമ്മയ്ക്കും ഊന്നൽ നല്കുന്ന വിദ്യാഭ്യാസരീതിയായിരുന്നു അത് വരെ നിലനിന്നിരുന്നത്. അതോടൊപ്പം വാമൊഴിയായി നിലനിന്ന അറിവ് രൂപങ്ങൾ വിജ്ഞാനപദവി നേടുകയും പുസ്തകരൂപത്തിൽ അടയാളപ്പെടുകയും ചെയ്തപ്പോ ഉണ്ടായ മാറ്റം സവിശേഷ ശ്രദ്ധയർഹിക്കുന്നുണ്ട്.

മതപ്രചാരണത്തിന് ഉതകുന്ന തരം പുസ്തകങ്ങൾക്കും ഭാഷാപഠനത്തിന് ഉതകുന്ന അടിസ്ഥാന ഗ്രന്ഥങ്ങൾക്കും ശേഷം പുസ്തകരൂപത്തിലേക്ക് എത്തുന്നത് തദ്ദേശീയമായി പ്രചാരത്തിൽ ഉണ്ടായിരുന്ന അറിവുകളാണ്, അതിന്റെ ആദ്യ മാതൃകയായി മലബാറിലെ സസ്യസമ്പത്തിനെ ആധാരമാക്കിയ ഹോർത്തൂസ് മലബാറിക്കസിനെ തിരിച്ചറിയാൻ കഴിയും. മലയാളലിപിയുടെ ആദ്യത്തെ അച്ചടിരേഖ എന്നതിനപ്പുറം അച്ചടിയുടെ കേരളീയപരിസരത്തെ പ്രസ്തുത കൃതി എങ്ങനെയാണ് അടയാളപ്പെടുത്തുന്നത് എന്നതിനെ പറ്റി പി പവിത്രൻ ഇങ്ങനെ അഭിപ്രായപ്പെടുന്നുണ്ട്, "കോളനീകരണത്തിന്റെ അറിവുരൂപങ്ങൾക്ക് ആധികാരികത നല്കിയ ഒരു ഘടകം അച്ചടിയും പുസ്തകങ്ങളുമാണ്. അധിനിവേശപരമായ അറിവുകളെ കേരളീയ പൊതുമണ്ഡലത്തിൽ സ്ഥാപിക്കുക മാത്രമല്ല, തദ്ദേശീയ അറിവുകളെ തങ്ങളുടെ ഇടനില കൊണ്ടാണ് കണ്ടെത്തിയത് എന്ന മട്ടിൽ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുകയും ചെയ്തു. ഹോർത്തൂസ് മലബാറിക്കസ് (1686–1703) അത്തരത്തിലുള്ള ഒരു സമാഹാരമായിരുന്നു" (പവിത്രൻ, അവതാരിക, 2016:10). മതപ്രചാരണത്തിനും അനുബന്ധ പ്രവർത്തികൾക്കുമപ്പുറം ഈ ഇടനിലയെഉറപ്പിക്കുന്ന ധാരാളം പുസ്തകങ്ങൾ മിഷണറിമാരുടേതായി കണ്ടെടുക്കാൻ സാധിക്കും. കേരളത്തിന്റെ ഭൂമിശാസ്ത്രവും ഗ്രന്ഥശേഖരവും സംസ്കാരവും ജീവിതശൈലിയും സാമൂഹികജീവിതവും ഇത്തരത്തിൽ പടിഞ്ഞാറൻ ജ്ഞാനവ്യവസ്ഥയുടെ പഠനവസ്തുവായി മാറുന്നുണ്ട്. ഇങ്ങനെ, തദ്ദേശീയജനത കേവലപഠനവസ്തുവായി

അടയാളപ്പെടുമ്പോൾ അധിനിവേശ പ്രതിനിധികൾ കൂടിയായ പഠിതാക്കൾ പഠനവസ്തുവിന് മുകളിലായി തങ്ങളുടെ സ്ഥാനത്തെ ഉറപ്പിക്കുന്നു. തദ്ദേശീയ ജനതയ്ക്ക് മുകളിൽ ഈയൊരു നോട്ടസ്ഥാനം പടിഞ്ഞാറൻ ശക്തികേന്ദ്രങ്ങൾക്ക് സാധ്യമാക്കിയത് അച്ചടിയെന്ന സാങ്കേതികവിദ്യയും കൊളോണിയൽ അധികാരവുമാണ്.

പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിലാണ് പുസ്തകങ്ങളുടെ ആദ്യകാലമാതൃകകൾ ഇൻഡ്യയിലെത്തുന്നത്. ഏതാണ്ട് ഇതേ കാലത്താണ്, ഫോക്‌ലോർ വിഭവങ്ങൾ പുസ്തകരൂപത്തിലേക്ക് ആവുന്നതും. ഭാഷാപ്രാവീണ്യത്തിലൂടെ സാധ്യമാകുന്നതിലും കൂടുതലായി തദ്ദേശീയ ജനങ്ങളുമായുള്ള ഇടപെടൽ സൗകര്യപ്രദമാക്കുന്നതിന് വേണ്ടിയുള്ള താല്പര്യങ്ങളായിരുന്നു അവരുടെ ജീവിതവുമായി ബന്ധപ്പെട്ട വ്യവഹാരങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനുള്ള ഇത്തരം ശ്രമങ്ങൾക്ക് പിന്നിൽ ഉണ്ടായിരുന്നത്. വാമൊഴി രൂപങ്ങളാണ് ആദ്യകാലത്ത് സമാഹരിക്കപ്പെട്ടിട്ടുള്ളത്, അതിൽ തന്നെ പഴഞ്ചൊല്ലുകളും നാടൻപാട്ടുകളുമാണ് മിഷണറിമാർ കേരളത്തിൽ സമാഹരിച്ച പ്രധാനപ്പെട്ട വാമൊഴിവിഭവങ്ങൾ. കേരളത്തിലെ നാട്ടറിവ് പഠനത്തിന്റെ പ്രാരംഭദശയായി പരിഗണിക്കുന്നത് ഇത്തരം സമാഹരണങ്ങളാണ്. "വിദേശമിഷണറിമാരും ഭരണാധിപന്മാരുമാണ് കേരളത്തിലെ ഫോക്‌ലോർ സമാഹരണത്തിനും പഠനത്തിനും ആരംഭം കുറിച്ചത്. ഈ പ്രവർത്തനങ്ങളുടെയൊക്കെ ഉദ്ദേശ്യത്തിന് രണ്ടു മുഖങ്ങളുണ്ടെന്നു തോന്നുന്നു. ഒന്ന്, ഫോക്‌ലോറിനോടുള്ള താൽപര്യവും അറിയാനുള്ള ആഗ്രഹവും; മറ്റൊന്ന്, മിഷനറിമാരുടെയും പാതിരിമാരുടെയും പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയുള്ള പ്രവർത്തനം. ജനങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളറിഞ്ഞ് അതിനനുസരിച്ച് മതപ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുകയാണല്ലോ പാതിരിമാരിവിടെ ചെയ്തത്. ജനങ്ങളുടെ ഭാഷയും സാഹിത്യവും വശമാക്കുക എന്നത് അവർക്ക് ഒരാവശ്യമായിരുന്നു. പഴഞ്ചൊല്ലുകളുടെ സമാഹരണത്തിന്റെ പിന്നിലെയും നിഘണ്ടുനിർമാണത്തിന്റെ പിന്നിലെയും പ്രേരണ ഇതായിരുന്നു. ഇവയ്ക്ക പിന്നിലെ പ്രചോദകശക്തി എന്തുതന്നെയായിരുന്നാലും കേരളത്തിലെ ഫോക്‌ലോർ പഠനത്തിന് ആരംഭം കുറിച്ചത് ഈ പഠനങ്ങളായിരുന്നു" (രാഘവൻ പയ്യനാട്, 2019: 100) എന്ന് കേരളത്തിലെ ഫോക്‌ലോർ പഠനചരിത്രത്തിന്റെ പ്രാരംഭത്തെ അടയാളപ്പെടുത്തിക്കാണാം.

പ്രാരംഭഘട്ടത്തിൽ തദ്ദേശീയ ജനതയെ കൂടുതൽ അടുത്തറിയുന്നതിനുള്ള ശ്രമങ്ങളായിരുന്നു അവരുടെ സംസ്കാരവും ഭാഷയും പഠിക്കാൻ നടത്തിയ ശ്രമ

ങ്ങൾ എങ്കിലും, അതിന് പിന്നിൽ പ്രവർത്തിച്ച കൊളോണിയൽ താല്പര്യങ്ങൾ തിരിച്ചറിയേണ്ടതാണ്. തദ്ദേശീയമായ വാമൊഴി രൂപങ്ങൾ എന്ന നിലയ്ക്ക് പഴഞ്ചൊല്ലുകൾ ധാരാളമായി ശേഖരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, മലബാറിൽ പ്രചാരത്തിലുള്ള വാങ്മയരൂപങ്ങൾ എന്നതിനപ്പുറം അതിന്റെ ഉള്ളുറകളിലേക്കൊ കൂട്ടായ്മയിലേക്കൊ പഠിതാക്കളുടെ ശ്രദ്ധ എത്തിയിരുന്നില്ല. തദ്ദേശീയമായ അറിവുരൂപങ്ങളെ ന്നനിലയിൽ അവയെ സമാഹരിച്ച് യൂറോപ്പ് കേന്ദ്രിതമായ വിജ്ഞാനലോകത്തെ ഉദ്ദേശിച്ച് അവതരിപ്പിക്കുകയാണ് ഉണ്ടായതെന്ന് കാണാം. ആദ്യത്തെ പഴഞ്ചൊൽ സമാഹാരമായ അഡഗിയ മലബാറിക്ക മലയാളത്തിലുള്ള ചൊല്ലുകളെ ശേഖരിച്ച് ലാറ്റിൻ ഭാഷയിൽ വ്യാഖ്യാനം ചെയ്തിട്ടുള്ളതാണ്. പൊതുവിൽ മലബാറിൽ പ്രചാരത്തിൽ ഉള്ളവ എന്ന് മാത്രമേ നൂറോളം ചൊല്ലുകൾ അടങ്ങുന്ന പ്രസ്തുത സമാഹാരത്തിൽ നിന്ന് ഗ്രഹിക്കാൻ സാധിക്കയുള്ളൂ. കേരളീയമായ പശ്ചാത്തലത്തിലുള്ള ചൊല്ലുകളെ പൂർണ്ണമായും ലാറ്റിൻ ഭാഷയിലേക്ക് തർജ്ജമ ചെയ്യാൻ സാധിക്കാത്ത സന്ദർഭങ്ങളിൽ തത്തുല്യമായ വാക്കുകളോ ആശയങ്ങളോ സ്വീകരിച്ച് കാണുന്നുണ്ട്. "കാക്ക കുളിച്ചാൽ കൊക്കാകയില്ലാ" (Bartholomaeo, 1791:55) എന്ന ചൊല്ലിനെ ലാറ്റിനിലേക്ക് പരിഭാഷപ്പെടുത്തുമ്പോൾ, കൊക്കിനു പകരം കോക (koka) എന്ന് പ്രയോഗിച്ച് വെളുത്ത പക്ഷി എന്ന വ്യാഖ്യാനം നല്കി കാണുന്നു (എമ്മാനുവൽ, 2006:43). മേലുദ്ധരിച്ച ചൊല്ലിന്റെ സവിശേഷമായ അർത്ഥസാധ്യതകളെ പരിമിതപ്പെടുത്തിക്കൊണ്ടാണ് ഈ വ്യാഖ്യാനം ചമച്ചിരിക്കുന്നത്. ഫോക്ലോർ പഠനം എന്ന നിലയിൽ വിലയിരുത്തുമ്പോഴാണ് അത്തരമൊരു പോരായ്മ ശ്രദ്ധയിൽപ്പെടുന്നത്. ഭാഷാവ്യവഹാരങ്ങളെ പഠിക്കാൻ അതുവരെ പ്രയോഗത്തിലുണ്ടായിരുന്ന ഈയൊരു രീതിശാസ്ത്രം വാമൊഴിയായി പ്രചരിക്കുന്ന ഭാഷാവ്യാവഹാരങ്ങളെ പഠിക്കാനോ അടയാളപ്പെടുത്താനോ പര്യാപ്തമായിരുന്നില്ല.

വ്യവസായവൽക്കരണം കാരണം അന്യംനിന്ന് പോയ പാരമ്പര്യത്തെയും ഗ്രാമസങ്കൽപ്പത്തെയും കുറിച്ചുള്ള നഷ്ടബോധവും ഗൃഹാതുരത്വവുമാണ് വാമൊഴി പാരമ്പര്യത്തിന്റെ ശേഖരണത്തിലേക്ക് നയിച്ചത് എന്നാണ് ഫോക്ലോറിസ്റ്റിക്സ് എന്ന ജ്ഞാനശാഖയുടെ ഉദയത്തെക്കുറിച്ചുള്ള പണ്ഡിതമതം. എന്നാൽ, ഗ്രിം സഹോദരന്മാർ 1812-ൽ ജർമ്മൻ നാടോടികഥകൾ ശേഖരിക്കുന്നതിനും മുൻപ് കേരളത്തിലെ പഴഞ്ചൊല്ലുകൾ ശേഖരിക്കപ്പെടുകയും അച്ചടിക്കപ്പെടുകയും ചെയ്തിരുന്നുണ്ട്. കൊളോണിയൽ അധികാരകേന്ദ്രങ്ങളായിരുന്ന യൂറോപ്യൻ സാമ്രാജ്യ

ങ്ങൾ അവനവന് കൈമോശം വന്നുകൊണ്ടിരിക്കുന്ന പാരമ്പര്യത്തെ തിരിച്ചറിയുന്നതിനും മുന്നേ അധിനിവേശിത ദേശങ്ങളിലെ വാമൊഴി രൂപങ്ങളെ പഠിക്കാൻ തുടങ്ങുന്നുണ്ട്. അതിൽ തന്നെ, നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന യൂറോപ്യൻ നാട്ടറിവുകളും കോളനികളിലെ 'പ്രാകൃത'ജനതയുടെ നാട്ടറിവുകളും തമ്മിലുള്ള അന്തരവും പ്രശ്നവൽക്കരിക്കേണ്ടിയിരിക്കുന്നു. എന്ത് തന്നെയായാലും അധിനിവേശിത ദേശങ്ങളിലെ വാമൊഴി രൂപങ്ങളെ പഠിക്കാൻ ഉണ്ടായ ശ്രമങ്ങൾ കേവലമായ വിജ്ഞാനതൃഷ്ണയോ ഗൃഹാതുരത്വമൊ അല്ല, പരിഷ്കൃത സംസ്കാരത്തിന്റെ പ്രതിനിധികൾ എന്ന നിലയ്ക്ക് തദ്ദേശീയ ജനതയ്ക്കും അവരുടെ അറിവുരൂപങ്ങൾക്കും മുകളിൽ സ്വയം പ്രതിഷ്ഠിക്കലാണ്. അറിവുൽപാദനത്തിന്റെ ആധികാരികത അച്ചടിയിലൂടെ ഉറപ്പിച്ചെടുക്കാനും ഇത്തരം ശ്രമങ്ങളിലൂടെ അധിനിവേശശക്തികൾക്ക് സാധിക്കുന്നുണ്ട്. 1900-ൽ ലണ്ടനിൽ നടന്ന ഫോക്ലോർ സൊസൈറ്റിയുടെ അധ്യക്ഷപ്രസംഗത്തിൽ, കോളനിവൽകൃത ദേശങ്ങളിലെ ജനതയുടെ തദ്ദേശീയമായ അറിവിനെ മനസിലാക്കുന്നത് കോളനികളുടെ കാര്യക്ഷമമായ ഭരണനിർവഹണത്തിന് ഉപയുക്തമാണെന്ന ഫോക്ലോറിന്റെ 'സാമ്രാജ്യത്വ സിദ്ധാന്തം' (empire theory) അവതരിപ്പിച്ച് മൂന്ന് കൊല്ലത്തിനു ശേഷമാണ് ലിംഗ്യസ്റ്റിക് സർവ്വേ ഓഫ് ഇൻഡ്യ (Linguistic Survey of India) പ്രമുഖ ഫോക്ലോറിസ്റ്റായ സർ ജോർജ്ജ് ഗ്രിയോർസന്റെ നേതൃത്വത്തിൽ സ്ഥാപിതമാകുന്നത് (blackburn, 2003: 13)

അധികാരികളും പരിഷ്കൃതരുമായി സ്വയം അവരോധിച്ച അധിനിവേശശക്തികൾ തദ്ദേശീയരായ ജനസമൂഹത്തെ എത്രത്തോളം അസഹിഷ്ണുതയോടെ കീഴാളരായി നോക്കിക്കണ്ടിരുന്നു എന്ന് പാഠപുസ്തകങ്ങളുമായി ബന്ധപ്പെടുത്തി എ ജി ശ്രീകുമാറും[1] സ്റ്റുവർട്ട് ബ്ലാക്ക്ബെണും[2] വിശകലനം ചെയ്തിട്ടുണ്ട്. ഹെന്ട്രീമോറ സിന്റെ "ഇൻഡ്യാചരിത്ര"ത്തിൽ തദ്ദേശീയജനതയുടെ സ്വഭാവത്തെ പ്രദേശികാടിസ്ഥാനത്തിൽ ഉന്നതമെന്നും നീചമെന്നും തരംതിരിച്ച് തീർപ്പുകല്പിക്കുന്നതിനെയും ആധികാരികമായ ചരിത്രരേഖകളില്ലാത്തവരാണ് തദ്ദേശീയജനത എന്ന വില്യം ലോഗന്റെ മലബാർ മാനുവലിലെ നിരീക്ഷണത്തെയും മുൻനിർത്തി, യൂറോപ്പാണ് അറിവിന്റേയും സംസ്കാരത്തിന്റേയും മാനദണ്ഡം നിശ്ചയിക്കുന്നതെന്ന അധീശത്വ മനഃസ്ഥിതിയാണ് അച്ചടിയടക്കമുള്ള നൂതനയന്ത്രസംവിധാനങ്ങൾ ഇൻഡ്യൻ ജനതയുടെ മേൽ വിന്യാസിക്കുമ്പോൾ അധിനിവേശികർക്കുണ്ടായിരുന്നത് എന്ന് എ ജി ശ്രീകുമാർ നിരീക്ഷിക്കുന്നു (ശ്രീകുമാർ, 2016: 134). 1840-കളിൽ മദ്രാസ് യൂ

ണിവേസിറ്റിയിൽ പാശ്ചാത്യ മാതൃകയിലുള്ള ഗദ്യംപാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തദ്ദേശീയമായ നാടോടികഥകൾ പരിഗണിക്കുന്നതുമായി ബന്ധപ്പെട്ട ആലോചനകൾ നടന്നപ്പോൾ, ഗ്രണനിലവാരമുള്ള പുസ്തകങ്ങൾ കുറവാണെങ്കിലും പൊതുവായി വായിക്കപ്പെടുന്ന കഥകളുണ്ടെന്നു പരിഗണിക്കുമ്പോൾ തന്നെ അവയിലെ സദാചാരപ്രശ്നമുള്ളഭാഗങ്ങൾ ഒഴിവാക്കപ്പെടണം എന്ന് അഭിപ്രായം ഉണ്ടായി (Blackburn, 2003:135)[3]. ഇത്തരത്തിൽ അധീശശക്തികളുടെ പ്രതിനിധികളായിരുന്ന പഠിതാക്കൾ തങ്ങളുടെ ഉയർന്ന നിലയെ ഉറപ്പിച്ചും, അതിന് താഴെയാണ്അപരിഷ്കൃതരായ തദ്ദേശീയ ജനങ്ങൾ എന്ന ബോധ്യം വെച്ചുപുലർത്തിക്കൊണ്ടുമാണ് ഭാഷയേയും സംസ്കാരത്തേയും സമീപിക്കുന്നത്. ഭരണനിർവഹണത്തിലും ജ്ഞാനോൽപാദനത്തിലും തദ്ദേശീയ ജനങ്ങളുടെ കർത്തൃത്വംനിരാകാരിക്കപ്പെട്ടു എന്ന് മാത്രമല്ല, അവരുടെ സംസ്കാരവും ഭാഷയും വ്യവഹാരങ്ങളും വസ്തുവൽക്കരിക്കപ്പെട്ടു, അഥവാ വിഭവവൽക്കരിക്കപ്പെട്ടു. കോളനിവൽക്കരണത്തിന് ഇരയാക്കപ്പെട്ട തദ്ദേശീയരായ ജനത വെറും പഠനവസ്തുവായി. ഓരോ ജനതയ്ക്കും അവരുടേതായ വൈവിധ്യങ്ങളുണ്ട്, ജനജീവിതവുമായി ചേർന്നുനില്ക്കുന്നതിനാൽ തന്നെ ഫോക്ലോർ രൂപങ്ങളും അത്രമേൽ വൈവിധ്യത്തെ ഉൾക്കൊള്ളുന്നു. അച്ചടിയുടെ ലോകബോധവും അറിവുൽപ്പാദനരീതിയും യൂറോപ്പ് കേന്ദ്രീതമായിരുന്നു എന്നതിനാൽ തന്നെ, ഈ വൈവിധ്യങ്ങളെല്ലാം നിരാകാരിക്കപ്പെടുകയും കൊളോണിയൽയുക്തിക്ക് ചേർന്നമാതിരി വിലയിരുത്തപ്പെടുകയുമാണുണ്ടായത്.

മിഷണറിമാർ തദ്ദേശീയ ജനതയിൽ നിന്ന് നേരിട്ടാണ് വിവരങ്ങൾ ശേഖരിച്ചത് എങ്കിലും, അതിന്റെ അച്ചടിയും പുസ്തക രൂപീകരണവും മറ്റ ചില നടപടിക്രമങ്ങളിലൂടെ കടന്നുപോയിരുന്നു. വൈദേശികരായ മിഷണറിമാരും ഉദ്യോഗസ്ഥരുമായിരുന്ന കേരളത്തിലെ ഫോക്ലോർ സമാഹാരണത്തിലും പഠനത്തിലും ആദ്യമായി ഇടപെട്ടത്. മതപ്രചാരണവുമായി ബന്ധപ്പെട്ട് തദ്ദേശീയ ജനതയുമായി നേരിട്ട് ഇടപെട്ടിരുന്ന മിഷണറിമാർക്ക് അവരുടെ ഭാഷയും സംസ്കാരവും അറിയേണ്ടത് അത്യാവശ്യമായിരുന്നു. അതിന് വേണ്ടിയുള്ള ശ്രമങ്ങളായിരുന്ന ഭാഷയിലും ഫോക്ലോറിലുമുണ്ടായ ഇടപെടലുകളിലേക്ക് നയിച്ചത്. മിഷണറിമാർക്ക് പുറമെ വിവരശേഖരണം നടത്തിയ ഉദ്യോഗസ്ഥന്മാർ നടത്തിയ വിവരശേഖരണംമിഷണറിമാരോളം നേരിട്ടുള്ള ഇടപെടലായിരുന്നു എന്ന് തീർത്തു പറയാൻ കഴിയില്ല. 1887-ലെ വില്ല്യം ലോഗന്റെ മലബാർ മാന്വലിൽ അനുബന്ധമായി ചേർത്തിരിക്കു

ന്നത് 1850ലെ ഗ്രണ്ടർട്ടിന്റെ ഒരായിരം പഴഞ്ചൊല്ലിൽ നിന്നും സ്വീകരിച്ചിട്ടുള്ള 185 ചൊല്ലുകളാണ്.

അച്ചടിയിലേക്ക് വരുന്നതോടുകൂടി പ്രാദേശികമായി വൈവിധ്യത്തോടെ നിലനിന്നിരുന്ന പാഠഭേദങ്ങൾക്ക് ഏകരൂപം കൈവരുന്നു. ശീലങ്ങളിൽ നിലനിന്നിരുന്ന അറിവുരൂപങ്ങൾ ലിഖിതരൂപത്തെ പ്രാപിക്കുമ്പോൾ അതിന്റെ ഒഴുക്ക് തടസ്സപ്പെടുകയാണ്. എഴുതി വെച്ചതുകൊണ്ട് അതിന്റെ ഉണ്മ നഷ്ടപ്പെടുന്നു എന്ന സത്താവാദമല്ല, സമൂഹത്തിൽ ദ്രവാവസ്ഥയിൽ നിലനിൽക്കുന്ന ഒരു വ്യവഹാരത്തിന് പ്രയോഗസാധ്യതകൾ ഏറെയാണ്. അതിന്റെ കർത്തൃത്വം വിശേഷിച്ച് ആരിലും ഒതുങ്ങിപ്പോകുന്നില്ല. സമൂഹത്തിനോ കൂട്ടായ്മയ്ക്കോ ആ വ്യവഹാരത്തിൽ സ്വതന്ത്രമായി ഇടപെടാനും അതിനെ വഴക്കത്തോട് കൂടി നിലനിർത്താനും സാധിക്കും. എന്നാൽ, ലിഖിതപാഠം വരുന്നതോട് കൂടി, ആ പാഠം തയ്യാറാക്കിയ ആഖ്യാതാവിൽ മാത്രമായി അതിന്റെകർത്തൃത്വം ഒതുങ്ങി പോകുന്നു. കൂട്ടായ്മയ്ക്കുള്ളിൽ പാഠഭേദങ്ങളോട് കൂടി നിലനില്ക്കുന്ന വ്യവഹാരങ്ങൾ ലിഖിതരൂപത്തിലേക്ക് ചുരുങ്ങുമ്പോൾ ഏതെങ്കിലും ഒരു പാഠരൂപം മാത്രമായി പോകുന്നു. കൊളോണിയൽ യുക്തിയിലൂടെ അച്ചടിക്ക് ലഭിക്കുന്ന ആധികാരികത, അച്ചടിപ്പാഠമായി മാറുന്ന പാഠരൂപത്തിന് കൂടുതൽ ആധികാരികത കൽപിക്കുന്നു. പാഠപുസ്തകത്തിലേക്കായി കൃതികളുടെ ഒന്നിലധികം പകർപ്പുകൾ ശേഖരിച്ചിരുന്നതായും അവ പരസ്പരം ഒത്തുനോക്കി ഗ്രണ്ടർട്ട് തിരുത്തലുകൾ നടത്തിയിരുന്നതായും സ്ഥിരീകരിക്കപ്പെടുന്നു (ഉദ്ധ. ശ്രീകുമാർ, 2016:74). കൂട്ടായ്മയ്ക്കുള്ളിൽ നിൽക്കുന്നവർക്ക് മാത്രം ഗ്രഹിക്കാൻ സാധിക്കുന്ന അർത്ഥതലങ്ങളോട് കൂടിയ നാടോടിക്കഥകളും പാട്ടുകളും ചൊല്ലുകളും അച്ചടി പ്രക്രിയയുടെ ഭാഗമായും പരിശോധിക്കപ്പെട്ടിരുന്നു. വിശദപഠനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള പഴഞ്ചൊൽ സമാഹാരങ്ങൾ ഉൾപ്പെടെ, അകരാദിക്രമത്തിലോ അല്ലാതെയോ ചൊല്ലുകളെ പട്ടികാസമാനമായി ഒന്നിന് പുറകെ മറ്റൊന്നായി നിരത്തിയിരിക്കുന്നു എന്നതിനപ്പുറം, അവ ഏതേത കൂട്ടായ്മയ്ക്കുള്ളിലാണ് നിലനില്ക്കുന്നത് എന്നതടക്കമുള്ള സൂചനകൾ ആദ്യകാലപഠനങ്ങളിൽ ലഭ്യമല്ല. ശേഖരിച്ച വാങ്മയത്തെ പൂർണ്ണമായും മലയാളം സംസാരഭാഷയായ ഒരു ദേശത്തിന്റേതായി സാമാന്യവൽക്കരിച്ചിരിക്കുകയാണ്. കൂട്ടായ്മയ്ക്ക് പുറത്തുള്ള ശ്രോതാവിന് പൂർണ്ണമായ അർത്ഥഗ്രഹണം പോലും സാധ്യമാകാത്ത പഴഞ്ചൊല്ലുകൾ എങ്ങനെയാണ് അത്തരത്തിൽ സാമാന്യവൽക്കരിക്കുവാൻ സാധിക്കുക.

"കൊഞ്ചൻ തുള്ളിയാൽ മുട്ടോളം എറ തുള്ളിയാൽ ചട്ടിയിൽ" (ഗ്രണ്ടർട്ട്, 2013:17) എന്ന ചൊല്ലിൽ ചെറുവരമ്പുകളെയാണ് മുട്ടെന്ന് ഉദ്ദേശിക്കുന്നതെന്ന ധാരണ ഇല്ലാത്തവർക്ക് കാൽമുട്ടോളം എന്നായിരിക്കും മനസിലാക്കാൻ സാധിക്കുക. ജാതീയമായ തലങ്ങളെ അഭിസംബോധന ചെയ്യാതെ ഫോക്ലോർ പഠനം സാധ്യമല്ല. സാമുദായികമായ കൂട്ടായ്മയ്ക്കുള്ളിൽ നിലനില്ക്കുന്നതും അത്തരത്തിൽ മാത്രം സംവേദനം സാധ്യമാകുന്നതും, തൊഴിലധിഷ്ഠിതമായതും, ജാതിബന്ധങ്ങളെ സൂചിപ്പിക്കുന്നതുമായ ചൊല്ലുകളുണ്ട്. അച്ചടി രൂപപ്പെടുത്തിയ ലോകബോധവും അറിവിനെക്കുറിച്ചുള്ള പുതിയ ബോധ്യങ്ങളും അച്ചടിപ്പാഠത്തെ ആധികാരികമായി കണക്കാക്കുന്ന സാഹചര്യത്തിൽ ദേശം, ലിംഗം, ജാതി, തൊഴിൽ, ഭാഷാഭേദം തുടങ്ങിയ ഘടകങ്ങളിൽ ഒന്നിനെയും പരിഗണിക്കാതെ ലഭ്യമായ ഒരു പാഠത്തെ രേഖപ്പെടുത്തുമ്പോൾ അത് അപകടകരമാണ്.

അച്ചടിയേയും വാമൊഴിയേയും വിരുദ്ധദ്വന്ദ്വങ്ങളായി കണ്ട്, അച്ചടിക്കപ്പെട്ട വാമൊഴിരൂപങ്ങളെ പഠിക്കുന്നതിലൊരു വിമുഖത കണ്ടുവരുന്നുവെന്നും അത്തരത്തിലൊരു ദ്വന്ദ്വകല്പനയുടെആവശ്യമില്ലെന്നുംബ്ലാക്ക്ബെൺഅഭിപ്രായപ്പെടുന്നുണ്ട്. ഫോക്ലോറിനെ സംബന്ധിച്ചിടത്തോളം സവിശേഷമായ അടയാളമായാണ് വാമൊഴി-വരമൊഴിയെന്നുള്ള ദ്വന്ദ്വകല്പന നിലനില്ക്കുന്നത്. അതിന് പ്രധാനപ്പെട്ട കാരണം, ഫോക്ലോർ എന്ന് തിരിച്ചറിയപ്പെടുന്ന അറിവുരൂപങ്ങളിൽ ഭൂരിഭാഗവും വാമൊഴിരൂപത്തിലുള്ളതാണ് എന്നതാണ്. ഫോക്ലോർ എന്ന വിജ്ഞാനശാഖയും പഠനശ്രമങ്ങളും അച്ചടിയും ആരംഭിക്കുന്നത് വ്യവസായവിപ്ലവത്തിന്റെ ഫലമായാണ്, വ്യവസായവിപ്ലവം കാരണം കൈമോശം വന്നുകൊണ്ടിരിക്കുന്ന പാരമ്പര്യത്തെയും അതിന്റെ അറിവുരൂപങ്ങളെയും അടയാളപ്പെടുത്തുകയെന്നതോ സൂക്ഷിച്ചുവെക്കുകയെന്നതോ ആയ ഉദ്ദേശത്തോടു കൂടിയാണ് ഫോക്ലോർ എന്ന പഠനശാഖ ഉദയം കൊള്ളുന്നത്. നിത്യജീവിതത്തിന്റെ ഭാഗമായി നിലനിന്നിരുന്നതാണെങ്കിൽ കൂടി അത്തരമൊരു രേഖപ്പെടുത്തൽ അർഹിക്കുന്നതെന്നോ സവിശേഷമായ ഒരു ജ്ഞാനശാഖ എന്ന നിലയിലോ പരിഗണിക്കപ്പെടാതിരുന്ന ഫോക്ലോർ, വ്യവസായവൽക്കരണത്തിലൂടെ നഷ്ടമായിക്കൊണ്ടിരിക്കുന്ന ഗ്രാമജീവിതത്തെപ്രതിയുള്ള ഗൃഹാതുരതയിൽ നിന്ന് ഉരുവപ്പെട്ടതിനാൽ ഗ്രാമീണതയ്ക്ക് ചേരാത്തതായി അന്നത്തെ കാലത്ത് പരിഗണിക്കപ്പെട്ടിരുന്നതിൽ നിന്നെല്ലാം വേറിട്ടതും, ഗ്രാമത്തിന്റെ അടയാളമായി പരിഗണിക്കെപ്പെട്ടിരുന്നവയുമായി ചേർ

ന്ന്നില്ക്കുന്നതുമായി വിഭാവനം ചെയ്യപ്പെടു എന്ന് വേണം മനസിലാക്കാൻ. വ്യാവ സായിക കാലത്തെ മാറ്റത്തെ പ്രതിനിധീകരിക്കുന്ന അച്ചടി അങ്ങനെ ഫോക്ലോ റിന്നേർവിപരീതമായി. യൂറോപ്പിലെ വ്യാവസായികവൽക്കരണത്തിലൂടെ ഭീഷണി നേരിട്ട "ആധികാരിക"മായ ഫോക്പാരമ്പര്യങ്ങൾക്ക് വേണ്ടിയുള്ള അന്വേഷണ ത്തെ പ്രമുഖ ഫോക്ലോർ ഗവേഷകയായ റെജീന ബെൻഡിക്സ് വിശദീകരിക്കുന്നു ണ്ട്. വ്യവസായവൽക്കരണം കൊണ്ടുവന്ന ആധുനികതയെ പ്രതിരോധിച്ചുകൊ ണ്ടുള്ള ഫോക്ലോർ എന്ന നിർമ്മിതി ആശയപരമായി അപര്യാപ്തമാണെങ്കിലും വൈകാരികമായും രാഷ്ട്രീയപരമായും തൃപ്തികരമാണ് എന്നാണ് ബെൻഡിക്സിന്റെ അഭിപ്രായം (qtd.Blackburn, 2003: 2). അങ്ങേയറ്റം സത്താവാദപരമായ ഈ ദ്വ ന്ദ്വനിർമ്മിതി വാമൊഴിയേയും അച്ചടിയേയും വെവ്വേറെ മണ്ഡലങ്ങളായി കല്പ്പന ചെയ്തു[4]. എന്നാൽ അച്ചടിയും ഫോക്ലോറും തമ്മിലുള്ള സംവേദനസാധ്യതകളെ തിരിച്ചറിയുന്ന പഠനങ്ങളും ഉണ്ടായിട്ടുണ്ട് [5]. ഇൻഡ്യൻ സാഹചര്യത്തിൽവാമൊഴി യും അച്ചടിയുമായുള്ള കൂടിക്കലരലിനെക്കുറിച്ച് ചർച്ചചെയ്തവരിൽ പ്രമുഖരാണ്, എ കെ രാമാനുജനും വി നാരായണ റാവുവും. നാരായണ റാവു വാമൊഴി-സാഹിത്യം (oral-literature) എന്നൊരു പ്രയോഗം തന്നെ അവതരിപ്പിക്കുന്നുണ്ട്6.

ഒരു സാങ്കേതികവിദ്യ എന്ന നിലയിൽ പരിഗണിക്കുമ്പോൾ അച്ചടിയുടെ തു ടർച്ചയായുണ്ടായവയെ രാഷ്ട്രീയപരമായി നോക്കിക്കാണുക സാധ്യമാവണം എന്നി ല്ല. കോളനിവൽക്കരണത്തിന്റെ പ്രധാന ഉപകരണങ്ങളിലൊന്നായി അച്ചടിയെ അടയാളപ്പെടുത്തുമ്പോൾ അച്ചടിയിലൂടെ സ്ഥാപനവൽക്കരിക്കപ്പെടുന്ന ജ്ഞാന മണ്ഡലവും ലോകാവബോധവും അവയുടെ ഇടപെടലുകളും എല്ലാം പ്രശ്നവൽക്ക രിക്കപ്പെടുന്നു. ഫോക്ലോറിന്റെ പരിണാമ പ്രക്രിയയിൽ സാങ്കേതികവിദ്യയെന്ന നിലയിൽ അച്ചടി ഒരു തുടർച്ചയാവുകയായിരുന്നു. അക്ഷരരൂപത്തിൽ സൂക്ഷി ച്ചുവെക്കാൻ കഴിയുന്ന അറിവുരൂപങ്ങളെ അടയാളപ്പെടുത്താൻ അച്ചടിയിലൂടെ സാധ്യമായി. എന്നാൽ, അവയുടെ അനുഭവപരിസരത്തേയും പാഠഭേദങ്ങളെയും പൂർണ്ണമായും അടയാളപ്പെടുത്താൻ അച്ചടി അപര്യാപ്തമാണ്.

ബ്ലാക്ക്ബെണിന്റെ പഠനം സൂചിപ്പിക്കുന്നത് പോലൊരു കൊടുക്കൽ വാങ്ങൽ അച്ചടിയ്ക്കും കൂട്ടായ്മയ്ക്കും ഇടയിൽ, കേരളീയ പരിസരത്ത് എത്രത്തോളം സാധ്യമായിരുന്നു എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. അനുഷ്ഠാന ഗാനങ്ങളെ പറ്റി താൻ നടത്തിയ പഠനത്തിലെ പാഠം, ആധികാരികതയ്ക്ക് വേണ്ടി ആ കൂട്ടായ്മ

തന്നെ ആശ്രയിക്കുന്നതായി രാഘവൻ പയ്യനാട് ഒരിക്കൽ പറയുകയുണ്ടായി. പുസ്തകരൂപത്തിലുള്ള അറിവുരൂപങ്ങൾക്ക് ആധുനികസമൂഹം കൽപിക്കുന്ന ആധികാരികതയ്ക്ക് ഇതൊരു സാക്ഷ്യമായി മാറുന്നു.

പ്രാദേശികമായ വാമൊഴിയെ സമാഹരിച്ച്, യൂറോപ്യൻ ജ്ഞാനലോകത്തിന് മനസിലാക്കുവാൻ കഴിയുന്ന തരത്തിൽ വ്യാഖ്യാനിക്കുകയോ തങ്ങളുടെ ആശയങ്ങളെ സമർത്ഥിക്കുകയോ ചെയ്യും വിധമാണ് അഡഗിയമലബാറിക്കയും പഴഞ്ചൊൽമാലയും ആഖ്യാനം ചെയ്യപ്പെട്ടിരിക്കുന്നത്. മലയാളം സംസാരഭാഷയായ ഒരു ദേശത്തിന്റെ വാങ്മയത്തെ സമാഹരിക്കുന്നു എന്നതിനപ്പുറം ആരിൽ നിന്നാണ് തങ്ങൾക്ക് കിട്ടിയത് എന്ന യാതൊരുവിധ സൂചനയും ഇല്ലാതെ കൂട്ടായ്മയ്ക്കുള്ളിൽ നിൽക്കുന്ന ആവേദകന്റെ പ്രാതിനിധ്യത്തെ മിഷണറിമാർ നിരാകരിക്കുകയാണ്. 1791-ൽ അച്ചടിക്കപ്പെട്ട അഡഗിയ മലബാറിക്ക തദ്ദേശീയമായ വാങ്മയത്തെ വിഭവവൽക്കരിക്കുന്നതിന്റെ ഉത്തമനിദർശനമെന്നോണം ഭാഷാപരമായും യൂറോപ്പ് കേന്ദ്രിതമായ ജ്ഞാനലോകത്തെ ലക്ഷ്യം വെച്ചുകൊണ്ടാണ് തയ്യാറാക്കപ്പെട്ടിരിക്കുന്നത്. 1845-ലാണ് ഗ്രുണ്ടർട്ടിന്റെ പഴഞ്ചൊൽമാല അച്ചടിക്കപ്പെടുന്നത്. സമാഹരിച്ച പഴഞ്ചൊല്ലുകളെ മതപ്രചാരണത്തിന് ഉതകുന്ന തരത്തിൽ വ്യാഖ്യാനം ചെയ്താണ് തൽകൃതി ചിട്ടപ്പെടുത്തിയിരിക്കുന്നത്.
ഉദാഹരണത്തിന്,

"രാജാവില്ലാത്തനാട്ടിൽകൂടിയിരിപ്പാൻ ആകാ
നാഥനില്ലാത്തനിലത്തുപയോകാ
ആനയില്ലാതെആറാട്ടൊ
വിശെഷിച്ച രാജാവിന്നു ദൈവവശാൽ അധികാരം ലഭിക്കക്കൊണ്ട എല്ലാവരും ശങ്കിച്ചു അനുസരിക്കെണം" (ഗ്രുണ്ടർട്ട്, 1845: 123)

1845-ലാണ് ഗ്രുണ്ടർട്ടിന്റെ തന്നെ ഒരുആയിരംപഴഞ്ചൊൽ (ഒരായിരം പഴഞ്ചൊൽ) ബാസൽമിഷൻ അച്ചടിക്കുന്നത്. തൽകൃതിയിൽ ആയിരം പഴഞ്ചൊല്ലുകൾ ശേഖരിച്ച് അവയെ അകരാദിക്രമത്തിൽ ചിറ്റപ്പെടുത്തിയതായി കാണാം. അത് വരെയുണ്ടായ പഴഞ്ചൊൽ സമാഹാരങ്ങളിൽ നിന്ന് ഈ സമാഹാരത്തെ വേറിട്ടതാക്കുന്നത്, എണ്ണപ്പെട്ട ചൊല്ലുകളുടെ പാഠഭേദങ്ങളെ പരിഗണിച്ചിട്ടുണ്ട് എന്നതാണ്.

ഉദാഹരണത്തിന്,

'അള കൃത്തിയാൽ ചെരയും (ചേരയും) കടിക്കും' എന്ന ചൊല്ലിന് 'അള'യ്ക്ക് പകരം 'എറ' എന്ന പദത്തേയും, 'അള മുട്ടിയാൽ ചെരയും (ചേരയും) തിരിഞ്ഞു' എന്നിങ്ങനെ മറ്റൊരു പാഠത്തെയും ഉൾക്കൊള്ളിച്ചിരിക്കുന്നതായി കാണാം.

"അള (എറ)കൃത്തിയാൽ ചെരയും കടിക്കും
(അളമുട്ടിയാൽ ചെരയും തിരിഞ്ഞു)" (ഹെർമൻ ഗുണ്ടർട്ട്, 2013:4)

പഴഞ്ചൊല്ലുകൾ വീണ്ടും പലകാലങ്ങളിൽ സമാഹരിക്കപ്പെട്ടുവെങ്കിലും പ്രസ്തുത സവിശേഷതകൾ പിന്തുടരപ്പെട്ടില്ല. ഗുണ്ടർട്ടിന്റേതായി തന്നെ വേറെയും സമാഹാരങ്ങൾ പരാമർശിച്ച് കാണുന്നു എങ്കിലും അവയൊന്നും ലഭ്യമല്ല. സമാനാർത്ഥം വരുന്ന ചൊല്ലുകൾ ഉണ്ടെന്ന് തിരിച്ചറിഞ്ഞാൽ പോലും അവയെ ചേർത്തുവായിക്കുന്ന തരം ശ്രമങ്ങളൊന്നും ആദ്യകാലത്ത് ഉണ്ടായതായി കാണുന്നില്ല. മിഷണറിമാരുടെ തുടർച്ചയെന്ന വണ്ണം ഉണ്ടായ സമാഹരണങ്ങളും പഠനങ്ങളും ഏതാണ്ട് മിഷണറിമാരുടേതിന് സമാനമായ, ചൊല്ലുകളെ ഏകപാഠമായി കൂടി സ്വീകരിക്കുന്ന രീതിയാണ് തുടർന്നത്. നാടൻപാട്ടുകളും ഇതേ രീതിയിൽ സമാഹരിക്കപ്പെട്ടിട്ടുണ്ട്. ഈ ഒരു രീതിക്ക് മാറ്റം വരുന്നത്, ഉത്തരമലബാറിലെ കഥാഗാനങ്ങളുടെ ചേലനാട്ട്അച്യുതമേനോന്റെ ആമുഖപഠനത്തോടു കൂടിയാണ്.

ഉപസംഹാരം

വാമൊഴി-വരമൊഴി എന്ന ദ്വന്ദ്വകൽപ്പനയെ നിരാകരിച്ചുകൊണ്ട് ഫോക്‌ലോറിന്റെ പരിണാമപ്രക്രിയയിലെ ഒരു ഘട്ടം മാത്രമായി അച്ചടിയെ കാണാൻ കഴിയുമെങ്കിലും, വ്യവസായവൽക്കരണത്തിന്റെ ഉൽപ്പന്നമായ അച്ചടി കേരളത്തിൽ, ഇൻഡ്യയിൽ എത്തുന്നത് കോളനിവൽക്കരണത്തിന്റെ ഉപകരണമെന്ന നിലയിലാണ്. ഒരു വിജ്ഞാനശാഖയെന്ന നിലയിൽ ഫോക്‌ലോർ പഠനം ആരംഭിക്കുന്നതിന് മുൻപ് തന്നെ തദ്ദേശീയമായ അറിവുത്പന്നങ്ങളെ ശേഖരിക്കുവാനും വിഭങ്ങളാക്കാനും കൊളോണിയൽ അധികാരത്തിന് ഉപകരണമായി തീർന്നത് അച്ചടിയാണ്. ആദ്യത്തെ ഫോക്‌ലോർ സമാഹാരമെന്ന പരാമർശം അർഹിക്കുന്നുണ്ടെങ്കിൽ പോലും ഇന്നും ഗ്രിം സഹോദരന്മാരുടെ നാടോടിക്കഥാസമാഹാരത്തിൽ നിന്നാണ് ഫോക്‌ലോറിന്റെ പഠനചരിത്രം തുടങ്ങുന്നത്. പരിഷ്കൃതരും അധികാരികളുമായി സ്വയം അവരോധിച്ച കൊളോണിയൽ

ജ്ഞാനോൽപാദകർക്ക് തദ്ദേശീയരായ ജനത കേവലപഠനവസ്തുമാത്രമായിരുന്നതിനാൽ തന്നെ, ഇൻഡ്യയിൽ നരവംശശാസ്ത്രം പോലെ തന്നെ ഫോക്ലോറും അധിനിവേശ സംരംഭമാണെന്ന് പറയേണ്ടിയിരിക്കുന്നു.

ഇൻഡ്യൻ സമൂഹത്തിൽ ജാതി അത്രമേൽ ആഴത്തിൽ പതിഞ്ഞു പോയതിനാലും തദ്ദേശീയമായ അറിവുരൂപങ്ങൾ എന്ന നിലയ്ക്ക് ജാതിവ്യവഹാരങ്ങൾക്ക് ഉള്ളിലാണ് ഫോക്ലോറിന്റെ പൂർണ്ണമായ അർത്ഥതലങ്ങൾ വിശദീകരിക്കാൻ കഴിയുക എന്നതിനാലും, ജാതിയെ അഭിസംബോധന ചെയ്യാതെ ഇൻഡ്യൻ പശ്ചാത്തലത്തിൽ ഫോക്ലോർ പഠനം അപൂർണ്ണമാണ്. അത്തരത്തിൽ ജാതീയമോ ദേശപരമോ ഭാഷാപരമോ ലിംഗപരമോ ആയ യാതൊരു ഘടകങ്ങളേയും മിഷണറിമാരുടെ ഫോക്ലോർ സമാഹാരങ്ങൾ അഭിസംബോധന ചെയ്യുന്നില്ല, ഗ്രണ്ടർട്ടിന്റെ സമാഹാരങ്ങളിലാണ് അതിനൊരു മാറ്റം എന്ന നിലയ്ക്ക് എണ്ണപ്പെട്ട ചില പാഠഭേദങ്ങളെ ഉൾപ്പെടുത്തി കാണുന്നത്. കേരളീയമായ പശ്ചാത്തലത്തിൽ അച്ചടിക്കപ്പെട്ട ഫോക്ലോറും കൂട്ടായ്മയും തമ്മിലുള്ള കൊടുക്കൽവാങ്ങലിനെ മുൻനിർത്തി പരിണാമത്തിന്റെ ഗതിയെ പഠിക്കുന്നതിലൂടെ അച്ചടി കോളനിയനന്തരകാലത്ത് ഫോക്ലോറിന്റെ പരിണാമപ്രക്രിയയിൽ ഇടപ്പെടുന്നുണ്ടോ എന്നത് ഒരു തുടരന്വേഷണസാധ്യതയാണ്. പാഠപുസ്തകങ്ങളുടെ ഉള്ളടക്കനിർമ്മാണത്തിൽ തദ്ദേശീയ ഭാഷാവ്യവഹാരം എന്ന നിലയ്ക്ക് മലയാളത്തിലെ വാമൊഴി രൂപങ്ങൾ എത്രമാത്രം പരിഗണിക്കപ്പെട്ടിരുന്നു എന്നതും കൊളോണിയൽ ശക്തികൾ ഫോക്ലോറിനെ എങ്ങനെയാണ് നോക്കിക്കണ്ടതെന്ന് മനസിലാക്കുവാൻ ഉതകുന്നതാണ്. തദ്ദേശീയ ജനതയെക്കുറിച്ചുള്ള അവരുടെ കാഴ്ചപ്പാടിനെ കൂടുതൽ ആഴത്തിൽ മനസിലാക്കാൻ ഇതിലൂടെ സാധിക്കും.

കുറിപ്പുകൾ

1. ശ്രീകുമാർ, 2016: 47,
2. Blackburn, 2003: 136-138
3. Ibid, 130-142
4. ഈ മണ്ഡലങ്ങളെ കൂട്ടിച്ചേർക്കുന്ന ഒന്നായി അച്ചടിക്കപ്പെട്ട ഫോക്ലോർ മാറുന്നതായി, 1800-കളിലെ മദ്രാസിനെ മുൻനിർത്തി സ്റ്റുവർട്ട് ബ്ലാക്ക്ബൺ പറഞ്ഞുകാണുന്നു (Blackburn, 2003: 4).
5. Ibid: 8
6. Ibid: 13

അവലംബിതസൂചിക

- എമ്മാനുവൽ, ആട്ടേൽ, പൗളിനോസിന്റെ പഴഞ്ചൊൽമാല പാഠവും പഠനവും, കാർമൽ പബ്ലിഷിങ് സെന്റർ, തിരുവനന്തപുരം, 2006.
- പവിത്രൻ, പി., "പുസ്തകത്തിന്റെ സാംസ്കാരിക സഞ്ചാരങ്ങൾ", അവതാരിക, ശ്രീകുമാർ, എ. ജി, പുസ്തകവും കേരളസംസ്കാര പരിണാമവും, പ്രകാശന വിഭാഗം കേരള സർവകലാശാല, തിരുവനന്തപുരം, 2016, പു.7-12.
- രാഘവൻ, പയ്യനാട്, ഫോക്‌ലോർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019.
- രാമകൃഷ്ണൻ, ഇ.വി., അക്ഷരവും ആധുനികതയും, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 1992.
- -----, അനുഭവങ്ങളെ ആർക്കാണ് പേടി, പ്രണത ബുക്സ്, കൊച്ചി, 2023.
- ശ്രീകുമാർ, എ.ജി., പുസ്തകവും കേരളസംസ്കാര പരിണാമവും, പ്രകാശന വിഭാഗം കേരള സർവകലാശാല, തിരുവനന്തപുരം, 2016.
- ഹെർമൻ ഗുണ്ടർട്ട്, പഴഞ്ചൊൽമാല, ബാസൽ മിഷൻ പ്രസ്, മംഗലാപുരം, 1845.
- -----, ഒരായിരം പഴഞ്ചൊൽ, സായാഹ്ന ഫൌണ്ടേഷൻ, തിരുവനന്തപുരം, 2013.
- Bartholomaeo, A.P Poulinoas, Centum adagia Malabarica cum textu originali et versione Latina, Apud Antonium Fulgonium, Romae, 1791.

മലയാളത്തിലെ ആദ്യപാഠപുസ്തകസമിതി; കൊളോണിയൽ ആസൂത്രണവും കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ പങ്കാളിത്തവും

രൂപിമ എസ്
ഗവേഷക, മലയാളവിഭാഗം
സംസ്കൃതസർവ്വകലാശാല, കാലടി

പ്രബന്ധസംഗ്രഹം:

മലയാളത്തിന്റെ പുസ്തകചരിത്രത്തിൽ സുപ്രധാനമായ പങ്ക് ഭാഷാപാഠപുസ്തകങ്ങൾക്കുണ്ട്. തിരുവിതാംകൂറിലെ ആദ്യത്തെപാഠപുസ്തകകമ്മിറ്റി തന്നെ ആധുനികമലയാളഭാഷയുടെ സ്ഥാപനവത്ക്കരണത്തിൽ നിർണായകമായ ദിശാസൂചിയായി പ്രവർത്തിക്കുന്നു. എന്നാൽ, 1868-ൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ അധ്യക്ഷനായി രൂപീകരിക്കപ്പെട്ട തിരുവിതാംകൂർ പാഠപുസ്തകകമ്മിറ്റിയുടെ ഭാഷാസംഭാവനകളെ സംബന്ധിച്ച് അവ്യക്തവും പലപ്പോഴും വസ്തുതാവിരുദ്ധവുമായ ആശയങ്ങളാണ് സാഹിത്യപൊതുമണ്ഡലത്തിൽ ചർച്ചചെയ്യപ്പെടുന്നത്. പാഠപുസ്തകസമിതിയുടെ രൂപീകരണത്തെയും അതിന്റെ അജണ്ടയെയും സുദീർഘമായ ഒരു ചരിത്രപ്രക്രിയയുടെ ഉല്പന്നങ്ങളെന്ന നിലയിൽ മനസ്സിലാക്കുന്നതിൽ ഈ ചർച്ചകൾ പരാജയപ്പെടുന്നതായി കാണാം. വ്യക്തിപരമായ സാഹിത്യതാത്പര്യത്തിന്റെയും തെരഞ്ഞെടുപ്പുകളുടെയും പ്രതിഫലനമെന്നതിൽ കവിഞ്ഞ് പാഠപുസ്ത

കക്കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ കൊളോണിയൽ വിദ്യാഭ്യാസന യത്തിന്റെ പൂർവ്വനിശ്ചിതമായ തീർപ്പുകളുടെ വിശ്വസ്തതയോടെയുള്ള നടത്തിപ്പാണെന്ന വാദമാണ് ലേഖനം മുന്നോട്ടു വയ്ക്കുന്നത്. ന്യതനവും സ്വതന്ത്രവും മൗലികവുമായ ഇടപെടലുകളെന്നതിനേക്കാൾ പത്തൊ മ്പതാംന്യറ്റാണ്ടിലെ വിദ്യാഭ്യാസചരിത്രത്തോടും അതിൽ പ്രവർത്തിച്ച കൊളോണിയൽ നയങ്ങളോടും ചേർത്തുവച്ചാണ് പ്രബന്ധം തിരു വിതാംകൂർ പാഠപുസ്തകസമിതിയെ മനസ്സിലാക്കുന്നത്. കേരളവർമ്മ യുടെ സംഭാവനകളെ മുൻനിർത്തി മലയാളത്തിൽ രൂപപ്പെട്ട ചർച്ച കളുടെ പരിമിതികളെക്കൂടി ചൂണ്ടിക്കാണിക്കാൻ ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നുണ്ട്.

താക്കോൽ വാക്കുകൾ:

കൊളോണിയൽ വിദ്യാഭ്യാസം, കൊളോണിയൽ ആസൂത്രണം

ആമുഖം

കേരളത്തിന്റെ ആധുനികീകരണത്തിൽ ആധുനികവിദ്യാഭ്യാസം നിർമ്മാ ണോൻമുഖമായ പങ്കവഹിച്ചുവെന്നതിൽ കേരളചരിത്രരചയിതാക്കൾ തമ്മിൽ തർക്കങ്ങളുണ്ടാകാൻ വഴിയില്ല. എന്നാൽ വസ്തുതാവിരുദ്ധമോ വസ്തുതകളുടെ അപൂർണമായ വിശകലനമോ രൂപപ്പെടുത്തിയ പല വാദങ്ങളും അതുമായി ബന്ധ പ്പെട്ട് കാണാവുന്നതാണ്. അത്തരത്തിലൊന്നാണ് തിരുവിതാംകൂർ പാഠപുസ്തകസ മിതിയെ സംബന്ധിച്ചും അതിൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ വഹിച്ച പങ്ക് സംബന്ധിച്ചും പൊതുവിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ചരിത്രമെഴുത്തിനെ മേധാവിത്വതാത്പര്യങ്ങൾ തീരെ പ്രവർത്തിക്കാത്ത നിഷ്കളങ്കസ്ഥാനമായി സ്വീക രിക്കുന്നതിനു പകരം പ്രത്യശാസ്ത്രപരമായി പ്രവർത്തിക്കുന്ന പ്രക്രിയായി കേരളസ മൂഹം ഇന്ന് തിരിച്ചറിയുന്നുണ്ട്. 1868-ൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുവിതാംകൂർ പാഠപുസ്തകകമ്മിറ്റിയുടെ അധ്യക്ഷനായി നിയമിതനായി ന്യറ്റിയ മ്പത്തഞ്ചു വർഷങ്ങൾക്കിപ്പുറം ഈ കമ്മിറ്റിയുടേയും കേരളവർമ്മയുടേയും മേൽ ചരിത്രകാൻമാരും കേരളത്തിലെ അക്കാദമികവിദഗ്ധൻമാരും അനാവശ്യമായി കെട്ടിയേല്പിച്ചിരിക്കുന്ന ഭാരം അഴിച്ചുവയ്ക്കേണ്ടതുണ്ട്. തിരുവിതാംകൂർ പാഠപുസ്തകക

മ്മിറ്റിയെ സംബന്ധിച്ച പ്രചരിക്കുന്ന അസത്യങ്ങളെയും അർത്ഥസത്യങ്ങളെയും വിശകലനം ചെയ്യുകയും ചരിത്രപ്രക്രിയയുടെ ഭാഗമായി അതിനെ വിശദീകരിക്കുകയും ചെയ്യാനാണ് ഈ ലേഖനത്തിൽ ശ്രമിക്കുന്നത്.

കേരളവർമ്മ വലിയകോയിത്തമ്പുരാൻ മലയാളഭാഷാപഠനത്തിൽ ആധുനികമായ ഒരു സമീപനം രൂപപ്പെടുത്തുന്നതിൽ പ്രധാനിയായിരുന്നുവെന്നും, അതു കൊണ്ടുതന്നെ കേരളത്തിന്റെ നവോത്ഥാനചരിത്രത്തിൽ അദ്ദേഹത്തിന് ഒഴിവാക്കാനാവാത്ത ഒരു സ്ഥാനമുണ്ടെന്നും രേഖപ്പെടുത്തിക്കാണാം. ഒരു സവിശേഷ വിഷയമെന്ന നിലയിൽ മലയാളഭാഷ പഠിപ്പിക്കുന്നതിൽ പുതിയ രീതിപദ്ധതി അവതരിപ്പിക്കുകയായിരുന്ന തിരുവിതാംകൂർ പാഠപുസ്തകസമിതിയെന്നും, കമ്മിറ്റിയെ അപ്രകാരം രൂപപ്പെടുത്തുന്നതിൽ അദ്ദേഹം മഹത്തായ പങ്കുവഹിച്ചുവെന്നും വാദിച്ചുകൊണ്ടാണ് ഈ സിദ്ധാന്തം ഉറപ്പിച്ചിട്ടുള്ളത്. പാഠപുസ്തകസമിതിയുടെ പ്രവർത്തനങ്ങളെ അതിന്റെ ചരിത്രപശ്ചാത്തലത്തോടു ചേർത്തുവച്ച് വായിച്ചാൽ, ഇന്ന് വാദിക്കപ്പെടുന്നതുപോലെ തീർത്തും സ്വതന്ത്രവും മൗലികവുമായ ഒരു പ്രക്രിയയായിരുന്നില്ല അതെന്ന് മനസ്സിലാകും. മാത്രവുമല്ല, പാഠപുസ്തകസമിതിയുടെ രൂപീകരണത്തെയും അതിന്റെ അജണ്ടയെയും സുദീർഘമായ ഒരു ചരിത്രപ്രക്രിയയുടെ ഉൽപ്പന്നങ്ങളെന്ന നിലയിൽ വീണ്ടെടുത്ത് നോക്കിയാൽ, പാഠപുസ്തകക്കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ നൂതനവും സ്വതന്ത്രവും മൗലികവുമായ ഇടപെടലുകളെന്നതിനേക്കാൾ കൊളോണിയൽ വിദ്യാഭ്യാസനയത്തിന്റെ പൂർവ്വനിശ്ചിതമായ തീർപ്പുകളുടെ വിശ്വസ്തതയോടെയുള്ള നടത്തിപ്പ് മാത്രമാണെന്ന് ബോധ്യപ്പെടും.

തിരുവിതാംകൂർ പാഠപുസ്തകസമിതി

കൊളോണിയൽ വിദ്യാഭ്യാസ അജണ്ടയുടെ ഭാഗമായാണ് ഇന്ത്യയിൽ ജനറൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റും വിദ്യാഭ്യാസ കമ്മിറ്റികളും ചേർന്ന ആസൂത്രിതമായ വിദ്യാഭ്യാസപദ്ധതി രൂപപ്പെടുന്നത്. മദ്രാസ് പ്രവിശ്യയിൽ 1826-ലാണ് ജനറൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് രൂപീകരിക്കുന്നത്. ഡിപ്പാർട്ടമെന്റിന്റെ ഭാഗമായി നാട്ടുഭാഷാസ്കൂളുകളാരംഭിച്ചതോടെയാണ് സർക്കാർ നേതൃത്വത്തിൽ വിദ്യാഭ്യാസം ശക്തിപ്പെടുന്നത്. ഗ്രാന്റ്-ഇൻ-എയ്ഡ് വ്യവസ്ഥയ്ക്ക് കീഴിൽ വിദ്യാലയങ്ങളാരംഭിക്കാനുള്ള തീരുമാനവും ഈ പ്രക്രിയയെ ബഹുദൂരം മുന്നോട്ടുകൊണ്ടുപോകുകയുണ്ടായി. തിരുവിതാംകൂറിൽ, എൽ.എം.എസ്, സി.എം.എസ് മിഷണറി

മാരുടെ മേൽനോട്ടത്തിൽ നടന്നുപോന്ന ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെയും, ഒപ്പം അന്ന് നിലവിലുണ്ടായിരുന്ന തദ്ദേശീയ വിദ്യാലയങ്ങളുടെയും, പരിമിതികൾ മറികടക്കുകയെന്ന ഉദ്ദേശ്യം കൂടി വച്ചുകൊണ്ടായിരുന്നു പുതിയ സ്കൂളുകളാരംഭിക്കുന്നത്. തിരുവിതാംകൂർ പാഠപുസ്തകസമിതിയും കമ്മിറ്റിയിലെ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ പങ്കാളിത്തവും ഈ ആസൂത്രണപ്രവർത്തനങ്ങളുടെ തുടർച്ചയായി സംഭവിക്കുന്നതാണ്.

മദ്രാസ് പ്രവിശ്യയിൽ നടപ്പിലാക്കിയ ആസൂത്രിതമായ വിദ്യാഭ്യാസപദ്ധതികളുടെ തുടർച്ചയായിട്ടാണ്, 1866-ൽ ദിവാൻ ടി. മാധവറാവുവിന്റെ നേതൃത്വത്തിൽ തിരുവിതാംകൂറിൽ നടന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളെയും കാണേണ്ടത്. 1859-ൽ മദ്രാസിന്റെ അസിസ്റ്റന്റ് റസിഡന്റായിരുന്ന എച്ച്.ഡ്യൂറി, തിരുവിതാംകൂറിൽ കൂടുതൽ വിദ്യാലയങ്ങളാരംഭിക്കാൻ മാധവറാവുവിനെഴുതുന്നുണ്ട്. ഗ്രാന്റ്- ഇൻ-എയ്ഡ് വ്യവസ്ഥയ്ക്ക് കീഴിൽ തിരുവിതാംകൂറിന്റെ വിവിധഭാഗങ്ങളിലായി നാട്ടുഭാഷാ പള്ളിക്കൂടങ്ങളുടെ രൂപീകരണത്തിനായി ദിവാൻ നിർദ്ദേശം നല്കുന്നു. ഇതിനായിശങ്കരസുബ്ബയ്യരെ നാട്ടുഭാഷാവിദ്യാഭ്യാസത്തിന്റെ അധ്യക്ഷനായി (Director of Vernacular Education) നിയോഗിക്കുകയും ചെയ്തു. അധ്യക്ഷനെന്ന നിലയിൽ ശങ്കരസുബ്ബയ്യർ മുന്നോട്ടുവെച്ച നിർദ്ദേശങ്ങളുടെ പ്രധാന ലക്ഷ്യം ആധുനിക നിലയിലുള്ള സ്കൂളുകളുടെ നിർമ്മാണവും അതിന്റെ നടത്തിപ്പിൽ സർക്കാരിനുള്ള നിയന്ത്രണവും ഉറപ്പുവരുത്തുകയായിരുന്നു. ഒരു കേന്ദ്ര നാട്ടുഭാഷാസ്കൂൾ ഉൾപ്പെടെയുള്ള സർക്കാർ സ്കൂളുകൾ സ്ഥാപിക്കുക, സംസ്ഥാനത്തെ ഓരോ താലൂക്കിലും ഒരു സ്കൂൾ സ്ഥാപിക്കുക, അധ്യാപകരുടെ പരിശീലനത്തിനായി ഒരു നോർമ്മൽ സ്കൂൾ ഉണ്ടാക്കുക, ലിബറൽ ഗ്രാന്റിലൂടെ സ്കൂളുകൾ തുടങ്ങാൻ സ്വകാര്യ ഏജൻസികളെ പ്രോത്സാഹിപ്പിക്കുന്ന ഗ്രാന്റ് - ഇൻ-എയ്ഡ് സംവിധാനം നടപ്പിലാക്കുക, തദ്ദേശീയ വിദ്യാലയങ്ങളെ ഔപചാരിക സംവിധാനത്തിലേക്ക് നവീകരിക്കുകയും സംയോജിപ്പിക്കുകയും ചെയ്യുക, എല്ലാത്തരം പുസ്തകങ്ങളും വിവർത്തനം ചെയ്യുന്നതിനും എഴുതുന്നതിനുമായി ഒരു ടെക്സ്റ്റ് ബുക്ക് കമ്മിറ്റി രൂപീകരിക്കുക. കണക്ക്, ഭ്രമിശാസ്ത്രം, ചരിത്രം, സൻമാർഗ്ഗം, ആരോഗ്യശാസ്ത്രം, രാഷ്ട്രതന്ത്രം, ധനശാസ്ത്രം, എന്നിവയോടൊപ്പം നാട്ടുഭാഷാപഠനത്തിന് സഹായമാകുന്നിടത്തോളം സംസ്കൃതവും ചേർന്ന ഒരു പാഠ്യപദ്ധതി മുന്നോട്ടുവയ്ക്കുക തുടങ്ങി വിദ്യാഭ്യാസത്തിന്റെ ആധുനിക മുഖം തിരുവിതാംകൂറിൽ അവതരിപ്പിക്കാനുള്ള നിർദേശങ്ങളാണ് മാധവറാവുവിന്റെ മുന്നിൽ

ശങ്കരസുബ്ബയ്യർ സമർപ്പിച്ച രേഖയിലുണ്ടായിരുന്നത് (Shangrasoobyer, 1866). തിരുവിതാകൂറിൽ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയുള്ള ആധുനിക വിദ്യാഭ്യാസം എങ്ങനെയാകണം, അതിന്റെ പഠനമാധ്യമം എന്തായിരിക്കണം, ആരെയൊക്കെ അധ്യാപകരായി നിയമിക്കണം എന്നിങ്ങനെ ഭരണനിർവ്വഹണപരമായ കാര്യങ്ങളിൽ നിശ്ചയമുണ്ടാക്കുന്നത് ഈ രേഖയുടെ അടിസ്ഥാനത്തിലാണ്. ഇതിന്റെ തുടർച്ചയായി തിരുവിതാംകൂർ പാഠപുസ്തകസമിതി രൂപീകരിയ്ക്കാനുള്ള നിർദ്ദേശം മാധവറാവുവിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്.

1866-ൽ അണ്ണാജിരായർ അധ്യക്ഷനായി സംസ്കൃത പണ്ഡിതൻ സുബ്ബയ്യാ ദീക്ഷിതരും മലയാള മുൻഷിയായ രാമൻതമ്പിയും അംഗങ്ങളായി ബുക്കുകമ്മിറ്റി സ്ഥാപിതമാകുന്നു.കമ്മിറ്റിയിൽ രാമൻ തമ്പിയുടെ ഇംഗ്ലീഷ് പരിമിതി മറികടന്ന് ഇംഗ്ലീഷും മലയാളവും ഒരുപോലെ കൈകാര്യം ചെയ്യുന്നതിനാണ് ആദ്യഘട്ടത്തിൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ നിയമിതനാവുന്നത്. അണ്ണാജിരായരുടെ നിര്യാണത്തെത്തുടർന്ന് 1867-ൽകമ്മിറ്റിയുടെ അധ്യക്ഷനായി കേരളവർമ്മ നിയോഗിക്കപ്പെടുന്നു (Shangrasoobyer, 1866). നാട്ടുഭാഷാവിദ്യാലയങ്ങളിൽ നാട്ടുഭാഷാപുസ്തകങ്ങളും ശാസ്ത്രവിഷയങ്ങൾക്ക് നാട്ടുഭാഷയിലുള്ള പാഠപുസ്തകങ്ങളും തയ്യാറാക്കുന്നതോടൊപ്പം ഇംഗ്ലീഷ് സ്കൂളുകളിൽ ചെറിയ ക്ലാസിലേക്കുള്ള മലയാള പാഠങ്ങളുടെ നിർമ്മാണവും കമ്മിറ്റിയുടെ ചുമതലയിലുണ്ടായിരുന്നു. ഗ്രാന്റ്- ഇൻ-എയ്ഡ് സംവിധാനത്തിന്റെ വ്യവസ്ഥകളെ പാലിച്ചുകൊണ്ട് മദ്രാസ് പ്രവിശ്യയിൽ നടപ്പിലാക്കുന്ന വിദ്യാഭ്യാസ പദ്ധതിയുടെ തുടർച്ചയായി ദിവാൻ ടി മാധവറാവുവും, നാട്ടുഭാഷാവിദ്യാഭ്യാസത്തിന്റെ അധ്യക്ഷൻ ശങ്കരസുബ്ബയ്യരുമടങ്ങുന്ന ഉദ്യോഗസ്ഥ-ഭരണസംവിധാനത്തിന്റെ പദ്ധതികൾ അനുസരിച്ചാണ് കേരളവർമ്മയുടെ നേതൃത്വത്തിലുള്ള പാഠപുസ്തകസമിതി പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ, മലയാളത്തിന്റെ ആധുനികീകരണ പ്രക്രിയയിൽ 1867-ൽ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ നേതൃത്വത്തിൽ നടപ്പിലായ തിരുവിതാംകൂർ പാഠപുസ്തകസമിതിയുടെ പ്രസക്തി വിട്ടുകളയാതെ തന്നെ, കമ്മിറ്റിയുടെ സമീപനങ്ങൾ കേരളവർമ്മയുടെ വ്യക്തിഗത തീർപ്പുകളുടെ ഭാഗമാണെന്ന വിശകലനം വസ്തുതാവിരുദ്ധമാണെന്ന് പറയാം. ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കപ്പെടുന്ന ഒരു പ്രക്രിയയെ ഏതെങ്കിലുമൊരു നായകത്വത്തിലേക്ക് കൊണ്ടുചെന്ന് കെട്ടുന്നത്, മലയാളത്തിന്റെ വിഷയപദവിയിലേക്കുള്ള വികാസചരിത്രത്തെയും അതിനെ സാ

ധ്യമാക്കിയ നവോത്ഥാനത്തെത്തന്നെയും പ്രക്രിയാപരമായി മനസ്സിലാക്കുന്നതിൽ നിന്ന് പിന്തിരിഞ്ഞു നില്ക്കലാണ്.

ഈ പ്രക്രിയയുടെ ചരിത്രപരമായ പ്രേരണകൾ മനസ്സിലാകണമെങ്കിൽ കേരളവർമ്മയെയും ബുക്കുകമ്മിറ്റിയെയും സംബന്ധിച്ച് മലയാളത്തിൽ പ്രബലമായി നിലനിൽക്കുന്ന ആഖ്യാനങ്ങളെ വിമർശനാത്മകമായി വിശകലനം ചെയ്യേണ്ടതുണ്ട്. പലപ്പോഴും, നവോത്ഥാനത്തിന്റെ അക്കാദമികമായ വിശദീകരണങ്ങളിൽ സാഹിത്യനവീകരണപരമോ സാമൂഹ്യപരിഷ്ക്കരണപരമോ ആയ രണ്ട് വ്യത്യസ്തധാരകൾ അടയാളപ്പെടുത്താറുണ്ട്. അത്തരം ഇടപെടലുകളെ മുൻനിർത്തിവ്യക്തികളിൽ നവോത്ഥാനത്തിന്റെ നായകത്വം ആരോപിക്കുകയും ചെയ്യുന്നു. മലയാള സന്ദർഭത്തിൽ, സാഹിത്യസംഭാവനകൾ മുൻനിർത്തി നായകപദവി ആരോപിക്കപ്പെട്ട ഒരാളാണ് കേരളവർമ്മ വലിയകോയിത്തമ്പുരാൻ."ബംഗാൾ നവോത്ഥാനത്തിൽ ഈശ്വര ചന്ദ്രവിദ്യാസാഗരനുള്ള സ്ഥാനം കേരളത്തിലൊരാൾക്കു നല്കാനുണ്ടെങ്കിൽ അത് കേരളവർമ്മ വലിയകോയിത്തമ്പുരാനാണ്. നവീന വിദ്യാഭ്യാസത്തിൽ മാതൃഭാഷയ്ക്കുള്ള അടിസ്ഥാനമിട്ടത് അദ്ദേഹമാണ്" (ഗ്രപ്പൻനായർ, 1996:89). സമാനമായ മനോഭാവമാണ് തിക്കുറിശ്ശി ഗംഗാധരമേനോന്റെ കേരളവർമ്മ പഠനത്തിന്റെയും കാതൽ. നവോത്ഥാന നായകനെന്ന നിലയിൽ കേരളവർമ്മയെ സ്ഥാപിക്കുന്ന ആഖ്യാനങ്ങൾ മലയാളസന്ദർഭത്തിൽ ഇനിയും കണ്ടെടുക്കാം. ഇത്തരം എഴുത്തുകളിൽ കേരളവർമ്മ നവോത്ഥാന നായകനെന്ന നിലയിൽ സ്ഥാനപ്പെടുന്നത് ബുക്കുകമ്മിറ്റിയുടെ ആധുനികതയോടുള്ള നിർമ്മാണോന്മുഖമായ സമീപനത്തെക്കൂടി മുൻനിർത്തിയാണ്. നായകത്വത്തിന്റെ അർഹാനർഹതയെക്കുറിച്ചുള്ള ചർച്ചയല്ല ഇവിടെ ശ്രമിക്കുന്നത്. മറിച്ച്, മലയാളത്തിന്റെ ആധുനികീകരണ പ്രക്രിയയെ നായകത്വ സങ്കല്പങ്ങളിൽ കുടുക്കിയിടാതെ, മലയാളം അക്കാദമിക വിഷയമെന്ന നിലയിൽ രൂപപ്പെടുന്നതിന്റെ ഭാഗമായ ശ്രമങ്ങളെ ചരിത്രപ്രക്രിയയെന്ന നിലയിൽ അടയാളപ്പെടുത്താനാണ്.

മദ്രാസ് പ്രവിശ്യയിലെ പാഠപുസ്തകനിർമ്മാണവും കേരളവർമ്മയുടെ മൗലികതയും

പ്രധാനമായും രണ്ട് പ്രമേയങ്ങളെ മുൻനിർത്തിയാണ് പലരും കേരളവർമ്മയുടെ മൗലികത അടയാളപ്പെടുത്തുന്നത്. ഒന്നാമത്തേത്, പാഠങ്ങളുടെ തെരഞ്ഞെ

ടുപ്പിൽ കേരളവർമ്മ അധ്യക്ഷനായ പുസ്തകകമ്മിറ്റി പുലർത്തിയ അക്കാദമികമായ സൂക്ഷ്മത മുൻനിർത്തിയുള്ള വിശദീകരണങ്ങളാണ്. പാഠങ്ങളുടെ മതേതരസ്വഭാവം, ആധുനികശാസ്ത്രത്തെ പാഠ്യവിഷയമായി തെരഞ്ഞെടുക്കുന്നതിലുള്ള തുറന്ന സമീപനം എന്നിവയൊക്കെ സമിതിയുടെ അക്കാദമിക ജാഗ്രതയുടെ ഭാഗമായി വിശദീകരിച്ചു കാണാം. മലയാളഭാഷാപഠനത്തിൽ പിന്തുടർന്നുപോന്ന രീതികളിൽ നിന്നും മാറി, തീർത്തും നവീനമായ പാഠ രൂപപ്പെടുത്താൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്നാണ് ഉള്ളൂർ വാദിക്കുന്നത്. അത് വസ്തുതാപരമായ ചില ശരികളെ ഉൾക്കൊള്ളുന്നുണ്ട്. മിഷണറി പാഠങ്ങളിൽ നിന്ന് സമിതിയുടെ പാഠപുസ്തകങ്ങൾ വ്യത്യസ്തത പുലർത്തി. എന്നിരിക്കുമ്പോഴും ഈ വാദത്തെ മുൻനിർത്തി കേരളവർമ്മയുടെയും കൂട്ടാളികളുടെയും സ്വതന്ത്രമായ തീർപ്പുകളാണ് ഈ വ്യത്യസ്തതയ്ക്ക് പിന്നിലെന്ന് മനസ്സിലാക്കുന്നിടത്ത് വിശകലനം ചരിത്രവിരുദ്ധമായിപ്പോകുന്നുവെന്ന് പറയാതെ വയ്യ.

കേരളത്തിന്റെ വിദ്യാഭ്യാസ പരിണാമ ചരിത്രത്തെ മുൻനിർത്തി ഇ. ശ്രീജിത്ത് തയ്യാറാക്കിയ ഗവേഷണ പ്രബന്ധം പാഠപുസ്തങ്ങളുടെ മതേതരസ്വഭാവത്തെ കേരളവർമ്മയുടെ വിവേകപൂർവ്വമായ തെരഞ്ഞെടുപ്പായി വ്യാഖ്യാനിക്കുന്നുണ്ട്. മിഷണറി പുസ്തകങ്ങൾക്ക് വിരുദ്ധമായി നില്ക്കുന്ന തദ്ദേശീയ മാതൃകയായാണ് കേരളവർമ്മ പാഠങ്ങളെ അദ്ദേഹം കണ്ടെടുക്കുന്നത് (Sreejith, 2019). ഈ വിശദീകരണത്തിലുള്ള ഒരു പരിമിതി ഇക്കാലയളവിൽ മദ്രാസിൽ നടപ്പിലാവുന്ന ആസൂത്രിതമായ വിദ്യാഭ്യാസ പരിഷ്ക്കരണത്തിന്റെ പശ്ചാത്തലം പരിഗണിക്കുന്നില്ലെന്നതാണ്. മിഷണറി മാതൃകകളോട് വിമതസ്വരം പ്രഖ്യാപിച്ച ഒറ്റപ്പെട്ട മാതൃകയെന്നതിലുപരി പാഠപുസ്തകങ്ങളുടെ മതേതരത്വം ഒരു നയമായി സ്വീകരിച്ച് പാഠങ്ങൾ പരിശോധന നടത്തുന്ന ഒരു സംവിധാനത്തെക്കൂടി തിരിച്ചറിയുമ്പോഴാണ് 'കേരളവർമ്മമാതൃക'യ്ക്ക് പിന്നിലെ വസ്തുതകൾ കണ്ടെത്താനാവുക.

1826-ൽ മദ്രാസിൽ വിദ്യാഭ്യാസ ജനറൽ കമ്മിറ്റി വരുന്നതോടെ എല്ലാ താലൂക്ക്, പ്രവൃത്തി സ്കൂൾ സംവിധാനങ്ങളെയും നിരീക്ഷിക്കുന്നതിന് ഇൻസ്പെക്ടർമാർ നിയമിതരാകുന്നുണ്ട്. 1855-ൽ തന്നെ മദ്രാസ് പ്രവിശ്യയിൽ ഗ്രാന്റ്-ഇൻ-എയ്ഡ് സംവിധാനത്തിനു കീഴിൽ വിദ്യാലയങ്ങൾ പ്രവർത്തിച്ചു തുടങ്ങുന്നതായി കാണാം. ഗ്രാന്റിന്റെ വ്യവസ്ഥയ്ക്കുള്ളിൽ സ്കൂളുകളോ പാഠപുസ്തകങ്ങളോ നിലനില്ക്കുന്നതിന് അവയുടെ മതേതരമായ മുഖം ഉറപ്പിക്കേണ്ടതുണ്ടായിരുന്നു.പ്രാദേശികമായി തയ്യാറാക്കപ്പെട്ട മിഷണറി പാഠപുസ്തകങ്ങൾക്ക് പോലും, ഗ്രാന്റിന്റെ

വ്യവസ്ഥയ്ക്കനുസരിച്ച് പാഠങ്ങളിൽ നിന്നും മതപരാമർശങ്ങൾ നിർബന്ധമായും ഒഴിവാക്കേണ്ടതായി വന്നു. ഇൻസ്പെക്ടർമാരുടേയും പരിഷ്ക്കരണകമ്മിറ്റികളുടേയും മേൽനോട്ടത്തിൽ നിരന്തരമായ പരിശോധനകളിലൂടെയാണ് ഇതുറപ്പിക്കപ്പെട്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ മതപരമായ ഉള്ളടക്കങ്ങൾ ഒഴിവാക്കിക്കൊണ്ട് പുതിയ പാഠങ്ങൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശവും പാഠപുസ്തകസമിതികൾക്ക് അതിനോടകം നല്കുന്നുണ്ട് (Satthianadhan, 1894:50). ഗ്രാന്റ്-ഇൻ-എയ്ഡ് സംവിധാനത്തിലൂടെ സ്വകാര്യപങ്കാളിത്തത്തോടെയോ, സർക്കാർ നേരിട്ടോആധുനിക വിദ്യാഭ്യാസം തിരുവിതാംകൂറിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള ആസൂത്രിതപദ്ധതിയാണ് കേരളവർമ്മയുടെ പാഠപുസ്തകസമിതിയെന്ന് ഇതിനോടകം കണ്ടുകഴിഞ്ഞു. അതുകൊണ്ടുതന്നെ മതപരമായ വിഷയങ്ങൾ പാഠങ്ങളിൽനിന്ന് ഒഴിവാക്കിയ തീരുമാനത്തെ കമ്മിറ്റിയുടെ സ്വതന്ത്ര തീരുമാനമായി മനസ്സിലാക്കുന്നതിൽ പിഴവുണ്ട്. മലയാളത്തിൽ പുറത്തിറങ്ങിയ പൂർവ്വമാതൃകകളിൽ നിന്ന് കേരളവർമ്മയുടെ പാഠപുസ്തകങ്ങൾ വ്യത്യസ്തമാകുന്നത് സർക്കാരിന്റെ ആസൂത്രിതമായ തീരുമാനങ്ങളുടെ കൂടി ഫലമാണ്.

1867 മുതൽ 1868 വരെയുള്ള കാലയളവിൽ ഒന്നു മുതൽ മൂന്നു വരെയുള്ള ക്ലാസ്സുകൾക്ക് വേണ്ടി ബാലപാഠം ഒന്ന്, രണ്ട് എന്നിവയാണ് തിരുവിതാംകൂർ ബുക്ക് കമ്മിറ്റി തയ്യാറാക്കിയത് (Gangadharan Nair, 1981:66). മദ്രാസ് പ്രവിശ്യയിൽ ഉപയോഗത്തിലിരുന്ന തമിഴ്, തെലുങ്ക് പാഠങ്ങളുടെ സമാനമായ സ്വഭാവമാണ് ഇവ പുലർത്തുന്നത്. നാമരൂപങ്ങൾ, ഗൃഹസാമഗ്രികൾ തുടങ്ങി തർജ്ജമ ചെയ്യപ്പെട്ട സൻമാർഗ്ഗകഥകൾ വരെ ഒരേ മൂലഗ്രന്ഥത്തിൽ നിന്നുള്ളതാണ്. *യൂക്ലിഡ് ജ്യോമെട്രി*, ഹെൻട്രി മോറിസ്സിന്റെ *ഹിസ്റ്ററി ഓഫ് ഇംഗ്ലണ്ട്*, ഡങ്കൻസ് ജോർജ്ജിന്റെ *ജ്യോഗ്രഫി ഓഫ് ഇന്ത്യ* തുടങ്ങിയ ധാരാളം മാതൃകകൾ തമിഴ് തെലുങ്ക്, മലയാളം ഭാഷകളിൽ സമാന കാലഘട്ടത്തിൽ പരിഭാഷ ചെയ്ത് ഉപയോഗിക്കുന്നതായി കാണാം. മദ്രാസ് പ്രവിശ്യയിൽ നാട്ടുഭാഷാവിദ്യാഭ്യാസം കൃത്യമായ മേൽനോട്ടത്തിലും നിയന്ത്രണത്തിലും ആസൂത്രിതമായി സംഘടിപ്പിക്കപ്പെട്ടതാണെന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ഇതേവ്യവസ്ഥകൾക്ക് വിധേയമായി തന്നെയാണ് തിരുവിതാംകൂറിന്റേയും ആധുനിക വിദ്യാഭ്യാസം നടപ്പിലായത്.

1870-71 കാലഘട്ടത്തിൽ മദ്രാസ് പ്രവിശ്യയിൽ ഉപയോഗിക്കപ്പെടുന്ന പാഠപുസ്തകങ്ങളിൽ അവശേഷിക്കുന്ന മതാത്മക പരാമർശങ്ങൾ ഒഴിവാക്കിക്കൊണ്ട്

പരിഷ്കരണം വേണമെന്ന ആവശ്യം സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളിൽ നിന്ന് ശക്തമായി ഉന്നയിക്കപ്പെടുന്നുണ്ട്. ആ ചർച്ച ചില പുസ്തകങ്ങളിൽ "അധിക്ഷേപ കരവും" "അനീതിപരവുമായ" മതഭാഗങ്ങൾ അടങ്ങിയിരിക്കുന്നുവെന്ന വസ്തുത യിലേക്ക് കൊളോണിയൽ ഗവൺമെന്റിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിച്ചു. തുടർന്ന് ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം ക്രിസ്ത്യൻ മിഷണറിമാർ, തദ്ദേശീയ വിദ്യാ ഭ്യാസ വിദഗ്ധർ, കൊളോണിയൽ ഉദ്യോഗസ്ഥർ എന്നിവരുൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കുന്നു. ഈ കമ്മിറ്റി തയ്യാറാക്കി 1874 ൽ പുറത്തിറക്കിയ പാഠപരിഷ്ക രണ റിപ്പോർട്ട് അതിനോടകം വന്ന തമിഴ് തെലുങ്ക് ഇംഗ്ലീഷ് പാഠങ്ങളുടെ പരി ഷ്കരണവും പുതിയപുസ്തകങ്ങളുടെ നിർമ്മിതിയുമാണുദ്ദേശിച്ചത് (*The report of revision of English Telugu and Tamil School Books in Madras Presidency*, 1874: 8). കമ്മിറ്റി പരിശോധനയ്ക്കെടുക്കുന്ന പുസ്തകങ്ങൾ മതാത്മകത പരമാവ ധി ഒഴിവാക്കിക്കൊണ്ട്, പാഠങ്ങൾ പുറത്തിറക്കാനുള്ള പൊതുനിർദ്ദേശത്തിന്റെ പശ്ചാത്തലത്തിൽ രൂപപ്പെട്ടവയാണ്.മദ്രാസ് സ്കൂൾ ബുക്ക് സൊസൈറ്റി, സൗത്ത് ഇന്ത്യൻ സ്കൂൾ ബുക്ക് സൊസൈറ്റി, ഇംപീരിയൽ സീരീസ്, തദ്ദേശീയ പ്രസിദ്ധീ കരണങ്ങൾ, ഐർലാന്റ് നാഷണൽ എഡ്യുക്കേഷണൽ കമ്മീഷണറുടേതായ പ്രസിദ്ധീകരണങ്ങൾ എന്നിവയുടേതുൾപ്പെടെ വിപണിയിൽ ലഭ്യമായ പുസ്തകങ്ങ ളിൽ നിന്നാണ് പരിശോധനയ്ക്കായി പാഠങ്ങൾ വരുന്നത്.കൽക്കത്താ സ്കൂൾ ബുക്ക് സൊസൈറ്റി, ബോംബെയിൽ നിന്നുള്ള ഹാവാർഡ് സീരീസ് എന്നിവയുടെ പുസ്ത ങ്ങളെക്കുറിച്ച് അതിനോടകം രൂപപ്പെട്ടിട്ടുള്ള അഭിപ്രായങ്ങൾ പരിശോധനാകമ്മി റ്റിയ്ക്ക് മുമ്പിൽ റഫറൻസായി വരുന്നുണ്ട്. പാഠങ്ങളുടെ യുക്തിപരമായ സാധുതയും മതേതരത്വവും എന്നതുപോലെ അവയുടെ ഏകാത്മകമായ സ്വഭാവവും ഉറപ്പുവരു ത്താനുള്ള നിർദ്ദേശങ്ങളാണ് പരിഷ്കരണ കമ്മിറ്റിയുടെഭാഗത്തു നിന്നുണ്ടാകു ന്നത്. ഇത്രയും നിരീക്ഷിച്ചാൽ, അതുവരെ നാട്ടുഭാഷാവിദ്യാഭ്യാസത്തിൽ നടന്ന ആസൂത്രണ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു ധാരണ രൂപപ്പെടുത്താനാകും.

കേരളവർമ്മയുടെ മൗലികത സംബന്ധിച്ചുന്നയിക്കപ്പെടുന്ന മറ്റൊരു വാദം പാഠപുസ്തകത്തിനുള്ളിൽ ഗദ്യപാഠങ്ങളെ മാത്രം സമാഹരിച്ചുകൊണ്ട് മലയാള ത്തിന്റെ ആധുനികീകരണത്തിന് തുടക്കം കുറിച്ചുവെന്നുള്ള വിശദീകരണമാണ്. കൂടാതെ പദ്യപാഠങ്ങളുടെ അഭാവവും ശ്രീജിത്ത് എടുത്തു കാട്ടുന്നുണ്ട്. ഗ്രണ്ടർട്ടി ന്റെ പാഠപുസ്തകങ്ങളോട് താരതമ്യം ചെയ്തുകൊണ്ടാണിത് ഉറപ്പിക്കാൻ ശ്രമി

ക്കുന്നത്. ആധുനികഭാഷാ വളർച്ചയിൽ ഗദ്യത്തിന്റെ സാധ്യത തിരിച്ചറിയുകയും, ശൈശവദശയിലുള്ള മലയാളഗദ്യമേഖലയിലാണ് പോഷണം ആവശ്യമെന്നു മുള്ള കേരളവർമ്മയുടെ വ്യക്തിപരമായ തീരുമാനമാണ് ഇതിനു പിന്നിലെന്നും അദ്ദേഹം വിശദീകരിക്കുന്നുണ്ട്. കേരളവർമ്മയുടെ നേതൃത്വത്തിലുള്ള പുസ്തക കമ്മിറ്റി ഗദ്യപാഠങ്ങൾ മാത്രമാണ് തെരഞ്ഞെടുത്തതെന്ന വസ്തുതയ്ക്ക പിന്നിലും ഈ ആസൂത്രിതപ്രവർത്തനങ്ങൾക്ക് പങ്കുണ്ട്. നാട്ടുഭാഷാപഠനത്തിന്റെ ഭാഗമായി മതപരാമർശങ്ങൾ പരിപൂർണമായി ഒഴിവാക്കിക്കൊണ്ട്തദ്ദേശീയ വഴക്കങ്ങൾ പ്രത്യേകിച്ച് പഴമൊഴികൾ, സംഭവകഥകൾ, പാട്ടുകൾ എന്നിവ ഉൾപ്പെടുത്താമെ ന്ന തീരുമാനം വരുന്നതുതന്നെ 1874 ലെ പാഠപുസ്തകപരിഷ്ക്കരണ കമ്മിറ്റിയു ടെ നിർദ്ദേശത്തെത്തുടർന്നാണ്. നാട്ടുഭാഷ പഠിക്കുന്നതിൽ നാട്ടുസാഹിത്യത്തെ ആശ്രയിക്കേണ്ടതുണ്ടോ എന്നുതുതന്നെ കമ്മിറ്റിയംഗങ്ങൾക്കിടയിൽ ചർച്ചയാകു ന്നുണ്ട് (*The report of revision of English Telugu and Tamil School Books in Madras Presidency*, 1874:43). ഈ ചർച്ചയുടെ തീർപ്പെന്നപോലെയാണ് പദ്യ രൂപങ്ങൾ പാഠഭാഗമായി മാറുന്നത്. 1867-ലെ പാഠപുസ്തകസമിതിയുടെ പാഠങ്ങ ളിൽ പദ്യ പാഠങ്ങളുൾപ്പെടുന്നില്ല എന്നാണെങ്കിലും കേരളവർമ്മതന്നെ പില്ക്കാ ലത്ത് പദ്യപാഠങ്ങൾ സമാഹരിക്കുന്നതായി കാണാം. 1912-ൽ പന്ത്രണ്ടാമത്തെ പതിപ്പ് അച്ചടിക്കുന്ന പദ്യപാഠാവലി അഞ്ചാം പതിപ്പ് അത്തരത്തിലൊരു മാതൃക യാണ് (വലിയകോയിത്തമ്പുരാൻ, 1927). ഗ്രണ്ടർട്ടിന്റെ ആദ്യകാല പുസ്തകങ്ങൾ ഗ്രാന്റ്-ഇൻ-എയ്ഡ് വ്യവസ്ഥയ്ക്ക് കീഴിൽ വരാത്ത മിഷണറി സ്കൂളുകളുടെ ഉപയോ ഗത്തിലേക്ക് തയ്യാറാക്കപ്പെടുന്നതും, റിവിഷൻ കമ്മിറ്റിയുടെ പരിശോധനകൾക്ക് വിധേയപ്പെടാത്തതുമായ പാഠങ്ങളാണ്. കേരളവർമ്മ കമ്മിറ്റിയുടെ പൂർവ്വമാതൃ കയായിരുന്ന ഗ്രണ്ടർട്ടിന്റെ പാഠങ്ങൾ പദ്യ- ഗദ്യ മിശ്രമാകുന്നതും കേരളവർമ്മ യുടേത് വ്യത്യസ്തമാകുന്നതും ഇതുകൊണ്ടു കൂടിയാണ്. പഞ്ചതന്ത്രഭാഗങ്ങളും യേശു ക്രിസ്തു കഥാപാത്രമാകുന്ന പാഠങ്ങളും ഗ്രണ്ടർട്ടിന്റെ പുസ്തകത്തിൽ ഇടം പിടിക്കുന്ന തും ഇതേ കാരണത്താലാണ്. 1855-ൽ പാഠപുസ്തകങ്ങളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മദ്രാസ് ഗവൺമെന്റിന്റെ വിദ്യാഭ്യാസ വകുപ്പുദ്യോഗസ്ഥനായിരുന്ന ആർബർത്ത്നോട്ടുമായി ഗ്രണ്ടർട്ട് നടത്തുന്ന ചർച്ചകൾ ഗ്രണ്ടർട്ടിന്റെ ജീവചരി ത്രത്തിൽ പരാമർശിച്ചുകാണാം. പാഠപുസ്തകത്തിൽ ഗദ്യപദ്യങ്ങൾ ഇടകലർത്താ നാണ് തന്റെ ആലോചനയെന്നും, ഗദ്യപാഠങ്ങളും പദ്യപാഠങ്ങളും ഉൾപ്പെടുന്ന

പാഠപുസ്തകത്തിന് തമിഴ്-കന്നട ഭാഷകളിൽ നേരിടേണ്ടി വന്ന വിയോജിപ്പിനെക്കുറിച്ചും ഗ്രണ്ടർട്ട് ജീവചരിത്രത്തിൽ സൂചിപ്പിക്കുന്നുണ്ട് (ഫ്രൻസ്, ആൽബ്രഷ്ട്.; സ്കറിയാ സക്കറിയ, 1991:136). ക്ലാസ്സിക്കൽ പദ്യമാതൃകകളെ ഒഴിവാക്കി ഗദ്യമാതൃകകളെ മാത്രം സമാഹരിക്കുന്നതിൽ തെന്നിന്ത്യയിൽ രൂപപ്പെട്ട വിയോജിപ്പുകളെ പരിഷ്ക്കരണകമ്മിറ്റിയുടെ ചർച്ചകളിലും പരാമർശിക്കുന്നുണ്ട്. ഗദ്യമാതൃകകളുടെ ഏകപക്ഷീയമായ പാഠപുസ്തകപ്രവേശം ആസൂത്രണപ്രവർത്തനങ്ങളുടെ തുടർച്ചയായി കാണുന്നതിന് ഈ തെളിവുകളൊക്കെ പിന്തുണ നല്കുന്നു.

രാജഭരണത്തിന്റെ നിഴലിലുള്ള തിരുവിതാംകൂറിൽ 1909 ലെ തിരുവിതാംകൂർ വിദ്യാഭ്യാസ കോഡ് പുറത്തിറക്കിയതിനു ശേഷം പാഠപുസ്തകങ്ങളുടെ തെരഞ്ഞെടുപ്പിനായി പ്രത്യേക കമ്മിറ്റി യോഗം ചേരുന്നുണ്ട്. 1911 മെയ് 15ന് ആരംഭിക്കുന്ന പുതിയ അക്കാദമിക വർഷത്തെ പാഠപുസ്തകങ്ങൾ 1911 ജനുവരി 23 ന്റെ ഉത്തരവു പ്രകാരം നിജപ്പെടുത്തുന്നു. തെരഞ്ഞെടുക്കപ്പെട്ട പുസ്തകങ്ങളുടെ ഒരു പൊതുപ്പട്ടിക പ്രസിദ്ധപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രധാനാദ്ധ്യാപകൻ ലിസ്റ്റിൽ നിന്ന് പുസ്തകങ്ങൾ നിശ്ചയിക്കുകയുമാണ് രീതി. ഭരണകൂടത്തിന്റെ താത്പര്യങ്ങൾക്കനുസൃതമായി, ആസൂത്രിതമായി ഒരു പദ്ധതിപ്രദേശത്ത് പ്രവർത്തിക്കുകമാത്രമാണ് ബുക്കുകമ്മിറ്റികളുടെ ചുമതല. അതുകൊണ്ടുതന്നെ കമ്മിറ്റിയുടെ ഭാഗമായി രൂപപ്പെടുന്ന പുസ്തകങ്ങളുടെ ചരിത്രപരമായ ഇടപെടലുകളെ സവിശേഷകാലത്തെ കൊളോണിയൽ താത്പര്യങ്ങളുടെ കൂടി ഉല്പന്നമായി കാണേണ്ടിവരും.

ഉപസംഹാരം

മലയാളത്തിന്റെ സാഹചര്യത്തിൽ, അച്ചടിച്ച പാഠപുസ്തങ്ങളിലൂടെ അധ്യയനം പുനഃക്രമീകരിക്കപ്പെട്ടതോടെയാണ് ആധുനികവിദ്യാഭ്യാസം സുഘടിതമായ സ്ഥാപനസ്വഭാവത്തിലേക്ക് പരിണമിക്കുന്നത്. മിഷണറിമാരുടെ പാഠപുസ്തകങ്ങളിൽ തുടങ്ങി പാഠപുസ്തകസമിതിയുടെ കേന്ദ്രീകൃതമായ പുസ്തകനിർമ്മാണ ശ്രമങ്ങൾ വരെ ഇതിനെ പിന്തുണച്ചിട്ടുമുണ്ട്. തിരുവിതാംകൂറിൽ പാഠപുസ്തകസമിതിയ്ക്കു മുമ്പും അതിനു ശേഷവും പത്തൊമ്പതാം നൂറ്റാണ്ടിലെ വിദ്യാഭ്യാസപ്രക്രിയ, പുതിയ ദേശരാഷ്ട്രത്തെയും അതിനെ പിന്തുണയ്ക്കുന്ന മൂല്യവ്യവസ്ഥയുൾപ്പെടുന്ന കൊളോണിയൽ താത്പര്യങ്ങളെയും സംരക്ഷിക്കുന്ന ഒരു പ്രത്യേക വ്യവസ്ഥയായാണ്

നിലനിന്നത്. കേരളവർമ്മവലിയകോയിത്തമ്പുരാനൾപ്പെടുന്ന പുസ്തകസമിതിയംഗങ്ങളെ ഈ പ്രക്രിയയിൽ പങ്കാളിത്തമുറപ്പിച്ച മധ്യവർഗ്ഗപ്രതിനിധികളായാണ് മനസ്സിലാക്കാവുന്നത്. അതുകൊണ്ടുതന്നെ ചരിത്രപ്രക്രിയയിൽ നിന്ന് അടർത്തിമാറ്റി, അദ്ദേഹത്തിന് ചാർത്തിക്കൊടുത്ത നായകപദവിയിൽ നിന്ന് മോചിപ്പിക്കുകയും, അദ്ദേഹം പാഠപുസ്തകസമിതിയുടെ ഭാഗമായി ചെയ്ത വിവർത്തന രചനകളിലൂടെ, ഭാഷാഗദ്യത്തിന് നല്കിയ സംഭാവനകളെക്കുറിച്ച്ചർച്ച ചെയ്ത് തുടങ്ങുകയും ചെയ്യാം.

കുറിപ്പുകൾ

1. Drury to Dewan, 30 Sep. 1859, Madras Political Proceedings, Oriental and India Office Collections, British Library. (Koji, 154)

2. 1867 ലെ പുതിയ വിദ്യാഭ്യാസപദ്ധതിയനുസരിച്ച് വില്ലേജ് സ്കൂളുകൾ (പ്രവൃത്തി പള്ളിക്കൂടങ്ങൾ), താലൂക്ക് സ്കൂളുകൾ (താലൂക്ക് പള്ളിക്കൂടങ്ങൾ), സെൻട്രൽ വെർണാക്കുലർ (തലസ്ഥാന നാട്ടുഭാഷാപള്ളിക്കൂടം) എന്നിങ്ങനെ മൂന്നുതരം സ്കൂളുകൾ നടപ്പിൽ വരുത്തിയെന്നും അവിടങ്ങളിൽ ഭാഷാപഠനവലിയൊഴികെ മറ്റു വിഷയങ്ങൾ വ്യത്യസ്തനിലവാരത്തിലാണ് പഠിപ്പിച്ചിരുന്നതെന്നും തിക്കുറിശ്ശി ഗംഗാധരൻ രേഖപ്പെടുത്തുന്നുണ്ട് (1984:96)

3. ചരിത്രപരമായി, പാഠപുസ്തകങ്ങളുടെ സ്വഭാവത്തിലോ മലയാളഗദ്യത്തിനു തന്നെയോ വന്ന പരിണാമത്തിന്റെ സന്ദർഭമായി ഉള്ളൂർ പാഠപുസ്തകസമിതിയുടെ പ്രവർത്തനങ്ങളെ മനസ്സിലാക്കുന്നുണ്ട്. ഒപ്പം കേരളവർമ്മതയ്യാറാക്കിയവയോ പരിഷ്കരിച്ചവയോ ആവാം ഗദ്യപാഠങ്ങളെന്നും എഴുതുന്നു. അതൊരു കൂട്ടായ പ്രവർത്തനമായി തിരിച്ചറിയുകയും അടയാളപ്പെടുത്തുകയും ചെയ്യുന്നുവെന്നാണെങ്കിലും അതിനപ്പുറമുള്ള ചരിത്രപരമായ കാരണങ്ങളിലേക്ക് പോകാതെതന്നെ അധ്യക്ഷന്റെ നേതൃപരമായ പാടവമാണ് പാഠങ്ങളുടെ മേന്മയ്ക്ക് കാരണമായി കാണുന്നത് (പരമേശ്വരയ്യർ, 1906:14).

4. 'യുവാക്കൻമാരോടുള്ള സംക്ഷേപമായ ഉപദേശങ്ങൾ'പോലെ സൻമാർഗ്ഗോപദേശത്തെ ലക്ഷ്യംവച്ചുള്ള മിഷണറിപാഠപുസ്തകങ്ങൾ നിലനില്ക്കുമ്പോൾ തന്നെയാണ്, സൻമാർഗ്ഗ വിവരണം, സൻമാർഗ്ഗ പ്രദീപം എന്നിങ്ങനെയുള്ള സൻമാഗ്ഗപാഠങ്ങൾക്കായിമോറൽ ആന്റ് സോഷ്യൽ ഡ്യൂട്ടീസ് പോലെയുള്ള പുസ്തകങ്ങളെ പാഠപുസ്തകസമിതി പിൻപറ്റുന്നത്. അവയാകട്ടെ മദ്രാസ് പ്രവിശ്യയിൽ ഉപയോഗത്തിലിരുന്ന പൊതുമാതൃകകളാണെന്നും കാണാം.

അവലംബിതസൂചിക

- ഗുപ്തൻ നായർ, എസ്., *സൃഷ്ടിയും സ്രഷ്ടാവും*, ഡി സി ബുക്സ്, കോട്ടയം,1996.
- പരമേശ്വരയ്യർ, ഉള്ളൂർ എസ്. *കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സു കൊണ്ടും മലയാളഭാഷാസാഹിത്യവും*. ഭാഷാപോഷിണി, പു. 12, നം. 10, ചിങ്ങം- കന്നി, 1906, pp. 7-16.
- ഫ്രൻസ്, ആൽബ്രഷ്ട്.; സ്കറിയാ സക്കറിയ, *ഡോ. ഹെർമൻ ഗുണ്ടർട്ട് പുദീസയിലെ ഭാഷാപണ്ഡിതൻ*, ഡി സി ബുക്സ്. കോട്ടയം, 1991.
- വലിയകോയിത്തമ്പുരാൻ, കേരളവർമ്മ.,എഡി., *പദ്യപാഠാവലി അഞ്ചാംവാല്യം*, ബി വി ബുക്ക് ഡിപ്പോ, തിരുവനന്തപുരം, 1927.
- Gangadharan Nair, V., *The contribution of Kerala Varma towards the development of Malayalam prose.* PhD Thesis, Faculty of Oriental Studies, University of Kerala, 1981, http://hdl.handle.net/10603/107575 Sodhganga,Accessed 20/07/2023
- Shangrasoobyer. *Establishment of Proverthy School 1866 to1870.* Cover files, 15982, MSS, Kerala state Archives, Tvm.
- Satthianadhan, S. *History of Education in The Madras Presidency*. Bombay, Srinivasa Varadachari and Co, 1894.
- Sreejith, E. *Education in Kerala transition from precolonial to the colonial phase*. Ph.D. Thesis Submitted to Department of History, University of Calicut, 2019.
- Kawashima, Koji. *Missionaries, the Hindu State and British Paramountcy in Travancore and Cochin*, 1858-1936 . PhD thesis, School of Oriental and African Studies, University of London, 1994.